കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഇൻഡ്യൻ ശിക്ഷാ നിയമസംഹിത

(1860-ലെ 45-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ
അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1975

© കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# ഇൻഡ്യൻ ശിക്ഷാ നിയമസംഹിത

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### അവതാരിക

ആമുഖം

വകുപ്പുകൾ

1. നിയമ സംഹിതയുടെ പേരും പ്രവർത്തനത്തിന്റെ വ്യാപ്തിയും.
2. ഇൻഡ്യയ്ക്കുള്ളിൽ വച്ചുചെയ്യുന്ന കുററങ്ങൾക്കുള്ള ശിക്ഷ.
3. ഇൻഡ്യയ്ക്കു വെളിയിൽവച്ച് ചെയ്തിട്ടുള്ളവയും എന്നാൽ നിയമപ്രകാരം ഇൻഡ്യയ്ക്കുള്ളിൽ വിചാരണ ചെയ്യാവുന്നവയുമായ കുററങ്ങൾക്കുള്ള ശിക്ഷ.
4. രാജ്യ ക്ഷേത്രാതീതമായ കുററങ്ങൾക്ക് നിയമസംഹിത വ്യാപിപ്പിക്കൽ
5. ചില നിയമങ്ങളെ ഈ ആക്ററ് ബാധിക്കുന്നതല്ലെന്ന്

### അദ്ധ്യായം II

### സാമാന്യമായ വിശദീകരണങ്ങൾ

6. നിയമസംഹിതയിലെ നിർവ്വചനങ്ങൾ അപവാദങ്ങൾക്ക് വിധേയമായി മനസ്സിലാക്കണമെന്ന്.
7. ഒരിക്കൽ വിശദീകരിച്ച പദത്തിന്റെ വിവക്ഷ.
8. ലിംഗം.
9. വചനം.
10. "പുരുഷൻ". "സ്ത്രീ".
11. "ആൾ".
12. "പൊതുജനം".
13. [റദ്ദാക്കപ്പെട്ടു]
14. "ഗവൺമെന്റ് ജീവനക്കാരൻ".
15. [റദ്ദാക്കപ്പെട്ടു]
16. [റദ്ദാക്കപ്പെട്ടു]
17. "ഗവൺമെന്റ്".
18. "ഇൻഡ്യ".
19. "ജഡ്ജി".
20. "നീതിന്യായക്കോടതി".
21. "പബ്ലിക്ക് സർവന്റ്".
22. "ജംഗമവസ്തു".
23. "അന്യായമായ ലാഭം".
"അന്യായമായനഷ്ടം".

അന്യായമായി ലാഭം കിട്ടുന്നത്.

അന്യായമായി നഷ്ടപ്പെടുന്നത്.

24. "നേരു കേടായി".
25. "വഞ്ചനാപൂർവ്വം".
26. "വിശ്വസിക്കുവാനുള്ള കാരണം".

3/2568/V.

വകുപ്പുകൾ

27. " ഭാര്യയുടേയോ ക്ലാർക്കിൻേറയോ ഭൃത്യൻേറയോ കൈവശമുള്ളവസ്തു".
28. "കപടാനുകരണം നടത്തുക".
29. "രേഖ".
30. "മൂല്യമുള്ള ഈട്".
31. "മരണശാസനം".
32. കൃത്യങ്ങളെ പരാമർശിക്കുന്ന വാക്കുകളിൽ നിയമവിരുദ്ധമായ കൃത്യവിലോപങ്ങൾ ഉൾപ്പെടുന്നു.
33. "കൃത്യം".
"കൃത്യവിലോപം".
34. പൊതുലക്ഷ്യത്തെ പുരോഗമിപ്പിക്കുന്നതിൽ പലരുംകൂടി ചെയ്യുന്ന കൃത്യങ്ങൾ.
35. അങ്ങനെയുള്ള ഒരു കൃത്യം അത് കുററകരമായ അറിവോടോ ഉദ്ദേശത്തോടോ കൂടി ചെയ്തതാണെന്ന കാരണത്താൽ കുററകരമാകുമ്പോൾ.
36. ഭാഗികമായി കൃത്യത്താലും ഭാഗികമായി കൃത്യവിലോപത്താലും ഉളവാക്കപ്പെടുന്ന ഫലം.
37. ഒരു കുററത്തിൻെറ ഘടകങ്ങളായ പല കൃത്യങ്ങളിൽ ഒന്നു ചെയ്തുകൊണ്ടുള്ള സഹകരണം.
38. കുററകരമായ കൃത്യവുമായി ബന്ധപ്പെട്ട ആളുകൾ വ്യത്യസ്തങ്ങളായ കുററങ്ങൾക്ക് അപരാധികളായേക്കാമെന്ന്.
39. "സ്വേച്ഛയാ".
40. "കുററം".
41. "പ്രത്യേക നിയമം".
42. "തദ്ദേശ നിയമം".
43. "നിയമ വിരുദ്ധം" "ചെയ്യുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥൻ".
44. "ക്ഷതി".
45. "ജീവൻ".
46. "മരണം".
47. "ജന്തു".
48. "ജലയാനം"
49. "വർഷം".
"മാസം".
50. "വകുപ്പ്".
51. "ശപഥം".
52. "ഉത്തമ വിശ്വാസം".
52 ക. "സംശ്രയം".

## അദ്ധ്യായം III

## ശിക്ഷകളെക്കുറിച്ച്

ശിക്ഷകൾ.
നാടുകടത്തലിനെക്കുറിച്ചുള്ള പരാമർശത്തിന് അർത്ഥം കല്പിക്കൽ.
മരണശിക്ഷാവിധി ലഘൂകരിക്കൽ.
ജീവപര്യന്തത്തടവിനുള്ള ശിക്ഷാവിധി ലഘൂകരിക്കൽ.
സമുചിത ഗവൺമെൻറിൻെറ നിർവ്വചനം.
[റദ്ദാക്കപ്പെട്ടു]
ശിക്ഷയുടെ കാലാവധികളുടെ ഭിന്ന സംഖ്യകൾ.

വകുപ്പുകൾ

58. [റദ്ദാക്കപ്പെട്ടു]
59. [റദ്ദാക്കപ്പെട്ടു]
60. ശിക്ഷാവിധി (തടവിനെക്കുറിച്ചുള്ള ചില സംഗതികളിൽ) പൂർണ്ണമോ ഭാഗികമോ ആയി കഠിന തടവോ വെറും തടവോ ആകാമെന്ന്.
61. [റദ്ദാക്കപ്പെട്ടു]
62. [റദ്ദാക്കപ്പെട്ടു]
63. പിഴയുടെ തുക.
64. പിഴ ഒടുക്കാത്തതിനുള്ള തടവുശിക്ഷാവിധി.
65. തടവുശിക്ഷയും പിഴശിക്ഷയും നല്കാവുന്ന സംഗതിയിൽ പിഴ ഒടുക്കാത്തതിനുള്ള തടവിന്റെ പരിധി.
66. പിഴ ഒടുക്കാത്തതിനുള്ള തടവിന്റെ തരം.
67. കുററം പിഴശിക്ഷ മാത്രം നല്കി ശിക്ഷിക്കാവുന്ന ഒന്നാണെങ്കിൽ പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്കുള്ള തടവ്.
68. പിഴ ഒടുക്കുമ്പോൾ തടവ് അവസാനിക്കുമെന്ന്.
69. പിഴയുടെ ആനുപാതിക ഭാഗം, ഒടുക്കുമ്പോൾ തടവ് അവസാനിക്കുന്നത്.
70. ആറുവർഷത്തിനുള്ളിലോ തടവിൽ ആയിരിക്കുമ്പോഴോ പിഴ ഈടാക്കാമെന്ന്.
മരണം വസ്തുവിനെ ബാദ്ധ്യതയിൽ നിന്ന് വിമോചിപ്പിക്കുകയില്ലെന്ന്.
71. പല കുററങ്ങൾ ചേർന്നുണ്ടായ കുററത്തിനുള്ള ശിക്ഷയുടെ പരിധി.
72. പല കുററങ്ങളിൽ ഒന്നിന് അപരാധിയായ ഒരാൾക്ക്, അവയിൽ ഏതിനാണോ അയാൾ അപരാധിയായിരിക്കുന്നു എന്നതിൽ സംശയമുണ്ടെന്ന് വിധിയിൽ പ്രസ്താവിച്ചിരിക്കുമ്പോൾ ഉള്ള ശിക്ഷ.
73. ഏകാന്തത്തടവ്.
74. ഏകാന്തത്തടവിന്റെ പരിധി.
75. 12-ാം അദ്ധ്യായത്തിന്റേയോ 17-ാം അദ്ധ്യായത്തിന്റേയോ കീഴിലുള്ള ചില കുററങ്ങൾക്ക് മുൻ കുററസ്ഥാപനത്തിന് ശേഷം വർദ്ധിപ്പിച്ച ശിക്ഷ.

## അദ്ധ്യായം IV

### സാമാന്യമായ അപവാദങ്ങൾ

76. നിയമത്താൽ ചെയ്യുവാൻ ബാദ്ധ്യസ്ഥനോ, അല്ലെങ്കിൽ വസ്തുതയെക്കുറിച്ചുള്ള ഒരു തെററുമൂലം ചെയ്യുവാൻ നിയമത്താൽ താൻ ബാദ്ധ്യസ്ഥനാണെന്ന് വിശ്വസിക്കുന്നവനോ ആയ ഒരാൾചെയ്യുന്ന കൃത്യം.
77. ജുഡീഷ്യലായി പ്രവർത്തിക്കുമ്പോൾ ജഡ്ജിയുടെ കൃത്യം.
78. കോടതിയുടെ വിധിന്യായമോ ഉത്തരവോ അനുസരിച്ച് ചെയ്യുന്ന കൃത്യം.
79. ഏതൊരാൾ ചെയ്യുന്നതാണോ നിയമത്താൽ ന്യായീകരിക്കപ്പെടുകയോ, വസ്തുതയെക്കുറിച്ചുള്ള തെററുമൂലം ന്യായീകരിക്കപ്പെട്ടതാണെന്ന് അയാൾ വിശ്വസിക്കുകയോ, ചെയ്യുന്നത്, അങ്ങനെയുള്ള ആൾ ചെയ്യുന്ന കൃത്യം.
80. നിയമാനുസൃതമായ ഒരു കൃത്യം ചെയ്യവേയുള്ള യദൃച്ഛാസംഭവം.

വകുപ്പുകൾ

81. ഹാനി ഉളവാക്കുവാൻ ഇടയുള്ളതും എന്നാൽ കുററകരമായ ഉദ്ദേശ്യം കൂടാതെ മററു ഹാനി തടയുവാൻ വേണ്ടി ചെയ്യുന്നതുമായ കൃത്യം.
82. ഏഴുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ കൃത്യം.
83. അപക്വമായ ധാരണാശക്തിയും ഏഴുവയസ്സിനു മുകളിൽ പന്ത്രണ്ടുവയസ്സിനു താഴെ പ്രായവുമുള്ള കുട്ടിയുടെ കൃത്യം.
84. ചിത്തഭ്രമമുള്ള ഒരാളുടെ കൃത്യം.
85. തന്റെ ഇച്ഛയ്ക്കെതിരായി ലഹരി പിടിപ്പിക്കപ്പെട്ടതു കാരണമായി നിർണ്ണയശക്തി ഉപയോഗിക്കുവാൻ കഴിവില്ലാത്ത ഒരാളുടെ കൃത്യം.
86. പ്രത്യേകമായ ഒരു ഉദ്ദേശ്യമോ അറിവോ വേണ്ട കുററം ലഹരി പിടിച്ച ഒരാൾ ചെയ്യുന്നത്.
87. മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യണമെന്ന് ഉദ്ദേശിക്കാത്തതും മരണം സംഭവിപ്പിക്കുവാനോ കഠിനമായദേഹോപദ്രവംഏല്പിക്കുവാനോഇടയുണ്ടെന്നോ അറിയാത്തതുമായ കൃത്യം സമ്മതത്തോടെ ചെയ്യുന്നത്.
88. മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാത്തതും ഒരാളുടെ ഗുണത്തിനായി സമ്മതത്തോടെ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതുമായ കൃത്യം.
89. കുട്ടിയുടേയോ ചിത്തഭ്രമമുള്ള ആളുടേയോ ഗുണത്തിനു വേണ്ടി രക്ഷാകർത്താവിനാലോ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടിയോ ഉത്തമ വിശ്വാസപൂർവ്വം ചെയ്യപ്പെടുന്ന കൃത്യം.
90. ഭയത്താലോ മിഥ്യാബോധത്താലോ നല്കിയതായി അറിയപ്പെടുന്ന സമ്മതം.
ചിത്തഭ്രമമുള്ള ആളുടെ സമ്മതം.
കുട്ടിയുടെ സമ്മതം.
91. ഉളവാക്കുന്ന ഹാനിയെ ആശ്രയിക്കാതെ തന്നെ കുററമാകുന്ന കൃത്യങ്ങൾ ഒഴിച്ചു നിറുത്തൽ.
92. ഒരാളുടെഗുണത്തിനായി സമ്മതം കൂടാതെ ഉത്തമ വിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യം.
93. ഉത്തമവിശ്വാസപൂർവ്വം നല്കുന്ന അറിയിപ്പ്.
94. ഭീഷണികൾ മൂലം ചെയ്യുവാൻ ഒരാൾ നിർബദ്ധനാകുന്ന കൃത്യം.
95. തുച്ഛമായ ഹാനി ഉളവാക്കുന്ന കൃത്യം.

സ്വരക്ഷാവകാശത്തെക്കുറിച്ച്

96. സ്വരക്ഷയ്ക്കായി ചെയ്യുന്ന കാര്യങ്ങൾ.
97. ശരീരത്തേയും വസ്തുവിനേയും കുറിച്ചുള്ള സ്വരക്ഷാവകാശം.
98. ചിത്തഭ്രമമുള്ളവന്റേയും മററും കൃത്യത്തിനെതിരായി സ്വരക്ഷാവകാശം.
99. ഏത് കൃത്യങ്ങൾക്ക് എതിരായിട്ടാണോ സ്വരക്ഷാവകാശം ഇല്ലാത്തത്, ആ കൃത്യങ്ങൾ.
ആ അവകാശം എത്രത്തോളം പ്രയോഗിക്കാമെന്ന്.
100. ശരീരം സംബന്ധിച്ച സ്വരക്ഷാവകാശം മരണം സംഭവിപ്പിക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.
101. അങ്ങനെയുള്ള അവകാശം മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി ഉളവാക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.

വകുപ്പുകൾ

102. ശരീരം സംബന്ധിച്ച സ്വരക്ഷാവകാശത്തിന്റെ തുടക്കവും തുടർച്ചയും.

103. വസ്തു സംബന്ധിച്ച സ്വരക്ഷാവകാശം മരണം സംഭവിപ്പിക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.

104. അങ്ങനെയുള്ള അവകാശം മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി ഉളവാക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.

105. വസ്തു സംബന്ധിച്ച് സ്വരക്ഷാവകാശത്തിന്റെ തുടക്കവും തുടർച്ചയും.

106. നിരപരാധിയായ ആൾക്ക് ഉപദ്രവം ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ളപ്പോൾ മാരകമായ കൈയേററത്തിനെതിരായുള്ള സ്വരക്ഷാവകാശം.

## അദ്ധ്യായം V

### പ്രേരണയെക്കുറിച്ച്

107. ഒരു കാര്യത്തിനുള്ള പ്രേരണ.

108. പ്രേരകൻ.

108ക. ഇൻഡ്യയ്ക്ക് പുറത്തുവച്ചുള്ള കുററങ്ങൾക്ക് ഇൻഡ്യയിൽ വച്ച് പ്രേരണ നല്കൽ.

109. പ്രേരണ നല്കുന്നതിന്, പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരണ നല്കുന്നതിന്റെ അനന്തരഫലമായിചെയ്യപ്പെടുകയും അതിനുള്ള ശിക്ഷയ്ക്ക് പ്രകടമായ വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുകയാണെങ്കിലുള്ള ശിക്ഷ.

110. പ്രേരിപ്പിക്കപ്പെട്ട ആൾ പ്രേരകനുള്ള ഉദ്ദേശ്യത്തിൽ നിന്ന് വ്യത്യസ്തമായ ഉദ്ദേശത്തോടുകൂടി കൃത്യം ചെയ്യുന്നുവെങ്കിൽ പ്രേരണ നല്കുന്നതിനുള്ള ശിക്ഷ.

111. ഒരു കൃത്യം ചെയ്യുവാൻ പ്രേരിപ്പിക്കുകയും വ്യത്യസ്തമായ ഒരു കൃത്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ പ്രേരകനുള്ള ബാദ്ധ്യത.

112. പ്രേരിപ്പിക്കപ്പെട്ട കൃത്യത്തിനും ചെയ്യപ്പെട്ട കൃത്യത്തിനും ഉള്ള ഉപചിത ശിക്ഷയ്ക്ക് പ്രേരകൻ എപ്പോൾ അർഹനാകുമെന്ന്.

113. പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരകൻ ഉദ്ദേശിച്ചതിൽ നിന്ന് വ്യത്യസ്തമായി ഉളവാക്കുന്ന ഫലത്തിന് പ്രേരകനുള്ള ബാദ്ധ്യത.

114. കുററം ചെയ്യപ്പെടുമ്പോൾ പ്രേരകൻ സന്നിഹിതനായാൽ.

115. മരണശിക്ഷയോ ജീവപര്യന്തത്തടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിനുള്ള പ്രേരണ—
കുററം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ;
തൽഫലമായി ഹാനി ഉളവാക്കുന്ന കൃത്യം ചെയ്യപ്പെടുന്നെങ്കിൽ.

116. തടവുനല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിനുള്ള പ്രേരണ നല്കൽ—
കുററം ചെയ്തിട്ടില്ലെങ്കിൽ;
പ്രേരകനോ പ്രേരിപ്പിക്കപ്പെട്ട ആളോ, കുററം തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ഒരു പബ്ലിക്ക് സർവൻറാണെങ്കിൽ.

117. ഒരു കുററം പൊതുജനങ്ങളോ പത്തിലധികം ആളുകളോ ചെയ്യുന്നതിന് പ്രേരണ നല്കൽ.

118. മരണശിക്ഷയോ ജീവപര്യന്തത്തടവ് ശിക്ഷയോ നല്കാവുന്ന കുററം ചെയ്യുവാനുള്ള പദ്ധതി ഒളിച്ചുവയ്ക്കൽ—
കുററം ചെയ്താൽ;
കുററം ചെയ്തില്ലെങ്കിൽ.

വകുപ്പുകൾ

119. കുററം ചെയ്യുവാനുള്ള പദ്ധതി, ആ കുററം ചെയ്യുന്നതിനെ തടയുന്നത് തൻെറ കർത്തവ്യമായിട്ടുള്ള പബ്ലിക്ക് സർവൻറ് ഒളിച്ചുവയ്ക്കുന്നത്—
കുററം ചെയ്താൽ;
കുററം മരണശിക്ഷയോ മറേറാ നല്കി ശിക്ഷിക്കാവുന്നതാണെങ്കിൽ;
കുററം ചെയ്തില്ലെങ്കിൽ.

120. തടവ് നല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുവാനുള്ള പദ്ധതി ഒളിച്ചുവയ്ക്കൽ—
കുററം ചെയ്താൽ;
കുററം ചെയ്തില്ലെങ്കിൽ.

## അദ്ധ്യായം V ക

## കുററകരമായ ഗൂഢാലോചന

120ക. കുററകരമായ ഗൂഢാലോചനയുടെ നിർവ്വചനം.
120ഖ. കുററകരമായ ഗൂഢാലോചനയ്ക്കുള്ള ശിക്ഷ.

## അദ്ധ്യായം VI

## സ്റേററിന് എതിരായ കുററങ്ങളെക്കുറിച്ച്

121. ഇൻഡ്യാഗവൺമെൻറിന് എതിരായി യുദ്ധം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ യുദ്ധം ചെയ്യുന്നതിന് പ്രേരണ നല്കുകയോ ചെയ്യുന്നത്.

121 ക. 121-ാം വകുപ്പുപ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുററങ്ങൾ ചെയ്യുന്നതിനുള്ള ഗൂഢാലോചന.

122. ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ആയുധങ്ങളും മററും ശേഖരിക്കുന്നത്.

123. യുദ്ധം ചെയ്യുന്നതിനുള്ള പദ്ധതി സുകരമാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഒളിച്ചുവയ്ക്കുന്നത്.

124. നിയമപ്രകാരമുള്ള ഏതെങ്കിലും അധികാരം പ്രയോഗിക്കുവാൻ നിർബന്ധിക്കുകയോ പ്രയോഗിക്കുന്നതിനെ തടസ്സം ചെയ്യുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി രാഷ്ട്രപതി, ഗവർണ്ണർ മുതലായവരെ കൈയേററം ചെയ്യുന്നത്.

124 ക. രാജ്യദ്രോഹം.

125. ഇൻഡ്യാഗവൺമെൻറുമായി സഖ്യത്തിലുള്ള ഏതെങ്കിലും ഏഷ്യൻ ശക്തിക്കെതിരായി യുദ്ധം ചെയ്യുന്നത്.

126. ഇൻഡ്യാഗവൺമെൻറുമായി സമാധാനത്തിൽ കഴിയുന്ന ശക്തിയുടെ രാജ്യക്ഷേത്രങ്ങളിൽ കൊള്ളയടിക്കുന്നത്.

127. 125-ം 126-ം വകുപ്പുകളിൽ പ്രസ്താവിച്ച യുദ്ധത്താലോ കൊള്ളയടിയാലോ എടുത്ത വസ്തു സ്വീകരിക്കുന്നത്.

128. പബ്ലിക്ക്സർവൻറ് സ്റേററ് തടവുകാരനേയോ യുദ്ധതടവുകാരനേയോ രക്ഷപ്പെടുവാൻ സ്വേച്ഛയാ അനുവദിക്കുന്നത്.

129. പബ്ലിക്ക്സർവൻറ് തൻെറ ഉപേക്ഷയാൽ അങ്ങനെയുള്ള തടവുകാരൻ രക്ഷപ്പെടുവാൻ ഇടയാക്കുന്നത്.

130. അങ്ങനെയുള്ള തടവുകാരനെ രക്ഷപ്പെടുവാൻ സഹായിക്കുകയോ രക്ഷപ്പെടുത്തുകയോ അയാൾക്ക് സംശയം നല്കുകയോ ചെയ്യുന്നത്.

## അദ്ധ്യായം VII

### കരസേനയും നാവികസേനയും വ്യോമസേനയും സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

വകുപ്പുകൾ

131. വിദ്രോഹത്തിന് പ്രേരണ നല്കുകയോ അല്ലെങ്കിൽ ഒരു സൈനികനേയോ നാവികനേയോ വൈമാനികനേയോ അയാളുടെ കർത്തവ്യത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നത്.
132. വിദ്രോഹത്തിന് പ്രേരണനല്കൽ—തൽഫലമായി വിദ്രോഹം ചെയ്യപ്പെടുന്നുവെങ്കിൽ.
133. സൈനികനോ നാവികനോ വൈമാനികനോ തൻെറ ഔദ്യോഗിക കർത്തവ്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മേലുദ്യോഗസ്ഥനെ കൈയേററം ചെയ്യുന്നതിന് പ്രേരണ നല്കൽ.
134. അങ്ങനെയുള്ള കൈയേററത്തിനു പ്രേരണ നല്കൽ—കൈയേററം ചെയ്യുന്നുവെങ്കിൽ.
135. സൈനികനോ, നാവികനോ, വൈമാനികനോ ഡെസർട്ട് ചെയ്യുന്നതിന് പ്രേരണ നല്കൽ.
136. ഡെസർട്ട് ചെയ്ത ഒരാൾക്ക് സംശ്രയം നല്കുന്നത്.
137. ഡെസർട്ട് ചെയ്ത ഒരാൾ കച്ചവടക്കപ്പലിൽ അതിൻെറ മാസ്ററരുടെ ഉപേക്ഷമൂലം ഒളിച്ചിരിക്കുന്നത്.
138. സൈനികൻേറയോ നാവികൻേറയോ വൈമാനികൻേറയോ ധിക്കാരപരമായ കൃത്യവിലോപത്തിന് പ്രേരണ നല്കൽ.
138 ക. [റദ്ദാക്കപ്പെട്ടു]
139. ചില ആക്ററുകൾക്ക് വിധേയരായ ആളുകൾ.
140. സൈനികനോ നാവികനോ വൈമാനികനോ ഉപയോഗിക്കാറുള്ള ഉടുപ്പു ധരിക്കുകയോ ടോക്കൺ കൊണ്ടുനടക്കുകയോ ചെയ്യുന്നത്.

## അദ്ധ്യായം VIII

### പൊതുപ്രശാന്തിക്കെതിരായ കുററങ്ങളെക്കുറിച്ച്

141. നിയമവിരുദ്ധസംഘം.
142. നിയമവിരുദ്ധസംഘത്തിലെ അംഗമായിരിക്കുന്നത്.
143. ശിക്ഷ.
144. മാരകായുധം ധരിച്ച് നിയമവിരുദ്ധ സംഘത്തിൽ ചേരുന്നത്.
145. നിയമവിരുദ്ധസംഘം പിരിഞ്ഞുപോകാൻ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട് എന്നറിഞ്ഞുകൊണ്ട് അതിൽ ചേരുകയോ തുടരുകയോ ചെയ്യുന്നത്.
146. ലഹളനടത്തൽ.
147. ലഹളനടത്തലിനുള്ള ശിക്ഷ.
148. മാരകായുധം ധരിച്ച് ലഹള നടത്തൽ.
149. പൊതുലക്ഷ്യം നേടുവാൻവേണ്ടി പ്രവർത്തിക്കുന്നതിൽ ചെയ്യുന്ന കുററത്തിന് നിയമവിരുദ്ധസംഘത്തിലെ ഓരോ അംഗവും അപരാധിയായിരിക്കും എന്ന്.
150. നിയമവിരുദ്ധസംഘത്തിൽ ചേരുവാൻ ആളുകളെ കൂലിക്കെടുക്കുകയോ കൂലിക്കെടുക്കുവാൻ മൗനാനുകൂല്യം നല്കുകയോ ചെയ്യുന്നത്.

വകുപ്പുകൾ
151. അഞ്ചോ അതിലധികമോ ആളുകളുടെ സംഘം പിരിഞ്ഞു പോകുവാൻ ആജ്ഞാപിക്കപ്പെട്ടതിനുശേഷം അതിൽ അറിഞ്ഞു കൊണ്ട് ചേരുകയോ തുടരുകയോ ചെയ്യുന്നത്.
152. ലഹള മുതലായവ അമർത്തുമ്പോൾ പബ്ലിക്ക് സർവൻറിനെ കൈയേററം ചെയ്യുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.
153. ലഹള ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തോന്ന്യാസമായി പ്രകോപനം ഉണ്ടാക്കുന്നത്—
ലഹള നടക്കുന്നുവെങ്കിൽ;
നടക്കുന്നില്ലെങ്കിൽ.
153 ക. മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ മുതലായവ കാരണമാക്കി വ്യത്യസ്ത ഗ്രൂപ്പുകൾ തമ്മിൽ ശത്രുത്വം പുലർത്തുകയും സൗഹാർദ്ദത്തിന്റെ നിലനില്പിന് ഭംഗം വരുത്തുന്ന കൃത്യങ്ങൾ ചെയ്യുകയും ചെയ്യുന്നത്.
153 ഖ. ആരാധനാസ്ഥലത്ത്വച്ചോ മററോ ചെയ്യുന്ന കുററം.
154. നിയമവിരുദ്ധസംഘം ചേരുന്ന ഭൂമിയുടെ ഉടമസ്ഥൻ അല്ലെങ്കിൽ കൈവശക്കാരൻ.
155. ഏതൊരാളുടെ ഗുണത്തിനുവേണ്ടിയാണോ ലഹള നടത്തുന്നത്, അയാളുടെ ബാദ്ധ്യത.
156. ഏത് ഉടമസ്ഥന്റേയോ കൈവശക്കാരന്റേയോ ഗുണത്തിനുവേണ്ടിയാണോ ലഹള നടത്തുന്നത്, ആ ഉടമസ്ഥന്റേയോ കൈവശക്കാരന്റേയോ ഏജൻറിന്റെ ബാദ്ധ്യത.
157. ഒരു നിയമവിരുദ്ധസംഘത്തിനുവേണ്ടി കൂലിക്കെടുത്ത ആളുകൾക്ക് സംശ്രയം നല്കുന്നത്.
158. കൂലിക്കെടുക്കപ്പെടുന്നത്—നിയമവിരുദ്ധസംഘത്തിലോ, ലഹളയിലോ പങ്കെടുക്കുവാൻ;
ആയുധവുമായി പോകുവാൻ
159. അടികലശൽ.
160. അടികലശൽ നടത്തുന്നതിനുള്ള ശിക്ഷ.

## അദ്ധ്യായം IX
## പബ്ളിക്ക് സർവൻറുമാർ ചെയ്യുന്നതോ അവരെ സംബന്ധിക്കുന്നതോ ആയ കുററങ്ങളെക്കുറിച്ച്

161. പബ്ലിക്ക്സർവൻറ് ഒരു ഔദ്യോഗിക കൃത്യം സംബന്ധിച്ച് നിയമാനുസൃത വേതനമല്ലാത്ത പരിതോഷണം സ്വീകരിക്കുന്നത്.
162. അഴിമതിയായതോ നിയമവിരുദ്ധമായതോ ആയ മാർഗ്ഗങ്ങളാൽ പബ്ലിക്ക്സർവൻറിൽ സ്വാധീനം ചെലുത്തുവാൻ വേണ്ടി പരിതോഷണം സ്വീകരിക്കുന്നത്.
163. പബ്ലിക്ക്സർവൻറിന്റെ മേൽ വ്യക്തിപരമായ സ്വാധീനം പ്രയോഗിക്കുന്നതിന് പരിതോഷണം സ്വീകരിക്കുന്നത്.
164. 152-ം 153-ം വകുപ്പുകളിൽ നിർവ്വചിച്ചിട്ടുള്ള കുററങ്ങൾക്ക് പബ്ലിക്ക്സർവൻറ് പ്രേരണ നല്കുന്നതിനുള്ള ശിക്ഷ.
165. പബ്ലിക്ക്സർവൻറ് നടത്തുന്ന നടപടിയിലോ കാര്യത്തിലോ താത്പര്യമുള്ള ആളിൽനിന്ന് അങ്ങനെയുള്ള പബ്ലിക്ക്സർവൻറ് മൂല്യമുള്ള സാധനം പ്രതിഫലം കൂടാതെ വാങ്ങുന്നത്.

വകുപ്പുകൾ
165 ക. 161-ാം വകുപ്പിലോ 165-ാം വകുപ്പിലോ നിർവചിച്ചിട്ടുള്ള കുററങ്ങൾക്ക് പ്രേരണ നല്കുന്നതിനുള്ള ശിക്ഷ.
166. ഏതെങ്കിലും ആൾക്ക് ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പബ്ലിക്ക്സർവൻറ് നിയമം അനുസരിക്കാതിരിക്കുന്നത്.
167. പബ്ലിക്ക് സർവൻറ് ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തെററായ രേഖ രചിക്കുന്നത്.
168. പബ്ലിക്ക്സർവൻറ് നിയമവിരുദ്ധമായി വ്യാപാരത്തിൽ ഏർപ്പെടുന്നത്
169. പബ്ലിക്ക് സർവൻറ് നിയമവിരുദ്ധമായി വസ്തു വിലയ്ക്ക് വാങ്ങുകയോ ലേലത്തിൽ വിളികേൾക്കുകയോ ചെയ്യുന്നത്.
170. ഒരു പബ്ലിക്ക് സർവൻറായി ആൾമാറാട്ടം നടത്തുന്നത്.
171. വഞ്ചനാപൂർവ്വകമായ ഉദ്ദേശത്തോടുകൂടി പബ്ലിക്ക് സർവൻറ് ഉപയോഗിക്കാറുള്ള ഉടുപ്പു ധരിക്കുകയോ ടോക്കൺ കൊണ്ടു നടക്കുകയോ ചെയ്യുന്നത്.

## അദ്ധ്യായം IXക

## തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

171ക. "സ്ഥാനാർത്ഥി", "തിരഞ്ഞെടുപ്പവകാശം", ഇവയുടെനിർവ്വചനം.
171ഖ. കൈക്കൂലി കുററം.
171ഗ. തിരഞ്ഞെടുപ്പുകളിൽ അനുചിതമായ സ്വാധീനം ചെലുത്തൽ.
171ഘ. തിരഞ്ഞെടുപ്പുകളിൽ ആൾമാറാട്ടം.
171ങ. കൈക്കൂലി കുററത്തിനുള്ള ശിക്ഷ.
171ച. തിരഞ്ഞെടുപ്പിൽ അനുചിതമായ സ്വാധീനം ചെലുത്തുന്നതിനോ ആൾമാറാട്ടം നടത്തുന്നതിനോ ഉള്ള ശിക്ഷ.
171ഛ. തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള വ്യാജപ്രസ്താവന.
171ജ. ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച് നിയമവിരുദ്ധമായി പണം കൊടുക്കൽ.
171.ത്ധ തിരഞ്ഞെടുപ്പ് കണക്ക് വയ്ക്കാതിരിക്കൽ.

## അദ്ധ്യായം X

## പബ്ളിക്ക് സർവൻറുമാരുടെ നിയമാനുസൃതമായ പ്രാധികാരത്തിൻെറ അലക്ഷ്യത്തെക്കുറിച്ച്

172. സമൻസോ മററു നടപടിയോ നടത്തപ്പെടുന്നത് ഒഴിവാക്കുവാനായി ഒളിവിൽ പോകുന്നത്.
173. സമൻസോ മററു നടപടിയോ നടത്തപ്പെടുന്നത് തടയുകയോ അല്ലെങ്കിൽ അതിൻെറ പ്രസിദ്ധീകരണം തടയുകയോ ചെയ്യുന്നത്.
174. പബ്ലിക്ക് സർവൻറിൽനിന്നുള്ള ഉത്തരവനുസരിച്ച് ഹാജരാകാതിരിക്കൽ.
175. പബ്ലിക്ക് സർവൻറിൻെറ മുമ്പാകെ രേഖ ഹാജരാക്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ആൾ അത് ഹാജരാക്കാതിരിക്കൽ
176. പബ്ലിക്ക് സർവൻറിന് നോട്ടീസോ വിവരമോ നല്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ആൾ അത് നല്കാതിരിക്കൽ.
177. വ്യാജമായ വിവരം നല്കുന്നത്.
178. ശപഥമോ പ്രതിജ്ഞയോ ചെയ്യുവാൻ പബ്ലിക്ക് സർവൻറ് മുറപ്രകാരം ആവശ്യപ്പെടുമ്പോൾ വിസമ്മതിക്കുന്നത്.

വകുപ്പുകൾ

179. ചോദ്യം ചെയ്യുവാൻ പ്രാധികാരം നല്കപ്പെട്ട പബ്ലിക്ക് സർവൻറിൻെറ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ വിസമ്മതിക്കുന്നത്.

180. പ്രസ്താവനയിൽ ഒപ്പുവയ്ക്കുവാൻ വിസമ്മതിക്കുന്നത്.

181. ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുവാൻ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള പബ്ലിക്ക് സർവൻറിനോടോ ആളോടോ ശപഥത്തിൻമേലോ പ്രതിജ്ഞയിൻമേലോ ചെയ്യുന്ന വ്യാജപ്രസ്താവന.

182. പബ്ലിക്ക് സർവൻറിനെക്കൊണ്ട് തൻെറ നിയമാനുസൃതമായ അധികാരം മററാരാൾക്ക് ക്ഷതി ഉളവാക്കുവാനായി ഉപയോഗിക്കണമെന്ന ഉദ്ദേശത്തോടുകൂടി വ്യാജമായ വിവരം നല്കൽ.

183. ഒരു പബ്ലിക്ക് സർവൻറിൻെറ നിയമാനുസൃതമായ പ്രാധികാരപ്രകാരം വസ്തു എടുക്കുന്നതിനെ ചെറുക്കുന്നത്.

184. പബ്ലിക്ക് സർവൻറിൻെറ പ്രാധികാരപ്രകാരം വില്പനയ്ക്ക് വച്ചിരിക്കുന്ന വസ്തുവിൻെറ വില്പന തടസ്സപ്പെടുത്തുന്നത്.

185. പബ്ലിക്ക് സർവൻറിൻെറ പ്രാധികാരപ്രകാരം വില്പനയ്ക്കു വച്ചിരിക്കുന്ന വസ്തു നിയമവിരുദ്ധമായി വിലയ്ക്കു വാങ്ങുകയോ ലേലത്തിൽ വിളിക്കൊള്ളുകയോ ചെയ്യുന്നത്.

186. പബ്ലിക്ക് ചുമതലകൾ നിർവ്വഹിക്കുന്നതിൽ പബ്ലിക്ക് സർവൻറിനെ തടസ്സപ്പെടുത്തുന്നത്.

187. പബ്ലിക്ക് സർവൻറിന് സഹായം നല്കുവാൻ നിയമം മൂലം ബാദ്ധ്യസ്ഥനായിരിക്കെ സഹായം നല്കാതിരിക്കുന്നത്.

188. പബ്ലിക്ക് സർവൻറ് മുറപ്രകാരം പ്രഖ്യാപനം ചെയ്ത ഉത്തരവ് അനുസരിക്കാതിരിക്കൽ.

189. പബ്ലിക്ക് സർവൻറിന് ക്ഷതി ഉളവാക്കുമെന്നുള്ള ഭീഷണി.

190. പബ്ലിക്ക് സർവൻറിനോട് രക്ഷണത്തിന് അപേക്ഷ നല്കാതിരിക്കുന്നതിന് ആളെ പ്രചോദിപ്പിക്കുവാൻ വേണ്ടി ക്ഷതി ഉണ്ടാക്കുമെന്നുള്ള ഭീഷണി.

## അദ്ധ്യായം XI

## വ്യാജമായ തെളിവിനേയും പൊതു നീതിക്ക് വിരുദ്ധമായ കുററങ്ങളേയും കുറിച്ച്

191. വ്യാജമായ തെളിവ് നല്കുന്നത്.

192. വ്യാജമായ തെളിവ് നിർമ്മിക്കൽ.

193. വ്യാജമായ തെളിവിനുള്ള ശിക്ഷ.

194. മരണ ശിക്ഷ നല്കാവുന്ന കുററം സ്ഥാപിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി വ്യാജമായ തെളിവ് നല്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നത്;
അതുവഴി നിരപരാധിയായ ഒരാളുടെ മേൽ കുററം സ്ഥാപിക്കപ്പെടുകയും മരണശിക്ഷ നടത്തുകയും ചെയ്യുന്നുവെങ്കിൽ.

195. ജീവപര്യന്തത്തടവോ, തടവോ നല്കി ശിക്ഷിക്കാവുന്ന കുററം സ്ഥാപിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി വ്യാജമായ തെളിവ് നല്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നത്.

196. വ്യാജമെന്ന് അറിയാവുന്ന തെളിവ് ഉപയോഗിക്കുന്നത്.

197. വ്യാജമായ സർട്ടിഫിക്കററ് നല്കുകയോ അതിൽ ഒപ്പിടുകയോ ചെയ്യുന്നത്.

198. വ്യാജമാണെന്ന് അറിയാവുന്ന ഒരു സർട്ടിഫിക്കററ് സത്യമായതെന്നപോലെ ഉപയോഗിക്കുന്നത്.

വകുപ്പുകൾ

199. നിയമപ്രകാരം തെളിവായി സ്വീകരിക്കാവുന്ന പ്രഖ്യാപനത്തിൽ ചെയ്തിട്ടുള്ള വ്യാജപ്രസ്താവന.

200. വ്യാജമാണെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള പ്രഖ്യാപനം സത്യമായതെന്നപോലെ ഉപയോഗിക്കുന്നത്.

201. കുററക്കാരനെ ഛാദനം ചെയ്യുന്നതിന് കുററത്തിൻെറ തെളിവ് അപ്രത്യക്ഷമാക്കുകയോ വ്യാജമായ വിവരം നല്കുകയോ ചെയ്യുന്നത്.

മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ;

ജീവപര്യന്തത്തടവുനല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽപത്തുവർഷത്തിൽ കുറഞ്ഞ കാലത്തേയ്ക്കുള്ള തടവു നല്കിശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.

202. കുററത്തെക്കുറിച്ച് വിവരം നല്കുന്നതിന് ബാദ്ധ്യസ്ഥനായ ആൾ മന:പൂർവ്വം വിവരം നല്കാതിരിക്കുന്നത്

203. ചെയ്യപ്പെട്ട ഒരു കുററത്തെപ്പററി വ്യാജമായ വിവരം നല്കുന്നത്.

204. രേഖ തെളിവായി ഹാജരാക്കുന്നത് തടയുന്നതിനുവേണ്ടി നശിപ്പിക്കൽ.

205. വ്യവഹാരത്തിലോ പ്രാസിക്യൂഷനിലോ കൃത്യത്തിന്നോ നടപടിക്കോ വേണ്ടി വ്യാജമായ ആൾമാറാട്ടം നടത്തുന്നത്.

206. വസ്തു കണ്ടുകെട്ടിയതെന്ന നിലയിലോ വിധി നടത്തലിലോ കൈവശപ്പെടുത്തുന്നതിനെ തടയുവാൻ വഞ്ചനാപൂർവ്വം നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്.

207. വസ്തു കണ്ടുകെട്ടിയത് എന്ന നിലയിലോ വിധി നടത്തലിലോ കൈവശപ്പെടുത്തുന്നതിൽനിന്ന് തടയുവാൻ വഞ്ചനാപൂർവ്വം അവകാശപ്പെടുന്നത്.

208. കൊടുക്കാനില്ലാത്ത തുകയ്ക്കുവേണ്ടി വിധി പാസ്സാക്കുവാൻ വഞ്ചനാപൂർവ്വം വഴിപ്പെടുന്നത്.

209. കോടതിയിൽ വ്യാജമായ അവകാശവാദം നേരുകേടായി ഉന്നയിക്കുന്നത്.

210. കിട്ടാനില്ലാത്ത തുകയ്ക്ക് വഞ്ചനാപൂർവ്വം വിധി സമ്പാദിക്കുന്നത്.

211. കുററം ചെയ്തു എന്നു, ക്ഷതി ഏല്പിക്കണമെന്ന ഉദ്ദേശത്തോടെ ഉന്നയിക്കുന്ന വ്യാജമായ ചാർജ്ജ്.

212. കുററക്കാരന് സംശ്രയം നല്കുന്നത്.

മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ; ജീവപര്യന്തത്തടവോ, തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.

213. കുററക്കാരനെ ശിക്ഷയിൽനിന്ന് ഛാദനം ചെയ്യുന്നതിനുവേണ്ടി പാരിതോഷികം മുതലായത് സ്വീകരിക്കുന്നത്.

മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ;

ജീവപര്യന്തത്തടവോ, തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.

214. കുററക്കാരനെ ഛാദനം ചെയ്യുന്നതിന് പ്രതിഫലമായി പാരിതോഷികം ആഫർ ചെയ്യുകയോ വസ്തു തിരിയെ കൊടുക്കുകയോ ചെയ്യുന്നത്-

മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ;

ജീവപര്യന്തത്തടവോ, തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ..

വകുപ്പുകൾ

215. കളവുമുതലോ മറേറാ വീണ്ടെടുക്കുവാൻ സഹായിക്കുന്നതിന് പാരിതോഷികം സ്വീകരിക്കുന്നത്.

216. കസ്ററഡിയിൽ നിന്ന് രക്ഷപ്പെടുകയോ പിടിക്കപ്പെടുന്നതിന് ഉത്തരവാകുകയോ ചെയ്തിട്ടുള്ള കുററക്കാരന് സംശ്രയം നൽകുന്നത്.

മരണശിക്ഷ നല്കാവുന്ന ഒരു കുററമാണെങ്കിൽ ജീവപര്യന്തത്തടവോ, തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.

216ക. കവർച്ചക്കാർക്കോ കൂട്ടായ്മക്കവർച്ചക്കാർക്കോ സംശ്രയം നല്കുന്നതിനുള്ള ദണ്ഡനം.

216ഖ. [റദ്ദാക്കപ്പെട്ടു]

217. ശിക്ഷയിൽനിന്ന് ആളേയോ കണ്ടുകെട്ടലിൽനിന്ന് വസ്തുവോ രക്ഷിക്കണമെന്ന ഉദ്ദേശത്തോടെ പബ്ലിക്ക് സർവൻറ് നിയമനിദേശം അനുസരിക്കാതിരിക്കുന്നത്.

218. ശിക്ഷയിൽനിന്ന് ആളേയോ കണ്ടുകെട്ടലിൽനിന്ന് വസ്തുവോ രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടെ പബ്ലിക്ക് സർവൻറ് തെററായ റിക്കാർഡോ ലിഖിതമോ രൂപപ്പെടുത്തുന്നത്

219. നീതിന്യായ നടപടിയിൽ പബ്ലിക്ക്സർവൻറ് നിയമത്തിന് വിപരീതമായി റിപ്പോർട്ട് മുതലായത് ദുഷിച്ച നിലയിൽ ഉണ്ടാക്കുന്നത്.

220. താൻ പ്രവർത്തിക്കുന്നത് നിയമത്തിന് വിപരീതമായിട്ടാണെന്ന് അറിയുന്ന പ്രാധികാരമുള്ള ആൾ വിചാരണയ്ക്കോ തടവിൽ വയ്ക്കലിനോ കമ്മിററ് ചെയ്യുന്നത്.

221. പിടിക്കുവാൻ ബാദ്ധ്യസ്ഥനായ പബ്ലിക്ക് സർവൻറ് ഉദ്ദേശപൂർവ്വം പിടിക്കാതിരിക്കുന്നത്.

222. ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവനോ നിയമാനുസൃതം കമ്മിററ് ചെയ്യപ്പെട്ടവനോ ആയ ആളെ പിടിക്കുവാൻ ബാദ്ധ്യസ്ഥനായ പബ്ലിക്ക് സർവൻറ് ഉദ്ദേശ്യപൂർവ്വം പിടിക്കാതിരിക്കുന്നത്.

223. തടവിൽനിന്നോ കസ്ററഡിയിൽനിന്നോ രക്ഷപ്പെടുവാൻ പബ്ലിക്ക് സർവൻറ് ഉപേക്ഷയാൽ അനുവദിക്കുന്നത്.

224. തന്നെ നിയമാനുസൃതം പിടിക്കുന്നതിനെ ഒരാൾ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.

225. മറെറാരാളെ നിയമാനുസൃതം പിടിക്കുന്നതിനെ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.

225ക. മററ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ പബ്ലിക്ക് സർവൻറ് പിടിക്കാതിരിക്കുകയോ രക്ഷപ്പെടുവാൻ അനുവദിക്കുകയോ ചെയ്യുന്നത്.

225ഖ. മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ നിയമാനുസൃതം പിടിക്കുന്നതിനെ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ രക്ഷപ്പെടുകയോ രക്ഷപ്പെടുത്തുകയോ ചെയ്യുന്നത്.

226. [റദ്ദാക്കപ്പെട്ടു]

227. ശിക്ഷയുടെ ഇളവിൻെറ ഉപാധി ലംഘിക്കുന്നത്.

228. നീതിന്യായ നടപടിയിൽ ഉപവിഷ്ടനായ പബ്ലിക്ക് സർവനെറിനെ ഉദ്ദേശപൂർവ്വം അപമാനിക്കുകയോ അയാളുടെ ജോലിക്ക് വിഘ്നം ഉണ്ടാക്കുകയോ ചെയ്യുന്നത്.

229. ഒരു ജൂറിയംഗമായോ അസസ്സറായോ ആൾമാറാട്ടം നടത്തൽ.

## അദ്ധ്യായം XII–
## നാണയവും ഗവൺമെൻറ് സ്ററാമ്പുകളും സംബന്ധിച്ച കുററങ്ങളെക്കുറിച്ച്


വകുപ്പുകൾ

230. ''നാണയം'' നിർവ്വചനം.
ഇൻഡ്യൻ നാണയം.
231. നാണയത്തിൻെറ കപടാനുകരണം.
232. ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണം.
233. നാണയത്തിൻെറ കപടാനുകരണത്തിനുള്ള ഉപകരണം നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.
234. ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണത്തിനുള്ള ഉപകരണം നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.
235. നാണയത്തിൻെറ കപടാനുകരണത്തിന് ഉപയോഗിക്കുവാൻവേണ്ടി ഉപകരണമോ സാമഗ്രിയോ കൈവശം വയ്ക്കുന്നത്:
ഇൻഡ്യൻ നാണയമാണെങ്കിൽ.
236. ഇൻഡ്യയ്ക്ക് വെളിയിൽ നാണയത്തിൻെറ കപടാനുകരണം നടത്തുന്നതിന് ഇൻഡ്യയിൽ വച്ച് പ്രേരണ നല്കുന്നത്.
237. കപടാനുകരണമായ നാണയത്തിൻെറ ഇറക്കുമതിയോ കയററുമതിയോ.
238. ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണങ്ങളുടെ ഇറക്കുമതിയോ കയററുമതിയോ.
239. കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള നാണയം കൈമാററുന്നത്.
240. കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള ഇൻഡ്യൻ നാണയം കൈമാററുന്നത്.
241 നാണയം ആദ്യം കൈവശത്തിലെടുത്തപ്പോൾ അത് കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിയാതെയിരുന്ന ആൾ അത് യഥാർത്ഥനാണയമായി കൈമാററുന്നത്.
242. കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയം തൻെറ കൈവശം വന്നപ്പോൾ അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് അറിഞ്ഞിരുന്ന ആൾ അത് കൈവശം വയ്ക്കുന്നത്.
243. കപടാനുകരണം നടത്തി ഉണ്ടാക്കിയ ഇൻഡ്യൻ നാണയം തൻെറ കൈവശംവന്നപ്പോൾ അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് അറിഞ്ഞിരുന്ന ആൾ അത് കൈവശം വയ്ക്കുന്നത്.
244. കമ്മട്ടത്തിൽ നിയോജിക്കപ്പെട്ടിരിക്കുന്ന ആൾ നാണയം നിയമത്താൽ നിജപ്പെടുത്തിയിട്ടുള്ളതിൽ നിന്ന് വ്യത്യസ്തമായ തൂക്കത്തിലോ ഘടനയിലോ ഉള്ളതാക്കുന്നത്.
245. നാണയം നിർമ്മിക്കുവാനുള്ള ഉപകരണം കമ്മട്ടത്തിൽ നിന്ന് നിയമവിരുദ്ധമായി എടുക്കുന്നത്.
246. വഞ്ചനാപൂർവ്വകമായോ നേരുകേടായോ നാണയത്തിൻെറ തൂക്കം കുറയ്ക്കുകയോ ഘടന വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നത്.
247. വഞ്ചനാപൂർവ്വകമായോ നേരുകേടായോ ഏതെങ്കിലും ഇൻഡ്യൻ നാണയത്തിൻെറ തൂക്കം കുറയ്ക്കുകയോ ഘടന വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നത്.
248. വേറൊരുതരം നാണയമായി കൈമാറി പോകണമെന്ന ഉദ്ദേശത്തോടുകൂടി നാണയത്തിൻെറ ആകൃതി വ്യത്യാസപ്പെടുത്തുന്നത്.
249. വേറൊരുതരം നാണയമായി കൈമാറി പോകണമെന്ന ഉദ്ദേശത്തോടുകൂടി ഇൻഡ്യൻനാണയത്തിൻെറ ആകൃതിവ്യത്യാസപ്പെടുത്തുന്നത്

വകുപ്പുകൾ
250 വ്യത്യാസപ്പെടുത്തിയതാണെന്നറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള നാണയം കൈമാറുന്നത്.
251. വ്യത്യാസപ്പെടുത്തിയതാണെന്നറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള ഇൻഡ്യൻ നാണയം കൈമാറുന്നത്.
252. നാണയം തന്റെ കൈവശം വന്നപ്പോൾ അത് വ്യത്യാസപ്പെടുത്തിയതാണെന്നറിഞ്ഞിരുന്ന ആൾ അത് കൈവശം വയ്ക്കുന്നത്.
253. ഇൻഡ്യൻ നാണയം തന്റെ കൈവശം വന്നപ്പോൾ അത് വ്യത്യാസപ്പെടുത്തിയതാണെന്ന് അറിഞ്ഞിരുന്ന ആൾ അത് കൈവശം വയ്ക്കുന്നത്.
254. നാണയം ആദ്യം കൈവശത്തിലെടുത്തപ്പോൾ അത് വ്യത്യാസപ്പെടുത്തിയതാണെന്ന് അറിയാതിരുന്ന ആൾ അത് യഥാർത്ഥ നാണയമായി കൈമാറുന്നത്.
255. ഗവൺമെൻറ് സ്ററാമ്പ് കപടാനുകരണം നടത്തുന്നത്.
256. ഗവൺമെൻറ് സ്ററാമ്പിന്റെ കപടാനുകരണത്തിനുള്ള ഉപകരണമോ സാമഗ്രിയോ കൈവശം വയ്ക്കുന്നത്.
257. ഗവൺമെൻറ് സ്ററാമ്പിന്റെ കപടാനുകരണത്തിനുള്ള ഉപകരണം നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.
258. ഗവൺമെൻറ് സ്ററാമ്പ് കപടാനുകരണം നടത്തിയുണ്ടാക്കിയ സ്ററാമ്പിന്റെ വില്പന.
259. ഗവൺമെൻറ് സ്ററാമ്പ് കപടാനുകരണം നടത്തിയുണ്ടാക്കിയ സ്ററാമ്പ് കൈവശം വയ്ക്കുന്നത്.
260. ഗവൺമെൻറ് സ്ററാമ്പ് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്നറിയാവുന്ന സ്ററാമ്പ് യഥാർത്ഥ സ്ററാമ്പായി ഉപയോഗിക്കുന്നത്.
261. ഗവൺമെൻറിന് നഷ്ടംവരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ഗവൺമെൻറ് സ്ററാമ്പുള്ള പദാർത്ഥത്തിൽ നിന്ന് ലിഖിതം മാച്ചുകളയുകയോ രേഖയിൽനിന്ന് അതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ള സ്ററാമ്പ് നീക്കം ചെയ്യുകയോ ചെയ്യുന്നത്.
262. മുമ്പ് ഉപയോഗിച്ചതാണെന്നറിയാവുന്ന ഗവൺമെൻറ് സ്ററാമ്പ് ഉപയോഗിക്കുന്നത്.
263. സ്ററാമ്പ് ഉപയോഗിക്കപ്പെട്ടതാണെന്ന് കുറിക്കുന്ന അടയാളം മായ്ക്കുന്നത്.
263 ക. കൃത്രിമമായ സ്ററാമ്പുകളുടെ നിരോധനം.

## അദ്ധ്യായം XIII

## തൂക്കക്കട്ടികളേയും അളവുകളേയും സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

264 വ്യാജമായി തൂക്കിനോക്കാനുള്ള ഉപകരണം വഞ്ചനാപൂർവ്വം ഉപയോഗിക്കുന്നത്.
265. വ്യാജമായ തൂക്കക്കട്ടിയോ അളവോ വഞ്ചനാപൂർവ്വം ഉപയോഗിക്കുന്നത്.
266. വ്യാജമായ തൂക്കക്കട്ടിയോ അളവോ കൈവശം വയ്ക്കുന്നത്.
267. വ്യാജമായ തൂക്കക്കട്ടിയോ അളവോ നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.

# അദ്ധ്യായം XIV

## പൊതു ജനങ്ങളുടെ ആരോഗ്യം, ഭദ്രത, സൗകര്യം, സഭ്യത, സാൻമാർഗ്ഗികത എന്നിവയെ ബാധിക്കുന്ന കുററകൃത്യങ്ങളെക്കുറിച്ച്

വകുപ്പുകൾ


268. പൊതുജനശല്യം.

269. ജീവന് അപായകരമായ രോഗത്തിൻെറ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ള ഉപേക്ഷാപൂർവ്വമായ കൃത്യം.

270. ജീവന് അപായകരമായ രോഗത്തിൻെറ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ള വിദ്വേഷപൂർവ്വകമായ കൃത്യം.

271. ക്വാറൻറിൻ ചട്ടം അനുസരിക്കാതിരിക്കൽ.

272. വില്പനയ്ക്ക് ഉദ്ദേശിച്ചിട്ടുള്ള ഭക്ഷണത്തിലോ പാനീയത്തിലോ മായം ചേർക്കൽ.

273. ഹാനികരമായ ഭക്ഷണത്തിൻേറയോ പാനീയത്തിൻേറയോ വില്പന.

274. മരുന്നുകളിൽ മായംചേർക്കൽ.

275. മായംചേർത്ത മരുന്നുകളുടെ വില്പന.

276. ഒരു മരുന്ന് വ്യത്യസ്തമായ ഒരു മരുന്നോ ഔഷധക്കൂട്ടോ ആയി വില്ക്കുന്നത്.

277. പബ്ലിക്ക് ഉറവിലേയോ പബ്ലിക്ക് റിസർവായറിലേയോ ജലം മലിനമാക്കുന്നത്.

278. അന്തരീക്ഷം ആരോഗ്യത്തിന് ഹാനികരമാക്കുന്നത്.

279. പൊതുവഴിയിൽ സാഹസികമായി ഓടിക്കുകയോ സവാരി ചെയ്യുകയോ ചെയ്യുന്നത്.

280. ജലയാനം സാഹസികമായി ഓടിക്കുന്നത്.

281. കപടമായ ദീപമോ ചിഹ്നമോ ബോയിയോ പ്രദർശിപ്പിക്കുന്നത്.

282. സുരക്ഷിതമല്ലാത്തതോ അധികഭാരം കയററിയതോ ആയ ജലയാനത്തിൽ ആളെ ജലമാർഗ്ഗം കൂലിക്ക് കൊണ്ടുപോകുന്നത്.

283. പൊതുവഴിയിലോ ജലഗതാഗതമാർഗ്ഗത്തിലോ ഉള്ള അപായം അല്ലെങ്കിൽ തടസ്സം.

284. വിഷപദാർത്ഥം സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.

285. തീയോ, തീപിടിക്കുന്ന സാധനമോ സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.

286. സ്ഫോടക പദാർത്ഥം സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.

287. മെഷീനറി സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.

288. കെട്ടിടങ്ങൾ പൊളിക്കുകയോ കെട്ടിടങ്ങളുടെ കേടുപാടുകൾ തീർക്കുകയോ ചെയ്യുന്നതുസംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.

289. മൃഗത്തെ സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.

290. മററുവിധത്തിൽ വ്യവസ്ഥചെയ്തിട്ടില്ലാത്ത സംഗതികളിൽ പൊതുജനശല്യത്തിനുള്ള ശിക്ഷ.

291. ശല്യം തുടരരുതെന്ന ഇഞ്ചങ്ഷന് ശേഷവും തുടരുന്നത്.

292. അശ്ലീലമായ പുസ്തകങ്ങൾ മുതലായവയുടെ വില്പന മുതലായത്.

293. ചെറുപ്രായത്തിലുള്ള ആളുകൾക്ക് അശ്ലീലസാധനങ്ങൾ വില്ക്കുന്നതും മററും.

വകുപ്പുകൾ
294. അശ്ലീലമായ കൃത്യങ്ങളും പാട്ടുകളും.
294 ക. ഭാഗ്യക്കുറി ആഫീസ് നടത്തുന്നത്.

## അദ്ധ്യായം XV

### മതം സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

295. ഏതെങ്കിലും വർഗ്ഗത്തിൻെറ മതത്തെ അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ആരാധനാസ്ഥലത്തിന് ക്ഷതി ഉളവാക്കുകയോ അത് അശുദ്ധമാക്കുകയോ ചെയ്യുന്നത്.
295 ക. ഏതെങ്കിലും വർഗ്ഗത്തിൻെറ മതത്തേയോ മതപരമായ വിശ്വാസങ്ങളേയോ അപമാനിക്കുന്നതുവഴി അതിൻെറ മതപരമായ വികാരങ്ങളെ ധ്വംസിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള സുചിന്തിതവും ദുഷ്ടവുമായ കൃത്യങ്ങൾ.
296. മതപരമായ യോഗത്തിൽ കലക്കം ഉണ്ടാക്കുന്നത്.
297. ശവം അടക്കുന്ന സ്ഥലങ്ങൾ മുതലായവ കൈയേറുന്നത്.
298. മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തണമെന്ന സുചിന്തിതമായ ഉദ്ദേശ്യത്തോടുകൂടി വാക്കുകൾ ഉച്ചരിക്കുകയും മററും ചെയ്യുന്നത്.

## അദ്ധ്യായം XVI

### മനുഷ്യ ശരീരത്തെ ബാധിക്കുന്ന കുററങ്ങളെക്കുറിച്ച്

#### ജീവനെ ബാധിക്കുന്ന കുററങ്ങളെക്കുറിച്ച്

299. കുററകരമായ നരഹത്യ.
300. കൊലപാതകം.
കുററകരമായ നരഹത്യ എപ്പോൾ കൊലപാതകമല്ലെന്ന്.
301. ആരുടെ മരണമാണോ ഉദ്ദേശിച്ചത് അയാളല്ലാത്ത ഒരാളുടെ മരണം സംഭവിപ്പിക്കുന്നതിനാലുള്ള കുററകരമായ നരഹത്യ.
302. കൊലപാതകത്തിനുള്ള ശിക്ഷ.
303. ജീവപര്യന്തത്തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആൾ നടത്തുന്ന കൊലപതകത്തിനുള്ള ശിക്ഷ.
304. കൊലപാതകം ആകാത്ത കുററകരമായ നരഹത്യയ്ക്കുള്ള ശിക്ഷ.
304 ക. ഉപേക്ഷയാൽ മരണം സംഭവിപ്പിക്കുന്നത്.
305. കുട്ടിയുടേയോ ചിത്തഭ്രമം ഉള്ളവൻേറയോ ആത്മഹത്യയ്ക്ക് പ്രേരണ നല്കൽ.
306. ആത്മഹത്യയ്ക്ക് പ്രേരണ നല്കൽ.
307. കൊലപാതകത്തിനുള്ള ശ്രമം.
ജീവപര്യന്തത്തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരുടെ ശ്രമങ്ങൾ.
308. കുററകരമായ നരഹത്യ ചെയ്യുവാനുള്ള ശ്രമം.
309. ആത്മഹത്യ ചെയ്യുവാനുള്ള ശ്രമം.
310. തഗ്ഗ്.
311. ശിക്ഷ.
312. ഗർഭം അലസിക്കൽ.
313. സ്ത്രീയുടെ സമ്മതം കൂടാതെ ഗർഭം അലസിക്കുന്നത്.

ഗർഭം അലസിക്കൽ, ജനിക്കാത്ത കുട്ടികൾക്ക് ക്ഷതികൾ ഏൽപ്പിക്കൽ, ശിശുക്കളെ അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടുപോകൽ, ജനനം ഒളിച്ചുവയ്ക്കൽ എന്നിവയെക്കുറിച്ച്

വകുപ്പുകൾ

314. ഗർഭം അലസിക്കണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്യുന്ന കൃത്യം മരണം സംഭവിപ്പിക്കുന്നത്.
കൃത്യം സ്ത്രീയുടെ സമ്മതം കൂടാതെ ചെയ്യപ്പെടുകയാണെങ്കിൽ.
315. കുട്ടി ജീവനോടെ ജനിക്കുന്നത് തടയണമെന്നോ അല്ലെങ്കിൽ അത് ജനിച്ചശേഷം മരിക്കുവാൻ ഇടയാക്കണമെന്നോ ഉള്ള ഉദ്ദേശ്യത്തോടെ ചെയ്യപ്പെടുന്ന കൃത്യം.
316. കുറ്റകരമായ നരഹത്യയാകുന്ന കൃത്യത്താൽ ചലനമുള്ള ഗർഭസ്ഥശിശുവിന്റെ മരണം സംഭവിപ്പിക്കുന്നത്.
317. പന്ത്രണ്ടു വയസ്സിനു താഴെ പ്രായമുള്ള കുട്ടിയെ മാതാവോ പിതാവോ അതിന്റെ സംരക്ഷണമുള്ള ആളോ, അരക്ഷിതാവസ്ഥയിലിട്ടിട്ടു പോകലും ഉപേക്ഷിക്കലും.
318. മൃതദേഹം രഹസ്യമായി കൈയൊഴിക്കുന്നതുവഴി ജനനം ഒളിച്ചുവയ്ക്കുന്നത്.

ദേഹോപദ്രവത്തെക്കുറിച്ച്

319. ദേഹോപദ്രവം.
320 കഠിനമായ ദേഹോപദ്രവം.
321. സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.
322. സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.
323. സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നതിനുള്ള ശിക്ഷ.
324. അപായകരമായ ആയുധങ്ങളാലോ മാർഗ്ഗങ്ങളിലൂടെയോ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.
325. സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നതിനുള്ള ശിക്ഷ.
326. അപായകരമായ ആയുധങ്ങളാലോ മാർഗ്ഗങ്ങളിലൂടെയോ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.
327. വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായ ഒരു കൃത്യത്തിന് നിർബ്ബന്ധിക്കുകയോ ചെയ്യുന്നതിനു വേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.
328. ഒരു കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി വിഷം കൊണ്ടോ മറ്റോ ദേഹോപദ്രവം ഏല്പിക്കുന്നത്.
329. വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായി ഒരു കൃത്യത്തിന് നിർബ്ബന്ധിക്കുകയോ ചെയ്യുന്നതിനു വേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.
330. ഭയപ്പെടുത്തി കുറ്റസമ്മതം വാങ്ങുകയോ വസ്തു തിരിയെ കൊടുക്കുവാൻ നിർബ്ബന്ധിക്കുകയോ ചെയ്യുന്നതിനു വേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.
331. ഭയപ്പെടുത്തി കുറ്റസമ്മതം വാങ്ങുകയോ വസ്തു തിരിയെ കൊടുക്കുവാൻ നിർബ്ബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.
332. പബ്ലിക്ക് സർവന്റ് തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിൻതിരിയുവാൻവേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.

വകുപ്പുകൾ
333. പബ്ലിക്ക് സർവൻറ് തൻെറ കർത്തവ്യത്തിൽ നിന്ന് ഭയന്നു പിൻതിരിയുവാൻ വേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.
334. പ്രകോപനത്തിൻമേൽ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.
335. പ്രകോപനത്തിൻമേൽ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.
336. ജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കുന്ന കൃത്യം
337. ജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കുന്ന കൃത്യത്താൽ ദേഹോപദ്രവം ഏല്പിക്കുന്നത്.
338. ജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കുന്ന കൃത്യത്താൽ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.

അന്യായമായ തടസ്സപ്പെടുത്തലിനേയും അന്യായമായ തടഞ്ഞുവയ്ക്കലിനെയും കുറിച്ച്

339. അന്യായമായ തടസ്സപ്പെടുത്തൽ.
340. അന്യായമായ തടഞ്ഞുവയ്ക്കൽ.
341. അന്യായമായ തടസ്സപ്പെടുത്തലിനുള്ള ശിക്ഷ.
342. അന്യായമായ തടഞ്ഞുവയ്ക്കലിനുള്ള ശിക്ഷ.
343. മൂന്നോ അതിൽക്കൂടുതലോ ദിവസത്തെ അന്യായമായ തടഞ്ഞുവയ്ക്കൽ.
344. പത്തോ അതിൽക്കൂടുതലോ ദിവസത്തെ അന്യായമായ തടഞ്ഞുവയ്ക്കൽ.
345. ആരുടെമോചനത്തിനാണോ റിട്ട് പുറപ്പെടുവിച്ചിട്ടുള്ളത്, അയാളെ അന്യായമായി തടഞ്ഞുവയ്ക്കുന്നത്.
346. രഹസ്യമായുള്ള അന്യായമായ തടഞ്ഞുവയ്ക്കൽ.
347. വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായ കൃത്യത്തിന് നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ള അന്യായമായ തടഞ്ഞുവയ്ക്കൽ.
348. ഭയപ്പെടുത്തി കുററസമ്മതം വാങ്ങുകയോ വസ്തു തിരിയെ കൊടുക്കുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ള അന്യായമായ തടഞ്ഞുവയ്ക്കൽ.

കുററകരമായ ബലത്തേയും കൈയേററത്തേയും കുറിച്ച്

349 ബലം.
350. കുററകരമായ ബലം.
351. കൈയേററം.
352. ഗുരുവായ പ്രകോപനത്തിൻമേൽ അല്ലാതെയുള്ള കൈയേററത്തിനോ കുററകരമായ ബലപ്രയോഗത്തിനോ ഉള്ള ശിക്ഷ.
353. പബ്ലിക് സർവൻറ് തൻെറ കർത്തവ്യത്തിൽനിന്ന് ഭയന്ന് പിൻതിരിയുവാൻ വേണ്ടിയുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.
354. സ്ത്രീയെ മാനഭംഗപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവളുടെ നേരെ നടത്തുന്ന കൈയേററമോ കുററകരമായ ബലപ്രയോഗമോ.

വകുപ്പുകൾ

355. ഗുരുവായ പ്രകോപനത്തിൻമേലല്ലാതെ ഒരാളെ അനാദരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് നടത്തുന്ന കൈയേററമോ കുററകരമായ ബലപ്രയോഗമോ.
356. ഒരാൾ വഹിക്കുന്ന വസ്തു മോഷണം നടത്തുവാൻ ശ്രമിക്കുന്നതിലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.
357. ഒരാളെ അന്യായമായി തടഞ്ഞുവയ്ക്കുവാൻ ശ്രമിക്കുന്നതിലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.
358. ഗുരുവായ പ്രകോപനത്തിൻമേലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.

### ആൾമോഷണത്തേയും ആളപഹരണത്തേയും അടിമത്തത്തേയും നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കലിനേയും കുറിച്ച്

359. ആൾമോഷണം.
360. ഇൻഡ്യയിൽനിന്നുള്ള ആൾമോഷണം.
361. നിയമാനുസൃത രക്ഷാകർത്തൃത്വത്തിൽനിന്നുള്ള ആൾമോഷണം.
362. ആളപഹരണം.
363. ആൾമോഷണത്തിനുള്ള ശിക്ഷ.
363 ക. ഭിക്ഷ യാചിക്കുന്നതിനുവേണ്ടി ഒരു മൈനറെ ആൾമോഷണം ചെയ്യുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നത്.
364. കൊല ചെയ്യുന്നതിനുവേണ്ടി ആൾമോഷണമോ ആളപഹരണമോ ചെയ്യുന്നത്.
365. ഒരാളെ രഹസ്യമായും അന്യായമായും തടഞ്ഞുവയ്ക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ആൾമോഷണമോ ആളപഹരണമോ ചെയ്യുന്നത്.
366. ഒരു സ്ത്രീയെ അവളുടെ വിവാഹത്തിന് നിർബന്ധിക്കുന്നതിനോ മറേറാവേണ്ടി ആളപഹരണമോ ആൾമോഷണമോ ചെയ്യുകയോ പ്രചോദിപ്പിക്കുകയോ ചെയ്യുന്നത്.
366 ക. മൈനറായ പെൺകുട്ടിയെ സമ്പാദിച്ചുകൊടുക്കൽ.
366 ഖ. വിദേശരാജ്യത്തിൽനിന്ന് പെൺകുട്ടിയെ കൊണ്ടുവരുന്നത്.
367. ഒരാളെ കഠിനമായ ദേഹോപദ്രവത്തിനോ അടിമത്തത്തിനോ മറേറാ വിധേയമാക്കുവാൻവേണ്ടി ആൾമോഷണമോ ആളപഹരണമോ ചെയ്യുന്നത്.
368. ആൾമോഷണമോ ആളപഹരണമോ ചെയ്യപ്പെട്ട ആളെ അന്യായമായി ഒളിച്ചുവയ്ക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത്
369. പത്തുവയസ്സിനു താഴെ പ്രായമുള്ള കുട്ടിയെ, അതിൻെറ ദേഹത്തുനിന്നും മോഷ്ടിക്കണമെന്ന ഉദ്ദേശത്തോടുകൂടി ആൾമോഷണമോ ആളപഹരണമോ ചെയ്യുന്നത്.
370. ഏതെങ്കിലും ആളെ ഒരു അടിമയായി വിലയ്ക്കു വാങ്ങുകയോ കൈയൊഴിക്കുകയോ ചെയ്യുന്നത്.
371. പതിവായുള്ള അടിമവ്യാപാരം.
372. മൈനറെ വേശ്യാവൃത്തിയ്ക്കും മററും വേണ്ടി വില്ക്കുന്നത്
373. മൈനറെ വേശ്യാവൃത്തിയ്ക്കും മററും വേണ്ടി വിലയ്ക്കു വാങ്ങുന്നത്.
374. നിയമവിരുദ്ധമായി നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കൽ.

ബലാൽസംഗത്തെക്കുറിച്ച്

വകുപ്പുകൾ

375. ബലാൽസംഗം.
376. ബലാൽസംഗത്തിനുള്ള ശിക്ഷ.

പ്രകൃതിവിരുദ്ധമായ കുററങ്ങളെകുറിച്ച്

377. പ്രകൃതിവിരുദ്ധമായ കുററങ്ങൾ.

അദ്ധ്യായം XVII

വസ്തുവിന് എതിരായ കുററങ്ങളെ കുറിച്ച്

മോഷണത്തെക്കുറിച്ച്

378. മോഷണം.
379. മോഷണത്തിനുള്ള ശിക്ഷ.
380. വാസഗൃഹത്തിലോ മററോ വച്ചുള്ള മോഷണം.
381. യജമാനന്റെ കൈവശത്തിലുള്ള വസ്തു ക്ലാർക്കോ ഭൃത്യനോ മോഷണം നടത്തുന്നത്.
382. മോഷണം നടത്തുന്നതിനുവേണ്ടി മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ തടസ്സമുണ്ടാക്കുകയോ ചെയ്യുന്നതിന് ഒരുക്കം കൂട്ടിയശേഷം മോഷണം നടത്തുന്നത്.

ഭയപ്പെടുത്തിയുള്ള അപഹരണത്തെക്കുറിച്ച്

383. ഭയപ്പെടുത്തിയുള്ള അപഹരണം.
384. ഭയപ്പെടുത്തിയുള്ള അപഹരണത്തിനു ശിക്ഷ.
385. ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ആൾക്ക് ക്ഷതി ഉണ്ടാകുമെന്ന ഭയമുളവാക്കുന്നത്.
386. ഏതെങ്കിലും ആൾക്ക് മരണം സംഭവിക്കുകയോ ദേഹോപദ്രവം ഏല്ക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കി ഭയപ്പെടുത്തിയുള്ള അപഹരണം.
387. ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക് മരണം സംഭവിക്കുകയോ കഠിനമായ ദേഹോപദ്രവം ഏൽക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കുന്നത്.
388. മരണശിക്ഷയോ ജീവപര്യന്തത്തടവോ മററോ നല്കി ശിക്ഷിക്കാവുന്ന കുററം ആരോപിക്കുമെന്നുള്ള ഭീഷണിവഴി ഭയപ്പെടുത്തിയുള്ള അപഹരണം.
389. ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക് കുററാരോപണം ഉണ്ടാകുമെന്ന ഭയം ഉളവാക്കുന്നത്.

കവർച്ചയേയും കൂട്ടായ്മക്കവർച്ചയേയും കുറിച്ച്

390. കവർച്ച.
എപ്പോഴാണ് മോഷണം കവർച്ചയാകുന്നതെന്ന്.
ഭയപ്പെടുത്തിയുള്ള അപഹരണം എപ്പോഴാണ് കവർച്ച ആകുന്നത്.
391. കൂട്ടായ്മക്കവർച്ച.
392. കവർച്ചയ്ക്കുള്ള ശിക്ഷ.
393. കവർച്ച നടത്തുന്നതിനുള്ള ശ്രമം.
394. കവർച്ച നടത്തുന്നതിനിടയിൽ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.

വകുപ്പുകൾ


395. കൂട്ടായ്മക്കവർച്ചയ്ക്കുള്ള ശിക്ഷ.
396. കൊലപാതകത്തോടുകൂടിയ കൂട്ടായ്മക്കവർച്ച.
397. മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുവാനുള്ള ശ്രമത്തോടുകൂടിയ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ.
398. മാരകായുധം ധരിച്ചിട്ടുള്ളപ്പോൾ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുവാൻ ശ്രമിക്കുന്നത്.
399. കൂട്ടായ്മക്കവർച്ച നടത്തുവാൻ ഒരുക്കം കൂട്ടൽ.
400. കൂട്ടായ്മക്കവർച്ചക്കാരുടെ സംഘത്തിൽപെടുന്നതിനുള്ള ശിക്ഷ.
401. മോഷ്ടാക്കളുടെ സംഘത്തിൽപ്പെടുന്നതിനുള്ള ശിക്ഷ.
402. കൂട്ടായ്മക്കവർച്ച നടത്തുന്നതിനുവേണ്ടി സംഘം ചേരുന്നത്.


വസ്തുവിന്റെ കുററകരമായ ദുർവിനിയോഗത്തെക്കുറിച്ച്


403. വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗം.
404. മരണസമയത്ത് പരേതന്റെ കൈവശമുണ്ടായിരുന്ന വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗം.


കുററകരമായ ട്രസ്ററ് ലംഘനത്തെക്കുറിച്ച്


405. കുററകരമായ ട്രസ്ററ്ലംഘനം.
406. കുററകരമായ ട്രസ്ററ്ലംഘനത്തിനുള്ള ശിക്ഷ.
407. കാരിയറും മററും കുററകരമായ ട്രസ്ററ്ലംഘനം നടത്തുന്നത്.
408. ക്ലാർക്കോ ഭൃത്യനോ കുററകരമായ ട്രസ്ററ്ലംഘനം നടത്തുന്നത്.
409. പബ്ലിക് സർവന്റോ അല്ലെങ്കിൽ ബാങ്കറോ കച്ചവടക്കാരനോ ഏജന്റോ കുററകരമായ ട്രസ്ററ്ലംഘനം നടത്തുന്നത്.


കളവുമുതൽ സ്വീകരിക്കുന്നതിനെക്കുറിച്ച്


410. കളവുമുതൽ.
411. കളവുമുതൽ നേരുകേടായി സ്വീകരിക്കുന്നത്.
412. കൂട്ടായ്മക്കവർച്ച നടത്തുന്നതിൽ മോഷ്ടിക്കപ്പെട്ട വസ്തു നേരുകേടായി സ്വീകരിക്കുന്നത്.
413. കളവുമുതൽ പതിവായി കൈകാര്യം ചെയ്യുന്നത്.
414. കളവുമുതൽ ഒളിച്ചുവയ്ക്കുന്നതിൽ സഹായിക്കുന്നത്.


ചതിക്കലിനെക്കുറിച്ച്


415. ചതിക്കൽ.
416. ആൾമാറാട്ടം വഴിയുള്ള ചതിക്കൽ.
417. ചതിക്കലിനുള്ള ശിക്ഷ.
418. ഏതൊരാളുടെ താൽപര്യം സംരക്ഷിക്കുവാനാണോ കുററക്കാരൻ ബാദ്ധ്യസ്ഥനായുള്ളത്, ആ ആൾക്ക് അന്യായമായ നഷ്ടം ഉണ്ടാകുമെന്നുള്ള അറിവോടുകൂടി ചതിക്കുന്നത്.
419. ആൾമാറാട്ടംവഴി ചതിക്കുന്നതിനുള്ള ശിക്ഷ.
420. ചതിക്കുകയും വസ്തു നല്കുവാൻ നേരുകേടായി പ്രേരിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നത്.

വകുപ്പുകൾ

വഞ്ചനാപൂർവ്വകമായ കരണങ്ങളേയും വസ്തു വിനിയോഗങ്ങളേയും കുറിച്ച്

421. ഉത്തമർണ്ണൻമാരുടെ ഇടയിൽ വിതരണം ചെയ്യുന്നതു തടയുവാനായി വസ്തു നേരുകേടായോ വഞ്ചനാപൂർവ്വകമായോ നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്.
422. കിട്ടേണ്ട കടം ഉത്തമർണ്ണൻമാർക്ക് ലഭ്യമാകുന്നത് നേരുകേടായോ വഞ്ചനാപൂർവ്വകമായോ തടയുന്നത്.
423. നേരുകേടായോ വഞ്ചനാപൂർവ്വകമായോ പ്രതിഫലത്തെപ്പററി വ്യാജമായ പ്രസ്താവന അടങ്ങിയ കൈമാററക്കരണം ഒപ്പിട്ട് പൂർത്തീകരിക്കുന്നത്.
424. നേരുകേടായോ വഞ്ചനാപൂർവ്വകമായോ വസ്തു നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്.

ദ്രോഹത്തെക്കുറിച്ച്

425. ദ്രോഹം.
426. ദ്രോഹത്തിനുള്ള ശിക്ഷ.
427. അമ്പതു രൂപയ്ക്കുള്ള ചേതം ഉണ്ടാക്കുന്ന ദ്രോഹം.
428. പത്തുരൂപ വിലയുള്ള ജന്തുവിനെ കൊല്ലുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം.
429. എന്തുവിലയുള്ള കന്നുകാലി മുതലായവയേയോ അമ്പതുരൂപ വിലയുള്ള ഏതെങ്കിലും ജന്തുവിനേയോ കൊല്ലുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം.
430. ജലസേചനനിർമ്മാണങ്ങൾക്ക് ക്ഷതി ഉളവാക്കുന്നതുവഴിയോ വെള്ളം അന്യായമായി തിരിച്ചുവിടുന്നതു വഴിയോ ഉള്ള ദ്രോഹം
431. പബ്ലിക്ക്റോഡിനോ പാലത്തിനോ നദിക്കോ തോടിനോ ക്ഷതി ഉളവാക്കുന്നതിനാലുള്ള ദ്രോഹം.
432. പബ്ലിക്ക് ഡ്രയിനേജിന് ജലപ്ലാവനമോ തടസ്സമോ നാശനഷ്ടത്തോടുകൂടി ഉണ്ടാക്കുന്നതുവഴിയുള്ള ദ്രോഹം.
433. ദീപസ്തംഭമോ സമുദ്രീയചിഹ്നമോ നശിപ്പിക്കുകയോ അതിൻെറ സ്ഥാനം മാററുകയോ അതിൻെറ പ്രയോജനം കുറയ്ക്കുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം.
434. പബ്ലിക് അധികാരസ്ഥാനത്താൽ ഉറപ്പിക്കപ്പെട്ട ഭൂമിചിഹ്നം നശിപ്പിക്കുകയോ അതിൻെറ സ്ഥാനം മാററുകയോ മററോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം.
435. നൂറു രൂപയ്ക്കുള്ള അല്ലെങ്കിൽ (കാർഷികോൽപന്നത്തിൻെറ സംഗതിയിൽ) പത്തു രൂപയ്ക്കുള്ള നാശനഷ്ടമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തീയാലോ സ്ഫോടകപദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നത്.
436. വീടോ മററോ നശിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി തീയോ സ്ഫോടകപദാർത്ഥമോ വഴി ദ്രോഹം ചെയ്യുന്നത്.
437. ഡെക്കോടുകൂടിയതോ ഇരുപതു ടൺ കേവുഭാരമുള്ളതോ ആയ ജലയാനം നശിപ്പിക്കുകയോ ആപൽക്കരമാക്കുകയോ ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടിയുള്ള ദ്രോഹം.
438. 437-ാം വകുപ്പിൽ വിവരിച്ച ദ്രോഹം തീയാലോ സ്ഫോടകപദാർത്ഥത്താലോ ചെയ്യുന്നതിനുള്ള ശിക്ഷ.

വകുപ്പുകൾ

439. മോഷണമോ മററോ നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജലയാനം ഉദ്ദേശപൂർവ്വം മണ്ണിലോ കരയ്ക്കോ കയററുന്നതിനുള്ള ശിക്ഷ.
440. മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുവാൻ ഒരുക്കം കൂട്ടിയതിനുശേഷം ചെയ്യുന്ന ദ്രോഹം.

കുററകരമായ വസ്തു കൈയേററത്തെക്കുറിച്ച്

441. കുററകരമായ വസ്തുകൈയേററം.
442. ഭവനക്കൈയേററം.
443. പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം
444. രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം നടത്തുന്നത്.
445. ഭവനഭേദനം.
446. രാത്രി ഭവനഭേദനം.
447. കുററകരമായ വസ്തു കൈയേററത്തിനുള്ള ശിക്ഷ.
448. ഭവനക്കൈയേററത്തിനുള്ള ശിക്ഷ.
449. മരണശിക്ഷ നല്കാവുന്ന കുററം ചെയ്യുന്നതിനുവേണ്ടിയുള്ള ഭവനക്കൈയേററം.
450. ജീവപര്യന്തത്തടവു നല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുന്നതിനു വേണ്ടിയുള്ള ഭവനക്കൈയേററം.
451. തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന കുററം ചെയ്യുന്നതിനു വേണ്ടിയുള്ള ഭവനഭേദനം.
452. ദേഹോപദ്രവത്തിനോ കൈയേററത്തിനോ അന്യായമായ തടസ്സത്തിനോ ഒരുക്കം കൂട്ടിയതിനുശേഷമുള്ള ഭവനഭേദനക്കൈയേററം.
453. പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററത്തിനോ ഭവനഭേദനത്തിനോ ഉള്ള ശിക്ഷ.
454. തടവു നല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുന്നതിനുവേണ്ടി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ.
455. ദേഹോപദ്രവത്തിനോ കൈയേററത്തിനോ അന്യായമായ തടസ്സത്തിനോ ഒരുക്കം കൂട്ടിയതിനുശേഷം പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ.
456. രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുന്നതിനുള്ള ശിക്ഷ.
457. തടവുനല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുന്നതിന് രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ
458. ദേഹോപദ്രവത്തിനോ കൈയേററത്തിനോ അന്യായമായ തടസ്സത്തിനോ ഒരുക്കം കൂട്ടിയതിനുശേഷം രാത്രിയിൽ പതുങ്ങിയിരുന്നുകൊണ്ട് ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുന്നത്.
459. പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുമ്പോൾ ഏല്പിക്കുന്ന കഠിനമായ ദേഹോപദ്രവം.
460. രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ രാത്രി ഭവനഭേദനമോ നടത്തുന്നതിൽ കൂട്ടായി പങ്കെടുക്കുന്ന എല്ലാ ആളുകളും, അവരിൽ ഒരാൾ മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്താൽ ശിക്ഷാർഹരാകുന്നത്.
461. വസ്തു അടങ്ങിയിട്ടുള്ള പാത്രം നേരുകേടായി കുത്തിത്തുറക്കുന്നത്.

വകുപ്പുകൾ

462. അതേ കുററം സൂക്ഷിപ്പുരമേല്പിക്കപ്പെട്ട ആരം ചെയ്താലുള്ള ശിക്ഷ.

## അദ്ധ്യായം XVIII
## രേഖകളും വസ്തു ചിഹ്നങ്ങളും സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

463. വ്യാജനിർമ്മാണം.
464. വ്യാജമായ രേഖ നിർമ്മിക്കുന്നത്.
465. വ്യാജനിർമ്മാണത്തിനുള്ള ശിക്ഷ.
466. കോടതി റിക്കാർഡിൻേറയോ പബ്ലിക്ക് രജിസ്ററിൻേറയോ മറേറാ വ്യാജനിർമ്മാണം.
467. മൂല്യമുള്ള ഈട്, മരണശാസനം മുതലായവയുടെ വ്യാജനിർമ്മാണം.
468. ചതിക്കുന്നതിനുവേണ്ടിയുള്ള വ്യാജനിർമ്മാണം.
469. ഖ്യാതിക്ക് ഹാനി ഉളവാക്കുവാൻ വേണ്ടിയുള്ള വ്യാജനിർമ്മാണം.
470. വ്യാജനിർമ്മിതരേഖ.
471. വ്യാജനിർമ്മിതരേഖ യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുന്നത്.
472. 467-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ വ്യാജ നിർമ്മാണം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുദ്ര മുതലായവ നിർമ്മിക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കിയ മുദ്ര മുതലായവ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.
473. മററുപ്രകാരത്തിൽ ശിക്ഷാർഹമായ വ്യാജനിർമ്മാണം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുദ്ര മുതലായവ നിർമ്മിക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കിയ മുദ്ര മുതലായവ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.
474. 466-ാം വകുപ്പിലോ 467-ാം വകുപ്പിലോ വിവരിച്ച രേഖ, അത് വ്യാജനിർമ്മിതമാണെന്ന് അറിഞ്ഞുകൊണ്ടും അത് യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടും കൈവശം വയ്ക്കുന്നത്.
475. 467-ാം വകുപ്പിൽ വിവരിച്ച രേഖകൾ പ്രമാണീകരിക്കുവാൻ ഉപയോഗിക്കുന്ന അടയാളമോ ചിഹ്നമോ കപടാനുകരണം ചെയ്തുണ്ടാക്കുകയോ, കപടാനുകരണം ചെയ്ത ചിഹ്നമുള്ള പദാർത്ഥം കൈവശം വയ്ക്കുകയോ ചെയ്യുന്നത്.
476. 467-ാം വകുപ്പിൽ വിവരിച്ചവയല്ലാത്ത രേഖകൾ പ്രമാണീകരിക്കുവാൻ ഉപയോഗിക്കുന്ന അടയാളമോ ചിഹ്നമോ കപടാനുകരണം ചെയ്ത അടയാളമുള്ള പദാർത്ഥം കൈവശം വയ്ക്കുകയോ ചെയ്യുന്നത്.
477. മരണശാസനത്തിൻേറയോ ദത്തെടുക്കാനുള്ള അധികാരപത്രത്തിൻേറയോ മൂല്യമുള്ള ഈടിൻേറയോ വഞ്ചനാപൂർവ്വകമായ റദ്ദാക്കൽ, നശിപ്പിക്കൽ മുതലായവ.
477 ക. കണക്കുകളുടെ വ്യാജീകരണം.

വകുപ്പുകൾ

വസ്തുചിഹ്നങ്ങളേയും മററു ചിഹ്നങ്ങളേയും കുറിച്ച്

478. [റദ്ദാക്കപ്പെട്ടു]
479. വസ്തു ചിഹ്നം.
480. [റദ്ദാക്കപ്പെട്ടു.]
481. വ്യാജമായ വസ്തുചിഹ്നം ഉപയോഗിക്കുന്നത്.
482. വ്യാജമായ വസ്തു ചിഹ്നം ഉപയോഗിക്കുന്നതിനുള്ളശിക്ഷ.
483. മറെറാരാൾ ഉപയോഗിക്കുന്ന വസ്തുചിഹ്നത്തിൻെറ കപടാനുകരണം നടത്തുന്നത്.
484. പബ്ലിക് സർവൻറ് ഉപയോഗിക്കുന്ന ചിഹ്നത്തിൻെറ കപടാനുകരണം നടത്തുന്നത്.
485. വസ്തുചിഹ്നത്തിൻെറ കപടാനുകരണത്തിനുള്ള ഏതെങ്കിലും ഉപകരണം നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.
486. കപടാനുകരണം നടത്തിയുണ്ടാക്കിയ ഒരു വസ്തുചിഹ്നം കൊണ്ടു ചിഹ്നമിട്ട ചരക്കുകൾ വില്ക്കുന്നത്.
487. ചരക്കുകൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും പാത്രത്തിൻമേൽ വ്യാജമായ ചിഹ്നം ഇടുന്നത്.
488. അങ്ങനെയുള്ള ഏതെങ്കിലും വ്യാജമായ ചിഹ്നം ഉപയോഗിക്കുന്നതിനുള്ള ശിക്ഷ.
489. ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വസ്തു ചിഹ്നത്തിൽ കൈയിടുന്നത്.

കറൻസിനോട്ടുകളേയും ബാങ്ക് നോട്ടുകളേയും കുറിച്ച്

489 ക. കറൻസിനോട്ടുകളോ ബാങ്കുനോട്ടുകളോ കപടാനുകരണം നടത്തിയുണ്ടാക്കുന്നത്.
489 ഖ. വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ കറൻസിനോട്ടുകളോ ബാങ്കുനോട്ടുകളോ യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുന്നത്.
489 ഗ. വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ കറൻസിനോട്ടുകളോ ബാങ്ക്നോട്ടുകളോ കൈവശം വയ്ക്കുന്നത്.
489 ഘ. കറൻസിനോട്ടുകളോ ബാങ്കുനോട്ടുകളോ വ്യാജമായി നിർമ്മാണം ചെയ്തുണ്ടാക്കുകയോ കപടാനുകരണം ചെയ്ത് ഉണ്ടാക്കുകയോ ചെയ്യുന്നതിനുള്ള ഉപകരണങ്ങളോ പദാർത്ഥങ്ങളോ നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.
489 ങ. കറൻസിനോട്ടുകൾക്കോ ബാങ്ക് നോട്ടുകൾക്കോ സദൃശമായ രേഖകൾ നിർമ്മിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത്.

## അദ്ധ്യായം XIX

## സർവ്വീസ് കാൺട്രാക്ററുകളുടെ കുററകരമായ ലംഘനത്തെക്കുറിച്ച്

490. [റദ്ദാക്കപ്പെട്ടു]
491. നിസ്സഹായനായ ആളുടെ പരിചരണത്തിനും അയാൾക്ക് ആവശ്യങ്ങൾ നിറവേററുന്നതിനുമുള്ള കാൺട്രാക്ററിൻെറ ലംഘനം.
492. [റദ്ദാക്കപ്പെട്ടു]

## അ്ദധ്യായം XX

### വിവാഹസംബന്ധമായ കുററങ്ങളെക്കുറിച്ച്

വകുപ്പുകൾ

493. നിയമാനുസരണം വിവാഹം നടന്നിട്ടുണ്ടെന്ന് കബളിപ്പിക്കൽവഴി വിശ്വാസം ജനിപ്പിച്ച് ഒരു പുരുഷൻ സ്ത്രീയുമായി ഭാര്യാഭർത്താക്കൻമാരെപ്പോലെ സഹവാസത്തിനിടയാക്കുന്നത്.

494. ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ വീണ്ടും വിവാഹം കഴിക്കുന്നത്.

495. അതേ കുററം പിന്നീട് വിവാഹം കഴിച്ച ആളിൽ നിന്ന് മുൻ വിവാഹം ഒളിച്ചുവെച്ചുകൊണ്ട് ചെയ്യുന്നത്.

496. നിയമാനുസരണമായ വിവാഹം കൂടാതെ വഞ്ചനാപൂർവ്വകമായി വിവാഹച്ചടങ്ങ് നിർവ്വഹിക്കുന്നത്.

497. വ്യഭിചാരം.

498. വിവാഹിതയായ സ്ത്രീയെ കുററകരമായ ഉദ്ദേശത്തോടുകൂടെ വശീകരിച്ചുകൊണ്ടുപോവുകയോ കൂട്ടിക്കൊണ്ടുപോവുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത്.

## അദ്ധ്യായം XXI

### അപകീർത്തിപ്പെടുത്തലിനെക്കുറിച്ച്

499. **അപകീർത്തിപ്പെടുത്തൽ.**

സത്യമായ സംഗതിയെക്കുറിച്ച് ഉന്നയിക്കുന്നതോ, പ്രസിദ്ധപ്പെടുത്തുന്നതോ പൊതുജനനൻമയ്ക്ക് ആവശ്യമാകുന്ന ദോഷാരോപണം നടത്തുന്നത്.

പബ്ലിക്ക്സർവൻറുമാരുടെ പബ്ലിക്കായ പെരുമാററം

ഏതെങ്കിലും പൊതുപ്രശ്നത്തെ സ്പർശിച്ചുകൊണ്ടുള്ള ഏതെങ്കിലും ആളുടെ പെരുമാററം.

കോടതി നടപടികളുടെ റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം.

കോടതിയിൽ തീരുമാനിക്കപ്പെട്ട കേസിൻെറ ഗുണാഗുണങ്ങളോ സാക്ഷികളുടേയും ബന്ധപ്പെട്ട മററുള്ളവരുടേയും പെരുമാററമോ.

പബ്ലിക്കായ പ്രകടനത്തിൻെറ ഗുണാഗുണങ്ങൾ.

മററൊരാളുടെ മേൽ നിയമാനുസൃതമായ പ്രാധികാരമുള്ള ആൾ ഉത്തമവിശ്വാസപൂർവ്വം പാസാക്കുന്ന സെൻഷർ.

അധികാരമുള്ള ആളുടെ മുമ്പാകെ ഉത്തമവിശ്വാസപൂർവ്വം ആരോപണം ബോധിപ്പിക്കുന്നത്.

തൻേറയോ മററാളുടേയോ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഏതെങ്കിലും ആൾ ഉത്തമവിശ്വാസപൂർവ്വം ദോഷാരോപണം നടത്തുന്നത്.

മുന്നറിയിപ്പ്, അത് ആരുടെ ഗുണത്തിനു വേണ്ടി ഉദ്ദേശിച്ചുള്ളതാണോ ആ ആൾക്കോ പൊതുജന നൻമയ്ക്കോ വേണ്ടി നല്കുന്നത്.

500. അപകീർത്തിപ്പെടുത്തലിനുള്ള ശിക്ഷ.

501. അപകീർത്തികരമാണെന്നറിയാവുന്ന സംഗതി അച്ചടിക്കുകയോ കൊത്തിയുണ്ടാക്കുകയോ ചെയ്യുന്നത്.

502. അപകീർത്തികരമായ സംഗതി അടങ്ങിയിട്ടുള്ള അച്ചടിച്ചതോ കൊത്തിയുണ്ടാക്കിയതോ ആയ സാധനത്തിൻെറ വില്പന.

# അദ്ധ്യായം XXII

## കുററകരമായ ഭയപ്പെടുത്തലിനേയും അപമാനിക്കലിനേയും അലട്ടലിനേയും കുറിച്ച്

വകുപ്പുകൾ

503. കുററകരമായ ഭയപ്പെടുത്തൽ.
504. ഉദ്ദേശപൂർവ്വം സമാധാനം ലംഘിക്കുന്നതിന് പ്രകോപനം നല്കണമെന്നുദ്ദേശിച്ചുകൊണ്ട് അപമാനിക്കുന്നത്.
505. പൊതുദ്രോഹത്തിന് വഴിയാക്കുന്ന പ്രസ്താവനകൾ വർഗ്ഗങ്ങൾക്കിടയിൽ ശത്രുതയോ വെറുപ്പോ വിദ്വേഷമോ, ഉണ്ടാക്കുകയോ പുലർത്തുകയോ ചെയ്യുന്ന പ്രസ്താവനകൾ, ആരാധനാസ്ഥലത്തുവച്ചോ മററാ 2-ാം ഉപവകുപ്പുപ്രകാരമുള്ള കുററം ചെയ്യുന്നത്.
506. കുററകരമായ ഭയപ്പെടുത്തലിനുള്ള ശിക്ഷ. ഭീഷണി മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ മററോ ചെയ്യുമെന്നുള്ളതാണെങ്കിൽ.
507. അജ്ഞാതകർത്തൃകമായ അറിയിപ്പ് വഴിയുള്ള കുററകരമായ ഭയപ്പെടുത്തൽ.
508. ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാകുമെന്ന് ഒരാൾക്ക് വിശ്വാസം ജനിപ്പിക്കുന്നതുവഴി ഇടയാക്കുന്ന കൃത്യം.
509. സ്ത്രീയുടെ മാനത്തെ അധിക്ഷേപിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള വാക്കോ ആംഗ്യമോ കൃത്യമോ.
510. കുടിച്ച ആൾ പൊതുസ്ഥലത്ത് മര്യാദകേടായി പെരുമാറുന്നത്.

# അദ്ധ്യായം XXIII

## കുററങ്ങൾ ചെയ്യുവാനുള്ള ശ്രമങ്ങളെക്കുറിച്ച്

511. ജീവപര്യന്തത്തടവോ മററു തടവോ നല്കി ശിക്ഷിക്കാവുന്ന കുററങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നതിനുള്ള ശിക്ഷ.

# ഇൻഡ്യൻ ശിക്ഷാ നിയമസംഹിത

## 1860–ലെ 45–ാം നമ്പർ ആക്റ്റ്

## भारतीय दण्ड संहिता

[1860 ഒക്ടോബർ, 6]

### അദ്ധ്യായം I

### അവതാരിക

ആമുഖം.—ഇൻഡ്യയ്ക്ക് പൊതുവായ ഒരു ശിക്ഷാ നിയമസംഹിത ഏർപ്പെടുത്തുന്നത് സമീചീനമാകയാൽ; താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. നിയമസംഹിതയുടെ പേരും പ്രവർത്തനത്തിന്റെ വ്യാപ്തിയും.—ഈ ആക്റ്റിന് ഇൻഡ്യൻ ശിക്ഷാനിയമസംഹിത എന്നു പേർ പറയേണ്ടതും, അത് ജമ്മു–കാശ്മീർ സ്റ്റേറ്റ് ഒഴികെ ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും ആകുന്നു.

2. ഇൻഡ്യയ്ക്കുള്ളിൽവച്ചു ചെയ്യുന്ന കുറ്റങ്ങൾക്കുള്ള ശിക്ഷ.—ഓരോ ആളും ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെയ്യുന്നതും ഇൻഡ്യയിൽ ഏത് കൃത്യത്തിന്നോ കൃത്യവിലോപത്തിന്നോ ആണോ അയാൾ അപരാധിയാകുന്നത്, അങ്ങനെ ഉള്ളതും ആയ ഏതൊരു കൃത്യത്തിനും അല്ലെങ്കിൽ കൃത്യവിലോപത്തിനും ഈ നിയമസംഹിതയ്ക്കു കീഴിൽ ശിക്ഷാർഹനാകുന്നതും മററുവിധത്തിൽ ശിക്ഷാർഹനാകാത്തതും ആകുന്നു.

3. ഇൻഡ്യയ്ക്ക് വെളിയിൽ വച്ചു ചെയ്തിട്ടുള്ളവയും എന്നാൽ നിയമപ്രകാരം ഇൻഡ്യയ്ക്കുള്ളിൽ വിചാരണ ചെയ്യാവുന്നവയുമായ കുററങ്ങൾക്കുള്ള ശിക്ഷ.—ഇൻഡ്യയ്ക്ക് വെളിയിൽവച്ചു ചെയ്യപ്പെട്ട ഒരു കുററത്തിന് വിചാരണ ചെയ്യപ്പെടുവാൻ ഏതെങ്കിലും ഇൻഡ്യൻ നിയമപ്രകാരം വിധേയനാക്കാവുന്ന ഏതൊരാളേയും സംബന്ധിച്ച്, ഇൻഡ്യയ്ക്ക് വെളിയിൽ വച്ച് ചെയ്യപ്പെട്ട ഏതെങ്കിലും കൃത്യത്തിന് അങ്ങനെയുള്ള കൃത്യം ഇൻഡ്യയ്ക്കുള്ളിൽവച്ച് ചെയ്തിരുന്നുവെങ്കിൽ എന്നപോലെ ഈ നിയമസംഹിതയിലെ വ്യവസ്ഥകൾ അനുസരിച്ച് നടപടി എടുക്കേണ്ടതാകുന്നു.

4. രാജ്യക്ഷേത്രാതീതമായ കുററങ്ങൾക്ക് നിയമസംഹിത വ്യാപിപ്പിക്കുന്നത്.—ഈ നിയമസംഹിതയിലെ വ്യവസ്ഥകൾ—

(1) ഇൻഡ്യയിലെ ഏതെങ്കിലും പൗരൻ ഇൻഡ്യയ്ക്ക് വെളിയിലുള്ള ഏതെങ്കിലും സ്ഥലത്തു വച്ച് ചെയ്യുന്ന ഏതെങ്കിലും കുററത്തിന്നും;

(2) ഏതെങ്കിലും ആൾ ഇൻഡ്യയിൽ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും കപ്പലിലോ വ്യോമയാനത്തിലോ വച്ച്, അത് എവിടെയായിരുന്നാലും, ചെയ്യുന്ന ഏതെങ്കിലും കുററത്തിന്നും, ബാധകമാകുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൽ ''കുററം'' എന്ന പദത്തിൽ ഇൻഡ്യയ്ക്ക് പുറത്തുവച്ചു ചെയ്യുന്നതും ഇൻഡ്യയിൽവച്ച് ചെയ്തിരുന്നുവെങ്കിൽ ഈ നിയമസംഹിതയ്ക്ക് കീഴിൽ ശിക്ഷാർഹമാകുമായിരുന്നതും ആയ ഏതൊരു കൃത്യവും ഉൾപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തം.

ഇൻഡ്യയിലെ ഒരു പൗരനായ ക, ഉഗണ്ടയിൽവച്ച് ഒരു കൊലപാതകം നടത്തുന്നു. ഇൻഡ്യയിൽ അയാളെ കണ്ടെത്തുന്ന ഏതു സ്ഥലത്തുവച്ചും അയാളെ വിചാരണ ചെയ്യുകയും അയാളുടെമേൽ കൊലക്കുററം സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

5. ചില നിയമങ്ങളെ ഈ ആക്ററ് ബാധിക്കുന്നതല്ലെന്ന്.—ഈ ആക്ററിലെ യാതൊന്നും, ഇൻഡ്യാ ഗവൺമെൻറിൻെറ സേവനത്തിലുള്ള ഉദ്യോഗസ്ഥൻമാരുടേയോ, സൈനികരുടേയോ നാവികരുടേയോ വൈമാനികരുടേയോ വിദ്രോഹത്തിനും അഭിത്യജനത്തിനും ശിക്ഷ നല്കുന്നതിനുള്ള ഏതെങ്കിലും ആക്ററിലെ വ്യവസ്ഥകളേയോ ഏതെങ്കിലും പ്രത്യേകമോ തദ്ദേശ്യമോ ആയ നിയമത്തിലെ വ്യവസ്ഥകളേയോ ബാധിക്കുന്നതല്ല.

## അദ്ധ്യായം II

## സാമാന്യമായ വിശദീകരണങ്ങൾ

6. നിയമസംഹിതയിലെ നിർവ്വചനങ്ങൾ അപവാദങ്ങൾക്ക് വിധേയമായി മനസ്സിലാക്കണമെന്ന്. —ഈ നിയമസംഹിതയിൽ എല്ലായിടത്തും കുററത്തിൻെറ ഓരോ നിർവ്വചനവും ഓരോ ശിക്ഷാ വ്യവസ്ഥയും, അങ്ങനെയുള്ള ഓരോ നിർവ്വചനത്തിൻേറയും അല്ലെങ്കിൽ ശിക്ഷാ വ്യവസ്ഥയുടേയും ഓരോ ദൃഷ്ടാന്തവും, ''സാമാന്യമായ അപവാദങ്ങൾ'' എന്ന ശീർഷകത്തിലുള്ള അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന അപവാദങ്ങൾക്ക് വിധേയമായി, ആ അപവാദങ്ങൾ അങ്ങനെയുള്ള നിർവ്വചനത്തിലോ ശിക്ഷാ വ്യവസ്ഥയിലോ ദൃഷ്ടാന്തത്തിലോ ആവർത്തിക്കുന്നില്ലെങ്കിലും, മനസ്സിലാക്കേണ്ടതാകുന്നു.

ദൃഷ്ടാന്തങ്ങൾ.

(ക) കുററങ്ങളുടെ നിർവ്വചനങ്ങൾ അടങ്ങിയിട്ടുള്ള ഈ നിയമസംഹിതയിലെ വകുപ്പുകൾ, ഏഴു വർഷത്തിനു താഴെ പ്രായമുള്ള ഒരു കുട്ടിക്ക് അങ്ങനെയുള്ള കുററങ്ങൾ ചെയ്യുവാൻ കഴിയുകയില്ലെന്ന് പ്രകടമാക്കുന്നില്ല: എന്നാൽ ആ നിർവ്വചനങ്ങൾ ഏഴു വർഷത്തിനു താഴെ പ്രായമുള്ള ഒരു കുട്ടി ചെയ്യുന്ന യാതൊന്നും ഒരു കുററമാവുകയില്ലെന്ന് വ്യവസ്ഥ ചെയ്യുന്ന സാമാന്യമായ അപവാദത്തിന് വിധേയമായി മനസ്സിലാക്കേണ്ടതാകുന്നു.

(ഖ) ഒരു പോലീസ് ഉദ്യോഗസ്ഥനായ ക കൊലപാതകം നടത്തിയ യ യെ വാറണ്ടുകൂടാതെ പിടിക്കുന്നു. ഇവിടെ അന്യായമായി തടഞ്ഞുവയ്ക്കൽ എന്ന കുററത്തിന് ക അപരാധിയാകുന്നതല്ല; എന്തെന്നാൽ അയാൾ യ യെ പിടിക്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരുന്നതും, അതുകൊണ്ട് ''യാതൊന്നുചെയ്യുവാൻ ഒരാൾ നിയമപ്രകാരം ബാദ്ധ്യസ്ഥനാണോ അത് അയാൾ ചെയ്യുന്നത് ഒരു കുററമാകുന്നതല്ല.'' എന്നു വ്യവസ്ഥ ചെയ്യുന്ന സാമാന്യമായ അപവാദത്തിൽ ഈ സംഗതി ഉൾപ്പെടുന്നതുമാകുന്നു.

7. ഒരിക്കൽ വിശദീകരിച്ച പദത്തിൻെറ വിവക്ഷ.—ഈ നിയമസംഹിതയിൽ ഏതെങ്കിലും ഭാഗത്ത് വിശദീകരിച്ചിട്ടുള്ള ഏതു പദവും, ആ വിശദീകരണത്തിന് അനുരൂപമായി ഈ നിയമസംഹിതയുടെ ഏതു ഭാഗത്തും പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

8. ലിംഗം.—"അയാൾ" എന്ന സർവ്വനാമവും അതിൻെറ വ്യുത്പന്നങ്ങളും ഏത് ആളെക്കുറിച്ചും, ആ ആൾ ആണോ പെണ്ണോ ആയാലും, ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

9. വചനം.—വിപരീതമാണെന്ന് തോന്നാത്തപക്ഷം, ഏകവചനം കുറിക്കുന്ന വാക്കുകളിൽ ബഹുവചനവും, ബഹുവചനം കുറിക്കുന്ന വാക്കുകളിൽ ഏകവചനവും ഉൾപ്പെടുന്നു.

10. "പുരുഷൻ".—"പുരുഷൻ" എന്ന വാക്ക് മനുഷ്യരിലെ ഏതു പ്രായത്തിലുമുള്ള ഒരു ആണിനെ കുറിക്കുന്നു.

"സ്ത്രീ"—"സ്ത്രീ" എന്ന വാക്ക് മനുഷ്യരിലെ ഏതു പ്രായത്തിലുമുള്ള ഒരു പെണ്ണിനെ കുറിക്കുന്നു.

11. "ആൾ"—"ആൾ" എന്ന വാക്കിൽ ഏതെങ്കിലും കമ്പനിയോ സമാജമോ ആളുകളുടെ നികായമോ, അത് ഏകാംഗീകൃതമാക്കിയതോ അല്ലാത്തതോ ആയാലും, ഉൾപ്പെടുന്നു.

12. "പൊതുജനം"—"പൊതുജനം" എന്ന വാക്കിൽ പൊതുജനങ്ങളിലെ ഏതെങ്കിലും വർഗ്ഗമോ ഏതെങ്കിലും സമുദായമോ ഉൾപ്പെടുന്നു.

13. [റദ്ദാക്കപ്പെട്ടു]

14. "ഗവൺമെൻറ്" ജീവനക്കാരൻ.—"ഗവൺമെൻറ് ജീവനക്കാരൻ" എന്ന വാക്ക് ഗവൺമെൻറിൻെറ പ്രാധികാരത്താലോ പ്രാധികാരത്തിൻ കീഴിലോ ഇൻഡ്യയിൽ തുടരുകയോ നിയമിക്കപ്പെടുകയോ നിയോജിക്കപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനേയോ ജീവനക്കാരനേയോ കുറിക്കുന്നു.

15. [റദ്ദാക്കപ്പെട്ടു]

16. [റദ്ദാക്കപ്പെട്ടു]

17. "ഗവൺമെൻറ്".—"ഗവൺമെൻറ്" എന്ന വാക്ക് കേന്ദ്രഗവൺമെൻറിനേയോ ഒരു സ്റ്റേററിലെ ഗവൺമെൻറിനേയോ കുറിക്കുന്നു.

18. "ഇൻഡ്യ".—"ഇൻഡ്യ" എന്നതിന് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യയുടെ രാജ്യക്ഷേത്രം എന്ന് അർത്ഥമാകുന്നു.

19. "ജഡ്ജി".—"ജഡ്ജി" എന്ന വാക്ക് ജഡ്ജി എന്ന് ഔദ്യോഗികമായി പേർ പറയപ്പെടുന്ന ഏതൊരാളേയും മാത്രമല്ല കുറിക്കുന്നത്;

സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും നിയമ നടപടിയിൽ ഒരു അന്തിമമായ വിധിന്യായമോ, എതിരായി അപ്പീൽ ബോധിപ്പിക്കാത്തപക്ഷം അന്തിമമായിത്തീരുന്ന ഒരു വിധിന്യായമോ, മററുവല്ല അധികാരസ്ഥാനത്താലും സ്ഥിരീകരിക്കപ്പെട്ടാൽ അന്തിമമായിത്തീരുന്ന ഒരു വിധിന്യായമോ, നല്കുവാൻ നിയമത്താൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരാളേയും അല്ലെങ്കിൽ

അങ്ങനെയുള്ള ഒരു വിധിന്യായം നല്കുവാൻ നിയമത്താൽ അധികാരപ്പെടുത്തിയിട്ടുള്ള ആളുകളുടെ ഒരു നികായത്തിലെ ഏതൊരാളേയും, കൂടി കുറിക്കുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) 1859-ലെ 10-ാം ആക്ററിന് കീഴിലുള്ള ഒരു വ്യവഹാരത്തിൽ അധികാരിത പ്രയോഗിക്കുന്ന കളക്ററർ ഒരു ജഡ്ജി ആകുന്നു.

(ഖ) ഒരു ചാർജ്ജിൻമേൽ പിഴയോ തടവോ ശിക്ഷ വിധിക്കുവാൻ, അതിനെതിരായി അപ്പീൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും, അധികാരമുള്ള മജിസ്ട്രേട്ട് ആ ചാർജ്ജ് സംബന്ധിച്ച് അധികാരിത പ്രയോഗിക്കുമ്പോൾ ഒരു ജഡ്ജി ആകുന്നു.

(ഗ) മദ്രാസ്കോഡിലെ 1816-ലെ 7-ാം റഗുലേഷന് കീഴിൽ വ്യവഹാരങ്ങൾ വിചാരണ ചെയ്യുകയും തീർപ്പാക്കുകയും ചെയ്യുവാൻ അധികാരമുള്ള ഒരു പഞ്ചായത്തിലെ അംഗം ഒരു ജഡ്ജി ആകുന്നു.

(ഘ) ഒരു ചാർജ്ജിൻമേൽ മറെറാരു കോടതിയിലേക്ക് വിചാരണയ്ക്ക് കമ്മിററുചെയ്യുവാൻ മാത്രം അധികാരമുള്ള മജിസ്ട്രേട്ട് ആ ചാർജ്ജ് സംബന്ധിച്ച് അധികാരിത പ്രയോഗിക്കുമ്പോൾ ഒരു ജഡ്ജി അല്ല.

20. "നീതിന്യായക്കോടതി".—"നീതിന്യായക്കോടതി" എന്ന വാക്ക് തനിയെ, ജുഡീഷ്യലായി പ്രവർത്തിക്കുവാൻ നിയമം അധികാരപ്പെടുത്തിയ ഒരു ജഡ്ജിയേയോ, ഒരു നികായമായി ജുഡീഷ്യലായി പ്രവർത്തിക്കുവാൻ നിയമം അധികാരപ്പെടുത്തിയ ജഡ്ജിമാരുടെ ഒരു നികായത്തേയോ, അങ്ങനെയുള്ള ജഡ്ജിയോ ജഡ്ജിമാരുടെ നികായമോ ജുഡീഷ്യലായി പ്രവർത്തിക്കുമ്പോൾ, കുറിക്കുന്നു.

### ദൃഷ്ടാന്തം

മദ്രാസ്കോഡിലെ 1816-ലെ 7-ാം റഗുലേഷനു കീഴിൽ പ്രവർത്തിക്കുന്നതും വ്യവഹാരങ്ങൾ വിചാരണചെയ്യുകയും തീർപ്പാക്കുകയും ചെയ്യുവാൻ അധികാരമുള്ളതുമായ പഞ്ചായത്ത് നീതിന്യായക്കോടതി ആകുന്നു.

21. "പബ്ലിക്സർവൻറ്".—"പബ്ലിക് സർവൻറ്" എന്ന വാക്ക് ഇതിനു താഴെ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ ഏതെങ്കിലും ഒന്നിൽ പെടുന്ന ഒരാളെ കുറിക്കുന്നു, അതായത്:—

(ഒന്നാം ഖണ്ഡം വിട്ടുകളഞ്ഞു)

രണ്ടാമത്.—ഇൻഡ്യയിലെ കരസേനയിലേയോ നാവികസേനയിലേയോ വ്യോമസേനയിലേയോ ഏതൊരു കമ്മീഷൻഡ് ആഫീസറും;

മൂന്നാമത്.—തനിച്ചോ, അല്ലെങ്കിൽ ആളുകളുടെ ഏതെങ്കിലും നികായത്തിലെ ഒരു അംഗമെന്ന നിലയിലോ, ന്യായനിർണ്ണയം ചെയ്യുന്നതിനുള്ള ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിന് നിയമം അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾ ഉൾപ്പെടെ, ഏതൊരു ജഡ്ജിയും;

നാലാമത്.—നിയമപരമോ വസ്തുതാപരമോ ആയ ഏതെങ്കിലും വിഷയത്തെപ്പററി അന്വേഷണം നടത്തുകയോ റിപ്പോർട്ട് ചെയ്യുകയോ, ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ, പ്രമാണീകരിക്കുകയോ, സൂക്ഷിക്കുകയോ, ഏതെങ്കിലും വസ്തു ഏറെറടുക്കുകയോ, വ്യയനം ചെയ്യുകയോ, ഏതെങ്കിലും ജഡീഷ്യൽ പ്രോസസ് നടത്തുകയോ, ഏതെങ്കിലും ശപഥം ചെയ്യിക്കുകയോ, ദ്വിഭാഷിയായി പ്രവർത്തിക്കുകയോ, കോടതിയിൽ സമാധാനം പാലിക്കുകയോ ചെയ്യുന്നത് ഒരു നീതിന്യായക്കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ എന്ന നിലക്ക് ആരുടെ കർത്തവ്യമാണോ, അങ്ങനെയുള്ള ലിക്വിഡേററോ

റസീവറോ കമ്മീഷണറോ ഉൾപ്പെടെ] ഏതൊരുദ്യോഗസ്ഥനും, അങ്ങനെയുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ ഒരു നീതിന്യായക്കോടതി പ്രത്യേകമായി പ്രാധികാരം നല്കിയിട്ടുള്ള ഏതൊരാളും;

അഞ്ചാമത്.—ഒരു നീതിന്യായക്കോടതിക്കോ ഒരു പബ്ലിക്ക് സർവൻറിനോ സഹായം നല്കുന്ന ഏതൊരു ജ്യൂറി അംഗവും അസ്സസ്സറും അല്ലെങ്കിൽ പഞ്ചായത്തംഗവും;

ആറാമത്.—ഏതെങ്കിലും നീതിന്യായക്കോടതിയോ ക്ഷമതയുള്ള മററ് ഏതെങ്കിലും പൊതു അധികാരസ്ഥാനമോ ഏതെങ്കിലും വിവാദമോ വിഷയമോ തീരുമാനത്തിനോ റിപ്പോർട്ടിനോ ആയി ഏതൊരു മദ്ധ്യസ്ഥനോ മററ് ആൾക്കോ ആണ് അയച്ചുകൊടുക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള മദ്ധ്യസ്ഥനോ മററ് ആളോ;

ഏഴാമത്.—ഏത് ഉദ്യോഗം വഹിക്കുന്നതിന്റെ ബലത്തിലാണോ ഒരാൾ ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കുവാനോ സൂക്ഷിക്കുവാനോ അധികൃതനാകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതൊരാളും;

എട്ടാമത്.—ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ കുററങ്ങൾ തടയുകയോ കുററങ്ങൾ സംബന്ധിച്ച് വിവരങ്ങൾ നല്കുകയോ; കുററക്കാരെ നീതിന്യായ വിചാരണയ്ക്ക് വിധേയരാക്കുകയോ അല്ലെങ്കിൽ പൊതുജനങ്ങളുടെ ആരോഗ്യമോ ഭദ്രതയോ സൗകര്യമോ രക്ഷിക്കുകയോ ചെയ്യുന്നത് ഏതൊരു ഗവൺമെൻറ് ഉദ്യോഗസ്ഥന്റെ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ;

ഒമ്പതാമത്.—ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഗവൺമെൻറിനുവേണ്ടി ഏതെങ്കിലും വസ്തു എടുക്കുകയോ സ്വീകരിക്കുകയോ സൂക്ഷിക്കുകയോ വ്യയം ചെയ്യുകയോ, അല്ലെങ്കിൽ ഗവൺമെൻറിനുവേണ്ടി ഏതെങ്കിലും സർവ്വേ നടത്തുകയോ മതിപ്പ് നിശ്ചയിക്കുകയോ കാൺട്രാക്ററിൽ ഏർപ്പെടുകയോ, അല്ലെങ്കിൽ ഏതെങ്കിലും റവന്യൂ പ്രോസസ് നടത്തുകയോ, അല്ലെങ്കിൽ ഗവൺമെൻറിന്റെ ധനപരമായ താൽപര്യങ്ങളെ ബാധിക്കുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് അന്വേഷിക്കുകയോ റിപ്പോർട്ട് ചെയ്യുകയോ, അല്ലെങ്കിൽ ഗവൺമെൻറിന്റെ ധനപരമായ താൽപര്യങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ, അല്ലെങ്കിൽ ഗവൺമെൻറിന്റെ ധനപരമായ താൽപര്യങ്ങളുടെ രക്ഷണത്തിനുള്ള ഏതെങ്കിലും നിയമത്തിന്റെ ലംഘനം തടയുകയോ ചെയ്യുന്നത് ഏതൊരു ഉദ്യോഗസ്ഥന്റെ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ;

പത്താമത്.—ഏതെങ്കിലും ഗ്രാമത്തിന്റേയോ പട്ടണത്തിന്റേയോ ജില്ലയുടേയോ മതേതരമായ പൊതു ആവശ്യത്തിനുവേണ്ടി ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഏതെങ്കിലും വസ്തു എടുക്കുകയോ സ്വീകരിക്കുകയോ സൂക്ഷിക്കുകയോ വ്യയം ചെയ്യുകയോ, ഏതെങ്കിലും സർവ്വേ നടത്തുകയോ മതിപ്പ് നിശ്ചയിക്കുകയോ, ഏതെങ്കിലും റേററോ നികുതിയോ ലെവി ചെയ്യുകയോ, അല്ലെങ്കിൽ ഏതെങ്കിലും ഗ്രാമത്തിലേയോ പട്ടണത്തിലേയോ ജില്ലയിലേയോ ജനങ്ങളുടെ അവകാശങ്ങൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ പ്രമാണീകരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നത് ഏതൊരു ഉദ്യോഗസ്ഥന്റെ കർത്തവ്യമാണോ, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ;

പതിനൊന്നാമത്.—ഏത് ഉദ്യോഗം വഹിക്കുന്നതിന്റെ ബലത്തിലാണോ, ഒരാൾ തിരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ

വച്ചുപോരികയോ പുതുക്കുകയോ ചെയ്യുവാനോ, അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പോ തിരഞ്ഞെടുപ്പിൻെറ ഭാഗമോ നടത്തുവാനോ അധികൃതനാകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന ഏതൊരാളും ;

പന്ത്രണ്ടാമത്.—(ക) ഗവൺമെൻറിൻെറ സർവ്വീസിലോ ശമ്പളത്തിലോ ഇരിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക്ക് കർത്തവ്യം നിർവ്വഹിക്കുന്നതിന് ഫീസോ കമ്മീഷനോ വേതനമായി ഗവൺമെൻറിൽ നിന്ന് ലഭിക്കുകയോ;

(ഖ) ഒരു തദ്ദേശാധികാരസ്ഥാനത്തിൻേറയോ, ഒരു കേന്ദ്ര ആക്ററോ പ്രവിശ്യാ ആക്ററോ സ്റേററ് ആക്ററോ മുഖേനയോ, അങ്ങനെയുള്ള ആക്ററിൻ കീഴിലോ സ്ഥാപിക്കപ്പെട്ട ഒരു ഏകാംഗയോഗത്തിൻേറയോ, അല്ലെങ്കിൽ കമ്പനി ആക്ററ് 1956-ലെ(1956-ലെ 1) 617-ാം വകുപ്പിൽ നിർവ്വചിച്ച്പ്രകാരമുള്ളഒരു ഗവൺമെൻറ് കമ്പനിയുടേയോ സർവ്വീസിലോ ശമ്പളത്തിലോ ഇരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും.

ദൃഷ്ടാന്തം

മുനിസിപ്പൽ കമ്മീഷണർ ഒരു പബ്ലിക്ക് സർവൻറ് ആകുന്നു.

വിശദീകരണം 1.— മുകളിൽ കൊടുത്തിട്ടുള്ള വിവരണങ്ങളിൽ ഏതെങ്കിലും ഒന്നിൽപ്പെടുന്ന ആളുകൾ ഗവൺമെൻറിനാൽ നിയമിക്കപ്പെട്ടവരാണെങ്കിലും,—അല്ലെങ്കിലും പബ്ലിക്ക് സർവൻറുമാരാകുന്നു.

വിശദീകരണം 2.—''പബ്ലിക് സർവൻറ്'' എന്ന വാക്ക് വരുന്നിടത്തെല്ലാം അത് ഒരു പബ്ലിക്ക്സർവൻറ് സ്ഥാനം യഥാർത്ഥത്തിൽ വഹിക്കുന്ന ഏതൊരാളേയും കുറിച്ചുള്ളതായി, ആ സ്ഥാനം വഹിക്കുവാനുള്ള അയാളുടെ അവകാശത്തിന് എന്ത് നിയമപരമായ ന്യൂനത ഉണ്ടായിരുന്നാലും, മനസ്സിലാക്കേണ്ടതാകുന്നു.

വിശദീകരണം 3.—''തിരഞ്ഞെടുപ്പ്'' എന്ന വാക്ക്, ഏത് നിയമനിർമ്മാണാധികാരസ്ഥാനത്തേക്കോ മുനിസിപ്പൽ അധികാരസ്ഥാനത്തേക്കോ മററ് പൊതു അധികാരസ്ഥാനത്തേക്കോ, അത് ഏത് സ്വഭാവത്തിലുള്ളതായാലും, ഉള്ള വരണത്തിൻെറ രീതിയാണോ തെരഞ്ഞെടുപ്പ് മുഖേന ആയിരിക്കണമെന്ന് ഏതെങ്കിലും നിയമത്താലോ നിയമത്തിൻ കീഴിലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള അധികാരസ്ഥാനത്തിലെ അംഗങ്ങളെ വരണം ചെയ്യുവാൻ വേണ്ടിയുള്ളതിരഞ്ഞെടുപ്പിനെ കുറിക്കുന്നു.

22. ''ജംഗമവസ്തു''.—''ജംഗമവസ്തു'' എന്ന വാക്കിൽ ഭൂമിയും ഭൂബദ്ധമായതോ ഭൂബദ്ധമായ ഏതിനോടെങ്കിലും സ്ഥിരമായി ബന്ധിച്ചിട്ടുള്ളതോ ആയ സാധനങ്ങളും ഒഴികെ, ഏതു തരത്തിലുമുള്ള മൂർത്തവസ്തു ഉൾപ്പെടണമെന്ന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാകുന്നു.

23. ''അന്യായമായ ലാഭം''—''അന്യായമായ ലാഭം'', ലാഭം കിട്ടുന്നതിന് നിയമപ്രകാരം അവകാശമില്ലാത്ത വസ്തുവിൻെറ നിയമ വിരുദ്ധമായ മാർഗ്ഗത്തിലൂടെ ഉള്ള ലാഭം ആകുന്നു.

''അന്യായമായ നഷ്ടം''.—''അന്യായമായ നഷ്ടം'', വസ്തു നഷ്ടപ്പെടുന്ന ആൾക്ക് നിയമപ്രകാരം അവകാശമുള്ള വസ്തുവിൻെറ നിയമ വിരുദ്ധമായ മാർഗ്ഗത്തിലൂടെ ഉള്ള നഷ്ടം ആകുന്നു.

അന്യായമായി ലാഭം കിട്ടുന്നത്.—ഒരാൾ അന്യായമായി ആർജ്ജിക്കുമ്പോൾ മാത്രമല്ല, അന്യായമായി വച്ചുകൊണ്ടിരിക്കുമ്പോഴും അയാൾക്ക് അന്യായമായ ലാഭം കിട്ടുന്നതായി പറയപ്പെടുന്നു.

അന്യായമായി നഷ്ടപ്പെടുന്നത്.—ഒരാളുടെ വസ്തു അയാൾക്ക് അന്യായമായി ഇല്ലാതാക്കുമ്പോൾ മാത്രമല്ല, അയാളെ ഏതെങ്കിലും വസ്തുവിൽ നിന്ന് അന്യായമായി അകററി നിറുത്തുമ്പോഴും അയാൾ അന്യായമായി നഷ്ടപ്പെടുന്നതായി പറയപ്പെടുന്നു.

24. "നേരുകേടായി".—ഒരാൾക്ക് അന്യായമായ ലാഭമോ മററൊരാൾക്ക് അന്യായമായ നഷ്ടമോ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി എന്തെങ്കിലും ചെയ്യുന്ന ഏതൊരാളും അത് "നേരുകേടായി" ചെയ്യുന്നതായി പറയപ്പെടുന്നു.

25. "വഞ്ചനാപൂർവ്വം".—ഒരാൾ വഞ്ചിക്കണമെന്ന ഉദ്ദേശത്തോടുകൂടി എന്തെങ്കിലും ഒന്നു ചെയ്യുന്നുവെങ്കിൽ അയാൾ അത് വഞ്ചനാപൂർവ്വം ചെയ്യുന്നതായി പറയപ്പെടുന്നതും മററ് വിധത്തിലാണെങ്കിൽ അങ്ങനെ അല്ലാത്തതും ആകുന്നു.

26. "വിശ്വസിക്കുവാനുള്ള കാരണം".—ഒരാൾക്ക് എന്തെങ്കിലും ഒന്നു വിശ്വസിക്കുവാൻ മതിയായ ഹേതു ഉണ്ടെങ്കിൽ അയാൾക്ക് അത് "വിശ്വസിക്കുവാനുള്ള കാരണം" ഉണ്ടെന്ന് പറയപ്പെടുന്നതും മററ് വിധത്തിലാണെങ്കിൽ അങ്ങനെ അല്ലാത്തതും ആകുന്നു.

27. ഭാര്യയുടേയോ ക്ലാർക്കിൻേറയോ ഭൃത്യൻേറയോ കൈവശമുള്ള വസ്തു.—വസ്തു ഒരാൾക്കുവേണ്ടി അയാളുടെ ഭാര്യയുടേയോ ക്ലാർക്കിൻേറയോ ഭൃത്യൻേറയോ കൈവശത്തിൽ ഇരിക്കുമ്പോൾ, അത് ഈ നിയമസംഹിതയുടെ അർത്ഥത്തിൽ അയാളുടെ കൈവശത്തിലാകുന്നു.

വിശദീകരണം.—താൽക്കാലികമായോ ഒരു പ്രത്യേക അവസരത്തിലോ ഒരു ക്ലാർക്കിൻേറയോ ഭൃത്യൻേറയോ നിലയിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഒരാൾ ഈ വകുപ്പിൻെറ അർത്ഥത്തിൽ ഒരു ക്ലാർക്കോ ഭൃത്യനോ ആകുന്നു.

28. "കപടാനുകരണം നടത്തുക".—ഒരു സാധനത്തിന് മററൊരു സാധനത്തിനോടുള്ള സാദൃശ്യം മുഖേന കബളിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടോ, അതുമൂലം കബളിപ്പിക്കൽ നടക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ സദൃശ്യമാക്കുന്ന ഒരാൾ, "കപടാനുകരണം" നടത്തുന്നതായി പറയപ്പെടുന്നു.

വിശദീകരണം 1.—കപടാനുകരണത്തിന് അനുകരണം ശരിക്കും ഒത്തതായിരിക്കണമെന്നത് ആവശ്യമല്ല.

വിശദീകരണം 2.—ഒരാൾ ഒരു സാധനം മററൊരു സാധനത്തിന് സദൃശമാക്കുകയും, ആ സാദൃശ്യം അതുമൂലം ഒരാൾ കബളിപ്പിക്കപ്പെടാവുന്ന ഒന്നായിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെ ഒരു സാധനം മററൊരു സാധനത്തിന് സദൃശമാക്കുന്ന ആൾ ആ സാദൃശ്യംമൂലം കബളിപ്പിക്കൽ നടത്തണമെന്ന് ഉദ്ദേശിച്ചിരുന്നുവെന്നോ അല്ലെങ്കിൽ അതുമൂലം കബളിപ്പിക്കൽ നടക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞിരുന്നുവെന്നോ, വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കപ്പെടേണ്ടതാകുന്നു.

29. ''രേഖ''.—''രേഖ'' എന്ന വാക്ക് ഏതൊരു കാര്യമാണോ ആ കാര്യത്തിന്റെ തെളിവായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ തെളിവായി ഉപയോഗിക്കാവുന്നതോ ആയ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി അല്ലെങ്കിൽ അവയിൽ ഒന്നിലധികം മാർഗ്ഗങ്ങളിലൂടെ ഏതെങ്കിലും പദാർത്ഥത്തിൻമേൽ പ്രകടമാക്കുകയോ വിവരിക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കാര്യത്തെ കുറിക്കുന്നു.

വിശദീകരണം 1.—ഏതു മാർഗ്ഗത്തിലൂടെയാണോ അല്ലെങ്കിൽ ഏതു പദാർത്ഥത്തിൻമേലാണോ ആ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ രൂപപ്പെടുത്തിയിട്ടുള്ളത് എന്നുള്ളതോ, ആ തെളിവ് ഒരു നീതിന്യായക്കോടതിയിലേക്ക് ഉദ്ദേശിച്ചിട്ടുള്ളതാണോ അല്ലയോ എന്നുള്ളതോ, നീതിന്യായക്കോടതിയിൽ ഉപയോഗിക്കാവുന്നതാണോ അല്ലയോ എന്നുള്ളതോ സാരമായതല്ല.

ദൃഷ്ടാന്തങ്ങൾ

ഒരു കാൺട്രാക്റ്റിലെ നിബന്ധനകൾ പ്രകടമാക്കുന്നതും ആ കാൺട്രാക്റ്റിന് തെളിവായി ഉപയോഗിക്കാവുന്നതുമായ ലിഖിതം ഒരു രേഖയാകുന്നു.

ഒരു ബാങ്കർക്കുള്ള ചെക്ക് ഒരു രേഖയാകുന്നു.

മുക്ത്യാർനാമം ഒരു രേഖയാകുന്നു.

തെളിവായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ തെളിവായി ഉപയോഗിക്കാവുന്നതോ ആയ ഭൂപടമോ പ്ലാനോ ഒരു രേഖയാകുന്നു.

നിദേശങ്ങളോ ആദേശങ്ങളോ അടങ്ങുന്ന ലിഖിതം ഒരു രേഖയാകുന്നു.

വിശദീകരണം 2.—അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി എന്തുതന്നെ കച്ചവടവഴക്കമോ മററു വഴക്കമോ അനുസരിച്ചുള്ള വിശദീകരണപ്രകാരം പ്രകടമാക്കിയിട്ടുണ്ടോ, അത് യഥാർത്ഥത്തിൽ പ്രകടമാക്കപ്പെട്ടതല്ലെങ്കിലും ഈ വകുപ്പിന്റെ അർത്ഥത്തിൽ അങ്ങനെയുള്ള അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ വഴിയായി പ്രകടമാക്കിയതായി കരുതപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തം

ക, തന്റെ ആർഡർപ്രകാരം പണം കൊടുക്കേണ്ടുന്ന വിനിമയപത്രത്തിന്റെ പുറകുവശത്ത് തന്റെ പേര് എഴുതുന്നു. കച്ചവടവഴക്കമനുസരിച്ചുള്ള വിശദീകരണപ്രകാരം ആ എൻഡോഴ്സ്മെൻറിന്റെ അർത്ഥം ആ പത്രപ്രകാരമുള്ള പണം അതിന്റെ കൈവശക്കാരന് കൊടുക്കണമെന്നാകുന്നു. ആ എൻഡോഴ്സ്മെൻറ് ഒരു രേഖയാകുന്നു; അതിന് ''കൈവശക്കാരന് കൊടുക്കുക'' എന്ന വാക്കുകളോ ആ അർത്ഥം വരുന്ന വാക്കുകളോ കൈയൊപ്പിനു മുകളിൽ എഴുതിയിട്ടുണ്ടായിരുന്നാൽ ഏതു രീതിയിലോ ആ രീതിയിൽ തന്നെ അർത്ഥം കല്പിക്കേണ്ടതുമാകുന്നു.

30. ''മൂല്യമുള്ള ഈട്''.—''മൂല്യമുള്ള ഈട്'' എന്ന വാക്കുകൾ നിയമപരമായ ഏതെങ്കിലും അവകാശം സൃഷ്ടിക്കുകയോ വ്യാപിപ്പിക്കുകയോ കൈമാററംചെയ്യുകയോ പരിമിതപ്പെടുത്തുകയോ അല്ലാതാക്കുകയോ ഒഴിഞ്ഞുകൊടുക്കുകയോ ചെയ്യുന്നതോ, ഇല്ലെങ്കിൽ ഏതെങ്കിലും ആൾ താൻ നിയമപരമായ ബാദ്ധ്യതയ്ക്ക് വിധേയനായിരിക്കുന്നു എന്നോ, തനിക്ക് നിയമപര

മായ ഏതെങ്കിലും ഒരു അവകാശം ഇല്ലെന്നോ സമ്മതിക്കുന്നതോ ആയ രേഖയേയോ, അല്ലെങ്കിൽ അങ്ങനെയുള്ള രേഖയാണെന്നു കരുതപ്പെടുന്ന രേഖയേയോ കുറിക്കുന്നു.

ദൃഷ്ടാന്തം

ക ഒരു വിനിമയപത്രത്തിന്റെ പുറകുവശത്ത് അയാളുടെ പേര് എഴുതുന്നു. ഈ എൻഡോഴ്സ്മെന്റിന്റെ ഫലം ആ പത്രത്തിന്റെ അവകാശം അതിന്റെ നിയമാനുസൃതം കൈവശക്കാരനായിത്തീരാവുന്ന ഏതെങ്കിലും ഒരാൾക്ക് കൈമാററം ചെയ്യുക എന്നതാകയാൽ ഈ എൻഡോഴ്സ്മെൻറ് ഒരു "മൂല്യമുള്ള ഈട്" ആകുന്നു.

31. "മരണശാസനം".—"മരണശാസനം" എന്ന വാക്ക് ഏതെങ്കിലും മരണപത്രമാകുന്ന രേഖയെ കുറിക്കുന്നു.

32. കൃത്യങ്ങളെ പരാമർശിക്കുന്ന വാക്കുകളിൽ നിയമവിരുദ്ധമായ കൃത്യവിലോപങ്ങൾ ഉൾപ്പെടുന്നു.—ഈ നിയമസംഹിതയിലെ ഏതൊരു ഭാഗത്തും, വിപരീതമായ ഉദ്ദേശം ഉള്ളതായി സന്ദർഭത്തിൽ നിന്ന് തോന്നുമ്പോഴൊഴികെ, ചെയ്യപ്പെട്ട കൃത്യങ്ങളെ പരാമർശിക്കുന്ന വാക്കുകൾ നിയമവിരുദ്ധമായ കൃത്യവിലോപങ്ങളിലേക്കുകൂടി വ്യാപിക്കുന്നതാകുന്നു.

33. "കൃത്യം".—"കൃത്യം" എന്ന വാക്ക് ഒരൊററ കൃത്യത്തെ മാത്രമല്ല കൃത്യങ്ങളുടെ പരമ്പരയേയും കുറിക്കുന്നു;

"കൃത്യവിലോപം".—"കൃത്യവിലോപം" എന്ന വാക്ക് ഒരൊററ കൃത്യവിലോപത്തെ മാത്രമല്ല കൃത്യവിലോപങ്ങളുടെ പരമ്പരയേയും കുറിക്കുന്നു.

34. പൊതുലക്ഷ്യത്തെ പുരോഗമിപ്പിക്കുന്നതിൽ പലരുംകൂടി ചെയ്യുന്ന കൃത്യങ്ങൾ.—പല ആളുകളുംകൂടി, അവരെല്ലാവരുടേയും പൊതുലക്ഷ്യത്തെ പുരോഗമിപ്പിക്കുന്നതിൽ കുററകരമായ ഒരു കൃത്യം ചെയ്യുമ്പോൾ, അങ്ങനെ ഉള്ളവരിൽ ഓരോരുത്തനും, ആ കൃത്യത്തിന് അത് അയാൾ തനിയെ ചെയ്തിരുന്നുവെങ്കിൽ ഏതു രീതിയിലോ, ആ രീതിയിൽത്തന്നെ ഉത്തരവാദി ആകുന്നതാണ്.

35. അങ്ങനെയുള്ള ഒരു കൃത്യം അത് കുററകരമായ അറിവോടോ ഉദ്ദേശത്തോടോകൂടി ചെയ്തതാണെന്ന കാരണത്താൽ കുററകരമാകുമ്പോൾ.—കുററകരമായ അറിവോടോ ഉദ്ദേശത്തോടോകൂടി ചെയ്തതാണെന്ന കാരണത്താൽ മാത്രം കുററകരമായ ഒരു കൃത്യം പല ആളുകളുംകൂടി ചെയ്യുമ്പോൾ അങ്ങനെയുള്ള അറിവോടോ ഉദ്ദേശത്തോടോകൂടി ആ കൃത്യത്തിൽ ചേരുന്ന അങ്ങനെയുള്ളവരിൽ ഓരോരുത്തനും, ആ അറിവോടോ ഉദ്ദേശത്തോടോകൂടി ആ കൃത്യം അയാൾ തനിയെ ചെയ്തിരുന്നു എങ്കിൽ ഏതു രീതിയിലോ ആ രീതിയിൽ തന്നെ ആ കൃത്യത്തിന് ഉത്തരവാദി ആകുന്നതാണ്.

36. ഭാഗികമായി കൃത്യത്താലും ഭാഗികമായി കൃത്യവിലോപത്താലും ഉളവാക്കപ്പെടുന്ന ഫലം.—ഒരു കൃത്യത്താലോ ഒരു കൃത്യവിലോപത്താലോ ഏതെങ്കിലും ഫലം ഉളവാക്കുന്നതോ അല്ലെങ്കിൽ ആ ഫലം ഉളവാക്കുവാൻ ശ്രമിക്കുന്നതോ ഒരു കുററമാകുമ്പോൾ, ആ ഫലം ഭാഗികമായി കൃത്യത്താലോ ഭാഗികമായി കൃത്യവിലോപത്താലോ ഉളവാക്കുന്നത് അതേ കുററം തന്നെയാണെന്ന് മനസ്സിലാക്കേണ്ടതാകുന്നു.

### ദൃഷ്ടാന്തം

ക യ യ്ക്ക് ഭക്ഷണം കൊടുക്കുന്നതിൽ നിയമവിരുദ്ധമായി കൃത്യവിലോപം വരുത്തി ഭാഗികമായും, യ യെ അടിച്ച് ഭാഗികമായും മന:പൂർവ്വം യ യുടെ മരണം സംഭവിപ്പിക്കുന്നു. ക കൊലപാതകം നടത്തിയിരിക്കുന്നു.

37. ഒരു കുററത്തിന്റെ ഘടകങ്ങളായ പല കൃത്യങ്ങളിൽ ഒന്നുചെയ്തുകൊണ്ടുള്ള സഹകരണം.—പല കൃത്യങ്ങൾ വഴിയായി ഒരു കുററം ചെയ്യുമ്പോൾ, ഒററയ്ക്കോ അല്ലെങ്കിൽ മററേതെങ്കിലും ആളോട് ചേർന്ന് കൂട്ടായോ ആ കൃത്യങ്ങളിൽ ഏതെങ്കിലും ഒന്നു ചെയ്ത് ആ കുററം ചെയ്യുന്നതിൽ മന:പൂർവ്വം സഹകരിക്കുന്ന ഏതൊരാളും ആ കുററം ചെയ്യുന്നു.

### ദൃഷ്ടാന്തങ്ങൾ.

(ക) യ യ്ക്ക് വെവ്വേറെയായും വ്യത്യസ്തസമയങ്ങളിലായും ചെറിയ മാത്രകളിലുള്ള വിഷം കൊടുത്തു അയാളെ കൊല ചെയ്യുന്നതിന് ക യും ഖ യും കൂടി നിശ്ചയിക്കുന്നു. ആ നിശ്ചയം അനുസരിച്ച് യ യെ കൊല ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ക യും ഖ യും വിഷം കൊടുക്കുന്നു. യ യ്ക്ക് അപ്രകാരം കൊടുത്ത വിഷത്തിന്റെ പല മാത്രകളുടെ ഫലമായി അയാൾ മരിക്കുന്നു. ഇവിടെ ക യും ഖ യും കൊലപാതകം നടത്തുന്നതിൽ മന:പൂർവ്വം സഹകരിക്കുന്നു. മരണം സംഭവിപ്പിച്ച ഒരു കൃത്യം അവരിൽ ഓരോരുത്തനും ചെയ്യുന്നതിനാൽ അവരുടെ കൃത്യങ്ങൾ വെവ്വേറെ ഉള്ളതാണെങ്കിലും അവർ രണ്ടുപേരും ആ കുററത്തിന് അപരാധികളാകുന്നതാണ്.

(ഖ) ക യും ഖ യും കൂട്ടുജയിലർമാർ ആകുന്നു; ആ നിലയ്ക്ക് അവർക്ക് ഓരോ തവണയും ആറു മണിക്കൂർ വീതം ഊഴമിട്ട് യ എന്ന തടവുകാരന്റെ രക്ഷണത്തിനുള്ള ചുമതല ഉണ്ട്. ക യും ഖ യും യ യുടെ മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഓരോരുത്തനും അയാൾക്ക് ഹാജരുള്ള സമയത്ത് യ യ്ക്ക് കൊടുക്കുന്നതിനുവേണ്ടി അയാളെ ഏല്പിച്ച ഭക്ഷണം യ യ്ക്ക് കൊടുക്കുന്നതിൽ നിയമവിരുദ്ധമായി കൃത്യവിലോപം വരുത്തി ആ ഫലം ഉളവാക്കുന്നതിൽ അറിഞ്ഞുകൊണ്ട് സഹകരിക്കുന്നു. യ വിശപ്പുകൊണ്ട് മരിക്കുന്നു. ക യും ഖ യും യ യുടെ കൊലപാതകത്തിന് അപരാധികളാകുന്നു.

(ഗ) ജയിലറായ ക യ്ക്ക് തടവുകാരനായ യ യുടെ രക്ഷണത്തിനുള്ള ചുമതലയുണ്ട്. ക, യ യുടെ മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി യ യ്ക്ക് ഭക്ഷണം നല്കുന്നതിൽ നിയമവിരുദ്ധമായ കൃത്യവിലോപം വരുത്തുന്നു; അതിന്റെ ഫലമായി യ യുടെ ശക്തി വളരെ ക്ഷയിക്കുന്നു, എന്നാൽ ആ പട്ടിണി അയാളുടെ മരണം സംഭവിപ്പിക്കുവാൻ മതിയാകുന്നില്ല. ക അയാളുടെ ഉദ്യോഗത്തിൽ നിന്ന് ഡിസ്മിസ് ചെയ്യപ്പെടുകയും ഖ അയാളുടെ പിൻഗാമിയാവുകയും ചെയ്യുന്നു. ക യുമായി കപടസന്ധിയിൽ ഏർപ്പെടുകയോ സഹകരിക്കുകയോ ചെയ്യാതെ ഖ യ യ്ക്ക് ഭക്ഷണം നല്കുന്നതിൽ കൃത്യവിലോപം വരുത്തിയാൽ തൻമൂലം താൻ അയാളുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട് നിയമവിരുദ്ധമായി അങ്ങനെയുള്ള കൃത്യവിലോപം വരുത്തുന്നു. യ വിശപ്പുമൂലം മരിക്കുന്നു. ഖ കൊലപാതകത്തിന് അപരാധിയാകുന്നു. എന്നാൽ ക, ഖ യുമായി സഹകരിക്കാതിരുന്നതുകൊണ്ട് കൊലപാതകം നടത്തുന്നതിനുള്ള ശ്രമത്തിനു മാത്രമേ ക അപരാധിയാകുന്നുള്ളു.

38. കുററകരമായ കൃത്യവുമായി ബന്ധപ്പെട്ട ആളുകൾ വ്യത്യസ്തങ്ങളായ കുററങ്ങൾക്ക് അപരാധികളായേക്കാമെന്ന്.—കുററകരമായ ഒരു കൃത്യം

ചെയ്യുന്നതിൽ പല ആളുകളും ഏർപ്പെടുകയോ ബന്ധപ്പെടുകയോ ചെയ്യുമ്പോരം അവർ ആ കൃത്യം വഴിയായി വ്യത്യസ്തങ്ങളായ കുററങ്ങരംക്ക് അപരാധികളായേക്കാവുന്നതാണ്.

### ദൃഷ്ടാന്തം

ഗുരുതരമായ പ്രകോപനത്തിൻെറ ഏതു് പരിത:സ്ഥിതികളിലാണോ ക, യ യെ കൊല്ലുന്നത് കൊലപാതകം ആകാത്ത കുററകരമായ നരഹത്യ മാത്രമാകുന്നത്, അങ്ങനെയുള്ള പരിത:സ്ഥിതികളിൽ ക, യ യെ ആക്രമിക്കുന്നു. യ യോട് ദ്വേഷം ഉള്ള ഖ യ യെ കൊല്ലണമെന്ന ഉദ്ദേശത്തോടുകൂടിയും ആ പ്രകോപനത്തിനു വിധേയനാകാതേയും യ യെ കൊല്ലുന്നതിൽ ക യെ സഹായിക്കുന്നു. അവിടെ, യ യുടെ മരണം സംഭവിപ്പിക്കുന്നതിൽ ക യും ഖ യും ഏർപ്പെടുന്നു എങ്കിലും ഖ കൊലപാതകത്തിന് അപരാധിയും ക കുററകരമായ നരഹത്യയ്ക്കു മാത്രം അപരാധിയും ആകുന്നു.

39. "സ്വേച്ഛയാ".—ഒരാരം ഒരു ഫലം, ഏതു മാർഗ്ഗം മുഖേനയാണോ അത് ഉളവാക്കണമെന്ന് ഉദ്ദേശിച്ചിരുന്നത്, ആ മാർഗ്ഗം മുഖേനയോ അല്ലെങ്കിൽ ഏതു മാർഗ്ഗം ഉപയോഗിക്കുന്ന സമയത്താണോ ആ ഫലം ഉളവാക്കുവാൻ ഇടയുണ്ടെന്ന് അയാരം അറിഞ്ഞിരുന്നത്, അല്ലെങ്കിൽ അയാരംക്ക് വിശ്വസിക്കുവാൻ കാരണം ഉണ്ടായിരുന്നത്, ആ മാർഗ്ഗം മുഖേനയോ ആ ഫലം ഉളവാക്കുമ്പോരം അയാരം അത് "സ്വേച്ഛയാ" ഉളവാക്കുന്നതായി പറയപ്പെടുന്നു.

### ദൃഷ്ടാന്തം

ഒരു കവർച്ച സുകരമാക്കുന്നതിനുവേണ്ടി ഒരു വലിയ പട്ടണത്തിലെ ആരംതാമസമുള്ള ഒരു വീട്ടിന് ക രാത്രി തീ വയ്ക്കുകയും, അങ്ങനെ ഒരാളുടെ മരണം സംഭവിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ മരണം സംഭവിപ്പിക്കണമെന്ന് ക ഉദ്ദേശിച്ചിട്ടില്ലായിരിക്കാമെന്ന് തന്നെയല്ല അയാളുടെ കൃത്യംമൂലം മരണം സംഭവിച്ചതിൽ ദു:ഖിക്കുന്നുമുണ്ടാകാം; എന്നാലും താൻ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അയാരംക്ക് അറിയാമായിരുന്നുവെങ്കിൽ അയാരം സ്വേച്ഛയാ മരണം സംഭവിപ്പിച്ചിരിക്കുന്നു.

40. "കുററം".—ഈ വകുപ്പിലെ രണ്ടും മൂന്നും ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള അദ്ധ്യായങ്ങളിലും വകുപ്പുകളിലും ഒഴികെ "കുററം" എന്ന വാക്കു ഈ നിയമസംഹിത ശിക്ഷാർഹമാക്കിയിട്ടുള്ള ഒരു കാര്യത്തെ കുറിക്കുന്നു.

IV-ാം അദ്ധ്യായത്തിലും V ക എന്ന അദ്ധ്യായത്തിലും താഴെ പറയുന്ന അതായത് 64, 65, 66, 67, 71, 109, 110, 112, 114, 115, 116' 117, 187, 194, 195, 203, 211, 213, 214, 221, 222, 223, 224, 225' 327, 328, 329, 330, 331, 347, 348, 388, 389, 445 എന്നീ വകുപ്പുകളിലും "കുററം" എന്ന വാക്ക് ഈ നിയമസംഹിതയ്ക്ക് കീഴിലോ അല്ലെങ്കിൽ ഇതിനുശേഷം നിർവ്വചിക്കപ്പെട്ടപ്രകാരമുള്ള ഏതെങ്കിലും പ്രത്യേക നിയമത്തിൻേറയോ തദ്ദേശനിയമത്തിൻേറയോ കീഴിലോ ശിക്ഷാർഹമായ ഒരു കാര്യത്തെ കുറിക്കുന്നു.

കൂടാതെ, 141, 176, 177, 201, 202, 212, 216, 441 എന്നീ വകുപ്പുകളിൽ "കുററം" എന്ന വാക്കിനുള്ള ആ അർത്ഥം തന്നെ, ആ പ്രത്യേക നിയമത്തിൻെറയോ തദ്ദേശ നിയമത്തിൻേറയോ കീഴിൽ ശിക്ഷാർഹമായിട്ടുള്ള കാര്യം, അങ്ങനെയുള്ള നിയമത്തിനു കീഴിൽ ആറു മാസത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ ഉള്ള തടവിന്, അതു പിഴയോടുകൂടിയോ കൂടാതെയോ ആയിരുന്നാലും, ശിക്ഷാർഹമായിരിക്കുമ്പോരം ഉണ്ടായിരിക്കുന്നതും ആകുന്നു.

41. "പ്രത്യേക നിയമം".—"പ്രത്യേക നിയമം" ഒരു പ്രത്യേക വിഷയത്തിനു ബാധകമാകുന്ന നിയമമാകുന്നു.

42. "തദ്ദേശ നിയമം".—"തദ്ദേശ നിയമം" ഇൻഡ്യയുടെ ഒരു പ്രത്യേക ഭാഗത്തിനു മാത്രം ബാധകമാകുന്ന നിയമമാകുന്നു.

43. "നിയമവിരുദ്ധം".—"നിയമവിരുദ്ധം" എന്ന വാക്ക്, കുററമായതോ, നിയമത്താൽ നിരോധിക്കപ്പെട്ടതോ ഒരു സിവിൽ നടപടിക്ക് കാരണം നല്കുന്നതോ ആയ ഏതൊരു കാര്യത്തിനും ബാധകമാകുന്നതും:

ചെയ്യുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥൻ.—ഏതൊരു കാര്യത്തിൽ ഒരാം കൃത്യവിലോപം വരുത്തുന്നത് നിയമവിരുദ്ധമാകുന്നുവോ അത് അയാം "ചെയ്യുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥൻ" ആണെന്നു പറയപ്പെടുന്നതും, ആകുന്നു.

44. "ക്ഷതി".—"ക്ഷതി" എന്ന വാക്ക് ഏതെങ്കിലും ആാംക്ക് അയാളുടെ ശരീരത്തിനോ മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ നിയമവിരുദ്ധമായി ഉണ്ടാക്കുന്ന ഏതൊരു ഹാനിയേയും കുറിക്കുന്നു.

45. "ജീവൻ".—"ജീവൻ" എന്ന വാക്ക്, വിപരീതമായത് സന്ദർഭത്തിൽ നിന്ന് തോന്നാത്തപക്ഷം, ഒരു മനുഷ്യന്റെ ജീവനെ കുറിക്കുന്നു.

46. "മരണം".—"മരണം" എന്ന വാക്ക്, വിപരീതമായത് സന്ദർഭത്തിൽ നിന്ന് തോന്നാത്തപക്ഷം, ഒരു മനുഷ്യന്റെ മരണത്തെ കുറിക്കുന്നു.

47. "ജന്തു".—"ജന്തു" എന്ന വാക്ക് മനുഷ്യൻ അല്ലാതെയുള്ള ഏതു ജീവിയേയും കുറിക്കുന്നു.

48. "ജലയാനം".—"ജലയാനം" എന്ന വാക്ക് മനുഷ്യരേയോ വസ്തുവോ ജലമാർഗ്ഗം കൊണ്ടുപോകുന്നതിന് ഉണ്ടാക്കിയിട്ടുള്ള ഏതിനേയും കുറിക്കുന്നു.

49. "വർഷം", "മാസം".—"വർഷം" എന്ന വാക്കോ"മാസം"എന്ന വാക്കോ ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം ആ വർഷമോ മാസമോ ബ്രിട്ടീഷ് കലണ്ടർ അനുസരിച്ച് ഗണിക്കണമെന്ന് മനസ്സിലാക്കേണ്ടതാകുന്നു.

50. "വകുപ്പ്".—"വകുപ്പ്" എന്ന വാക്ക് ഈ നിയമസംഹിതയിലെ ഒരു അദ്ധ്യായത്തിലെ, തുടക്കത്തിനു മുമ്പിലുള്ള അക്കങ്ങാംകൊണ്ട് തിരിച്ചറിയപ്പെടുന്ന, ഭാഗങ്ങളിൽ ഒന്നിനെ കുറിക്കുന്നു.

51. "ശപഥം".—"ശപഥം" എന്ന വാക്കിൽ നിയമത്താൽ ശപഥത്തിന് പകരം ചേർക്കപ്പെട്ടിട്ടുള്ള സഗൗരവപ്രതിജ്ഞയും ഒരു പബ്ലിക്ക്സർവ്വന്റിന്റെ മുൻപാകെ ചെയ്യുവാനോ, ഒരു നീതിന്യായക്കോടതിയിൽ ആയാലും അല്ലെങ്കിലും, വസ്തുത തെളിയിക്കുന്നതിന് ഉപയോഗിക്കുവാനോ നിയമത്താൽ ആവശ്യപ്പെട്ടിട്ടുള്ളതോ പ്രാധികാരം നല്കിയിട്ടുള്ളതോ ആയ ഏതെങ്കിലും പ്രഖ്യാപനവും ഉരംപ്പെടുന്നു.

52. "ഉത്തമവിശ്വാസം".—വേണ്ടത്ര അവധാനത്തോടും ശ്രദ്ധയോടുംകൂടിയല്ലാതെ ചെയ്യുന്നതോ വിശ്വസിക്കുന്നതോ ആയ യാതൊന്നും "ഉത്തമവിശ്വാസ" പൂർവ്വം ചെയ്യുന്നതോ വിശ്വസിക്കുന്നതോ ആയി പറയപ്പെടുന്നില്ല.

52 ക. "സംശ്രയം".—157-ാം വകുപ്പിലും, 130-ാം വകുപ്പിൽ സംശ്രയം നല്കപ്പെടുന്ന ആളുടെ ഭാര്യയോ ഭർത്താവോ സംശ്രയം നല്കുന്നസംഗതിയിലും ഒഴികെ, "സംശ്രയം" എന്ന വാക്കിൽ ഒരാംക്ക് ആശ്രയമോ ഭക്ഷണമോ

പാനീയമോ പണമോ വസ്ത്രങ്ങളോ ആയുധങ്ങളോ വെടിക്കോപ്പോ വാഹന സൗകര്യമോ നല്കുന്നതോ അല്ലെങ്കിൽ പിടിക്കപ്പെടുന്നതിൽ നിന്ന് ഒഴിഞ്ഞു മാറുന്നതിനുവേണ്ടി ഏതെങ്കിലും മാർഗ്ഗം മുഖേന അത് ഈ വകുപ്പിൽ എണ്ണി പ്പറഞ്ഞിട്ടുള്ള തരത്തിൽത്തന്നെയുള്ളതായാലും അല്ലെങ്കിലും, ഒരാളെ സഹായി ക്കുന്നതോ ഉൾപ്പെടുന്നു.

അദ്ധ്യായം III

## ശിക്ഷകളെക്കുറിച്ച്

53. ശിക്ഷകൾ.—ഈ നിയമസംഹിതയിലെ വ്യവസ്ഥകൾക്കു കീഴിൽ ഏതു ശിക്ഷകൾക്കാണോ കുററക്കാർ അർഹരാകുന്നത്, ആ ശിക്ഷകൾ—

ഒന്നാമത്.—മരണം;

രണ്ടാമത്.—ജീവപര്യന്തത്തടവ്;

മൂന്നാം ഖണ്ഡം (വിട്ടുകളഞ്ഞു.)

നാലാമത്.—തടവ്—അത് രണ്ടു തരത്തിൽ; അതായത്:—

(1) കഠിനതടവ്—അതായത്, കടുപ്പമുള്ള ജോലിയോടു കൂടിയത്;

(2) വെറും തടവ്;

അഞ്ചാമത്.—വസ്തു കണ്ടുകെട്ടൽ;

ആറാമത്.—പിഴ;

ഇവയാകുന്നു.

53ക. നാടുകടത്തലിനെക്കുറിച്ചുള്ള പരാമർശത്തിന് അർത്ഥം കല്പിക്കൽ.—(1) (2)-ാം ഉപവകുപ്പിലേയും (3)-ാം ഉപവകുപ്പിലേയും വ്യവസ്ഥകൾക്ക് വിധേയമായി, തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്താലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻേറയോ റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിൻേറയോ ബലത്തിൽ പ്രഭാവത്തിലുള്ള ഏതെങ്കിലും പ്രമാണത്തിലോ ഉത്തരവിലോ ''ജീവപര്യന്തം നാടുകടത്തൽ'' എന്നുള്ള ഏത് പരാമർശത്തിനും ''ജീവപര്യന്തത്തടവ്'' എന്ന അർത്ഥം കല്പിക്കേണ്ടതാകുന്നു.

(2) ക്രിമിനൽ നടപടി നിയമസംഹിത (ഭേദഗതി) ആക്ററ്, 1955-ൻെറ (1955-ലെ 26), പ്രാരംഭത്തിനുമുമ്പ് ഒരു കാലാവധി വച്ച് നാടു കടത്തൽശിക്ഷ വിധിച്ചിട്ടുള്ള ഓരോ സംഗതിയിലും, ആ കുററക്കാരനെ സംബന്ധിച്ച് അയാൾക്ക് ആ കാലാവധി വച്ചുതന്നെ കഠിനതടവ് ശിക്ഷാ വിധി നല്കിയാൽ ഏതു രീതിയിലോ, ആ രീതിയിൽതന്നെ നടപടി എടുക്കേണ്ട താകുന്നു.

(3) തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലെ ഒരു കാലാവധി വച്ചുള്ള നാടുകടത്തലിനെക്കുറിച്ചോ അല്ലെങ്കിൽ ഹ്രസ്വതരമായ ഏതെങ്കിലും കാലാവധി വച്ചുള്ള നാടുകടത്തലിനെക്കുറിച്ചോ (ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും) ഉള്ള ഏത് പരാമർശവും വിട്ടുകളഞ്ഞതായി കരുതപ്പെ ടുന്നതാകുന്നു.

(4) തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമ ത്തിലെ ''നാടുകടത്ത''ലിനെക്കുറിച്ചുള്ള ഏതു പരാമർശവും,—

(ക) ആ പദത്തിന് ജീവപര്യന്തം നാടുകടത്തൽ എന്നാണ് അർത്ഥമെങ്കിൽ അതിന് ജീവപര്യന്തത്തടവിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതും;

(ഖ) ആ പദത്തിന് ഹ്രസ്വതരമായ ഏതെങ്കിലും കാലാവധി വച്ചുള്ള നാടുകടത്തൽ എന്നാണ് അർത്ഥമെങ്കിൽ അത് വിട്ടുകളഞ്ഞതായി കരുതപ്പെടുന്നതും;

ആകുന്നു.

54. മരണശിക്ഷാവിധി ലഘൂകരിക്കൽ.—മരണശിക്ഷ വിധിച്ചുകഴിഞ്ഞാൽ അങ്ങനെയുള്ള ഏതൊരു സംഗതിയിലും, സമുചിതഗവൺമെൻറിന്, കുററക്കാരൻെറ സമ്മതം കൂടാതെ, ആ ശിക്ഷ ഈ നിയമസംഹിതയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മറേറതെങ്കിലും ശിക്ഷയായി ലഘൂകരിക്കാവുന്നതാണ്.

55. ജീവപര്യന്തത്തടവിനുള്ള ശിക്ഷാവിധി ലഘൂകരിക്കൽ.—ജീവപര്യന്തത്തടവിനുള്ള ശിക്ഷ വിധിച്ചുകഴിഞ്ഞാൽ അങ്ങനെയുള്ള ഏതൊരു സംഗതിയിലും. സമുചിതഗവൺമെൻറിന്, കുററക്കാരൻെറ സമ്മതം കൂടാതെ, ആ ശിക്ഷ പതിന്നാലു വർഷത്തെ കാലാവധിയിൽ കവിയാത്ത രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയായി ലഘൂകരിക്കാവുന്നതാണ്.

55ക. ''സമുചിത ഗവൺമെൻറിൻെറ'' നിർവചനം.—അമ്പത്തിനാലും അമ്പത്തഞ്ചും വകുപ്പുകളിൽ ''സമുചിത ഗവൺമെൻറ്'' എന്ന പദത്തിന്,—

(ക) ശിക്ഷാവിധി മരണശിക്ഷാവിധിയോ അല്ലെങ്കിൽ യൂണിയൻെറ നിർവ്വാഹകാധികാരം വ്യാപിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമത്തിനെതിരായ ഒരു കുററത്തിനുള്ള ശിക്ഷാവിധിയോ ആകുന്ന സംഗതിയിൽ, കേന്ദ്രഗവൺമെൻറ് എന്നും;

(ഖ) ശിക്ഷാവിധി (മരണശിക്ഷ ആയാലും അല്ലെങ്കിലും) സ്റേററിൻെറ നിർവ്വാഹകാധികാരം വ്യാപിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമത്തിനെതിരായ കുററത്തിനാകുന്ന സംഗതിയിൽ ആ കുററക്കാരന് ശിക്ഷ വിധിച്ചിട്ടുള്ളത് ഏതു സ്റേററിനുള്ളിൽവച്ചാണോ, ആ സ്റേററിലെ ഗവൺമെൻറ് എന്നും,

അർത്ഥമാകുന്നു.

56. [റദ്ദാക്കപ്പെട്ടു.]

57. ശിക്ഷയുടെ കാലാവധിയുടെ ഭിന്നസംഖ്യകം.—ശിക്ഷയുടെ കാലാവധികളുടെ ഭിന്നസംഖ്യകം കണക്കാക്കുന്നതിൽ ജീവപര്യന്തത്തടവ് ഇരുപതു വർഷത്തെ തടവിന് തുല്യമായി ഗണിക്കേണ്ടതാകുന്നു.

58. [റദ്ദാക്കപ്പെട്ടു.]

59. [റദ്ദാക്കപ്പെട്ടു.]

60. ശിക്ഷാവിധി (തടവിനെക്കുറിച്ചുള്ള ചില സംഗതികളിൽ) പൂർണ്ണമോ ഭാഗികമോ ആയി കഠിനതടവോ വെറുംതടവോ ആകാമെന്ന്.—ഒരു കുററക്കാരന് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കാവുന്ന ഏതൊരു സംഗതിയിലും, അങ്ങനെയുള്ള കുററക്കാരന് ശിക്ഷ വിധിക്കുന്ന കോടതിക്ക്, അങ്ങനെയുള്ള തടവ് മുഴുവനും കഠിനതടവായിരിക്കണമെന്നോ, അങ്ങനെയുള്ള തടവു മുഴുവനും വെറുംതടവായിരിക്കണമെന്നോ അങ്ങനെയുള്ള തടവിൻെറ ഏതെങ്കിലും ഭാഗം കഠിനതടവും ബാക്കി വെറുംതടവും ആയിരിക്കണമെന്നോ ശിക്ഷാവിധിയിൽ നിദേശിക്കുവാൻ ക്ഷമത ഉണ്ടായിരിക്കുന്നതാകുന്നു.

61. [റദ്ദാക്കപ്പെട്ടു.]

62. [റദ്ദാക്കപ്പെട്ടു.]

63. പിഴയുടെ തുക.—പിഴയുടെ തുക എത്രയാകാമെന്ന് പ്രകടമാക്കിയിട്ടില്ലാത്തപ്പോൾ കുററക്കാരൻ ഏതു് തുക വരുന്ന പിഴയ്ക്ക് ശിക്ഷാർഹനാകുന്നുവോ, ആ തുകയ്ക്ക് പരിധി കല്പിച്ചിട്ടില്ല; എന്നാൽ അത് അധികമാകുവാൻ പാടുള്ളതല്ല.

64. പിഴ ഒടുക്കാത്തതിനുള്ള തടവുശിക്ഷാവിധി.—പിഴശിക്ഷ മാത്രമല്ല തടവും നല്കി ശിക്ഷിക്കാവുന്ന ഒരു കുററത്തിന് കുററക്കാരന് പിഴശിക്ഷ, തടവോടുകൂടിയോ അല്ലാതെയോ, വിധിച്ചിട്ടുള്ള ഏതൊരു സംഗതിയിലും,

തടവുശിക്ഷയോ പിഴയോ അല്ലെങ്കിൽ പിഴശിക്ഷ മാത്രമോ നല്കി ശിക്ഷിക്കാവുന്ന ഒരു കുററത്തിന് കുററക്കാരന് പിഴശിക്ഷ വിധിച്ചിട്ടുള്ള ഏതൊരു സംഗതിയിലും,

അങ്ങനെയുള്ള കുററക്കാരന് ശിക്ഷ വിധിക്കുന്ന കോടതിക്ക് പിഴ ഒടുക്കുന്നതിലുള്ള വീഴ്ചക്ക്, ആ കുററക്കാരൻ ഒരു നിശ്ചിത കാലത്തേയ്ക്കുള്ള തടവ്, അയാൾക്ക് ശിക്ഷയായി വിധിക്കപ്പെട്ടിരിക്കാവുന്നതോ അല്ലെങ്കിൽ ഒരു ശിക്ഷാവിധിയുടെ ലഘൂകരണത്തിൽ അയാൾ ഏതു തടവിന് അർഹനാകുമായിരുന്നുവോ, അങ്ങനെയുള്ളതോ ആയ മറേറതെങ്കിലും തടവിനു പുറമേ, അനുഭവിക്കേണ്ടതാണെന്നു ശിക്ഷാവിധി മുഖേന നിദേശിക്കുവാൻ ക്ഷമത ഉണ്ടായിരിക്കുന്നതാകുന്നു.

65. തടവുശിക്ഷയും പിഴശിക്ഷയും നല്കാവുന്ന സംഗതിയിൽ പിഴ ഒടുക്കാത്തതിനുള്ള തടവിന്റെ പരിധി.—പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് കുററക്കാരനെ തടവിൽ വയ്ക്കുവാൻ കോടതി നിദേശിക്കുന്ന കാലാവധി, ആ കുററം പിഴശിക്ഷ മാത്രമല്ല തടവും നല്കി ശിക്ഷിക്കാവുന്ന ഒന്നാണെങ്കിൽ, ആ കുററത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി തടവിന്റെ കാലാവധിയുടെ നാലിലൊന്നിൽ കവിയുവാൻ പാടുള്ളതല്ല.

66. പിഴ ഒടുക്കാത്തതിനുള്ള തടവിന്റെ തരം.—പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് കോടതി ചുമത്തുന്ന തടവുശിക്ഷ കുററക്കാരന് ആ കുററത്തിന് ശിക്ഷയായി വിധിക്കാമായിരുന്ന, ഏതു തരത്തിലുള്ള തടവും ആകാവുന്നതാണ്.

67. കുററം പിഴശിക്ഷ മാത്രം നല്കി ശിക്ഷിക്കാവുന്ന ഒന്നാണെങ്കിൽ പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്കുള്ള തടവ്.—കുററം പിഴശിക്ഷ മാത്രം നല്കി ശിക്ഷിക്കാവുന്ന ഒന്നാണെങ്കിൽ, പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് കോടതി ചുമത്തുന്ന തടവ് വെറും തടവായിരിക്കേണ്ടതും പിഴ അടയ്ക്കുന്നതിലുള്ള വീഴ്ച വരുത്തുന്ന സംഗതിയിൽ കുററക്കാരനെ തടവിൽ വയ്ക്കുവാൻ കോടതി നിദേശിക്കുന്ന കാലാവധി താഴെപ്പറയുന്ന തോതിൽ, അതായത്, പിഴയുടെ തുക അമ്പത് രൂപയിൽ കവിയാത്തപ്പോൾ രണ്ടു മാസത്തിൽ കവിയാത്ത ഏതെങ്കിലും കാലാവധിയിലും, തുക നൂറു രൂപയിൽ കവിയാത്തപ്പോൾ നാലു മാസത്തിൽ കവിയാത്ത ഏതെങ്കിലും കാലാവധിയിലും, മററ് ഏതെങ്കിലും സംഗതിയിൽ ആറു മാസത്തിൽ കവിയാത്ത ഏതെങ്കിലും കാലാവധിയിലും കവിയുവാൻ പാടില്ലാത്തതും ആകുന്നു.

68. പിഴ ഒടുക്കുമ്പോൾ തടവ് അവസാനിക്കുമെന്ന്.—പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്ക് ചുമത്തുന്ന തടവ്, ഒന്നുകിൽ ആ പിഴ ഒടുക്കുകയോ അല്ലെങ്കിൽ അത് നിയമപ്രക്രിയ മുഖേന ഈടാക്കപ്പെടുകയോ ചെയ്യുമ്പോൾ, അത് എപ്പോഴായാലും, അവസാനിക്കുന്നതാകുന്നു.

69. പിഴയുടെ ആനുപാതികഭാഗം ഒടുക്കുമ്പോൾ തടവ് അവസാനിക്കുന്നത്.—പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്കു നിശ്ചയിച്ചിട്ടുള്ള തടവിന്റെ കാലാവധി കഴിയുന്നതിനു മുൻപ് പിഴയുടെ ഏതത് അനുപാതം കൊടുത്താലാണോ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിന് അനുഭവിച്ച തടവിന്റെ കാലാവധി പിഴയുടെ പിന്നെയും ഒടുക്കുവാൻ ബാക്കിയുള്ള ഭാഗത്തിന് ആനുപാതികമായ കാലാവധിയിലും കുറവാകാതിരിക്കുന്നത്, ആ അനുപാതം വരുന്ന പിഴ ഒടുക്കുകയോ അത് ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, ആ തടവ് അവസാനിക്കുന്നതാകുന്നു.

ദൃഷ്ടാന്തം

ക യ്ക്ക് നൂറു രൂപ പിഴയും പിഴ ഒടുക്കുന്നതിലുള്ള വീഴ്ചയ്ക്കു നാലു മാസത്തെ തടവും ശിക്ഷ വിധിക്കുന്നു. ഇവിടെ, ഒരു മാസത്തെ തടവ് കഴിയുന്നതിനു മുമ്പ് പിഴയിൽ എഴുപത്തഞ്ചു രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ ക ആദ്യത്തെ മാസം അവസാനിച്ച ഉടനെ വിമോചിപ്പിക്കപ്പെടും. ആദ്യത്തെ മാസത്തിന്റെ അവസാനത്തിലോ ക തടവ് തുടർന്ന് അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ പിന്നീട് ഏതെങ്കിലും സമയത്തോ എഴുപത്തഞ്ചു രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ ക ഉടൻതന്നെ വിമോചിക്കപ്പെടും. ആ രണ്ടു മാസത്തെ തടവ് അവസാനിക്കുന്നതിനുമുൻപ് പിഴയിൽ അമ്പത് രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ ക രണ്ടു മാസം തികഞ്ഞാൽ ഉടനെ, വിമോചിക്കപ്പെടും. ആ രണ്ടു മാസക്കാലത്തിന്റെ അവസാനത്തിലോ ക തടവ് തുടർന്ന് അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ പിന്നീട് ഏതെങ്കിലും സമയത്തോ അമ്പത് രൂപ ഒടുക്കുകയോ ഈടാക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, ക ഉടനെതന്നെ വിമോചിക്കപ്പെടും.

70. ആറു വർഷത്തിനുള്ളിലോ തടവിൽ ആയിരിക്കുമ്പോഴോ പിഴ ഈടാക്കാമെന്ന്. മരണം വസ്തുവിനെ ബാദ്ധ്യതയിൽനിന്ന്, വിമോചിപ്പിക്കുകയില്ലെന്ന്.—പിഴയോ, ഒടുക്കാതെ അവശേഷിക്കുന്ന അതിന്റെ ഏതെങ്കിലും ഭാഗമോ, ശിക്ഷാവിധി പ്രസ്താവിച്ചതിനുശേഷം ആറു വർഷത്തിനുള്ളിൽ ഏതു സമയത്തും, ശിക്ഷാവിധിക്കു കീഴിൽ കുറ്റക്കാരൻ ആറു വർഷത്തേക്കാൾ കൂടുതലായുള്ള കാലത്തെ തടവിന് വിധേയനാണെങ്കിൽ, ആ കാലം അവസാനിക്കുന്നതിനുമുൻപ് ഏതു സമയത്തും ഈടാക്കാവുന്നതും; കുറ്റക്കാരന്റെ മരണം, മരണാനന്തരം തന്റെ കടങ്ങൾക്ക് നിയമാനുസൃതം ബാദ്ധ്യസ്ഥമാകുന്ന ഏതെങ്കിലും വസ്തുവിനെ ആ ബാദ്ധ്യതയിൽനിന്ന് വിമോചിപ്പിക്കുന്നതല്ലാത്തതും ആകുന്നു.

71. പല കുറ്റങ്ങൾ ചേർന്നുണ്ടായ കുറ്റത്തിനുള്ള ശിക്ഷയുടെ പരിധി.—ഒരു കുറ്റമായ ഏതെങ്കിലും കാര്യം, ഭാഗങ്ങൾ ചേർന്നതായിരിക്കുകയും, ആ ഭാഗങ്ങളിൽ ഏതെങ്കിലും തനിയെ ഒരു കുറ്റമായിരിക്കുകയും ചെയ്യുമ്പോൾ, കുറ്റക്കാരൻ അയാളുടെ അങ്ങനെയുള്ള കുറ്റങ്ങളിൽ ഒന്നിൽ കൂടുതൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടാമെന്ന് പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, അപ്രകാരം ശിക്ഷിക്കപ്പെടുവാൻ പാടുള്ളതല്ല.

ഏതെങ്കിലും കാര്യം തൽസമയം പ്രാബല്യത്തിലിരിക്കുന്നതും കുറ്റങ്ങൾ നിർവ്വചിക്കുകയോ കുറ്റങ്ങൾക്ക് ശിക്ഷ നല്കുവാൻ വ്യവസ്ഥ ചെയ്യുകയോ ചെയ്യുന്നതുമായ ഏതെങ്കിലും നിയമത്തിലെ രണ്ടോ അതിലധികമോ വെവ്വേറെയുള്ള നിർവ്വചനങ്ങളിൽ പെടുന്ന ഒരു കുറ്റമാകുമ്പോഴോ, അല്ലെങ്കിൽ

പല കൃത്യങ്ങളിൽ, ഒന്നോ ഒന്നിലധികമോ തനിച്ച് ഒരു കുററമാവുകയും, ആ കൃത്യങ്ങൾ ചേരുമ്പോൾ വ്യത്യസ്തമായ ഒരു കുററമാവുകയും ചെയ്യുമ്പോഴോ,

കുററക്കാരന്, അയാളെ വിചാരണ ചെയ്യുന്ന കോടതിക്ക് അങ്ങനെയുള്ള കുററങ്ങളിൽ ഏതെങ്കിലും ഒന്നിന് നല്കാവുന്ന ശിക്ഷയേക്കാൾ തീവ്രമായ ഒരു ശിക്ഷ നല്കുവാൻ പാടുള്ളതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ക യ യെ ഒരു വടികൊണ്ട് അമ്പത് അടി അടിക്കുന്നു. ഇവിടെ ക മുഴുവൻ പ്രഹരത്താലും കൂടാതെ മുഴുവൻ പ്രഹരത്തിൻെറ ഭാഗമായ ഓരോ അടിയാലും യ യെ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുക എന്ന കുററം ചെയ്തിട്ടുണ്ടാവാം. ഓരോ അടിക്കും ക ശിക്ഷാർഹനാകുമെങ്കിൽ ഓരോ അടിക്കും ഒരു വർഷം എന്ന കണക്കിന് അമ്പത് വർഷം അയാളെ തടവിൽ വയ്ക്കാവുന്നതാണ്. എന്നാൽ മുഴുവൻ പ്രഹരത്തിനും ഒരു ശിക്ഷയ്ക്കേ അയാൾ അർഹനാകുന്നുള്ളു.

(ഖ) എന്നാൽ ക യ യെ പ്രഹരിക്കവെ മ ഇടപെടുകയും ക ഉദ്ദേശപൂർവ്വം മ യെ അടിക്കുകയും ചെയ്യുന്നുവെങ്കിൽ, ഇവിടെ മ യ്ക്കു കൊടുത്ത അടി ക, യ യെ സ്വേച്ഛയാ ദേഹോപദ്രവമേല്പിക്കുക എന്ന കൃത്യത്തിൻെറ ഭാഗമല്ലാത്തതിനാൽ, യ യെ സ്വേച്ഛയാ ദേഹോപദ്രവമേല്പിച്ചതിന് ഒരു ശിക്ഷയ്ക്കും, മ യ്ക്ക് കൊടുത്ത അടിയ്ക്ക് മറെറാരു ശിക്ഷയ്ക്കും ക അർഹനാകുന്നതാണ്.

72. പല കുററങ്ങളിൽ ഒന്നിന് അപരാധിയായ ഒരാൾക്ക്, അവയിൽ ഏതിനാണോ അയാൾ അപരാധിയായിരിക്കുന്നു എന്നതിൽ സംശയമുണ്ടെന്ന് വിധിയിൽ പ്രസ്താവിച്ചിരിക്കുമ്പോൾ, ഉള്ള ശിക്ഷ.—വിധിയിൽ വിനിർദ്ദിഷ്ടമായ പല കുററങ്ങളിൽ ഒന്നിന് ഒരാൾ അപരാധിയാണെന്നും, എന്നാൽ ഈ കുററങ്ങളിൽ ഏതിനാണ് അയാൾ അപരാധിയായിരിക്കുന്നത് എന്നതിൽ സംശയമുണ്ടെന്നും വിധി പ്രസ്താവിച്ചിരിക്കുന്ന എല്ലാ സംഗതികളിലും, എല്ലാ കുററങ്ങൾക്കും ഒരേ ശിക്ഷതന്നെ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, അവയിൽ ഏതു കുററത്തിനാണോ ഏററവും കുറഞ്ഞ ശിക്ഷയ്ക്ക് വ്യവസ്ഥ ചെയ്തിട്ടുള്ളത്, ആ കുററത്തിന് കുററക്കാരൻ ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

73. ഏകാന്തത്തടവ്.—ഈ നിയമസംഹിതയ്ക്ക് കീഴിൽ കോടതിക്ക് ഏതെങ്കിലും ആളെ കഠിനതടവിന് ശിക്ഷിക്കുവാൻ അധികാരമുള്ള ഒരു കുററത്തിന് അയാളുടെ പേരിൽ കുററം സ്ഥാപിക്കപ്പെടുമ്പോഴെല്ലാം, കോടതിക്ക് അതിൻെറ ശിക്ഷാവിധിയാൽ, അയാൾക്ക് ശിക്ഷയായി വിധിച്ചിട്ടുള്ള തടവിൻെറ ഏതെങ്കിലും ഭാഗമോ ഭാഗങ്ങളോ, ആകെ മൂന്നു മാസത്തിൽ കവിയാതെ താഴെ പറയുന്ന തോതിൽ, അതായത്.—

തടവിൻെറ കാലാവധി ആറു മാസത്തിൽ കവിയുന്നില്ലെങ്കിൽ, ഒരു മാസത്തിൽ കവിയാത്ത കാലത്തേക്കും,

തടവിൻെറ കാലാവധി ആറു മാസത്തിൽ കവിയുകയും ഒരു വർഷത്തിൽ കവിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, രണ്ടു മാസത്തിൽ കവിയാത്ത കാലത്തേക്കും;

തടവിൻെറ കാലാവധി ഒരു വർഷത്തിൽ കവിയുന്നുവെങ്കിൽ, മൂന്നു മാസത്തിൽ കവിയാത്ത കാലത്തേക്കും;

ആ കുററക്കാരനെ ഏകാന്തത്തടവിൽ വയ്ക്കണമെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്.

74. ഏകാന്തത്തടവിന്റെ പരിധി.—ഏകാന്തത്തടവിനുള്ള ശിക്ഷാവിധി നടപ്പിലാക്കുമ്പോൾ, അങ്ങനെയുള്ള തടവ് യാതൊരു സംഗതിയിലും ഒരിക്കൽ പതിന്നാലു ദിവസത്തിൽ കവിയാതിരിക്കുകയും, ഏകാന്തത്തടവിന്റെ കാലാവധികൾക്കിടയിൽ അങ്ങനെയുള്ള കാലാവധികളിൽ കുറയാത്ത ഇടവേളകൾ ഉണ്ടായിരിക്കുകയും ചെയ്യേണ്ടതും: കൂടാതെ ശിക്ഷയായി നല്കപ്പെട്ടിട്ടുള്ള തടവ് മൂന്നു മാസത്തിൽ കവിയുമ്പോൾ ആ മുഴുവൻ തടവിൽ ഏകാന്തത്തടവ് ഒരു മാസത്തിലും ഏഴു ദിവസത്തിൽ കവിയാതിരിക്കുകയും ഏകാന്തത്തടവിന്റെ കാലാവധികൾക്കിടയിൽ അങ്ങനെയുള്ള കാലാവധികളിൽ കുറയാത്ത ഇടവേളകൾ ഉണ്ടായിരിക്കുകയും ചെയ്യേണ്ടതും ആകുന്നു.

75. XII-ാം അദ്ധ്യായത്തിന്റേയോ XVI-ാം അദ്ധ്യായത്തിന്റേയോ കീഴിലുള്ള ചില കുററങ്ങൾക്ക് മുൻകുററ സ്ഥാപനത്തിന് ശേഷം വർദ്ധിപ്പിച്ച ശിക്ഷ.—ഏതൊരാൾ, ഈ നിയമസംഹിതയിലെ XII-ാം അദ്ധ്യായത്തിന്റേയോ XVII-ാം അദ്ധ്യായത്തിന്റേയോ കീഴിൽ മൂന്നുവർഷത്തേക്കോ അതിൽ കൂടിയ കാലത്തേക്കോ രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവു നല്കി ശിക്ഷിക്കാവുന്ന ഒരു കുററത്തിന് ഇൻഡ്യയിൽ ഒരു കോടതിയിൽ കുററസ്ഥാപനം ചെയ്യപ്പെട്ടതിന് ശേഷം,

ആ രണ്ടു അദ്ധ്യായങ്ങളിൽ ഏതിന്റേയെങ്കിലും കീഴിൽ അതുപോലെയുള്ള കാലത്തേക്ക് അതുപോലെയുള്ള തടവ് നല്കി ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററത്തിന് അപരാധിയാകുന്നുവോ അയാൾ അങ്ങനെ പിന്നീട് ചെയ്യുന്ന ഏതൊരു കുററത്തിനും ജീവപര്യന്തത്തടവിനോ പത്തു വർഷത്തോളമാകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവിനോ വിധേയനാകുന്നതാണ്.

## അദ്ധ്യായം IV

# സാമാന്യമായ അപവാദങ്ങൾ

76. നിയമത്താൽ ചെയ്യുവാൻ ബാദ്ധ്യസ്ഥനോ, അല്ലെങ്കിൽ വസ്തുതയെക്കുറിച്ചുള്ള തെററുമൂലം ചെയ്യുവാൻ നിയമത്താൽ താൻ ബാദ്ധ്യസ്ഥനാണെന്ന് വിശ്വസിക്കുന്നവനോ ആയ ഒരാൾ ചെയ്യുന്ന കൃത്യം.—ഒരാൾ ഏതൊന്നുചെയ്യുന്നതിനാണോ നിയമത്താൽ ബാദ്ധ്യസ്ഥനാകുകയോ അല്ലെങ്കിൽ നിയമത്തെക്കുറിച്ചല്ലാതെ വസ്തുതയെക്കുറിച്ചുള്ള തെററുമൂലം ചെയ്യുവാൻ നിയമത്താൽ താൻ ബാദ്ധ്യസ്ഥനാണെന്ന് ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കുകയോ ചെയ്യുന്നത്, അങ്ങനെ അയാൾ ചെയ്യുന്ന യാതൊന്നും കുററമാകുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു സൈനികനായ ക തന്റെ മേലുദ്യോഗസ്ഥന്റെ ഉത്തരവു പ്രകാരം നിയമശാസനങ്ങൾക്ക് അനുസൃതമായി ഒരു ആൾക്കൂട്ടത്തിന്റെ നേരെ വെടിവയ്ക്കുന്നു. ക യാതൊരു കുററവും ചെയ്തിട്ടില്ല.

(ഖ) ഒരു നീതിന്യായക്കോടതിയിലെ ഉദ്യോഗസ്ഥനായ ക, മ യെ അറസ്ററ് ചെയ്യണമെന്ന് ആ കോടതിയാൽ ആജ്ഞാപിക്കപ്പെട്ടിട്ട്, മുറപ്രകാരം ഉള്ള അന്വേഷണത്തിനുശേഷം യ യെ മ ആണെന്ന് വിശ്വസിച്ച് അറസ്ററ് ചെയ്യുന്നു. ക യാതൊരു കുററവും ചെയ്തിട്ടില്ല.

77. ജുഡീഷ്യലായി പ്രവർത്തിക്കുമ്പോൾ ജഡ്ജിയുടെ കൃത്യം.—ഒരു ജഡ്ജി നിയമത്താൽ തനിക്ക് ദത്തമായിട്ടുള്ളതോ നിയമത്താൽ തനിക്ക് ദത്തമാണെന്ന് ഉത്തമവിശ്വാസപൂർവ്വം താൻ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും അധികാരത്തിന്റെ പ്രയോഗത്തിൽ ജുഡീഷ്യലായി പ്രവർത്തിക്കുമ്പോൾ ചെയ്യുന്ന യാതൊന്നും കുററമാകുന്നതല്ല.

78. കോടതിയുടെ വിധിന്യായമോ ഉത്തരവോ അനുസരിച്ചു ചെയ്യുന്ന കൃത്യം.—ഒരു നീതിന്യായക്കോടതിയുടെ വിധി ന്യായമോ ഉത്തരവോ അനുസരിച്ചു ചെയ്യുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള വിധിന്യായത്താലോ ഉത്തരവിനാലോ നീതികരിക്കപ്പെടുന്നതോ ആയ യാതൊന്നും, അത് ആ വിധിന്യായമോ ഉത്തരവോ പ്രാബല്യത്തിൽ ഇരിക്കുമ്പോൾ ചെയ്തിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ പാസ്സാക്കുവാൻ കോടതിക്ക് അധികാരിത ഉണ്ടായിരുന്നില്ലെങ്കിൽത്തന്നെയും, കൃത്യം ചെയ്യുന്ന ആൾ കോടതിക്ക് അങ്ങനെയുള്ള അധികാരിത ഉണ്ടായിരുന്നുവെന്ന് ഉത്തമ വിശ്വാസപൂർവ്വം വിശ്വസിക്കുന്നപക്ഷം, കുററമാകുന്നതല്ല.

79. ഏതൊരാൾ ചെയ്യുന്നതാണോ നിയമത്താൽ ന്യായീകരിക്കപ്പെടുകയോ, വസ്തുതയെക്കുറിച്ചുള്ള തെററുമൂലം ന്യായീകരിക്കപ്പെട്ടതാണെന്ന് അയാൾ വിശ്വസിക്കുകയോ, ചെയ്യുന്നത് അങ്ങനെയുള്ള ആൾ ചെയ്യുന്ന കൃത്യം.—ഒരാൾ ഏതൊന്ന് ചെയ്യുന്നതാണോ നിയമത്താൽ ന്യായീകരിക്കപ്പെടുന്നത്, അല്ലെങ്കിൽ നിയമത്താൽ ന്യായീകരിക്കപ്പെടുന്നതാണെന്ന് നിയമത്തെക്കുറിച്ചല്ലാതെ വസ്തുതയെക്കുറിച്ചുള്ള തെററുമൂലം അയാൾ ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കുന്നത്, അങ്ങനെയുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആൾ ചെയ്യുന്നത് കുററമാകുന്നതല്ല.

## ദൃഷ്ടാന്തം

കൊലപാതകമാണെന്ന് ക യ്ക്ക് തോന്നുന്ന ഒരു കൃത്യം യ ചെയ്യുന്നത് ക കാണുന്നു. ക, കൊലപാതകികളെ ആ കൃത്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ പിടിക്കുന്നതിന് എല്ലാ ആളുകൾക്കും നിയമം നല്കുന്ന അധികാരം, ഉത്തമ വിശ്വാസപൂർവ്വം പ്രയുക്തമായ തന്റെ നിർണ്ണയശക്തിയുടെ പരമാവധിക്ക് ഒത്തവണ്ണം, പ്രയോഗിച്ചു യ യെ തക്ക അധികാരികളുടെ മുമ്പിൽ ഹാജരാക്കുന്നതിനുവേണ്ടി അഭിഗ്രഹിക്കുന്നു. യ ആത്മരക്ഷയ്ക്ക്വേണ്ടി പ്രവർത്തിക്കുകയായിരുന്നുവെന്ന് വരാമെങ്കിലും ക യാതൊരു കുററവും ചെയ്തിട്ടില്ല.

80. നിയമാനുസൃതമായ ഒരു കൃത്യം ചെയ്യവേയുള്ള യദൃച്ഛാസംഭവം.—നിയമാനുസൃതമായ ഒരു കൃത്യം നിയമാനുസൃതമായ രീതിയിലും നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെയും വേണ്ടത്ര അവധാനത്തോടും കരുതലോടും കൂടിയും ചെയ്യവേ യാദൃച്ഛികമായോ ദൗർഭാഗ്യത്താലോ, കുററകരമായ യാതൊരു ഉദ്ദേശമോ അറിവോ കൂടാതെ, ചെയ്യപ്പെടുന്ന യാതൊന്നും കുററമാകുന്നതല്ല.

## ദൃഷ്ടാന്തം

ക ഒരു കൈക്കോടാലികൊണ്ട് ജോലി ചെയ്യുകയാകുന്നു; അതിന്റെ തല ഊരിത്തെറിച്ച് അടുത്തുനില്ക്കുന്ന ഒരാളെ കൊല്ലുന്നു. ഇവിടെ ക യുടെ ഭാഗത്ത് തക്ക കരുതലിന്റെ അഭാവം ഇല്ലായിരുന്നുവെങ്കിൽ അയാളുടെ കൃത്യം ക്ഷന്തവ്യവും കുററമല്ലാത്തതുമാകുന്നു.

81. ഹാനി ഉളവാക്കുവാൻ ഇടയുള്ളതും എന്നാൽ കുററകരമായ ഉദ്ദേശം കൂടാതെ മററു ഹാനിതടയുവാൻ വേണ്ടി ചെയ്യുന്നതുമായ കൃത്യം.—ഹാനിയുളവാക്കുവാൻ ഇടയുള്ളതാണെന്നുള്ള അറിവോടുകൂടി ചെയ്യുന്നതുകൊണ്ടു മാത്രം യാതൊന്നും അത്, ഹാനിഉളവാക്കണമെന്നുള്ള കുററകരമായ യാതൊരു ഉദ്ദേശവും കൂടാതെയും ഉത്തമവിശ്വാസപൂർവ്വം ആളാക്കോ വസ്തുവിനോ ഉള്ള മററു ഹാനി തടയുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനുവേണ്ടിയും ചെയ്യുന്നതാണെങ്കിൽ, കുററമാകുന്നതല്ല.

വിശദീകരണം.—അങ്ങനെയുള്ള സംഗതിയിൽ, തടയുവാനുള്ളതോ ഒഴിവാക്കുവാനുള്ളതോ ആയ ഹാനി, ആ കൃത്യം ഹാനി ഉളവാക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടി അപായസാദ്ധ്യത നേരിട്ടുകൊണ്ടു ചെയ്യുന്നതു ന്യായീകരിക്കുകയോ ക്ഷന്തവ്യമാക്കുകയോ ചെയ്യത്തക്ക സ്വഭാവത്തോടുകൂടിയതും അത്രയ്ക്ക് ആസന്നവും ആയിരുന്നുവോ എന്നുള്ളത് ഒരു വസ്തുതാ പ്രശ്നം ആകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു ആവിക്കപ്പലിന്റെ കപ്പിത്താനായ ക പെട്ടെന്നും തന്റെ ഭാഗത്ത് യാതൊരു വിഴ്ചയോ ഉപേക്ഷയോ കൂടാതേയും, തന്റെ കപ്പലിന്റെ ഗതി മാററാത്തപക്ഷം അത് നിറുത്തുവാൻ അയാൾക്ക് സാധിക്കുന്നതിനു മുമ്പ് ഇരുപതോ മുപ്പതോ യാത്രക്കാരുള്ള ഖ എന്ന ബോട്ട് അനിവാര്യമായും ഇടിച്ചുമുക്കുമെന്നും, തന്റെ ഗതി മാററുന്നതുകൊണ്ട് രണ്ടു യാത്രക്കാർ മാത്രമുള്ള ഗ എന്ന ബോട്ട് ഇടിച്ചുമുക്കുമെന്ന അപായ സാദ്ധ്യത നേരിടേണ്ടി വരുമെന്നും ആ അപായം ഒഴിവാക്കുവാൻ അയാൾക്ക് സാധിച്ചേക്കാമെന്നും ഉള്ള ഒരു നിലയിലാണ് താനെന്നു കാണുന്നു. ഇവിടെ ക, ഗ എന്ന ബോട്ടിനെ ഇടിച്ചുമുക്കണമെന്നുള്ള യാതൊരു ഉദ്ദേശവും കൂടാതെയും ഉത്തമവിശ്വാസപൂർവ്വം ഖ എന്ന ബോട്ടിലെ യാത്രക്കാർക്ക് അപായം ഒഴിവാക്കുവാൻവേണ്ടിയും തന്റെ ഗതി ഭേദപ്പെടുത്തുകയാണെങ്കിൽ, അയാൾ ഒഴിവാക്കണമെന്ന് ഉദ്ദേശിച്ച അപായം ഗ എന്ന ബോട്ട് ഇടിച്ചുമുക്കുക എന്ന അപായ സാദ്ധ്യത അയാൾ നേരിട്ടത് കഷ്ന്തവ്യമാക്കുന്ന വിധത്തിലുള്ളതായിരുന്നു എന്ന് വസ്തുതാപരമായി കാണപ്പെട്ടാൽ, തന്റെ കൃത്യം ഗ എന്ന ബോട്ടിനെ ഇടിച്ചുമുക്കുകയെന്ന ഫലം ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള കൃത്യത്താൽ ആ ബോട്ട് ഇടിച്ചുമുക്കി എന്നിരുന്നാലും അയാൾ ഒരു കുററത്തിന് അപരാധിയാകുന്നതല്ല.

(ഖ) ക, ഒരു വലിയ അഗ്നിബാധയിൽ തീ പടർന്നുപിടിക്കുന്നത് തടയുവാൻ വീടുകൾ പൊളിച്ചിടുന്നു. മനുഷ്യജീവനോ വസ്തുവോ രക്ഷിക്കണമെന്നുള്ള ഉത്തമവിശ്വാസപൂർവ്വകമായ ഉദ്ദേശത്തോടുകൂടിയാണ് അയാൾ അത് ചെയ്യുന്നത്. ഇവിടെ തടയപ്പെടുവാനുള്ള ഹാനിയുടെ കൃത്യം ക്ഷന്തവ്യമാക്കത്തക്ക സ്വഭാവത്തോടുകൂടിയതും അത്രയ്ക്ക് ആസന്നവുമായിരുന്നുവെന്ന് കാണപ്പെട്ടാൽ ക കുററത്തിന് അപരാധിയാകുന്നതല്ല.

82. ഏഴു വയസ്സിനു താഴെ പ്രായമുള്ള കുട്ടിയുടെ കൃത്യം.—ഏഴു വയസ്സിനു താഴെ പ്രായമുള്ള ഒരു കുട്ടി ചെയ്യുന്ന യാതൊന്നും കുററമാകുന്നതല്ല.

83. **അപക്വമായ ധാരണാശക്തിയും ഏഴു വയസ്സിനു മുകളിൽ പന്ത്രണ്ടുവയസ്സിനു താഴെ പ്രായവുമുള്ള കുട്ടിയുടെ കൃത്യം.**—ഏഴു വയസ്സിനു മുകളിൽ പന്ത്രണ്ടുവയസ്സിനു താഴെ പ്രായമുള്ളതും കൃത്യം ചെയ്യുന്ന അവസരത്തിലെ തന്റെ നടപടിയുടെ സ്വഭാവവും അനന്തരഫലങ്ങളും നിർണ്ണയിക്കുവാൻ ധാരണാ ശക്തിക്ക് വേണ്ടത്ര പക്വത വന്നിട്ടില്ലാത്തതുമായ ഒരു കുട്ടി ചെയ്യുന്ന യാതൊന്നും കുററമാകുന്നതല്ല.

84. **ചിത്തഭ്രമമുള്ള ഒരാളുടെ കൃത്യം.**—ഒരു കൃത്യം ചെയ്യുന്നസമയത്ത് ചിത്തഭ്രമം കാരണമായി ആ കൃത്യത്തിന്റെ സ്വഭാവമോ താൻ തെററായതോ അല്ലെങ്കിൽ നിയമത്തിനു വിപരീതമായതോ ആണ് ചെയ്യുന്നതെന്നുള്ളതോ അറിയുവാൻ കഴിവില്ലാത്ത ഒരാൾ ചെയ്യുന്ന യാതൊന്നും കുററമാകുന്നതല്ല.

85. **തന്റെ ഇച്ഛയ്ക്കെതിരായി ലഹരി പിടിപ്പിക്കപ്പെട്ടത് കാരണമായി നിർണ്ണയശക്തി ഉപയോഗിക്കുവാൻ കഴിവില്ലാത്ത ഒരാളുടെ കൃത്യം.**—ഒരു കൃത്യം ചെയ്യുന്ന സമയത്ത് ലഹരി കാരണമായി ആ കൃത്യത്തിന്റെ സ്വഭാവമോ താൻ തെററായതോ അല്ലെങ്കിൽ നിയമത്തിന് വിപരീതമായതോ ആണ് ചെയ്യുന്നതെന്നുള്ളതോ അറിയുവാൻ കഴിവില്ലാത്ത ഒരാൾ ചെയ്യുന്ന യാതൊന്നും കുററമാകുന്നതല്ല: എന്നാൽ, അതിന് അയാളെ ലഹരി പിടിപ്പിച്ച സാധനം അയാൾക്ക് തന്റെ അറിവുകൂടാതേയോ ഇച്ഛയ്ക്കെതിരായോ കൊടുത്തതായിരിക്കണം.

86. **പ്രത്യേകമായ ഒരു ഉദ്ദേശമോ അറിവോ വേണ്ട കുററം ലഹരി പിടിച്ച ഒരാൾ ചെയ്യുന്നത്**—ഒരു കൃത്യം പ്രത്യേകമായ ഒരു അറിവോടോ ഉദ്ദേശത്തോടോകൂടി ചെയ്യാത്തപക്ഷം കുററമാകാത്ത സംഗതികളിൽ, ലഹരിപിടിച്ച അവസ്ഥയിൽ ആ കൃത്യം ചെയ്യുന്ന ആളെ സംബന്ധിച്ച്, അയാളെ ലഹരിപിടിപ്പിച്ച സാധനം അയാൾക്ക് അയാളുടെ അറിവുകൂടാതേയോ ഇച്ഛയ്ക്കെതിരായോ കൊടുത്തതല്ലാത്തപക്ഷം, അയാൾക്ക് ലഹരിപിടിച്ചിരുന്നില്ലെങ്കിൽ ഉണ്ടായിരിക്കുമായിരുന്ന അറിവ് തന്നെ അയാൾക്ക് ഉണ്ടായിരുന്നെങ്കിൽ എന്നപോലെ, നടപടി എടുക്കേണ്ടതാകുന്നു.

87. **മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യണമെന്ന് ഉദ്ദേശിക്കാത്തതും മരണം സംഭവിപ്പിക്കുവാനോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുവാനോ ഇടയുണ്ടെന്നോ അറിയാത്തതുമായ കൃത്യം സമ്മതത്തോടെ ചെയ്യുന്നത്.**—മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യണമെന്ന് ഉദ്ദേശിക്കാത്തതും, മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് കൃത്യം ചെയ്യുന്ന ആൾ അറിയാത്തതുമായ യാതൊന്നും, അത് ഏതെങ്കിലും ഹാനി സഹിക്കുവാൻ പ്രകടമോ വിവക്ഷിതമോ ആയ സമ്മതം നല്കിയിട്ടുള്ളവനും പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ളവനുമായ ഏതെങ്കിലും ആൾക്ക് ഉളവാക്കാവുന്നതോ ഉളവാക്കുവാൻ കൃത്യം ചെയ്യുന്ന ആൾ ഉദ്ദേശിക്കുന്നതോ ആയ ആ ഹാനി കാരണമായോ അല്ലെങ്കിൽ ഏതെങ്കിലും ഹാനിയ്ക്കുള്ള സാദ്ധ്യത നേരിടുന്നതിന് സമ്മതിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക് ഉളവാക്കുവാൻ ഇടയുണ്ടെന്ന് കൃത്യം ചെയ്യുന്ന ആൾക്ക് അറിയാവുന്ന ആ ഹാനി കാരണമായോ, ഒരു കുററമാകുന്നതല്ല.

### ദൃഷ്ടാന്തം.

ക യും യ യും വിനോദത്തിനായി, അവർ തമ്മിൽ വാാംപയററ് നടത്താമെന്ന് സമ്മതിക്കുന്നു. അങ്ങനെ പയററുന്നതിനിടയിൽ ചതിപ്രയോഗം കൂടാതെ ഉണ്ടാകാവുന്ന ഏതെങ്കിലും ഹാനി സഹിക്കാമെന്ന് ഓരോരുത്തനും സമ്മതിക്കുന്നു എന്നത് ഈ ഉഭയസമ്മതത്തിൽ വിവക്ഷിതമാകുന്നു. ക യ യെ ദേഹോപദ്രവം ഏല്പിക്കുകയാണെങ്കിൽ ക യാതൊരു കുററവും ചെയ്യുന്നില്ല.

88. മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാത്തതും ഒരാളുടെ ഗുണത്തിനായി സമ്മതത്തോടെ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതുമായ കൃത്യം.—മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാത്ത യാതൊന്നും, അത് ഏതൊരാളുടെ ഗുണത്തിനുവേണ്ടി ഉത്തമവിശ്വാസപൂർവ്വം ചെയ്യപ്പെടുകയും അയാളുടെ പ്രകടമോ വിവക്ഷിതമോ ആയ സമ്മതം ഏതെങ്കിലും ഹാനി സഹിക്കുവാനോ ആ ഹാനിയ്ക്കുള്ള സാദ്ധ്യത നേരിടുന്നതിനോ നല്കപ്പെടുകയും ചെയ്തിട്ടുണ്ടോ, അങ്ങനെയുള്ള ഏതെങ്കിലും ആംക്ക് ഉളവാക്കാവുന്നതോ ഉളവാക്കുവാൻ കൃത്യം ചെയ്യുന്ന ആം ഉദ്ദേശിക്കുന്നതോ, ഉളവാക്കുവാൻ ഇടയുണ്ടെന്ന് കൃത്യം ചെയ്യുന്ന ആം അറിയുന്നതോ ആയ ആ ഹാനി കാരണമായി, ഒരു കുററമാകുന്നതല്ല.

### ദൃഷ്ടാന്തം.

ക എന്ന സർജൻ, ഒരു പ്രത്യേക ശസ്ത്രക്രീയ, വേദനയുണ്ടാക്കുന്ന ഒരു സുഖക്കേടു ബാധിച്ച യ യുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടും എന്നാൽ യ യുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാതേയും യ യുടെ ഗുണം ഉത്തമവിശ്വാസപൂർവ്വം ഉദ്ദേശിച്ചുകൊണ്ടും, യ യുടെ മേൽ യ യുടെ സമ്മതത്തോടെ ആ ശസ്ത്രക്രിയ നടത്തുന്നു. ക യാതൊരു കുററവും ചെയ്തിട്ടില്ല.

89. കുട്ടിയുടേയോ ചിത്തഭ്രമമുള്ള ആളുടേയോ ഗുണത്തിനുവേണ്ടി രക്ഷാകർത്താവിനാലോ അദ്ദേഹത്തിൻെറ സമ്മതത്തോടുകൂടിയോ ഉത്തമവിശ്വാസപൂർവ്വം ചെയ്യപ്പെടുന്ന കൃത്യം.—പന്ത്രണ്ടു വയസ്സിനു താഴെ പ്രായമുള്ളവനോ ചിത്തഭ്രമമുള്ളവനോ ആയ ഒരാളുടെ ഗുണത്തിനുവേണ്ടി, ആ ആളുടെ രക്ഷാകർത്താവിനാലോ നിയമാനുസൃത രക്ഷണത്തിൻെറ ചുമതല വഹിക്കുന്ന മററ് ആളാലോ അല്ലെങ്കിൽ രക്ഷാകർത്താവിൻെറയോ ആ മററാളുടേയോ പ്രകടമോ വിവക്ഷിതമോ ആയ സമ്മതത്തോടുകൂടിയോ ഉത്തമവിശ്വാസപൂർവ്വം ചെയ്യപ്പെടുന്ന യാതൊന്നും അയാംക്ക് ഉളവാക്കാവുന്നതോ, ഉളവാക്കണമെന്ന് കൃത്യം ചെയ്യുന്ന ആം ഉദ്ദേശിക്കുന്നതോ, ഉളവാക്കുവാൻ ഇടയുണ്ടെന്ന് കൃത്യം ചെയ്യുന്ന ആം അറിയുന്നതോ ആയ ഏതെങ്കിലും ഹാനി കാരണമായി, കുററമാകുന്നതല്ല: എന്നാൽ—

പരിമിതി വ്യവസ്ഥകം.—ഒന്നാമത്,—ഉദ്ദേശപൂർവ്വം മരണം സംഭവിപ്പിക്കുകയോ മരണം സംഭവിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുന്നതല്ല ;

രണ്ടാമത്.—താൻ ചെയ്യുന്നത് മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്ന് അത് ചെയ്യുന്ന ആം അറിയുന്ന ഏതെങ്കിലും കൃത്യം മരണമോ കഠിനമായ ദേഹോപദ്രവമോ തടയുകയോ ചെയ്യുന്നതല്ലാതെയുള്ള ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ചെയ്യുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുന്നതല്ല,

മൂന്നാമത്.—മരണമോ, കഠിനമായ ദേഹോപദ്രവമോ തടയുകയോ ഏതെങ്കിലും കഠിനമായ രോഗമോ ദൗർബല്യമോ ശമിപ്പിക്കുകയോ ചെയ്യുന്നതിനു വേണ്ടിയല്ലാത്തപക്ഷം കഠിനമായ ദേഹോപദ്രവം സ്വേച്ഛയാ ഏല്പിക്കുകയോ, കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുന്നതല്ല.

നാലാമത്.—ഏതു കുററം ചെയ്യുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുകയില്ലയോ, അങ്ങനെയുള്ള യാതൊരു കുററത്തിനും പ്രേരണ നല്കുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുന്നതല്ല.

### ദൃഷ്ടാന്തം

ക ഉത്തമവിശ്വാസപൂർവ്വം തന്റെ കുട്ടിയുടെ ഗുണത്തിനായി കുട്ടിയുടെ സമ്മതം കൂടാതെ കുട്ടിക്ക് കല്ലടപ്പിനുള്ള ശസ്ത്രക്രിയ, അത് കുട്ടിയുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്ന് അറിഞ്ഞുകൊണ്ടും എന്നാൽ കുട്ടിയുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിക്കാതേയും, ഒരു സർജ്ജനെകൊണ്ട് ചെയ്യിക്കുന്നു. ക യുടെ ഉദ്ദേശ്യം കുട്ടിയുടെ രോഗശമനം ആയിരുന്നതുകൊണ്ട് ക ഈ അപവാദത്തിൽപ്പെടുന്നു.

90. <u>ഭയത്താലോ മിത്ഥ്യാബോധത്താലോ നല്കിയതായി അറിയപ്പെടുന്ന സമ്മതം.</u>—ക്ഷതിയുണ്ടാകുമെന്ന ഭയത്താലോ വസ്തുതയേക്കുറിച്ചുള്ള മിത്ഥ്യാബോധത്താലോ ഒരാൾ സമ്മതം നല്കുകയും, അങ്ങനെയുള്ള ഭയത്തിന്റേയോ മിത്ഥ്യാബോധത്തിന്റേയോ അനന്തരഫലമായിട്ടാണ് ആ സമ്മതം നല്കിയതെന്ന് കൃത്യം ചെയ്യുന്ന ആൾ അറിയുകയോ അയാൾക്ക് വിശ്വസിക്കുവാനുള്ള കാരണം ഉണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യുകയാണെങ്കിലോ ;

<u>ചിത്തഭ്രമമുള്ള ആളുടെ സമ്മതം.</u> :—ചിത്തഭ്രമത്താലോ, ലഹരിയാലോ താൻ സമ്മതം നല്കുന്നത് ഏതിനാണോ അതിന്റെ സ്വഭാവവും അനന്തരഫലവും മനസ്സിലാക്കുവാൻ കഴിവില്ലാത്ത ഒരാളാണ് സമ്മതം നല്കുന്നതെങ്കിലോ ,

അങ്ങനെയുള്ള സമ്മതം ഈ നിയമ സംഹിതയിലെ യാതൊരു വകുപ്പുകൊണ്ടും ഉദ്ദേശിച്ച തരത്തിലുള്ള സമ്മതമല്ല.

91. <u>ഉളവാക്കുന്ന ഹാനിയെ ആശ്രയിക്കാതെതന്നെ കുററമാകുന്ന കൃത്യങ്ങൾ ഒഴിച്ചുനിറുത്തൽ.</u> —87-ം 88-ം 89-ം വകുപ്പുകളിലെ അപവാദങ്ങൾ, ഏതു കൃത്യങ്ങളാണ് സമ്മതം നല്കുന്ന ആൾക്കോ അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ സമ്മതം നല്കുന്നത് ആ ആൾക്കോ ഉളവാക്കുന്നതോ ഉളവാക്കണമെന്ന് ഉദ്ദേശിക്കപ്പെടുന്നതോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിയപ്പെടുന്നതോ ആയ ഏതെങ്കിലും ഹാനിയെ ആശ്രയിക്കാതെ തന്നെ കുററമാകുന്നത്, ആ കൃത്യങ്ങളിലേക്ക് വ്യാപിക്കുന്നതല്ല.

### ദൃഷ്ടാന്തം

ഗർഭം അലസിക്കുന്നത് (സ്ത്രീയുടെ ജീവൻ രക്ഷിക്കുന്നതിന് വേണ്ടി ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതല്ലാത്ത പക്ഷം) അത് സ്ത്രീക്ക് ഉളവാക്കാവുന്നതോ ഉളവാക്കണമെന്ന് ഉദ്ദേശിക്കപ്പെടുന്നതോ ആയ ഏതെങ്കിലും ഹാനിയെ ആശ്രയിക്കാതെതന്നെ ഒരു കുററം ആകുന്നു. അതുകൊണ്ട് അങ്ങനെയുള്ള "ഹാനി കാരണമായി'' ട്ടല്ല അത് കുററമാകുന്നത്. അങ്ങനെ ഗർഭം അലസിക്കുന്നതിന് സ്ത്രീയോ അവളുടെ രക്ഷാകർത്താവോ നല്കുന്ന സമ്മതം ആ കൃത്യത്തെ ന്യായീകരിക്കുന്നതുമല്ല.

92. ഒരാളുടെ ഗുണത്തിനായി സമ്മതം കൂടാതെ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യം.—യാതൊന്നും, അത് ഏതൊരാളുടെ ഗുണത്തിനുവേണ്ടിയാണോ അയാളുടെ സമ്മതം കൂടാതെതന്നെ ഉത്തമ വിശ്വാസപൂർവ്വം ചെയ്യുന്നത്, ആ ആരംക്ക് അത് ഉളവാക്കാവുന്ന ഹാനി കാരണമായി, പരിതഃസ്ഥിതികൾ അയാൾക്ക് തന്റെ സമ്മതം പ്രകടിപ്പിക്കുവാൻ അസാദ്ധ്യമായ വിധത്തിൽ ഉള്ളവയാണെങ്കിലോ, സമ്മതം നല്കുവാൻ അയാൾ കഴിവില്ലാത്തവനായിരിക്കുകയും, കാര്യം ഗുണകരമായി ചെയ്യുവാൻവേണ്ടി തക്കസമയത്ത് സമ്മതം വാങ്ങുവാൻ സാധിക്കത്തക്കവണ്ണമുള്ള ഒരു രക്ഷാകർത്താവോ നിയമാനുസൃത രക്ഷണത്തിന്റെ ചുമതല വഹിക്കുന്ന മററ് ആളോ അയാൾക്ക് ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിലോ, കുററമാകുന്നതല്ല: എന്നാൽ—

പരിമിതി വ്യവസ്ഥകൾ.—

ഒന്നാമത്.—മനഃപൂർവ്വം മരണം സംഭവിപ്പിക്കുകയോ മരണം സംഭവിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുന്നതല്ല;

രണ്ടാമത്.—താൻ ചെയ്യുന്നത് മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്ന്, അത് ചെയ്യുന്ന ആൾ അറിയുന്ന ഏതെങ്കിലും കൃത്യം മരണമോ കഠിനമായ ദേഹോപദ്രവമോ തടയുകയോ ഏതെങ്കിലും കഠിനമായ രോഗമോ ദൗർബല്യമോ ശമിപ്പിക്കുകയോ ചെയ്യുന്നതല്ലാതെയുള്ള ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ചെയ്യുന്ന യാതൊന്നിലേക്കും ഈ അപവാദം വ്യാപിക്കുന്നതല്ല;

മൂന്നാമത്.—മരണമോ ദേഹോപദ്രവമോ തടയുന്നതല്ലാതെയുള്ള ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ദേഹോപദ്രവം സ്വേച്ഛയാ ഏല്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുന്നതല്ല;

നാലാമത്.—ഏതു കുററം ചെയ്യുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുകയില്ലയോ, അങ്ങനെയുള്ള യാതൊരു കുററത്തിനും പ്രേരണ നല്കുന്നതിലേക്ക് ഈ അപവാദം വ്യാപിക്കുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

(ക) യ അയാളുടെ കുതിരപ്പുറത്തുനിന്ന് തെറിച്ചുവീഴുകയും അയാൾക്ക് ബോധക്ഷയം ഉണ്ടാവുകയും ചെയ്യുന്നു. ക എന്ന സർജ്ജൻ യ യ്ക്ക് കപാല ശസ്ത്രക്രിയ നടത്തുന്നത് ആവശ്യമാണെന്നുകാണുന്നു. യ യുടെ മരണം ഉദ്ദേശിക്കാതേയും എന്നാൽ ഉത്തമ വിശ്വാസപൂർവ്വം യ യുടെ ഗുണത്തിനുവേണ്ടിയും യ സ്വയംനിർണ്ണയിക്കുവാനുള്ള ശക്തി വീണ്ടെടുക്കുന്നതിനു മുമ്പ് ക, ആ കപാല ശസ്ത്രക്രിയ നടത്തുന്നു. ക, യാതൊരു കുററവും ചെയ്തിട്ടില്ല.

(ഖ) യ യെ ഒരു കടുവ എടുത്തുകൊണ്ടുപോകുന്നു. വെടികൊണ്ട് യ മരിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട്, എന്നാൽ യ യെ കൊല്ലണമെന്ന ഉദ്ദേശ്യം ഇല്ലാതെയും ഉത്തമ വിശ്വാസപൂർവ്വം യ യുടെ ഗുണം ഉദ്ദേശിച്ചുകൊണ്ടും ക കടുവയുടെ നേരെ വെടിവയ്ക്കുന്നു. ക യുടെ ഉണ്ട യ യ്ക്ക് മരണകരമായ മുറിവ് ഏല്പിക്കുന്നു. ക യാതൊരു കുററവും ചെയ്തിട്ടില്ല.

(ഗ) ഒരു കുട്ടിക്ക് ഉടനടി ഒരു ശസ്ത്രക്രിയ നടത്താത്ത പക്ഷം മാരകമായിത്തീരുവാൻ ഇടയുള്ള ഒരു അപകടം നേരിട്ടതായി ക എന്ന സർജ്ജൻ കാണുന്നു. കുട്ടിയുടെ രക്ഷാകർത്താവിനോട് ചോദിക്കുവാൻ സമയമില്ല. കുട്ടിയുടെ അഭ്യർത്ഥനകൾ ഉണ്ടായിരുന്നിട്ടും ഉത്തമവിശ്വാസപൂർവ്വം

കുട്ടിയുടെ ഗുണം ഉദ്ദേശിച്ചുകൊണ്ട് ക ശസ്ത്രക്രിയ നടത്തുന്നു. ക യാതൊരു കുററവും ചെയ്തിട്ടില്ല.

(ഘ) തീ പിടിച്ചു കത്തുന്ന ഒരു വീട്ടിൽ ക, യ എന്ന ഒരു കുട്ടിയുമായി നില്ക്കുന്നു. താഴെ നില്ക്കുന്ന ആളുകാം ഒരു കമ്പിളി നിവർത്തിപ്പിടിക്കുന്നു. വീഴ്ചമൂലം കുട്ടി മരിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടും എന്നാൽ കുട്ടിയെ കൊല്ലണമെന്ന് ഉദ്ദേശിക്കാതേയും ഉത്തമവിശ്വാസപൂർവ്വം കുട്ടിയുടെ ഗുണം ഉദ്ദേശിച്ചുകൊണ്ടും ക കുട്ടിയെ വീട്ടിനു മുകളിൽനിന്ന് താഴേയ്ക്ക് ഇടുന്നു. ഇവിടെ വീഴ്ചമൂലം കുട്ടി കൊല്ലപ്പെട്ടാൽ കൂടി ക യാതൊരു കുററവും ചെയ്തിട്ടില്ല.

വിശദീകരണം.—കേവലം ധനപരമായ ഗുണം 88-ം 89-ം 92-ം വകുപ്പുകളുടെ അർത്ഥത്തിൽ ഗുണമാകുന്നതല്ല.

93. <u>ഉത്തമവിശ്വാസപൂർവ്വം നല്കുന്ന അറിയിപ്പ്.</u>— ഉത്തമവിശ്വാസ പൂർവ്വം നല്കുന്ന യാതൊരു അറിയിപ്പും, അത് ആർക്കാണോ നല്കുന്നത് അയാളുടെ ഗുണത്തിനാണെങ്കിൽ അയാഠക്ക് ഉളവാകുന്ന ഏതെങ്കിലും ഹാനി കാരണം, കുററമാകുന്നതല്ല.

ദൃഷ്ടാന്തം

ക എന്ന സർജ്ജൻ ഒരു രോഗിയെ, അയാഠക്ക് ജീവിക്കുവാൻ സാധിക്കുന്ന തല്ലെന്ന തന്റെ അഭിപ്രായം ഉത്തമ വിശ്വാസപൂർവ്വം അറിയിക്കുന്നു. ഷാക്കിന്റെ അനന്തരഫലമായി രോഗി മരിക്കുന്നു. ആ അറിയിപ്പ് രോഗിയുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞിരുന്നുവെങ്കിലും ക യാതൊരു കുററവും ചെയ്തിട്ടില്ല.

94. <u>ഭീഷണികാംമൂലം ചെയ്യുവാൻ ഒരാം നിർബദ്ധനാകുന്നകൃത്യം.</u>— കൊലപാതകവും സ്റേററിനെതിരായുള്ളതും മരണശിക്ഷ നല്കാവുന്നതു മായ കുററങ്ങളും ഒഴികെയുള്ള യാതൊന്നും, അത് ചെയ്യാത്തപക്ഷം ഉടനടി യുള്ള തന്റെ മരണമായിരിക്കും അനന്തരഫലമെന്നുള്ള ആശങ്ക അതു ചെയ്യുന്ന സമയത്ത് ന്യായമായി ഉളവാക്കുന്ന ഭീഷണികളാൽ ചെയ്യുവാൻ നിർബദ്ധ നാകുന്ന ഒരാം ചെയ്യുന്നതായാൽ, കുററമാകുന്നതല്ല: എന്നാൽ അതിന് ആ കൃത്യം ചെയ്യുന്ന ആം സ്വമേധയാ, അല്ലെങ്കിൽ ഉടനടിയുള്ള മരണത്തിൽ കുറ വായ ഹാനി തനിക്ക് ഉളവാകാമെന്ന ന്യായമായ ആശങ്കയാൽ, തന്നെ അങ്ങനെ യുള്ള നിർബന്ധത്തിന് വിധേയനാക്കിയ സ്ഥിതിവിശേഷത്തിൽ സ്വയം എത്തിച്ചതായിരിക്കരുത്.

വിശദീകരണം 1.—സ്വമേധയാ അല്ലെങ്കിൽ അടിക്കപ്പെടുമെന്ന ഭീഷണി കാരണമായി കൂട്ടായ്മക്കവർച്ചക്കാരുടെ ഒരുസംഘത്തിൽ അവരുടെ സ്വഭാവം അറിഞ്ഞുകൊണ്ട് ചേരുന്ന ഒരാം, നിയമപ്രകാരം കുററ കരമായ ഏതെങ്കിലും കൃത്യം ചെയ്യുവാൻ അയാളുടെ കൂട്ടാളി കളാൽ നിർബദ്ധനായി എന്ന കാരണത്തിൻമേൽ ഈ അപവാദ ത്തിന്റെ ആനുകൂല്യത്തിന് അവകാശിയാകുന്നതല്ല.

വിശദീകരണം 2.—കൂട്ടായ്മക്കവർച്ചക്കാരുടെ ഒരു സംഘത്താൽ പിടിക്കപ്പെടു കയും ഉടനടി കൊല്ലുമെന്ന ഭീഷണിമൂലം നിയമപ്രകാരം കുററ മായ ഒരു കാര്യം ചെയ്യുവാൻ നിർബന്ധിക്കപ്പെടുകയും ചെയ്ത ഒരാം—ഉദാഹരണമായി, കവർച്ചക്കാർക്ക് ഒരു വീട്ടിനകത്തു കടന്ന് കൊള്ള ചെയ്യുവാൻവേണ്ടി ആ വീടിന്റെ വാതിൽ തന്റെ പണിയായുധങ്ങാംഎടുത്ത് കുത്തിത്തുറക്കുവാൻ നിർബദ്ധനായ ഒരുകൊല്ലൻ—ഈ അപവാദത്തിന്റെ ആനുകൂല്യത്തിന് അവകാശി യാകുന്നു.

95. തുച്ഛമായ ഹാനി ഉളവാക്കുന്ന കൃത്യം.—യാതൊന്നും, അത് ഏതെങ്കിലും ഹാനി, ഉളവാക്കുന്നുവെന്നോ ഉളവാക്കുവാൻ ഉദ്ദേശിക്കപ്പെട്ട താണെന്നോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിയപ്പെടുന്നതാണെന്നോ ഉള്ള കാരണത്താൽ ആ ഹാനി സാധാരണമായ വകതിരിവും പ്രകൃതവും ഉള്ള യാതൊരാളും അതിനെപ്പററി പരാതിപ്പെടാത്തവിധം അത്ര തുച്ഛമാണെങ്കിൽ കുററമാകുന്നതല്ല.

## സ്വരക്ഷാവകാശത്തെക്കുറിച്ച്

96. സ്വരക്ഷയ്ക്കായി ചെയ്യുന്ന കാര്യങ്ങൾ.—സ്വരക്ഷാവകാശത്തിന്റെ പ്രയോഗത്തിൽ ചെയ്യപ്പെടുന്ന യാതൊന്നും കുററമാകുന്നതല്ല.

97. ശരീരത്തേയും വസ്തുവിനേയും കുറിച്ചുള്ള സ്വരക്ഷാവകാശം.— ഏതൊരാൾക്കും—

ഒന്നാമത്.—മനുഷ്യശരീരത്തെ ബാധിക്കുന്ന ഏതെങ്കിലും കുററത്തിനെതിരായി തന്റെ ശരീരവും മററ് ഏതെങ്കിലും ആളുടെ ശരീരവും,;

രണ്ടാമത്.—മോഷണത്തിന്റേയോ കവർച്ചയുടേയോ ദ്രോഹത്തിന്റേയോ കുററകരമായ വസ്തുകൈയേററത്തിന്റേയോ നിർവ്വചനത്തിൽപ്പെടുന്ന കുററമോ, മോഷണമോ കവർച്ചയോ ദ്രോഹമോ കുററകരമായ വസ്തു കൈയേററമോ നടത്തുവാനുള്ള ശ്രമമോ ആയ ഏതെങ്കിലും കൃത്യത്തിനെതിരായി തന്റെയോ മററേതെങ്കിലുമോ ആളുടേയോ ജംഗമമോ സ്ഥാവരമോ ആയ വസ്തുവും, രക്ഷിക്കുവാൻ 99-ാം വകുപ്പിൽ അടങ്ങിയ നിയന്ത്രണങ്ങൾക്ക് വിധേയമായി, അവകാശമുണ്ട്.

98. ചിത്തഭ്രമമുള്ളവന്റേയും മററും കൃത്യത്തിനെതിരായി സ്വരക്ഷാവകാശം.— കൃത്യം ചെയ്യുന്ന ആളുടെ ബാല്യമോ ധാരണാശക്തിയുടെ പക്വതയുടെ അഭാവമോ ചിത്തഭ്രമമോ ലഹരിയോ കാരണമായോ, അയാൾക്കുണ്ടായ ഏതെങ്കിലും മിത്ഥ്യാബോധം കാരണമായോ, മററുവിധത്തിലാണെങ്കിൽ ഏതെങ്കിലും ഒരു കുററമാകുമായിരുന്ന കൃത്യം ആ കുററമല്ലാതാകുമ്പോൾ, ആ കൃത്യത്തിനെതിരായി ഏതൊരാൾക്കും ആ കൃത്യം ആ കുററമായിരുന്നെങ്കിൽ അയാൾക്കുണ്ടാകുമായിരുന്ന സ്വരക്ഷാവകാശം തന്നെ ഉണ്ടായിരിക്കുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ.

(ക) യ ഭ്രാന്തിന് വശഗനായി ക യെ കൊല്ലുവാൻ ശ്രമിക്കുന്നു; യ യാതൊരു കുററത്തിനും അപരാധിയല്ല, എന്നാൽ ക യ്ക്ക് യ യുടെ ബുദ്ധിക്ക് സ്ഥിരതയുണ്ടായിരുന്നുവെങ്കിൽ തനിക്ക് ഉണ്ടാകുമായിരുന്ന സ്വരക്ഷാവകാശംതന്നെ ഉണ്ടായിരിക്കുന്നതാകുന്നു.

(ഖ) ക തനിക്ക് പ്രവേശിക്കുവാൻ നിയമപ്രകാരം അവകാശമുള്ള ഒരു വീട്ടിൽ രാത്രി പ്രവേശിക്കുന്നു. ക ഭവന ഭേദകനാണെന്ന് യ ഉത്തമവിശ്വാസപൂർവ്വം ധരിച്ച് ക യെ ആക്രമിക്കുന്നു. ഇവിടെ യ ഈ മിത്ഥ്യാബോധത്തോടെ ക യെ ആക്രമിക്കുന്നതുകൊണ്ട് യാതൊരു കുററവും ചെയ്യുന്നില്ല. എന്നാൽ ക യ്ക്ക് യ ആ മിത്ഥ്യാബോധത്തോടെയല്ലാതെ പ്രവർത്തിച്ചിരുന്നുവെങ്കിൽ യ യ്ക്ക് എതിരെ തനിക്കുണ്ടാകുമായിരുന്ന സ്വരക്ഷാവകാശം തന്നെ ഉണ്ടായിരിക്കുന്നതാകുന്നു.

99. ഏതു കൃത്യങ്ങൾക്ക് എതിരായിട്ടാണോ സ്വരക്ഷാവകാശം ഇല്ലാത്തത്, ആ കൃത്യങ്ങൾ:—മരണമോ കഠിനമായ ദേഹോപദ്രവമോ ഉണ്ടാകുമെന്ന ആശങ്ക ന്യായമായി ഉളവാക്കാത്ത കൃത്യം ഒരു പബ്ലിക്ക് സർവൻറ്, തന്റെ ഔദ്യോഗികനിലയിൽ ആണെന്ന് തോന്നിക്കുന്ന വിധത്തിൽ ഉത്തമവിശ്വാസ പൂർവ്വം പ്രവർത്തിക്കുമ്പോൾ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്തതാണെങ്കിൽ അതിനെതിരായി ആ കൃത്യം നിയമത്താൽ കണിശമായി ന്യായീകരിക്കാവുന്നതല്ലെങ്കിലും, യാതൊരു സ്വരക്ഷാവകാശവും ഉണ്ടായിരിക്കുന്നതല്ല.

മരണമോ കഠിനമായ ദേഹോപദ്രവമോ ഉണ്ടാകുമെന്ന ആശങ്ക ന്യായമായി ഉളവാക്കാത്ത കൃത്യം, ഒരു പബ്ലിക്ക് സർവൻറ് തന്റെ ഔദ്യോഗിക നിലയിലാണെന്ന് തോന്നിക്കുന്ന വിധത്തിൽ ഉത്തമ വിശ്വാസപൂർവ്വം പ്രവർത്തിക്കുമ്പോൾ നല്കുന്ന നിദേശപ്രകാരം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്തതാണെങ്കിൽ, അതിനെതിരായി ആ നിദേശം നിയമത്താൽ കണിശമായി ന്യായീകരിക്കാവുന്നതല്ലെങ്കിലും യാതൊരു സ്വരക്ഷാവകാശവും ഉണ്ടായിരിക്കുന്നതല്ല.

പൊതു അധികാരസ്ഥാനങ്ങളെ രക്ഷണത്തിനുവേണ്ടി സമീപിക്കുവാൻ സമയമുള്ള സംഗതികളിൽ സ്വരക്ഷാവകാശം ഉണ്ടായിരിക്കുന്നതല്ല.

ആ അവകാശം എത്രത്തോളം പ്രയോഗിക്കാമെന്ന്.—സ്വരക്ഷാവകാശം യാതൊരു സംഗതിയിലും രക്ഷയ്ക്കുവേണ്ടി എത്രത്തോളം ഹാനി ഏല്പിക്കുന്നത് ആവശ്യകമാണോ അതിൽക്കവിഞ്ഞ ഹാനി ഏല്പിക്കുന്നതിലേക്ക് വ്യാപിക്കുന്നതല്ല.

വിശദീകരണം 1.—ഒരു പബ്ലിക്ക് സർവൻറ് ആ നിലയിൽ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഒരു കൃത്യത്തിനെതിരായി ഒരാൾക്കുള്ള സ്വരക്ഷാവകാശം, കൃത്യം ചെയ്യുന്ന ആൾ അങ്ങനെയുള്ള പബ്ലിക്ക് സർവൻറാണെന്ന് അയാൾ അറിയുകയോ അയാൾക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യാത്ത പക്ഷം, അയാൾക്ക് ഇല്ലാതാകുന്നതല്ല.

വിശദീകരണം 2.—ഒരു പബ്ലിക്ക് സർവൻറിന്റെ നിദേശമനുസരിച്ച് ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന കൃത്യത്തിനെതിരായി, ഒരാൾക്കുള്ള സ്വരക്ഷാവകാശം, കൃത്യം ചെയ്യുന്ന ആൾ അങ്ങനെയുള്ള നിദേശമനുസരിച്ച് പ്രവർത്തിക്കുകയാണെന്ന് അയാൾ അറിയുകയോ അയാൾക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യാത്ത പക്ഷമോ താൻ ഏത് അധികാരത്തിൻകീഴിലാണ് പ്രവർത്തിക്കുന്നതെന്ന് അങ്ങനെയുള്ള ആൾ പറയാത്തപക്ഷമോ, അങ്ങനെയുള്ള ആൾക്ക് രേഖാമൂലമായ പ്രാധികാരമുണ്ടെങ്കിൽ അങ്ങനെയുള്ള പ്രാധികാരം ആവശ്യപ്പെട്ടാൽ ഹാജരാക്കാത്തപക്ഷമോ, അയാൾക്ക് ഇല്ലാതാക്കുന്നതല്ല.

100. ശരീരം സംബന്ധിച്ച സ്വരക്ഷാവകാശം മരണം സംഭവിപ്പിക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.—ശരീരം സംബന്ധിച്ച സ്വരക്ഷാവകാശം, ആ അവകാശം പ്രയോഗിക്കുന്നതിന് അവസരം ഉണ്ടാക്കുന്ന കുററം, ഇതിനു ശേഷം എണ്ണിപ്പറയുന്ന വിവരണങ്ങളിൽ ഏതിലെങ്കിലും പെടുന്നതാണെങ്കിൽ കൈയേററക്കാരന് മരണമോ മററ് ഏതെങ്കിലും ഹാനിയോ സ്വേച്ഛയാ സംഭവിപ്പിക്കുന്നതിലേക്ക് ഇതിനു തൊട്ടുമുൻപുള്ള വകുപ്പിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്കുവിധേയമായി വ്യാപിക്കുന്നതാകുന്നു.

അതായത് :—

ഒന്നാമത്.— മററുവിധത്തിലാണെങ്കിൽ, അനന്തരഫലം മരണം ആയിരിക്കുമെന്ന ആശങ്ക ന്യായമായി ഉളവാക്കാവുന്ന കൈയേററം,

രണ്ടാമത്.—മററുവിധത്തിലാണെങ്കിൽ അനന്തരഫലം കഠിനമായ ദേഹോപദ്രവം ആയിരിക്കുമെന്ന ആശങ്ക ന്യായമായി ഉളവാക്കാവുന്ന കൈയേററം,

മൂന്നാമത്.—ബലാൽസംഗം നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയുള്ള കൈയേററം,

നാലാമത്.—പ്രകൃതിവിരുദ്ധമായ കാമാർത്തി പൂരിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയുള്ള കൈയേററം,

അഞ്ചാമത്.—ആൾ മോഷണമോ അപഹരണമോ നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയുള്ള കൈയേററം.

ആറാമത്.—തന്റെ മോചനത്തിന്, പൊതു അധികാരസ്ഥാനങ്ങളെ സമീപിക്കുവാൻ കഴിയുകയില്ലെന്ന ആശങ്ക ന്യായമായി ഒരാൾക്ക് ഉണ്ടാക്കാവുന്ന പരിതഃസ്ഥിതിയിൽ അയാളെ അന്യായമായി തടഞ്ഞുവയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടിയുള്ള കൈയേററം.

101. അങ്ങനെയുള്ള അവകാശം മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി ഉളവാക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.— കുററം, ഇതിന് തൊട്ടുമുമ്പുള്ള വകുപ്പിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിവരണങ്ങളിൽ ഏതിലെങ്കിലും പെടുന്നതല്ലെങ്കിൽ, ശരീരത്തിന്റെ സ്വരക്ഷാവകാശം കൈയേററക്കാരന് മരണം സ്വേച്ഛയാ സംഭവിപ്പിക്കുന്നതിലേക്ക് വ്യാപിക്കുന്നതല്ലാത്തതും, എന്നാൽ 99-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി കൈയേററക്കാരന് മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി സ്വേച്ഛയാ ഉളവാക്കുന്നതിലേക്ക് വ്യാപിക്കുന്നതും ആകുന്നു.

102. ശരീരം സംബന്ധിച്ച സ്വരക്ഷാവകാശത്തിന്റെ തുടക്കവും തുടർച്ചയും.— ശരീരം സംബന്ധിച്ച സ്വരക്ഷാവകാശം, കുററം ചെയ്തിട്ടില്ലായിരിക്കാമെങ്കിലും, കുററം ചെയ്യുവാനുള്ള ശ്രമത്തിൽ നിന്നോ ചെയ്യുമെന്ന ഭീഷണിയിൽ നിന്നോ ശരീരത്തിന് അപായം ഉണ്ടാകുമെന്ന ന്യായമായ ആശങ്ക ഉൽഭവിപ്പിക്കുന്നതോടുകൂടി തുടങ്ങുന്നതും, ശരീരത്തിന് അപായം ഉണ്ടാകുമെന്ന അങ്ങനെയുള്ള ആശങ്ക തുടരുന്നിടത്തോളം തുടരുന്നതുമാകുന്നു.

103. വസ്തു സംബന്ധിച്ച സ്വരക്ഷാവകാശം മരണം സംഭവിപ്പിക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.— വസ്തു സംബന്ധിച്ച സ്വരക്ഷാവകാശം, ഏത് കുററം ചെയ്യുന്നതോ അതിനുവേണ്ടി ശ്രമിക്കുന്നതോ ആണോ ആ അവകാശം പ്രയോഗിക്കുന്നതിന് അവസരമുണ്ടാക്കുന്നത്, ആ കുററം ഇതിനുശേഷം എണ്ണിപ്പറയുന്ന വിവരണങ്ങളിൽ ഏതിലെങ്കിലും പെടുന്നതാണെങ്കിൽ, അപകർത്താവിന് മരണമോ മററതെങ്കിലും ഹാനിയോ സ്വേച്ഛയാ സംഭവിപ്പിക്കുന്നതിലേക്ക്, 99-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി, വ്യാപിക്കുന്നതാകുന്നു, അതായത്:—

ഒന്നാമത്.—കവർച്ച;

രണ്ടാമത്.—രാത്രിയിലത്തെ ഭവനഭേദനം;

മൂന്നാമത്.—മനുഷ്യവാസ സ്ഥലമായോ, വസ്തു സൂക്ഷിപ്പ് സ്ഥലമായോ ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ തീ മൂലമുണ്ടാക്കുന്ന ദ്രോഹം;

നാലാമത്.—അങ്ങനെയുള്ള സ്വരക്ഷാവകാശം പ്രയോഗിച്ചില്ലെങ്കിൽ മരണമോ കഠിനമായ ദേഹോപദ്രവമോ ആയിരിക്കും അനന്തരഫലമെന്നുള്ള ആശങ്ക ന്യായമായി ഉളവാക്കാവുന്ന പരിത:സ്ഥിതികളിൽ ഉള്ള മോഷണമോ ദ്രോഹമോ ഭവനക്കൈയേററമോ.

104. അങ്ങനെയുള്ള അവകാശം മരണമല്ലാതെയുള്ള ഏതെങ്കിലും ഹാനി ഉളവാക്കുന്നതിലേക്ക് എപ്പോൾ വ്യാപിക്കുമെന്ന്.— ഏതു കുററം ചെയ്യുന്നതോ അതിനുവേണ്ടി ശ്രമിക്കുന്നതോ ആണോ സ്വരക്ഷാവകാശം പ്രയോഗിക്കുന്നതിന് അവസരം ഉണ്ടാക്കുന്നത്, ആ കുററം ഇതിനുതൊട്ടുമുമ്പിലുള്ള വകുപ്പിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിവരണങ്ങളിൽ ഏതിലെങ്കിലും പെടാത്ത മോഷണമോ, ദ്രോഹമോ, കുററകരമായ വസ്തു കൈയേററമോ ആണെങ്കിൽ ആ അവകാശം സ്വേച്ഛയാ മരണം സംഭവിപ്പിക്കുന്നതിലേക്ക് വ്യാപിക്കുന്നതല്ലാത്തതും, എന്നാൽ 99-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി, അപകർത്താവിന് മരണമല്ലാത്ത ഏതെങ്കിലും ഹാനി സ്വേച്ഛയാ ഉളവാക്കുന്നതിലേക്ക് വ്യാപിക്കുന്നതും ആകുന്നു.

105. വസ്തു സംബന്ധിച്ച സ്വരക്ഷാവകാശത്തിന്റെ തുടക്കവും തുടർച്ചയും.— വസ്തു സംബന്ധിച്ച സ്വരക്ഷാവകാശം, വസ്തുവിന് നാശം ഉണ്ടാകുമെന്നുള്ള ന്യായമായ ആശങ്ക തുടങ്ങുമ്പോൾ, തുടങ്ങുന്നു.

മോഷണത്തിന് എതിരായ വസ്തു സംബന്ധിച്ചുള്ള സ്വരക്ഷാവകാശം, കുററക്കാരൻ വസ്തുവുമായി പിൻവാങ്ങിക്കഴിയുകയോ പൊതു അധികാരസ്ഥാനങ്ങളുടെ സഹായം ലഭിക്കുകയോ വസ്തു തിരികെകിട്ടുകയോ ചെയ്യുന്നതുവരെ തുടരുന്നു.

കവർച്ചയ്ക്ക് എതിരായ വസ്തു സംബന്ധിച്ചുള്ള സ്വരക്ഷാവകാശം, കുററക്കാരൻ ഏതെങ്കിലും ആൾക്ക് മരണമോ ദേഹോപദ്രവമോ അന്യായമായ തടഞ്ഞുനിറുത്തലോ സംഭവിപ്പിക്കുകയോ സംഭവിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നിടത്തോളമോ അല്ലെങ്കിൽ ഉടനടി മരണമോ ഉടനടി ദേഹോപദ്രവമോ ഉടനടി വൈയക്തികമായ തടഞ്ഞുനിറുത്തലോ ഉണ്ടാകുമെന്നുള്ള ഭയം തുടരുന്നതുവരേയോ, തുടരുന്നു.

കുററകരമായ വസ്തു കൈയേററത്തിനോ ദ്രോഹത്തിനോ എതിരായ വസ്തു സംബന്ധിച്ചുള്ള സ്വരക്ഷാവകാശം, കുററക്കാരൻ കുററകരമായ വസ്തു കൈയേററമോ ദ്രോഹമോ തുടർന്നു ചെയ്യുന്നിടത്തോളം, തുടരുന്നു.

രാത്രിയിലത്തെ ഭവനഭേദനത്തിന് എതിരായ, വസ്തു സംബന്ധിച്ചുള്ള സ്വരക്ഷാവകാശം അങ്ങനെയുള്ള ഭവനഭേദനം കൊണ്ട് ആരംഭിച്ച ഭവനക്കൈയേററം തുടരുന്നിടത്തോളം തുടരുന്നു.

106. നിരപരാധിയായ ആൾക്ക് ഉപദ്രവം ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ളപ്പോൾ മാരകമായ കൈയേററത്തിനെതിരായുള്ള സ്വരക്ഷാവകാശം.— മരണം സംഭവിക്കുമെന്നുള്ള ആശങ്ക ന്യായമായി ഉണ്ടാക്കുന്ന കൈയേററത്തിന് എതിരായുള്ള സ്വരക്ഷാവകാശം പ്രയോഗിക്കുന്നതിൽ, അത് പ്രയോഗിക്കുന്ന ആൾ നിരപരാധിയായ ആൾക്ക് ഹാനി ഉണ്ടാകുവാൻ സാദ്ധ്യതയില്ലാതെ ആ അവകാശം ഫലപ്രദമായി പ്രയോഗിക്കുവാൻ കഴിയാത്ത സ്ഥിതിയിലാണെങ്കിൽ, അയാളുടെ സ്വരക്ഷാവകാശം ആ ഹാനി ഉണ്ടാക്കാനുള്ള സാദ്ധ്യത നേരിടുന്നതിലേക്ക് വ്യാപിക്കുന്നതാകുന്നു.

ദൃഷ്ടാന്തം.

ക, തന്നെ കൊലചെയ്യുവാൻ ശ്രമിക്കുന്ന ഒരു ആൾക്കൂട്ടത്താൽ ആക്രമിക്കപ്പെടുന്നു. ആ ആൾക്കൂട്ടത്തിന്റെ മേൽ വെടിവയ്ക്കാതെ അയാൾക്ക് തന്റെ സ്വരക്ഷാവകാശം ഫലപ്രദമായി പ്രയോഗിക്കുവാൻ കഴിയുന്നതല്ല. ആൾക്കൂട്ടത്തിൽ ഇടകലർന്ന കുട്ടികൾക്ക് ഹാനി ഉളവാക്കുമെന്ന അപായസാദ്ധ്യത കൂടാതെ അയാൾക്ക് വെടിവയ്ക്കുവാനും കഴിയുന്നതല്ല. ക അങ്ങനെ വെടിവയ്ക്കുന്നതുമൂലം കുട്ടികളിൽ ആർക്കെങ്കിലും ഹാനി ഉളവാക്കുന്നുവെങ്കിൽ ക യാതൊരു കുററവും ചെയ്യുന്നില്ല.

## അദ്ധ്യായം V

# പ്രേരണയെക്കുറിച്ച്

107. ഒരു കാര്യത്തിനുള്ള പ്രേരണ.— ഏതൊരാളാണോ—

ഒന്നാമത്.—ഒരു കാര്യം ചെയ്യുന്നതിന് ഏതെങ്കിലും ആളെ ഉൽസാഹിപ്പിക്കുകയോ; അല്ലെങ്കിൽ

രണ്ടാമത്.—ഒരു കാര്യം ചെയ്യുന്നതിന് ഒന്നോ ഒന്നിലധികമോ വേറെ ആളോടോ ആളുകളോടൊ കൂടെ ഏതെങ്കിലും ഗൂഢാലോചനയിൽ ഏർപ്പെടുകയോ,—ആ ഗൂഢാലോചനയെ തുടർന്നും ആ കാര്യം ചെയ്യുന്നതിനുവേണ്ടിയും ഏതെങ്കിലും കൃത്യമോ നിയമവിരുദ്ധമായ കൃത്യവിലോപമോ സംഭവിക്കുന്നു എങ്കിൽ—; അല്ലെങ്കിൽ

മൂന്നാമത്.—ഒരു കാര്യം ചെയ്യുന്നതിന് ഏതെങ്കിലും കൃത്യത്താലോ നിയമവിരുദ്ധമായ കൃത്യവിലോപത്താലോ ഉദ്ദേശപൂർവ്വം സഹായിക്കുകയോ,

ചെയ്യുന്നത്, അയാൾ ആ കാര്യം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

വിശദീകരണം1.— കരുതിക്കൂട്ടി തെററിദ്ധരിപ്പിക്കുകയോ വെളിപ്പെടുത്തുവാൻ തനിക്ക് ബാദ്ധ്യതയുള്ള സാരവത്തായ ഒരു വസ്തുത കരുതിക്കൂട്ടി മറച്ച് വയ്ക്കുകയോ ചെയ്യുന്നതുമൂലം ഏതൊരാളാണോ സ്വേച്ഛയാ ഒരു കാര്യം ചെയ്യിക്കുകയോ ചെയ്യപ്പെടുവാൻ സംഗതിയാക്കുകയോ അല്ലെങ്കിൽ ചെയ്യിക്കുവാനോ ചെയ്യപ്പെടുവാൻ സംഗതിയാക്കുവാനോ ശ്രമിക്കുകയോ ചെയ്യുന്നത്, ആ ആൾ ആ കാര്യം ചെയ്യുവാൻ ഉൽസാഹിപ്പിക്കുന്നതായി പറയപ്പെടുന്നു.

ദൃഷ്ടാന്തം

യ യെ പിടിക്കുവാൻ ക എന്ന പബ്ലിക് ആഫീസറെ ഒരു നീതിന്യായക്കോടതിയിൽ നിന്നുള്ള വാറണ്ട് മുഖേന അധികാരപ്പെടുത്തുന്നു. ഖ ആ വസ്തുതയും ഗ, യ അല്ലെന്നുള്ളതും അറിഞ്ഞുകൊണ്ട് ഗ യ ആണെന്ന് ക യെ കരുതിക്കൂട്ടി ധരിപ്പിക്കുകയും അതുവഴി ക യെ ക്കൊണ്ട് ഗ യെ മന:പൂർവ്വം പിടിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ ഖ, ഗ യെ പിടിക്കുന്നതിന് ഉൽസാഹനം വഴി പ്രേരണ നല്കുന്നു.

വിശദീകരണം2.— ഒരു കൃത്യം ചെയ്യുന്നതിനുമുമ്പോ ചെയ്യുന്ന സമയത്തോ അതു ചെയ്യുന്നത് സുകരമാക്കുന്നതിനായി ഏതെങ്കിലും ചെയ്യുകയും അതുവഴി ആ കൃത്യം ചെയ്യുന്നത് സുകരമാക്കുകയും ചെയ്യുന്ന ഏതൊരാളും, ആ കൃത്യം ചെയ്യുന്നതിനെ സഹായിക്കുന്നതായി പറയപ്പെടുന്നു.

108. ്രപ്രേരകൻ.— ഒരു കുററം ചെയ്യുന്നതിന് പ്രേരണ നല്കുകയോ ഒരു കുററം ചെയ്യുവാൻ നിയമപ്രകാരം പ്രാപ്തിയുള്ള ഒരാൾ പ്രേരകനുള്ള അതേ ഉദ്ദേശത്തോടോ അറിവോടോ കൂടി ചെയ്തിരുന്നുവെങ്കിൽ കുററമാകുമായിരുന്ന ഒരു കൃത്യം ചെയ്യുന്നതിന് പ്രേരണ നല്കുകയോ ചെയ്യുന്ന ഒരാൾ ഒരു കുററത്തിന് പ്രേരണ നല്കുന്നു.

വിശദീകരണം 1.— ഒരു കൃത്യത്തിൻെറ നിയമവിരുദ്ധമായ വിലോപത്തിന് പ്രേരണ നല്കുന്നത്, പ്രേരകൻ ആ കൃത്യം ചെയ്യുവാൻ സ്വയം ബാദ്ധ്യസ്ഥനല്ലെന്നിരിക്കുമെങ്കിലും, ഒരു കുററമായിത്തീരാവുന്നതാണ്.

വിശദീകരണം. 2.— പ്രേരണക്കുററം രൂപം കൊള്ളുന്നതിന് പ്രേരിപ്പിക്കപ്പെടുന്ന കൃത്യം ചെയ്തിരിക്കുകയോ കുററം രൂപം കൊള്ളുന്നതിനാവശ്യമായ ഫലം ഉളവായിരിക്കുകയോ ചെയ്യണമെന്നില്ല.

## ദൃഷ്ടാന്തങ്ങൾ.

(ക) ക, ഗ യെ കൊലചെയ്യുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ അപ്രകാരം ചെയ്യുവാൻ വിസമ്മതിക്കുന്നു. കൊലപാതകം നടത്തുവാൻ ഖ യ്ക്ക് പ്രേരണ നല്കിയതിന് ക അപരാധിയാകുന്നു.

(ഖ) ക, ഘ യെ കൊലചെയ്യുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ ആ ഉൽസാഹനത്തെ തുടർന്ന് ഘ യെ കുത്തുന്നു. ഘ യുടെ മുറിവ് ഭേദമാകുന്നു. ക കൊലപാതകം നടത്തുവാൻ ഖ യെ ഉൽസാഹിപ്പിച്ചതിന് അപരാധിയാകുന്നു.

വിശദീകരണം 3.— പ്രേരിപ്പിക്കപ്പെട്ട ആൾക്ക് കുററം ചെയ്യുവാൻ നിയമപ്രകാരം പ്രാപ്തിയുണ്ടായിരിക്കുകയോ അയാൾക്ക് പ്രേരകനുള്ള അതേ ആപരാധികമായ ഉദ്ദേശമോ അറിവോ അല്ലെങ്കിൽ ആപരാധികമായ ഏതെങ്കിലും ഉദ്ദേശമോ അറിവോ ഉണ്ടായിരിക്കുകയോ ചെയ്യണമെന്നില്ല.

## ദൃഷ്ടാന്തങ്ങൾ.

(ക) ക ആപരാധികമായ ഉദ്ദേശത്തോടുകൂടി, കുററം ചെയ്യുവാൻ നിയമപ്രകാരം പ്രാപ്തിയുള്ളവനും ക യ്ക്കുള്ള അതേ ഉദ്ദേശം ഉള്ളവനുമായ ഒരാൾ ചെയ്തിരുന്നാൽ ഒരു കുററമാകുമായിരുന്ന കൃത്യം ചെയ്യുവാൻ ഒരു കുട്ടിയേയോ ഭ്രാന്തനേയോ പ്രേരിപ്പിക്കുന്നു. ഇവിടെ ആ കൃത്യം ചെയ്താലും ചെയ്തില്ലെങ്കിലും ഒരു കുററം ചെയ്യുന്നതിന് പ്രേരണ നല്കിയതിന് ക അപരാധിയാകുന്നു.

(ഖ) യ.യെ കൊലചെയ്യണമെന്ന ഉദ്ദേശത്തോടെ ക ഏഴു വയസ്സിന് താഴെയുള്ള ഒരു കുട്ടിയായ ഖ യെ യ യുടെ മരണം സംഭവിപ്പിക്കുന്ന ഒരു കൃത്യം ചെയ്യുവാൻ ഉൽസാഹിപ്പിക്കുന്നു. ആ ഉൽസാഹനത്തിൻെറ അനന്തരഫലമായി, ഖ ആ കൃത്യം ക യുടെ അഭാവത്തിൽ ചെയ്യുകയും അതുവഴി യ യുടെ മരണം സംഭവിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ ഒരു കുററം ചെയ്യുവാൻ നിയമപ്രകാരം ഖ പ്രാപ്തിയുള്ളവനായിരുന്നില്ലെങ്കിലും, ഖ, നിയമപ്രകാരം ഒരു കുററം ചെയ്യുവാൻ പ്രാപ്തിയുള്ളവനായിരിക്കുകയും കൊലപാതകം നടത്തുകയും ചെയ്തിരുന്നുവെങ്കിൽ ഏതു രീതിയിലോ അതേ രീതിയിൽ ശിക്ഷിക്കപ്പെടുവാൻ ക അർഹനാകുന്നതും അതുകൊണ്ട് അയാളെ മരണശിക്ഷയ്ക്കു വിധേയനാക്കാവുന്നതും ആണ്.

(ഗ) ക ഒരു വാസഗൃഹത്തിന് തീ വയ്ക്കുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ ചിത്തഭ്രമത്തിന്റെ അനന്തരഫലമായി ആ കൃത്യത്തിന്റെ സ്വഭാവമോ താൻ അന്യായമായതോ നിയമവിരുദ്ധമായതോ ആണ് ചെയ്യുന്നതെന്നുള്ളതോ അറിയുവാൻ കഴിവില്ലാതെ ക യുടെ ഉൽസാഹനത്തിന്റെ അനന്തരഫലമായി ആ വീട്ടിന് തീ വയ്ക്കുന്നു. ഖ യാതൊരു കുററവും ചെയ്തിട്ടില്ല, എന്നാൽ ഒരു വാസഗൃഹത്തിന് തീ വയ്ക്കുക എന്ന കുററത്തിന് പ്രേരണ നല്കി എന്നതിന് ക അപരാധിയാകുകയും ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്ക് അർഹനാകുകയും ചെയ്യുന്നു.

(ഘ) ക ഒരു മോഷണം നടത്തിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് യ യുടെ വകയായ വസ്തു യ യുടെ കൈവശത്തിൽ നിന്ന് എടുക്കുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ക, ആ വസ്തു തന്റെ വകയാണെന്ന് ഖ യെ പറഞ്ഞു വിശ്വസിപ്പിക്കുന്നു. ഖ ഉത്തമ വിശ്വാസപൂർവ്വം വസ്തു ക യുടേതാണെന്ന് വിശ്വസിച്ച് യ യുടെ കൈവശത്തിൽനിന്ന് എടുക്കുന്നു. ഈ മിഥ്യാബോധത്തോടെ പ്രവർത്തിക്കുന്ന ഖ അത് എടുക്കുന്നത് നേരുകേടായിട്ടില്ല, അതുകൊണ്ട് മോഷണം നടത്തുന്നതുമില്ല. എന്നാൽ ക മോഷണത്തിന് പ്രേരണ നല്കിയതിന് അപരാധിയാകുകയും ഖ മോഷണം നടത്തിയിട്ടുണ്ടായിരുന്നുവെങ്കിൽ താൻ ഏതു് ശിക്ഷയ്ക്ക് അർഹനാകുമായിരുന്നോ, അതേ ശിക്ഷയ്ക്കു ക അർഹനാകുകയും ചെയ്യുന്നു.

വിശദീകരണം 4.— കുററത്തിനുള്ള പ്രേരണ കുററമാകയാൽ, അങ്ങനെയുള്ള പ്രേരണയ്ക്കുള്ള പ്രേരണയും കുററമാകുന്നു.

## ദൃഷ്ടാന്തം

യ യെ കൊല ചെയ്യുന്നതിന് ഗ യെ ഉൽസാഹിപ്പിക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. അതനുസരിച്ച് ഖ, യ യെ കൊലചെയ്യുവാൻ ഗ യെ ഉൽസാഹിപ്പിക്കുകയും ഖ യുടെ ഉൽസാഹനത്തിന്റെ അനന്തരഫലമായി ഗ ആ കുററം ചെയ്യുകയും ചെയ്യുന്നു. ഖ തന്റെ കുററത്തിന് കൊലപാതകത്തിനുള്ള ശിക്ഷ നല്കി ശിക്ഷിക്കപ്പെടുവാൻ അർഹനാകുന്നു; കൂടാതെ ആ കുററം ചെയ്യുവാൻ ഖ യെ ക ഉൽസാഹിപ്പിച്ചതിനാൽ അതേ ശിക്ഷയ്ക്ക് ക യും അർഹനാകുന്നു.

വിശദീകരണം 5.— ഗൂഢാലോചന വഴിയുള്ള പ്രേരണക്കുററം ചെയ്യുന്നതിന്, പ്രേരകൻ കുററം ചെയ്യുന്ന ആളുമായി കുററത്തെപ്പററി ഒത്തുചേർന്ന് ആലോചിക്കണമെന്നില്ല. ഏതു് ഗൂഢാ ലോചനയെത്തുടർന്നാണോ കുററം ചെയ്തത്, ആ ഗൂഢാലോചനയിൽ അയാരം ഏർപ്പെട്ടാൽ മതിയാകുന്നതാണ്.

## ദൃഷ്ടാന്തം

യ യ്ക്ക് വിഷം കൊടുക്കുവാനുള്ള ഒരു പദ്ധതിയെക്കുറിച്ച് ക, ഖ യുമായി ഒത്തുചേർന്ന് ആലോചിക്കുകയും വിഷം ക കൊടുക്കണമെന്ന് കരാർ ചെയ്യുകയും ചെയ്യുന്നു. മൂന്നാമതൊരാളാണ് വിഷം കൊടുക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട്, എന്നാൽ ക യുടെ പേരു പറയാതെ, ഖ ആ പദ്ധതി പിന്നീട് ഗ യ്ക്ക് വിശദീകരിച്ചു കൊടുക്കുന്നു. ഗ വിഷം സമ്പാദിക്കാമെന്ന് സമ്മതിക്കുകയും അത് സമ്പാദിച്ച് വിശദീകരിക്കപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനു ഖ യുടെ കൈയിൽ കൊടുക്കുകയും ചെയ്യുന്നു. ക വിഷം കൊടുക്കുന്നു. അനന്തരഫലമായി യ മരിക്കുന്നു.

ഇവിടെ ക യും ഗ യും തമ്മിൽ ഗൂഢാലോചന നടത്തിയിട്ടില്ലെങ്കിലും ഏതു് ഗൂഢാലോചനയെത്തുടർന്നാണോ യ കൊലചെയ്യപ്പെട്ടതു്, ആ ഗൂഢാലോചനയിൽ ഗ ഏർപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ഗ ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിട്ടുണ്ടു്, അയാഠം കൊലപാതകത്തിനുള്ള ശിക്ഷയ്ക്കു് അർഹനുമാകുന്നു.

108 ക. ഇൻഡ്യയ്ക്കു് പുറത്തുവച്ചുള്ള കുററങ്ങഠംക്കു് ഇൻഡ്യയിൽ വച്ചു് പ്രേരണ നല്കൽ:— ഇൻഡ്യയ്ക്കു വെളിയിൽവച്ചു് ചെയ്യുന്നതും ഇൻഡ്യയിൽ വച്ചു് ചെയ്തിരുന്നെങ്കിൽ കുററമാകുമായിരുന്നതുമായ ഏതെങ്കിലും കൃത്യം ചെയ്യുന്നതിനു് ഇൻഡ്യയിൽ വച്ചു് പ്രേരണ നല്കുന്ന ഒരാഠം ഈ നിയമസംഹിതയുടെ അർത്ഥത്തിൽ ഒരു കുററത്തിനു് പ്രേരണ നല്കുന്നു.

## ദൃഷ്ടാന്തം.

ഇൻഡ്യയിലുള്ള ക ഗോവയിലുള്ള ഒരു വിദേശീയനായ ഖ യെ ഗോവയിൽ വച്ചു് ഒരു കൊലപാതകം നടത്തുവാൻ ഉൽസാഹിപ്പിക്കുന്നു. കൊലപാതകത്തിനു് പ്രേരണ നല്കിയതിനു് ക അപരാധിയാകുന്നു.

109. പ്രേരണ നല്കുന്നതിനു് പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരണ നല്കുന്നതിന്റെ അനന്തരഫലമായി ചെയ്യപ്പെടുകയും അതിനുള്ള ശിക്ഷക്കു് പ്രകടമായ വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുകയാണെങ്കിലുള്ള ശിക്ഷ.—ഏതെങ്കിലും കുററത്തിനു് പ്രേരണ നല്കുന്ന ഏതൊരാളും, പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരണ നല്കിയതിന്റെ അനന്തരഫലമായി ചെയ്യപ്പെടുകയും, അങ്ങനെയുള്ള പ്രേരണ നല്കിയതിനു് ശിക്ഷ നല്കുവാൻ ഈ നിയമസംഹിതയിൽ പ്രകടമായ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ആ കുററത്തിനു് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നല്കി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം.—ഏതൊരു ഉൽസാഹനമോ ഗൂഢാലോചനയോ സഹായമോ ആണു് പ്രേരണ നല്കലായിത്തീരുന്നതു്, ആ ഉൽസാഹനത്തിന്റെ അനന്തരഫലമായോ ആ ഗൂഢാലോചനയെത്തുടർന്നോ ആ സഹായത്തോടുകൂടിയോ ഒരു കൃത്യമോ കുററമോ ചെയ്യപ്പെടുമ്പോഠം അതു് ആ പ്രേരണ നല്കലിന്റെ അനന്തരഫലമായി ചെയ്യപ്പെട്ടതാണെന്നു് പറയപ്പെടുന്നു.

## ദൃഷ്ടാന്തങ്ങഠം.

(ക) ഒരു പബ്ലിക് സർവൻറായ ഖ യുടെ ഔദ്യോഗിക ചുമതലകഠം നിർവഹിക്കുന്നതിൽ ക യോടു് ഏതോ ആനുകൂല്യം കാണിക്കുന്നതിനു് പ്രതിഫലമായി ഖ യ്ക്കു് കൈക്കൂലി ആഫർ ചെയ്യുന്നു. ക അതു് സ്വീകരിക്കുന്നു. ക 161–ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററത്തിനു് പ്രേരണ നല്കിയിട്ടുണ്ടു്.

(ഖ) ക, ഖ യെ വ്യാജമായ തെളിവു നല്കുവാൻ ഉൽസാഹിപ്പിക്കുന്നു. ആ ഉൽസാഹനത്തിന്റെ അനന്തരഫലമായി ഖ ആ കുററം ചെയ്യുന്നു. ആ കുററത്തിനു് പ്രേരണ നല്കിയതിനു് ക അപരാധിയും ഖ യ്ക്കുള്ള അതേ ശിക്ഷയ്ക്കു് അർഹനുമാകുന്നു.

(ഗ) യ യ്ക്കു വിഷം കൊടുക്കുവാൻ ക യും ഖ യും കൂടി ഗൂഢാലോചന നടത്തുന്നു. ഗൂഢാലോചനയെത്തുടർന്നു് ക വിഷം സമ്പാദിക്കുകയും യ യ്ക്കു്

കൊടുക്കുവാൻവേണ്ടി അത് ഖ യെ ഏല്പിക്കുകയും ചെയ്യുന്നു. ആ ഗൂഢാലോചനയെത്തുടർന്ന് ഖ ക യുടെ അസാന്നിദ്ധ്യത്തിൽ യ യ്ക്ക് വിഷം കൊടുക്കുകയും അതുവഴി യ യുടെ മരണം സംഭവിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ ഖ കൊലപാതകത്തിന് അപരാധിയാകുന്നു. ഗൂഢാലോചനവഴി ആ കുററത്തിന് പ്രേരണ നല്കിയതിന് ക അപരാധിയും കൊലപാതകത്തിനുള്ള ശിക്ഷയ്ക്ക് അർഹനുമാകുന്നു.

110. പ്രേരിപ്പിക്കപ്പെട്ട ആരം പ്രേരകനുള്ള ഉദ്ദേശത്തിൽനിന്നു വ്യത്യസ്തമായ ഉദ്ദേശത്തോടുകൂടി കൃത്യം ചെയ്യുന്നുവെങ്കിൽ പ്രേരണ നല്കുന്നതിനുള്ള ശിക്ഷ:—ഒരു കുററം ചെയ്യുന്നതിന് പ്രേരണ നല്കുന്ന ഏതൊരാളും പ്രേരിപ്പിക്കപ്പെട്ട ആരം പ്രേരകനുള്ള ഉദ്ദേശത്തിൽനിന്നു വ്യത്യസ്തമായ ഉദ്ദേശത്തോടോ അറിവോടോ കൂടി കൃത്യം ചെയ്യുന്നുവെങ്കിൽ, പ്രേരകനുള്ള ഉദ്ദേശത്തോടോ അറിവോടോ കൂടിയും വേറെ ഉദ്ദേശ്യമോ അറിവോ കൂടാതെയും ആ കൃത്യം ചെയ്തിരുന്നുവെങ്കിൽ ഏത് കുററമാണ് ചെയ്യുമായിരുന്നത്, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

111. ഒരു കൃത്യം ചെയ്യുവാൻ പ്രേരിപ്പിക്കുകയും വ്യത്യസ്തമായ ഒരു കൃത്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ പ്രേരകനുള്ള ബാദ്ധ്യത.—ഒരു കൃത്യം ചെയ്യുവാൻ പ്രേരിപ്പിക്കുകയും വ്യത്യസ്തമായ ഒരു കൃത്യം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ പ്രേരകൻ ചെയ്യപ്പെട്ട കൃത്യത്തിന് അയാൾ അതിനു നേരിട്ട് പ്രേരണ നല്കിയിരുന്നുവെങ്കിൽ ഏതുപോലെയോ അതുപോലെയും അത്രത്തോളവുംതന്നെ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

പരിമിതിവ്യവസ്ഥ.—എന്നാൽ,ചെയ്യപ്പെട്ട കൃത്യം പ്രേരണ നല്കലിന്റെ സംഭാവ്യമായ ഒരു അനന്തരഫലമായിരിക്കുകയും അത്, ഏതു ഉൽസാഹനമോ സഹായമോ ഗൂഢാലോചനയോ ആണ് ആ പ്രേരണയായിത്തീരുന്നത്, ആ ഉൽസാഹനത്തിന് വശഗനായോ സഹായത്തോടുകൂടിയോ ഗൂഢാലോചനയെത്തുടർന്നോ ചെയ്യപ്പെട്ടതായിരിക്കുകയും ചെയ്യേണ്ടതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) യ യുടെ ഭക്ഷണത്തിൽ വിഷം ഇടുവാൻ ക ഒരു കുട്ടിയെ ഉൽസാഹിപ്പിക്കുകയും ആ ആവശ്യത്തിന് വിഷം കുട്ടിയുടെ പക്കൽ കൊടുക്കുകയും ചെയ്യുന്നു. ആ ഉൽസാഹനത്തിന്റെ അനന്തരഫലമായി കുട്ടി അബദ്ധത്തിൽ യ യുടെ ഭക്ഷണത്തിനടുത്തുവച്ചിട്ടുള്ള മ യുടെ ഭക്ഷണത്തിൽ വിഷം ഇടുന്നു. ഇവിടെ, ക യുടെ ഉൽസാഹനത്തിന് വശഗനായി കുട്ടി പ്രവർത്തിക്കുകയും, ചെയ്യപ്പെട്ട കൃത്യം ആ പരിതഃസ്ഥിതികളിൽ പ്രേരണയുടെ സംഭാവ്യമായ ഒരു അനന്തരഫലമാവുകയും ചെയ്തിരുന്നുവെങ്കിൽ, മ യുടെ ഭക്ഷണത്തിൽ വിഷം ഇടുവാൻ ക കുട്ടിയെ ഉൽസാഹിപ്പിച്ചിരുന്നെങ്കിലേതുപോലെയോ, അതുപോലെയും അത്രത്തോളവുംതന്നെ ക ബാദ്ധ്യസ്ഥനാകുന്നു.

(ഖ) യ യുടെ വീട് കത്തിക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. ഖ വീട്ടിന് തീ വയ്ക്കുകയും അതേസമയം അവിടെ വസ്തുമോഷണം നടത്തുകയും ചെയ്യുന്നു. ക വീട് കത്തിക്കുവാൻ പ്രേരണ നല്കിയതിന് അപരാധിയാണെങ്കിലും മോഷണത്തിന് പ്രേരണ നല്കിയതിന് അപരാധിയല്ല; എന്തുകൊണ്ടെന്നാൽ മോഷണം ഒരു വിഭിന്ന കൃത്യമായിരുന്നു; അത് കത്തിക്കലിന്റെ സംഭാവ്യമായ അനന്തരഫലമായിരുന്നതുമില്ല.

(ഗ) ക കവർച്ചയ്ക്കുവേണ്ടി അർദ്ധരാത്രി ആൾപ്പാർപ്പുള്ള ഒരു ഭവനം ഭേദിക്കുവാൻ ഖ യേയും ഗ യേയും ഉൽസാഹിപ്പിക്കുകയും അതിലേക്ക് അവർക്ക് ആയുധങ്ങൾ നല്കുകയും ചെയ്യുന്നു. ഖ യും ഗ യും ആ ഭവനം ഭേദിക്കുകയും താമസക്കാരിൽ ഒരാളായ യ എതിർത്തപ്പോൾ യ യെ കൊലചെയ്യുകയും ചെയ്യുന്നു. ഇവിടെ ആ കൊലപാതകം ആ പ്രേരണ നല്കലിന്റെ സംഭാവ്യമായ അനന്തരഫലമായിരുന്നു എങ്കിൽ ക ആ കൊലപാതകത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്ക് അർഹനാകുന്നു.

112. പ്രേരിപ്പിക്കപ്പെട്ട കൃത്യത്തിനും ചെയ്യപ്പെട്ട കൃത്യത്തിനും ഉള്ള ഉപചിതശിക്ഷയ്ക്ക് പ്രേരകൻ എപ്പോൾ അർഹനാകുമെന്ന്.—ഇതിനുതൊട്ടു മുമ്പുള്ള വകുപ്പുപ്രകാരം ഏത് കൃത്യത്തിനാണോ പ്രേരകൻ ബാദ്ധ്യസ്ഥനാകുന്നത്, ആ കൃത്യം പ്രേരിപ്പിക്കപ്പെട്ട കൃത്യത്തിന് പുറമേ ചെയ്യുകയും അത് ഒരു വിഭിന്നമായ കുററമാവുകയും ചെയ്യുന്നുവെങ്കിൽ, പ്രേരകൻ ആ കുററങ്ങളിൽ ഓരോന്നിനും ശിക്ഷാർഹനാകുന്നു.

## ദൃഷ്ടാന്തം.

ഒരു പബ്ലിക്ക് സർവൻറ് നടത്തുന്ന ഡിസ്ട്രസ്സ ബലം പ്രയോഗിച്ച് ചെറുക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. തത്ഫലമായി ഖ ആ ഡിസ്ട്രസ്സിനെ ചെറുക്കുന്നു. ചെറുക്കുന്നതിൽ ഡിസ്ട്രസ്സ് നടത്തുന്ന ഉദ്യോഗസ്ഥന് ഖ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നു. ഡിസ്ട്രസ്സിനെ ചെറുക്കുക എന്ന കുററവും സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുക എന്ന കുററവും ഖ ചെയ്തിട്ടുള്ളതുകൊണ്ട് ഈ രണ്ടു കുററങ്ങൾക്കും ഖ ശിക്ഷാർഹനായിരിക്കുന്നതും ഡിസ്ട്രസ്സിനെ ചെറുക്കുന്നതിൽ ഖ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുവാൻ ഇടയുണ്ടെന്ന് ക അറിഞ്ഞിരുന്നു എങ്കിൽ ആ കുററങ്ങളിൽ ഓരോന്നിനും ക യും ശിക്ഷാർഹനായിരിക്കുന്നതുമാകുന്നു.

113. പ്രേരിപ്പിക്കപ്പെട്ട കൃത്യം പ്രേരകൻ ഉദ്ദേശിച്ചതിൽനിന്ന് വ്യത്യസ്തമായി ഉളവാക്കുന്ന ഫലത്തിന് പ്രേരകനുള്ള ബാദ്ധ്യത —പ്രേരകൻ ഒരു പ്രത്യേക ഫലം ഉളവാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഒരു കൃത്യം ചെയ്യുവാൻ പ്രേരണ നല്കുകയും ആ പ്രേരണ നല്കിയതിന്റെ അനന്തരഫലമായി പ്രേരകനെ ബാദ്ധ്യസ്ഥനാക്കുന്ന ഒരു കൃത്യം പ്രേരകൻ ഉദ്ദേശിച്ചതിൽനിന്ന് വ്യത്യസ്തമായ ഒരു ഫലം ഉളവാക്കുകയും ചെയ്യുമ്പോൾ പ്രേരകൻ, പ്രേരിപ്പിക്കപ്പെട്ട കൃത്യം ആ ഫലം ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞിട്ടുണ്ടായിരുന്നപക്ഷം ആ ഫലം ഉളവാക്കണമെന്ന ഉദ്ദേശത്തോടുകൂടി ആ കൃത്യം ചെയ്യുവാൻ അയാൾ പ്രേരണ നല്കിയിരുന്നുവെങ്കിലെന്നപോലെയോ, അതുപോലെയും അത്രത്തോളവുംതന്നെ ഉളവാക്കപ്പെട്ട ഫലത്തിന് ബാദ്ധ്യസ്ഥനാകുന്നു.

## ദൃഷ്ടാന്തം

യ യ്ക്ക കഠിനമായ ദേഹോപദ്രവം ഏല്പിക്കുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. ആ ഉൽസാഹനത്തിന്റെ അനന്തരഫലമായി ഖ, യ യ്ക്ക് കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നു. തത്ഫലമായി യ മരിക്കുന്നു. ഇവിടെ പ്രേരിപ്പിക്കപ്പെട്ട കഠിനമായ ദേഹോപദ്രവം മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് ക യ്ക്ക് അറിയാമായിരുന്നുവെങ്കിൽ കൊലപാതകത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നല്കി ശിക്ഷിക്കപ്പെടുവാൻ അർഹനാകുന്നു.

114. കുററംചെയ്യപ്പെടുമ്പോറം പ്രേരകൻ സന്നിഹിതനായാൽ.—അസന്നിഹിതനായിരുന്നുവെങ്കിൽ പ്രേരകനെന്ന നിലയിൽ ശിക്ഷിക്കപ്പെടുവാൻ അർഹനാകുമായിരുന്ന ഏതെങ്കിലും ആറം പ്രേരണ നല്കലിന്റെ അനന്തരഫലമായി ഏതു കൃത്യത്തിനോ കുററത്തിനോ ആണ് ശിക്ഷാർഹനാകുന്നത്, ആ കൃത്യമോ കുററമോ ചെയ്യപ്പെടുമ്പോറം സന്നിഹിതനായാൽ അങ്ങനെയുള്ള കൃത്യമോ കുററമോ ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

115. മരണശിക്ഷയോ ജീവപര്യന്തത്തടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിനുള്ള പ്രേരണ—മരണശിക്ഷയോ ജീവപര്യന്തത്തടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ചെയ്യുവാൻ പ്രേരണനല്കുന്ന ഏതൊരാളും

കുററം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ.—ആ പ്രേരണനല്കിയതിന്റെ അനന്തരഫലമായി ആ കുററം ചെയ്യപ്പെടുകയും അങ്ങനെയുള്ള പ്രേരണ നല്കലിന് ശിക്ഷ നല്കുവാൻ ഈ നിയമസംഹിതയാൽ പ്രകടമായ യാതൊരു വ്യവസ്ഥയും ചെയ്യപ്പെടുകയും ചെയ്യാതിരിക്കുകയാണെങ്കിൽ, ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവു നല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴ ശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും;

തൽഫലമായി ഹാനി ഉളവാക്കുന്ന കൃത്യം ചെയ്യപ്പെടുന്നെങ്കിൽ.—കൂടാതെ, പ്രേരണ നല്കലിന്റെ അനന്തരഫലമായി പ്രേരകനെ ബാദ്ധ്യസ്ഥനാക്കുന്നതും ഏതെങ്കിലും ആറക്ക് ദേഹോപദ്രവം ഏല്പിക്കുന്നതുമായ ഏതെങ്കിലും കൃത്യം ചെയ്യപ്പെടുന്നുവെങ്കിൽ പ്രേരകൻ പതിന്നാലുവർഷത്തോളം ആകാവുന്നകാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽ പെട്ട തടവുശിക്ഷയ്ക്ക് അർഹനായിരിക്കുന്നതും പിഴശിക്ഷയ്ക്ക്കൂടി അർഹനായിരിക്കുന്നതും,

ആകുന്നു.

### ദൃഷ്ടാന്തം.

യ യെ കൊലചെയ്യുവാൻ ക, ഖ യെ ഉൽസാഹിപ്പിക്കുന്നു. ആ കുററം ചെയ്യപ്പെടുന്നില്ല. ഖ, യ യെ കൊലചെയ്തിരുന്നെങ്കിൽ അയാറം മരണശിക്ഷയ്ക്കോ ജീവപര്യന്തത്തടവിനോ വിധേയനാകുമായിരുന്നു. അതുകൊണ്ട് ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയ്ക്കും പിഴ ശിക്ഷയ്ക്കും കൂടി ക അർഹനായിരിക്കുന്നതും, പ്രേരണ നല്കിയതിന്റെ അനന്തരഫലമായി യ ക്ക് ഏതെങ്കിലും ദേഹോപദ്രവം ഏല്ക്കുന്നുവെങ്കിൽ പതിന്നാലു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയ്ക്കും പിഴ ശിക്ഷയ്ക്കും ക അർഹനായിരിക്കുന്നതും ആകുന്നു.

116. തടവുനല്കി ശിക്ഷിക്കപ്പെടാവുന്ന കുററത്തിനുള്ള പ്രേരണ നല്കൽകുററം ചെയ്തിട്ടില്ലെങ്കിൽ.—തടവുനല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് പ്രേരണ നല്കുന്ന ഏതൊരാളും, പ്രേരണ നല്കിയതിന്റെ അനന്തരഫലമായി ആ കുററം ചെയ്യപ്പെടുകയും അങ്ങനെയുള്ള പ്രേരണ നല്കലിന് ശിക്ഷ നല്കുവാൻ ഈ നിയമസംഹിതയാൽ പ്രകടമായ യാതൊരു വ്യവസ്ഥയും ചെയ്യപ്പെടുകയും ചെയ്യാതിരിക്കുകയാണെങ്കിൽ, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരുഭാഗത്തോളം ആകാവുന്ന കാലത്തേക്ക് ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആ കുററത്തിന്

വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോനല്കി ശിക്ഷിക്കപ്പെടുന്നതും;

പ്രേരകനോ പ്രേരിപ്പിക്കപ്പെട്ട ആളോ, കുററം തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ഒരു പബ്ലിക്ക് സർവൻറാണെങ്കിൽ.—കൂടാതെ പ്രേരകനോ പ്രേരിപ്പിക്കപ്പെട്ട ആളോ, അങ്ങനെയുള്ള കുററം ചെയ്യുന്നതിനെ തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ഒരു പബ്ലിക്ക് സർവൻറാണെങ്കിൽ, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ പകുതിയോളമാകാവുന്ന കാലത്തേയ്ക്ക്, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കിശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു പബ്ലിക്ക് സർവൻറായ ഖ യുടെ ഔദ്യോഗികച്ചുമതലകൾ നിർവ്വഹിക്കുന്നതിൽ ക യോട് ഏതോ ആനുകൂല്യം കാണിക്കുന്നതിന് പ്രതിഫലമായി ഖ യ്ക്ക് ക കൈക്കൂലി ആഫർ ചെയ്യുന്നു. കൈക്കൂലി സ്വീകരിക്കുവാൻ ഖ വിസമ്മതിക്കുന്നു. ക ഈ വകുപ്പു പ്രകാരം ശിക്ഷാർഹനാകുന്നു.

(ഖ) ക വ്യാജമായ തെളിവ് നല്കുവാൻ ഖ യെ ഉൽസാഹിപ്പിക്കുന്നു. ഇവിടെ ഖ വ്യാജമായ തെളിവ് നല്കുന്നില്ല എന്നിരുന്നാലും ക ഈ വകുപ്പിൽ നിർവ്വചിക്കപ്പെട്ട കുററം ചെയ്തിട്ടുണ്ട്; അതനുസരിച്ച് ശിക്ഷാർഹനുമാകുന്നു.

(ഗ) കവർച്ച തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ക എന്ന പോലീസ് ഉദ്യോഗസ്ഥൻ കവർച്ച ചെയ്യുന്നതിന് പ്രേരണ നല്കുന്നു. ഇവിടെ കവർച്ച ചെയ്യപ്പെട്ടിട്ടില്ലെങ്കിലും, ക ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവു ശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ പകുതി കാലത്തെ തടവുശിക്ഷയ്ക്കും, കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്.

(ഘ) ഖ ഒരു കവർച്ച, ആ കുററം തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള ക എന്ന പോലീസ് ഉദ്യോഗസ്ഥൻ ചെയ്യുന്നതിന് പ്രേരണ നല്കുന്നു. ഇവിടെ, കവർച്ച, ചെയ്യപ്പെട്ടിട്ടില്ലെങ്കിലും, ഖ കവർച്ചക്കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവു ശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ പകുതി കാലത്തെ തടവുശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നു.

117. ഒരു കുററം പൊതുജനങ്ങളോ പത്തിലധികം ആളുകളോ ചെയ്യുന്നതിന് പ്രേരണ നല്കൽ.— ഒരു കുററം മാത്രത്തിൽ പൊതുജനങ്ങളോ അല്ലെങ്കിൽ പത്തിൽ കൂടുതൽ എണ്ണമുള്ള ആളുകളോ പത്തിൽ കൂടുതൽ ആളുകളുള്ള ഒരു വർഗ്ഗമോ ചെയ്യുന്നതിന് പ്രേരണ നല്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവുശിക്ഷയോ പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കിശിക്ഷിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തം

ക പത്തിലധികം അംഗങ്ങൾ ഉൾപ്പെടുന്ന ഒരു വിഭാഗത്തെ, ഒരു എതിറു വിഭാഗത്തിലെ അംഗങ്ങളെ ഘോഷയാത്രയായി പോകുമ്പോൾ ആക്രമിക്കന്നർ

തിനായി നിശ്ചിതമായ ഒരു സമയത്തും സ്ഥലത്തും കൂടിച്ചേരുവാൻ ഉൽസാഹിപ്പിക്കുന്ന ഒരു പ്ലാക്കാർഡ് ഒരു പൊതുസ്ഥലത്ത് പതിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

118. മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ നല്കാവുന്ന കുററം ചെയ്യുവാനുള്ള പദ്ധതി ഒളിച്ചുവയ്ക്കൽ.— മരണ ശിക്ഷയോ, ജീവപര്യന്തത്തടവുശിക്ഷയോ നല്കാവുന്ന ഒരു കുററം ചെയ്യുന്നത് സുകരമാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുവാനുള്ള ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളത് സ്വേച്ഛയാ ഒളിച്ചുവയ്ക്കുകയോ, അങ്ങനെയുള്ള പദ്ധതി സംബന്ധിച്ച് വ്യാജമാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും ധരിപ്പിക്കുകയോ ചെയ്യുന്നതു വഴി താൻ അങ്ങനെയുള്ള കുററം ചെയ്യുന്നത് സുകരമാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ഏതെങ്കിലും കൃത്യത്താലോ നിയമ വിരുദ്ധമായ കൃത്യവിലോപത്താലോ അങ്ങനെ ഒളിച്ചുവയ്ക്കുകയോ ധരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, —

കുററം ചെയ്താൽ ,— ആ കുററം ചെയ്യപ്പെട്ടാൽ ഏഴുവർഷംവരെയാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും; അല്ലെങ്കിൽ,

കുററം ചെയ്തില്ലെങ്കിൽ .— കുററം ചെയ്യപ്പെടാത്ത പക്ഷം മൂന്നു വർഷംവരെയാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു; കൂടാതെ ഇതിൽ ഏത് സംഗതിയിലും പിഴ ശിക്ഷയ്ക്കും അർഹനാകുന്നതാണ്.

### ദൃഷ്ടാന്തം

ഖ എന്ന സ്ഥലത്തു വച്ച് കൂട്ടായ്മക്കവർച്ച നടത്തപ്പെടുവാൻ പോകുന്നുവെന്നറിഞ്ഞുകൊണ്ട് അതിന് എതിരായ ദിക്കിലുള്ള ഗ എന്ന സ്ഥലത്തു വച്ച് ഒരു കൂട്ടായ്മക്കവർച്ച നടത്തപ്പെടുവാൻ പോകുന്നുവെന്ന് വ്യാജമായി ക മജിസ്ട്രേട്ടിനെ അറിയിക്കുകയും തദ്വാരാ ആ കുററം ചെയ്യുന്നത് സുകരമാക്കണമെന്ന ഉദ്ദേശത്തോടുകൂടെ മജിസ്ട്രേട്ടിനെ വഴി തെററിക്കുകയും ചെയ്യുന്നു. പദ്ധതിയനുസരിച്ച് ഖ യിൽവച്ച് കൂട്ടായ്മക്കവർച്ച നടത്തപ്പെടുന്നു. ക ഈ വകുപ്പു പ്രകാരം ശിക്ഷാർഹനാകുന്നു.

119. കുററം ചെയ്യുവാനുള്ള പദ്ധതി, ആ കുററം ചെയ്യുന്നതിനെ തടയുന്നത് തന്റെ കർത്തവ്യമായിട്ടുള്ള പബ്ലിക്ക് സർവന്റ് ഒളിച്ചുവയ്ക്കുന്നത് .— ഒരു പബ്ലിക് സർവന്റായിരിക്കുകയും, അങ്ങനെയുള്ള പബ്ലിക്ക് സർവന്റെന്ന നിലയിൽ ഏത് കുററം ചെയ്യുന്നതിനെ തടയുന്നത് തന്റെ കർത്തവ്യമാണോ, അങ്ങനെയുള്ള ഒരു കുററം ചെയ്യുന്നത് സുകരമാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുവാനുള്ള ഒരു പദ്ധതി സംബന്ധിച്ച് വ്യാജമാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും ധരിപ്പിക്കുകയോ ചെയ്യുന്നതുവഴി താൻ അങ്ങനെയുള്ള കുററം ചെയ്യുന്നത് സുകരമാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ഏതെങ്കിലും കൃത്യത്താലോ നിയമവിരുദ്ധമായ കൃത്യവിലോപത്താലോ അങ്ങനെ ഒളിച്ചുവയ്ക്കുകയോ ധരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ,—

കുററം ചെയ്താൽ —, ആ കുററം ചെയ്യപ്പെട്ടാൽ, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ

പകുതിയോളം നല്കാവുന്ന കാലത്തേക്ക്, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതും; അല്ലെങ്കിൽ

കുററം മരണശിക്ഷയോ മററോ നല്കി ശിക്ഷിക്കാവുന്നതാണെങ്കിൽ .— കുററം മരണശിക്ഷയോ ജീവപര്യന്തത്തടവു ശിക്ഷയോ നൽകി ശിക്ഷിക്കാവുന്നതാണെങ്കിൽ, പത്തുവർഷം വരെ ആകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടേണ്ടതും; അല്ലെങ്കിൽ

കുററം ചെയ്തില്ലെങ്കിൽ .— കുററം ചെയ്യപ്പെടാത്തപക്ഷം ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയിൽ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗത്തോളമാകാവുന്ന കാലത്തേയ്ക്കു ആ കുററത്തിന്‌വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ടതടവുശിക്ഷയോ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതും,
ആകുന്നു.

### ദൃഷ്ടാന്തം.

തന്റെ അറിവിൽപ്പെടുന്ന, കവർച്ച ചെയ്യുവാനുള്ള പദ്ധതികളെല്ലാം സംബന്ധിച്ച് അറിവ് നല്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ക എന്ന പോലീസ് ഉദ്യോഗസ്ഥൻ ഖ യ്ക്ക് കവർച്ച ചെയ്യുവാനുള്ള ഒരു പദ്ധതി ഉണ്ടെന്നറിഞ്ഞുകൊണ്ട്, ആ കുററം ചെയ്യുന്നത് സുകരമാക്കണമെന്ന ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള അറിവ് നല്കുന്നതിൽ കൃത്യവിലോപം വരുത്തുന്നു. ഇവിടെ നിയമവിരുദ്ധമായ ഒരു കൃത്യവിലോപത്താൽ ഖ യ്ക്ക് പരാതി ഉണ്ടെന്നുള്ളത് ക ഒളിച്ചുവെച്ചിട്ടുണ്ട്; ഈ വകുപ്പിലെ വ്യവസ്ഥയനുസരിച്ച് അയാാം ശിക്ഷാർഹനാകുന്നതുമാണ്.

120. തടവ് നൽകി ശിക്ഷിക്കാവുന്ന കുററംചെയ്യുവാനുള്ള പദ്ധതി ഒളിച്ചു വയ്ക്കൽ :— തടവ് നൽകി ശിക്ഷിക്കാവുന്ന ഒരു കുററം ചെയ്യുന്നത് സുകരമാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുവാനുള്ള ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളത് സ്വേച്ഛയാ ഒളിച്ചുവയ്ക്കുകയോ അങ്ങിനെയുള്ള പദ്ധതി സംബന്ധിച്ച് വ്യാജമാണെന്ന് തനിക്കറിയാവുന്ന ഏതെങ്കിലും ധരിപ്പിക്കുകയോ ചെയ്യുന്നതുവഴി താൻ അങ്ങനെയുള്ള കുററം ചെയ്യുന്നത് സുകരമാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ, ഏതെങ്കിലും കൃത്യത്താലോ നിയമവിരുദ്ധമായ കൃത്യവിലോപത്താലോ അങ്ങനെ ഒളിച്ചുവയ്ക്കുകയോ ധരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും,

കുററം ചെയ്താൽ .— ആ കുററം ചെയ്യപ്പെട്ടാൽ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയിൽ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗത്തോളവും ;

കുററം ചെയ്തില്ലെങ്കിൽ .— ആ കുററം ചെയ്യപ്പെട്ടില്ലെങ്കിൽ എട്ടിലൊരു ഭാഗത്തോളവും,

ആകാവുന്ന കാലത്തേക്ക് ആകുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം V

# കുററകരമായ ഗൂഢാലോചന

120ക. കുററകരമായ ഗൂഢാലോചനയുടെ നിർവ്വചനം .— രണ്ടോ രണ്ടിലധികമോ ആളുകൾ,—

(1) നിയമവിരുദ്ധമായ ഒരു കൃത്യം, അല്ലെങ്കിൽ

(2) നിയമവിരുദ്ധമല്ലാത്ത ഒരു കൃത്യം,

നിയമ വിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ, ചെയ്യാമെന്നോ, ചെയ്യിക്കാമെന്നോ പരസ്പരം സമ്മതിക്കുമ്പോൾ, അങ്ങനെയുള്ള കരാറിന് കുററകരമായ ഗൂഢാലോചനയെന്ന് പേർ പറയുന്നു :

എന്നാൽ കുററം ചെയ്യാമെന്നുള്ള പരസ്പരസമ്മതമല്ലാത്ത യാതൊരു പരസ്പരസമ്മതവും, ആ പരസ്പരസമ്മതത്തെത്തുടർന്ന് അതിലെന്നോ ഒന്നിലധികമോ കക്ഷികൾ ആ പരസ്പര സമ്മതത്തിന് പുറമെ ഏതെങ്കിലും കൃത്യം ചെയ്യാത്തപക്ഷം, കുററകരമായ ഗൂഢാലോചനയായിത്തീരുന്നതല്ല.

വിശദീകരണം .— ആ നിയമവിരുദ്ധമായ കൃത്യം അങ്ങനെയുള്ള പരസ്പരസമ്മതത്തിന്റെ അന്തിമമായ ഉദ്ദേശ്യമോ ആ ഉദ്ദേശ്യത്തിന് ആനുഷംഗികം മാത്രമായതോ ആണെന്നുള്ള സംഗതി സാരമുള്ളതല്ല.

120ഖ. കുററകരമായ ഗൂഢാലോചനയ്ക്കുള്ള ശിക്ഷ .— (1) മരണശിക്ഷയോ ജീവപര്യന്തത്തടവു ശിക്ഷയോ രണ്ടുവർഷത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ ഉള്ള കഠിനതടവുശിക്ഷയോ നല്കി ശിക്ഷിക്കാവുന്ന ഒരു കുററം ചെയ്യുവാനുള്ള കുററകരമായ ഒരു ഗൂഢാലോചനയിൽ കക്ഷിയായ ഏതൊരാളും, അങ്ങനെയുള്ള ഗൂഢാലോനചയ്ക്ക് ശിക്ഷ നല്കുവാൻ ഈനിയമസംഹിതയിൽ പ്രകടമായയാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലാത്തിടത്ത്, അയാൾ അങ്ങനെയുള്ള കുററത്തിന് പ്രേരണനല്കിയിരുന്നുവെങ്കിൽ ഏത് പോലെയോ, അതുപോലെതന്നെ ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) മേല്പറഞ്ഞ പ്രകാരം ശിക്ഷാർഹമായ ഒരു കുററം ചെയ്യുവാനുള്ള കുററകരമായ ഒരു ഗൂഢാലോചനയല്ലാത്ത കുററകരമായ ഒരു ഗൂഢാലോചനയിൽ കക്ഷിയായ ഏതൊരാളും ആറുമാസത്തിൽ കവിയാത്ത കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം VI

### സ്റേററിന് എതിരായ കുററങ്ങളെക്കുറിച്ച്

121. ഇൻഡ്യാഗവൺമെൻറിന് എതിരായി യുദ്ധം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ യുദ്ധം ചെയ്യുന്നതിന് പ്രേരണ നല്കുകയോ ചെയ്യുന്നത് .— ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധം ചെയ്യുകയോ അങ്ങനെ യുദ്ധം ചെയ്യുവാൻ ശ്രമിക്കുകയോ അങ്ങനെ യുദ്ധം ചെയ്യുന്നതിന് പ്രേരണ നല്കുകയോ ചെയ്യുന്ന ഏതൊരാളും മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കും കൂടി അർഹനാകുന്നതുമാണ്.

### ദൃഷ്ടാന്തം.

ക ഇൻഡ്യാഗവൺമെൻറിനെതിരായ ഒരു കലാപത്തിൽ ചേരുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

121 ക. 121-ാം വകുപ്പു പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുററങ്ങൾ ചെയ്യുന്നതിനുള്ള ഗൂഢാലോചന .— ഇൻഡ്യയ്ക്കകത്തോ പുറത്തോ, 121-ാം വകുപ്പു പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുററങ്ങളിൽ ഏതെങ്കിലും ചെയ്യുവാൻ ഗൂഢാലോചന നടത്തുകയോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിനേയോ ഏതെങ്കിലും സ്റേററു ഗവൺമെൻറിനേയോ, കുററകരമായ ബലപ്രയോഗത്താലോ കുററകരമായ ബലപ്രകടനത്താലോ ഭയാകുലമാക്കുവാൻ ഗൂഢാലോചന നടത്തുകയോ ചെയ്യുന്ന ഏതൊരാളും, ജീവപര്യന്തത്തടവുശിക്ഷയോ പത്തു വർഷത്തോളമാകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

വിശദീകരണം .— ഈ വകുപ്പു പ്രകാരമുള്ള ഒരു ഗൂഢാലോചന രൂപം കൊള്ളുന്നതിന് ഗൂഢാലോചനയെത്തുടർന്ന് ഏതെങ്കിലും കൃത്യമോ നിയമ വിരുദ്ധമായ കൃത്യവിലോപമോ നടന്നിരിക്കണമെന്നില്ല.

122. ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ആയുധങ്ങളും മററും ശേഖരിക്കുന്നത് .— ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധം ചെയ്യണമെന്നോ അല്ലെങ്കിൽ യുദ്ധം ചെയ്യുന്നതിന് ഒരുക്കം കൂട്ടണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി ആളുകളേയോ ആയുധങ്ങളോ വെടിക്കോപ്പുകളോ ശേഖരിക്കുകയോ യുദ്ധം ചെയ്യുവാനായി മററു പ്രകാരത്തിൽ ഒരുക്കം കൂട്ടുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവു ശിക്ഷയോ അല്ലെങ്കിൽ പത്തുവർഷത്തിൽ കവിയാത്ത കാലത്തേയ്ക്കു രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കിശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

123. യുദ്ധം ചെയ്യുന്നതിനുള്ള പദ്ധതി സുകരമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒളിച്ചുവയ്ക്കുന്നത് .— ഇൻഡ്യാഗവൺമെൻറിനെതിരായി യുദ്ധം ചെയ്യുവാനുള്ള ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളത് ഒളിച്ചു വയ്ക്കുന്നതു വഴി അങ്ങനെയുള്ള യുദ്ധം ചെയ്യൽ സുകരമാക്കണമെന്നു ഉദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ അങ്ങനെ ഒളിച്ചുവയ്ക്കുന്നത് അങ്ങനെയുള്ള യുദ്ധം ചെയ്യൽ സുകരമാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ, ഏതെങ്കിലും കൃത്യത്താലോ നിയമവിരുദ്ധമായ കൃത്യവിലോപത്താലോ അങ്ങനെ ഒളിച്ചു വയ്ക്കുന്ന ഏതൊരാളും പത്തുവർഷം വരെ ആകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അഹർനാകുന്നതുമാണ്.

124. നിയമ പ്രകാരമുള്ള ഏതെങ്കിലും അധികാരം പ്രയോഗിക്കുവാൻ നിർബന്ധിക്കുകയോ പ്രയോഗിക്കുന്നതിനെ തടസ്സം ചെയ്യുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി രാഷ്ട്രപതി, ഗവർണ്ണർ മുതലായവരെ കൈയേററംചെയ്യുന്നത്.-ഇൻഡ്യയുടെ രാഷ്ട്രപതിയേയോഏതെങ്കിലുംസ്റേററിലെ ഗവർണ്ണറേയോ അങ്ങനെയുള്ള രാഷ്ട്രപതിയുടേയോ ഗവർണ്ണരുടേയോ നിയമപ്രകാരമുള്ള അധികാരങ്ങളിലേതെങ്കിലും, ഏതെങ്കിലും രീതിയിൽ പ്രയോഗിക്കുകയോ പ്രയോഗിക്കാതിരിക്കുകയോ ചെയ്യുന്നതിനെ പ്രചോദ

പ്പിക്കുകയോ ചെയ്യുവാൻ നിർബന്ധിക്കുകയോ, ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി, അങ്ങനെയുള്ള രാഷ്ട്രപതിയേയോ, ഗവർണ്ണറേയോ കൈയേററം ചെയ്യുകയോ അന്യായമായി തടസ്സം ചെയ്യുകയോ അന്യായമായ തടസ്സം ചെയ്യുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ കുററകരമായ ബലപ്രയോഗത്താലോ കുററകരമായ ബലപ്രകടനത്താലോ ഭയാകുലനാക്കുകയോ ഭയാകുലനാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷം വരെയാകാവുന്ന കാലത്തേയ്ക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

124ക. രാജ്യദ്രോഹം .—1 പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപണത്താലോ, മററു പ്രകാരത്തിലോ, ഇൻഡ്യയിൽ നിയമപ്രകാരം സ്ഥാപിക്കപ്പെട്ട ഗവൺമെൻറിൻെറ പേരിൽ വെറുപ്പോ നിന്ദയോ ജനിപ്പിക്കുകയോ ജനിപ്പിക്കുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ അപ്രീതി ഉദ്ദീപിപ്പിക്കുകയോ ഉദ്ദീപിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും പിഴകൂടി ചേർക്കാവുന്ന ജീവപര്യന്തത്തടവുശിക്ഷയോ അല്ലെങ്കിൽ പിഴകൂടി ചേർക്കാവുന്ന മൂന്നുവർഷത്തോളമാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം .— "അപ്രീതി" എന്ന പദത്തിൽ കൂറില്ലായ്മയും ശത്രുതാപരമായ എല്ലാ വികാരങ്ങളും ഉൾപ്പെടുന്നു.

വിശദീകരണം 2 .— ഗവൺമെൻറിൻെറ നടപടികളെ, നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെഭേദപ്പെടുത്തി കിട്ടുക എന്ന ലക്ഷ്യത്തോടെ, വെറുപ്പോ നിന്ദയോ അപ്രീതിയോ ഉദ്ദീപിപ്പിക്കുകയോ ഉദ്ദീപിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ അവയെക്കുറിച്ച് പ്രതികൂലാഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടുള്ള വിമർശനങ്ങൾ ഈ വകുപ്പു പ്രകാരമുള്ളകുററമാകുന്നതല്ല.

വിശദീകരണം 3 .— ഗവൺമെൻറിൻെറ ഭരണപരമോ മററു വിധത്തിലുള്ളതോ ആയ പ്രവർത്തനങ്ങളെക്കുറിച്ച് വെറുപ്പോ നിന്ദയോ അപ്രീതിയോ ഉദ്ദീപിപ്പിക്കുകയോ ഉദ്ദീപിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ പ്രതികൂലാഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടുള്ള വിമർശങ്ങൾ ഈ വകുപ്പുപ്രകാരമുള്ള കുററമാകുന്നതല്ല.

125. ഇൻഡ്യാഗവൺമെൻറുമായി സഖ്യത്തിലുള്ള ഏതെങ്കിലും ഏഷ്യൻ ശക്തിക്കെതിരായി യുദ്ധം ചെയ്യുന്നത് .— ഇൻഡ്യാഗവൺമെൻറുമായി സഖ്യത്തിലോ സമാധാനത്തിലോ കഴിയുന്ന ഏതെങ്കിലും ഏഷ്യൻ ശക്തിയുടെ ഗവൺമെൻറിനെതിരായി യുദ്ധം ചെയ്യുകയോ അങ്ങനെയുള്ള യുദ്ധം ചെയ്യുവാൻ ശ്രമിക്കുകയോ അങ്ങനെയുള്ള യുദ്ധം ചെയ്യുവാൻ പ്രേരണനല്കുകയോ ചെയ്യുന്ന ഏതൊരാളും പിഴകൂടി ചേർക്കാവുന്ന ജീവപര്യന്തത്തടവുശിക്ഷയോ പിഴകൂടി ചേർക്കാവുന്ന ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

126. ഇൻഡ്യാഗവൺമെൻറുമായി സമാധാനത്തിൽ കഴിയുന്ന ശക്തിയുടെ രാജ്യക്ഷേത്രങ്ങളിൽ കൊള്ളയടിക്കുന്നത് .— ഇൻഡ്യാഗവൺമെൻറുമായി സഖ്യത്തിലോ സമാധനത്തിലോ കഴിയുന്ന ഏതെങ്കിലും ശക്തിയുടെ രാജ്യക്ഷേത്രങ്ങളിൽ കൊള്ളയടിക്കുകയോ കൊള്ളയടിക്കുവാൻ

ഒരുക്കുകൂട്ടുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്നകാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും അങ്ങനെ കൊള്ളയടിക്കുന്നതിന് ഉപയോഗിച്ചതോ ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചതോ അല്ലെങ്കിൽ അങ്ങനെയുള്ള കൊള്ളയടിയാൽ ആർജ്ജിച്ചതോ ആയ ഏതെങ്കിലും വസ്തു കണ്ടുകെട്ടലിന് വിധേയമാകുന്നതുമാണ്.

127. 125-ം 126-ം വകുപ്പുകളിൽ പ്രസ്താവിച്ച യുദ്ധത്താലോ കൊള്ളയടിയാലോ എടുത്ത വസ്തു സ്വീകരിക്കുന്നത് .— 125-ം 126-ം വകുപ്പുകളിൽ പ്രസ്താവിച്ച കുററങ്ങളിൽ ഏതെങ്കിലും ചെയ്യുന്നതിൽ എടുത്തതാണ് എന്ന് അറിഞ്ഞുകൊണ്ട് ഏതെങ്കിലും വസ്തു സ്വീകരിക്കുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും അപ്രകാരം സ്വീകരിച്ച വസ്തു കണ്ടുകെട്ടലിന് വിധേയമാകുന്നതുമാണ്.

128. പബ്ലിക്ക് സർവന്റ് സ്റേററ് തടവുകാരനേയോ യുദ്ധത്തടവുകാരനേയോ രക്ഷപ്പെടുവാൻ സ്വേച്ഛയാ അനുവദിക്കുന്നത് .— ഒരു പബ്ലിക്ക് സർവ്വന്റും ഏതെങ്കിലും സ്റേററ് തടവുകാരന്റേയോ യുദ്ധത്തടവുകാരന്റേയോ കസ്ററഡിയുള്ളവനും ആയിരിക്കവേ, അങ്ങനെയുള്ള തടവുകാരനെ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും സ്ഥലത്തുനിന്ന് രക്ഷപ്പെടുവാൻ സ്വേച്ഛയാ അനുവദിക്കുന്ന ഏതൊരാളും ജീവപര്യന്തതടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

129. പബ്ലിക്ക് സർവ്വന്റ് തന്റെ ഉപേക്ഷയാൽ അങ്ങനെയുള്ള തടവുകാരൻ രക്ഷപ്പെടുവാൻ ഇടയാക്കുന്നത് .— ഒരു പബ്ലിക് സർവന്റും ഏതെങ്കിലും സ്റേററ് തടവുകാരന്റേയോ യുദ്ധത്തടവുകാരന്റേയോ കസ്ററഡിയുള്ളവനും ആയിരിക്കവേ, അങ്ങനെയുള്ള തടവുകാരനെ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും സ്ഥലത്തുനിന്ന് രക്ഷപ്പെടുവാൻ തന്റെ ഉപേക്ഷമൂലം ഇടയാക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

130. അങ്ങനെയുള്ള തടവുകാരനെ രക്ഷപ്പെടുവാൻ സഹായിക്കുകയോ രക്ഷപ്പെടുത്തുകയോ ആയാൾക്ക് സംശ്രയം നല്കുകയോചെയ്യുന്നത്.— ഏതെങ്കിലും സ്റേററ് തടവുകാരനേയോ യുദ്ധത്തടവുകാരനേയോ നിയമപ്രകാരമുള്ള സൂക്ഷിപ്പിൽ നിന്ന് രക്ഷപ്പെടുന്നതിൽ അറിഞ്ഞു കൊണ്ട് സഹായമോ തുണയോ നല്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും തടവുകാരനെ രക്ഷപ്പെടുത്തുകയോ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ നിയമ പ്രകാരമുള്ള സൂക്ഷിപ്പിൽ നിന്ന് രക്ഷപ്പെട്ട അങ്ങനെയുള്ള ഏതെങ്കിലും തടവുകാരന് സംശ്രയം നൽകുകയോ അയാളെ ഒളിപ്പിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തടവുകാരനെ തിരിയെ പിടിക്കുന്നത് ഏതെങ്കിലും വിധത്തിൽ എതിർക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ടതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

വിശദീകരണം.—ഇൻഡ്യയിൽ ചില അതിർത്തികൾക്കുള്ളിൽ പരോളിൽ മോചനം അനുവദിക്കപ്പെട്ടിട്ടുള്ള സ്റേററ് തടവുകാരനോ യുദ്ധത്തടവുകാരനോ, തനിക്കു മോചനം അനുവദിച്ചിട്ടുള്ള അതിർത്തികൾക്കു പുറത്ത് പോകുന്നുവെങ്കിൽ നിയമപ്രകാരമുള്ള സൂക്ഷിപ്പിൽനിന്ന് രക്ഷപ്പെടുന്നതായി പറയുന്നു.

## അദ്ധ്യായം VII

# കരസേനയും നാവികസേനയും വ്യോമസേനയും സംബന്ധിച്ച് കുററങ്ങളെക്കുറിച്ച്

131. വിദ്രോഹത്തിന് പ്രേരണ നല്കുകയോ അല്ലെങ്കിൽ ഒരു സൈനികനേയോ നാവികനേയോ വൈമാനികനേയോ അയാളുടെ കർത്തവ്യത്തിൽ നിന്ന് വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നത്.— ഇൻഡ്യാഗവൺമെൻറിൻെറ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സൈനികനോ നാവികനോ വൈമാനികനോ ചെയ്യുന്ന വിദ്രോഹത്തിന് പ്രേരണ നല്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനേയോ സൈനികനേയോ നാവികനേയോ വൈമാനികനേയോ സ്റേററിനോടുള്ള അയാളുടെ കൂറിൽനിന്നോ അയാളുടെ കർത്തവ്യത്തിൽ നിന്നോ വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

വിശദീകരണം.—ഈ വകുപ്പിൽ ''ഉദ്യോഗസ്ഥൻ'' ''സൈനികൻ'', ''നാവികൻ'' ''വൈമാനികൻ'' എന്നീ വാക്കുകളിൽ, അതതു സംഗതിപോലെ, ആർമി ആക്ററിനോ കരസേന ആക്ററ് 1950-നോ (1950-ലെ 46) നേവൽ ഡിസിപ്ലിൻ ആക്ററിനോ ഇൻഡ്യൻ നാവിക (അച്ചടക്ക) ആക്ററ് 1934-നോ (1934-ലെ 34) എയർഫോഴ്സ് ആക്ററിനോ വ്യോമസേനാ ആക്ററ് 1950-നോ (1950-ലെ 45) വിധേയനായ ഏത് ആളും ഉൾപ്പെടുന്നു.

132. വിദ്രോഹത്തിന് പ്രേരണ നല്കൽ—തൽഫലമായി വിദ്രോഹം ചെയ്യപ്പെടുന്നു എങ്കിൽ.—ഇൻഡ്യാഗവൺമെൻറിൻെറ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സൈനികനോ നാവികനോ വൈമാനികനോ ചെയ്യുന്ന വിദ്രോഹത്തിന് പ്രേരണ നല്കുന്ന ഏതൊരാളും ആ പ്രേരണ നല്കലിൻെറ അനന്തരഫലമായി വിദ്രോഹം ചെയ്യപ്പെടുന്നുവെങ്കിൽ, മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ പത്തുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലുംതരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

133. സൈനികനോ നാവികനോ വൈമാനികനോ തൻെറ ഔദ്യോഗിക കർത്തവ്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മേലുദ്യോഗസ്ഥനെ കൈയേററം ചെയ്യുന്നതിന് പ്രേരണ നല്കൽ.—ഇൻഡ്യാഗവൺമെൻറിൻെറ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സൈനികനോ നാവികനോ വൈമാനികനോ ഏതെങ്കിലും മേലുദ്യോഗസ്ഥനെ

തന്റെ ഔദ്യോഗിക കർത്തവ്യം നിർവ്വഹിച്ചുകൊണ്ടിരിക്കവേ കൈയേററം ചെയ്യുന്നതിന് പ്രേരണ നല്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

134. അങ്ങനെയുള്ള കൈയേററത്തിന് പ്രേരണ നല്കൽ:—കൈയേററം ചെയ്യുന്നുവെങ്കിൽ.—ഇൻഡ്യാഗവൺമെൻറിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സൈനികനോ നാവികനോ വൈമാനികനോ ഏതെങ്കിലും മേലുദ്യോഗസ്ഥനെ, തന്റെ ഔദ്യോഗിക കർത്തവ്യം നിർവ്വഹിച്ചുകൊണ്ടിരിക്കവെ കൈയേററം ചെയ്യുന്നതിന് പ്രേരണ നല്കുന്ന ഏതൊരാളും, ആ പ്രേരണ നല്കലിന്റെ അനന്തരഫലമായി അങ്ങനെയുള്ള കൈയേററം ചെയ്യപ്പെടുന്നുവെങ്കിൽ ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

135. സൈനികനോ, നാവികനോ, വൈമാനികനോ ഡെസർട്ട് ചെയ്യുന്നതിന് പ്രേരണ നല്കൽ.—ഇൻഡ്യാഗവൺമെൻറിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സൈനികനോ നാവികനോ വൈമാനികനോ ഡെസർട്ട് ചെയ്യുന്നതിന് പ്രേരണ നൽകുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

136. ഡെസർട്ടു ചെയ്ത ഒരാൾക്ക് സംശ്രയം നല്കുന്നത്.—ഇതിനു ശേഷം ഒഴിവാക്കപ്പെട്ടിട്ടുള്ള വിധത്തിലൊഴികെ ഇൻഡ്യാഗവൺമെൻറിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സൈനികനോ നാവികനോ വൈമാനികനോ ഡെസർട്ട് ചെയ്തിരിക്കുന്നു എന്ന് അറിഞ്ഞിട്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, അങ്ങനെയുള്ള ഉദ്യോഗസ്ഥനോ സൈനികനോ നാവികനോ വൈമാനികനോ സംശ്രയം നല്കുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

അപവാദം.—സംശ്രയം ഭാര്യ തന്റെ ഭർത്താവിന് നല്കുന്ന സംഗതിയിലേക്ക് ഈ വ്യവസ്ഥ വ്യാപിക്കുന്നതല്ല.

137. ഡെസർട്ട് ചെയ്ത ഒരാൾ കച്ചവടക്കപ്പലിൽ അതിന്റെ മാസ്ററരുടെ ഉപേക്ഷ മൂലം ഒളിച്ചിരിക്കുന്നത്.—ഇൻഡ്യാഗവൺമെൻറിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ നിന്ന് ഡെസർട്ടു ചെയ്ത ഏതെങ്കിലും ആൾ ഒളിച്ചിരിക്കുന്ന ഒരു കച്ചവടക്കപ്പലിന്റെ മാസ്ററർ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ഒരാൾ, അങ്ങനെ ഒളിച്ചിരിക്കുന്നതിനെപ്പററി അജ്ഞനാണെങ്കിലും അങ്ങനെയുള്ള മാസ്ററർ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആൾ എന്ന നിലയ്ക്കുള്ള തന്റെ കർത്തവ്യത്തിന്റെ വല്ല ഉപേക്ഷയുടേയോ കപ്പലിൽ വച്ച് വല്ല അച്ചടക്കമില്ലായ്മയുടേയോ അഭാവത്തിൽ അങ്ങനെ ഒളിച്ചു വച്ചിരിക്കുന്നത് തനിക്ക് അറിയുവാൻ കഴിയുമായിരുന്നുവെങ്കിൽ അഞ്ഞൂറു രൂപയിൽ കവിയാത്ത ദണ്ഡനത്തിന് അർഹനാകുന്നതാണ്.

138. സൈനികന്റേയോ നാവികന്റേയോ വൈമാനികന്റേയോ ധിക്കാരപരമായ കൃത്യവിലോപത്തിന് പ്രേരണ നല്കൽ.—ഇൻഡ്യാഗവൺമെൻറിന്റെ

കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റേയോ സൈനികന്റേയോ നാവികന്റേയോ വൈമാനികന്റേയോ ധിക്കാരപരമായതാണെന്ന് തനിക്കറിയാവുന്ന ഒരു കൃത്യത്തിന് പ്രേരണ നല്കുന്ന ഏതൊരാളും, ആ പ്രേരണ നല്കലിന്റെ അനന്തരഫലമായി അങ്ങനെയുള്ള ധിക്കാരപരമായ കൃത്യം ചെയ്യപ്പെടുന്നുവെങ്കിൽ, ആറു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

138 ക. [റദ്ദാക്കപ്പെട്ടു]

139. ചില ആക്ററുകൾക്ക് വിധേയരായ ആളുകൾ.—ആർമി ആക്ററിനോ 1950-ലെ കരസേനാ ആക്ററിനോ (1950-ലെ 46) നേവൽ ഡിസിപ്ലിൻ ആക്ററിനോ 1934-ലെ ഇൻഡ്യൻ നാവിക (അച്ചടക്ക) ആക്ററിനോ (1934-ലെ 36) എയർഫോഴ്സ് ആക്ററിനോ 1950-ലെ വ്യോമസേനാ ആക്ററിനോ (1950-ലെ 45) വിധേയനായ യാതൊരാളും ഈ അദ്ധ്യായത്തിൽ നിർവചിച്ച കുററങ്ങളിൽ ഏതിനെങ്കിലും ഈ നിയമസംഹിതപ്രകാരം ശിക്ഷയ്ക്കു വിധേയനാകുന്നതല്ല.

140. സൈനികനോ നാവികനോ വൈമാനികനോ ഉപയോഗിക്കാറുള്ള ഉടുപ്പ് ധരിക്കുകയോ ടോക്കൺ കൊണ്ടുനടക്കുകയോ ചെയ്യുന്നത്.—ഇൻഡ്യാ ഗവൺമെൻറിന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ സേവനമനുഷ്ഠിക്കുന്ന സൈനികനോ നാവികനോ വൈമാനികനോ അല്ലാതിരിക്കേ, താൻ അങ്ങനെയുള്ള സൈനികനോ നാവികനോ വൈമാനികനോ ആണെന്ന് വിശ്വസിക്കപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള സൈനികനോ നാവികനോ വൈമാനികനോ ഉപയോഗിക്കാറുള്ള ഏതെങ്കിലും ഉടുപ്പിന്നോ ടോക്കണോ സദൃശമായ ഏതെങ്കിലും ഉടുപ്പ് ധരിക്കുകയോ ടോക്കൺ കൊണ്ടുനടക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം VIII

## പൊതുപ്രശാന്തിക്കെതിരായ കുററങ്ങളെക്കുറിച്ച്

141. നിയമവിരുദ്ധസംഘം.—അഞ്ചോ അഞ്ചിലധികമോ ആളുകളുടെ സംഘത്തിന്, ആ സംഘമായിത്തീരുന്ന ആളുകളുടെ പൊതു ഉദ്ദേശ്യം—

ഒന്നാമത്,—കേന്ദ്രഗവൺമെൻറിനേയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിനേയോ പാർലമെൻറിനേയോ ഏതെങ്കിലും സ്റേററിലെ നിയമനിർമ്മാണ മണ്ഡലത്തേയോ ഏതെങ്കിലും പബ്ലിക്ക്സർവൻറിന്റെ നിയമപ്രകാരമുള്ള അധികാരം പ്രയോഗിക്കുന്നതിൽ അങ്ങനെയുള്ള പബ്ലിക്സർവൻറിനേയോ കുററകരമായ ബലപ്രയോഗത്താലോ കുററകരമായ ബലപ്രകടനത്താലോ ഭയാകുലമാക്കുകയോ, അല്ലെങ്കിൽ

രണ്ടാമത്.—ഏതെങ്കിലും നിയമമോ നിയമപരമായ പ്രോസസ്സോ നടത്തുന്നത് എതിർക്കുകയോ, അല്ലെങ്കിൽ

മൂന്നാമത്.—ഏതെങ്കിലും ദ്രോഹമോ കുററകരമായ വസ്തു കൈയേററമോ മററു കുററമോ ചെയ്യുകയോ, അല്ലെങ്കിൽ

നാലാമത്.—ഏതെങ്കിലും ആളുടെ നേർക്കുള്ള കുററകരമായ ബലപ്രയോഗത്താലോ കുററകരമായ ബലപ്രകടനത്താലോ ഏതെങ്കിലും വസ്തു കൈവശം എടുക്കുകയോ കൈവശം ലഭിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് അങ്ങനെയുള്ള വഴിനടപ്പ് അവകാശത്തിൻേറയോ വെള്ളം ഉപയോഗിക്കുവാനുള്ള അവകാശത്തിൻേറയോ അയാളുടെ കൈവശത്തിലോ അനുഭവത്തിലോ ഉള്ള മററു അമൂർത്താവകാശത്തിൻേറയോ അനുഭവം അയാൾക്ക് ഇല്ലാതാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും അവകാശമോ, ഉണ്ടെന്ന് കരുതപ്പെടുന്ന അവകാശമോ പ്രാവർത്തികമാക്കുകയോ, അല്ലെങ്കിൽ

അഞ്ചാമത്—കുററകരമായ ബലപ്രയോഗത്താലോ കുററകരമായ ബലപ്രകടനത്താലോ ഏതെങ്കിലും ആളെ, അയാൾ ചെയ്യുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനല്ലാത്തത് ചെയ്യുവാനോ അല്ലെങ്കിൽ അയാൾക്ക് ചെയ്യുവാൻ നിയമപ്രകാരം അവകാശമുള്ളതു ചെയ്യാതിരിക്കുന്നതിനോ അയാളെ നിർബന്ധിക്കുകയോ, ചെയ്യുക എന്നതാണെങ്കിൽ, നിയമവിരുദ്ധസംഘം എന്നു പേർ പറയുന്നു.

വിശദീകരണം.—സംഘം ചേർന്നപ്പോൾ നിയമവിരുദ്ധമല്ലാതിരുന്ന ഒരു സംഘം പിന്നീട് ഒരു നിയമവിരുദ്ധസംഘമായിത്തീരാവുന്നതാണ്.

142. നിയമവിരുദ്ധസംഘത്തിലെ അംഗമായിരിക്കുന്നത്.—ഏതെങ്കിലും സംഘത്തെ ഒരു നിയമവിരുദ്ധസംഘം ആക്കുന്ന വസ്തുതകൾ അറിഞ്ഞിരിക്കെ മനഃപൂർവ്വം ആ സംഘത്തിൽ ചേരുകയോ അതിൽ തുടരുകയോ ചെയ്യുന്ന ഏതൊരാളും ഒരു നിയമവിരുദ്ധസംഘത്തിലെ അംഗമാണെന്ന് പറയപ്പെടുന്നു.

143. ശിക്ഷ.—ഒരു നിയമവിരുദ്ധസംഘത്തിലെ അംഗമായ ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

144. മാരകായുധം ധരിച്ച് നിയമവിരുദ്ധസംഘത്തിൽ ചേരുന്നത്.—ഏതെങ്കിലും മാരകായുധമോ അല്ലെങ്കിൽ ആക്രമണത്തിനുള്ള ആയുധമായി ഉപയോഗിച്ചാൽ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള എന്തെങ്കിലുമോ ധരിച്ച് നിയമവിരുദ്ധസംഘത്തിലെ അംഗമായ ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

145. നിയമവിരുദ്ധസംഘം പിരിഞ്ഞുപോകാൻ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട് എന്നറിഞ്ഞുകൊണ്ട് അതിൽ ചേരുകയോ തുടരുകയോ ചെയ്യുന്നത്.—ഒരു നിയമവിരുദ്ധസംഘം പിരിഞ്ഞുപോകുവാൻ നിയമത്താൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട് എന്നറിഞ്ഞുകൊണ്ട് അങ്ങനെയുള്ള നിയമവിരുദ്ധസംഘത്തിൽ ചേരുകയോ തുടരുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

146. ലഹള നടത്തൽ.—ഒരു നിയമവിരുദ്ധസംഘമോ അതിലെ ഏതെങ്കിലും അംഗമോ അങ്ങനെയുള്ള സംഘത്തിൻെറ പൊതു ഉദ്ദേശ്യം നേടുവാൻ വേണ്ടി പ്രവർത്തിക്കുന്നതിൽ ബലമോ അക്രമമോ പ്രയോഗിക്കുമ്പോഴെല്ലാം അങ്ങനെയുള്ള സംഘത്തിലെ ഓരോ അംഗവും ലഹളനടത്തൽ കുററത്തിന് അപരാധിയാകുന്നു.

147. ലഹള നടത്തലിനുള്ള ശിക്ഷ.—ലഹള നടത്തലിന് അപരാധിയായ ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

148. മാരകായുധം ധരിച്ച് ലഹള നടത്തൽ.—ഒരു മാരകായുധമോ ആക്രമണത്തിനുള്ള ആയുധമായി ഉപയോഗിച്ചാൽ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള ഏതെങ്കിലുമോ ധരിച്ച് ലഹള നടത്തിയതിന് അപരാധിയാകുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

149. പൊതുലക്ഷ്യം നേടുവാൻവേണ്ടി പ്രവർത്തിക്കുന്നതിൽ ചെയ്യുന്ന കുററത്തിന് നിയമവിരുദ്ധസംഘത്തിലെ ഓരോ അംഗവും അപരാധിയായിരിക്കും എന്ന്.—ഒരു നിയമവിരുദ്ധസംഘത്തിന്റെ പൊതുലക്ഷ്യം നേടുവാൻവേണ്ടി പ്രവർത്തിക്കുന്നതിൽ ആ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു കുററം ചെയ്യുകയോ, ആ ലക്ഷ്യം നേടുവാൻവേണ്ടി പ്രവർത്തിക്കുന്നതിൽ ചെയ്യപ്പെടുവാൻ ഇടയുണ്ടെന്ന് ആ സംഘത്തിലെ അംഗങ്ങൾക്ക് അറിയാമായിരുന്ന ഒരു കുററം ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, ആ കുററം ചെയ്യുന്ന സമയത്ത് ആ സംഘത്തിലെ തന്നെ അംഗമായിരിക്കുന്ന ഓരോ ആളും ആ കുററത്തിന് അപരാധിയാകുന്നു.

150. നിയമവിരുദ്ധ സംഘത്തിൽ ചേരുവാൻ ആളുകളെ കൂലിക്കെടുക്കുകയോ കൂലിക്കെടുക്കുവാൻ മൗനാനുകൂല്യം നല്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും ആളെ ഏതെങ്കിലും ഒരു നിയമവിരുദ്ധസംഘത്തിൽ ചേരുന്നതിനോ അതിലെ അംഗമാകുന്നതിനോ വേണ്ടി കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ, അല്ലെങ്കിൽ കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ ചെയ്യുന്നതിന് പ്രോൽസാഹിപ്പിക്കുകയോ മൗനാനുകൂല്യം നല്കുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള നിയമവിരുദ്ധ സംഘത്തിലെ ഒരു അംഗമെന്ന നിലയിലും, അങ്ങനെയുള്ള നിയമവിരുദ്ധ സംഘത്തിലെ അംഗമെന്ന നിലയിൽ അങ്ങനെ കൂലിക്കെടുക്കപ്പെടുകയോ ഏർപ്പെടുത്തപ്പെടുകയോ നിയോജിക്കപ്പെടുകയോ ചെയ്യുന്നതിനെത്തുടർന്ന് അങ്ങനെയുള്ള ഏതെങ്കിലും ആൾ ചെയ്യുന്ന ഏതെങ്കിലും കുററത്തിന്, താൻ അങ്ങനെയുള്ള നിയമവിരുദ്ധസംഘത്തിലെ അംഗമായിരുന്നെങ്കിലോ അങ്ങനെയുള്ള കുററം താൻ ചെയ്തിരുന്നുവെങ്കിലോ ഏതുപോലെയോ അതുപോലെ തന്നെയും ശിക്ഷാർഹനാകുന്നതാണ്.

151. രണ്ടോ അതിലധികമോ ആളുകളുടെ സംഘം പിരിഞ്ഞുപോകുവാൻ ആജ്ഞാപിക്കപ്പെട്ടതിനുശേഷം അതിൽ അറിഞ്ഞുകൊണ്ടു ചേരുകയോ തുടരുകയോ ചെയ്യുന്നത്.—പൊതുസമാധാനത്തിന് കലക്കം ഉണ്ടാക്കുവാൻ ഇടയുള്ളതും അഞ്ചോ അതിലധികമോ ആളുകൾ ഉള്ളതുമായ ഏതെങ്കിലും സംഘത്തിൽ, അങ്ങനെയുള്ള സംഘം പിരിഞ്ഞുപോകുവാൻ നിയമാനുസൃതം ആജ്ഞാപിക്കപ്പെട്ടതിനുശേഷം അറിഞ്ഞുകൊണ്ട് ചേരുകയോ തുടരുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—ആ സംഘം 141-ാം വകുപ്പിന്റെ അർത്ഥത്തിൽ ഒരു നിയമവിരുദ്ധസംഘമാണെങ്കിൽ കുററക്കാരൻ 145-ാം വകുപ്പുപ്രകാരം ശിക്ഷാർഹനാകുന്നതാണ്.

152. ലഹള മുതലായവ അമർത്തുമ്പോൾ പബ്ലിക്ക് സർവൻറിനെ കൈയേററം ചെയ്യുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.—ഒരു പബ്ലിക്ക് സർവൻറിനെ, ഒരു നിയമവിരുദ്ധസംഘം പിരിച്ചുവിടുന്നതിനോ അല്ലെങ്കിൽ ലഹളയോ അടികലശലോ അമർത്തുന്നതിനോ യത്നിക്കുന്നതിൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ നിലയിലുള്ള തൻെറ കർത്തവ്യം നിർവ്വഹിക്കുമ്പോൾ കൈയേററം ചെയ്യുകയോ കൈയേററം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ തടസ്സപ്പെടുത്തുകയോ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ നേരെ കുററകരമായ ബലം പ്രയോഗിക്കുകയോ പ്രയോഗിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ പ്രയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

153. ലഹള ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തോന്ന്യാസമായി പ്രകോപനം ഉണ്ടാക്കുന്നത്, ലഹള നടക്കുന്നുവെങ്കിൽ.—നിയമവിരുദ്ധമായ ഏതെങ്കിലും ചെയ്യുന്നതുമൂലം, കഠിന വിദ്വേഷത്തോടുകൂടിയോ തോന്ന്യാസമായോ ഏതെങ്കിലും ആൾക്ക് പ്രകോപനം, അങ്ങനെയുള്ള പ്രകോപനം ലഹള നടത്തൽക്കുററം ചെയ്യപ്പെടുവാൻ കാരണമാകുമെന്നുദ്ദേശിച്ചുകൊണ്ടോ, കാരണമാക്കുവാനിടയുണ്ടെന്നറിഞ്ഞുകൊണ്ടോ, ഉണ്ടാക്കുന്ന ഏതൊരാളും അങ്ങനെയുള്ള പ്രകോപനത്തിൻെറ അനന്തരഫലമായി ലഹള നടത്തൽക്കുററം ചെയ്യപ്പെടുന്നുവെങ്കിൽ ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും;

ലഹള നടക്കുന്നില്ലെങ്കിൽ.—ലഹളനടത്തൽക്കുററം ചെയ്യപ്പെടുന്നില്ലെങ്കിൽ ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

153ക. മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ മുതലായവ കാരണമായി വ്യത്യസ്തഗ്രൂപ്പുകൾ തമ്മിൽ ശത്രുത്വം പുലർത്തുകയും സൗഹാർദ്ദത്തിൻെറ നിലനില്പിന് ഭംഗം വരുത്തുന്ന കൃത്യങ്ങൾ ചെയ്യുകയും ചെയ്യുന്നത്.—(1) ഏതൊരാളാണോ—

(ക) പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപങ്ങളാലോ മററു പ്രകാരത്തിലോ മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ, ജാതി, സമുദായം എന്നിവ കാരണമാക്കിയോ, മറെറന്തെങ്കിലും, അത് എന്തുതന്നെയായാലും, കാരണമാക്കിയോ വ്യത്യസ്തമായ മത-വംശപ്രാദേശിക ഗ്രൂപ്പുകളോ, ജാതികളോ സമുദായങ്ങളോ തമ്മിൽ സൗഹാർദ്ദമില്ലായ്കയോ, ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വിദ്വേഷമോ പുലർത്തുകയോ പുലർത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നത് ; അല്ലെങ്കിൽ

(ഖ) വ്യത്യസ്തമായ മത-വംശ-ഭാഷാ-പ്രാദേശിക ഗ്രൂപ്പുകളോ ജാതികളോ, സമുദായങ്ങളോ തമ്മിലുള്ള സൗഹാർദ്ദത്തിൻെറ നിലനില്പിന് ഭംഗം വരുത്തുന്നതും പൊതുശാന്തിക്ക് കലക്കമുണ്ടാക്കുന്നതോ കലക്കമുണ്ടാക്കുവാൻ ഇടയുള്ളതോ ആയതുമായ ഏതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും അഭ്യാസമോ പ്രസ്ഥാനമോ ഡ്രില്ലോ, അതുപോലെയുള്ള മററു പ്രവർത്തനമോ, അങ്ങനെയുള്ള പ്രവർത്തനത്തിൽ പങ്കെടുക്കുന്ന

വർ ഏതെങ്കിലും മത-വംശ-ഭാഷാ-പ്രാദേശിക ഗ്രൂപ്പിനോ ജാതിക്കോ സമുദായത്തിനോ എതിരായി കുററകരമായ ബലമോ അക്രമമോ പ്രയോഗിക്കുകയോ, പ്രയോഗിക്കാൻ പരിശീലിപ്പിക്കപ്പെടുകയോ ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, ചെയ്യാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ സംഘടിപ്പിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും മത-വംശ-ഭാഷാ-പ്രാദേശിക ഗ്രൂപ്പിനോ, ജാതിക്കോ സമുദായത്തിനോ എതിരായി കുററകരമായ ബലമോ അക്രമമോ പ്രയോഗിക്കുകയോ പ്രയോഗിക്കാൻ പരിശീലിപ്പിക്കപ്പെടുകയോ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടോ ചെയ്യാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെയുള്ള പ്രവർത്തനത്തിൽ പങ്കെടുക്കുകയോ ചെയ്യുകയും, അല്ലെങ്കിൽ അങ്ങനെയുള്ള പ്രവർത്തനം ഏതെങ്കിലും കാരണത്താൽ, അതേതായാലും, അങ്ങനെയുള്ള മത-വംശ-ഭാഷാ-പ്രാദേശിക ഗ്രൂപ്പിലേയോ ജാതിയിലേയോ സമുദായത്തിലേയോ അംഗങ്ങളുടെ ഇടയിൽ ഭയമോ സംഭ്രാന്തിയോ അരക്ഷിതത്വബോധമോ ഉണ്ടാക്കുകയോ ഉണ്ടാക്കാൻഇടയുള്ളതായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നത്,

അയാറം മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കുററം, ഏതെങ്കിലും ആരാധനാസ്ഥലത്തോ അല്ലെങ്കിൽ മതപരമായ ആരാധനയോ മതപരമായ ചടങ്ങുകളോ നിർവ്വഹിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സമ്മേളനത്തിലോ ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും അയാറം പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആണ്".

153ഖ. ദേശീയോദ്ഗ്രഥനത്തിന് ഭംഗം വരുത്തുന്ന ദോഷാരോപണങ്ങളും ദൃഢാഖ്യാനങ്ങളും.—(1) ഏതൊരാളാണോ പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപണങ്ങളാലോ മററു പ്രകാരത്തിലോ,—

(ക) ഏതെങ്കിലും വർഗ്ഗം ആളുകറം ഏതെങ്കിലും മത-വംശ-ഭാഷാ-പ്രാദേശിക ഗ്രൂപ്പിലേയോ ജാതിയിലേയോ, സമുദായത്തിലേയോ, അംഗങ്ങളാണെന്ന കാരണത്താൽ, അവർക്ക് നിയമം മുഖേന സ്ഥാപിതമായ, ഇൻഡ്യയുടെ ഭരണഘടനയോട് നിർവ്യാജമായ വിശ്വാസവും കൂറും വഹിക്കാനോ ഇൻഡ്യയുടെ പരമാധികാരവും അഖണ്ഡതയും, നിലനിറുത്തുവാനോ കഴിയുകയില്ലെന്ന് ഏതെങ്കിലും ദോഷാരോപണം ഉന്നയിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും വർഗ്ഗം ആളുകറം, ഏതെങ്കിലും മത-വംശ-ഭാഷാ-പ്രാദേശിക ഗ്രൂപ്പിലേയോ ജാതിയിലേയോ സമുദായത്തിലേയോ അംഗങ്ങളാണെന്ന കാരണത്താൽ ഇൻഡ്യയുടെ പൗരൻമാരെന്ന നിലയിൽ ഉള്ള അവരുടെ അവകാശങ്ങറം നിഷേധിക്കപ്പെടുകയോ അവർക്ക് ഇല്ലാതാക്കപ്പെടുകയോ ചെയ്യേണ്ടതാണെന്ന് ദൃഢാഖ്യാനം ചെയ്യുകയോ, അനുശാസിക്കുകയോ, ഉപദേശിക്കുകയോ, പ്രചരിപ്പിക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും വർഗ്ഗം ആളുകറം ഏതെങ്കിലും മത-വംശ-ഭാഷാ-പ്രാദേശികഗ്രൂപ്പിലേയോ ജാതിയിലേയോ സമുദായത്തിലേയോ അംഗങ്ങളാണെന്ന കാരണത്താലുള്ള അവരുടെ കടമ സംബന്ധിച്ച് ഏതെങ്കിലും ദൃഢാഖ്യാനമോ അനുശാസനമോ വാദമോ, അഭ്യർത്ഥനയോ ചെയ്യുകയോ പ്രസിദ്ധപ്പെടുത്തുകയോ, ചെയ്യുകയും, അങ്ങനെയുള്ള ദൃഢാഖ്യാനമോ അനുശാസനമോ വാദമോ, അഭ്യർത്ഥനയോ, അങ്ങനെയുള്ള അംഗങ്ങളും മററാളുകളും തമ്മിൽ സൗഹാർദ്ദമില്ലായ്മയോ, ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വിദ്വേഷമോ ഉണ്ടാക്കുകയോ ഉണ്ടാക്കാനിടയുള്ളതായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നത്;

അയാൾ മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കുററം, ഏതെങ്കിലും ആരാധനാസ്ഥലത്തോ അല്ലെങ്കിൽ മതപരമായ ആരാധനയോ മതപരമായ ചടങ്ങുകളോ നിർവ്വഹിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സമ്മേളനത്തിലോ ചെയ്യുന്ന ഏതൊരാളും അഞ്ചുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും അയാൾ പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആണ്.

154. നിയമവിരുദ്ധസംഘം ചേരുന്ന ഭൂമിയുടെ ഉടമസ്ഥൻ അല്ലെങ്കിൽ കൈവശക്കാരൻ.—ഏതെങ്കിലും നിയമവിരുദ്ധസംഘം ചേരുകയോ ലഹള നടക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള നിയമവിരുദ്ധസംഘം ചേരുകയോ അങ്ങനെയുള്ള ലഹള നടക്കുകയോ ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥനോ കൈവശക്കാരനോ ആയ ആളും, അങ്ങനെയുള്ള ഭൂമിയിൽ അവകാശം ഉണ്ടായിരിക്കുകയോ ഉണ്ടെന്ന് അവകാശപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും ആളും, ആ ആളോ അയാളുടെ ഏജൻറോ മാനേജരോ അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നുണ്ടെന്നോ ചെയ്യപ്പെട്ടിട്ടുണ്ടെന്നോ അറിഞ്ഞുകൊണ്ടോ അല്ലെങ്കിൽ അത് ചെയ്യപ്പെടുവാൻ ഇടയുണ്ടെന്ന് വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ അതു സംബന്ധിച്ച് അയാൾക്കോ അവർക്കോ കഴിവുള്ളിടത്തോളം നേരത്തെ ഏററവും അടുത്ത പോലീസ് സ്റേറഷനിലെ മുഖ്യ ഉദ്യോഗസ്ഥന് അറിവു കൊടുക്കാതിരിക്കുകയും, അത് ഉടനെ ചെയ്യപ്പെടുവാൻ പോകുന്നുവെന്ന് അയാൾക്കോ അവർക്കോ വിശ്വസിക്കുവാൻ കാരണം ഉണ്ടായിട്ടുള്ള സംഗതിയിൽ അതു തടയുവാൻ അയാളുടേയോ അവരുടേയോ കഴിവിൽപ്പെട്ട എല്ലാ നിയമാനുസൃത മാർഗ്ഗവും ഉപയോഗിക്കാതിരിക്കുകയും അതു നടക്കുന്ന സംഗതിയിൽ ആ നിയമവിരുദ്ധസംഘമോ ലഹളയോ പിരിച്ചുവിടുന്നതിനോ അമർത്തുന്നതിനോ അയാളുടേയോ അവരുടേയോ കഴിവിൽപ്പെട്ട എല്ലാ നിയമാനുസൃത മാർഗ്ഗവും ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആയിരം രൂപയിൽ കവിയാത്ത പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

155. ഏതൊരാളുടെ ഗുണത്തിനുവേണ്ടിയാണോ ലഹള നടത്തുന്നത് അയാളുടെ ബാദ്ധ്യത.—ഒരു ലഹള ഏതു ഭൂമിയെ സംബന്ധിച്ചാണോ അങ്ങനെയുള്ള ലഹള നടക്കുന്നത്, ആ ഭൂമിയുടെ ഉടമസ്ഥനോ കൈവശക്കാരനോ അല്ലെങ്കിൽ അങ്ങനെയുള്ള ഭൂമിയിലോ ആ ലഹള ഉദ്ഭവിച്ച ഏതെങ്കിലും തർക്കത്തിൻെറ വിഷയത്തിലോ ഏതെങ്കിലും താൽപ്പര്യമുണ്ടെന്ന് അവകാശപ്പെടുന്നവനോ അല്ലെങ്കിൽ അതിൽനിന്ന് ഏതെങ്കിലും ഗുണം സ്വീകരിക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുള്ളവനോ ആയ ഏതെങ്കിലും ആളുടെ ഗുണത്തിനോ പേരിലോ നടത്തപ്പെടുന്നതായാൽ, അങ്ങനെയുള്ള ആൾ, ആ ആളോ അയാളുടെ ഏജൻറോ മാനേജരോ, അങ്ങനെയുള്ള ലഹള നടത്തപ്പെടുവാൻ ഇടയുണ്ടായിരുന്നുവെന്നോ അങ്ങനെയുള്ള ലഹള നടത്തിയ നിയമവിരുദ്ധസംഘം ചേരുവാൻ ഇടയുണ്ടായിരുന്നുവെന്നോ വിശ്വസിക്കാനുള്ള കാരണമുണ്ടായിരുന്നിരിക്കെ, അങ്ങനെയുള്ള സംഘമോ ലഹളയോ ഉണ്ടാകുന്നത് തടയുവാനും, അതു പിരിച്ചുവിടുകയും അമർത്തുകയും ചെയ്യുവാനും യഥാക്രമം അയാളുടേയോ അവരുടേയോ കഴിവിൽപ്പെട്ട എല്ലാ നിയമാനുസൃത മാർഗ്ഗങ്ങളും ഉപയോഗിക്കുന്നില്ലെങ്കിൽ, പിഴ ശിക്ഷയ്ക്ക് അർഹനാകുന്നതാണ്.

156. ഏത് ഉടമസ്ഥൻേറയോ കൈവശക്കാരൻേറയോ ഗുണത്തിനുവേണ്ടിയാണോ ലഹള നടത്തുന്നത്, ആ ഉടമസ്ഥൻേറയോ കൈവശക്കാരൻേറയോ ഏജൻറിൻെറ ബാദ്ധ്യത.—ഒരു ലഹള, ഏതു ഭൂമി സംബന്ധിച്ചാണോ അങ്ങ

നെയുള്ള ലഹള നടക്കുന്നത്, ആ ഭൂമിയുടെ ഉടമസ്ഥനോ കൈവശക്കാരനോ അല്ലെങ്കിൽ അങ്ങനെയുള്ള ഭൂമിയിലോ ആ ലഹള ഉൾപ്പെടുന്ന ഏതെങ്കിലും തർക്കത്തിന്റെ വിഷയത്തിലോ ഏതെങ്കിലും താൽപ്പര്യമുണ്ടെന്ന് അവകാശപ്പെടുന്നവനോ അല്ലെങ്കിൽ അതിൽനിന്ന് ഏതെങ്കിലും ഗുണം സ്വീകരിക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുള്ളവനോ ആയ ഏതെങ്കിലും ആളുടെ ഗുണത്തിനോ പേരിലോ നടത്തപ്പെടുന്നതായാൽ,

അങ്ങനെയുള്ള ആളുടെ ഏജന്റോ മാനേജരോ, അങ്ങനെയുള്ള ലഹള നടത്തപ്പെടുവാൻ ഇടയുണ്ടായിരുന്നുവെന്നോ അങ്ങനെയുള്ള ലഹള നടത്തിയ നിയമവിരുദ്ധസംഘം ചേരുവാൻ ഇടയുണ്ടായിരുന്നുവെന്നോ വിശ്വസിക്കുവാനുള്ള കാരണമുണ്ടായിരുന്നിരിക്കെ, അങ്ങനെയുള്ള സംഘമോ ലഹളയോ ഉണ്ടാകുന്നത് തടയുവാനും അത് പിരിച്ചുവിടുകയും അമർത്തുകയും ചെയ്യുവാനും അയാളുടെ കഴിവിൽപ്പെട്ട എല്ലാ നിയമാനുസൃത മാർഗ്ഗങ്ങളും ഉപയോഗിക്കുന്നില്ലെങ്കിൽ, പിഴ ശിക്ഷയ്ക്ക് അർഹനാകുന്നതാണ്.

157. <u>ഒരു നിയമവിരുദ്ധ സംഘത്തിനുവേണ്ടി കൂലിക്കെടുത്ത ആളുകൾക്ക് സംശ്രയം നല്കുന്നത്.</u>—ഏതെങ്കിലും ആളുകളെ ഒരു നിയമവിരുദ്ധസംഘത്തിൽ ചേരുവാനോ അതിലെ അംഗങ്ങളാകുവാനോ വേണ്ടി കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ ഉടനെ കൂലിക്കെടുക്കുകയോ ഏർപ്പെടുത്തുകയോ നിയോജിക്കുകയോ ചെയ്യുവാൻ പോകുന്നുവെന്നോ അറിഞ്ഞുകൊണ്ട് തന്റെ കൈവശത്തിലോ ചാർജ്ജിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ഭവനത്തിലോ കെട്ടിടപരിസരത്തിലോ അങ്ങനെയുള്ള ആളുകൾക്ക് സംശ്രയം നല്കുകയോ അവരെ സ്വീകരിക്കുകയോ വിളിച്ചുകൂട്ടുകയോ ചെയ്യുന്ന ഏതൊരാളും ആറു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

158. <u>കൂലിക്കെടുക്കപ്പെടുന്നത്.—നിയമവിരുദ്ധസംഘത്തിലോ ലഹളയിലോ പങ്കെടുക്കുവാൻ.</u>—141-ാം വകുപ്പിൽ വിനിർദ്ദിഷ്ടമായ കൃത്യങ്ങളിലേതെങ്കിലും ചെയ്യുന്നതിനോ ചെയ്യുവാൻ സഹായിക്കുന്നതിനോവേണ്ടി ഏർപ്പെടുത്തപ്പെടുകയോ കൂലിക്കെടുക്കപ്പെടുകയോ ചെയ്യുകയോ അല്ലെങ്കിൽ കൂലിക്കെടുക്കപ്പെടുകയോ ഏർപ്പെടുത്തപ്പെടുകയോ ചെയ്യുവാൻവേണ്ടി മുന്നോട്ടുവരികയോ ശ്രമിക്കുകയോ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

<u>അല്ലെങ്കിൽ ആയുധവുമായി പോകുവാൻ.</u>—അപ്രകാരം ഏർപ്പെടുത്തപ്പെടുകയോ കൂലിക്കെടുക്കപ്പെടുകയോ ചെയ്തിരിക്കെ ഏതെങ്കിലും മാരകായുധമോ ആക്രമണത്തിനുള്ള ആയുധമായി ഉപയോഗിച്ചാൽ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള എന്തെങ്കിലുമോ ധരിച്ചുകൊണ്ട് പോകുകയോ അല്ലെങ്കിൽ ധരിച്ചുകൊണ്ട് പോകുവാനായി സ്വയം ഏർപ്പെടുകയോ മുന്നോട്ടുവരുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

159. അടികലശൽ.—രണ്ടോ രണ്ടിലധികമോ ആളുകൾ ഒരു പൊതുസ്ഥലത്തുവച്ച് തമ്മിൽതല്ലി, പൊതുസമാധാനത്തിന് കലക്കം ഉണ്ടാക്കുമ്പോൾ അവർ, "അടികലശൽ നടത്തുന്നു" എന്നു പറയപ്പെടുന്നു.

160. അടികലശൽ നടത്തുന്നതിനുള്ള ശിക്ഷ.—അടികലശൽ നടത്തുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം IX

# പബ്ലിക്ക് സർവൻറുമാർ ചെയ്യുന്നതോ അവരെ സംബന്ധിക്കുന്നതോ ആയ കുററങ്ങളെക്കുറിച്ച്

161. പബ്ലിക്ക് സർവൻറ് ഒരു ഔദ്യോഗികകൃത്യം സംബന്ധിച്ച് നിയമാനുസൃത വേതനമല്ലാത്ത പരിതോഷണം സ്വീകരിക്കുന്നത്.—ഒരു പബ്ലിക്ക് സർവൻേറാ പബ്ലിക്ക് സർവൻറാകുമെന്ന് പ്രതീക്ഷിക്കുന്ന ആളോ ആയിരിക്കേ, ഏതെങ്കിലും ഔദ്യോഗികകൃത്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ അല്ലെങ്കിൽ തൻെറ ഔദ്യോഗികച്ചുമതലകൾ നിറവേററുന്നതിൽ ഏതെങ്കിലും ആളോട് ആനുകൂല്യമോ പ്രാതികൂല്യമോ കാണിക്കുവാനോ കാണിക്കാതിരിക്കുവാനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻേറാ പാർലമെൻേറാ ഏതെങ്കിലും സ്റേററിലെ നിയമനിർമ്മാണമണ്ഡലമോ വഴിയായോ അല്ലെങ്കിൽ 21-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ കാർപ്പറേഷനോ ഗവൺമെൻറ് കമ്പനിയോ വഴിയായോ അല്ലെങ്കിൽ പബ്ലിക്ക് സർവൻറ് എന്ന നിലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പബ്ലിക്ക് സർവൻറുവഴിയായോ ഏതെങ്കിലും ആൾക്ക് ഏതെങ്കിലും ഉപകാരമോ അപകാരമോ ചെയ്യുവാനോ ചെയ്യുവാൻ ശ്രമിക്കുവാനോ വേണ്ടിയുള്ള പ്രേരകമോ പ്രതിഫലമോ ആയി നിയമാനുസൃതവേതനമല്ലാത്ത ഏതെങ്കിലും പരിതോഷണം, അത് എന്തുതന്നെയായാലും, തനിക്കുവേണ്ടിയോ മറേറതെങ്കിലും ആൾക്കുവേണ്ടിയോ ഏതെങ്കിലും ആളിൽനിന്ന് സ്വീകരിക്കുകയോ ലഭിക്കുകയോ അല്ലെങ്കിൽ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ ലഭിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണങ്ങൾ.—(1) "പബ്ലിക്ക്സർവൻറാകുമെന്ന് പ്രതീക്ഷിക്കുന്ന". ഉദ്യോഗത്തിൽ പ്രവേശിക്കുമെന്ന് പ്രതീക്ഷിക്കാത്ത ഒരാൾ മററുള്ളവരിൽ, താൻ ഉദ്യോഗത്തിൽ പ്രവേശിക്കുവാൻപോകുന്നു എന്നും അപ്പോൾ അവരെ സഹായിക്കുമെന്നും ഉള്ള വിശ്വാസം കബളിപ്പിക്കൽവഴി ജനിപ്പിച്ച് പരിതോഷണം സ്വീകരിക്കുന്നുവെങ്കിൽ അയാൾ ചതിക്കലിന് അപരാധിയാകാം, എന്നാൽ ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററത്തിന് അപരാധിയാകുന്നതല്ല.

(2) "പരിതോഷണം". "പരിതോഷണം" എന്ന വാക്ക് ധനപരമായ പരിതോഷണങ്ങൾക്കോ പണമായി മതിക്കാവുന്ന പരിതോഷണങ്ങൾക്കോ മാത്രമായി പരിമിതപ്പെടുത്തപ്പെട്ടിട്ടുള്ളതല്ല.

(3) "നിയമാനുസൃതവേതനം". "നിയമാനുസൃതവേതനം" എന്നവാക്ക് ഒരു പബ്ലിക്ക് സർവൻറിന് നിയമാനുസൃതം ആവശ്യപ്പെടാവുന്ന വേതനത്തിന് മാത്രമായി പരിമിതപ്പെടുത്തപ്പെട്ടിട്ടുള്ളതല്ല, എന്നാൽ അതിൽ അയാറം സേവിക്കുന്ന ഗവൺമെൻറ്, സ്വീകരിക്കുവാൻ അയാളെ അനുവദിച്ചിട്ടുള്ള എല്ലാം വേതനവും ഉറംപ്പെടുന്നതാകുന്നു.

(4) "ചെയ്യുവാൻവേണ്ടിയുള്ള പ്രേരകമോ പ്രതിഫലമോ". താൻ ചെയ്യുവാൻ ഉദ്ദേശിക്കാത്ത ഏതെങ്കിലും ചെയ്യുവാനുള്ള പ്രേരകമായോ അല്ലെങ്കിൽ താൻ ചെയ്തിട്ടില്ലാത്ത എന്തെങ്കിലും ചെയ്തനിലയ്ക്കുള്ള പ്രതിഫലമായോ പരിതോഷണം സ്വീകരിക്കുന്ന ഒരാറം ഈ വാക്കുകളിൽപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങറം

(ക) യ എന്ന ബാങ്കറുടെ ഒരു കേസ്സ് അയാറക്ക് അനുകൂലമായി തീരുമാനിക്കാനുള്ള പ്രതിഫലമായി ക എന്ന മുൻസിഫ് തൻെറ സഹോദരന് യ വഴി യ യുടെ ബാങ്കിൽ ഒരു ജോലി നേടിക്കൊടുക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

(ഖ) ഒരു വിദേശ സ്റേററിൽ കാൺസലായി ഉദ്യോഗം വഹിക്കുന്ന ക ആ സ്റേററിലെ മന്ത്രിയിൽനിന്ന് ഒരു ലക്ഷം രൂപ സ്വീകരിക്കുന്നു. ഏതെങ്കിലും പ്രത്യേക ഔദ്യോഗികകൃത്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെൻറുവഴി ആ സ്റേററിലേയ്ക്ക് ഏതെങ്കിലും പ്രത്യേക ഉപകാരം ചെയ്യുവാനോ ചെയ്യുവാൻ ശ്രമിക്കുവാനോ വേണ്ടിയുള്ള പ്രേരകമോ പ്രതിഫലമോ ആയിട്ടാണ് ക ഈ തുക സ്വീകരിച്ചതെന്ന് കാണുന്നില്ല. എന്നാൽ തൻെറ ഔദ്യോഗിക ചുമതലകറം നിറവേററുന്നതിൽ ആ സ്റേററിനോട് പൊതുവേ ആനുകൂല്യം കാണിക്കുവാൻവേണ്ടിയുള്ള പ്രേരകമോ പ്രതിഫലമോ ആയിട്ടാണ് ക ആ തുക സ്വീകരിച്ചതെന്ന് കാണുന്നുമുണ്ട്. ക ഈ വകുപ്പിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

(ഗ) ഒരു പബ്ലിക്ക് സർവൻറായ ക ഗവൺമെൻറിൽ തനിക്കുള്ള സ്വാധീനം യ യ്ക്ക് ഒരു ബഹുമതിസംജ്ഞ നേടിക്കൊടുത്തിട്ടുണ്ടെന്ന് തെററായി വിശ്വസിക്കുവാൻ യ യെ പ്രചോദിപ്പിക്കുകയും ഈ ഉപകാരത്തിനുള്ള പ്രതിഫലമായി തനിക്ക് പണം നല്കുവാൻ അങ്ങനെ യ യെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ക ഈ വകുപ്പിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

162. അഴിമതിയായതോ നിയമവിരുദ്ധമായതോ ആയ മാർഗ്ഗങ്ങളാൽ പബ്ലിക്ക് സർവൻറിൽ സ്വാധീനം ചെലുത്തുവാൻവേണ്ടി പരിതോഷണം സ്വീകരിക്കുന്നത്.—ഏതെങ്കിലും പബ്ലിക്ക് സർവൻറിനെ ഏതെങ്കിലും ഔദ്യോഗിക കൃത്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ ഔദ്യോഗിക ചുമതലകറം നിറവേററുന്നതിൽ ഏതെങ്കിലും ആളോട് ആനുകൂല്യമോ പ്രാതികൂല്യമോ കാണിക്കുവാനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻേറാ ഏതെങ്കിലും സ്റേററ് ഗവൺമെൻേറാ പാർലമെൻേറാ ഏതെങ്കിലും സ്റേററിലെ നിയമനിർമ്മാണ മണ്ഡലമോ വഴിയായോ അല്ലെങ്കിൽ 21-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ കാർപ്പറേഷനോ ഗവൺമെൻറ് കമ്പനിയോ വഴിയായോ അല്ലെങ്കിൽ പബ്ലിക്ക് സർവ്വൻെറന്ന നിലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പബ്ലിക്ക് സർവൻറുവഴിയായോ ഏതെങ്കിലും ആറക്ക് ഏതെങ്കിലും ഉപകാരമോ അപകാരമോ ചെയ്യുവാനോ

ചെയ്യുവാൻ ശ്രമിക്കുന്നതിനോ അഴിമതിയായതോ നിയമവിരുദ്ധമായതോ ആയ മാർഗ്ഗങ്ങളാൽ പ്രചോദിപ്പിക്കുവാൻ വേണ്ടിയുള്ള പ്രേരകമോ പ്രതിഫലമോ ആയി ഏതെങ്കിലും പരിതോഷണം, അത് എന്തുതന്നെയായാലും, ഏതെങ്കിലും ആളിൽനിന്ന് തനിക്കുവേണ്ടിയോ മറ്റേതെങ്കിലും ആൾക്കുവേണ്ടിയോ സ്വീകരിക്കുകയോ ലഭിക്കുകയോ അല്ലെങ്കിൽ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ ലഭിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

163. പബ്ലിക്ക് സർവൻറിൻെറ മേൽ വ്യക്തിപരമായ സ്വാധീനം പ്രയോഗിക്കുന്നതിന് പരിതോഷണം സ്വീകരിക്കുന്നത്.—ഏതെങ്കിലും പബ്ലിക്ക് സർവൻറിനെ ഏതെങ്കിലും ഔദ്യോഗിക കൃത്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ ഔദ്യോഗിക ചുമതലകൾ നിറവേറ്റുന്നതിൽ ഏതെങ്കിലും ആളോട് ആനുകൂല്യമോ പ്രാതികൂല്യമോ കാണിക്കുവാനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെൻേറാ, ഏതെങ്കിലും സ്റ്റേററു ഗവൺമെൻേറാ, പാർലമെൻേറാ ഏതെങ്കിലും സ്റ്റേററിലെ നിയമനിർമ്മാണമണ്ഡലമോ വഴിയായതോ അല്ലെങ്കിൽ 21-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ കാർപ്പറേഷനോ ഗവൺമെൻറ് കമ്പനിയോ വഴിയായോ അല്ലെങ്കിൽ പബ്ലിക്ക് സർവൻെറന്ന നിലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പബ്ലിക്ക് സർവൻറുവഴിയായോ ഏതെങ്കിലും ആൾക്ക് ഏതെങ്കിലും ഉപകാരമോ അപകാരമോ ചെയ്യുവാനോ ചെയ്യുവാൻ ശ്രമിക്കുന്നതിനോ വ്യക്തിപരമായ സ്വാധീനം പ്രയോഗിച്ച് പ്രചോദിപ്പിക്കുവാൻ വേണ്ടിയുള്ള പ്രേരകമോ പ്രതിഫലമോ ആയി ഏതെങ്കിലും പരിതോഷണം, അത് എന്തുതന്നെയായാലും, ഏതെങ്കിലും ആളിൽനിന്ന് തനിക്കുവേണ്ടിയോ മറ്റേതെങ്കിലും ആൾക്ക് വേണ്ടിയോ സ്വീകരിക്കുകയോ ലഭിക്കുകയോ അല്ലെങ്കിൽ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ ലഭിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കു വെറും തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

ഒരു ജഡ്ജിയുടെ മുമ്പിൽ കേസ് വാദിക്കുന്നതിന് ഫീസ് സ്വീകരിക്കുന്ന ഒരു അഭിഭാഷകൻ, ഗവൺമെൻറിനെ സംബോധനം ചെയ്തുകൊണ്ടും നിവേദകൻെറ സേവനങ്ങളും അവകാശവാദങ്ങളും ഉന്നയിച്ചുകൊണ്ടുമുള്ള ഒരു നിവേദനപത്രം ചിട്ടപ്പെടുത്തുകയും ശരിയാക്കുകയും ചെയ്യുവാൻവേണ്ടി പ്രതിഫലം വാങ്ങുന്ന ആൾ, ശിക്ഷയ്ക്ക് വിധിച്ചത് നീതി പൂർവ്വകമല്ലെന്ന് കാണിക്കുന്നതിനുള്ള പ്രവണതയോടുകൂടിയ പ്രസ്താവനകൾ ഗവൺമെൻറിൻെറ മുമ്പാകെ വയ്ക്കുന്ന, ശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുററവാളിയുടെ പ്രതിഫലം പററുന്ന ഏജൻറ്,—എന്നിവർ വ്യക്തിപരമായ സ്വാധീനം പ്രയോഗിക്കുകയോ പ്രയോഗിക്കുന്നതായി ഭാവിക്കുകയോ ചെയ്യാത്തതുകൊണ്ട് ഈ വകുപ്പിൽ പെടുന്നതല്ല.

164. 162-ം 163-ം വകുപ്പുകളിൽ നിർവ്വചിച്ചിട്ടുള്ള കുററങ്ങൾക്ക് പബ്ലിക്ക് സർവൻറ് പ്രേരണ നല്കുന്നതിനുള്ള ശിക്ഷ.—ഏതു് പബ്ലിക്ക് സർവൻറിനെ സംബന്ധിച്ചാണോ തൊട്ടുമുമ്പുള്ള രണ്ടു വകുപ്പുകളിൽ നിർവ്വചിച്ചിട്ടുള്ള കുററങ്ങളിൽ ഏതെങ്കിലും ചെയ്തിട്ടുള്ളത് അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് ആയിരിക്കെ ആ കുററം ചെയ്യുവാൻ പ്രേരണ നല്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും

തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തം

ക ഒരു പബ്ലിക്ക് സർവൻറാകുന്നു. ക യുടെ ഭാര്യയായ ഖ യെ പ്രത്യേക ആൾക്ക് ഒരു ഉദ്യോഗം കൊടുക്കുന്നതിന് ക യോട് അപേക്ഷിക്കുന്നതിന് പ്രേരകമായി ഒരു സമ്മാനം സ്വീകരിക്കുന്നു. അവൾ അപ്രകാരം ചെയ്യുന്നതിന് ക പ്രേരണ നല്കുന്നു. ഖ ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു. ക മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷപ്പെടുന്നതാകുന്നു.

165. പബ്ലിക്ക് സർവൻറ് നടത്തുന്ന നടപടിയിലോ കാര്യത്തിലോ താൽപര്യമുള്ള ആളിൽനിന്ന് അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് മൂല്യമുള്ള സാധനം പ്രതിഫലം കൂടാതെ വാങ്ങുന്നത്.— ഒരു പബ്ലിക്ക് സർവൻറായിരിക്കെ അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് നടത്തുന്നതോ നടത്തുവാൻ പോകുന്നതോ ആയ ഏതെങ്കിലും നടപടിയിലോ കാര്യത്തിലോ താൽപര്യമുണ്ടായിരുന്നുവെന്നോ ഉണ്ടെന്നോ ഉണ്ടാകുവാനിടയുണ്ടെന്നോ താൻ അറിയുകയോ, അല്ലെങ്കിൽ തൻേറയോ താൻ ഏത് പബ്ലിക്ക് സർവൻറിൻെറ കീഴുദ്യോഗസ്ഥനാണോ, അങ്ങനെയുള്ള ഏതെങ്കിലും പബ്ലിക്ക് സർവൻറിൻേറയോ ഔദ്യോഗിക ചുമതലകളുമായിഏതെങ്കിലും ബന്ധം ഉണ്ടായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളിൽ നിന്നോ; അല്ലെങ്കിൽ

അപ്രകാരം താൽപര്യമുള്ള ആളിൽ താൽപര്യം ഉണ്ടെന്നോ അയാളുമായി ബന്ധുത്വം ഉണ്ടെന്നോ താൻ അറിയുന്ന ഏതെങ്കിലും ആളിൽനിന്നോ;

തനിക്ക് വേണ്ടിയോ മററതെങ്കിലും ആൾക്ക് വേണ്ടിയോ ഏതെങ്കിലും മൂല്യമുള്ള സാധനം പ്രതിഫലം കൂടാതെയോ, പര്യാപ്തമാണെന്ന് തനിക്ക് അറിയാവുന്ന പ്രതിഫലത്തിന്നോ സ്വീകരിക്കുകയോ ലഭിക്കുകയോ അല്ലെങ്കിൽ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ ലഭിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തങ്ങൾ.

(ക) ക എന്ന കളക്ററർ തൻെറ മുമ്പാകെ നിലവിലിരിക്കുന്ന ഒരു സെററിൽമെൻറ് കേസ്സുള്ള യ യുടെ വീട് വാടകയ്ക്ക് എടുക്കുന്നു. ഉത്തമ വിശ്വാസത്തിൻമേൽ ഇടപാട് ചെയ്തിരുന്നുവെങ്കിൽ ക പ്രതിമാസം ഇരുനൂറു രൂപ കൊടുക്കേണ്ടി വരുമായിരുന്ന ആ വീട്ടിന് ക പ്രതിമാസം അൻപതു രൂപ കൊടുക്കണമെന്ന് കരാർ ചെയ്യുന്നു. ക യ്ക്ക് യ യിൽ നിന്ന് മൂല്യമുള്ള ഒരു സാധനം പര്യാപ്തമായ പ്രതിഫലം കൂടാതെ ലഭിച്ചിരിക്കുന്നു.

(ഖ) ക എന്ന ജഡ്ജി തൻെറ കോടതിയിൽ നിലവിലിരിക്കുന്ന ഒരു കേസ്സുള്ള യ യിൽ നിന്ന് ഗവൺമെൻറ് പ്രാമിസറി നോട്ടുകൾ, അവ കമ്പോളത്തിൽ പ്രീമിയത്തിൻമേൽ വില്ക്കപ്പെടുമ്പോൾ ഡിസ്ക്കൗണ്ടിൻമേൽ വാങ്ങുന്നു. ക യ്ക്ക് യ യിൽ നിന്ന് മൂല്യമുള്ള ഒരു സാധനം പര്യാപ്തമായ പ്രതിഫലം കൂടാതെ ലഭിച്ചിരിക്കുന്നു.

(ഗ) കള്ള സാക്ഷി പറഞ്ഞു എന്ന ചാർജ്ജിൻമേൽ യ യുടെ സഹോദരനെ പിടിച്ച് ക എന്ന മജിസ്ട്രേററിൻെറ മുമ്പാകെ കൊണ്ടുചെല്ലുന്നു. ക ഒരു ബാങ്കിലെ ഓഹരികൾ, അവ കമ്പോളത്തിൽ ഡിസ്ക്കൗണ്ടിൻമേൽ വില്ക്കപ്പെട്ടു

മ്പോഷം പ്രീമിയത്തിൻമേൽ യ യ്ക്ക് വില്ക്കുന്നു. യ ആ ഓഹരികൾക്ക് അതനുസരിച്ചു ക യ്ക്ക് വില കൊടുക്കുന്നു. ക യ്ക്ക് അപ്രകാരം ലഭിച്ച പണം പര്യാപ്തമായ പ്രതിഫലം കൂടാതെ ലഭിച്ച മൂല്യമുള്ള ഒരു സാധനമാകുന്നു.

165 ക. 161-ാം വകുപ്പിലോ 165-ാം വകുപ്പിലോ നിർവചിച്ചിട്ടുള്ള കുററങ്ങൾക്ക് പ്രേരണ നല്കുന്നതിനുള്ള ശിക്ഷ.— 161-ാം വകുപ്പോ 165-ാം വകുപ്പോ പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുററത്തിന് പ്രേരണ നല്കുന്ന ഏതൊരാളും, പ്രേരണ നല്കലിന്റെ അനന്തരഫലമായി ആ കുററം ചെയ്യപ്പെട്ടാലും ചെയ്യപ്പെട്ടിട്ടില്ലെങ്കിലും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

166. ഏതെങ്കിലും ആരാക്ക് ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പബ്ലിക്ക് സർവൻറ് നിയമം അനുസരിക്കാതിരിക്കുന്നത്.— ഒരു പബ്ലിക്ക് സർവ്വൻറായിരിക്കെ, അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് എന്ന നിലയിൽ താൻ എങ്ങനെ പെരുമാറണമെന്നുള്ളത് സംബന്ധിച്ച നിയമത്തിന്റെ ഏതെങ്കിലും നിദേശം ഏതെങ്കിലും ആരാക്ക് ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ, അത് ബോധപൂർവ്വം അനുസരിക്കാതിരിക്കുന്നതുകൊണ്ട് താൻ ഏതെങ്കിലും ആരാക്ക് ക്ഷതി ഉളവാക്കാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ, അങ്ങനെ അനുസരിക്കാതിരിക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തം

ഒരു നീതിന്യായക്കോടതി യ യ്ക്ക് അനുകൂലമായി പ്രസ്താവിച്ച ഒരു വിധി അനുസരിച്ച് വിധിക്കാര്യം തീർക്കുന്നതിനുവേണ്ടി വസ്തു വിധി നടത്തി എടുക്കുവാൻ നിയമത്താൽ നിദേശിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനായിരിക്കെ ക താൻ ആ നിദേശം അനുസരിക്കാതിരിക്കുന്നതുകൊണ്ട് യ യ്ക്ക് ക്ഷതി ഉളവാക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടി ബോധപൂർവ്വം അങ്ങനെ അനുസരിക്കാതിരിക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ച കുററം ചെയ്തിരിക്കുന്നു.

167. പബ്ലിക്ക സർവൻറ് ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തെററായ രേഖ രചിക്കുന്നത്.— ഒരു പബ്ലിക്ക് സർവൻറും അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് എന്ന നിലയിൽ ഏതെങ്കിലും രേഖ തയ്യാറാക്കുകയോ തർജ്ജമ ചെയ്യുകയോ ചെയ്യുന്നതിന് ചുമതലയുള്ള ആളുമായിരിക്കേ, തെററാണെന്ന് തനിക്ക് അറിയാവുന്നതോ താൻ വിശ്വസിക്കുന്നതോ ആയ രീതിയിൽ ആ രേഖ രചിക്കുകയോ തർജ്ജമ ചെയ്യുകയോ ചെയ്യുന്നതുവഴി ഏതെങ്കിലും ആരാക്ക് ക്ഷതി ഉളവാക്കണമെന്നു ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ അങ്ങനെ ആ രേഖ രചിക്കുകയോ തർജ്ജമ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

168. പബ്ലിക്ക് സർവൻറ് നിയമവിരുദ്ധമായ വ്യാപാരത്തിൽ ഏർപ്പെടുന്നത്.— ഒരു പബ്ലിക്ക് സർവൻറും, വ്യാപാരത്തിൽ ഏർപ്പെടാതിരിക്കുവാൻ അങ്ങനെയുള്ള പബ്ലിക്ക് സർവൻറെന്ന നിലയിൽ നിയമപ്രകാരം ബാദ്ധ്യസ്ഥനും ആയിരിക്കേ, വ്യാപാരത്തിൽ ഏർപ്പെടുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ പിഴ ശിക്ഷയോ

അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

169. പബ്ലിക്ക് സർവൻറ് നിയമവിരുദ്ധമായി വസ്തു വിലയ്ക്കു വാങ്ങുകയോ ലേലത്തിൽ വിളികേംക്കുകയോ ചെയ്യുന്നത്:— ഒരു പബ്ലിക്ക് സർവൻറും, ഒരു വസ്തു വിലയ്ക്കു വാങ്ങുകയോ ലേലത്തിൽ വിളികേംക്കുകയോ ചെയ്യാതിരിക്കുവാൻ അങ്ങനെയുള്ള പബ്ലിക്ക് സർവൻറെന്ന നിലയിൽ നിയമപ്രകാരം ബാദ്ധ്യസ്ഥനും ആയിരിക്കേ, തൻെറ സ്വന്തം പേരിലോ അല്ലെങ്കിൽ മററൊരാളുടെ പേരിലോ അല്ലെങ്കിൽ മററാളുകളുമായി കൂട്ടായോ ഓഹരി ചേർന്നോ ആ വസ്തു വിലയ്ക്കു വാങ്ങുകയോ ലേലത്തിൽ വിളി കേംക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, വസ്തു വിലയ്ക്ക് വാങ്ങിയിട്ടുണ്ടെങ്കിൽ കണ്ടു കെട്ടേണ്ടതും ആകുന്നു.

170. ഒരു പബ്ലിക്ക് സർവൻറായി ആരാമാറാട്ടം നടത്തുന്നത്.— ഏതെങ്കിലും പ്രത്യേക ഉദ്യോഗം താൻ വഹിക്കുന്നില്ലെന്നറിഞ്ഞുകൊണ്ട് ഒരു പബ്ലിക്ക് സർവൻറ് എന്ന നിലയിൽ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്നതായി നടിക്കുകയോ അല്ലെങ്കിൽ അങ്ങിനെയുള്ള ഉദ്യോഗം വഹിക്കുന്ന മറേറതെങ്കിലും ആളായി വ്യാജമായി ആരാമാറാട്ടം നടത്തുകയോ ചെയ്യുകയും അങ്ങനെ സ്വയം ഭാവിച്ചുകൊണ്ട് അങ്ങനെയുള്ള ഔദ്യോഗിക നിലയിലാണെന്ന് തോന്നിക്കുന്ന വിധത്തിൽ ഏതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

171. വഞ്ചനാപൂർവ്വമായ ഉദ്ദേശത്തോടുകൂടി പബ്ലിക്ക് സർവൻറ് ഉപയോഗിക്കാറുള്ള ഉടുപ്പു ധരിക്കുകയോ ടോക്കൺ കൊണ്ടുനടക്കുകയോ ചെയ്യുന്നത്.— പബ്ലിക്ക് സർവൻറുമാരുടെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ആളല്ലാതിരിക്കെ താൻ പബ്ലിക്ക് സർവൻറുമാരുടെ ആ വിഭാഗത്തിൽപ്പെട്ട ആളാണെന്ന് വിശ്വസിക്കപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ അപ്രകാരം വിശ്വസിക്കപ്പെടുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടിയോ പബ്ലിക്ക് സർവൻറുമാരുടെ ആ വിഭാഗം ഉപയോഗിക്കാറുള്ള ഏതെങ്കിലും ഉടുപ്പിനോ ടോക്കണോ സദൃശമായ ഏതെങ്കിലും ഉടുപ്പ് ധരിക്കുകയോ ഏതെങ്കിലും ടോക്കൺ കൊണ്ടുനടക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

### അദ്ധ്യായം IX ക

## തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

171 ക. സ്ഥാനാർത്ഥി തിരഞ്ഞെടുപ്പവകാശം ഇവയുടെ നിർവചനം. ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങാംക്ക്—

(ക) "സ്ഥാനാർത്ഥി" എന്നാൽ ഏതെങ്കിലും തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടആം എന്നർത്ഥമാകുന്നതും, അതിൽ ഒരു തിരഞ്ഞെടുപ്പ് ആലോചനയിലിരിക്കുമ്പോാം അതിലെ ഒരു ഭാവി

സ്ഥാനാർത്ഥിയാണെന്ന് പറഞ്ഞുനടക്കുന്ന ഒരാൾ, അയാൾ പിന്നീട് അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതായാൽ, ഉൾപ്പെടുന്നതും ആകുന്നു.

(ഖ) ''തിരഞ്ഞെടുപ്പ് അവകാശം'' എന്നാൽ ഒരു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നില്ക്കുവാനോ നില്ക്കാതിരിക്കുവാനോ സ്ഥാനാർത്ഥിത്വം പിൻവലിക്കുവാനോ അല്ലെങ്കിൽ വോട്ടുചെയ്യുവാനോ വോട്ടു ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞു നില്ക്കുവാനോ ഒരാൾക്കുള്ള അവകാശമെന്ന് അർത്ഥമാകുന്നു.

171 ഖ. <u>കൈക്കൂലിക്കുററം.—(1)</u> യാതൊരാളാണോ.—

(i) ഏതെങ്കിലും ആൾക്ക് ഏതെങ്കിലും തിരഞ്ഞെടുപ്പവകാശം പ്രയോഗിക്കുന്നതിന് അയാളേയോ മറേറതെങ്കിലും ആളേയോ പ്രചോദിപ്പിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശം പ്രയോഗിച്ചതിന് ഏതെങ്കിലും ആൾക്ക് പ്രതിഫലം നല്കുകയോ ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പരിതോഷണം നല്കുകയോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ഏതെങ്കിലും അവകാശം പ്രയോഗിക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശം പ്രയോഗിക്കുവാൻ മറേറതെങ്കിലും ആളെ പ്രചോദിപ്പിക്കുകയോ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിനോ ഉള്ള പ്രതിഫലമായി ഏതെങ്കിലും പരിതോഷണം തനിക്കുവേണ്ടിയോ മറേറതെങ്കിലും ആൾക്കുവേണ്ടിയോ സ്വീകരിക്കുകയോ,

ചെയ്യുന്നത്, അയാൾ കൈക്കൂലിക്കുററം ചെയ്യുന്നു :

എന്നാൽ ഒരു പൊതുനയത്തിന്റെ പ്രഖ്യാപനമോ പൊതുനടപടി എടുത്തുകൊള്ളാമെന്നുള്ള ഒരു വാഗ്ദാനമോ ഈ വകുപ്പു പ്രകാരമുള്ള ഒരു കുററമാകുന്നതല്ല.

(2) പരിതോഷണം നല്കാമെന്ന് ആഫർ ചെയ്യുകയോ സമ്മതിക്കുകയോ ലഭ്യമാക്കാമെന്നു ആഫർ ചെയ്യുകയോ ലഭ്യമാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ആൾ ഒരു പരിതോഷണം നല്കുന്നതായി കരുതപ്പെടുന്നതാകുന്നു.

(3) പരിതോഷണം ലഭിക്കുകയോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ അല്ലെങ്കിൽ ലഭിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ആൾ പരിതോഷണം സ്വീകരിക്കുന്നതായി കരുതപ്പെടുന്നതും, താൻ ചെയ്യുവാൻ ഉദ്ദേശിക്കാത്ത എന്തെങ്കിലും ചെയ്യുവാനുള്ള ഒരു പ്രേരകമായോ അല്ലെങ്കിൽ താൻ ചെയ്തിട്ടില്ലാത്ത എന്തെങ്കിലും ചെയ്തതിനിലയ്ക്ക് പ്രതിഫലമായോ പരിതോഷണം സ്വീകരിക്കുന്ന ആൾ പ്രതിഫലമായി ആ പരിതോഷണം സ്വീകരിച്ചിട്ടുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

171 ഗ. <u>തിരഞ്ഞെടുപ്പുകളിൽ അനുചിതമായ സ്വാധീനം ചെലുത്തൽ.—</u> ഏതെങ്കിലും തിരഞ്ഞെടുപ്പവകാശം സ്വതന്ത്രമായി പ്രയോഗിക്കുന്നതിൽ സ്വേച്ഛയാ ഇടപെടുകയോ ഇടപെടുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും തിരഞ്ഞെടുപ്പിൽ അനുചിതമായ സ്വാധീനം ചെലുത്തുക എന്ന കുററം ചെയ്യുന്നു —

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം കൂടാതെ—

(ക) ഏതെങ്കിലും സ്ഥാനാർത്ഥിയേയോ വോട്ടറേയോ അല്ലെങ്കിൽ സ്ഥാനാർത്ഥിക്കോ വോട്ടർക്കോ താൽപര്യമുള്ള ഏതെങ്കിലും ആളേയോ അയാൾക്ക് ഏതെങ്കിലും വിധത്തിലുള്ള ക്ഷതി ഉളവാക്കുമെന്നു ഭീഷണിപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഖ) സ്ഥാനാർത്ഥിയേയോ വോട്ടറേയോ അയാളോ അല്ലെങ്കിൽ അയാൾക്ക് താല്പര്യമുള്ള ഏതെങ്കിലും ആളോ ദൈവികമായ അപ്രീതിക്കോ ആദ്ധ്യാത്മികമായ ഗർഹണത്തിനോ പാത്രമാകുകയോ പാത്രമാക്കപ്പെടുകയോ ചെയ്യുമെന്ന് വിശ്വസിക്കുവാൻ പ്രചോദിപ്പിക്കുകയോ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും (1)-ാം ഉപവകുപ്പിന്റെ അർത്ഥത്തിൽ അങ്ങനെയുള്ള സ്ഥാനാർത്ഥിയുടേയോ വോട്ടറുടേയോ തിരഞ്ഞെടുപ്പവകാശം സ്വതന്ത്രമായി പ്രയോഗിക്കുന്നതിൽ ഇടപെടുന്നതായി കരുതപ്പെടുന്നതാകുന്നു.

(3) ഒരു പൊതുനയത്തിന്റെ പ്രഖ്യാപനമോ, പൊതു നടപടി എടുത്തു കൊള്ളാമെന്നുള്ള വാഗ്ദാനമോ, തിരഞ്ഞെടുപ്പവകാശത്തിൽ ഇടപെടുവാൻ ഉദ്ദേശം കൂടാത്ത നിയമപരമായ അവകാശത്തിന്റെ കേവലപ്രയോഗമോ ഈ വകുപ്പിന്റെ അർത്ഥത്തിൽ ഇടപെടലായി കരുതപ്പെടുന്നതല്ല.

171 ഘ. <u>തിരഞ്ഞെടുപ്പുകളിൽ ആൾമാറാട്ടം.</u>— ഒരു തിരഞ്ഞെടുപ്പിൽ മറെറതെങ്കിലും ആളുടെ പേരിലോ, അയാൾ മരിച്ചുപോയ ആളോ ജീവിച്ചിരിക്കുന്ന ആളോ ആയാലും, അല്ലെങ്കിൽ കല്പിതമായ പേരിലോ വോട്ടിങ്ങ് പേപ്പറിന് അപേക്ഷിക്കുകയോ വോട്ടുചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ ഒരു പ്രാവശ്യം വോട്ടു ചെയ്തശേഷം അതേ തിരഞ്ഞെടുപ്പിൽ തന്റെ പേരിൽ തന്നെ വോട്ടിങ്ങ് പേപ്പറിന് അപേക്ഷിക്കുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും ആൾ വോട്ടുചെയ്യുന്നതിന് പ്രേരണ നല്കുകയോ വോട്ടു ചെയ്യിപ്പിക്കുകയോ ചെയ്യിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും തിരഞ്ഞെടുപ്പിൽ ആൾമാറാട്ടം എന്ന കുററം ചെയ്യുന്നു.

171 ങ. <u>കൈക്കൂലിക്കുററത്തിനുള്ള ശിക്ഷ.</u>— കൈക്കൂലി കുററം ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

എന്നാൽ സത്കാരരൂപത്തിലുള്ള കൈക്കൂലി കുററത്തിന് പിഴ ശിക്ഷ മാത്രം നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.— 'സത്കാരം' എന്നാൽ പരിതോഷണം ഭക്ഷണമോ പാനീയമോ വിനോദമോ ഭക്ഷണ പദാർത്ഥമോ ആകുമ്പോഴത്തെ രൂപത്തിലുള്ള കൈക്കൂലി എന്നർത്ഥമാകുന്നു.

171. ച. <u>തിരഞ്ഞെടുപ്പിൽ അനുചിതമായ സ്വാധീനം ചെലുത്തുന്നതിനോ ആൾമാറാട്ടം നടത്തുന്നതിനോ ഉള്ള ശിക്ഷ.</u>— തിരഞ്ഞെടുപ്പിൽ അനുചിതമായ സ്വാധീനം ചെലുത്തുന്നതോ ആൾമാറാട്ടം നടത്തുന്നതോ ആയ കുററം ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

171. ഛ. <u>തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള വ്യാജപ്രസ്താവന.</u>— തിരഞ്ഞെടുപ്പിന്റെ ഫലത്തെ ബാധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ഏതെങ്കിലും സ്ഥാനാർത്ഥിയുടെ വ്യക്തിപരമായ സ്വഭാവമോ പെരുമാററമോ സംബന്ധിച്ച് വ്യാജവും വ്യാജമാണെന്ന് താൻ അറിയുകയോ താൻ വിശ്വസിക്കുകയോ സത്യമാണെന്നു വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും പ്രസ്താവന, വസ്തുതാപരമായ പ്രസ്താവനയായി കരുതപ്പെടണമെന്നു ഉദ്ദേശിച്ചുകൊണ്ട് ചെയ്യുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

171 ജ. ഒരു തിരഞ്ഞെടുപ്പുസംബന്ധിച്ച് നിയമവിരുദ്ധമായി പണം കൊടുക്കൽ.— ഒരുസ്ഥാനാർത്ഥിയുടെ സാമാന്യമോ പ്രത്യേകമോ ആയ രേഖാമൂലമുള്ള പ്രാധികാരം കൂടാതെ, അങ്ങനെയുള്ള സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പുരോഗമിപ്പിക്കുകയോ സാദ്ധ്യമാക്കുകയോ ചെയ്യുന്നതിനു വേണ്ടി ഏതെങ്കിലും പൊതുയോഗം നടത്തുന്നത് സംബന്ധിച്ചോ അല്ലെങ്കിൽ ഏതെങ്കിലും പരസ്യത്തിനോ, സർക്കുലറിനോ പ്രസിദ്ധീകരണത്തിനോ വേണ്ടിയോ മറേറതെങ്കിലും വിധത്തിലോ, അത് എന്തുതന്നെയായാലും, ചെലവുചെയ്യുകയോ ചെലവുചെയ്യുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ ഏതെങ്കിലും ആകെ പത്തുരൂപയിൽ കവിയാത്ത അങ്ങനെയുള്ള ഏതെങ്കിലും ചെലവുകൾ പ്രാധികാരം കൂടാതെ ചെയ്തിട്ട് അങ്ങനെയുള്ള ചെലവുകൾ നേരിട്ട തീയതി മുതൽ പത്തുദിവസത്തിനകം സ്ഥാനാർത്ഥിയുടെ രേഖാമൂലമായ അംഗീകാരം നേടുന്നുവെങ്കിൽ അയാൾ സ്ഥാനാർത്ഥിയുടെ പ്രാധികാരത്തോടുകൂടെ അങ്ങനെയുള്ള ചെലവുകൾ ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

171 ഝ. തിരഞ്ഞെടുപ്പു കണക്കുവയ്ക്കാതിരിക്കൽ.— തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ നിയമപ്രാബല്യമുള്ള ഏതെങ്കിലും ചട്ടപ്രകാരമോ തിരഞ്ഞെടുപ്പിലോ തിരഞ്ഞെടുപ്പ് സംബന്ധിച്ചോ നേരിട്ട ചെലവുകളുടെ കണക്കുകൾ വയ്ക്കേണ്ടതായിരിക്കേ, അങ്ങനെയുള്ള കണക്ക് വയ്ക്കാതെയിരിക്കുന്ന ഏതൊരാളും അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം X

## പബ്ലിക്ക് സർവൻറുമാരുടെ നിയമാനുസൃതമായ പ്രാധികാരത്തിൻെറ അലക്ഷ്യത്തെക്കുറിച്ച്

172. സമൻസോ മററു നടപടിയോ നടത്തപ്പെടുന്നത് ഒഴിവാക്കുവാനായി ഒളിവിൽപോകുന്നത്.— പബ്ലിക്ക്സർവൻറ് എന്ന നിലയിൽ ഒരു സമൻസോ നോട്ടീസോ ഉത്തരവോ പുറപ്പെടുവിക്കുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക്ക് സർവൻറിൽനിന്ന് പുറപ്പെടുന്ന അങ്ങനെയുള്ള സമൻസോ നോട്ടീസോ ഉത്തരവോ നടത്തപ്പെടുന്നത് ഒഴിവാക്കുവാനായി ഒളിവിൽ പോകുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ; അല്ലെങ്കിൽ

ആ സമൻസോ നോട്ടീസോ ഉത്തരവോ ഒരു നീതിന്യായക്കോടതിയിൽ നേരിട്ടോ ഏജൻറുമുഖേനയോ ഹാജരാകുന്നതിനോ ഒരു രേഖ ഹാജരാക്കുന്നതിനോ വേണ്ടിയാണെങ്കിൽ ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

173. സമൻസോ മററുനടപടിയോ നടത്തപ്പെടുന്നത് തടയുകയോ അല്ലെങ്കിൽ അതിൻെറ പ്രസിദ്ധീകരണം തടയുകയോ ചെയ്യുന്നത്.— പബ്ലിക്ക്

സർവൻറ് എന്ന നിലയിൽ ഒരു സമൻസോ നോട്ടീസോ ഉത്തരവോ പുറപ്പെടുവിക്കാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക്ക്സർവൻറിൽ നിന്ന് പുറപ്പെടുന്ന—

അങ്ങനെയുള്ള സമൻസോ നോട്ടീസോ ഉത്തരവോ തൻെറ മേലോ മററതെങ്കിലും ആളുടെ മേലോ നടത്തപ്പെടുന്നത് ഏതെങ്കിലും രീതിയിൽ മന:പൂർവ്വം തടയുകയോ; അല്ലെങ്കിൽ

അങ്ങനെയുള്ള ഏതെങ്കിലും സമൻസോ നോട്ടീസോ ഉത്തരവോ ഏതെങ്കിലും സ്ഥലത്ത് നിയമാനുസൃതമായി പതിക്കുന്നത് മന:പൂർവ്വം തടയുകയോ; അല്ലെങ്കിൽ

അങ്ങനെയുള്ള ഏതെങ്കിലും സമൻസോ നോട്ടീസോ ഉത്തരവോ, അത് നിയമാനുസൃതമായി പതിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലത്തുനിന്ന് മന:പൂർവ്വം നീക്കംചെയ്യുകയോ; അല്ലെങ്കിൽ

പബ്ലിക്ക്സർവൻറ് എന്ന നിലയിൽ ഒരു വിളംബരം പുറപ്പെടുവിക്കുന്നതിന് നിദേശിക്കുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക്ക് സർവൻറിൻെറ പ്രാധികാരത്തിൻകീഴിൽ നിയമാനുസൃതമായി അങ്ങനെയുള്ള വിളംബരം പുറപ്പെടുവിക്കുന്നത് മന:പൂർവ്വം തടയുകയോ,

ചെയ്യുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവു ശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ; അല്ലെങ്കിൽ

ആ സമൻസോ നോട്ടീസോ ഉത്തരവോ വിളംബരമോ ഒരു നീതിന്യായക്കോടതിയിൽ നേരിട്ടോ ഏജൻറുമുഖേനയോ ഹാജരാകുന്നതിനോ അല്ലെങ്കിൽ രേഖ ഹാജരാക്കുന്നതിനോ വേണ്ടിയാണെങ്കിൽ, ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

174. <u>പബ്ലിക്ക്സർവൻറിൽ നിന്നുള്ള ഉത്തരവനുസരിച്ച് ഹാജരാകാതിരിക്കൽ.</u>— പബ്ലിക്ക് സർവൻറ് എന്ന നിലയിൽ ഒരു സമൻസോ നോട്ടീസോ ഉത്തരവോ വിളംബരമോ പുറപ്പെടുവിക്കുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും പബ്ലിക്ക്സർവൻറിൽനിന്ന് പുറപ്പെടുന്ന അങ്ങനെയുള്ള ഒരു സമൻസോ നോട്ടീസോ ഉത്തരവോ വിളംബരമോ അനുസരിച്ച് ഒരു പ്രത്യേക സ്ഥലത്തും സമയത്തും നേരിട്ടോ ഏജൻറുമുഖേനയോ ഹാജരാകുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ—

ആ സ്ഥലത്തോ സമയത്തോ മന:പൂർവ്വം ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ താൻ ഏത് സ്ഥലത്താണോ ഹാജരാകുവാൻ ബദ്ധ്യസ്ഥനായത്, ആ സ്ഥലത്തുനിന്ന് നിയമപ്രകാരം തനിക്കു വിട്ടുപോകാവുന്ന സമയത്തിനു മുമ്പ് മന:പൂർവ്വം വിട്ടുപോവുകയോ ചെയ്യുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്കു വെറും തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ; അല്ലെങ്കിൽ

ആ സമൻസോ നോട്ടീസോ ഉത്തരവോ വിളംബരമോ ഒരു നീതിന്യായക്കോടതിയിൽ നേരിട്ടോ ഏജൻറുമുഖേനയോ ഹാജരാകുന്നതിനാണെങ്കിൽ ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) കൽക്കട്ട ഹൈക്കോടതിയിൽനിന്ന് പുറപ്പെടുന്ന ഒരു സപ്പീന അനുസരിച്ച് ആ കോടതിയിൽ ഹാജരാകുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ക മന:പൂർവ്വം ഹാജരാകാതിരിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന കുററം ചെയ്തിരിക്കുന്നു.

(ഖ) ഒരു ഡിസ്ട്രിക്ററ് ജഡ്ജി പുറപ്പെടുവിച്ച സമൻസ് അനുസരിച്ച് ആ ഡിസ്ട്രിക്ററ് ജഡ്ജിയുടെ മുമ്പിൽ സാക്ഷിയായി ഹാജരാകുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ക മന:പൂർവ്വം ഹാജരാകാതിരിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

175. <u>പബ്ലിക്ക് സർവൻറിൻെറ മുമ്പാകെ രേഖ ഹാജരാക്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ആൾ അത് ഹാജരാക്കാതിരിക്കൽ.</u>— ഏതെങ്കിലും പബ്ലിക്ക് സർവൻറിൻെറ മുമ്പാകെയോ, പബ്ലിക്ക് സർവൻറിന്നോ, ആ നിലയിൽ, ഏതെങ്കിലും രേഖ ഹാജരാക്കുകയോ കൈയേല്പിച്ചു കൊടുക്കുകയോ ചെയ്യുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ അത് മന:പൂർവ്വം ഹാജരാക്കാതിരിക്കുകയോ കൈയേല്പിച്ചു കൊടുക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്കു വെറും തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ; അല്ലെങ്കിൽ

രേഖ ഒരു നീതിന്യായക്കോടതിയിൽ അപ്രകാരം ഹാജരാക്കുകയോ കൈയേല്പിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണെങ്കിൽ, ആറുമാസത്തോളമാകാവുന്നകാലത്തേയ്ക്കു വെറും തടവുശിക്ഷയോ ആയിരംരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തം

ഒരു ഡിസ്ട്രിക്ററ് കോടതി മുമ്പാകെ രേഖ ഹാജരാക്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ക അത് മന:പൂർവ്വം ഹാജരാക്കാതിരിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

176. <u>പബ്ലിക്ക് സർവൻറിന് നോട്ടീസോ വിവരമോ നല്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ആൾ അത് നല്കാതിരിക്കൽ.</u>— ഏതെങ്കിലും പബ്ലിക്ക് സർവൻറിന് ആ നിലയിൽ ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും നോട്ടീസ് കൊടുക്കുവാനോ വിവരംനല്കുവാനോ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ, നിയമപ്രകാരം വേണ്ടതായ രീതിയിലും സമയത്തും മന:പൂർവ്വം അങ്ങനെയുള്ള നോട്ടീസ് കൊടുക്കാതിരിക്കുകയോ അങ്ങനെ വിവരം നല്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്കു വെറും തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ; അല്ലെങ്കിൽ

നല്കേണ്ട നോട്ടീസോ വിവരമോ കുററം ചെയ്തത് സംബന്ധിച്ചുള്ളതോ കുററം ചെയ്യുന്നത് തടയുന്നതിനോ കുററക്കാരനെ പിടിക്കുന്നതിനോ വേണ്ടതോ ആണെങ്കിൽ, ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ; അല്ലെങ്കിൽ

നല്കേണ്ട നോട്ടീസോ വിവരമോ 1898-ലെ ക്രിമിനൽ നടപടി നിയമസംഹിത, (1898-ലെ 5) 565-ാംവകുപ്പ് (1)-ാംഉപവകുപ്പുപ്രകാരം പാസാ

ക്കിയ ഉത്തരവുപ്രകാരം വേണ്ടതാണെങ്കിൽ, ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ,

നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

177. വ്യാജമായ വിവരം നല്കുന്നത്.—ഏതെങ്കിലും പബ്ലിക്ക് സർവ്വന്റിന്, ആ നിലയിൽ ഏതെങ്കിലും വിഷയം സംബന്ധിച്ച വിവരം നല്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ, ആ വിഷയം സംബന്ധിച്ച് വ്യാജമാണെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വിവരം സത്യമെന്ന നിലയിൽ നല്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ ; അല്ലെങ്കിൽ

നല്കുവാൻ അയാൾ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ആ വിവരം, ഒരു കുററം ചെയ്തത് സംബന്ധിച്ചുള്ളതോ കുററം ചെയ്യുന്നത് തടയുന്നതിനോ കുററക്കാരനെ പിടിക്കുന്നതിനോ വേണ്ടതോ ആണെങ്കിൽ രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ,

നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ക എന്ന ഭൂധാരകൻ തന്റെ എസ്റേററിന്റെ അതിർത്തിക്കുള്ളിൽ വച്ച് ഒരു കൊലപാതകം നടത്തപ്പെട്ടതായി അറിഞ്ഞുകൊണ്ട്, മരണം ഒരു പാമ്പ് കടിച്ചതിന്റെ അനന്തരഫലമായ യദൃച്ഛാസംഭവമായി ഉണ്ടായതാണെന്ന് ആ ഡിസ്ട്രിക്ററിലെ മജിസ്ട്രേട്ടിന് കരുതിക്കൂട്ടി തെററായ വിവരം കൊടുക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

(ഖ) ഒരു ഗ്രാമത്തിലെ കാവല്ക്കാരനായ ക അയൽവക്കത്തുള്ള ഒരു സ്ഥലത്ത് താമസിക്കുന്ന യ എന്ന ഒരു ധനികനായ കച്ചവടക്കാരന്റെ വീട്ടിൽ കൂട്ടായ്മ കവർച്ച നടത്തുന്നതിനുവേണ്ടി തന്റെ ഗ്രാമത്തിൽകൂടി ഗണ്യമായ ഒരു കൂട്ടം അപരിചിതർ കടന്നുപോയിട്ടുണ്ടെന്ന് അറിയുകയും, ഏററവും അടുത്ത പോലീസ് സ്റേറഷനിലെ ഉദ്യോഗസ്ഥന് മേല്പറഞ്ഞ വസ്തുതയെപ്പററി നേരത്തേയും സമയനിഷ്ഠയോടും വിവരം നല്കുവാൻ ബംഗാൾ കോഡിലെ, 1821-ലെ 3-ാം റെഗുലേഷൻ 7-ാംവകുപ്പ് 5-ാംഖണ്ഡപ്രകാരം ബാദ്ധ്യസ്ഥനാവുകയും ചെയ്തിരിക്കേ, വ്യത്യസ്തമായ ദിക്കിലുള്ള വിദൂരമായ ഒരു സ്ഥലത്തുവച്ച് കൂട്ടായ്മക്കവർച്ച നടത്തുക എന്ന ലക്ഷ്യത്തോടെ സംശയിക്കപ്പെടത്തക്ക ഒരു കൂട്ടം ആളുകൾ ആ ഗ്രാമത്തിൽകൂടി കടന്നുപോയി എന്ന് ആ പോലീസുദ്യോഗസ്ഥന് കരുതിക്കൂട്ടി തെററായ വിവരം കൊടുക്കുന്നു. ഇവിടെ ക ഈ വകുപ്പിൽ ഒടുവിലത്തെഭാഗത്ത് നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

വിശദീകരണം—176-ാം വകുപ്പിലും ഈ വകുപ്പിലും "കുററം" എന്ന വാക്കിന് ഇൻഡ്യക്ക് വെളിയിൽ ഏതെങ്കിലും സ്ഥലത്തു വച്ച് ചെയ്തതും ഇൻഡ്യയ്ക്കകത്തുവച്ച് ചെയ്യുന്നുവെങ്കിൽ താഴെ പറയുന്ന ഏതെങ്കിലും വകുപ്പുകളിൽ അതായത് 302, 304, 382, 392, 393, 394, 395, 396, 397, 398, 399, 402, 435, 436, 449, 450, 457, 458, 459, 460 എന്നീ വകുപ്പുകളിൽ ഏതെങ്കിലും വകുപ്പുപ്രകാരം ശിക്ഷാർഹമാകുന്നതുമായ ഏതു കൃത്യവും ഉൾപ്പെടുന്നതും; 'കുററക്കാരൻ' എന്ന വാക്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൃത്യത്തിന് അപരാധിയായിട്ടുണ്ടെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള ഏത് ആളും ഉൾപ്പെടുന്നതുമാകുന്നു.

178. ശപഥമോ പ്രതിജ്ഞയോ ചെയ്യുവാൻ പബ്ലിക്ക് സർവ്വൻറ് മുറ പ്രകാരം ആവശ്യപ്പെടുമ്പോൾ വിസമ്മതിക്കുന്നത്.—സത്യം പറയുവാൻ ശപഥത്താലോ പ്രതിജ്ഞയാലോ സ്വയം ബാദ്ധ്യസ്ഥനാകുവാൻ അങ്ങനെ താൻ സ്വയം ബാദ്ധ്യസ്ഥനാകണമെന്ന് ആവശ്യപ്പെടുന്നതിന് നിയമപ്രകാരം ക്ഷമതയുള്ള ഒരു പബ്ലിക്ക് സർവൻറ് തന്നോട് ആവശ്യപ്പെടുമ്പോൾ വിസമ്മതിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവു ശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

179. ചോദ്യം ചെയ്യുവാൻ പ്രാധികാരം നല്കപ്പെട്ട പബ്ലിക് സർവന്റിൻെറ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ വിസമ്മതിക്കുന്നത്.—ഏതെങ്കിലും പബ്ലിക്ക് സർവൻറിനോട് ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സത്യം പ്രസ്താവിക്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ, അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ നിയമപ്രകാരമുള്ള അധികാരങ്ങളുടെ പ്രയോഗത്തിൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് ആ വിഷയത്തെ സ്പർശിച്ച് ചോദിക്കുന്ന ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുവാൻ വിസമ്മതിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവു ശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

180. പ്രസ്താവനയിൽ ഒപ്പുവയ്ക്കുവാൻ വിസമ്മതിക്കുന്നത്.— താൻ ചെയ്ത ഏതെങ്കിലും പ്രസ്താവനയിൽ ഒപ്പുവയ്ക്കുവാൻ, ആ പ്രസ്താവനയിൽ താൻ ഒപ്പു വയ്ക്കണമെന്ന് ആവശ്യപ്പെടാൻ നിയമപ്രകാരം ക്ഷമതയുള്ള ഒരു പബ്ലിക്ക് സർവൻറ് ആവശ്യപ്പെടുമ്പോൾ വിസമ്മതിക്കുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷപ്പെടുന്നതാകുന്നു.

181. ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുവാൻ പ്രാധികാരം നല്കപ്പെട്ടിട്ടുള്ള പബ്ലിക്ക് സർവൻറിനോടോ ആളോടോ ശപഥത്തിൻമേലോ പ്രതിജ്ഞയിൻമേലോ ചെയ്യുന്ന വ്യാജപ്രസ്താവന.—ഒരു ശപഥത്താലോ പ്രതിജ്ഞയാലോ, അങ്ങനെയുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുവാൻ നിയമപ്രകാരം പ്രാധികാരം നല്കപ്പെട്ടിട്ടുള്ളഏതെങ്കിലും പബ്ലിക്ക്സർവൻറിനോടോ മററു ആളോടൊ ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സത്യം പ്രസ്താവിക്കുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കേ, മേല്പറഞ്ഞതുപോലെയുള്ള പബ്ലിക്ക് സർവൻറിനോടോ മററാളോടോ ആ വിഷയത്തെ സ്പർശിച്ച്

വ്യാജമായതും താൻ വ്യാജമാണെന്ന് അറിയുന്നതോ വിശ്വസിക്കുന്നതോ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയതും ആയ ഏതെങ്കിലും പ്രസ്താവന ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുംകൂടി അർഹനായിരിക്കുന്നതും ആകുന്നു.

182. പബ്ലിക്ക് സർവൻറിനെക്കൊണ്ട് തൻെറ നിയമാനുസൃതമായ അധികാരം മററൊരാൾക്ക് ക്ഷതി ഉളവാക്കുവാനായി ഉപയോഗിക്കണമെന്ന ഉദ്ദേശത്തോടുകൂടി വ്യാജമായ വിവരം നല്കൽ.—വ്യാജമാണെന്ന് താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും വിവരം ഏതെങ്കിലും പബ്ലിക്ക് സർവൻറിന് നല്കുന്നതുവഴി അങ്ങനെയുള്ള പബ്ലിക്ക് സർവൻറിനെക്കൊണ്ട്—

(ക) അങ്ങനെയുള്ള വിവരം നല്കിയത് ഏതു വസ്തുതകൾ സംബന്ധിച്ചാണോ, അവയുടെ യഥാർത്ഥ സ്ഥിതി അങ്ങനെയുള്ള പബ്ലിക്ക് സർവൻറിന് അറിയാമെങ്കിൽ അയാൾ ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ പാടില്ലാത്ത എന്തെങ്കിലും ചെയ്യിപ്പിക്കുകയോ ചെയ്യാതിരിപ്പിക്കുകയോ ചെയ്യണമെന്നോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ നിയമാനുസൃതമായ അധികാരം ഏതെങ്കിലും ആൾക്ക് ക്ഷതിയോ അലട്ടോ ഉണ്ടാക്കത്തക്കവിധം ഉപയോഗിപ്പിക്കണമെന്നും,

ഉദ്ദേശിച്ചുകൊണ്ടോ, അതിന് ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ വിവരം നല്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു മജിസ്ട്രേററിൻെറ അധികാരത്തിൻ കീഴിലുള്ള യ എന്ന പോലീസുദ്യോഗസ്ഥൻകർത്തവ്യനിർവ്വഹണത്തിലുള്ളഉപേക്ഷയ്ക്കോനടപടി ദൂഷ്യത്തിനോ അപരാധിയാണെന്നുള്ള വിവരം, ആ വിവരം വ്യാജമാണെന്നും ആ വിവരം മൂലം മജിസ്ട്രേററ് യ യെ ഡിസ്മിസ്സ് ചെയ്യുവാൻ ഇടയാക്കുമെന്നും അറിഞ്ഞുകൊണ്ട് ക മജിസ്ട്രേററിനെ അറിയിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

(ഖ) ഒരു രഹസ്യസ്ഥലത്ത് യ യുടെ വക നിയമനിഷിദ്ധമായ ഉപ്പ് ഉണ്ടെന്നുള്ള വിവരം, അങ്ങനെയുള്ള വിവരം വ്യാജമാണെന്നും ആ വിവരം നല്കുന്നതിൻെറ അനന്തരഫലം യ യുടെ പുരയിടം ശോധന ചെയ്യലും അതോടുകൂടി യ യ്ക്ക് ഉണ്ടാക്കുന്ന അലട്ടും ആയിരിക്കുമെന്ന് അറിഞ്ഞുകൊണ്ട് ക ഒരു പബ്ലിക്ക് സർവൻറിന് വ്യാജമായി നല്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

(ഗ) ഒരു പ്രത്യേക ഗ്രാമത്തിൻെറ സമീപത്തുവച്ച് താൻ കൈയേററം ചെയ്യപ്പെടുകയും കവർച്ച ചെയ്യപ്പെടുകയും ചെയ്തു എന്ന് ക വ്യാജമായി ഒരു പോലീസുകാരന് വിവരം നല്കുന്നു. അയാളെ ആക്രമിച്ചവരിൽ ഒരാളായി ആരുടേയും പേർ അയാൾ പറയുന്നില്ല. എന്നാൽ ഈ വിവരം നല്കലിൻെറ അനന്തരഫലമായി ഗ്രാമീണർക്കോ അവരിൽ ചിലർക്കോ അലട്ട് ഉണ്ടാക്കത്തക്കവിധം പോലീസ് ഗ്രാമത്തിൽ അന്വേഷണം നടത്തുകയും ശോധന ചെയ്യുകയും ചെയ്യുവാൻ ഇടയുണ്ടെന്ന് അയാൾക്കറിയാം. ക ഈ വകുപ്പു പ്രകാരം കുററം ചെയ്തിരിക്കുന്നു.

183. ഒരു പബ്ലിക്ക് സർവൻറിൻെറ നിയമാനുസൃതമായ പ്രാധികാര പ്രകാരം വസ്തു എടുക്കുന്നതിനെ ചെറുക്കുന്നത്.— ഏതെങ്കിലും പബ്ലിക്ക് സർവൻറിൻെറ നിയമാനുസൃതമായ പ്രാധികാരപ്രകാരം ഏതെങ്കിലും വസ്തു എടുക്കുന്നതിനെ, അയാൾ അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് ആണെന്നറിഞ്ഞു കൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, ചെറുക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

184. പബ്ലിക്ക് സർവൻറിൻെറ പ്രാധികാരപ്രകാരം വില്പനയ്ക്ക് വച്ചിരിക്കുന്ന വസ്തുവിൻെറ വില്പന തടസ്സപ്പെടുത്തുന്നത്.—ഏതെങ്കിലും പബ്ലിക്ക് സർവൻറിൻെറ ആ നിലയിലുള്ള നിയമാനുസൃതമായ പ്രാധികാര പ്രകാരം വില്പനയ്ക്ക് വച്ചിരിക്കുന്ന ഏതെങ്കിലും വസ്തുവിൻെറ വില്പന മന:പൂർവ്വം തടസ്സപ്പെടുത്തുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

185. പബ്ലിക്ക് സർവൻറിൻെറ പ്രാധികാരപ്രകാരം വില്പനയ്ക്കുവച്ചിരിക്കുന്ന വസ്തു നിയമവിരുദ്ധമായി വിലയ്ക്ക് വാങ്ങുകയോ ലേലത്തിൽ വിളി കേൾക്കുകയോ ചെയ്യുന്നത്.—ഏതൊരാളാണോ ഒരു പബ്ലിക്ക് സർവൻറിൻെറ ആ നിലയിലുള്ള നിയമാനുസൃതമായ പ്രാധികാരപ്രകാരം നടക്കുന്ന ഏതെങ്കിലും വസ്തുവിൻെറ വില്പനയിൽ, ആ വില്പനയിൽ ആ വസ്തു വിലയ്ക്കുവാങ്ങുവാൻ നിയമപരമായി അപ്രാപ്തനാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും ആളുടെ പേരിൽ—അതു താൻ തന്നെയോ മററാരെങ്കിലുമോ ആയാലും—ഏതെങ്കിലും വസ്തു വിലയ്ക്കു വാങ്ങുകയോ ലേലത്തിൽ വിളി കേൾക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ലേലം വിളിയാൽ തനിക്ക് നേരിടേണ്ടിവരുന്ന കടപ്പാടുകൾ നിർവ്വഹിക്കണമെന്ന ഉദ്ദേശമില്ലാതെ അങ്ങനെയുള്ള വസ്തു ലേലത്തിൽ വിളി കേൾക്കുകയോ ചെയ്യുന്നത്, അയാൾ ഒരു മാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

186. പബ്ലിക്ക് ചുമതലകൾ നിർവ്വഹിക്കുന്നതിൽ പബ്ലിക്ക് സർവൻറിനെ തടസ്സപ്പെടുത്തുന്നത്.—ഏതെങ്കിലും പബ്ലിക്ക് സർവൻറിനെ അയാളുടെ പബ്ലിക്ക് ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്വേച്ഛയാ തടസ്സപ്പെടുത്തുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

187. പബ്ലിക് സർവൻറിന് സഹായം നല്കുവാൻ നിയമംമൂലം ബാദ്ധ്യസ്ഥനായിരിക്കെ സഹായം നല്കാതിരിക്കുന്നത് :— ഏതെങ്കിലും പബ്ലിക്ക് സർവൻറിന് അയാളുടെ പബ്ലിക്ക് കർത്തവ്യം നടത്തുന്നതിൽ സഹായം ചെയ്യുവാനോ എത്തിച്ചുകൊടുക്കുവാനോ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ മന:പൂർവ്വം അയാൾക്ക് അങ്ങനെയുള്ള സഹായം നല്കാതിരിക്കുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും :

ഒരു നീതിന്യായകോടതി നിയമാനുസൃതം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും പ്രാസസ്സ് നടത്തുന്നതിനോ, ഒരു കുററം ചെയ്യുന്നത് തടയുന്നതിനോ, ലഹളയോ അടികലശലോ അമർത്തുന്നതിനോ അല്ലെങ്കിൽ ഒരു കുററത്തിനോ നിയമാനുസൃതമായ കസ്ററഡിയിൽ നിന്ന് രക്ഷപ്പെട്ടതിനോ ചാർജ്ജ് ചെയ്യപ്പെടുകയോ അപരാധിയാവുകയോ ചെയ്ത ഒരാളെ പിടിക്കുന്നതിനോ, വേണ്ടി അങ്ങനെയുള്ള സഹായം ആവശ്യപ്പെടുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഒരു പബ്ലിക്ക് സർവൻറ് അയാളോട് അങ്ങനെ ആവശ്യപ്പെട്ടിട്ടാണെങ്കിൽ, ആറു മാസത്തോളമാകാവുന്ന കാലത്തെയ്ക്ക് വെറും തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

188. <u>പബ്ലിക്ക് സർവൻറ് മുറപ്രകാരം പ്രഖ്യാപനം ചെയ്ത ഉത്തരവ് അനുസരിക്കാതിരിക്കൽ</u>.—താൻ ഒരു കൃത്യം ചെയ്യാതിരിക്കണമെന്നോ അല്ലെങ്കിൽ തന്റെ കൈവശത്തിലോ നടത്തിപ്പിലോ ഉള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച് ഏന്തെങ്കിലും ചെയ്യണമെന്നോ ഉള്ള ഒരു ഉത്തരവ് പ്രഖ്യാപനം ചെയ്യുവാൻ നിയമാനുസൃതം അധികാരപ്പെടുത്തപ്പെട്ട ഒരു പബ്ലിക്ക് സർവൻറ് പ്രഖ്യാപനം ചെയ്തിട്ടുള്ള അങ്ങനെയുള്ള ഉത്തരവിനാൽ താൻ അങ്ങനെ ചെയ്യണമെന്നോ നിദേശിക്കപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള നിദേശം അനുസരിക്കാതിരിക്കുന്ന ഏതൊരാളും ;

അങ്ങനെയുള്ള അനുസരിക്കാതിരിക്കൽ നിയമാനുസൃതമായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾക്ക് തടസ്സമോ അലട്ടോ ക്ഷതിയോ അല്ലെങ്കിൽ തടസ്സത്തിനോ അലട്ടിനോ ക്ഷതിക്കോ ഉള്ള സാദ്ധ്യതയോ ഉണ്ടാക്കുകയോ ഉണ്ടാക്കുവാൻ പ്രവണതയുള്ളതായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ഒരു മാസത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ;

അങ്ങനെയുള്ള അനുസരിക്കാതിരിക്കൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ രക്ഷക്കോ അപായം ഉണ്ടാക്കുകയോ ഉണ്ടാക്കുവാൻ പ്രവണത ഉള്ളതായിരിക്കുകയോ അല്ലെങ്കിൽ ലഹളയോ അടികലശലോ ഉണ്ടാക്കുകയോ ഉണ്ടാക്കുവാൻ പ്രവണതയുള്ളതായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ആറു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

വിശദീകരണം.—കുററക്കാരൻ ഹാനി ഉളവാക്കണമെന്ന് ഉദ്ദേശിക്കുകയോ തന്റെ അനുസരിക്കാതിരിക്കൽ ഹാനി ഉളവാക്കുവാൻ ഇടയുള്ളതാണെന്ന് വിചാരിക്കുകയോ വേണമെന്നില്ല. താൻ അനുസരിക്കാതിരിക്കുന്ന ഉത്തരവിനെപ്പററി അയാൾ അറിഞ്ഞിരിക്കുകയും അയാളുടെ അനുസരിക്കാതിരിക്കൽ ഹാനിഉളവാക്കുന്നതോ ഉളവാക്കുവാൻ ഇടയുള്ളതോ ആയിരിക്കുകയും ചെയ്താൽ മതി.

### ദൃഷ്ടാന്തം.

മതപരമായ ഒരു ഘോഷയാത്ര ഒരു തെരുവിലൂടെ പോകുവാൻ പാടില്ലെന്ന് നിദേശിക്കുന്ന ഒരു ഉത്തരവ്, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നിയമാനുസൃതം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു പബ്ലിക്ക്

സർവൻറ് പ്രഖ്യാപിക്കുന്നു. ക അറിഞ്ഞുകൊണ്ട് ആ ഉത്തരവ് അനുസരിക്കാതിരിക്കുകയും അതുവഴി ലഹളയ്ക്കുള്ള സാദ്ധ്യത ഉളവാക്കുകയും ചെയ്യുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

189. പബ്ലിക്ക് സർവൻറിന് ക്ഷതി ഉളവാക്കുമെന്നുള്ള ഭീഷണി.—ഏതെങ്കിലും പബ്ലിക്ക് സർവൻറിൻെറ പബ്ലിക്ക് ചുമതലകൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും കൃത്യം ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ താമസിപ്പിക്കുവാനോ ആ പബ്ലിക്ക് സർവൻറിനെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള പൊതു ജീവനക്കാരനോ ആ പബ്ലിക്ക് സർവൻറിന് താൽപര്യം ഉണ്ടെന്ന് താൻ വിശ്വസിക്കുന്ന ഏതെങ്കിലും ആൾക്കോ ക്ഷതി ഉളവാക്കുമെന്ന ഏതെങ്കിലും ഭീഷണി നല്കുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

190. പബ്ലിക് സർവൻറിനോട് രക്ഷണത്തിന് അപേക്ഷനല്കാതിരിക്കുന്നതിന് ആളെ പ്രചോദിപ്പിക്കുവാൻവേണ്ടി ക്ഷതിഉണ്ടാക്കുമെന്നുള്ള ഭീഷണി.—ഏതെങ്കിലും ക്ഷതിക്കെതിരായി രക്ഷണം കൊടുക്കുവാനോ കൊടുപ്പിക്കുവാനോ പബ്ലിക്ക് സർവൻറ് എന്ന നിലയിൽ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും പബ്ലിക്ക് സർവൻറിന് അങ്ങനെയുള്ള രക്ഷണത്തിനുവേണ്ടി നിയമപ്രകാരമുള്ള ഒരു അപേക്ഷ നല്കാതിരിക്കുകയോ നല്കുന്നതിൽനിന്ന് പിൻതിരിയുകയോ ചെയ്യുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി അയാൾക്ക് ക്ഷതി ഉളവാക്കുമെന്ന ഏതെങ്കിലും ഭീഷണി നല്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XI

# വ്യാജമായ തെളിവിനേയും പൊതുനീതിക്ക് വിരുദ്ധമായ കുററങ്ങളെയും കുറിച്ച്

191. വ്യാജമായ തെളിവ് നല്കുന്നത്:—ഒരു ശപഥത്താലോ പ്രകടമായ നിയമവ്യവസ്ഥയാലോ സത്യം പറയുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ, അല്ലെങ്കിൽ ഏതെങ്കിലും വിഷയം സംബന്ധിച്ച് ഒരു പ്രഖ്യാപനം ചെയ്യുന്നതിന് നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കെ വ്യാജവും വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ സത്യമാണെന്ന് വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും പ്രസ്താവന ചെയ്യുന്ന ഏതൊരാളും വ്യാജമായ തെളിവ് നല്കുന്നതായി പറയപ്പെടുന്നു.

വിശദീകരണം 1. —ഒരു പ്രസ്താവന, വാക്കാലോ മററ് വിധത്തിലോ ചെയ്തതായാലും ഈ വകുപ്പിൻെറ അർത്ഥത്തിൽപ്പെടുന്നു.

വിശദീകരണം 2.—സാക്ഷ്യപ്പെടുത്തുന്ന ആളുടെ വിശ്വാസം സംബന്ധിച്ച വ്യാജമായ ഒരു പ്രസ്താവന ഈ വകുപ്പിന്റെ അർത്ഥത്തിൽ പ്പെടുന്നതും താൻ വിശ്വസിക്കാത്ത ഒന്ന് വിശ്വസിക്കുന്നുവെന്നു പ്രസ്താവിക്കുമ്പോഴും, കൂടാതെതാൻ അറിയാത്ത ഒന്ന് അറിയുന്നുവെന്ന് പ്രസ്താവിക്കുമ്പോഴും ഒരാൾ വ്യാജമായ തെളിവുനല്കുന്നതിന് അപരാധിയാകാവുന്നതുമാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ഖ യ്ക്ക് യ യ്ക്കെതിരായി ആയിരം രൂപയ്ക്കുള്ള നീതിപൂർവ്വകമായ ഒരു അവകാശവാദത്തിന് സഹായകമായി, ഖ യുടെ അവകാശവാദം നീതിപൂർവ്വകമാണെന്നു യ സമ്മതിച്ചത് താൻ കേട്ടതായി ഒരു വിചാരണയിൽ ക സത്യം ചെയ്തു വ്യാജമായി പറയുന്നു. ക വ്യാജമായി തെളിവുനല്കിയിരിക്കുന്നു.

(ഖ) ക സത്യം പറയുന്നതിന് ഒരു ശപഥത്താൽ ബാദ്ധ്യസ്ഥനായിരിക്കെ ഒരു ഒപ്പ് യ യുടെ കൈയക്ഷരത്തിൽ ഉള്ളതാണെന്ന് താൻ വിശ്വസിക്കാത്തപ്പോൾ യ യുടെ കൈയക്ഷരത്തിൽ ഉള്ളതാണെന്ന് താൻ വിശ്വസിക്കുന്നു എന്നു പറയുന്നു. ഇവിടെ ക വ്യാജമെന്ന് തനിക്ക് അറിയാവുന്നത് പറയുന്നു. അതുകൊണ്ട് അയാൾ വ്യാജമായി തെളിവു നല്കുന്നു.

(ഗ) യ യുടെ കൈയക്ഷരത്തിന്റെ സാമാന്യ സ്വഭാവം അറിഞ്ഞുകൊണ്ട് ഒരു ഒപ്പ് യ യുടെ കൈയക്ഷരത്തിലുള്ളതാണെന്ന് താൻ വിശ്വസിക്കുന്നു എന്ന്, അത് ഉത്തമവിശ്വാസപൂർവ്വം വിശ്വസിച്ചുകൊണ്ട് ക പറയുന്നു. ഇവിടെ ക യുടെ പ്രസ്താവന അയാളുടെ വിശ്വാസത്തെക്കുറിച്ച് മാത്രമുള്ളതും അയാളുടെ വിശ്വാസത്തെ സംബന്ധിച്ചിടത്തോളം സത്യമായിട്ടുള്ളതും അതുകൊണ്ട് ഒപ്പ് യ യുടെ കൈയ്യക്ഷരത്തിൽ ഉള്ളതല്ലാതിരിക്കാമെങ്കിലും ക വ്യാജമായ തെളിവ് നല്കിയിട്ടില്ലാത്തതും ആകുന്നു.

(ഘ) സത്യം പറയുന്നതിന് ഒരു ശപഥത്താൽ ബാദ്ധ്യസ്ഥനായിരിക്കേ ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക ദിവസം യ ഉണ്ടായിരുന്നതായി താൻ അറിയുന്നുവെന്ന് ആ വിഷയത്തെപ്പററി യാതൊന്നും അറിയാതെ ക പറയുന്നു. യ അപ്പറഞ്ഞ ദിവസം ആ സ്ഥലത്ത് ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ക വ്യാജമായ തെളിവ് നല്കുന്നു.

(ങ) ഏത് പ്രസ്താവനയോ രേഖയോ ആണോ നേരായി വ്യാഖ്യാനിക്കുകയോ തർജ്ജമ ചെയ്യുകയോ ചെയ്യുവാൻ ശപഥത്താൽ താൻ ബാദ്ധ്യസ്ഥനായിട്ടുള്ളത്, അങ്ങനെയുള്ള ഒരു പ്രസ്താവനയുടേയോ രേഖയുടേയോ നേരായ വ്യാഖ്യാനമോ തർജ്ജമയോ അല്ലാത്തതും നേരായ വ്യാഖ്യാനമോ തർജ്ജമയോ ആണെന്ന് താൻ വിശ്വസിക്കാത്തതും ആയ ഒരു വ്യാഖ്യാനമോ തർജ്ജമയോ നേരായ വ്യാഖ്യാനമോ തർജ്ജമയോ ആയി ക എന്ന ദ്വിഭാഷിയോ തർജ്ജമക്കാരനോ നല്കുകയോ സർട്ടിഫൈ ചെയ്യുകയോ ചെയ്യുന്നു. ക വ്യാജമായ തെളിവ് നല്കിയിരിക്കുന്നു.

192. <u>വ്യാജമായ തെളിവ് നിർമ്മിക്കൽ.</u>—ഏതെങ്കിലും പരിത:സ്ഥിതിയോ വ്യാജമായ ഉൾക്കുറിപ്പോ വ്യാജപ്രസ്താവനയോ ഒരു നീതിന്യായനടപടിയിലോ, ഒരു പബ്ലിക്ക് സർവന്റിന്റെ മുമ്പാകെ അങ്ങനെയുള്ള നിലയിലോ ഒരു മദ്ധ്യസ്ഥന്റെ മുമ്പാകെയോ നിയമപ്രകാരം എടുക്കുന്ന നടപടിയിലോ തെളിവിൽ വന്നു കൊള്ളട്ടെ എന്നും, അപ്രകാരം തെളിവായിപ്പനേക്കാവുന്ന പരിത:സ്ഥിതിയോ വ്യാജമായ ഉൾക്കുറിപ്പോ വ്യാജ

പ്രസ്താവനയോ അങ്ങനെയുള്ള നടപടിയിൽ ആ തെളിവിനെപ്പററി ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ട ഒരാഠം അങ്ങനെയുള്ള നടപടിയുടെ പരിണാമത്തെ സാരമായി ബാധിക്കുന്ന ഏതെങ്കിലും സംഗതി സ്പർശിക്കുന്ന തെററായ ഒരു അഭിപ്രായം കൈക്കൊള്ളുവാൻ ഇടയാക്കിക്കൊള്ളട്ടെ എന്നും ഉദ്ദേശിച്ചുകൊണ്ട്, അങ്ങനെയുള്ള ഏതെങ്കിലും പരിത:സ്ഥിതി ഉണ്ടാക്കുവാനിടയാക്കുകയോ ഏതെങ്കിലും പുസ്തകത്തിലോ റിക്കാർഡിലോ ഏതെങ്കിലും വ്യാജമായ ഉഠംക്കുറിപ്പ് ചേർക്കുകയോ വ്യാജപ്രസ്താവന ഉഠംക്കൊള്ളുന്ന ഏതെങ്കിലും രേഖ ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും ''വ്യാജമായ തെളിവ് നിർമ്മി'' ക്കുന്നതായി പറയപ്പെടുന്നു.

## ദൃഷ്ടാന്തങ്ങഠം

(ക) ക ആഭരണങ്ങഠം യ യുടെ വകയായ ഒരു പെട്ടിയിൽ കാണപ്പെട്ടുകൊള്ളട്ടെ എന്നും യ യുടെ പേരിൽ മോഷണക്കുററം സ്ഥാപിക്കപ്പെടുവാൻ ഈ പരിത:സ്ഥിതി ഇടയാക്കിക്കൊള്ളട്ടെ എന്നും ഉള്ള ഉദ്ദേശത്തോടെ അവ ആ പെട്ടിയിൽ വയ്ക്കുന്നു. ക വ്യാജമായ തെളിവ് നിർമ്മിച്ചിരിക്കുന്നു.

(ഖ) ഒരു നീതിന്യായ കോടതിയിൽ ഉപോദ്ബലകത്തെളിവായി ഉപയോഗിക്കുന്നതിനുവേണ്ടി ക തൻെറ ഷാപ്പു ബുക്കിൽ വ്യാജമായ ഒരു ഉഠംക്കുറിപ്പ് ചേർക്കുന്നു. ക വ്യാജമായ തെളിവ് നിർമ്മിച്ചിരിക്കുന്നു.

(ഗ) ക, യ യുടെ പേരിൽ കുററകരമായ ഒരു ഗൂഢാലോചനയ്ക്ക് കുററം സ്ഥാപിക്കപ്പെടുവാനിടയാക്കണമെന്ന ഉദ്ദേശത്തോടുകൂടി, അങ്ങനെയുള്ള കുററകരമായ ഗൂഢാലോചനയിലെ ഒരു കൂട്ടുകുററക്കാരന് എഴുതിയതാണെന്ന് കരുതപ്പെടാവുന്ന ഒരു കത്ത് യ യുടെ കൈയക്ഷരം അനുകരിച്ച് ക എഴുതുകയും പോലീസ് ഉദ്യോഗസ്ഥൻമാർ ശോധന ചെയ്യുവാൻ ഇടയുണ്ടെന്ന് അയാഠംക്ക് അറിയാവുന്ന ഒരു സ്ഥലത്ത് വയ്ക്കുകയും ചെയ്യുന്നു. ക വ്യാജമായ തെളിവ് നിർമ്മിച്ചിരിക്കുന്നു.

193. <u>വ്യാജമായ തെളിവിനുള്ള ശിക്ഷ.</u>—ഒരു നീതിന്യായ നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ഉദ്ദേശപൂർവ്വം വ്യാജമായ തെളിവ് നല്കുകയോ ഒരു നീതിന്യായ നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ഉപയോഗിക്കപ്പെടുന്നതിനുവേണ്ടി വ്യാജമായ തെളിവ് നിർമ്മിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷക്കുകൂടി അർഹനാകുന്നതും ;

മറേറതെങ്കിലും സംഗതിയിൽ ഉദ്ദേശപൂർവ്വം വ്യാജമായ തെളിവ് നല്കുകയോ വ്യാജമായതെളിവ് നിർമ്മിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, ആണ്.

വിശദീകരണം 1.—ഒരു പട്ടാളക്കോടതിയുടെ മുമ്പാകെയുള്ള ഒരു വിചാരണ ഒരു നീതിന്യായ നടപടിയാകുന്നു.

വിശദീകരണം 2.—ഒരു നീതിന്യായ കോടതിയുടെ മുമ്പാകെയുള്ള നടപടിക്ക് പ്രാരംഭമെന്ന നിയമത്താൽ നിർദ്ദേശിക്കപ്പെട്ട ഒരു അന്വേഷണം, ആ അന്വേഷണം ഒരു നീതിന്യായ കോടതിയുടെ മുമ്പാകെ നടക്കുന്നതല്ലെന്നിരിക്കാമെങ്കിലുംനീതിന്യായ നടപടിയുടെ ഒരു ഘട്ടം ആകുന്നു.

ദൃഷ്ടാന്തം

യ യെ വിചാരണയ്ക്ക് കമ്മിററ് ചെയ്യേണ്ടതാണോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു മജിസ്ട്രേററിന്റെ മുമ്പാകെ നടത്തുന്ന ഒരു അന്വേഷണ വിചാരണയിൽ ക വ്യാജമെന്ന് തനിക്ക് അറിയാവുന്ന ഒരു പ്രസ്താവന ശപഥത്തിൻമേൽ ചെയ്യുന്നു. ഈ അന്വേഷണവിചാരണ ഒരു നീതിന്യായ നടപടിയുടെ ഒരു ഘട്ടമാകയാൽ ക വ്യാജമായി തെളിവ് നല്കിയിരിക്കുന്നു.

വിശദീകരണം3. — ഒരുനീതിന്യായക്കോടതിയാൽ നിയമപ്രകാരം നിദേശിക്കപ്പെടുന്നതും ഒരു നീതിന്യായക്കോടതിയുടെ പ്രാധികാരത്തിൻ കീഴിൽ നടത്തുന്നതുമായ ഒരു അന്വേഷണം നടക്കുന്നതല്ലെന്നിരിക്കാമെങ്കിലും, ഒരു നീതിന്യായനടപടിയുടെ ഒരു ഘട്ടമാകുന്നു.

ദൃഷ്ടാന്തം

ഒരു ഭൂമിയുടെ അതിർത്തികം സ്ഥലത്തുവച്ച് തിട്ടപ്പെടുത്തുന്നതിന് ഒരു നീതിന്യായക്കോടതിയാൽ നിയുക്തനായ ഒരു ഉദ്യോഗസ്ഥന്റെ മുമ്പാകെയുള്ള ഒരു അന്വേഷണവിചാരണയിൽ ക വ്യാജമെന്ന് തനിക്കു അറിയാവുന്ന ഒരു പ്രസ്താവന ശപഥത്തിൻമേൽ ചെയ്യുന്നു. ഈ അന്വേഷണ വിചാരണ ഒരു നീതിന്യായ നടപടിയുടെ ഒരു ഘട്ടമാകയാൽ, ക വ്യാജമായ തെളിവ് നല്കിയിരിക്കുന്നു.

194. മരണശിക്ഷ നല്കാവുന്ന കുററം സ്ഥാപിക്കപ്പെടണമെന്ന് ഉദ്ദേശത്തോടുകൂടി വ്യാജമായ തെളിവ് നല്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നത്. — വ്യാജമായ തെളിവ് നല്കുകയോ, നിർമ്മിക്കുകയോ ചെയ്യുന്നതുവഴി ഏതെങ്കിലും ആളുടെ മേൽ ഇൻഡ്യയിൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം മരണശിക്ഷ നല്കാവുന്ന കുററം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഇടയാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് കഠിനതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും;

അതുവഴി നിരപരാധിയായ ഒരാളുടെ മേൽ കുററം സ്ഥാപിക്കപ്പെടുകയും മരണശിക്ഷ നടത്തുകയും ചെയ്യുന്നുവെങ്കിൽ.— അങ്ങനെയുള്ള വ്യാജമായ തെളിവിന്റെ അനന്തരഫലമായി നിരപരാധിയായ ഒരാളുടെ മേൽ കുററം സ്ഥാപിക്കപ്പെടുകയും മരണശിക്ഷ നടത്തപ്പെടുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള വ്യാജമായ തെളിവു നല്കിയ ആൾക്ക് മരണശിക്ഷയോ ഇതിനുമുൻപ് വിവരിച്ച ശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

195. ജീവപര്യന്തത്തടവോ, തടവോ നല്കി ശിക്ഷിക്കാവുന്ന കുററം സ്ഥാപിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി വ്യാജമായ തെളിവ് നല്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നത്.—വ്യാജമായ തെളിവുനല്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നതുവഴി ഏതെങ്കിലും ആളുടെ മേൽ തൽസമയം ഇൻഡ്യയിൽ പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം മരണശിക്ഷ നല്കാവുന്നതല്ലാത്തതും എന്നാൽ ജീവപര്യന്തത്തടവോ ഏഴുവർഷത്തേക്കോ അതിൽ

കൂടുതൽ കാലത്തേക്കോ ഉള്ള തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതുമായ ഒരു കുററം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, ഇടയാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ചെയ്യുന്ന ഏതൊരാളും ആ കുററം സ്ഥാപിക്കപ്പെട്ട ഒരാൾ ഏതു ശിക്ഷയ്ക്ക് അർഹനാകുമായിരുന്നുവോ, അതുപോലെയുള്ള ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തം

ഒരു നീതിന്യായക്കോടതി മുമ്പാകെ വ്യാജമായ തെളിവു നല്കുന്നതുവഴി യ യുടെ മേൽ കൂട്ടായ്മക്കവർച്ചക്കുററം സ്ഥാപിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി ഒരു നീതിന്യായക്കോടതി മുമ്പാകെ ക വ്യാജമായ തെളിവു നല്കുന്നു. കൂട്ടായ്മക്കവർച്ചയ്ക്കുള്ള ശിക്ഷ പിഴയോടുകൂടിയതോ അല്ലാത്തതോ ആയ ജീവപര്യന്തത്തടവോ പത്തുവർഷക്കാലത്തോളമാകാവുന്ന കഠിനതടവോ ആകുന്നു. അതുകൊണ്ട് ക പിഴയോടുകൂടിയതോ അല്ലാത്തതോ ആയ ജീവപര്യന്തത്തടവിനോ തടവിനോ അർഹനായിരിക്കുന്നതാകുന്നു.

196. വ്യാജമെന്ന് അറിയാവുന്ന തെളിവ് ഉപയോഗിക്കുന്നത്.— വ്യാജമായതോ വ്യാജമായി നിർമ്മിച്ചതോ ആണെന്നു തനിക്ക് അറിയാവുന്ന ഏതെങ്കിലും തെളിവ് സത്യമായതോ യഥാർത്ഥമായതോ ആയി ദുഷിച്ച രീതിയിൽ ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അയാൾ വ്യാജമായ തെളിവ് നല്കുകയോ നിർമ്മിക്കുകയോ ചെയ്തുവെങ്കിൽ ഏതുപോലെയോ അതുപോലെതന്നെ ശിക്ഷിക്കപ്പെടുന്നതാകുന്നു.

197. വ്യാജമായ സർട്ടിഫിക്കററ് നല്കുകയോ അതിൽ ഒപ്പിടുകയോ ചെയ്യുന്നത്.— നിയമപ്രകാരം നല്കേണ്ടതോ ഒപ്പിടേണ്ടതോ ആയ ഏതെങ്കിലും സർട്ടിഫിക്കറേറാ ഏതെങ്കിലും വസ്തുതയുടെ തെളിവായി നിയമപ്രകാരം സ്വീകരിക്കേണ്ട ആ വസ്തുത സംബന്ധിച്ച സർട്ടിഫിക്കറേറാ, അങ്ങനെയുള്ള സർട്ടിഫിക്കററ് ഏതെങ്കിലും സാരമായ ഒരു കാര്യത്തിൽ വ്യാജമാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിച്ചുകൊണ്ടോ നല്കുകയോ അതിൽ ഒപ്പിടുകയോ ചെയ്യുന്ന ഏതൊരാളും അയാൾ വ്യാജമായ തെളിവ് നല്കിയാൽ ഏതുപോലെയോ, അതുപോലെതന്നെ ശിക്ഷിക്കപ്പെടുന്നതാകുന്നു.

198. വ്യാജമാണെന്ന് അറിയാവുന്ന ഒരു സർട്ടിഫിക്കററ് സത്യമായതെന്നപോലെ ഉപയോഗിക്കുന്നത്.— അങ്ങനെയുള്ള ഏതെങ്കിലും സർട്ടിഫിക്കററ്, ഏതെങ്കിലും സാരമായ ഒരു കാര്യത്തിൽ അത് വ്യാജമെന്ന് അറിഞ്ഞുകൊണ്ട് സത്യമായ സർട്ടിഫിക്കററ് എന്നപോലെ ദുഷിച്ച രീതിയിൽ ഉപയോഗിക്കുകയോ, ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അയാൾ വ്യാജമായ തെളിവ് നല്കിയാൽ ഏതുപോലെയോ അതുപോലെതന്നെ ശിക്ഷിക്കപ്പെടുന്നതാകുന്നു.

199. നിയമപ്രകാരം തെളിവായി സ്വീകരിക്കാവുന്ന പ്രഖ്യാപനത്തിൽ ചെയ്തിട്ടുള്ള വ്യാജപ്രസ്താവന.— താൻ ചെയ്യുകയോ ഒപ്പിട്ടുകൊടുക്കുകയോ ചെയ്തതും, ഏതെങ്കിലും വസ്തുതയുടെ തെളിവായി സ്വീകരിക്കുവാൻ ഏതെങ്കിലും നീതിന്യായക്കോടതിക്കോ ഏതെങ്കിലും പബ്ലിക്ക് സർവൻറിനോ അല്ലെങ്കിൽ മററാൾക്കോ നിയമപ്രകാരം ബാദ്ധ്യസ്ഥതയോ

പ്രാധികാരമോ ഉള്ളതും ആയ ഏതെങ്കിലും പ്രഖ്യാപനത്തിൽ, വ്യാജമായതും, വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് വിശ്വസിക്കാത്തതോ ആയതും, പ്രഖ്യാപനം ചെയ്യുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്തത് ഏതു് ഉദ്ദേശ്യത്തിനുവേണ്ടിയാണോ ആ ഉദ്ദേശ്യത്തെ സാരമായിബാധിക്കുന്ന ഏതെങ്കിലും കാര്യത്തെ സ്പർശിക്കുന്നതുമായ ഏതെങ്കിലും പ്രസ്താവന ചെയ്യുന്ന ഏതൊരാളും അയാറം വ്യാജമായ തെളിവ് നല്കിയിരുന്നാൽ ഏതുപോലെയോ, അതുപോലെതന്നെ ശിക്ഷിക്കപ്പെടുന്നതാകുന്നു.

200. വ്യാജമാണെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള പ്രഖ്യാപനം സത്യമായതെന്നപോലെ ഉപയോഗിക്കുന്നത്.— അങ്ങനെയുള്ള ഏതെങ്കിലും പ്രഖ്യാപനം ഏതെങ്കിലും സാരമായ കാര്യത്തിൽ വ്യാജമാണെന്ന് അറിഞ്ഞുകൊണ്ട് ദുഷിച്ചരീതിയിൽ സത്യമായതെന്നപോലെ ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും, അയാറം വ്യാജമായ തെളിവ്നല്കിയാൽ ഏതുപോലെയോ അതുപോലെതന്നെ ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം.— ഏതെങ്കിലും അനൗപചാരികത്വം മാത്രം കാരണമായി അസ്വീകാര്യമായ ഒരു പ്രഖ്യാപനം 198-ം 200-ം വകുപ്പുകളുടെ അർത്ഥത്തിലുള്ള ഒരു പ്രഖ്യാപനമാകുന്നു.

201. കുററക്കാരനെ ഛാദനം ചെയ്യുന്നതിന് കുററത്തിൻെറ തെളിവ് അപ്രത്യക്ഷമാക്കുകയോ വ്യാജമായ വിവരം നല്കുകയോ ചെയ്യുന്നത്.— ഒരു കുററം ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, കുററക്കാരനെ നിയമപ്രകാരമുള്ള ശിക്ഷയിൽ നിന്ന് ഛാദനം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ആ കുററം ചെയ്യപ്പെട്ടതിൻെറ ഏതെങ്കിലും തെളിവ് അപ്രത്യക്ഷമാക്കുകയോ അല്ലെങ്കിൽ ആ ഉദ്ദേശത്തോടുകൂടി ആ കുററം സംബന്ധിച്ച് വ്യാജമാണെന്ന് താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും വിവരം നല്കുകയോ ചെയ്യുന്ന ഏതൊരാളും —

മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ.— ചെയ്യപ്പെട്ടതായി താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ കുററം മരണശിക്ഷ നല്കാവുന്നതാണെങ്കിൽ ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതും;

ജീവപര്യന്തത്തടവു നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.— ആ കുററം ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കു തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കു രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടേണ്ടതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും;

പത്തുവർഷത്തിൽ കുറഞ്ഞ കാലത്തേയ്ക്കുള്ള തടവു നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.— ആ കുററം പത്തുവർഷത്തോളമാകാത്ത ഏതെങ്കിലും കാലത്തേയ്ക്ക് തടവുനല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവു ശിക്ഷയുടെ ഏററവും കൂടിയ കാലത്തിൻെറ നാലിലൊരുഭാഗത്തോളമാകാവുന്ന തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കിശിക്ഷിക്കപ്പെടേണ്ടതും,

ആകുന്നു.

### ദൃഷ്ടാന്തം.

ഖ, യ യെ കൊലചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് ഖ യെ ശിക്ഷയിൽനിന്ന് ഛാദനം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ജഡം ഒളിച്ചുവയ്ക്കുന്നതിനു ക ഖ യെ സഹായിക്കുന്നു. ക ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നു.

202. കുററത്തെക്കുറിച്ച് വിവരം നല്കുന്നതിന് ബാദ്ധ്യസ്ഥനായ ആൾ മന:പൂർവ്വം വിവരം നല്കാതിരിക്കുന്നത്.— ഒരു കുററം ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ആ കുററം സംബന്ധിച്ച് നല്കുവാൻ തനിക്കു നിയമപ്രകാരം ബാദ്ധ്യതയുള്ള ഏതെങ്കിലും വിവരം ഉദ്ദേശ്യപൂർവ്വം നല്കാതിരിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കു രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

203. ചെയ്യപ്പെട്ട ഒരു കുററത്തെപ്പററി വ്യാജമായ വിവരം നല്കുന്നത്.— ഒരു കുററം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ആ കുററം സംബന്ധിച്ച് വ്യാജമാണെന്ന് താൻ അറിയുന്നതോ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും വിവരം നല്കുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കു രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം.— 201, 202 എന്നീ വകുപ്പുകളിലും, ഈ വകുപ്പിലും 'കുററം' എന്ന വാക്കിൽ ഇൻഡ്യയ്ക്കു വെളിയിൽ ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്തതും ഇൻഡ്യയ്ക്കകത്തുവച്ച് ചെയ്യുന്നുവെങ്കിൽ താഴെ പറയുന്ന ഏതെങ്കിലും വകുപ്പുകളിൽ അതായത് 302, 304, 382, 392, 393, 394, 395, 396, 397, 398, 399, 402, 435, 436, 449, 450, 457, 458, 459, 460 എന്നീ വകുപ്പുകളിൽ ഏതെങ്കിലും വകുപ്പുപ്രകാരം ശിക്ഷാർഹമാകുന്നതുമായ ഏതു കൃത്യവും ഉൾപ്പെടുന്നു.

204. രേഖ തെളിവായി ഹാജരാക്കുന്നത് തടയുന്നതിനുവേണ്ടി നശിപ്പിക്കൽ.— ഒരു നീതിന്യായക്കോടതിയിലോ, ഒരു പബ്ലിക്ക് സർവൻറിൻെറ മുമ്പാകെ ആ നിലയിൽ നിയമാനുസൃതം നടത്തപ്പെടുന്ന ഏതെങ്കിലും നടപടിയിലോ ഏതു രേഖ തെളിവായി ഹാജരാക്കുവാൻ താൻ നിയമാനുസൃതം നിർബന്ധിക്കപ്പെടാവുന്നതാണോ അങ്ങനെയുള്ള ഏതെങ്കിലും രേഖ മേല്പറഞ്ഞപ്രകാരമുള്ള നീതിന്യായക്കോടതിയുടേയോ പബ്ലിക്ക് സർവൻറിൻെറയോ മുമ്പാകെ തെളിവായി ഹാജരാക്കുന്നതോ ഉപയോഗിക്കുന്നതോ തടയണമെന്ന് ഉദ്ദേശത്തോടുകൂടിയോ അതിനുവേണ്ടി ആ രേഖ ഹാജരാക്കുവാൻ നിയമാനുസൃതം സമൻ ചെയ്യപ്പെടുകയോ ആവശ്യപ്പെടുകയോ ചെയ്തതിന് ശേഷമോ ഒളിച്ചുവയ്ക്കുകയോ നശിപ്പിക്കുകയോ അല്ലെങ്കിൽ മുഴുവനുമായോ ഭാഗികമായോ മാച്ചുകളയുകയോ വായിക്കുവാൻ പററാത്തവിധമാക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കു രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

3/2568/V.

205. വ്യവഹാരത്തിലോ പ്രാസിക്യൂഷനിലോ കൃത്യത്തിനോ നടപടിക്കോ വേണ്ടി വ്യാജമായ ആൾമാറാട്ടം നടത്തുന്നത്.—മററൊരാളായി വ്യാജമായി ആൾമാറാട്ടം നടത്തുകയും, അങ്ങനെ സ്വീകരിച്ച രൂപത്തിൽ ഏതെങ്കിലും വ്യവഹാരത്തിലോ ക്രിമിനൽ പ്രാസിക്യൂഷനിലോ ഏതെങ്കിലും വസ്തുത സമ്മതിക്കുകയോ പ്രസ്താവനചെയ്യുകയോ അന്യഥാപ്രകാരം വിധിക്കുവാൻ സമ്മതിക്കുകയോ ഏതെങ്കിലും പ്രാസസ്സ് പുറപ്പെടുവിപ്പിക്കുകയോ ബെയിലിൽ ഇറക്കുന്നവനോ ജാമ്യക്കാരനോ ആവുകയോ, മറേറതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

206. വസ്തു കണ്ടുകെട്ടിയതെന്ന നിലയിലോ വിധിനടത്തലിലോ കൈവശപ്പെടുത്തുന്നതിനെ തടയുവാൻ വഞ്ചനാപൂർവ്വം നീക്കം ചെയ്യുകയോ ഒളിച്ചുവെക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും വസ്തുവോ അതിലുള്ള ഏതെങ്കിലും അവകാശമോ നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ കൈമാററം ചെയ്യുകയോ ഏതെങ്കിലും ആൾക്ക് കൈയേല്പിക്കുകയോ ചെയ്യുന്നത് വഴി ഒരു നീതിന്യായക്കോടതിയോ ക്ഷമതയുള്ള മററ് അധികാരസ്ഥാനമോ പ്രസ്താവിച്ചതോ പ്രസ്താവിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഒരു ശിക്ഷാവിധിപ്രകാരം ആ വസ്തുവോ അതിലുള്ള അവകാശമോ കണ്ടുകെട്ടിയതെന്ന നിലയിലോ ഒരു പിഴബാദ്ധ്യത തീർക്കുന്നതിലോ കൈവശപ്പെടുത്തുന്നതിൽ നിന്നോ അല്ലെങ്കിൽ ഒരു സിവിൽ വ്യവഹാരത്തിൽ ഒരു നീതിന്യായക്കോടതി പുറപ്പെടുവിച്ചതോ പുറപ്പെടുവിക്കാൻ ഇടയുണ്ടെന്നു തനിക്കറിയാവുന്നതോ ആയ ഒരു വിധിയോ ഉത്തരവോ നടത്തി കൈവശപ്പെടുത്തുന്നതിൽ നിന്നോ, തടയണമെന്ന ഉദ്ദേശത്തോടുകൂടി വഞ്ചനാപൂർവ്വം അങ്ങനെ നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ കൈമാററം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് കൈയേല്പിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

207. വസ്തു കണ്ടുകെട്ടിയത് എന്ന നിലയിലോ വിധിനടത്തലിലോ കൈവശപ്പെടുത്തുന്നതിൽനിന്ന് തടയുവാൻ വഞ്ചനാപൂർവ്വം അവകാശപ്പെടുന്നത്.—ഏതെങ്കിലും വസ്തുവോ അതിലുള്ള ഏതെങ്കിലും അവകാശബന്ധമോ, തനിക്ക് അതിനു യാതൊരു അവകാശമോ ന്യായമായ അവകാശവാദമോ ഇല്ലെന്ന് അറിഞ്ഞുകൊണ്ട്, വഞ്ചനാപൂർവ്വം പ്രതിഗ്രഹിക്കുകയോ സ്വീകരിക്കുകയോ അവകാശപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിനുള്ള അവകാശത്തേയോ അതിലുള്ള ഏതെങ്കിലും അവകാശബന്ധത്തേയോ സ്പർശിക്കുന്ന ഏതെങ്കിലും കബളിപ്പിക്കൽ നടത്തുകയോ ചെയ്യുന്നതുവഴി ഒരു നീതിന്യായക്കോടതിയോ ക്ഷമതയുള്ള മററ് അധികാരസ്ഥാനമോ പ്രസ്താവിച്ചതോ പ്രസ്താവിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഒരു ശിക്ഷാവിധിപ്രകാരം ആ വസ്തുവോ അതിലുള്ള അവകാശബന്ധമോ കണ്ടുകെട്ടിയത് എന്ന നിലയിലോ ഒരു പിഴബാദ്ധ്യത തീർക്കുന്നതിനോ കൈവശപ്പെടുത്തുന്നതിൽ നിന്നോ അല്ലെങ്കിൽ ഒരു സിവിൽ വ്യവഹാരത്തിൽ ഒരു നീതിന്യായക്കോടതി പുറപ്പെടുവിച്ചതോ പുറപ്പെടുവിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാവുന്നതോ ആയ ഒരു വിധിയോ ഉത്തരവോ നടത്തി കൈവശപ്പെടുത്തുന്നതിൽ നിന്നോ തടയണമെന്നുള്ള ഉദ്ദേശത്തോടുകൂടിവഞ്ചനാപൂർവ്വം അങ്ങനെ പ്രതിഗ്രഹിക്കുകയോ സ്വീകരി-

ക്കുകയോ അവകാശപ്പെടുകയോ, കബളിപ്പിക്കൽ നടത്തുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

208. കൊടുക്കാനില്ലാത്ത തുകയ്ക്കു വേണ്ടി വിധി പാസ്സാക്കുവാൻ വഞ്ചനാപൂർവ്വം വഴിപ്പെടുന്നത്.—ഏതെങ്കിലും ആളുടെ വ്യവഹാരത്തിൽ അയാൾക്ക് കൊടുക്കുവാനില്ലാത്തതോ കൊടുക്കുവാനുള്ളതിനേക്കാൾ കൂടുതലായതോ ആയ ഒരു തുകയ്ക്കോ അല്ലെങ്കിൽ അയാൾക്ക് അവകാശപ്പെടാത്ത ഏതെങ്കിലും വസ്തുവിനോ വസ്തുവിലെ അവകാശത്തിനോ ഉള്ള ഒരു വിധിയോ ഉത്തരവോ തനിക്ക് എതിരായി പാസ്സാക്കപ്പെടുവാൻ വഞ്ചനാപൂർവ്വം ഇടയാക്കുകയോ അതിന് വഴിപ്പെടുകയോ, അല്ലെങ്കിൽ തനിക്ക് എതിരായ ഒരു വിധിയോ ഉത്തരവോ, അത് സംബന്ധിച്ച ബാദ്ധ്യത തീർന്നതിനുശേഷമോ അതിലെ ബാദ്ധ്യത തീർക്കുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ചോ തനിക്ക് എതിരായി നടത്തുവാൻ വഞ്ചനാപൂർവ്വം ഇടയാക്കുകയോ അതിനു വഴിപ്പെടുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തം.

ക യ യ്ക്ക് എതിരായി ഒരു വ്യവഹാരം കൊടുക്കുന്നു. യ, തനിക്കെതിരായി ക ഒരു വിധി സമ്പാദിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ട് തനിക്കെതിരായി നീതിപൂർവ്വമായ യാതൊരു അവകാശവാദവുമില്ലാത്ത ഖ യുടെ വ്യവഹാരത്തിൽ ക യുടെ വിധിപ്രകാരം നടന്നേക്കാവുന്ന തന്റെ വസ്തുവിന്റെ ഏതെങ്കിലും വില്പനയിൽ നിന്നുള്ള വരുമാനത്തിൽ ഖ തനിക്കുവേണ്ടിയോ യ യുടെ ഗുണത്തിനുവേണ്ടിയോ ഓഹരി വാങ്ങുവാനായി യ യ്ക്ക് എതിരായി കൂടുതൽ തുകയ്ക്കുള്ള ഒരു വിധിന്യായം പാസ്സാക്കപ്പെടുന്നതിന് വഞ്ചനാപൂർവ്വം വഴിപ്പെടുന്നു. യ ഈ വകുപ്പുപ്രകാരം ഒരു കുററം ചെയ്തിരിക്കുന്നു.

209. കോടതിയിൽ വ്യാജമായ അവകാശവാദം നേരുകേടായി ഉന്നയിക്കുന്നത്.—വഞ്ചനാപൂർവ്വകമായോ നേരുകേടായോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് ക്ഷതി ഏല്പിക്കുകയോ അലട്ട് ഉണ്ടാക്കുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ, ഒരു നീതിന്യായക്കോടതിയിൽ വ്യാജമാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും അവകാശവാദം ഉന്നയിക്കുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

210. കിട്ടാനില്ലാത്ത തുകയ്ക്ക് വഞ്ചനാപൂർവ്വം വിധി സമ്പാദിക്കുന്നത്.—കിട്ടാനില്ലാത്തതോ കിട്ടാനുള്ളതിൽ കൂടുതലുള്ളതോ ആയ ഒരു തുകയ്ക്കോ, തനിക്ക് അവകാശപ്പെട്ടതല്ലാത്ത ഏതെങ്കിലും വസ്തുവിനോ വസ്തുവിൽ ഉള്ള അവകാശത്തിനോ വേണ്ടി ഏതെങ്കിലും ആൾക്ക് എതിരായി ഒരു വിധിയോ ഉത്തരവോ വഞ്ചനാപൂർവ്വം സമ്പാദിക്കുകയോ അല്ലെങ്കിൽ ഒരു വിധിയോ ഉത്തരവോ, അതു സംബന്ധിച്ചുള്ള ബാദ്ധ്യത തീർന്നതിനു ശേഷമോ അതിലെ ബാദ്ധ്യത തീർന്ന ഏതെങ്കിലും കാര്യം സംബന്ധിച്ചോ ഏതെങ്കിലും ആൾക്ക് എതിരായി നടത്തുവാൻ വഞ്ചനാപൂർവ്വം ഇടയാക്കുകയോ

അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൃത്യം തന്റെ പേരിൽ ചെയ്യപ്പെടുന്നതിന് വഴിപ്പെടുകയോ അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

211. കുററം ചെയ്തു എന്ന്, ക്ഷതി ഏല്പിക്കണമെന്നഉദ്ദേശത്തോടെ ഉന്നയിക്കുന്ന വ്യാജമായ ചാർജ്ജ്.—ഏതെങ്കിലും ആൾക്ക് ക്ഷതി ഏല്പിക്കണമെന്ന ഉദ്ദേശത്തോടെ, അയാൾക്ക് എതിരായി ഏതെങ്കിലും ക്രിമിനൽ നടപടി ആരംഭിക്കുകയോ അയാൾ ഒരു കുററം ചെയ്തതായി ചാർജ്ജ് ഉന്നയിക്കുകയോ ചെയ്യുവാൻ നീതിപൂർവ്വകമോ നിയമാനുസൃതമോ ആയ ഒരു കാരണവും ഇല്ലെന്ന് അറിഞ്ഞുകൊണ്ട്, അങ്ങനെയുള്ള നടപടി ആരംഭിക്കുകയോ ആരംഭിക്കുവാൻ ഇടയാക്കുകയോ അങ്ങനെയുള്ള ചാർജ്ജ് വ്യാജമായി ഉന്നയിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും;

മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ ഏഴുവർഷത്തേക്കോ അതിൽകൂടുതൽ കാലത്തേക്കോ ഉള്ള തടവുശിക്ഷയോ നല്കാവുന്ന വ്യാജമായ ഒരു ചാർജ്ജിൻമേലാണ് *അങ്ങനെയുള്ള ക്രിമിനൽ നടപടി ആരംഭിച്ചിട്ടുള്ളതെങ്കിൽ, ഏഴുവർഷത്തോളമാകാവുന്നകാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും, ആകുന്നു.

212. കുററക്കാരന് സംശ്രയം നല്കുന്നത്.—ഒരു കുററം ചെയ്യപ്പെട്ടിരിക്കവേ കുററക്കാരനെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഒരാളെ നിയമപ്രകാരമുള്ള ശിക്ഷയിൽ നിന്ന് ഫാദനം ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി അയാൾക്ക് സംശ്രയം നല്കുകയോ അയാളെ ഒളിവിൽ വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും —

മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ.—ആ കുററം മരണശിക്ഷ നല്കാവുന്നതാണെങ്കിൽ, രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും;

ജീവപര്യന്തത്തടവോ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.—ആ കുററം ജീവപര്യന്തത്തടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും;

ആ കുററം ഒരു വർഷത്തോളമാകാവുന്നതും എന്നാൽ പത്തുവർഷത്തോളമാകാവുന്നതല്ലാത്തതും ആയ തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതും ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗത്തോളം ആകാവുന്നതും ആയ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

ഈ വകുപ്പിൽ "കുററം" എന്നതിൽ, ഇൻഡ്യയ്ക്ക് വെളിയിൽ ഏതെങ്കിലും സ്ഥലത്തുവച്ച് ചെയ്തതും ഇൻഡ്യയ്ക്കകത്തുവച്ച് ചെയ്തതെങ്കിൽ താഴെപ്പറയുന്ന വകുപ്പുകളിൽ, അതായത്, 302,304,382,392,393,394,395, 396,397,398,399,402,435,436,449,450,457,458,459,460 എന്നീ വകുപ്പുകളിൽ ഏതെങ്കിലും വകുപ്പുപ്രകാരം ശിക്ഷാർഹമാകുമായിരുന്നതും ആയ ഏതു കൃത്യവും ഉൾപ്പെടുന്നതും, അങ്ങനെയുള്ള ഓരോ കൃത്യവും ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഒരു കുററാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾ ആ കൃത്യത്തിന് ഇൻഡ്യയിൽ വച്ച് അപരാധി ആയിരുന്നാലെന്നപോലെ ശിക്ഷാർഹനായി കരുതപ്പെടുന്നതും ആകുന്നു.

അപവാദം.—സംശ്രയം നല്കുകയോ ഒളിവിൽ വയ്ക്കുകയോ ചെയ്യുന്നത് കുററം ചെയ്യുന്ന ആളുടെ ഭർത്താവോ ഭാര്യയോ ആകുന്ന യാതൊരു സംഗതിയിലേക്കും ഈ വ്യവസ്ഥ വ്യാപിക്കുന്നതല്ല.

## ദൃഷ്ടാന്തം.

ഖ കൂട്ടായ്മക്കവർച്ച നടത്തിയിട്ടുണ്ട് എന്നറിഞ്ഞുകൊണ്ട് ക അയാളെ നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് ഛാദനം ചെയ്യുന്നതിനുവേണ്ടി, ബോധപൂർവ്വം ഒളിവിൽ വയ്ക്കുന്നു. ഇവിടെ ഖ ജീവപര്യന്തത്തടവിന് അർഹനായിരിക്കുന്നതിനാൽ ക മൂന്നുവർഷത്തിൽ കവിയാത്ത കാലത്തേക്കുള്ള രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്ക് അർഹനാകുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

213. <u>കുററക്കാരനെ ശിക്ഷയിൽനിന്ന് ഛാദനം ചെയ്യുന്നതിനുവേണ്ടി പാരിതോഷികം മുതലായത് സ്വീകരിക്കുന്നത്.</u>—കുററം ഒളിച്ചുവയ്ക്കുന്നതിനോ ഏതെങ്കിലും കുററത്തിന് നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് ഏതെങ്കിലും ആളെ ഛാദനം ചെയ്യുന്നതിനോ അല്ലെങ്കിൽ നിയമപ്രകാരമുള്ള ശിക്ഷ കൊടുപ്പിക്കുന്നതിന് അയാൾക്കെതിരായി നടപടി എടുക്കാതിരിക്കുന്നതിനോ പ്രതിഫലമായി തനിക്കോ മറേറതെങ്കിലും ആൾക്കോവേണ്ടി ഏതെങ്കിലും പരിതോഷണം പ്രതിഗ്രഹിക്കുകയോ, ലഭിക്കുവാൻ ശ്രമിക്കുകയോ, പ്രതിഗ്രഹിക്കാമെന്ന് സമ്മതിക്കുകയോ അല്ലെങ്കിൽ തനിക്കോ മറേറതെങ്കിലും ആൾക്കോ വേണ്ടി ഏതെങ്കിലും വസ്തു തിരിയെ കൊടുക്കുന്നത് പ്രതിഗ്രഹിക്കുകയോ ലഭിക്കുവാൻ ശ്രമിക്കുകയോ പ്രതിഗ്രഹിക്കാമെന്ന് സമ്മതിക്കുകയോ ചെയ്യുന്ന ഏതൊരാളും—

<u>മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ.</u>—ആ കുററം മരണശിക്ഷ നല്കാവുന്നതാണെങ്കിൽ ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും;

<u>ജീവപര്യന്തത്തടവോ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.</u>—ആ കുററം ജീവപര്യന്തത്തടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തെ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും;

ആ കുററം പത്തുവർഷത്തോളമാകാവുന്നതല്ലാത്ത കാലത്തെ തടവു നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഈ തരത്തിൽപ്പെട്ടതും ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവുശിക്ഷ

യുടെ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരുഭാഗത്തോളമാകാവുന്നതും ആയ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,
ആകുന്നു.

214. കുററക്കാരനെ മറയ്ക്കുന്നതിന് പ്രതിഫലമായി പാരിതോഷികം ആഫർ ചെയ്യുകയോ വസ്തു തിരിയെ കൊടുക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും ആരക്ക്, അയാൾ ഒരു കുററം ഒളിച്ചുവയ്ക്കുന്നതിനോ ഏതെങ്കിലും കുററത്തിന് നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് ഏതെങ്കിലും ആളെ മറയ്ക്കുന്നതിനോ ഏതെങ്കിലും ആരക്ക് എതിരായി അയാൾക്ക് നിയമപ്രകാരമുള്ള ശിക്ഷ കൊടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കാതിരിക്കുന്നതിനോ പ്രതിഫലമായി ഏതെങ്കിലും പരിതോഷണം കൊടുക്കുകയോ കൊടുപ്പിക്കുകയോ അല്ലെങ്കിൽ കൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യാമെന്ന് ആഫർ ചെയ്യുകയോ സമ്മതിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആരക്ക് ഏതെങ്കിലും വസ്തു തിരിയെ കൊടുക്കുകയോ തിരിയെ കൊടുപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും,

മരണശിക്ഷ നല്കാവുന്ന കുററമാണെങ്കിൽ.—ആ കുററം മരണശിക്ഷ നല്കാവുന്ന ഒന്നാണെങ്കിൽ, ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും;

ജീവപര്യന്തത്തടവോ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.—ആ കുററം ജീവപര്യന്തത്തടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തെ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഒന്നാണെങ്കിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും;

ആ കുററം പത്തുവർഷത്തോളമാകാവുന്നതല്ലാത്ത കാലത്തെ തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന ഒന്നാണെങ്കിൽ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതും ആ കുററത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തടവുശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗത്തോളം ആകാവുന്നതും ആയ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

അപവാദം—കുററം നിയമാനുസൃതം രാജിയാക്കാവുന്ന യാതൊരു സംഗതിയിലേക്കും 213, 214 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ വ്യാപിക്കുന്നതല്ല.

215. കളവുമുതലോ മറേറാ വീണ്ടെടുക്കുവാൻ സഹായിക്കുന്നതിന് പാരിതോഷികം സ്വീകരിക്കുന്നത്.—ഈ നിയമസംഹിതപ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുററത്താൽ ഏതെങ്കിലും ആരക്ക് ഇല്ലാതാക്കപ്പെട്ട ഏതെങ്കിലും ജംഗമവസ്തു വീണ്ടെടുക്കുവാൻ അയാളെ സഹായിക്കുന്നുവെന്ന ഭാവത്തിലോ സഹായിക്കുന്നതിനുവേണ്ടിയോ എന്തെങ്കിലും പരിതോഷണം സ്വീകരിക്കുകയോ സ്വീകരിക്കാമെന്ന് കരാർ ചെയ്യുകയോ സമ്മതിക്കുകയോ ചെയ്യുന്ന ഏതൊരാളും കുററക്കാരനെ പിടിക്കുന്നതിനും അയാളുടെ പേരിൽ കുററം സ്ഥാപിക്കുന്നതിനും തന്റെ കഴിവിലുള്ള എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കാത്തപക്ഷം രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

216. കസ്ററഡിയിൽനിന്ന് രക്ഷപ്പെടുകയോ പിടിക്കപ്പെടുന്നതിന് ഉത്തരവാകുകയോ ചെയ്തിട്ടുള്ള കുററക്കാരന് സംശ്രയം നല്കുന്നത്.—ഒരു കുററം സ്ഥാപിക്കപ്പെടുകയോ ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെടുകയോ ചെയ്ത ഏതെങ്കിലും ആരം ആ കുററത്തിന് നിയമാനുസൃതമായ കസ്ററഡിയിലിരിക്കേ അങ്ങനെയുള്ള കസ്ററഡിയിൽനിന്ന് രക്ഷപ്പെടുമ്പോഴോ, അല്ലെങ്കിൽ ഒരു പബ്ലിക്ക് സർവൻറ് അങ്ങനെയുള്ള പബ്ലിക് സർവൻറ് എന്ന നിലയിൽ തനിക്കുള്ള നിയമാനുസൃതമായ അധികാരങ്ങൾ പ്രയോഗിച്ച് ഒരാളെ ഒരു കുററത്തിന് പിടിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുമ്പോഴോ, അങ്ങനെയുള്ള രക്ഷപ്പെടലിനേയോ പിടിക്കുന്നതിനുള്ള ഉത്തരവിനേയോപററി അറിഞ്ഞുകൊണ്ട് അയാളെ പിടിക്കുന്നത് തടയണമെന്ന ഉദ്ദേശത്തോടുകൂടി അയാൾക്കു സംശ്രയം നല്കുകയോ അയാളെ ഒളിവിൽ വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും താഴെപറയുന്ന രീതിയിൽ ശിക്ഷിക്കപ്പെടുന്നതാകുന്നു, അതായത്,—

മരണ ശിക്ഷ നല്കാവുന്ന ഒരു കുററമാണെങ്കിൽ.—ഏത് കുററത്തിനാണോ കുററക്കാരൻ കസ്ററഡിയിൽ ആയിരിക്കുന്നത്, അല്ലെങ്കിൽ കുററക്കാരനെ പിടിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ കുററം മരണശിക്ഷ നല്കാവുന്നതാണെങ്കിൽ, ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ;

ജീവപര്യന്തത്തടവോ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ.—ആ കുററം ജീവപര്യന്തത്തടവോ പത്തുവർഷത്തെ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ മൂന്നുവർഷത്തോളമാകാവുന്നകാലത്തേയ്ക്ക്, രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ്, പിഴയോടുകൂടിയോ അല്ലാതെയോ, നല്കി ശിക്ഷിക്കപ്പെടുന്നതും ;

ആ കുററം ഒരു വർഷത്തോളമാകാവുന്നതും എന്നാൽ പത്തുവർഷത്തോളമാകാവുന്നതല്ലാത്തതും ആയ തടവ് നല്കി ശിക്ഷിക്കപ്പെടാവുന്ന ഒന്നാണെങ്കിൽ, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതും ആ കുററത്തിന് വ്യവസ്ഥചെയ്തിട്ടുള്ള തടവു ശിക്ഷയുടെ ഏററവും കൂടിയ കാലത്തിന്റെ നാലിലൊരു ഭാഗത്തോളമാകാവുന്നതുമായ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആകുന്നു.

ഈ വകുപ്പിൽ "കുററം" എന്നതിൽ ഏത് കൃത്യത്തിനോ കൃത്യവിലോപത്തിനോ ആണ്, ഒരാൾ ഇൻഡ്യയ്ക്ക് വെളിയിൽ വച്ച് അപരാധിയാണെന്ന് ആരോപിക്കപ്പെടുന്നത്, അങ്ങനെയുള്ളതും അതിന് ഇൻഡ്യയിൽവച്ച് അയാൾ അപരാധിയായിരുന്നുവെങ്കിൽ ഒരു കുററം എന്നപോലെ ശിക്ഷാർഹനാകുമായിരുന്നത്, അങ്ങനെയുള്ളതും, ഏത് കൃത്യത്തിനോ കൃത്യവിലോപത്തിനോ ആണ് അയാൾ കുററവാളികളുടെ പ്രത്യർപ്പണം സംബന്ധിച്ചുള്ള ഏതെങ്കിലും നിയമപ്രകാരമോ മററ് വിധത്തിലോ ഇൻഡ്യയിൽവച്ച് പിടിക്കപ്പെടുകയോ ഇൻഡ്യയിൽ കസ്ററഡിയിൽവയ്ക്കപ്പെടുകയോ ചെയ്യുവാൻ അർഹനാകുന്നത്, അങ്ങനെയുള്ളതുമായ ഏത് കൃത്യവും അല്ലെങ്കിൽ കൃത്യവിലോപവും ഉൾപ്പെടുന്നതും, അങ്ങനെയുള്ള ഏതൊരു കൃത്യമോ കൃത്യവിലോപമോ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് കുററം ആരോപിക്കപ്പെട്ട ആൾ ഇൻഡ്യയിൽ വച്ച് അതിന് അപരാധിയായിരുന്നുവെങ്കിൽ എങ്ങനെ ശിക്ഷാർഹമാകുമായിരുന്നുവോ, അങ്ങനെ ശിക്ഷാർഹമായി കരുതപ്പെടുന്നതും ആകുന്നു

അപവാദം.—സംശ്രയം നല്കുകയോ ഒളിവിൽ വയ്ക്കുകയോ ചെയ്യുന്നത് പിടിക്കപ്പെടേണ്ട ആളുടെ ഭർത്താവോ ഭാര്യയോ ആകുന്ന യാതൊരു സംഗതിയിലേക്കും ഈ വ്യവസ്ഥ വ്യാപിക്കുന്നതല്ല.

216ക. കവർച്ചക്കാർക്കോ കൂട്ടായ്മക്കവർച്ചക്കാർക്കോ സംശ്രയം നല്കുന്നതിനുള്ള ദണ്ഡനം.—ഏതെങ്കിലും ആളുകൾ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ ചെയ്യുവാൻ പോകുന്നുവെന്നോ, അടുത്തകാലത്ത് ചെയ്തിട്ടുണ്ടെന്നോ അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, അങ്ങനെയുള്ള കവർച്ചയോ കൂട്ടായ്മക്കവർച്ചയോ ചെയ്യുന്നത് സുകരമാക്കണമെന്നോ അവരേയോ അവരിൽ ആരേയെങ്കിലുമോ ശിക്ഷയിൽനിന്ന് ഛാദനം ചെയ്യണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി അവർക്കോ അവരിൽ ആർക്കെങ്കിലുമോ സംശ്രയം നല്കുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് കഠിനതടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിൽ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ ചെയ്യണമെന്ന് ഉദ്ദേശിച്ചതോ ചെയ്തതോ ഇൻഡ്യയിൽവച്ച് ആണോ ഇൻഡ്യയ്ക്ക് വെളിയിൽവച്ചാണൊ എന്നത് സാരമുള്ളതല്ല.

അപവാദം.—സംശ്രയം നല്കുന്നത് കുററം ചെയ്ത ആളുടെ ഭർത്താവോ ഭാര്യയോ ആകുന്ന സംഗതിയിലേക്ക് ഈ വ്യവസ്ഥ വ്യാപിക്കുന്നതല്ല.

216ഖ. [റദ്ദാക്കപ്പെട്ടു.]

217. ശിക്ഷയിൽനിന്ന് ആളേയോ കണ്ടുകെട്ടലിൽനിന്ന് വസ്തുവോ രക്ഷിക്കണമെന്ന ഉദ്ദേശത്തോടെ പബ്ലിക്ക് സർവൻറ് നിയമനിദേശം അനുസരിക്കാതിരിക്കുന്നത്.—ഒരു പബ്ലിക്ക് സർവൻറായിരിക്കെ അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് എന്ന നിലയിൽ താൻ പെരുമാറേണ്ട രീതിയെപ്പററിയുള്ള ഏതെങ്കിലും നിയമനിദേശത്തെ ബോധപൂർവ്വം അനുസരിക്കാതിരിക്കുന്നതുമൂലം ഏതെങ്കിലും ആളെ, നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് രക്ഷിക്കണമെന്നുദ്ദേശിച്ചുകൊണ്ടോ താൻ അങ്ങനെ രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അല്ലെങ്കിൽ അയാൾ അർഹിക്കുന്ന ശിക്ഷയിലും കുറവായ ശിക്ഷയ്ക്ക് വിധേയനാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുകണ്ടുകെട്ടലിൽ നിന്നോ അത് നിയമപ്രകാരം ഏത് ചാർജ്ജിന് വിധേയമായിരിക്കുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും ചാർജ്ജിൽനിന്നോ രക്ഷിക്കണമെന്ന ഉദ്ദേശത്തോടെയോ, താൻ അങ്ങനെ രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ അനുസരിക്കാതിരിക്കുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

218. ശിക്ഷയിൽനിന്ന് ആളേയോ കണ്ടുകെട്ടലിൽനിന്ന് വസ്തുവോ രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടെ പബ്ലിക്ക് സർവൻറ് തെററായ റിക്കാർഡോ ലിഖിതമോ രൂപപ്പെടുത്തുന്നത്.—ഒരു പബ്ലിക്ക് സർവൻറും അങ്ങനെയുള്ള പബ്ലിക് സർവൻറ് എന്ന നിലയിൽ ഏതെങ്കിലും റിക്കാർഡോ മററു ലിഖിതമോ തയ്യാറാക്കുവാൻ ചുമതലപ്പെട്ടവനും ആയിരിക്കെ, ആ റിക്കാർഡോ ലിഖിതമോ തെററാണെന്ന് തനിക്ക് അറിയാവുന്ന ഒരു രീതിയിൽ രൂപ

പ്പെടുത്തുന്നതുവഴി പൊതുജനങ്ങൾക്കോ ഏതെങ്കിലും ആൾക്കോ നഷ്ടമോ ക്ഷതിയോ ഉളവാക്കണമെന്ന ഉദ്ദേശത്തോടെയോ ഉളവാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ, അല്ലെങ്കിൽ ഏതെങ്കിലും ആളെ നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് രക്ഷിക്കണമെന്ന ഉദ്ദേശത്തോടെയോ, അങ്ങനെ രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അല്ലെങ്കിൽ ഏതെങ്കിലും വസ്തു കണ്ടുകെട്ടലിൽനിന്നോ അത് നിയമപ്രകാരം മററ് ഏതു ചാർജ്ജിന് വിധേയമായിരിക്കുന്നുവോ അങ്ങനെയുള്ള ചാർജ്ജിൽനിന്നോ രക്ഷിക്കണമെന്ന ഉദ്ദേശത്തോടെയോ അങ്ങനെ രക്ഷിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ റിക്കാർഡോ ലിഖിതമോ രൂപപ്പെടുത്തുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

219. നീതിന്യായ നടപടിയിൽ പബ്ലിക്ക്സർവൻറ് നിയമത്തിനു വിപരീതമായി റിപ്പോർട്ട് മുതലായത് ദുഷിച്ച നിലയിൽ ഉണ്ടാക്കുന്നത്.—ഒരു പബ്ലിക്ക്സർവൻറ് ആയിരിക്കേ, നിയമത്തിന് വിപരീതമാണെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും റിപ്പോർട്ടോ ഉത്തരവോ തീർപ്പോ തീരുമാനമോ ഒരു നീതിന്യായ നടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ദുഷിച്ച നിലയിലോ ദുരുദ്ദേശത്തോടുകൂടിയോ ഉണ്ടാക്കുകയോ പ്രസ്താവിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

220. താൻ പ്രവർത്തിക്കുന്നത് നിയമത്തിന് വിപരീതമായിട്ടാണെന്ന് അറിയുന്ന പ്രാധികാരമുള്ള ആൾ വിചാരണയ്ക്കോ തടവിൽ വയ്ക്കലിനോ, കമ്മിററ് ചെയ്യുന്നത്.—ആളുകളെ വിചാരണയ്ക്കോ തടവിൽ വയ്ക്കലിനോ കമ്മിററ് ചെയ്യുന്നതിനോ അല്ലെങ്കിൽ ആളുകളെ തടവിൽ സൂക്ഷിക്കുന്നതിനോ നിയമപ്രകാരം തനിക്ക് പ്രാധികാരം നല്കുന്ന ഏതെങ്കിലും ഉദ്യോഗത്തിൽ ഇരിക്കെ ഏതെങ്കിലും ആളെ ആ പ്രാധികാരം പ്രയോഗിച്ച് ദുഷിച്ച നിലയിലോ ദുരുദ്ദേശത്തോടുകൂടിയോ വിചാരണയ്ക്കോ തടവിൽവയ്ക്കലിനോ കമ്മിററ് ചെയ്യുകയോ തടവിൽ സൂക്ഷിക്കുകയോ ചെയ്യുന്നതു മൂലം താൻ നിയമത്തിന് വിപരീതമായി പ്രവർത്തിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട്, അങ്ങനെ കമ്മിററ് ചെയ്യുകയോ തടവിൽ വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

221. പിടിക്കുവാൻ ബാദ്ധ്യസ്ഥനായ പബ്ലിക്ക്സർവൻറ് ഉദ്ദേശപൂർവ്വം പിടിക്കാതിരിക്കുന്നത്.—ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെട്ടവനോ പിടിക്കപ്പെടുവാൻ അർഹനാകുന്നവനോ ആയ ഏതെങ്കിലും ആളെ പിടിക്കുന്നതിനോ തടവിൽ സൂക്ഷിക്കുന്നതിനോ ഒരു പബ്ലിക്സർവൻറ് എന്ന നിലയിൽ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ഒരു പബ്ലിക്ക്സർവൻറ് ആയിരിക്കെ അങ്ങനെയുള്ള ആളെ ഉദ്ദേശപൂർവ്വം പിടിക്കാതിരിക്കുകയോ അല്ലെങ്കിൽ അയാളെ രക്ഷപ്പെടുവാൻ ഉദ്ദേശപൂർവ്വം അനുവദിക്കുകയോ, അല്ലെങ്കിൽ അയാൾ അങ്ങനെയുള്ള തടവിൽനിന്ന് രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ ഉദ്ദേശ്യപൂർവ്വം സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും താഴെപ്പറയുന്ന പ്രകാരം ശിക്ഷിക്കപ്പെടുന്നതാകുന്നു; അതായത്:—

തടവിലുള്ളവനോ പിടിക്കപ്പെടേണ്ടിയിരുന്നവനോ ആയ ആറം മരണ ശിക്ഷ നല്കാവുന്ന ഒരു കുററത്തിന് ചാർജ്ജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിരുന്നുവെങ്കിൽ ഏഴുവർഷത്തോളമാകാവുന്ന കാലത്തെ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ, പിഴയോടുകൂടിയോ അല്ലാതെയോ ; അല്ലെങ്കിൽ

തടവിലുള്ളവനോ പിടിക്കപ്പെടേണ്ടിയിരുന്നവനോ ആയ ആറം ജീവപര്യന്ത തടവോ അല്ലെങ്കിൽ പത്തുവർഷത്തോളമാകാവുന്ന കാലത്തെ തടവോ നല്കി ശിക്ഷിക്കാവുന്ന ഒരു കുററത്തിന് ചാർജജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയതിരുന്നുവെങ്കിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തെ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ, പിഴയോടുകൂടിയോ അല്ലാതെയോ ; അല്ലെങ്കിൽ

തടവിലുള്ളവനോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നവനോ ആയ ആറം പത്തുവർഷത്തിൽ കുറഞ്ഞ കാലത്തെ തടവുശിക്ഷ നല്കാവുന്ന ഒരു കുററത്തിന് ചാർജജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിരുന്നുവെങ്കിൽ രണ്ടുവർഷത്തോളമാകാവുന്ന കാലത്തെ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ, പിഴയോടുകൂടിയോ അല്ലാതെയോ.

222. ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവനോ നിയമാനുസൃതം കമ്മിററ് ചെയ്യപ്പെട്ടവനോ ആയ ആളെ പിടിക്കുവാൻ ബാദ്ധ്യസ്ഥനായ പബ്ലിക്ക് സർവൻറ് ഉദ്ദേശപൂർവ്വം പിടിക്കാതിരിക്കുന്നത്.—ഏതെങ്കിലും കുററത്തിന് ഒരു നീതിന്യായക്കോടതിയാൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവനോ അല്ലെങ്കിൽ നിയമാനുസൃതം കസ്ററഡിയിൽ വയ്ക്കുന്നതിന് കമ്മിററ് ചെയ്യപ്പെട്ടവനോ ആയ ഏതെങ്കിലും ആളെ പിടിക്കുന്നതിനോ തടവിൽ സൂക്ഷിക്കുന്നതിനോ പബ്ലിക്ക്സർവൻറ് എന്ന നിലയിൽ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ഒരു പബ്ലിക്ക്സർവൻറ് ആയിരിക്കേ, അങ്ങനെയുള്ള ആളെ ഉദ്ദേശപൂർവ്വം പിടിക്കാതിരിക്കുകയോ അല്ലെങ്കിൽ അയാളെ രക്ഷപ്പെടുവാൻ ഉദ്ദേശപൂർവ്വം അനുവദിക്കുകയോ, അല്ലെങ്കിൽ അയാറം അങ്ങനെയുള്ള തടവിൽ നിന്ന് രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ ഉദ്ദേശപൂർവ്വം സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും താഴെപ്പറയുന്ന പ്രകാരം ശിക്ഷിക്കപ്പെടുന്നതാകുന്നു, അതായത്—

തടവിലുള്ളവനോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നവനോ ആയ ആറം മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയാണെങ്കിൽ, ജീവപര്യന്ത തടവുശിക്ഷ അല്ലെങ്കിൽ പതിന്നാലുവർഷത്തോളമാകാവുന്ന കാലത്തെ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ; പിഴയോടുകൂടിയോ അല്ലാതെയോ അല്ലെങ്കിൽ

തടവിലുള്ളവനോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നവനോ ആയ ആറം ഒരു നീതിന്യായക്കോടതിയുടെ ശിക്ഷാവിധിയാലോ അല്ലെങ്കിൽ അങ്ങനെയുള്ള വിധിയുടെ ലഘൂകരണത്തെ ആസ്പദമാക്കിയോ ജീവപര്യന്തത്തടവു ശിക്ഷയ്ക്കോ പത്തുവർഷത്തേയ്ക്കോ അതിൽക്കൂടുതൽ കാലത്തേയ്ക്കോ ഉള്ള തടവ് ശിക്ഷയ്ക്കോ വിധേയനാണെങ്കിൽ, ഏഴുവർഷത്തോളമാകാവുന്ന കാലത്തെ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ പിഴയോടുകൂടിയോ അല്ലാതെയോ; അല്ലെങ്കിൽ

തടവിലുള്ളവനോ അല്ലെങ്കിൽ പിടിക്കപ്പെടേണ്ടിയിരുന്നവനോ ആയ ആറം ഒരു നീതിന്യായക്കോടതിയുടെ ശിക്ഷാവിധിയാൽ പത്തുവർഷത്തോളമാകാവുന്നതല്ലാത്ത കാലത്തെ തടവുശിക്ഷയ്ക്ക് വിധേയനായവനോ അല്ലെങ്കിൽ നിയമാനുസൃതം കസ്ററഡിയിലേക്ക് കമ്മിററ് ചെയ്യപ്പെട്ടവനോ ആണെങ്കിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തെ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ അല്ലെങ്കിൽ പിഴ ശിക്ഷ അല്ലെങ്കിൽ രണ്ടുംകൂടി.

223. തടവിൽനിന്നോ കസ്ററഡിയിൽനിന്നോ രക്ഷപ്പെടുവാൻ പബ്ളിക്ക് സർവൻറ് ഉപേക്ഷയാൽ അനുവദിക്കുന്നത്.—ഏതെങ്കിലും കുററത്തിന് ചാർജ്ജ്ചെയ്യപ്പെടുകയോ കുററസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്തവനോ അല്ലെങ്കിൽ കസ്ററഡിയിൽ വയ്ക്കുവാൻ നിയമാനുസൃതം കമ്മിററ് ചെയ്യപ്പെട്ടവനോ ആയ ഏതെങ്കിലും ആളെ തടവിൽനിന്നു രക്ഷപ്പെടുവാൻ, അയാളെ തടവിൽ സൂക്ഷിക്കുന്നതിന് പബ്ളിക് സർവൻറ് എന്ന നിലയിൽ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ഒരു പബ്ളിക് സർവെൻറ്ആയിരിക്കെ, ഉപേക്ഷയാൽ അനുവദിക്കുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തെ വെറും തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

224. തന്നെ നിയമാനുസൃതം പിടിക്കുന്നതിനെ ഒരാൾ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.—ഏതു കുററത്തിനാണോ തന്നെ ചാർജ്ജ് ചെയ്യുകയോ തൻെറ പേരിൽ കുററസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്തിട്ടുളളത്, അങ്ങനെയുളള ഏതെങ്കിലും കുററത്തിനു തന്നെ നിയമാനുസൃതം പിടിക്കുന്നതിനെ ഉദ്ദേശപൂർവം ചെറുക്കുകയോ നിയമവിരുദ്ധമായി തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ അങ്ങനെയുളള ഏതെങ്കിലും കുററത്തിന് തന്നെ നിയമാനുസൃതം വച്ചിട്ടുളള ഏതെങ്കിലും കസ്ററഡിയിൽനിന്നു രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—പിടിക്കപ്പെടേണ്ടവനോ കസ്ററഡിയിൽ വയ്ക്കപ്പെടേണ്ടവനോ ആയ ആൾക്ക് ഏതു കുററത്തിനാണോ അയാളെ ചാർജ്ജ് ചെയ്യുകയോ അയാളുടെ പേരിൽ കുററസ്ഥാപനം ചെയ്യുകയോ ചെയ്തിട്ടുളളത്, ആ കുററത്തിന് അയാൾ അർഹനായ ശിക്ഷയ്ക്ക് പുറമേയാണ് ഈ വകുപ്പിലെ ശിക്ഷ.

225. മറെറാരാളെ നിയമാനുസൃതം പിടിക്കുന്നതിനെ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നത്.—ഒരു കുററത്തിന് മറേറതെങ്കിലും ആളെ നിയമാനുസൃതം പിടിക്കുന്നതിനെ ഉദ്ദേശപൂർവ്വം ചെറുക്കുകയോ നിയമവിരുദ്ധമായി തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ ഒരു കുററത്തിന് മറേറതെങ്കിലും ആളെ നിയമാനുസൃതം വച്ചിട്ടുളള ഏതെങ്കിലും കസ്ററഡിയിൽനിന്നു രക്ഷപ്പെടുത്തുകയോ രക്ഷപ്പെടുത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും; അല്ലെങ്കിൽ

പിടിക്കപ്പെടേണ്ടവനോ രക്ഷപ്പെടുത്തപ്പെട്ടവനോ, ആരെയാണോ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചത് അങ്ങനെയുളളവനോ ആയ ആളോ ജീവപര്യന്തത്തടവിനോ പത്ത്വർഷത്തോളമാകാവുന്ന കാലത്തെ തടവിനോ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിനു ചാർജ്ജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ, മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതും; അല്ലെങ്കിൽ,

പിടിക്കപ്പെടേണ്ടവനോ രക്ഷപ്പെടുത്തപ്പെട്ടവനോ, ആരെയാണോ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചത്, അങ്ങനെയുളളവനോ ആയ ആൾ മരണശിക്ഷ നല്കാവുന്ന ഒരു കുററത്തിന്ചാർജ് ചെയ്യപ്പെടുകയോ പിടിക്കപ്പെടുവാൻ അർഹനാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഏഴുവർഷത്തോളമാകാവുന്ന കാലത്തെയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴ ശിക്ഷയ്ക്കു കൂടി അർഹനാകുന്നതും;

പിടിക്കപ്പെടേണ്ടവനോ രക്ഷപ്പെടുത്തപ്പെട്ടവനോ, ആരെയാണോ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചത് അങ്ങനെയുള്ളവനോ ആയ ആരാം ഒരു നീതിന്യായക്കോടതിയുടെ ശിക്ഷാവിധിയാലോ അങ്ങനെയുള്ള ശിക്ഷാവിധിയുടെ ലഘൂകരണത്തെ ആസ്പദമാക്കിയോ ജീവപര്യന്തത്തടവിനോ പത്തുവർഷത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ ഉള്ള തടവിനോ അർഹനാണെങ്കിൽ ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും; അല്ലെങ്കിൽ,

പിടിക്കപ്പെടേണ്ടവനോ രക്ഷപ്പെടുത്തപ്പെട്ടവനോ, ആരെയാണോ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചത് അങ്ങനെയുള്ളവനോ ആയ ആരാം മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവനാണെങ്കിൽ ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്തുവർഷത്തിൽ കവിയാത്ത കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴ ശിക്ഷക്കുകൂടി അർഹനാകുന്നതും;
ആണ്.

225ക. <u>മററു വിധത്തിൽ വ്യവസ്ഥചെയ്തിട്ടില്ലാത്ത സംഗതികളിൽ, പബ്ളിക്ക് സർവൻറ് പിടിക്കാതിരിക്കുകയോ രക്ഷപ്പെടുവാൻ അനുവദിക്കുകയോ ചെയ്യുന്നത്.</u> — 221-ാംവകുപ്പിലോ 222-ാംവകുപ്പിലോ 223-ാംവകുപ്പിലോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററു ഏതെങ്കിലും നിയമത്തിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും സംഗതിയിൽ, ഏതെങ്കിലും ആളെ പിടിക്കുവാനോ തടവിൽവയ്ക്കുവാനോ പബ്ളിക്ക് സർവൻറ് എന്ന നിലയിൽ നിയമപ്രകാരം ബാധ്യസ്ഥനായ ഒരു പബ്ളിക്ക് സർവൻറ് ആയിരിക്കേ, അയാളെ പിടിക്കാതിരിക്കുകയോ തടവിൽനിന്നു അയാറം രക്ഷപ്പെടുന്നതിന് അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും—

(ക) അയാറം ഉദ്ദേശപൂർവ്വം അപ്രകാരം ചെയ്യുന്നുവെങ്കിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ;

(ഖ) അയാറം ഉപേക്ഷയാൽ അപ്രകാരം ചെയ്യുന്നുവെങ്കിൽ രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ;

നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

225ഖ. <u>മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ, നിയമാനുസൃതം പിടിക്കുന്നതിനെ ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ രക്ഷപ്പെടുകയോ രക്ഷപ്പെടുത്തുകയോ ചെയ്യുന്നത്.</u>—224-ാം വകുപ്പിലോ 225-ാം വകുപ്പിലോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മററ് ഏതെങ്കിലും നിയമത്തിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും സംഗതിയിൽ, തന്നേയോ മററ് ഏതെങ്കിലും ആളേയോ നിയമാനുസൃതം പിടിക്കുന്നതിനെ ഉദ്ദേശപൂർവ്വം ചെറുക്കുകയോ നിയമവിരുദ്ധമായി തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ തന്നെ നിയമാനുസൃതം തടഞ്ഞുവച്ചിട്ടുള്ള ഏതെങ്കിലും കസ്ററഡിയിൽ നിന്ന് രക്ഷപ്പെടുകയോ രക്ഷപ്പെടുവാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ നിയമാനുസൃതം തടഞ്ഞുവച്ചിട്ടുള്ള ഏതെങ്കിലും കസ്ററഡിയിൽ നിന്ന് മറെറതെങ്കിലും ആളെ രക്ഷപ്പെടുത്തുകയോ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

226. [റദ്ദാക്കപ്പെട്ടു.]

227. ശിക്ഷയുടെ ഇളവിന്റെ ഉപാധി ലംഘിക്കുന്നത്.—ശിക്ഷയുടെ ഏതെങ്കിലും സോപാധികമായ ഇളവ് സ്വീകരിച്ചിരിക്കെ, അങ്ങനെയുള്ള ഇളവ് ഏതൊരു ഉപാധിയിൻമേലാണോ അനുവദിച്ചത്, ആ ഉപാധി ബോധപൂർവ്വം ലംഘിക്കുന്ന ഏതൊരാളും അയാൾക്ക് ആദ്യം വിധിച്ച ശിക്ഷയുടെ യാതൊരു ഭാഗവും അനുഭവിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ ആ ശിക്ഷയും, ആ ശിക്ഷയുടെ ഏതെങ്കിലും ഭാഗം അനുഭവിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ അനുഭവിക്കാത്തിടത്തോളമുള്ള ഭാഗവും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

228. നീതിന്യായനടപടിയിൽ ഉപവിഷ്ടനായ പബ്ലിക്ക് സർവന്റിനെ ഉദ്ദേശപൂർവ്വം അപമാനിക്കുകയോ അയാളുടെ ജോലിക്ക് വിഘ്നം ഉണ്ടാക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും പബ്ലിക്ക് സർവന്റ് ഒരു നീതിന്യായനടപടിയുടെ ഏതെങ്കിലും ഘട്ടത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ, അങ്ങനെയുള്ള പബ്ലിക്ക് സർവന്റിനെ ഏതെങ്കിലും വിധത്തിൽ ഉദ്ദേശപൂർവ്വം അപമാനിക്കുകയോ അയാളുടെ ജോലിക്ക് വിഘ്നം ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

229. ഒരു ജൂറിയംഗമായോ അസസ്സറായോ ആൾമാറാട്ടം നടത്തൽ.—ഒരു ജൂറിയംഗമായോ അസസ്സറായോ വരിക്കപ്പെടുകയോ, പാനലിൽ ഉൾപ്പെടുത്തപ്പെടുകയോ സത്യം ചെയ്യിക്കപ്പെടുകയോ ചെയ്യുവാൻ നിയമപ്രകാരം തനിക്ക് അവകാശം ഇല്ലെന്ന് അറിയാവുന്ന ഏതെങ്കിലും സംഗതിയിൽ ആൾമാറാട്ടം നടത്തിയോ മററ് വിധത്തിലോ ഒരു ജൂറിയംഗമായോ അസസ്സറായോ താൻ വരിക്കപ്പെടുന്നതിനോ പാനലിൽ ഉൾപ്പെടുത്തപ്പെടുന്നതിനോ സത്യം ചെയ്യിക്കപ്പെടുന്നതിനോ ഉദ്ദേശപൂർവ്വം ഇടയാക്കുകയോ ബോധപൂർവ്വം അനുവദിക്കുകയോ, അല്ലെങ്കിൽ അപ്രകാരം നിയമവിരുദ്ധമായി താൻ വരിക്കപ്പെടുകയോ തന്റെ പേർ പാനലിൽ ഉൾപ്പെടുകയോ താൻ സത്യം ചെയ്യിക്കപ്പെടുകയോ ചെയ്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള ജൂറിയിൽ, അല്ലെങ്കിൽ അങ്ങനെയുള്ള അസസ്സറായി സ്വേച്ഛയാ സേവനമനുഷ്ഠിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XII

# നാണയവും ഗവൺമെൻറ് സ്ററാമ്പുകളും സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

230. ''നാണയം''—നിർവ്വചനം.—നാണയം എന്നത് തൽസമയം പണമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും, അപ്രകാരം ഉപയോഗിക്കുവാൻവേണ്ടി ഏതെങ്കിലും സ്റേററിന്റേയോ പരമാധികാരമുള്ള ശക്തിയുടേയോ പ്രാധികാരപ്രകാരം മുദ്രവച്ച് പുറപ്പെടുവിച്ചിട്ടുള്ളതും ആയ ലോഹമാകുന്നു.

ഇൻഡ്യൻ നാണയം.—ഇൻഡ്യൻ നാണയം എന്നത് പണമായി ഉപയോഗിക്കുവാൻവേണ്ടി ഇൻഡ്യാഗവൺമെന്റിന്റെ പ്രാധികാരപ്രകാരം മുദ്രവച്ച് പുറപ്പെടുവിച്ചിട്ടുള്ള ലോഹം ആകുന്നു; അപ്രകാരം മുദ്രവച്ച് പുറപ്പെടുവിച്ചിട്ടുള്ള ലോഹം, അത് പണമായി ഉപയോഗിക്കുന്നത് അവസാനിച്ചിരിക്കാമെങ്കിലും, ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് ഇൻഡ്യൻ നാണയമായി തുടരുന്നതും ആകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) കവടി നാണയമല്ല.

(ഖ) മുദ്രവയ്ക്കാത്ത ചെമ്പു കട്ടികൾ, അവ പണമായി ഉപയോഗിക്കപ്പെടുന്നെങ്കിലും നാണയമല്ല.

(ഗ) മെഡലുകൾ പണമായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളവയല്ലാത്തതിനാൽ നാണയമല്ല.

(ഘ) കമ്പനിരൂപയായി നാമകരണം ചെയ്തിട്ടുള്ള നാണയം ഇൻഡ്യൻ നാണയമാകുന്നു.

(ങ) ഇൻഡ്യാഗവൺമെൻറിൻെറ പ്രാധികാരപ്രകാരം മുമ്പ് പണമായി ഉപയോഗിച്ചുകൊണ്ടിരുന്ന "ഫറൂക്ക്ബാദ് രൂപ" ഇപ്പോൾ അപ്രകാരം ഉപയോഗിക്കപ്പെടുന്നില്ലെങ്കിലും ഇൻഡ്യൻ നാണയമാകുന്നു.

231. നാണയത്തിൻെറ കപടാനുകരണം.—നാണയത്തിൻെറ കപടാനുകരണം നടത്തുകയോ കപടാനുകരണം നടത്തുന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം ബോധപൂർവ്വം നിർവ്വഹിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

വിശദീകരണം.—കബളിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, ഒരു യഥാർത്ഥ നാണയം വ്യത്യസ്തമായ ഒരു നാണയം പോലെ തോന്നത്തക്ക വിധത്തിലുള്ളതാക്കുന്നതുവഴി കബളിപ്പിക്കൽ നടക്കുവാൻ ഇടയുണ്ടെന്നറിഞ്ഞു കൊണ്ടോ അങ്ങനെ ചെയ്യുന്ന ആൾ ഈ കുററം ചെയ്യുന്നു.

232. ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണം.—ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണം നടത്തുകയോ കപടാനുകരണം നടത്തുന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം ബോധപൂർവ്വം നിർവ്വഹിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കു രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

233. നാണയത്തിൻെറ കപടാനുകരണത്തിനുള്ള ഉപകരണം നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.—നാണയത്തിൻെറ കപടാനുകരണം നടത്തുന്നതിനു വേണ്ടി ഉപയോഗിക്കുവാനോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഏതെങ്കിലും അച്ചോ ഉപകരണമോ നിർമ്മിക്കുകയോ നന്നാക്കുകയോ, അല്ലെങ്കിൽ നിർമ്മിക്കുകയോ നന്നാക്കുകയോ ചെയ്യുന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം നിർവ്വഹിക്കുകയോ അല്ലെങ്കിൽ വാങ്ങുകയോ വില്ക്കുകയോ വ്യയനം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

234. ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണത്തിനുള്ള ഉപകരണം നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.—ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണം നടത്തുന്നതിന് വേണ്ടി ഉപയോഗിക്കുവാനോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണ

മുണ്ടായിട്ടോ ഏതെങ്കിലും അച്ചോ ഉപകരണമോ നിർമ്മിക്കുകയോ നന്നാക്കുകയോ അല്ലെങ്കിൽ നിർമ്മിക്കുകയോ നന്നാക്കുകയോ ചെയ്യുന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം നിർവ്വഹിക്കുകയോ അല്ലെങ്കിൽ വാങ്ങുകയോ വില്ക്കുകയോ വ്യയനം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

235. നാണയത്തിൻെറ കപടാനുകരണത്തിന് ഉപയോഗിക്കുവാൻവേണ്ടി ഉപകരണമോ സാമഗ്രിയോ കൈവശം വയ്ക്കുന്നത്.—നാണയത്തിൻെറ കപടാനുകരണത്തിന് ഉപയോഗിക്കുവാൻ വേണ്ടിയോ അല്ലെങ്കിൽ ആ ആവശ്യത്തിന് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഏതെങ്കിലും ഉപകരണമോ സാമഗ്രിയോ കൈവശം വയ്ക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ;

ഇൻഡ്യൻ നാണയമാണെങ്കിൽ.—കപടാനുകരണം നടത്തുവാനുള്ളത് ഇൻഡ്യൻ നാണയമാണെങ്കിൽ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും,

ആണ്.

236. ഇൻഡ്യയ്ക്ക് വെളിയിൽ നാണയത്തിൻെറ കപടാനുകരണം നടത്തുന്നതിന് ഇൻഡ്യയിൽവച്ച് പ്രേരണ നല്കുന്നത്.—ഇൻഡ്യയ്ക്കുള്ളിലായിരിക്കെ ഇൻഡ്യയ്ക്ക് വെളിയിൽവച്ച് നാണയത്തിൻെറ കപടാനുകരണം നടത്തുന്നതിന് പ്രേരണ നല്കുന്ന ഏതൊരാളും അയാൾ അങ്ങനെയുള്ള നാണയത്തിൻെറ കപടാനുകരണത്തിന് ഇൻഡ്യയ്ക്കുള്ളിൽവച്ച് പ്രേരണ നല്കിയിരുന്നുവെങ്കിൽ ഏതുപോലെയോ അതുപോലെതന്നെ ശിക്ഷിക്കപ്പെടുന്നതാകുന്നു.

237. കപടാനുകരണമായ നാണയത്തിൻെറ ഇറക്കുമതിയോ കയററുമതിയോ.—കപടാനുകരണമായ ഏതെങ്കിലും നാണയം കപടാനുകരണമാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയോ ഇൻഡ്യയിൽനിന്ന് കയററുമതി ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

238. ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണങ്ങളുടെ ഇറക്കുമതിയോ കയററുമതിയോ.—ഇൻഡ്യൻ നാണയത്തിൻെറ കപടാനുകരണമാണെന്ന് അറിയുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും കപടാനുകരണം നടത്തി ഉണ്ടാക്കിയ നാണയം ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയോ ഇൻഡ്യയിൽനിന്ന് കയററുമതി ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

239. കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള നാണയം കൈമാറുന്നത്.—തൻെറ കൈവശം വന്നപ്പോൾ,

തനിക്ക് കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിവുള്ള കപടാനുകരണം നടത്തി ഉണ്ടാക്കിയ ഏതെങ്കിലും നാണയം കൈവശമിരിക്കെ, വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടു കൂടിയോ ഏതെങ്കിലും ആരംക്ക് കൈമാറുകയോ അല്ലെങ്കിൽ അത് സ്വീകരിക്കുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

240. കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള ഇൻഡ്യൻനാണയം കൈമാറുന്നത്.—ഇൻഡ്യൻ നാണയത്തിന്റെ കപടാനുകരണം നടത്തി ഉണ്ടാക്കിയതും തന്റെ കൈവശം വന്നപ്പോരം തനിക്ക് ഇൻഡ്യൻ നാണയത്തിന്റെ കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിവുള്ളതുമായ ഏതെങ്കിലും കപടാനുകരണം നടത്തി ഉണ്ടാക്കിയ ഇൻഡ്യൻനാണയം കൈവശമിരിക്കെ വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടു കൂടിയോ അത് ഏതെങ്കിലും ആരംക്ക് കൈമാറുകയോ അല്ലെങ്കിൽ അത് സ്വീകരിക്കുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

241. നാണയം ആദ്യം കൈവശത്തിലെടുത്തപ്പോരം അത് കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിയാതെയിരുന്ന ആരം അത് യഥാർത്ഥ നാണയമായി കൈമാറുന്നത്.—കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് തനിക്കറിയാവുന്നതും എന്നാൽ തന്റെ കൈവശം എടുത്തപ്പോരം തനിക്ക് കപടാനുകരണമാണെന്ന് അറിവില്ലാതിരുന്നതും ആയ, കപടാനുകരണം നടത്തി ഉണ്ടാക്കിയ ഏതെങ്കിലും നാണയം യഥാർത്ഥ നാണയമായി ഏതെങ്കിലും ആരംക്ക് കൈമാറുകയോ യഥാർത്ഥ നാണയമായി സ്വീകരിക്കുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ, അല്ലെങ്കിൽ ഏതു നാണയമാണോ കപടാനുകരണം ചെയ്യപ്പെട്ടത് ആ നാണയത്തിന്റെ മൂല്യത്തിന്റെ പത്തിരട്ടിയോളമാകാവുന്ന തുക വരുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

ദൃഷ്ടാന്തം

ക എന്ന നാണയമടിപ്പുകാരൻ ഖ എന്ന തന്റെ കൂട്ടുകാരന് കപടാനുകരണം നടത്തി ഉണ്ടാക്കിയ കമ്പനി രൂപകരം ചെലവാക്കുന്നതിനു വേണ്ടി കൊടുക്കുന്നു. കള്ളനാണയം ചെലവാക്കുന്ന മറ്റൊരാളായ ഗ യ്ക്ക് ഖ ആ രൂപകരം വില്ക്കുകയും അയാരം അവ കപടാനുകരണം നടത്തി ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് വിലയ്ക്ക് വാങ്ങുകയും ചെയ്യുന്നു. ആ രൂപകരം ഗ സാമാനങ്ങളുടെ വിലയായി ഘ യ്ക്ക് നല്കുകയും അയാരം അവ കപടാനുകരണം നടത്തി ഉണ്ടാക്കിയവയാണെന്ന് അറിയാതെ സ്വീകരിക്കുകയും ചെയ്യുന്നു. രൂപകരം സ്വീകരിച്ചതിനുശേഷം അവ കപടാനുകരണം നടത്തി ഉണ്ടാക്കിയവയാണെന്ന് ഘ കണ്ടുപിടിക്കുകയും നല്ലവയെന്നപോലെ അവ കൈയൊഴിക്കുകയും ചെയ്യുന്നു. ഇവിടെ ഘ ഈ വകുപ്പുപ്രകാരം മാത്രമേ ശിക്ഷാർഹനാകുന്നുള്ളു. എന്നാൽ ഖ യും ഗ യും അതതു സംഗതിപോലെ, 239-ാം വകുപ്പോ 240-ാം വകുപ്പോ പ്രകാരം ശിക്ഷാർഹരാകുന്നതാണ്.

242. കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയം തന്റെ കൈവശം വന്നപ്പോൾ അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് അറിഞ്ഞിരുന്ന ആൾ അത് കൈവശം വയ്ക്കുന്നത്.—കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയം അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് തന്റെ കൈവശം വന്നപ്പോൾ അറിഞ്ഞുകൊണ്ട് വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടുകൂടിയോ കൈവശം വയ്ക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

243. കപടാനുകരണം നടത്തിയുണ്ടാക്കിയ ഇൻഡ്യൻ നാണയം തന്റെ കൈവശം വന്നപ്പോൾ അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് അറിഞ്ഞിരുന്ന ആൾ അത് കൈവശം വയ്ക്കുന്നത്.—ഇൻഡ്യൻ നാണയത്തിന്റെ കപടാനുകരണമായ കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയം തന്റെ കൈവശം വന്നപ്പോൾ അറിഞ്ഞുകൊണ്ട് വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടു കൂടിയോ കൈവശം വയ്ക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

244. കമ്മട്ടത്തിൽ നിയോജിക്കപ്പെട്ടിരിക്കുന്ന ആൾ നാണയം നിയമത്താൽ നിജപ്പെടുത്തിയിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായ തൂക്കത്തിലോ ഘടനയിലോ ഉള്ളതാക്കുന്നത്.—ഇൻഡ്യയിൽ നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും കമ്മട്ടത്തിൽ നിയോജിതൻ ആയിരിക്കെ, ആ കമ്മട്ടത്തിൽനിന്ന് പുറപ്പെടുവിക്കുന്ന ഏതെങ്കിലും നാണയം നിയമത്താൽ നിജപ്പെടുത്തപ്പെട്ടിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായ തൂക്കത്തിലോ ഘടനയിലോ ഉള്ളതാക്കണമെന്ന ഉദ്ദേശത്തോടു കൂടി ഏതെങ്കിലും കൃത്യം ചെയ്യുകയോ നിയമപ്രകാരം താൻ ചെയ്യുവാൻ ബാദ്ധ്യസ്ഥനായത് ചെയ്യാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

245. നാണയം നിർമ്മിക്കുവാനുള്ള ഉപകരണം കമ്മട്ടത്തിൽനിന്ന് നിയമവിരുദ്ധമായി എടുക്കുന്നത്.—നാണയം നിർമ്മിക്കുന്നതിനുള്ള ഏതെങ്കിലും പണിക്കോപ്പോ ഉപകരണമോ ഇൻഡ്യയിൽ നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും കമ്മട്ടത്തിൽനിന്ന് നിയമാനുസൃതമായ പ്രാധികാരം കൂടാതെ പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

246. വഞ്ചനാപൂർവ്വകമായോ നേരുകേടായോ നാണയത്തിന്റെ തൂക്കം കുറയ്ക്കുകയോ ഘടന വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നത്.—ഏതെങ്കിലും നാണയത്തിൽ, അതിന്റെ തൂക്കം കുറയ്ക്കുകയോ ഘടന വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തി വഞ്ചനാപൂർവ്വകമായോ നേരുകേടായോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

വിശദീകരണം.—നാണയത്തിന്റെ ഭാഗം ചുഴ്ന്ന് എടുക്കുകയും ആ കുഴിയിൽ മറ്റേതെങ്കിലും വയ്ക്കുകയും ചെയ്യുന്ന ആരം നാണയത്തിന്റെ ഘടന വ്യത്യാസപ്പെടുത്തുന്നു.

247. വഞ്ചനാപൂർവ്വകമായോ നേരുകേടായോ ഏതെങ്കിലും ഇൻഡ്യൻ നാണയത്തിന്റെ തൂക്കം കുറയ്ക്കുകയോ ഘടന വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നത്.—ഏതെങ്കിലും ഇൻഡ്യൻ നാണയത്തിൽ, അതിന്റെ തൂക്കം കുറയ്ക്കുകയോ ഘടന വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തി വഞ്ചനാപൂർവ്വകമായോ നേരുകേടായോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

248. വേറൊരു തരം നാണയമായി കൈമാറി പോകണമെന്ന ഉദ്ദേശത്തോടുകൂടി നാണയത്തിന്റെ ആകൃതി വ്യത്യാസപ്പെടുത്തുന്നത്.—ഏതെങ്കിലും നാണയം വേറൊരു തരം നാണയമായി കൈമാറി പോകണമെന്ന ഉദ്ദേശത്തോടുകൂടി ആ നാണയത്തിന്റെ ആകൃതിയിൽ വ്യത്യാസം വരുത്തുന്ന ഏതെങ്കിലും പ്രവൃത്തി ആ നാണയത്തിൻമേൽ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

249. വേറൊരു തരം നാണയമായി കൈമാറി പോകണമെന്ന ഉദ്ദേശത്തോടുകൂടി ഇൻഡ്യൻ നാണയത്തിന്റെ ആകൃതി വ്യത്യാസപ്പെടുത്തുന്നത്.—ഏതെങ്കിലും ഇൻഡ്യൻ നാണയം വേറൊരു തരം നാണയമായി കൈമാറി പോകണമെന്ന ഉദ്ദേശത്തോടുകൂടി ആ നാണയത്തിന്റെ ആകൃതിയിൽ വ്യത്യാസം വരുത്തുന്ന ഏതെങ്കിലും പ്രവൃത്തി ആ നാണയത്തിൻമേൽ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

250. വ്യത്യാസപ്പെടുത്തിയതാണെന്നറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള നാണയം കൈമാറുന്നത്.—ഏതു നാണയം സംബന്ധിച്ചാണോ 246-ാം വകുപ്പിലോ 248-ാം വകുപ്പിലോ നിർവ്വചിച്ചിട്ടുള്ള കുറ്റം ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള നാണയം കൈവശം വയ്ക്കുകയും അതു സംബന്ധിച്ച് അങ്ങനെയുള്ള കുറ്റം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നുവെന്ന് അത് തന്റെ കൈവശം വന്നപ്പോൾ തനിക്ക് അറിവുണ്ടാവുകയും ചെയ്തിരിക്കെ, വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടുകൂടിയോ അത് മററ' ഏതെങ്കിലും ആൾക്ക് കൈമാറുകയോ അല്ലെങ്കിൽ അത് സ്വീകരിക്കുവാൻ മറേറതെങ്കിലും ആളെ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

251. വ്യത്യാസപ്പെടുത്തിയതാണെന്നറിഞ്ഞുകൊണ്ട് കൈവശം വച്ചിട്ടുള്ള ഇൻഡ്യൻ നാണയം കൈമാറുന്നത്.—ഏതു നാണയം സംബന്ധിച്ചാണോ 247-ാം വകുപ്പിലോ 249-ാം വകുപ്പിലോ നിർവ്വചിച്ച കുററം ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള നാണയം കൈവശം വയ്ക്കുകയും അതുസംബന്ധിച്ച് അങ്ങനെയുള്ള കുററം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നുവെന്ന് അതു തന്റെ കൈവശം

വന്നപ്പോഠ തനിക്ക് അറിവുണ്ടാവുകയും ചെയ്തിരിക്കേ, വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടുകൂടിയോ അതു മറേറതെങ്കിലും ആഠക്ക് കൈമാറുകയോ അല്ലെങ്കിൽ അതു സ്വീകരിക്കുവാൻ മറേറതെങ്കിലും ആളെ പ്രചോദിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

252. നാണയം തന്റെ കൈവശം വന്നപ്പോഠ അത് വ്യത്യാസപ്പെടുത്തിയതാണെന്നറിഞ്ഞിരുന്ന ആഠ അത് കൈവശം വയ്ക്കുന്നത്.—ഏതു നാണയം സംബന്ധിച്ചാണോ 246-ാം വകുപ്പിലോ, 248-ാം വകുപ്പിലോ നിർവ്വചിച്ച കുററം ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള നാണയം അതുസംബന്ധിച്ച് അങ്ങനെയുള്ള കുററം ചെയ്തിട്ടുണ്ടായിരുന്നു എന്ന്, അതു തന്റെ കൈവശം വന്നപ്പോഠ അറിഞ്ഞിരിക്കെ, വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടുകൂടിയോ, കൈവശം വയ്ക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാകുന്നു.

253. ഇൻഡ്യൻ നാണയം തന്റെ കൈവശം വന്നപ്പോഠ അത് വ്യത്യാസപ്പെടുത്തിയതാണെന്നറിഞ്ഞിരുന്ന ആഠ അത് കൈവശം വയ്ക്കുന്നത്.—ഏതു നാണയം സംബന്ധിച്ചാണോ 247-ാം വകുപ്പിലോ 249-ാം വകുപ്പിലോ നിർവ്വചിച്ച കുററം ചെയ്യപ്പെട്ടിട്ടുള്ളത് അങ്ങനെയുള്ള നാണയം അതു സംബന്ധിച്ച് അങ്ങനെയുള്ള കുററം ചെയ്തിട്ടുണ്ടായിരുന്നു എന്ന് അതു തന്റെ കൈവശം വന്നപ്പോഠ അറിഞ്ഞിരിക്കെ, വഞ്ചനാപൂർവ്വകമായോ വഞ്ചന നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശ്യത്തോടുകൂടിയോ, കൈവശം വയ്ക്കുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

254. നാണയം ആദ്യം കൈവശത്തിലെടുത്തപ്പോഠ അത് വ്യത്യാസപ്പെടുത്തിയതാണെന്ന് അറിയാതിരുന്ന ആഠ അത് യഥാർത്ഥ നാണയമായി കൈമാറുന്നത്.—ഏതു നാണയം സംബന്ധിച്ചാണോ 246-ാം വകുപ്പിലോ 247-ാം വകുപ്പിലോ 248-ാം വകുപ്പിലോ 249-ാം വകുപ്പിലോ പറഞ്ഞ പ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന് താൻ അറിയുകയും, എന്നാൽ അങ്ങനെയുള്ള പ്രവൃത്തി ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു എന്ന് അത് തന്റെ കൈവശമെടുത്തപ്പോഠ താൻ അറിയാതിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും നാണയം മറേറതെങ്കിലും ആഠക്ക് യഥാർത്ഥ നാണയമായോ അല്ലെങ്കിൽ അത് ഏത് തരത്തിൽപ്പെട്ടതാണോ അതിൽനിന്ന് വ്യത്യസ്തമായ തരത്തിൽപ്പെട്ട ഒരു നാണയമായോ കൈമാറുകയോ അല്ലെങ്കിൽ യഥാർത്ഥ നാണയമായോ, അത് ഏത് നാണയമാണോ അതിൽനിന്ന് വ്യത്യസ്തമായ ഒരു നാണയമായോ സ്വീകരിക്കുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിക്കുന്നതിന് ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തിയ നാണയം ഏത് നാണയമായിട്ടാണോ കൈമാറുകയോ കൈമാറുവാൻ ശ്രമിക്കുകയോ ചെയ്തത്, ആ നാണയത്തിന്റെ മൂല്യത്തിന്റെ പത്തിരട്ടിയോളമാകാവുന്ന തുക വരുന്ന പിഴശിക്ഷയോ, നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

255. ഗവൺമെൻറ് സ്ററാമ്പ് കപടാനുകരണം നടത്തുന്നത്.—റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സ്ററാമ്പ് കപടാനുകരണം നടത്തുകയോ കപടാനുകരണം നടത്തുന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം ബോധപൂർവ്വം നിർവ്വഹിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

വിശദീകരണം.—ഒരു മൂല്യവിഭാഗത്തിലുള്ള യഥാർത്ഥമായ ഒരു സ്ററാമ്പ് വ്യത്യസ്തമായ മൂല്യ വിഭാഗത്തിലുള്ള യഥാർത്ഥമായ ഒരു സ്ററാമ്പ് പോലെ തോന്നത്തക്കവിധത്തിൽ ആക്കുന്നതുവഴി കപടാനുകരണം നടത്തുന്ന ഒരാൾ ഈ കുററം ചെയ്യുന്നു.

256. ഗവൺമെൻറ് സ്ററാമ്പിൻെറ കപടാനുകരണത്തിനുള്ള ഉപകരണമോ സാമഗ്രിയോ കൈവശം വയ്ക്കുന്നത്.—റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സ്ററാമ്പിൻെറ കപടാനുകരണം നടത്തുന്നതിന് ഉപയോഗിക്കപ്പെടുവാൻവേണ്ടിയോ ഉപയോഗിക്കപ്പെടുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഏതെങ്കിലും ഉപകരണമോ സാമഗ്രിയോ കൈവശം വച്ചിരിക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

257. ഗവൺമെൻറ് സ്ററാമ്പിൻെറ കപടാനുകരണത്തിനുള്ള ഉപകരണം നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.— റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ച ഏതെങ്കിലും സ്ററാമ്പിൻെറ കപടാനുകരണം നടത്തുന്നതിന് ഉപയോഗിക്കുവാൻ വേണ്ടിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഏതെങ്കിലും ഉപകരണം നിർമ്മിക്കുകയോ, നിർമ്മിക്കുക എന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം നിർവഹിക്കുകയോ അല്ലെങ്കിൽ വാങ്ങുകയോ വില്ക്കുകയോ വ്യയനം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

258. ഗവൺമെൻറ് സ്ററാമ്പ് കപടാനുകരണം നടത്തിയുണ്ടാക്കിയ സ്ററാമ്പിൻെറ വില്പന.—റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സ്ററാമ്പിൻെറ ഒരു കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്ന് തനിക്കറിയാവുന്നതോ, വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും സ്ററാമ്പ് വില്ക്കുകയോ വില്പനയ്ക്കു വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

259. ഗവൺമെൻറ് സ്ററാമ്പ് കപടാനുകരണം നടത്തിയുണ്ടാക്കിയ സ്ററാമ്പ് കൈവശം വയ്ക്കുന്നത്.—റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സ്ററാമ്പിൻെറ ഒരു കപടാനുകരണമാണെന്ന് തനിക്കറിയാവുന്ന ഏതെങ്കിലും സ്ററാമ്പ്, അത് ഒരു യഥാർത്ഥ സ്ററാമ്പായി ഉപയോഗിക്കണമെന്നോ വ്യയനം ചെയ്യണമെന്നോ ഉദ്ദേശിച്ചുകൊണ്ടോ, അല്ലെങ്കിൽ അത് ഒരു യഥാർത്ഥ സ്ററാമ്പായി ഉപയോഗിക്കപ്പെടുന്നതിനു

വേണ്ടിയോ കൈവശം വച്ചിരിക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാകുന്നു.

260. ഗവൺമെൻറ് സ്റ്റാമ്പ് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്നറിയാവുന്ന സ്റ്റാമ്പ് യഥാർത്ഥ സ്റ്റാമ്പായി ഉപയോഗിക്കുന്നത്.—ഏതെങ്കിലും സ്റ്റാമ്പ് റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ച ഏതെങ്കിലും സ്റ്റാമ്പിൻെറ ഒരു കപടാനുകരണമാണെന്നറിഞ്ഞുകൊണ്ട് യഥാർത്ഥ സ്റ്റാമ്പായി ഉപയോഗിക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

261. ഗവൺമെൻറിന് നഷ്ടം വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ഗവൺമെൻറ് സ്റ്റാമ്പുള്ള പദാർത്ഥത്തിൽനിന്ന് ലിഖിതം മാച്ചുകളയുകയോ രേഖയിൽ നിന്ന് അതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ള സ്റ്റാമ്പ് നീക്കം ചെയ്യുകയോ ചെയ്യുന്നത്.—വഞ്ചനാപൂർവ്വകമായോ ഗവൺമെൻറിന് നഷ്ടം വരുത്തണമെന്ന ഉദ്ദേശത്തോടുകൂടിയോ, റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സ്റ്റാമ്പുള്ള ഏതെങ്കിലും പദാർത്ഥത്തിൽനിന്ന്, ഏത് ലിഖിതത്തിനോ രേഖയ്ക്കോ വേണ്ടിയാണ്, ആ സ്റ്റാമ്പ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത് ആ ലിഖിതമോ രേഖയോ നീക്കം ചെയ്യുകയോ, മാച്ചുകളയുകയോ അല്ലെങ്കിൽ ഏതെങ്കിലും ലിഖിതത്തിൽനിന്നോ രേഖയിൽനിന്നോ ആ ലിഖിതത്തിനോ രേഖയ്ക്കോ ഉപയോഗിച്ചിട്ടുള്ള സ്റ്റാമ്പ് വ്യത്യസ്തമായ ലിഖിതത്തിനോ രേഖയ്ക്കോ ഉപയോഗിക്കുന്നതിനുവേണ്ടി നീക്കം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

262. മുമ്പ് ഉപയോഗിച്ചതാണെന്നറിയാവുന്ന ഗവൺമെൻറ് സ്റ്റാമ്പ് ഉപയോഗിക്കുന്നത്.—റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ളതും, മുമ്പ് ഉപയോഗിച്ചതായി തനിക്കറിയാവുന്നതുമായ സ്റ്റാമ്പ് വഞ്ചനാപൂർവ്വകമായോ ഗവൺമെൻറിന് നഷ്ടം വരുത്തണമെന്ന ഉദ്ദേശത്തോടുകൂടിയോ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

263. സ്റ്റാമ്പ് ഉപയോഗിക്കപ്പെട്ടതാണെന്ന് കുറിക്കുന്ന അടയാളം മായ്ക്കുന്നത്.—വഞ്ചനാപൂർവ്വകമായോ, ഗവൺമെൻറിന് നഷ്ടം വരുത്തണമെന്ന ഉദ്ദേശത്തോടുകൂടിയോ, റവന്യൂ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാമ്പിൽനിന്ന് അത് ഉപയോഗിക്കപ്പെട്ടതാണെന്ന് കുറിക്കുന്നതിന് അങ്ങനെയുള്ള സ്റ്റാമ്പിൽ ഇട്ടിട്ടുള്ളതോ പതിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ചിഹ്നം മായ്ക്കുകയോ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അടയാളം മായ്ക്കുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും സ്റ്റാമ്പ് ബോധപൂർവ്വം കൈവശം വച്ചിരിക്കുകയോ വില്ക്കുകയോ വ്യയനം ചെയ്യുകയോ അല്ലെങ്കിൽ ഉപയോഗിക്കപ്പെട്ടതാണെന്ന് തനിക്കറിയാവുന്ന അങ്ങനെയുള്ള ഏതെങ്കിലും സ്റ്റാമ്പ് വില്ക്കുകയോ വ്യയനം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന

കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

263 ക. കൃത്രിമമായ സ്ററാമ്പുകളുടെ നിരോധനം.—(1) ഏതൊരാളാണോ—

(ക) ഏതെങ്കിലും കൃത്രിമമായ സ്ററാമ്പ് നിർമ്മിക്കുകയോ, ബോധപൂർവ്വം ചെലവാക്കുകയോ വ്യാപാരം ചെയ്യുകയോ വില്ക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും കൃത്രിമമായ സ്ററാമ്പ് പോസ്ററ് സംബന്ധിച്ച ഏതെങ്കിലും ആവശ്യത്തിനായി ബോധപൂർവ്വം ഉപയോഗിക്കുകയോ, അല്ലെങ്കിൽ

(ഖ) ഏതെങ്കിലും കൃത്രിമമായ സ്ററാമ്പ് നിയമാനുസൃതമായ ന്യായീകരണം കൂടാതെ തൻെറ കൈവശം വയ്ക്കുകയോ, അല്ലെങ്കിൽ

(ഗ) ഏതെങ്കിലും കൃത്രിമമായ സ്ററാമ്പ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും അച്ചോ, പ്ലേററോ, ഉപകരണമോ, സാമഗ്രിയോ നിർമ്മിക്കുകയോ അല്ലെങ്കിൽ നിയമാനുസൃതമായ ന്യായീകരണം കൂടാതെ തൻെറ കൈവശം വയ്ക്കുകയോ,

ചെയ്യുന്നത്, അയാം ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും കൃത്രിമമായ സ്ററാമ്പ് നിർമ്മിക്കുന്നതിനുവേണ്ടി ഏതെങ്കിലും ആളുടെ കൈവശമുള്ള അങ്ങനെയുള്ള ഏതെങ്കിലും സ്ററാമ്പോ അച്ചോ തകിടോ ഉപകരണമോ സാമഗ്രിയോ പിടിച്ചെടുക്കപ്പെടാവുന്നതും, പിടിച്ചെടുക്കപ്പെട്ടാൽ കണ്ടുകെട്ടപ്പെടുന്നതുമാകുന്നു.

(3) ഈ വകുപ്പിൽ ''കൃത്രിമമായ സ്ററാമ്പ്'' എന്നാൽ പോസ്റേറജ് നിരക്ക് കുറിക്കുക എന്ന ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള സ്ററാമ്പാണെന്ന് കരുതപ്പെടണമെന്ന് വ്യാജമായി ഉദ്ദേശിച്ചുകൊണ്ടുള്ളതോ, അല്ലെങ്കിൽ ആ ആവശ്യത്തിന് ഗവൺമെൻറ് പുറപ്പെടുവിച്ച ഏതെങ്കിലും സ്ററാമ്പിൻെറ കടലാസിലുള്ളതോ മററുവിധത്തിലുള്ളതോ ആയ ഏതെങ്കിലും പ്രതി ലിപി അല്ലെങ്കിൽ അനുകരണം അല്ലെങ്കിൽ പ്രതിരൂപണം എന്ന് അർത്ഥമാകുന്നു.

(4) ഈ വകുപ്പിലും, 255 മുതൽ 263 വരെ, രണ്ടു വകുപ്പുകളും ഉൾപ്പെടെയുള്ള, വകുപ്പുകളിലും ''ഗവൺമെൻറ്'' എന്ന വാക്കിൽ, പോസ്റേറജ് നിരക്ക് കുറിക്കുന്ന ആവശ്യത്തിന് പുറപ്പെടുവിച്ചിരിക്കുന്ന ഏതെങ്കിലും സ്ററാമ്പ് സംബന്ധിച്ചോ സ്ററാമ്പിനെ പരാമർശിച്ചോ ഉപയോഗിക്കുമ്പോൾ, 17-ാം വകുപ്പിൽ എന്തുതന്നെയിരുന്നാലും, ഇൻഡ്യയുടെ ഏതെങ്കിലും, ഭാഗത്തും, കൂടാതെ ചക്രവർത്തിനിയുടെ ഡൊമിനിയനുകളുടെ ഏതെങ്കിലും ഭാഗത്തും അല്ലെങ്കിൽ ഏതെങ്കിലും വിദേശരാജ്യത്തും നിർവ്വാഹക ഭരണം നടത്തുന്നതിന് നിയമത്താൽ അധികാരപ്പെടുത്തിയ ആളോ ആളുകളോ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

## അദ്ധ്യായം XIII

# തൂക്കക്കട്ടികളേയും അളവുകളേയും സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

264. വ്യാജമായ തൂക്കിനോക്കാനുള്ള ഉപകരണം വഞ്ചനാപൂർവ്വം ഉപയോഗിക്കുന്നത്.—വ്യാജമാണെന്ന് തനിക്ക് അറിയാവുന്ന തൂക്കിനോക്കാനുള്ള ഏതെങ്കിലും ഉപകരണം വഞ്ചനാപൂർവ്വം ഉപയോഗിക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

265. വ്യാജമായ തൂക്കക്കട്ടിയോ അളവോ വഞ്ചനാപൂർവ്വം ഉപയോഗിക്കുന്നത്.—ഏതെങ്കിലും വ്യാജമായ തൂക്കക്കട്ടിയോ, അല്ലെങ്കിൽ നീളമോ ഉൾക്കോളോ അളക്കുന്നതിനുള്ള വ്യാജമായ അളവോ വഞ്ചനാപൂർവ്വം ഉപയോഗിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും തൂക്കക്കട്ടിയോ നീളമോ ഉൾക്കോളോ അളക്കുന്നതിനുള്ള അളവോ, അവയിൽനിന്ന് വ്യത്യസ്തമായ ഒരു തൂക്കക്കട്ടിയോ അളവോ ആയി വഞ്ചനാപൂർവ്വം ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

266. വ്യാജമായ തൂക്കക്കട്ടിയോ അളവോ കൈവശം വയ്ക്കുന്നത്.—വ്യാജമാണെന്ന് തനിക്കറിയാവുന്ന തൂക്കിനോക്കാനുള്ള ഏതെങ്കിലും ഉപകരണമോ തൂക്കക്കട്ടിയോ, നീളമോ ഉൾക്കോളോ അളക്കുന്നതിനുള്ള അളവോ, വഞ്ചനാപൂർവ്വം ഉപയോഗിക്കപ്പെട്ടുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടുകൂടി കൈവശം വയ്ക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

267. വ്യാജമായ തൂക്കക്കട്ടിയോ അളവോ നിർമ്മിക്കുകയോ വില്ക്കുകയോ ചെയ്യുന്നത്.—വ്യാജമെന്ന് തനിക്കറിയാവുന്ന ഏതെങ്കിലും തൂക്കം അറിയുവാനുള്ള ഉപകരണമോ തൂക്കക്കട്ടിയോ നീളമോ ഉൾക്കോളോ അളക്കുന്നതിനുള്ള അളവോ ശരിയായതായി ഉപയോഗിക്കപ്പെടുന്നതിനുവേണ്ടിയോ അല്ലെങ്കിൽ അത്, ശരിയായതെന്നപോലെ ഉപയോഗിക്കപ്പെടുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ നിർമ്മിക്കുകയോ വില്ക്കുകയോ വ്യയനം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XIV

# പൊതുജനങ്ങളുടെ ആരോഗ്യം, ഭദ്രത, സൗകര്യം, സഭ്യത, സാൻമാർഗ്ഗികത എന്നിവയെ ബാധിക്കുന്ന കുററകൃത്യങ്ങളെക്കുറിച്ച്

268. പൊതുജനശല്യം.—പൊതുജനങ്ങൾക്കോ അല്ലെങ്കിൽ സമീപസ്ഥലത്തു വസിക്കുകയോ വസ്തു കൈവശം വയ്ക്കുകയോ ചെയ്യുന്ന ജനങ്ങൾക്ക് സാമാന്യമായോ ഏതെങ്കിലും പൊതുവായ ക്ഷതിയോ അപായമോ അലട്ടോ ഉളവാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും പൊതു അവകാശം ഉപയോഗിക്കുന്നതിന് അവസരം ലഭിക്കുന്ന ആളുകൾക്ക് ക്ഷതിയോ തടസ്സമോ അപായമോ അലട്ടോ അവശ്യമായും ഉളവാക്കുകയോ ചെയ്യുന്ന ഏതെങ്കിലും കൃത്യം ചെയ്യുകയോ അങ്ങനെയുള്ള നിയമവിരുദ്ധമായ ഏതെങ്കിലും കൃത്യവിലോപത്തിന് അപരാധിയാവുകയോ ചെയ്യുന്ന ഒരാൾ പൊതുജനശല്യത്തിന് അപരാധിയാകുന്നതാണ്.

ഒരു പൊതുശല്യം; അത് വല്ല സൗകര്യമോ പ്രയോജനമോ ഉളവാക്കുന്നു എന്ന കാരണത്താൽ, ക്ഷന്തവ്യമല്ല.

269. ജീവന അപായകരമായ രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ള ഉപേക്ഷാപൂർവ്വകമായ കൃത്യം.—ജീവന് അപായകരമായ ഏതെങ്കിലും രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ളതും, അങ്ങനെയുള്ളതാണെന്ന് താൻ അറിയുകയോ തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടാവുകയോ ചെയ്യുന്നതും ആയ ഏതെങ്കിലും കൃത്യം നിയമവിരുദ്ധമായോ ഉപേക്ഷാപൂർവ്വമോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

270. ജീവന് അപായകരമായ രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ള വിദ്വേഷപൂർവ്വകമായ കൃത്യം.—ജീവന് അപായകരമായ ഏതെങ്കിലും രോഗത്തിന്റെ പകർച്ച വ്യാപിപ്പിക്കുവാൻ ഇടയുള്ളതും അങ്ങനെയുള്ളതാണെന്ന് താൻ അറിയുകയോ തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടാവുകയോ ചെയ്യുന്നതും ആയ ഏതെങ്കിലും കൃത്യം വിദ്വേഷപൂർവ്വം ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

271. ക്വാറന്റീൻ ചട്ടം അനുസരിക്കാതിരിക്കൽ.—ഏതെങ്കിലും ജലയാനത്തെ ക്വാറന്റീൻ സ്ഥിതിയിൽ വയ്ക്കുന്നതിനോ ക്വാറന്റീൻ സ്ഥിതിയിലുള്ള ഏതെങ്കിലും ജലയാനങ്ങൾക്ക് കരയുമായോ മറ്റ് ജലയാനങ്ങളുമായോ ഉള്ള സംസർഗ്ഗം ക്രമപ്പെടുത്തുന്നതിനോ, അല്ലെങ്കിൽ പകർച്ചവ്യാധി നിലവിലുള്ള സ്ഥലങ്ങളും മറ്റു സ്ഥലങ്ങളും തമ്മിലുള്ള സംസർഗ്ഗം ക്രമപ്പെടുത്തുന്നതിനോ, ഗവൺമെന്റ് ഉണ്ടാക്കുകയും പ്രഖ്യാപനം ചെയ്യുകയും ചെയ്തിട്ടുള്ള ഏതെങ്കിലും ചട്ടം ബോധപൂർവ്വം അനുസരിക്കാതിരിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

272. വില്പനയ്ക്ക് ഉദ്ദേശിച്ചിട്ടുള്ള ഭക്ഷണത്തിലോ പാനീയത്തിലോ മായം ചേർക്കൽ:— ഭക്ഷണത്തിനോ പാനത്തിനോ ഉള്ള ഏതെങ്കിലും പദാർത്ഥം, അത് ഭക്ഷണമോ പാനീയമോ എന്ന നിലയിൽ വില്ക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ വില്ക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അത് ഭക്ഷണമോ പാനീയമോ എന്ന നിലയിൽ ഹാനികരമായിത്തീരത്തക്കവിധം അതിൽ മായം ചേർക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

273. ഹാനികരമായ ഭക്ഷണത്തിന്റേയോ പാനീയത്തിന്റേയോ വില്പന.—ഹാനികരമാക്കിയതോ ഹാനികരമായിത്തീർന്നതോ അല്ലെങ്കിൽ ഭക്ഷണത്തിനോ പാനീയത്തിനോ അനുയോജ്യമല്ലാത്ത അവസ്ഥയിലുള്ളതോ ആയ ഏതെങ്കിലും പദാർത്ഥം, അത് ഭക്ഷണമോ പാനീയമോ എന്ന നിലയിൽ ഹാനികരമാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ ഭക്ഷണമോ പാനീയമോ ആയി വില്ക്കുകയോ വില്പനയ്ക്കായി വയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

274. മരുന്നുകളിൽ മായം ചേർക്കൽ.—ഏതെങ്കിലും മരുന്നിലോ ഔഷധത്തിലോ അതിന്റെ വീര്യം കുറയ്ക്കുകയോ പ്രവർത്തനത്തിൽ മാററംവരുത്തുകയോ അല്ലെങ്കിൽ അത് ഹാനികരമാക്കിത്തീർക്കുകയോ ചെയ്യുന്ന രീതിയിൽ മായം ചേർത്തിട്ടില്ലാത്തതുപോലെ, അത് ഏതെങ്കിലും ഔഷധപരമായ ആവശ്യത്തിനുവേണ്ടി വില്ക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോചെയ്യണമെന്നുദ്ദേശിച്ചുകൊണ്ടോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെയുള്ള രീതിയിൽ അതിൽ മായം ചേർക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽര ണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

275. മായം ചേർത്ത മരുന്നുകളുടെ വില്പന.—ഏതെങ്കിലും മരുന്നോ ഔഷധക്കൂട്ടോ, അതിന്റെ വീര്യം കുറയ്ക്കുകയോ പ്രവർത്തനത്തിൽ മാററം വരുത്തുകയോ അല്ലെങ്കിൽ അത് ഹാനികരമാക്കിത്തീർക്കുകയോ ചെയ്യുന്ന രീതിയിൽ മായം ചേർത്തതാണെന്ന് അറിഞ്ഞുകൊണ്ട്, മായം ചേർക്കാത്തത് എന്ന നിലയിൽ ഔഷധപരമായ ആവശ്യങ്ങൾക്കായി വില്ക്കുകയോ വില്പനയ്ക്കായി വയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ഏതെങ്കിലും ഡിസ്പെൻസറിയിൽനിന്ന് കൊടുക്കുകയോ അല്ലെങ്കിൽ ആ മായം ചേർക്കലിനെപ്പററി അറിയാത്ത ഏതെങ്കിലും ആൾ ഔഷധപരമായ ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

276. ഒരു മരുന്ന് വ്യത്യസ്തമായ ഒരു മരുന്നോ ഔഷധകൂട്ടോ ആയി വില്ക്കുന്നത്—ഏതെങ്കിലും മരുന്നോ ഔഷധക്കൂട്ടോ വ്യത്യസ്തമായ മരുന്നോ ഔഷധക്കൂട്ടോ എന്ന നിലയിൽ ഔഷധപരമായ ആവശ്യങ്ങൾക്കായി ബോധപൂർവ്വം വില്ക്കുകയോ വില്പനയ്ക്ക് വയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ഡിസ്പെൻസറിയിൽനിന്ന് കൊടുക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

277. പബ്ലിക്ക് ഉറവിലേയോ പബ്ലിക്ക് റിസർവായറിലേയോ ജലം മലിനമാക്കുന്നത്.—ഏതെങ്കിലും പബ്ലിക്ക് ഉറവിലേയോ പബ്ലിക്ക് റിസർവായറിലേയോ ജലം, അത് സാധാരണമായി ഉപയോഗിക്കുന്ന ആവശ്യത്തിനുള്ള അനുയോജ്യത കുറയത്തക്കവിധം സ്വേച്ഛയാ ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

278. അന്തരീക്ഷം ആരോഗ്യത്തിന് ഹാനികരമാക്കുന്നത്.—ഏതെങ്കിലും സ്ഥലത്തെ അന്തരീക്ഷം, അതിന്റെ അയൽപക്കത്ത് വസിക്കുകയോ പ്രവൃത്തി നടത്തുകയോ ഒരു പൊതു വഴിയിലൂടെ കടന്നുപോവുകയോ ചെയ്യുന്ന ആളുകൾക്ക് സാമാന്യമായി, ആരോഗ്യത്തിന് ഹാനികരമാക്കത്തക്കവിധം സ്വേച്ഛയാ കലുഷമാക്കുന്ന ഏതൊരാളും അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

279. പൊതുവഴിയിൽ സാഹസികമായി ഓടിക്കുകയോ സവാരി ചെയ്യുകയോ ചെയ്യുന്നത്.— മനുഷ്യജീവന് അപായം ഉളവാക്കത്തക്ക വിധമോ മറേറതെങ്കിലും ആരംക്ക് ദേഹോപദ്രവമോ ക്ഷതിയോ ഏല്പിക്കുവാനിടയുണ്ടാകത്തക്ക വിധമോ അത്ര സാഹസികമോ ഉപേക്ഷാപൂർവ്വകമോ ആയി ഏതെങ്കിലും പൊതുവഴിയിൽ ഏതെങ്കിലും വാഹനം ഓടിക്കുകയോ സവാരി ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

280. ജലയാനം സാഹസികമായി ഓടിക്കുന്നത്.—മനുഷ്യജീവന് അപായം ഉളവാക്കത്തക്കവിധമോ മറേറതെങ്കിലും ആരംക്ക് ദേഹോപദ്രവമോ ക്ഷതിയോ ഏല്പിക്കുവാനിടയുണ്ടാകത്തക്കവിധമോ അത് സാഹസികമോ ഉപേക്ഷാപൂർവ്വകമോ ആയി ഏതെങ്കിലും ജലയാനം ഓടിക്കുന്ന ഏതൊരാളും ആറു മാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

281. കപടമായ ദീപമോ ചിഹ്നമോ ബോയിയോ പ്രദർശിപ്പിക്കുന്നത്.—കപടമായ ഏതെങ്കിലും ദീപമോ ചിഹ്നമോ ബോയിയോ, അത് പ്രദർശിപ്പിക്കുന്നതുവഴി ഏതെങ്കിലും നാവികനെ വഴിതെററിക്കണമെന്നുദ്ദേശിച്ചുകൊണ്ടോ വഴിതെററിക്കാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ പ്രദർശിപ്പിക്കുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

282. സുരക്ഷിതമല്ലാത്തതോ അധിക ഭാരം കയററിയതോ ആയ ജലയാനത്തിൽ ആളെ ജലമാർഗ്ഗം കൂലിക്ക് കൊണ്ടുപോകുന്നത്.—ഏതെങ്കിലും ആളെ ഏതെങ്കിലും ജലയാനത്തിൽ, ആ ജലയാനം ആ ആളുടെ ജീവൻ അപകടത്തിലാക്കത്തക്ക നിലയിലുളളതോ അപകടത്തിലാക്കത്തക്കവണ്ണം അധികഭാരം കയററിയതോ ആയിരിക്കെ, ബോധപൂർവ്വമോ ഉപേക്ഷാപൂർവ്വമോ ജലമാർഗ്ഗം കൂലിക്ക് കൊണ്ടുപോവുകയോ കൊണ്ടുപോകുവാനിടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

283. പൊതു വഴിയിലോ ജലഗതാഗതമാർഗ്ഗത്തിലോ ഉളള അപായം അല്ലെങ്കിൽ തടസ്സം.—ഏതെങ്കിലും കൃത്യം ചെയ്യുകയോ തന്റെ കൈവശത്തിലോ സൂക്ഷിപ്പിലോ ഉളള വസ്തു സംബന്ധിച്ച് വേണ്ടതു ചെയ്യാതിരിക്കുകയോ ചെയ്യുന്നതുവഴി ഏതെങ്കിലും പൊതുവഴിയിലോ പബ്ലിക്ക് ജലഗതാഗതമാർഗ്ഗത്തിലോ ഏതെങ്കിലും ആരംക്ക് അപായമോ തടസ്സമോ ക്ഷതിയോ ഉളവാക്കുന്ന ഏതൊരാളും ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

284. വിഷപദാർത്ഥം സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.—മനുഷ്യജീവന് അപായമുളവാക്കത്തക്കവിധമോ ഏതെങ്കിലും ആരംക്ക് ക്ഷതിയോ ദേഹോപദ്രവമോ ഏല്പിക്കുവാൻ ഇടയുണ്ടാക്കത്തക്കവിധമോ അത്ര സാഹസികമോ ഉപേക്ഷാപൂർവ്വകമോ ആയി ഏതെങ്കിലും വിഷപദാർത്ഥം കൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ ; അല്ലെങ്കിൽ

തന്റെ കൈവശമുള്ള ഏതെങ്കിലും വിഷപദാർത്ഥം സംബന്ധിച്ച് അങ്ങനെയുള്ള വിഷപദാർത്ഥത്തിൽനിന്ന് മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായം ഒഴിവാക്കുവാൻ പര്യാപ്തമാകത്തക്കവിധം, ബോധപൂർവ്വമോ ഉപേക്ഷാപൂർവ്വമോ വേണ്ടതു ചെയ്യാതിരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

285. <u>തീയോ, തീ പിടിക്കുന്ന സാധനമോ സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.</u>—മനുഷ്യജീവന് അപായമുളവാക്കുകയോ മറേറതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഏല്പിക്കുകയോ ചെയ്യത്തക്കവിധം അത്ര സാഹസികമോ ഉപേക്ഷാപൂർവ്വകമോ ആയി, തീ കൊണ്ടോ, തീ പിടിക്കുന്ന സാധനംകൊണ്ടോ, ഏതെങ്കിലും കൃത്യം ചെയ്യുകയോ ; അല്ലെങ്കിൽ

തന്റെ കൈവശമുള്ള തീയിൽ നിന്നോ ഏതെങ്കിലും തീപിടിക്കുന്ന സാധനത്തിൽ നിന്നോ, മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായം ഒഴിവാക്കുവാൻ പര്യാപ്തമാകത്തക്കവിധം ബോധപൂർവ്വമോ ഉപേക്ഷാപൂർവ്വമോ അതു സംബന്ധിച്ച് വേണ്ടത് ചെയ്യാതിരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കു രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

286. <u>സ്ഫോടകപദാർത്ഥം സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.</u>—മനുഷ്യജീവന് അപായം ഉളവാക്കുകയോ മറേറതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഏല്പിക്കുകയോ ചെയ്യത്തക്കവിധം അത്ര സാഹസികമോ ഉപേക്ഷാപൂർവ്വകമോ ആയി ഏതെങ്കിലും സ്ഫോടക പദാർത്ഥംകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ ; അല്ലെങ്കിൽ

തന്റെ കൈവശമുള്ള ഏതെങ്കിലും സ്ഫോടകപദാർത്ഥത്തിൽ നിന്ന് മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായം ഒഴിവാക്കുവാൻ പര്യാപ്തമാകത്തക്കവിധം ബോധപൂർവ്വമോ ഉപേക്ഷാപൂർവ്വമോ അതു സംബന്ധിച്ച് വേണ്ടത് ചെയ്യാതിരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

287. <u>മെഷിനറി സംബന്ധിച്ച് ഉപേക്ഷാപൂർവ്വകമായ പെരുമാററം.</u>—മനുഷ്യജീവന് അപായം ഉളവാക്കുകയോ മറേറതെങ്കിലും ആൾക്ക് ദേഹോപദ്രവമോ ക്ഷതിയോ ഏല്പിക്കുകയോ ചെയ്യത്തക്കവിധം സാഹസികമോ ഉപേക്ഷാപൂർവ്വകമോ ആയി ഏതെങ്കിലും മെഷിനറികൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുകയോ ; അല്ലെങ്കിൽ,

തന്റെ കൈവശമുള്ളതോ തന്റെ മേൽനോട്ടത്തിലുള്ളതോ ആയ ഏതെങ്കിലും മെഷിനറിയിൽ നിന്ന് മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായം ഒഴിവാക്കുവാൻ പര്യാപ്തമാകത്തക്കവിധം ബോധപൂർവ്വമോ ഉപേക്ഷാപൂർവ്വമോ അതു സംബന്ധിച്ച് വേണ്ടതു ചെയ്യാതിരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

288. കെട്ടിടങ്ങൾ പൊളിക്കുകയോ കെട്ടിടങ്ങളുടെ കേടുപാടുകൾ തീർക്കുകയോ ചെയ്യുന്നതു സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.—ഏതെങ്കിലും കെട്ടിടം പൊളിക്കുകയോ അതിന്റെ കേടുപാടുകൾ തീർക്കുകയോ ചെയ്യുന്നതിൽ, ആ കെട്ടിടമോ അതിന്റെ ഏതെങ്കിലും ഭാഗമോ വീഴുന്നതുമൂലം മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായം ഒഴിവാക്കുവാൻ പര്യാപ്തമാകത്തക്കവിധം ബോധപൂർവ്വമോ ഉപേക്ഷാപൂർവ്വമോ ആ കെട്ടിടം സംബന്ധിച്ച് വേണ്ടതു ചെയ്യാതിരിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

289. മൃഗത്തെ സംബന്ധിച്ച ഉപേക്ഷാപൂർവ്വകമായ പെരുമാററം.—തന്റെ കൈവശമുള്ള ഏതെങ്കിലും മൃഗത്തിൽ നിന്ന് മനുഷ്യജീവന് സംഭവിച്ചേക്കാവുന്ന ഏതെങ്കിലും അപായമോ അങ്ങനെയുള്ള മൃഗത്തിൽ നിന്ന് സംഭവിച്ചേക്കാവുന്ന കഠിനമായ ദേഹോപദ്രവത്തിനുള്ള വല്ല സാദ്ധ്യതയോ ഒഴിവാക്കുവാൻ പര്യാപ്തമാകത്തക്കവിധം ബോധപൂർവ്വമോ ഉപേക്ഷാപൂർവ്വമോ ആ മൃഗത്തെ സംബന്ധിച്ച് വേണ്ടതു ചെയ്യാതിരിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

290. മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ പൊതുജനശല്യത്തിനുള്ള ശിക്ഷ.—ഈ നിയമസംഹിതപ്രകാരം മററു വിധത്തിൽ ശിക്ഷിക്കപ്പെടേണ്ടതല്ലാത്ത ഏതെങ്കിലും സംഗതിയിൽ പൊതുജനശല്യം ചെയ്യുന്ന ഏതൊരാളും ഇരുന്നൂറുരൂപയോളമാകാവുന്ന പിഴ ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

291. ശല്യം തുടരരുതെന്ന ഇഞ്ചങ്ഷനുശേഷവും തുടരുന്നത്.—ഒരു പൊതുജനശല്യം ആവർത്തിക്കരുതെന്നോ തുടരരുതെന്നോ അങ്ങനെ ഇഞ്ചങ്ഷൻ പുറപ്പെടുവിക്കുന്നതിന് നിയമാനുസൃതമായ പ്രാധികാരമുള്ള ഒരു പബ്ലിക്ക് സർവന്റിനാൽ ആജ്ഞാപിക്കപ്പെട്ടിരിക്കെ, അങ്ങനെയുള്ള ഒരു പൊതുജനശല്യം ആവർത്തിക്കുകയോ തുടരുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

292. അശ്ലീലമായ പുസ്തകങ്ങൾ മുതലായവയുടെ വില്പന മുതലായവ.—(1)(2)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് ഒരു പുസ്തകമോ ലഘുലേഖയോ പത്രമോ ലിഖിതമോ രേഖാചിത്രമോ വർണ്ണചിത്രമോ പ്രതിരൂപമോ രൂപമോ, അല്ലെങ്കിൽ മറേറതെങ്കിലും വസ്തുവോ, കാമോദ്ദീപകമോ ഭോഗാസക്തിപ്രചോദകമോ അല്ലെങ്കിൽ അതിന്റേയോ(അത് രണ്ടോ അതിലധികമോ വ്യത്യസ്തമായ ഇനങ്ങൾ ഉൾക്കൊള്ളുമ്പോൾ) അവയിൽ ഏതെങ്കിലും ഒരു ഇനത്തിന്റേയോ ഫലം സമഗ്രമായി എടുക്കുകയാണെങ്കിൽ, അതിൽ ഉൾക്കൊണ്ടിട്ടുള്ളതോ ആവിഷ്ക്കരിച്ചിട്ടുള്ളതോ ആയ കാര്യം, പ്രസക്തമായ എല്ലാ പരിതഃസ്ഥിതികളും കണക്കിലെടുക്കുമ്പോൾ, വായിക്കുകയോ കാണുകയോ കേൾക്കുകയോ ചെയ്യാൻ ഇടയുള്ള ആളുകളെ ദുർവൃത്തരാക്കുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്ന പ്രവണതയോടുകൂടിയതാണെങ്കിൽ, അശ്ലീലമായി കരുതപ്പെടുന്നതാകുന്നു.

(2) ഏതൊരാളാണോ—

(ക) അശ്ലീലമായ ഏതെങ്കിലും പുസ്തകമോ, ലഘുലേഖയോ, പത്രമോ, രേഖാചിത്രമോ, വർണ്ണചിത്രമോ, പ്രതിരൂപമോ, രൂപമോ അല്ലെങ്കിൽ മറേറതെങ്കിലും അശ്ലീല സാധനമോ, അത് എന്തുതന്നെയായാലും, വില്ക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ, അല്ലെങ്കിൽ വില്ക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ആവശ്യങ്ങൾക്ക് അവ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ കൈവശം വയ്ക്കുകയോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും അശ്ലീല സാധനം മുൻപറഞ്ഞ ആവശ്യങ്ങളിൽ ഏതിനെങ്കിലുംവേണ്ടിയോ അല്ലെങ്കിൽ അതു വില്ക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിതരണം ചെയ്യുകയോ പബ്ലിക്കായി പ്രദർശിപ്പിക്കുകയോ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ ചെയ്യപ്പെടുമെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, ഇറക്കുമതി ചെയ്യുകയോ കയററുമതി ചെയ്യുകയോ കൊണ്ടുപോവുകയോ ; അല്ലെങ്കിൽ

(ഗ) ഏതൊരു ബിസിനസ്സിൻെറ നടത്തിപ്പിനിടയ്ക്കാണോ അങ്ങനെയുള്ള ഏതെങ്കിലും അശ്ലീലസാധനങ്ങൾ മുൻപറഞ്ഞ ആവശ്യങ്ങളിൽ ഏതിനെങ്കിലുമായി നിർമ്മിക്കുകയോ, ഉൽപ്പാദിപ്പിക്കുകയോ, വിലയ്ക്ക് വാങ്ങുകയോ സൂക്ഷിക്കുകയോ, ഇറക്കുമതി ചെയ്യുകയോ, കയററുമതി ചെയ്യുകയോ, കൊണ്ടുപോകുകയോ, പബ്ലിക്കായി പ്രദർശിപ്പിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ പ്രചരിപ്പിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ളതാണെന്ന് തനിക്കറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ, ആയ ഏതെങ്കിലും ബിസിനസ്സിൽ പങ്കെടുക്കുകയോ അതിൽ നിന്ന് ലാഭം സ്വീകരിക്കുകയോ ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും ആൾ, ഈ വകുപ്പുപ്രകാരം കുററമായ ഏതെങ്കിലും കൃത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നോ, ഏർപ്പെടുവാൻ തയ്യാറാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അശ്ലീലസാധനം ഏതെങ്കിലും ആളിൽനിന്നോ ആൾവഴിയായോ നേടാവുന്നതാണെന്നോ ഏതെങ്കിലും മാർഗ്ഗത്തിലൂടെ പരസ്യംചെയ്യുകയോ അറിയിക്കുകയോ ; അല്ലെങ്കിൽ

(ങ) ഈ വകുപ്പുപ്രകാരം കുററമായ ഏതെങ്കിലും കൃത്യം ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ശ്രമിക്കുകയോ,

ചെയ്യുന്നത്; അയാൾ ആദ്യത്തെ കുററസ്ഥാപനത്തിൽ രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും, രണ്ടാമത്തേതോ അതിനുശേഷമോ ഉള്ള കുററസ്ഥാപനത്തിൻെറ സംഗതിയിൽ അഞ്ചുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയും അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

അപവാദം.—ഈ വകുപ്പ്—

(ക) (1) ഏതു പുസ്തകത്തിൻേറയോ ലഘുലേഖയുടേയോ പത്രത്തിൻേറയോ ലിഖിതത്തിൻേറയോ രേഖാചിത്രത്തിൻേറയോ വർണ്ണചിത്രത്തിൻേറയോ പ്രതിരൂപത്തിൻേറയോ രൂപത്തിൻേറയോ പ്രസിദ്ധീകരണമാണോ ആ പുസ്തകമോ ലഘുലേഖയോ പത്രമോ ലിഖിതമോ രേഖാചിത്രമോ വർണ്ണചിത്രമോ പ്രതിരൂപമോ രൂപമോ ശാസ്ത്രത്തിൻേറയോ സാഹിത്യത്തിൻേറയോ കലയുടേയോ പഠിപ്പിൻേറയോ അല്ലെങ്കിൽ സാമാന്യപ്രതിപത്തിയുള്ള മററു

വിഷയങ്ങളുടേയോ താൽപര്യത്തിന് ഉതകുന്നതാണെന്നുള്ളത് കാരണമാക്കി പൊതുജന നൻമയ്ക്കെന്ന നിലയ്ക്ക് ന്യായീകരിക്കപ്പെട്ടതാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ളതോ, അല്ലെങ്കിൽ

(2) മതപരമായ ആവശ്യങ്ങൾക്കായി സൂക്ഷിക്കുകയോ ഉത്തമവിശ്വാസപൂർവ്വം ഉപയോഗിക്കുകയോ ചെയ്യുന്നതോ,

ആയ ഏതെങ്കിലും പുസ്തകത്തിലേക്കോ ലഘുലേഖയിലേയ്ക്കോ പത്രത്തിലേക്കോ ലിഖിതത്തിലേക്കോ രേഖാചിത്രത്തിലേക്കോ വർണ്ണചിത്രത്തിലേക്കോ പ്രതിരൂപത്തിലേക്കോ രൂപത്തിലേക്കോ,

(ഖ) (1) പ്രാചീന സ്മാരകപുരാവസ്തുസ്ഥാന അവശിഷ്ട ആക്ററ്, 1958-ന്റെ അർത്ഥത്തിൽപ്പെടുന്ന ഏതെങ്കിലും പ്രാചീന സ്മാരകത്തിൻമേലോ അതിനുള്ളിലോ, അല്ലെങ്കിൽ

(2) ഏതെങ്കിലും ക്ഷേത്രത്തിൻമേലോ അതിനുള്ളിലോ അല്ലെങ്കിൽ വിഗ്രഹങ്ങൾ എഴുന്നള്ളിക്കുന്നതിന് ഉപയോഗിക്കുന്നതോ ഏതെങ്കിലും മതപരമായ ആവശ്യത്തിനായി സൂക്ഷിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും രഥത്തിൻമേലോ,

തക്ഷണം ചെയ്തിട്ടുള്ളതോ കൊത്തിയിട്ടുള്ളതോ, ചായത്തിലെഴുതിയിട്ടുള്ളതോ അല്ലെങ്കിൽ മററുവിധത്തിൽ രൂപിതമോ ആയ ഏതെങ്കിലും പ്രതിരൂപത്തിലേക്കോ,
വ്യാപിക്കുന്നതല്ല.

293. <u>ചെറുപ്രായത്തിലുള്ള ആളുകൾക്ക് അശ്ലീല സാധനങ്ങൾ വില്ക്കുന്നതും മററും.</u>— തൊട്ടുമുമ്പുള്ള വകുപ്പിൽ പരാമർശിക്കപ്പെട്ട പ്രകാരമുള്ള ഏതെങ്കിലും അശ്ലീലസാധനം ഇരുപതു വയസ്സിനു താഴെ പ്രായമുള്ള ഏതെങ്കിലും ആൾക്ക് വില്ക്കുകയോ വാടകയ്ക്കു കൊടുക്കുകയോ വിതരണം ചെയ്യുകയോ പ്രദർശിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആദ്യത്തെ കുററസ്ഥാപനത്തിൽ മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും, രണ്ടാമതോ അതിനുശേഷമുള്ളതോ ആയ കുററസ്ഥാപനത്തിന്റെ സംഗതിയിൽ ഏഴുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയും കൂടി നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

294. <u>അശ്ലീലമായ കൃത്യങ്ങളും പാട്ടുകളും.</u>—മററുള്ളവർക്ക് അലട്ടുളവാക്കുന്നവിധത്തിൽ—

(ക) ഏതെങ്കിലും പൊതു സ്ഥലത്തുവച്ച് ഏതെങ്കിലും അശ്ലീലകൃത്യം ചെയ്യുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും പൊതുസ്ഥലത്തോ അതിനടുത്തോ വച്ച് ഏതെങ്കിലും അശ്ലീലമായ പാട്ടോ,ബാല്ലഡോ, വാക്കുകളോ, പാടുകയോ ചൊല്ലുകയോ ഉച്ചരിക്കുകയോ, ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

294ക. <u>ഭാഗ്യക്കുറി ആഫീസ് നടത്തുന്നത്.</u>—ഒരു സ്റേററ് ഭാഗ്യക്കുറിയോ സ്റേററ് ഗവൺമെൻറ് അധികൃതമാക്കിയിട്ടുള്ള ഭാഗ്യക്കുറിയോ അല്ലാതെയുള്ള ഏതെങ്കിലും ഭാഗ്യക്കുറിയുടെ നറുക്കെടുപ്പിന് ഏതെങ്കിലും

ആഫീസോ സ്ഥലമോ വച്ചുകൊണ്ടിരിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കിശിക്ഷിക്കപ്പെടുന്നതാകുന്നു.

കൂടാതെ, അങ്ങനെയുള്ള ഏതെങ്കിലും ഭാഗ്യക്കുറിയിൽ ഏതെങ്കിലും ടിക്കറ്റോ, നറുക്കോ നമ്പരോ രൂപമോ എടുക്കുന്നതുമായി ബന്ധപ്പെടുന്നതോ അതിന് ബാധകമാകുന്നതോ ആയ ഏതെങ്കിലും സംഭവമോ, അനിശ്ചിത സംഭവമോ ഉണ്ടാകുമ്പോൾ ഏതെങ്കിലും സംഖ്യ കൊടുക്കുന്നതിനോ ഏതെങ്കിലും സാമാനങ്ങൾ നല്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ ഗുണത്തിനു വേണ്ടി ഏതെങ്കിലും ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ ഉള്ള ഏതെങ്കിലും നിർദ്ദേശം പ്രസിദ്ധീകരിക്കുന്ന ഏതൊരാളും ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XV

## മതം സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

295. ഏതെങ്കിലും വർഗ്ഗത്തിൻെറ മതത്തെ അപമാനിക്കണമെന്ന ഉദ്ദേശത്തോടുകൂടി ആരാധന സ്ഥലത്തിന് ക്ഷതി ഉളവാക്കുകയോ അത് അശുദ്ധമാക്കുകയോ ചെയ്യുന്നത്.—ആളുകളുടെ ഏതെങ്കിലും വർഗ്ഗം പവിത്രമായി കരുതുന്ന ഏതെങ്കിലും ആരാധനാസ്ഥലമോ സാധനമോ നശിപ്പിക്കുകയോ കേടുവരുത്തുകയോ അശുദ്ധമാക്കുകയോ ചെയ്യുന്നതുമൂലം ആളുകളിൽ ഏതെങ്കിലും വർഗ്ഗത്തിൻെറ മതത്തെ അപമാനിക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെ നശിപ്പിക്കുകയോ കേടുവരുത്തുകയോ അശുദ്ധമാക്കുകയോ ചെയ്യുന്നത് തങ്ങളുടെ മതത്തെ അപമാനിക്കലാണെന്ന് ആളുകളുടെ ഏതെങ്കിലും വർഗ്ഗം കരുതുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ, അങ്ങനെ നശിപ്പിക്കുകയോ കേടുവരുത്തുകയോ അശുദ്ധമാക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

295 ക. ഏതെങ്കിലും വർഗ്ഗത്തിൻെറ മതത്തേയോ മതപരമായ വിശ്വാസങ്ങളേയോ അപമാനിക്കുന്നതുവഴി അതിൻെറ മതപരമായ വികാരങ്ങളെ ധ്വംസിക്കണമെന്നുദ്ദേശിച്ചുകൊണ്ടുള്ള സുചിന്തിതവും ദുഷ്ടവുമായ കൃത്യങ്ങൾ.—ഇൻഡ്യയിലെ പൗരൻമാരിൽ ഏതെങ്കിലും വർഗ്ഗത്തിൻെറ മതപരമായ വികാരങ്ങൾ ധ്വംസിക്കണമെന്ന സുചിന്തിതവും ദുഷ്ടവുമായ ഉദ്ദേശത്തോടുകൂടി, പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപങ്ങളാലോ മററു പ്രകാരത്തിലോ ആ വർഗ്ഗത്തിൻെറ മതത്തേയോ മതപരമായ വിശ്വാസങ്ങളേയോ അപമാനിക്കുകയോ അപമാനിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

296. മതപരമായ യോഗത്തിൽ കലക്കം ഉണ്ടാക്കുന്നത്.—മതപരമായ ആരാധനയുടേയോ മതപരമായ അടിയന്തരങ്ങളുടേയോ നടത്തിപ്പിൽ നിയമാനുസൃതം ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും യോഗത്തിൽ സ്വേച്ഛയാ കലക്കം ഉണ്ടാക്കുന്ന

ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

297. ശവം അടക്കുന്ന സ്ഥലങ്ങൾ മുതലായവ കൈയേറുന്നത്.—ഏതെങ്കിലും ആളുടെ വികാരങ്ങൾ വ്രണപ്പെടുത്തണമെന്നോ ഏതെങ്കിലും ആളുടെ മതത്തെ അപമാനിക്കണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി, ഏതെങ്കിലും ആരാധനാസ്ഥലത്തോ ശവം അടക്കുന്ന സ്ഥലത്തോ ശവസംസ്ക്കാരത്തിന്റെ ചടങ്ങുകൾ നിർവ്വഹിക്കുന്നതിനോ മരിച്ചവരുടെ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനോ വേണ്ടി നീക്കിവച്ചിരിക്കുന്ന ഏതെങ്കിലും സ്ഥലത്തോ കൈയേററം നടത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യന്റെ ശവത്തെ ഏതെങ്കിലും വിധത്തിൽ അവഹേളിക്കുകയോ അല്ലെങ്കിൽ ശവസംസ്ക്കാരം സംബന്ധിച്ച അടിയന്തരങ്ങൾ നടത്തുന്നതിനു വേണ്ടി സമ്മേളിച്ചിരിക്കുന്ന ഏതെങ്കിലും ആളുകൾക്ക് അലോസരം ഉണ്ടാക്കുകയോ ചെയ്യുന്നതു മൂലം ഏതെങ്കിലും ആളുടെ വികാരങ്ങൾ വ്രണപ്പെടുവാൻ ഇടയുണ്ടെന്നോ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മതം അപമാനിക്കപ്പെടുവാൻ ഇടയുണ്ടെന്നോ ഉള്ള അറിവോടുകൂടി, അങ്ങനെ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

298. മതപരമായ വികാരങ്ങളെ വ്രണപ്പെടുത്തണമെന്ന സുചിന്തിതമായ ഉദ്ദേശത്തോടുകൂടി വാക്കുകൾ ഉച്ചരിക്കുകയും മററും ചെയ്യുന്നത്.—ഏതെങ്കിലും ആളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തണമെന്ന സുചിന്തിതമായ ഉദ്ദേശത്തോടുകൂടി അയാൾ കേൾക്കെ ഏതെങ്കിലും വാക്ക് ഉച്ചരിക്കുകയോ ശബ്ദമുണ്ടാക്കുകയോ അല്ലെങ്കിൽ അയാൾ കാൺകെ ഏതെങ്കിലും ആംഗ്യം കാണിക്കുകയോ, അയാൾ കാൺകെ ഏതെങ്കിലും സാധനം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XVI

# മനുഷ്യ ശരീരത്തെ ബാധിക്കുന്ന കുററങ്ങളെക്കുറിച്ച്

### ജീവനെ ബാധിക്കുന്ന കുററങ്ങളെക്കുറിച്ച്

299. കുററകരമായ നരഹത്യ.—ഒരു കൃത്യം, മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ, ഏങ്ങനെയുള്ള ശാരീരികമായ ക്ഷതിയാണോ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളത്, അങ്ങനെയുള്ള ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള കൃത്യത്താൽ താൻ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടിയോ, ചെയ്യുന്നതുവഴി മരണം സംഭവിപ്പിക്കുന്ന ഏതൊരാളും കുററകരമായ നരഹത്യ എന്ന കുററം ചെയ്യുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) ക ഒരു കുഴിയുടെ മുകളിൽ വടികളും പുൽക്കട്ടയും നിരത്തുന്നതു വഴി മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ അതുവഴി മരണം സംഭവിക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടിയോ അങ്ങനെ ചെയ്യുന്നു. യ നിലം ഉറച്ചതാണെന്ന് വിശ്വസിച്ചുകൊണ്ട് അതിൻമേൽ ചവിട്ടുകയും കുഴിയിൽ വീഴുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ക കുററകരമായ നരഹത്യ എന്ന കുററം ചെയ്തിരിക്കുന്നു.

(ഖ) യ ഒരു കുററിക്കാടിൻെറ പിന്നിലാണെന്ന് ക യ്ക്ക് അറിയാം. ഖ യ്ക്ക് അത് അറിയുവാൻ പാടില്ല. ക യ യുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ കുററിക്കാടിൻെറ നേരെ വെടിവയ്ക്കുവാൻ, ഖ യെ പ്രചോദിപ്പിക്കുന്നു. ഖ വെടിവയ്ക്കുകയും യ യെ കൊല്ലുകയും ചെയ്യുന്നു. ഇവിടെ ഖ ഒരു കുററത്തിനും അപരാധിയല്ലാതിരിക്കാം. എന്നാൽ ക കുററകരമായ നരഹത്യ എന്ന കുററം ചെയ്തിരിക്കുന്നു.

(ഗ) ക ഒരു കോഴിയെ കൊല്ലുകയും അപഹരിക്കുകയും ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടെ അതിൻെറ നേരെ വെടിവയ്ക്കുന്നതുവഴി ഒരു കുററിക്കാടിൻെറ പിന്നിലുള്ള ഖ യെ അയാൾ അവിടെ ഉണ്ടായിരുന്നു എന്നറിയാതെ കൊല്ലുന്നു. ഇവിടെ ക നിയമവിരുദ്ധമായ ഒരു കൃത്യം ചെയ്യുകയായിരുന്നുവെങ്കിലും, ഖ യെ കൊല്ലണമെന്നോ അല്ലെങ്കിൽ മരണം സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് തനിക്ക് അറിയാമായിരുന്ന ഒരു കൃത്യം ചെയ്ത് മരണം സംഭവിപ്പിക്കണമെന്നോ ഉദ്ദേശിക്കാതിരുന്നതുകൊണ്ട്, അയാൾ കുററകരമായ നരഹത്യ എന്ന കുററത്തിന് അപരാധിയായിരുന്നില്ല.

വിശദീകരണം 1.—അസ്വാസ്ഥ്യത്താലോ രോഗത്താലോശാരീരിക ദൗർബല്യത്താലോ പീഡിതനായ മറെറാരാൾക്ക് ശാരീരികമായ ക്ഷതി ഉളവാക്കുകയും, അതുവഴി അയാളുടെ മരണം ത്വരിതപ്പെടുത്തുകയും ചെയ്യുന്ന ആൾ ആ ആളുടെ മരണം സംഭവിപ്പിച്ചതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം 2.—ശാരീരികമായ ക്ഷതിയാൽ മരണം സംഭവിപ്പിക്കുമ്പോൾ, ഉചിതമായ പ്രതിവിധികളും നിപുണമായ ചികിൽസയും അവലംബിച്ച് ആ മരണം തടയാമായിരുന്നുവെങ്കിലും, അങ്ങനെയുള്ള ശാരീരികമായക്ഷതി ഉളവാക്കുന്ന ആൾ മരണം സംഭവിപ്പിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം 3.—മാതാവിൻെറ ഗർഭപാത്രത്തിലുള്ള ഒരു ശിശുവിൻെറ മരണം സംഭവിപ്പിക്കുന്നത് നരഹത്യ അല്ല. എന്നാൽ ജീവനുള്ള ഒരു ശിശുവിൻെറ മരണം സംഭവിപ്പിക്കുന്നത് ആ ശിശുവിൻെറ ഏതെങ്കിലും ഭാഗം പിറന്നിട്ടുള്ള പക്ഷം, ആശിശു ശ്വാസോച്ഛ്വാസം ചെയ്യുകയോ പൂർണ്ണമായിപിറക്കുകയോ ചെയ്തിട്ടില്ലെങ്കിലും കുററകരമായ നരഹത്യയായിത്തീരാവുന്നതാണ്.

300. കൊലപാതകം.—ഇതിൽ ഇതിനു കീഴിൽ അപവാദമായി പറഞ്ഞിട്ടുള്ള സംഗതികളിൽ ഒഴികെ, മരണം സംഭവിപ്പിച്ച കൃത്യം, മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്തതാണെങ്കിലോ; അല്ലെങ്കിൽ—

രണ്ടാമത്.—ഏങ്ങനെയുള്ള ശാരീരികമായ ക്ഷതിയാണോ അത് ഉപദ്രവം ഏല്പിക്കപ്പെട്ട ആളുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്ന് കുററക്കാരൻ അറിയുന്നത്, അങ്ങനെയുള്ള ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്യപ്പെട്ടതാണെങ്കിലോ; അല്ലെങ്കിൽ—

മൂന്നാമത്.—അത് ഏതെങ്കിലും ആൾക്ക് ശാരീരികമായ ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്തതും ഏല്പിക്കണമെന്ന് ഉദ്ദേശിച്ച ശാരീരികമായ ക്ഷതി പ്രകൃതിയുടെ സാധാരണഗതിയിൽ മരണം സംഭവിപ്പിക്കുവാൻ മതിയായിട്ടുള്ളതും ആണെങ്കിലോ; അല്ലെങ്കിൽ

നാലാമത്.—കൃത്യം ചെയ്യുന്ന ആൾ, അത് മരണം സംഭവിപ്പിക്കുകയോ അല്ലെങ്കിൽ ഏങ്ങനെയുള്ള ശാരീരികമായ ക്ഷതിയാണോ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളത്, അങ്ങനെയുള്ള ക്ഷതി ഉളവാക്കുക തന്നെ ചെയ്യും എന്നത് ഏററവും സംഭാവ്യമാകത്തക്കവിധം അത്രത്തോളം ആസന്നമായ അപായം ഉണ്ടാക്കുന്നതാണ് എന്ന് അറിയുകയും, മരണം സംഭവിപ്പിക്കുകയോ മേല്പറഞ്ഞ പ്രകാരമുള്ള ക്ഷതി ഉളവാക്കുകയോ ചെയ്യുക എന്ന അപായ സാദ്ധ്യത നേരിടുവാനുള്ള യാതൊരു ന്യായീകരണവും കൂടാതെ അങ്ങനെയുള്ള കൃത്യം ചെയ്യുകയും, ചെയ്യുന്നതാണെങ്കിലോ, കുററകരമായ നരഹത്യ കൊലപാതകമാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) ക, യ യെ കൊല്ലണമെന്ന ഉദ്ദേശത്തോടുകൂടെ അയാളെ വെടിവയ്ക്കുന്നു. തത്ഫലമായി യ മരിക്കുന്നു. ക കൊലപാതകം ചെയ്യുന്നു.

(ഖ) ക, ഒരു അടി, യ യുടെ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാകാനിടയാകാവുന്ന ഒരു രോഗത്താൽ അയാൾ പീഡിതനാണെന്ന് അറിഞ്ഞുകൊണ്ട്, ശാരീരികമായ ക്ഷതി ഉളവാക്കണമെന്ന ഉദ്ദേശത്തോടുകൂടി അയാളെ അടിക്കുന്നു. ആ അടിയുടെ അനന്തരഫലമായി യ മരിക്കുന്നു. നല്ല ആരോഗ്യാവസ്ഥയിലുള്ള ഒരാളുടെ മരണം സംഭവിപ്പിക്കുവാൻ പ്രകൃതിയുടെ സാധാരണഗതിയിൽ ആ അടി മതിയാകുമായിരുന്നില്ലെങ്കിലും ക കൊലപാതകത്തിന് അപരാധിയാകുന്നു. എന്നാൽ യ ഏതെങ്കിലും രോഗത്താൽ പീഡിതനാണെന്ന് അറിയാതെ, ക പ്രകൃതിയുടെ സാധാരണഗതിയിൽ നല്ല ആരോഗ്യാവസ്ഥയിലുള്ള ഒരാളുടെ മരണം സംഭവിപ്പിക്കാത്തവിധത്തിലുള്ള ഒരു അടി അയാൾക്ക് കൊടുക്കുന്നുവെങ്കിൽ, ഇവിടെ ശാരീരികമായ ക്ഷതി ഉളവാക്കണമെന്ന് ക യ്ക്ക് ഉദ്ദേശമുണ്ടാകാമെങ്കിലും മരണം സംഭവിപ്പിക്കുകയോ അല്ലെങ്കിൽ ഏങ്ങനെയുള്ള ശാരീരികമായ ക്ഷതിയാണോ പ്രകൃതിയുടെ സാധാരണ ഗതിയിൽ മരണം സംഭവിപ്പിക്കുന്നത്, അങ്ങനെയുള്ള ശാരീരികമായ ക്ഷതി ഉളവാക്കുകയോ ചെയ്യുവാൻ ക ഉദ്ദേശിച്ചിരുന്നില്ലെങ്കിൽ, അയാൾ കൊലപാതകത്തിന് അപരാധിയല്ല.

(ഗ) ക പ്രകൃതിയുടെ സാധാരണഗതിയിൽ ഒരു മനുഷ്യന്റെ മരണം സംഭവിപ്പിക്കുവാൻ മതിയായ, ഖഡ്ഗക്ഷതമോ ഗദാക്ഷതമോ മനഃപൂർവം യ യ്ക്ക് ഏല്പിക്കുന്നു. തത്ഫലമായി യ മരിക്കുന്നു ഇവിടെ ക യ യുടെ മരണം സംഭവിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാതിരിക്കാമെങ്കിലും അയാൾ കൊലപാതകത്തിന് അപരാധിയാകുന്നു.

(ഘ) ക ആളുകളുടെ ഒരു കൂട്ടത്തിലേക്ക് യാതൊരു ന്യായീകരണവും കൂടാതെ ഒരു നിറച്ച പീരങ്കി ഒഴിക്കുകയും അവരിൽ ഒരാളെ കൊല്ലുകയും ചെയ്യുന്നു. ക യ്ക്ക് ഏതെങ്കിലും പ്രത്യേക വ്യക്തിയെ കൊല്ലുവാൻ കാലേകൂട്ടി ആലോചിച്ചുണ്ടാക്കിയ ഒരു പദ്ധതി ഇല്ലാതിരുന്നിരിക്കാമെങ്കിലും ക കൊലപാതകത്തിന് അപരാധിയാകുന്നു.

കുററകരമായ നരഹത്യ എപ്പോൾ കൊലപാതകമല്ലെന്ന്.—അപവാദം 1.—കുററക്കാരൻ, ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്താൽ ആത്മനിയന്ത്രണശക്തി ഇല്ലാതാക്കപ്പെട്ടിരിക്കെ ആ പ്രകോപനം നല്കിയ ആളുടെ മരണം സംഭവിപ്പിക്കുകയോ, അല്ലെങ്കിൽ തെററുമൂലമോ യാദൃച്ഛികമായോ മറെറാരാളുടെ മരണം സംഭവിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കുററകരമായ നരഹത്യ കൊലപാതകമല്ല.

മേല്പറഞ്ഞ അപവാദം താഴെപ്പറയുന്ന പരിമിതി വ്യവസ്ഥകൾക്ക് വിധേയമാകുന്നു:—

ഒന്നാമത്.—ആ പ്രകോപനം, ഏതെങ്കിലും ആളെ കൊല്ലുന്നതിന്നോ അയാൾക്ക് ഹാനി ഉളവാക്കുന്നതിന്നോ ഉള്ള ന്യായീകരണമായി കുററക്കാരൻ വിളിച്ചുവരുത്തിയതോ സ്വേച്ഛയാ പ്രകോപിപ്പിച്ചുണ്ടാക്കിയതോ ആയിരിക്കരുത്.

രണ്ടാമത്.—ആ പ്രകോപനം, നിയമം അനുസരിക്കുന്നതിൽ ചെയ്തിട്ടുള്ള എന്തിനാലെങ്കിലും ഉണ്ടാക്കപ്പെട്ടതോ അല്ലെങ്കിൽ ഒരു പബ്ലിക്ക് സർവൻറിനാൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ അധികാരങ്ങൾ നിയമാനുസൃതം പ്രയോഗിക്കുമ്പോൾ ഉണ്ടാക്കപ്പെട്ടതോ ആയിരിക്കരുത്.

മൂന്നാമത്.—ആ പ്രകോപനം സ്വരക്ഷാവകാശത്തിൻെറ നിയമാനുസൃതമായ പ്രയോഗത്തിൽ ചെയ്യുന്ന യാതൊന്നിനാലും ഉണ്ടാക്കിയതായിരിക്കരുത്.

വിശദീകരണം.—ആ പ്രകോപനം, കുററം കൊലപാതകമാക്കുന്നത് തടയുവാൻ മതിയായവിധം ഗുരുവായതും പെട്ടെന്നുണ്ടായതും ആയിരുന്നുവോ എന്നുള്ളത് ഒരു വസ്തുതാ പ്രശ്നമാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) യ ഉണ്ടാക്കിയ പ്രകോപനത്താൽ ഉദ്ദീപ്തമായ ക്ഷോഭത്തിന് വശഗനായി ക ഉദ്ദേശപൂർവ്വം യ യുടെ കുട്ടിയായ മ യെ കൊല്ലുന്നു. ഇത്, പ്രകോപനം കുട്ടി നല്കിയതല്ലാത്തതിനാലും കുട്ടിയുടെ മരണം പ്രകോപനത്തിൻെറ ഫലമായ ഒരു കൃത്യം ചെയ്യുന്നതിൽ യാദൃച്ഛികമായോ ദൗർഭാഗ്യത്താലോ സംഭവിച്ചതല്ലാത്തതിനാലും, കൊലപാതകമാകുന്നു.

(ഖ) മ ക യ്ക്ക് ഗുരുവായതും പെട്ടെന്നുള്ളതുമായ പ്രകോപനം നല്കുന്നു. ഈ പ്രകോപനം മൂലം ക മ യുടെ അടുത്തുള്ളവനും എന്നാൽ ദൃഷ്ടിയിൽപ്പെടാത്തവനുമായ യ യെ കൊല്ലണമെന്ന് ഉദ്ദേശിക്കുകയോ കൊല്ലാനിടയുണ്ടെന്ന് അറിയുകയോ ചെയ്യാതെ ഒരു കൈത്തോക്കുകൊണ്ട് മ യുടെ നേരെ വെടിവയ്ക്കുന്നു. ക യ യെ കൊല്ലുന്നു. ഇവിടെ ക കൊലപാതകം ചെയ്തിട്ടില്ല. കുററകരമായ നരഹത്യ മാത്രമേ ചെയ്തിട്ടുള്ളു.

(ഗ) ഒരു ബെയ്ലിയായ യ നിയമാനുസൃതം ക യെ അറസ്ററ് ചെയ്യുന്നു. അറസ്ററ് ക യിൽ ഉൽക്കടവും പെട്ടെന്നുള്ളതുമായ ക്ഷോഭം

ഉദ്ദീപിപ്പിക്കുകയും അയാം യ യെ കൊല്ലുകയും ചെയ്യുന്നു. ആ പ്രകോപനം ഒരു പബ്ലിക്സർവൻറ് തൻെറ അധികാരം പ്രയോഗിക്കുന്നതിനിടയിൽ ചെയ്ത ഒരു സംഗതിയാൽ ഉണ്ടാക്കപ്പെട്ടതാകയാൽ ഇത് കൊലപാതകമാകുന്നു.

(ഘ) ക മജിസ്ട്രേററായ യ യുടെ മുമ്പാകെ സാക്ഷിയായി ഹാജരാകുന്നു. ക യുടെ മൊഴിയിലെ ഒരു വാക്കും താൻ വിശ്വസിക്കുന്നില്ലെന്നും കള്ള സാക്ഷി പറഞ്ഞതാണെന്നും യ പറയുന്നു. ഈ വാക്കുകളാൽ ക പെട്ടന്നുള്ള ക്ഷോഭത്തിന് അധീനനാവുകയും യ യെ കൊല്ലുകയും ചെയ്യുന്നു. ഇത് കൊലപാതകമാകുന്നു,

(ങ) ക യ യുടെ മൂക്ക് പിടിച്ചുവലിക്കുവാൻ ശ്രമിക്കുന്നു. അങ്ങനെ ചെയ്യുന്നതിൽനിന്ന് ക യെ തടയുവാൻ യ സ്വരക്ഷാവകാശം പ്രയോഗിച്ചുകൊണ്ട് ക യെ കടന്നുപിടിക്കുന്നു. തത്ഫലമായി ക പെട്ടെന്നുള്ളതും ഉൽക്കടവുമായ ക്ഷോഭത്തിന് അധീനനാവുകയും യ യെ കൊല്ലുകയും ചെയ്യുന്നു. ആ പ്രകോപനം സ്വരക്ഷാവകാശം പ്രയോഗിക്കുന്നതിനിടയിൽ ചെയ്ത ഒരു സംഗതിയാൽ ഉണ്ടാക്കപ്പെട്ടതാവുകയാൽ ഇത് കൊലപാതകമാകുന്നു.

(ച) യ ഖ യെ അടിക്കുന്നു. ഈ പ്രകോപനം ഖ യിൽ ഉൽക്കടമായ ക്രോധം ഉദ്ദീപിപ്പിക്കുന്നു. കണ്ടുനില്ക്കുന്ന ഒരാളായ ക ഖ യുടെ ക്രോധം പ്രയോജനപ്പെടുത്തണമെന്നും അയാളെക്കൊണ്ട് യ യെ കൊല്ലിക്കണമെന്നും ഉദ്ദേശിച്ചുകൊണ്ട് ഒരു കത്തി ആ ആവശ്യത്തിനായി ഖ യുടെ കൈയിൽ കൊടുക്കുന്നു. ഖ കത്തികൊണ്ട് യ യെ കൊല്ലുന്നു. ഇവിടെ ഖ കുററകരമായ നരഹത്യ മാത്രമേ ചെയ്തിട്ടുണ്ടാവുകയുള്ളു, എന്നാൽ ക കൊലപാതകത്തിന് അപരാധിയാകുന്നു.

അപവാദം 2.—ശരീരത്തേയോ വസ്തുവേയോ കുറിച്ചുള്ള സ്വരക്ഷാവകാശത്തിൻെറ ഉത്തമവിശ്വാസപൂർവ്വകമായ പ്രയോഗത്തിൽ കുററക്കാരൻ നിയമം അയാംക്ക് നല്കിയിട്ടുള്ള അധികാരത്തെ അതിലംഘിക്കുകയും അങ്ങനെയുള്ള സ്വരക്ഷാവകാശം ആർക്കെതിരായിട്ടാണോ പ്രയോഗിക്കുന്നത് അയാളുടെ മരണം മുൻകൂട്ടി ആലോചിക്കാതേയും അങ്ങനെയുള്ള സ്വരക്ഷയ്ക്ക് ആവശ്യകമായതിൽ കൂടുതലായ ഹാനി ഉളവാക്കുവാനുള്ള യാതൊരു ഉദ്ദേശവുംകൂടാതേയും സംഭവിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, കുററകരമായ നരഹത്യ കൊലപാതകമല്ല.

### ദൃഷ്ടാന്തം

ക യ്ക്ക് കഠിനമായ ദേഹോപദ്രവം ഏല്പിക്കത്തക്ക രീതിയിലല്ലാതെ യ ക യെ കുതിരച്ചമ്മട്ടികൊണ്ട് അടിക്കുവാൻ ശ്രമിക്കുന്നു. ക കൈത്തോക്ക് വലിച്ചെടുക്കുന്നു. എന്നിട്ടും യ അയാളെ കൈയേററം ചെയ്യുന്നത് തുടരുന്നു. ക, തന്നെ കുതിരച്ചമ്മട്ടികൊണ്ട് അടിക്കുന്നത് മററൊരു മാർഗ്ഗത്തിലൂടെയും തടയുവാൻ കഴിയുകയില്ലെന്ന് ഉത്തമവിശ്വാസപൂർവ്വം വിശ്വസിച്ചുകൊണ്ട് ക യ യെ വെടിവച്ചു കൊല്ലുന്നു. ക കൊലപാതകം ചെയ്തിട്ടില്ല; എന്നാൽ കുററകരമായ നരഹത്യ മാത്രമേ ചെയ്തിട്ടുള്ളു.

അപവാദം 3.—കുററക്കാരൻ, പബ്ലിക് സർവൻറ പൊതു നീതി പുലർത്തുവാനായി പ്രവർത്തിക്കുന്ന ഒരു പബ്ലിക്സർവൻറിനെ സഹായിക്കുന്ന വനോ ആയിരിക്കെ നിയമം അയാറംക്ക് നല്കിയിട്ടുള്ള അധികാരത്തെ അതിലംഘിക്കുകയും നിയമാനുസൃതവും അങ്ങനെയുള്ള പബ്ലിക്സർവൻറ് എന്ന നിലയിൽ തന്റെ കർത്തവ്യം യഥാവിധി നിർവ്വഹിക്കുന്നതിന് ആവശ്യ കവുമാണെന്ന് താൻ ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കുന്ന ഒരു കൃത്യം ചെയ്യുന്നതു വഴിയും ആരുടെ മരണമാണോ സംഭവിപ്പിച്ചത് അയാളോട് വിദ്വേഷം കൂടാതെയും മരണം സംഭവിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ കുററകരമായ നരഹത്യ കൊലപാതകമല്ല.

അപവാദം4.—കുററകരമായ നരഹത്യ പെട്ടെന്നുണ്ടായ ഒരു വഴക്കി നെത്തുടർന്ന് തീവ്രമായ ക്ഷോഭാവേശത്താൽ പെട്ടെന്നുണ്ടായി അടിപിടിയിൽ മുൻകൂട്ടി ആലോചിക്കാതെയും കുററക്കാരൻ അനുചിതമായി ആനുകൂല്യം പ്രയോജനപ്പെടുത്തുകയോ ക്രൂരമോ സാധാരണമല്ലാത്തതോ ആയ രീതിയിൽ പ്രവർത്തിക്കുകയോ ചെയ്യാതെയും ചെയ്യപ്പെട്ടതാണെങ്കിൽ കൊലപാതകമല്ല.

വിശദീകരണം.—അങ്ങനെയുള്ള സംഗതികളിൽ ഏത് കക്ഷിയാണ് പ്രകോപനം ഉളവാക്കുകയോ ആദ്യത്തെ കൈയേററം നടത്തുകയോ ചെയ്യുന്ന തെന്ന കാര്യം സാരമുള്ളതല്ല.

അപവാദം 5.—കുററകരമായ നരഹത്യ, ഏതൊരാളുടെ മരണമാണോ സംഭ വിപ്പിച്ചത്, അയാറം തനിക്ക് പതിനെട്ട് വയസ്സിന് മേൽപ്രായം ആയിരിക്കേ സ്വസമ്മതത്തോടെ മരണം സംഭവിക്കുവാൻ അനുവദിക്കുകയോ മരണസാദ്ധ്യ തയ്ക്ക് വഴിപ്പെടുകയോ ചെയ്യുന്നതാകുമ്പോറം, കൊലപാതകമല്ല.

ദൃഷ്ടാന്തം

ക സ്വേച്ഛയാ ഉൽസാഹനം വഴി പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള യ യെന്ന ആറം ആത്മഹത്യ ചെയ്യുവാനിടയാക്കുന്നു. ഇവിടെ പ്രായക്കുറവുമൂലം സ്വന്തം മരണത്തിന് സമ്മതം നല്കുവാൻ യ അപ്രാപ്ത നായിരുന്നു. അതുകൊണ്ട് ക കൊലപാതകത്തിന് പ്രേരണ നല്കിയിരി ക്കുന്നു.

301. ആരുടെ മരണമാണോ ഉദ്ദേശിച്ചത് അയാളല്ലാത്ത ഒരാളുടെ മരണം സംഭവിപ്പിക്കുന്നതിനാലുള്ള കുററകരമായ നരഹത്യ.—ആരുടെ മരണമാണോ സംഭവിപ്പിക്കണമെന്ന് താൻ ഉദ്ദേശിക്കുകയോ സംഭവിപ്പിക്കുവാൻ ഇടയു ണ്ടെന്ന് താൻ അറിയുകയോ ചെയ്യാത്തത്, അങ്ങനെയുള്ള ഏതെങ്കിലും ആളുടെ മരണം, മരണം സംഭവിപ്പിക്കണമെന്ന് താൻ ഉദ്ദേശിക്കുകയോ സംഭവ പ്പിക്കുവാൻ ഇടയുള്ളതാണെന്ന് താൻ അറിയുകയോ ചെയ്യുന്ന ഏതെങ്കിലും ചെയ്തു സംഭവിപ്പിക്കുന്നതുവഴി ഒരാറം കുററകരമായ നരഹത്യ ചെയ്യുന്നു വെങ്കിൽ ആ കുററക്കാരൻ ചെയ്ത കുററകരമായ നരഹത്യ, ആരുടെ മരണ മാണോ സംഭവിപ്പിക്കണമെന്ന് താൻ ഉദ്ദേശിക്കുകയോ സംഭവിപ്പിക്കുവാൻ ഇടയുണ്ടെന്ന് താൻ അറിയുകയോ ചെയ്യാത്തത്, അയാളുടെ മരണം താൻ സംഭവിപ്പിച്ചിട്ടുണ്ടായിരുന്നാൽ ഏത് തരത്തിലുള്ളതാകുമായിരുന്നുവോ, ആ തരത്തിലുള്ളതാകുന്നു.

302. കൊലപാതകത്തിനുള്ള ശിക്ഷ.—കൊലപാതകം നടത്തുന്ന ഏതൊരാളും മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

303. ജീവപര്യന്തത്തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആരം നടത്തുന്ന കൊലപാതകത്തിനുള്ള ശിക്ഷ.—ജീവപര്യന്തത്തടവിനുള്ള ശിക്ഷാവിധിക്ക് അധീനനായിരിക്കെ കൊലപാതകം നടത്തുന്ന ഏതൊരാളും മരണശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

304. കൊലപാതകം ആകാത്ത കുററകരമായ നരഹത്യയ്ക്കുള്ള ശിക്ഷ.—കൊലപാതകമാകാത്ത കുററകരമായ നരഹത്യ ചെയ്യുന്ന ഏതൊരാളും,—

മരണം സംഭവിപ്പിച്ച കൃത്യം മരണം സംഭവിപ്പിക്കുമെന്നോ, എങ്ങനെയുള്ള ശാരീരികമായ ക്ഷതിയാണോ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള തരത്തിലുള്ളത്, അങ്ങനെയുള്ള ക്ഷതി ഉളവാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി ചെയ്തതാണെങ്കിൽ ജീവപര്യന്തത്തടവു ശിക്ഷയോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കും കൂടി അർഹനാകുന്നതും; അല്ലെങ്കിൽ

ആ കൃത്യം മരണം സംഭവിപ്പിക്കുവാൻ ഇടയുള്ളതാണെന്നുള്ള അറിവോടുകൂടിയും എന്നാൽ മരണം സംഭവിപ്പിക്കണമെന്നോ മരണമോ മരണം സംഭവിപ്പിക്കുവാൻ ഇടയുള്ള തരത്തിലുള്ള ശാരീരികമായ ക്ഷതിയോ ഉളവാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടാതേയും ചെയ്തതാണെങ്കിൽ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

304 ക. ഉപേക്ഷയാൽ മരണം സംഭവിപ്പിക്കുന്നത്.—കുററകരമായ നരഹത്യയാകാത്ത സാഹസികമോ ഉപേക്ഷാപൂർവ്വകമോ ആയ ഏതെങ്കിലും കൃത്യംചെയ്ത് ഏതെങ്കിലും ആളുടെ മരണം സംഭവിപ്പിക്കുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

305. കുട്ടിയുടേയോ ചിത്തഭ്രമം ഉള്ളവൻേറയോ ആത്മഹത്യയ്ക്ക് പ്രേരണ നല്കൽ.—പതിനെട്ടുവയസ്സിന് താഴെ പ്രായമുള്ളവനോ ചിത്തഭ്രമമുള്ളവനോ ഡെലീറിയം ഉള്ളവനോ ജഡബുദ്ധിയോ ലഹരിപിടിച്ച അവസ്ഥയിലുള്ളവനോ ആയ ഏതെങ്കിലും ആരം ആത്മഹത്യ ചെയ്യുന്നു എങ്കിൽ, അങ്ങനെയുള്ള ആത്മഹത്യയ്ക്ക് പ്രേരണ നല്കുന്ന ഏതൊരാളും മരണശിക്ഷയോ ജീവപര്യന്തത്തടവുശിക്ഷയോ, പത്തുവർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് തടവു ശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

306. ആത്മഹത്യയ്ക്ക് പ്രേരണ നല്കൽ.—ഏതെങ്കിലും ആരം ആത്മഹത്യചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ആത്മഹത്യ ചെയ്യുന്നതിന് പ്രേരണ നല്കുന്നഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്ക്കൂടി അർഹനാകുന്നതും ആണ്.

307. കൊലപാതകത്തിനുള്ള ശ്രമം.—ഏതെങ്കിലും കൃത്യം, അത് താൻ ഏത് ഉദ്ദേശത്തോടോ അറിവോടോ കൂടിയും ഏത് പരിതഃസ്ഥിതികളിലും

ചെയ്താലാണോ ആ കൃത്യത്താൽ മരണം സംഭവിപ്പിച്ചു എങ്കിൽ താൻ കൊലപാതകത്തിന് അപരാധി ആകുന്നത്, അങ്ങനെയുള്ള ഉദ്ദേശത്തോടോ അറിവോടോ കൂടിയും അങ്ങിനെയുള്ള പരിതഃസ്ഥിതികളിലും ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, ആ കൃത്യംമൂലം ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏല്പിക്കപ്പെടുന്നു എങ്കിൽ ജീവപര്യന്തത്തടവുശിക്ഷയ്ക്കോ അല്ലെങ്കിൽ ഇതിനുമുൻപ് പറഞ്ഞപ്രകാരമുള്ള ശിക്ഷയ്ക്കോ കുററക്കാരൻ അർഹനാകുന്നതും ആണ്.

ജീവപര്യന്തത്തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരുടെ ശ്രമങ്ങൾ.—ഈ വകുപ്പുപ്രകാരം കുററം ചെയ്യുന്ന ഏതെങ്കിലും ആൾ ജീവപര്യന്തത്തടവു ശിക്ഷാവിധിയ്ക്ക് അധീനനായിരിക്കുന്ന ആളാകുമ്പോൾ, ദേഹോപദ്രവം ഏല്പിക്കപ്പെടുന്നു എങ്കിൽ അയാളെ മരണശിക്ഷ നല്കി ശിക്ഷിക്കാവുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക, യ യെ കൊല്ലണമെന്ന ഉദ്ദേശത്തോടുകൂടി, മരണം സംഭവിച്ചുവെങ്കിൽ താൻ കൊലപാതകത്തിന് അപരാധിയാകുമായിരുന്ന പരിതഃസ്ഥിതികളിൽ അയാളുടെ നേരെ വെടിവയ്ക്കുന്നു. ക ഈ വകുപ്പുപ്രകാരമുള്ള ശിക്ഷയ്ക്ക് അർഹനാകുന്നു.

(ഖ) ക ഇളം പ്രായത്തിലുള്ള ഒരു കുട്ടിയെ, അതിൻെറ മരണം സംഭവിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഒരു വിജനസ്ഥലത്ത് അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടുപോകുന്നു. കുട്ടിയുടെ മരണം സംഭവിക്കുന്നില്ല എങ്കിലും ക ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

(ഗ) ക, യ യെ കൊലചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ഒരു തോക്ക് വാങ്ങുകയും അതു നിറയ്ക്കുകയും ചെയ്യുന്നു. ക ഇത്രയും കൊണ്ട് കുററം ചെയ്തിട്ടില്ല. ക യ യുടെ നേരെ ആ തോക്കുകൊണ്ട് വെടിവയ്ക്കുന്നു. അയാൾ ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു. കൂടാതെ വെടിവയ്പ്പുമൂലം അയാൾ യയെ മുറിവേല്പിക്കുന്നുവെങ്കിൽ ഈ വകുപ്പിൽ ഒന്നാം ഖണ്ഡികയിലെ ഉത്തരഭാഗത്ത് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്ക് അർഹനാകുന്നതും ആണ്.

(ഘ) വിഷം കൊടുത്തു യ യെ കൊലചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ക വിഷം വാങ്ങുകയും അതു തൻെറ സൂക്ഷിപ്പിലുള്ള ഭക്ഷണത്തിൽ കലർത്തുകയും ചെയ്യുന്നു. ഇത്രയുംകൊണ്ട് ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിട്ടില്ല. ക ആ ഭക്ഷണം യയുടെ മേശപ്പുറത്ത് വയ്ക്കുകയോ അല്ലെങ്കിൽ യ യുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് യയുടെ ഭൃത്യൻമാരെ ഏല്പിക്കുകയോ ചെയ്യുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

308. കുററകരമായ നരഹത്യ ചെയ്യുവാനുള്ള ശ്രമം.—ഏതെങ്കിലും കൃത്യം, അത് താൻ ഏത് ഉദ്ദേശത്തോടോ, അറിവോടോ കൂടിയും ഏതു പരിതഃസ്ഥിതികളിലും ചെയ്താലാണോ ആ കൃത്യത്താൽ താൻ മരണം സംഭവിപ്പിച്ചുവെങ്കിൽ കൊലപാതകമാകാത്ത കുററകരമായ നരഹത്യയ്ക്ക് അപരാധിയാകുന്നത്, അങ്ങനെയുള്ള ഉദ്ദേശത്തോടോ അറിവോടോ കൂടിയും അങ്ങനെയുള്ള പരിതഃസ്ഥിതികളിലും, ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതും,

അങ്ങനെയുള്ള കൃത്യത്താൽ ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏല്പിക്കപ്പെടുന്നുവെങ്കിൽ ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

ദൃഷ്ടാന്തം

ക ഏതു് പരിതഃസ്ഥിതികളിലാണോ ഒരു കൈത്തോക്ക് കൊണ്ട് ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ, യ യുടെ നേരെ വെടി വയ്ക്കുന്നതുകൊണ്ട് അയാളുടെ മരണം സംഭവിപ്പിച്ചിരുന്നുവെങ്കിൽ കൊലപാതകമാകാത്ത കുററകരമായ നരഹത്യയ്ക്ക് താൻ അപരാധിയാകുമായിരുന്നത്, അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ, കയുടെ നേരെ വെടി വയ്ക്കുന്നു. ക ഈ വകുപ്പിൽ നിർവചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

309. ആത്മഹത്യ ചെയ്യുവാനുള്ള ശ്രമം.—ആത്മഹത്യ ചെയ്യുവാൻ ശ്രമിക്കുകയും അങ്ങനെയുള്ള കുററം ചെയ്യുന്നതിലേയ്ക്ക് ഏതെങ്കിലും കൃത്യം ചെയ്യുകയും ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട വെറും തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

310. തഗ്ഗ്.—ഈ ആക്ററ് പാസ്സാക്കപ്പെട്ടതിനുശേഷം ഏതെങ്കിലും സമയത്ത് കൊലപാതകം മുഖേനയോ കൊലപാതകത്തോടുകൂടിയോ കവർച്ചയോ ശിശുമോഷണമോ നടത്തുന്നതിനുവേണ്ടി മറേറതെങ്കിലും ആളുമായോ ആളുകളുമായോ പതിവായി കൂട്ടുകൂടുന്ന ഏതൊരാളും ഒരു തഗ്ഗ് ആകുന്നു.

311. ശിക്ഷ.—തഗ്ഗായ ഏതൊരാളും ജീവപര്യന്തത്തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

## ഗർഭം അലസിക്കൽ, ജനിക്കാത്ത കുട്ടികൾക്ക് ക്ഷതികൾ ഏല്പിക്കൽ, ശിശുക്കളെ അരക്ഷിതാവസ്ഥയിൽ ഇട്ടിട്ടുപോകൽ, ജനനം ഒളിച്ചുവയ്ക്കൽ എന്നിവയെക്കുറിച്ച്

312. ഗർഭം അലസിക്കൽ.—ഗർഭമുള്ള ഒരു സ്ത്രീയുടെ ഗർഭം ഉത്തമ വിശ്വാസപൂർവ്വം ആ സ്ത്രീയുടെ ജീവൻ രക്ഷിക്കുവാൻവേണ്ടിയല്ലാതെ, സ്വേച്ഛയാ അലസിക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആ സ്ത്രീ ചലിക്കുന്ന ഗർഭസ്ഥശിശുവോടുകൂടിയവളാണെങ്കിൽ, അയാൾ ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷനല്കിശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടിഅർഹനാകുന്നതും ആണ്.

വിശദീകരണം.—തന്റെ ഗർഭം സ്വയം അലസിക്കുന്ന ഒരു സ്ത്രീ ഈ വകുപ്പിന്റെ അർത്ഥത്തിൽപ്പെടുന്നു.

313. സ്ത്രീയുടെ സമ്മതംകൂടാതെ ഗർഭം അലസിക്കുന്നത്.—ഇതിനു തൊട്ടു മുമ്പിലത്തെ വകുപ്പിൽ നിർവ്വചിച്ച കുററം, സ്ത്രീ ചലിക്കുന്ന ഗർഭസ്ഥശിശുവോടുകൂടിയവളാണെങ്കിലും അല്ലെങ്കിലും സ്ത്രീയുടെ

സമ്മതംകൂടാതെ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവുശിക്ഷയോ അല്ലെങ്കിൽ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

314. ഗർഭം അലസിക്കണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്യുന്ന കൃത്യം മരണം സംഭവിപ്പിക്കുന്നത്.—ഗർഭമുള്ള ഒരു സ്ത്രീയുടെ ഗർഭം അലസിക്കണമെന്ന ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള സ്ത്രീയുടെ മരണം സംഭവിപ്പിക്കുന്ന ഏതെങ്കിലും കൃത്യം ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും,

കൃത്യം സ്ത്രീയുടെ സമ്മതംകൂടാതെ ചെയ്യപ്പെടുകയാണെങ്കിൽ.—കൃത്യം സ്ത്രീയുടെ സമ്മതം കൂടാതെ ചെയ്യപ്പെടുകയാണെങ്കിൽ ജീവപര്യന്തത്തടവുശിക്ഷയോ അല്ലെങ്കിൽ മുകളിൽ പറഞ്ഞ ശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആകുന്നു.

വിശദീകരണം,—കൃത്യം മരണം സംഭവിപ്പിക്കുവാനിടയുണ്ടെന്ന് കുററക്കാരൻ അറിയണമെന്നുള്ളത് ഈ കുററത്തിന് ആവശ്യമല്ല.

315. കുട്ടി ജീവനോടെ ജനിക്കുന്നത് തടയണമെന്നോ അല്ലെങ്കിൽ അത് ജനിച്ചശേഷം മരിക്കുവാൻ ഇടയാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടെ ചെയ്യപ്പെടുന്ന കൃത്യം.—ഏതെങ്കിലും കുട്ടിയുടെ ജനനത്തിനു മുമ്പ് ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ആ കുട്ടി ജീവനോടെ ജനിക്കുന്നത് തടയണമെന്നോ അതു ജനിച്ചശേഷം മരിക്കുവാനിടയാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള കൃത്യം ചെയ്യുകയും ആ കൃത്യത്താൽ ആ കുട്ടി ജീവനോടെ ജനിക്കുന്നതു തടയുകയോ അത് ജനിച്ചശേഷം മരിക്കുവാനിടയാക്കുകയോ ചെയ്യുകയും, ചെയ്യുന്ന ഏതൊരാളും, ആ കൃത്യം ഉത്തമവിശ്വാസപൂർവ്വം മാതാവിന്റെ ജീവൻ രക്ഷിക്കുവാൻവേണ്ടി ചെയ്തിട്ടുള്ളതല്ലെങ്കിൽ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

316. കുററകരമായ നരഹത്യയാകുന്ന കൃത്യത്താൽ ചലനമുള്ള ഗർഭസ്ഥ ശിശുവിന്റെ മരണം സംഭവിപ്പിക്കുന്നത്.—ഏതെങ്കിലും കൃത്യം, അതു താൻ ഏത് പരിതഃസ്ഥിതികളിൽ ചെയ്താലാണോ അതിനാൽ മരണം സംഭവിപ്പിച്ചതെങ്കിൽ താൻ കുററകരമായ നരഹത്യയ്ക്ക് അപരാധിയാകുന്നത്, അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ ചെയ്യുകയും അങ്ങനെയുള്ള കൃത്യത്താൽ ഒരു ചലനമുള്ള ഗർഭസ്ഥ ശിശുവിന് മരണം സംഭവിപ്പിക്കുകയും ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

ദൃഷ്ടാന്തം

ക, താൻ ഒരു ഗർഭിണിയുടെ മരണം സംഭവിപ്പിക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ട്, ഏത് കൃത്യമാണോ, അത് ആ സ്ത്രീയുടെ മരണം സംഭവിപ്പിച്ചുവെങ്കിൽ കുററകരമായ നരഹത്യയാകുന്നത്, അങ്ങനെയുള്ള ഒരു കൃത്യം ചെയ്യുന്നു. ആ സ്ത്രീക്ക് ക്ഷതി ഏല്ക്കുന്നു, എന്നാൽ സ്ത്രീ മരിക്കുന്നില്ല. എന്നാൽ അത് അവളുടെ ഗർഭത്തിലെ ചലനമുള്ള കുട്ടിയുടെ മരണം സംഭവിപ്പിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററത്തിന് അപരാധിയാകുന്നു.

317. പന്ത്രണ്ടുവയസ്സിനു താഴെ പ്രായമുള്ള കുട്ടിയെ മാതാവോ പിതാവോ അതിൻെറ സംരക്ഷണമുള്ള ആളോ അരക്ഷിതാവസ്ഥയിലിട്ടിട്ടു പോകലും ഉപേക്ഷിക്കലും.—പന്ത്രണ്ടു വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയുടെ പിതാവോ മാതാവോ ആ കുട്ടിയുടെ സംരക്ഷണമുള്ള ആളോ ആയിരിക്കെ ആ കുട്ടിയെ പൂർണ്ണമായി ഉപേക്ഷിക്കണമെന്ന ഉദ്ദേശത്തോടു കൂടി ഏതെങ്കിലും സ്ഥലത്ത് അരക്ഷിതാവസ്ഥയിൽ ഇട്ടിട്ട് പോവുകയോ വിട്ടുപോവുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—അരക്ഷിതാവസ്ഥയിലിട്ടിട്ട് പോകുന്നതിൻെറ ഫലമായി കുട്ടി മരിക്കുന്നുവെങ്കിൽ അതതു സംഗതിപോലെ, കൊലപാതകത്തിനോ കുററകരമായ നരഹത്യക്കോ കുററക്കാരനെ വിചാരണ ചെയ്യുന്നത് തടയുവാൻ ഈ വകുപ്പുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

318. മൃതദേഹം രഹസ്യമായി കൈയൊഴിക്കുന്നതുവഴി ജനനം ഒളിച്ചുവയ്ക്കുന്നത്.—ഒരു കുട്ടിയുടെ മൃതദേഹം ആ കുട്ടി മരിച്ചത്, പിറന്നതിനു മുമ്പോ പിറന്നതിനുശേഷമോ പിറന്നുകൊണ്ടിരിക്കുമ്പോഴോ ആയാലും, രഹസ്യമായി കുഴിച്ചിടുകയോ മററുവിധത്തിൽ രഹസ്യമായി കൈയൊഴിക്കുകയോ ചെയ്യുന്നതുവഴി ആ കുട്ടിയുടെ ജനനം മനഃപൂർവ്വം ഒളിച്ചുവയ്ക്കുകയോ ഒളിച്ചുവയ്ക്കുവാൻ യത്നിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## ദേഹോപദ്രവത്തെക്കുറിച്ച്

319. ദേഹോപദ്രവം.—ഏതെങ്കിലും ആരെങ്കിലും ശാരീരികമായ വേദനയോ രോഗമോ ദൗർബ്ബല്യമോ ഉളവാക്കുന്ന ഏതൊരാളും ദേഹോപദ്രവം ഏല്പിക്കുന്നതായി പറയപ്പെടുന്നു.

320. കഠിനമായ ദേഹോപദ്രവം.— താഴെപ്പറയുന്ന തരങ്ങളിലുള്ള ദേഹോപദ്രവം മാത്രമേ "കഠിനമായ" തെന്ന് വിശേഷിക്കപ്പെടുന്നുള്ളു.—

ഒന്നാമത്—പുംസ്ത്വഹരണം.

രണ്ടാമത്—കണ്ണുകളിൽ ഏതിൻേറയെങ്കിലും കാഴ്ച എന്നെന്നേക്കുമായി ഇല്ലാതാക്കൽ.

മൂന്നാമത്—ചെവികളിൽ ഏതിൻേറയെങ്കിലും ശ്രവണശക്തി എന്നെന്നേക്കുമായി ഇല്ലാതാക്കൽ.

നാലാമത്—ഏതെങ്കിലും അവയവമോ സന്ധിയോ ഇല്ലാതാക്കൽ.

അഞ്ചാമത്—ഏതെങ്കിലും അവയവത്തിൻേറയോ സന്ധിയുടേയോ ശക്തി നശിപ്പിക്കുകയോ എന്നെന്നേക്കുമായി ക്ഷയിപ്പിക്കുകയോ ചെയ്യൽ.

ആറാമത്—തലയോ മുഖമോ എന്നെന്നേക്കുമായി വിരൂപമാക്കൽ.

ഏഴാമത്—എല്ലിൻേറയോ പല്ലിൻേറയോ ഒടിവോ സ്ഥാനം തെററലോ.

എട്ടാമത്—ജീവന് അപായം ഉളവാക്കുന്നതോ, അല്ലെങ്കിൽ ഉപദ്രവം ഏററവൻ ഇരുപതുദിവസം തീവ്രമായ ശാരീരികവേദന അനുഭവിക്കുകയോ അയാൾക്ക് തന്റെ സാധാരണ ജോലികൾ ചെയ്യുവാൻ കഴിവില്ലാതാവുകയോ ചെയ്യുവാൻ ഇടയാക്കുന്നതോ ആയ ഏതെങ്കിലും ദേഹോപദ്രവം.

321. സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.— ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏല്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ ഏല്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആ കൃത്യം ചെയ്യുകയും അതുവഴി ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏല്പിക്കുകയും ചെയ്യുന്ന ഏതൊരാളും "സ്വേച്ഛയാ" ദേഹോപദ്രവം ഏല്പിക്കുന്നതായി പറയപ്പെടുന്നു.

322. സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.— സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും താൻ ഏല്പിക്കണമെന്ന് ഉദ്ദേശിക്കുന്നതോ ഏല്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുന്നതോ ആയ ദേഹോപദ്രവവും താൻ ഏല്പിക്കുന്ന ദേഹോപദ്രവവും കഠിനമായ ദേഹോപദ്രവമാണെങ്കിൽ "സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നതായി" പറയപ്പെടുന്നു.

വിശദീകരണം.— ഒരാൾ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയും, കൂടാതെ കഠിനമായ ദേഹോപദ്രവം ഏല്പിക്കണമെന്ന് ഉദ്ദേശിക്കുകയോ, ഏല്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്യുകയും ചെയ്യുമ്പോൾ ഒഴികെ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നതായി പറയപ്പെടുന്നില്ല. എന്നാൽ അയാൾ ഒരു തരത്തിലുള്ള കഠിനമായ ദേഹോപദ്രവം ഏല്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഏല്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ യഥാർത്ഥത്തിൽ മറെറാരു തരത്തിലുള്ള കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നുവെങ്കിൽ അയാൾ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നതായി പറയപ്പെടുന്നു.

ദൃഷ്ടാന്തം

ക, യ യുടെ മുഖം എന്നെന്നേയ്ക്കുമായി വിരൂപപ്പെടുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ താൻ അങ്ങനെ വിരൂപപ്പെടുത്തുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ യ യുടെ മുഖം എന്നെന്നേക്കുമായി വിരൂപപ്പെടുത്താത്തതും എന്നാൽ യ ഇരുപതു ദിവസം തീവ്രമായ ശാരീരികവേദന അനുഭവിക്കുവാൻ ഇടയാക്കുന്നതുമായ ഒരു അടി യ യ്ക്ക് കൊടുക്കുന്നു. ക സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിച്ചിരിക്കുന്നു.

323. സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നതിനുള്ള ശിക്ഷ.— 334-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

324. അപായകരമായ ആയുധങ്ങളാലോ മാർഗ്ഗങ്ങളിലൂടെയോ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത് — 334-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, വെടിവയ്ക്കുന്നതിനോ കുത്തുന്നതിനോ വെട്ടുന്നതിനോ ഉള്ള ഏതെങ്കിലും ഉപകരണംകൊണ്ടോ, ആക്രമണത്തിനുള്ള ആയുധമായി ഉപയോഗിച്ചാൽ മരണം സംഭവിപ്പിക്കുവാനിടയുള്ള ഏതെങ്കിലും ഉപകരണംകൊണ്ടോ തീ കൊണ്ടോ, ചൂടുപിടിച്ച ഏതെങ്കിലും പദാർത്ഥംകൊണ്ടോ, ഏതെങ്കിലും വിഷംകൊണ്ടോ ഏതെങ്കിലും ക്ഷാരപദാർത്ഥംകൊണ്ടോ, ഏതെങ്കിലും സ്ഫോടകപദാർത്ഥംകൊണ്ടോ ശ്വസിക്കുകയോ, വിഴുങ്ങുകയോ രക്തത്തിൽ ചേരുകയോ ചെയ്യുന്നത് മനുഷ്യശരീരത്തിന് ഹാനികരമായ ഏതെങ്കിലും പദാർത്ഥംകൊണ്ടോ ഏതെങ്കിലും ജന്തുവിനെക്കൊണ്ടോ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

325. സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നതിനുള്ള ശിക്ഷ— 335-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

326. അപായകരമായ ആയുധങ്ങളാലോ മാർഗ്ഗങ്ങളിലൂടെയോ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്— 335-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, വെടിവയ്ക്കുന്നതിനോ കുത്തുന്നതിനോ വെട്ടുന്നതിനോ ഉള്ള ഏതെങ്കിലും ഉപകരണംകൊണ്ടോ, തീകൊണ്ടോ, ചൂടുപിടിച്ച ഏതെങ്കിലും പദാർത്ഥംകൊണ്ടോ, ഏതെങ്കിലും വിഷംകൊണ്ടോ, ഏതെങ്കിലും ക്ഷാരപദാർത്ഥംകൊണ്ടോ, ഏതെങ്കിലും സ്ഫോടക പദാർത്ഥംകൊണ്ടോ, ശ്വസിക്കുകയോ വിഴുങ്ങുകയോ രക്തത്തിൽ ചേരുകയോ ചെയ്യുന്നത് മനുഷ്യശരീരത്തിന് ഹാനികരമായ ഏതെങ്കിലും പദാർത്ഥംകൊണ്ടോ, ഏതെങ്കിലും ജന്തുവിനെക്കൊണ്ടോ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവുശിക്ഷയോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

327. വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായ ഒരു കൃത്യത്തിന് നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.—ഒരാൾക്ക് ദേഹോപദ്രവം, അത ഏല്ക്കുന്ന ആളിൽനിന്നോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ ഭയപ്പെടുത്തി അപഹരിക്കുകയോ ആ ഉപദ്രവം ഏല്ക്കുന്ന ആളേയോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളേയോ നിയമവിരുദ്ധമായി ഏതെങ്കിലുമോ ഒരു കുററം ചെയ്യുന്നതിന സുകരമാക്കാവുന്ന ഏതെങ്കിലുമോ ചെയ്യുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി, സ്വേച്ഛയാ ഏല്പിക്കുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

328. ഒരു കുററം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി വിഷംകൊണ്ടോ മററോ ദേഹോപദ്രവം ഏല്പിക്കുന്നത്.— ഏതെങ്കിലും ആൾക്ക് ദേഹോപദ്രവം ഏല്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ ഒരു കുററം ചെയ്യണമെന്നോ ഒരു കുററം ചെയ്യുന്നത് സുകരമാക്കണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ ഏതെങ്കിലും വിഷമോ, സ്തബ്ധചിത്തനാക്കുന്നതോ ലഹരി പിടിപ്പിക്കുന്നതോ അനാരോഗ്യകരമായതോ ആയ ഏതെങ്കിലും മരുന്നോ, മററു സാധനമോ ഏതെങ്കിലും ആൾക്ക് കൊടുക്കുകയോ അയാൾ കഴിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്നതുവഴി താൻ ദേഹോപദ്രവം ഏല്പിക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ വിഷമോ മരുന്നോ മററു സാധനമോ കൊടുക്കുകയോ കഴിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

329. വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായി ഒരു കൃത്യത്തിന് നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.— ഒരാൾക്ക് കഠിനമായ ദേഹോപദ്രവം, അത് ഏല്ക്കുന്ന ആളിൽനിന്നോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ ഭയപ്പെടുത്തി അപഹരിക്കുകയോ ആ ഉപദ്രവം ഏല്ക്കുന്ന ആളേയോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളേയോ നിയമവിരുദ്ധമായ എന്തെങ്കിലുമോ ഒരു കുററം ചെയ്യുന്നത് സുകരമാക്കാവുന്ന എന്തെങ്കിലുമോ ചെയ്യുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി, സ്വേച്ഛയാ ഏല്പിക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവുശിക്ഷയോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

330. ഭയപ്പെടുത്തി കുററസമ്മതം വാങ്ങുകയോ വസ്തു തിരിയെ കൊടുക്കുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിന് വേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്— ഒരാൾക്ക് ദേഹോപദ്രവം, അത് ഏൽക്കുന്ന ആളിൽനിന്നോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും കുററസമ്മതമോ, ഒരു കുററമോ നടപടിദൂഷ്യമോ കണ്ടുപിടിക്കുവാൻ വഴിയാക്കുന്ന ഏതെങ്കിലും വിവരമോ, ഭയപ്പെടുത്തിവാങ്ങുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരിയെ കൊടുക്കുകയോ കൊടുപ്പിക്കുകയോ ഏതെങ്കിലും അവകാശവാദമോ ഡിമാൻേറാ സംബന്ധിച്ച ബാദ്ധ്യത തീർക്കുകയോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരിയെ കൊടുക്കുവാൻ വഴിയാക്കുന്ന വിവരം നല്കുകയോ ചെയ്യുവാൻ ആ ദേഹോപദ്രവം ഏല്ക്കുന്ന ആളേയോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളേയോ നിർബന്ധിക്കുന്നതിനുവേണ്ടിയോ, സ്വേച്ഛയാ ഏല്പിക്കുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

ദൃഷ്ടാന്തങ്ങൾ.

(ക) ക എന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ യ യെ, അയാൾ കുററകൃത്യം ചെയ്തുവെന്ന് കുററസമ്മതം നല്കുവാൻ പ്രേരിപ്പിക്കുന്നതിനു വേണ്ടി ഭേദ്യം ചെയ്യുന്നു. ക ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

(ഖ) ക എന്ന പോലീസ് ഉദ്യോഗസ്ഥൻ ഒരു കളവുമുതൽ എവിടെയാണ് വച്ചിരിക്കുന്നത് എന്ന് ചൂണ്ടിക്കാണിക്കുവാൻ യ യെ പ്രചോദിപ്പിക്കുന്നതിനുവേണ്ടി അയാളെ ദേഹ്യം ചെയ്യുന്നു. ക ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

(ഗ) ക എന്ന റവന്യൂ ഉദ്യോഗസ്ഥൻ യ കൊടുക്കുവാനുള്ള ചില റവന്യൂ കുടിശ്ശികകൾ കൊടുക്കുവാൻ നിർബന്ധിക്കുന്നതിനുവേണ്ടി അയാളെ ദേഹ്യം ചെയ്യുന്നു. ക ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

(ഘ) ക എന്ന ഒരു ജമീൻദാർ, ഒരു റയത്തിനെ, അയാളുടെ പാട്ടം കൊടുക്കുവാൻ നിർബന്ധിക്കുന്നതിനുവേണ്ടി ദേഹ്യം ചെയ്യുന്നു. ക ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

331. <u>ഭയപ്പെടുത്തി കുററസമ്മതം വാങ്ങുകയോ വസ്തു തിരിയെ കൊടുക്കുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.</u>—ഒരാൾക്ക് കഠിനമായ ദേഹോപദ്രവം ഏൽക്കുന്ന ആളിൽനിന്നോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും കുററസമ്മതമോ ഒരു കുററമോ നടപടി ദൂഷ്യമോ കണ്ടുപിടിക്കുവാൻ വഴിയാക്കുന്ന ഏതെങ്കിലും വിവരമോ ഭയപ്പെടുത്തി വാങ്ങുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരിയെ കൊടുക്കുകയോ കൊടുപ്പിക്കുകയോ ഏതെങ്കിലും അവകാശവാദമോ ഡിമാൻഡോ, സംബന്ധിച്ച ബാദ്ധ്യത തീർക്കുകയോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരിയെ കൊടുക്കുവാൻ വഴിയാക്കുന്ന വിവരം നല്കുകയോ ചെയ്യുവാൻ ആ കഠിനമായ ദേഹോപദ്രവം ഏല്ക്കുന്ന ആളേയോ അയാളിൽ താൽപര്യമുള്ള ഏതെങ്കിലും ആളേയോ നിർബന്ധിക്കുന്നതിനുവേണ്ടിയോ, സ്വേച്ഛയാ ഏല്പിക്കുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

332. <u>പബ്ലിക്ക് സർവന്റ് തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിന്തിരിയുവാൻവേണ്ടി സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.</u>—ഒരു പബ്ലിക്ക് സർവന്റായ ഏതെങ്കിലും ആൾക്ക്, അയാൾ അങ്ങനെയുള്ള പബ്ലിക്ക് സർവന്റ് എന്നനിലയിൽ അയാളുടെ കർത്തവ്യ നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ നിന്ന് അയാളേയോ മറേറതെങ്കിലും പബ്ലിക് സർവന്റിനേയോ തടയുകയോ അയാൾ ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യനിർവ്വഹണത്തിൽ അയാൾ ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിന്റേറയെങ്കിലും അനന്തരഫലമായോ, സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും, മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

333. <u>പബ്ലിക്ക് സർവന്റ് തന്റെ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിന്തിരിയുവാൻവേണ്ടി സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്</u> — ഒരു പബ്ലിക്ക് സർവന്റായ ഏതെങ്കിലും ആൾക്ക്, അയാൾ അങ്ങനെയുള്ള പബ്ലിക്ക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യനിർവ്വഹണത്തിൽ

ഏർപ്പെട്ടിരിക്കുമ്പോഴോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവന്റ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽനിന്ന് അയാളേയോ മറെറതെങ്കിലും പബ്ലിക്ക് സർവന്റിനേയോ തടയുകയോ അയാരം ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവന്റ് എന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യ നിർവ്വഹണത്തിൽ അയാരം ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിന്റെയെങ്കിലും അനന്തരഫലമായോ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

334. പ്രകോപനത്തിൻമേൽ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.—ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും, അയാരം, പ്രകോപനം നല്കിയ ആരംക്കല്ലാതെ മറെറതെങ്കിലും ആരംക്ക് ദേഹോപദ്രവം ഏല്പിക്കണമെന്ന് ഉദ്ദേശിക്കുകയോ ഏല്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്യുന്നില്ലെങ്കിൽ, ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

335. പ്രകോപനത്തിൻമേൽ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പ്പിക്കുന്നത്.—ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും അയാരം പ്രകോപനം നല്കിയ ആരംക്കല്ലാതെ മറെറതെങ്കിലും ആരംക്ക് കഠിനമായ ദേഹോപദ്രവം ഏല്പിക്കണമെന്ന് ഉദ്ദേശിക്കുകയോ ഏല്പിക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്യുന്നില്ലെങ്കിൽ നാലുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—മുകളിലത്തെ രണ്ടുവകുപ്പുകരം, 300-ാം വകുപ്പിലെ ഒന്നാം അപവാദം ഏതത് പരിമിതി വ്യവസ്ഥകരംക്ക് വിധേയമാണോ അതേ പരിമിതി വ്യവസ്ഥകരംക്ക് വിധേയമാകുന്നു.

336. ജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കുന്ന കൃത്യം.—മനുഷ്യജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കത്തക്കവിധം, അത്ര സാഹസികമായോ ഉപേക്ഷാപൂർവ്വകമായോ ഏതെങ്കിലും കൃത്യം ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ഇരുനൂററമ്പത് രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

337. ജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കുന്ന കൃത്യത്താൽ ദേഹോപദ്രവം ഏല്പിക്കുന്നത്.—മനുഷ്യജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കത്തക്കവിധം

അത്ര സാഹസികമായോ ഉപേക്ഷാപൂർവ്വകമായോ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ഏതെങ്കിലും ആരെക്കും ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

338. ജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കുന്ന കൃത്യത്താൽ കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്നത്.—മനുഷ്യജീവനോ മററുള്ളവരുടെ വ്യക്തിപരമായ രക്ഷയ്ക്കോ അപായം ഉളവാക്കത്തക്കവിധം അത്ര സാഹസികമായോ ഉപേക്ഷാപൂർവ്വകമായോ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ഏതെങ്കിലും ആരെക്ക് കഠിനമായ ദേഹോപദ്രവം ഏല്പിക്കുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അന്യായമായ തടസ്സപ്പെടുത്തലിനേയും അന്യായമായ തടഞ്ഞുവയ്ക്കലിനേയും കുറിച്ച്

339. അന്യായമായ തടസ്സപ്പെടുത്തൽ.—ഏതെങ്കിലും ആളെ, അയാൾക്ക് പോകുവാൻ അവകാശമുള്ള ഏതെങ്കിലും ദിക്കിലേക്ക് പോകുന്നതിൽനിന്ന് തടയത്തക്കവിധം അയാൾക്ക് സ്വേച്ഛയാ പ്രതിബന്ധം ഉണ്ടാക്കുന്ന ഏതൊരാളും അയാളെ അന്യായമായി തടസ്സപ്പെടുത്തുന്നതായി പറയപ്പെടുന്നു.

അപവാദം.—കരയിലോ വെള്ളത്തിലോ ഉള്ള ഏതു സ്വകാര്യവഴിക്കാണോ പ്രതിബന്ധം ഉണ്ടാക്കുവാൻ തനിക്ക് നിയമാനുസൃതമായ അവകാശമുണ്ടെന്ന് ഒരാൾ ഉത്തമ വിശ്വാസപൂർവ്വം വിശ്വസിക്കുന്നത്, അങ്ങനെയുള്ള വഴിക്ക് പ്രതിബന്ധം ഉണ്ടാക്കുന്നത് ഈ വകുപ്പിൻെറ അർത്ഥത്തിൽ ഒരു കുററമല്ല.

### ദൃഷ്ടാന്തം.

യ യ്ക്ക് പോകുവാൻ അവകാശമുള്ള ഒരു പാതയിൽ, ക തനിക്ക് ആ പാത അടയ്ക്കുവാൻ ഒരു അവകാശമുണ്ടെന്ന് ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കാതെ പ്രതിബന്ധം ഉണ്ടാക്കുന്നു. തൻമൂലം യ യെ ആ വഴി പോകുന്നതിൽ നിന്ന് തടയുന്നു. ക യ യെ അന്യായമായി തടസ്സപ്പെടുത്തുന്നു.

340. അന്യായമായ തടഞ്ഞുവയ്ക്കൽ.—ഏതെങ്കിലും ആളെ ഒരു നിശ്ചിത പരിധിവലയത്തിന് പുറത്ത് പോകുന്നതിൽനിന്ന് തടയത്തക്കരീതിയിൽ അന്യായമായി തടസ്സപ്പെടുത്തുന്ന ഏതൊരാളും അയാളെ "അന്യായമായി തടഞ്ഞുവയ്ക്കുന്ന" തായി പറയപ്പെടുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക, ചുററും ഭിത്തിയുള്ള ഒരു സ്ഥലത്തിനുള്ളിൽ യ പോകുവാൻ ഇടയാക്കുകയും യ യെ അതിനുള്ളിൽ പൂട്ടിയിടുകയും ചെയ്യുന്നു. ഭിത്തിവലയത്തിനു പുറത്തുള്ള ഏതെങ്കിലും ദിക്കിലേക്ക് പോകുന്നതിൽനിന്ന് യ അങ്ങനെ തടയപ്പെടുന്നു. ക യ യെ അന്യായമായി തടഞ്ഞുവയ്ക്കുന്നു.

(ഖ) ഒരു കെട്ടിടത്തിന്റെ പുറത്തേയ്ക്കുള്ള മാർഗ്ഗങ്ങളിൽ ക ആളുകളെ തോക്കുകളോടുകൂടി നിറുത്തുകയും യ കെട്ടിടം വിട്ട് പോകുവാൻ ശ്രമിച്ചാൽ അവർ യ യെ വെടിവയ്ക്കുമെന്ന് യ യോടു പറയുകയും ചെയ്യുന്നു. ക യ യെ അന്യായമായി തടഞ്ഞുവയ്ക്കുന്നു.

341. അന്യായമായ തടസ്സപ്പെടുത്തലിനുള്ള ശിക്ഷ.—ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറുംതടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

342. അന്യായമായ തടഞ്ഞുവയ്ക്കലിനുള്ള ശിക്ഷ.—ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

343. മൂന്നോ അതിൽകൂടുതലോ ദിവസത്തെ അന്യായമായ തടഞ്ഞുവയ്ക്കൽ.—മൂന്നോ അതിൽ കൂടുതലോ ദിവസം ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

344. പത്തോ അതിൽകൂടുതലോ ദിവസത്തെ അന്യായമായ തടഞ്ഞുവയ്ക്കൽ.—പത്തോ അതിൽ കൂടുതലോ ദിവസം ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

345. ആരുടെ മോചനത്തിനാണോ റിട്ട് പുറപ്പെടുവിച്ചിട്ടുള്ളത് അയാളെ അന്യായമായി തടഞ്ഞുവയ്ക്കുന്നത്.—ഒരാളുടെ മോചനത്തിനുള്ള റിട്ട് മുറപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അയാളെ അന്യായമായി തടഞ്ഞുവച്ചുകൊണ്ടിരിക്കുന്ന ഏതൊരാളും ഈ അദ്ധ്യായത്തിലെ മറേറതെങ്കിലും വകുപ്പുപ്രകാരം അയാൾ അർഹനാകാവുന്ന തടവിനു പുറമേ രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

346. രഹസ്യമായുള്ള അന്യായമായ തടഞ്ഞുവയ്ക്കൽ.—ഏതെങ്കിലും ആളുടെ തടഞ്ഞുവയ്ക്കൽ, അപ്രകാരം തടഞ്ഞുവയ്ക്കപ്പെട്ട ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളോ ഏതെങ്കിലും പബ്ലിക്ക് സർവന്റോ അറിയരുത് എന്നോ അല്ലെങ്കിൽ അങ്ങനെ തടഞ്ഞുവയ്ക്കുന്ന സ്ഥലം ഇതിനു മുൻപ് പറഞ്ഞതുപോലെ ഉള്ള ഏതെങ്കിലും ആളോ പബ്ലിക്ക് സർവന്റോ അറിയുകയോ കണ്ടുപിടിക്കുകയോ ചെയ്യരുതെന്നോ ഉള്ള ഉദ്ദേശം സൂചിപ്പിക്കത്തക്ക രീതിയിൽ അയാളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും അങ്ങനെയുള്ള അന്യായമായ തടഞ്ഞുവയ്ക്കലിന് അയാൾ അർഹനാകാവുന്ന മറേറതെങ്കിലും ശിക്ഷയ്ക്കു പുറമേ രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

347. വസ്തു ഭയപ്പെടുത്തി അപഹരിക്കുകയോ നിയമവിരുദ്ധമായ കൃത്യത്തിന് നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ള അന്യായമായ തടഞ്ഞുവയ്ക്കൽ.—തടഞ്ഞുവയ്ക്കപ്പെട്ട ആളിൽനിന്നോ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ ഭയപ്പെടുത്തി അപഹരിക്കുന്നതിനോ അല്ലെങ്കിൽ തടഞ്ഞുവയ്ക്കപ്പെട്ട ആളേയോ അങ്ങനെയുള്ള ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളേയോ നിയമവിരുദ്ധമായ എന്തെങ്കിലും ചെയ്യുകയോ, ഒരു കുററം ചെയ്യുന്നത് സുകരമാക്കാവുന്ന ഏതെങ്കിലും വിവരം നല്കുകയോ, ചെയ്യുവാൻ നിർബന്ധിക്കുന്നതിനോ വേണ്ടി ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

348. ഭയപ്പെടുത്തി കുററസമ്മതം വാങ്ങുകയോ വസ്തു തിരിയെ കൊടുക്കുവാൻ നിർബന്ധിക്കുകയോ ചെയ്യുന്നതിനുവേണ്ടിയുള്ള അന്യായമായ തടഞ്ഞുവയ്ക്കൽ.—തടഞ്ഞുവയ്ക്കപ്പെട്ട ആളിൽനിന്നോ തടഞ്ഞുവയ്ക്കപ്പെട്ട ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും കുററസമ്മതമോ, ഒരു കുററമോ നടപടിദൂഷ്യമോ കണ്ടുപിടിക്കുവാൻ വഴിയാക്കുന്ന ഏതെങ്കിലും വിവരമോ, ഭയപ്പെടുത്തി വാങ്ങുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരിയെ കൊടുക്കുകയോ കൊടുപ്പിക്കുകയോ ഏതെങ്കിലും അവകാശവാദമോ ഡിമാൻഡോ സംബന്ധിച്ച് ബാദ്ധ്യത തീർക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ തിരിയെ കൊടുക്കുവാൻ വഴിയാക്കുന്ന വിവരം നല്കുകയോ ചെയ്യുവാൻ തടഞ്ഞുവയ്ക്കപ്പെട്ട ആളിൽ താൽപര്യമുള്ള ഏതെങ്കിലും ആളേയോ നിർബന്ധിക്കുന്നതിനുവേണ്ടിയോ ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

## കുററകരമായ ബലത്തേയും കൈയേററത്തേയും കുറിച്ച്

349. ബലം.—ഒരാൾ മററൊരാൾക്ക് ചലനം ഉണ്ടാക്കുകയോ, അയാളുടെ ചലനത്തിന് വ്യത്യാസമോ വിരാമമോ വരുത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും പദാർത്ഥത്തെ ആ മററാളുടെ ശരീരത്തിൻെറ ഏതെങ്കിലും ഭാഗത്തോടോ ആ മററാൾ ധരിക്കുന്നതോ വഹിക്കുന്നതോ ആയ എന്തിനോടെങ്കിലുമോ ആ മററാളുടെ സ്പർശബോധത്തെ ബാധിക്കുന്ന വിധത്തിൽ സ്ഥിതിചെയ്യുന്ന എന്തിനോടെങ്കിലുമോ സമ്പർക്കത്തിൽ കൊണ്ടുവരത്തക്കവിധം ആ പദാർത്ഥത്തിൽ ചലനം ഉണ്ടാക്കുകയോ അതിൻെറ ചലനത്തിന് വ്യത്യാസമോ വിരാമമോ വരുത്തുകയോ ചെയ്യുന്നുവെങ്കിൽ അയാൾ ആ മററാളുടെ നേർക്ക് ബലം പ്രയോഗിക്കുന്നതായി പറയപ്പെടുന്നു; എന്നാൽ അതിന്, ചലനം ഉണ്ടാക്കുകയോ ചലനത്തിന് വ്യത്യാസമോ വിരാമമോ വരുത്തുകയോ ചെയ്യുന്ന ആൾ ആ ചലനം ഉണ്ടാക്കുന്നതോ ചലനത്തിന് വ്യത്യാസമോ വിരാമമോ വരുത്തുന്നതോ ഇതിൻ കീഴിൽ വിവരിച്ച മൂന്നുവഴികളിൽ ഒന്നിലൂടെ ആയിരിക്കണം.

ഒന്നാമത് — അയാളുടെ സ്വന്തം ശരീരശക്തിവഴി.

രണ്ടാമത്.—ചലനമോ ചലനത്തിനുള്ള വ്യത്യാസമോ വിരാമമോ തന്റെ ഭാഗത്തുനിന്നോ മറ്റേതെങ്കിലും ആളുടെ ഭാഗത്തുനിന്നോ പിന്നീടുള്ള ഏതെങ്കിലും കൃത്യം കൂടാതെ സംഭവിക്കത്തക്കവിധത്തിൽ ഏതെങ്കിലും പദാർത്ഥം വിനിയോഗിക്കുന്നതുവഴി.

മൂന്നാമത്.—ഏതെങ്കിലും ജന്തു ചലിക്കുന്നതിനോ അതിന്റെ ചലനം വ്യത്യാസപ്പെടുത്തുന്നതിനോ അതിന്റെ ചലനം വിരമിപ്പിക്കുന്നതിനോ പ്രചോദിപ്പിക്കുന്നതുവഴി.

350. കുററകരമായ ബലം.—ഏതെങ്കിലും ആളുടെ സമ്മതം കൂടാതെ മനഃപൂർവ്വം ഏതെങ്കിലും കുററം ചെയ്യുന്നതിനുവേണ്ടി അയാളുടെ നേർക്ക് ബലം പ്രയോഗിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മേൽ ബലം പ്രയോഗിക്കുന്നതുവഴി അയാൾക്ക് ക്ഷതിയോ ഭയമോ ബലമോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ബലം പ്രയോഗിക്കുന്ന ഏതൊരാളും ആ മററാളുടെ മേൽ കുററകരമായ ബലം പ്രയോഗിക്കുന്നതായി പറയപ്പെടുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു നദിയിൽ കെട്ടിയിട്ടിരിക്കുന്ന ഒരു ബോട്ടിൽ യ ഇരിക്കുകയാണ്. ക കെട്ടുകൾ അഴിക്കുകയും അങ്ങനെ ആ ബോട്ട് പ്രവാഹത്തിലൂടെ ഒഴുകിപോകുന്നതിന് മനഃപൂർവ്വം ഇടയാക്കുകയും ചെയ്യുന്നു. ഇവിടെ ക, യ യ്ക്ക് മനഃപൂർവ്വം ചലനം ഉണ്ടാക്കുന്നു, യാതൊരു ആളുടെ ഭാഗത്തുനിന്നും മററ് യാതൊരു കൃത്യവും കൂടാതെ ചലനം ഉണ്ടാക്കുന്ന രീതിയിൽ പദാർത്ഥങ്ങൾ വിനിയോഗിച്ചുകൊണ്ടുമാത്രമാണ് അയാൾ അതു ചെയ്യുന്നത്. അതുകൊണ്ട് ക യ യുടെ നേർക്ക് മനഃപൂർവ്വം ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ ഏതെങ്കിലും കുററം ചെയ്യുന്നതിനുവേണ്ടിയോ ഈ ബലപ്രയോഗം യ യ്ക്ക് ക്ഷതിയോ ഭയമോ അല്ലേങ്കിൽ ഉണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ യ യുടെ സമ്മതം കൂടാതെ അയാൾ അപ്രകാരം ചെയ്തിട്ടുള്ളതാണെങ്കിൽ ക യ യുടെ നേർക്ക് കുററകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഖ) യ ഒരു രഥത്തിൽ സവാരി ചെയ്യുകയാണ്. ക യ യുടെ കുതിരകളെ ചാട്ടകൊണ്ട് അടിക്കുകയും അതുവഴി അവയുടെ ഗതി വേഗം കൂട്ടുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഇവിടെ ക ആ ജന്തുക്കളെ അവയുടെ ചലനം വ്യത്യാസപ്പെടുത്തുന്നതിന് പ്രചോദിപ്പിക്കുന്നതുവഴി യ യുടെ ചലനത്തിന് വ്യത്യാസം വരുത്തിയിരിക്കുന്നു. അതുകൊണ്ട് ക യ യുടെ നേർക്ക് ബലം പ്രയോഗിച്ചിരിക്കുന്നു. കൂടാതെ ക അത് ചെയ്തത് യ യുടെ സമ്മതം കൂടാതെ അതുവഴി യ യ്ക്ക് ക്ഷതിയോ ഭയമോ ബലമോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ ക യ യുടെ നേർക്ക് കുററകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഗ) യ ഒരു പല്ലക്കിൽ സവാരി ചെയ്യുകയാണ്. ക യ യെ കവർച്ച ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ട് തണ്ടിൽ കടന്നു പിടിക്കുകയും പല്ലക്ക് നിറുത്തുകയും ചെയ്യുന്നു. ഇവിടെ ക യ യുടെ ചലനത്തിന് വിരാമം വരുത്തിയിരിക്കുന്നു. അത് അയാൾ സ്വന്തം ശരീരശക്തി വഴി ചെയ്തിട്ടുള്ളതും ആകുന്നു. അതുകൊണ്ട് ക, യ യുടെ നേർക്ക് ബലം പ്രയോഗിച്ചിരിക്കുന്നു, ക ഒരു കുററം ചെയ്യുന്നതിനുവേണ്ടി യ യുടെ സമ്മതം കൂടാതെ മനഃപൂർവ്വം അങ്ങനെ പ്രവർത്തിച്ചിരിക്കുന്നതുകൊണ്ട് ക യ യുടെ നേർക്ക് കുററകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഘ) തെരുവിൽ വച്ച് ക യ യുടെ മേൽ മന:പൂർവ്വം ചെന്നു മുട്ടുന്നു. ഇവിടെ ക സ്വന്തം ശരീരശക്തി വഴി തന്റെ ദേഹം യ യുമായി സമ്പർക്കത്തിൽ കൊണ്ടുവരത്തക്കവിധത്തിൽ ചലിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അയാൾ യ യുടെ നേർക്ക് മന:പൂർവ്വം ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ അയാൾ അപ്രകാരം ചെയ്തത്, യ യുടെ സമ്മതം കൂടാതെ അതുവഴി യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടോ ഉളവാക്കണമെന്നുദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ അയാൾ യ യുടെ നേർക്ക് കുററകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ങ) ക, ഒരു കല്ല്, അത് യ യുടേയോ യ യുടെ വസ്ത്രങ്ങളുമായോ യ വഹിക്കുന്ന ഏതെങ്കിലും സാധനവുമായോ സമ്പർക്കത്തിൽ കൊണ്ടുവരപ്പെടുകയോ അല്ലെങ്കിൽ അത് വെള്ളത്തിൽ തട്ടി വെള്ളം യ യുടെ വസ്ത്രത്തിൻ മേലോ യ വഹിക്കുന്ന ഏതെങ്കിലും സാധനത്തിൻമേലോ തെറിക്കുകയോ ചെയ്യണമെന്നുദ്ദേശിച്ചുകൊണ്ടോ, അങ്ങനെ ചെയ്യുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ എറിയുന്നു. ഇവിടെ, കല്ല് എറിയുന്നത് ഏതെങ്കിലും പദാർത്ഥം യ യുമായോ യ യുടെ വസ്ത്രങ്ങളുമായോ സമ്പർക്കത്തിൽ കൊണ്ടുവരുന്ന ഫലം ഉളവാക്കുന്നുവെങ്കിൽ ക യ യുടെ നേർക്ക് ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ അയാൾ അപ്രകാരം ചെയ്തത് അതുവഴി യ യുടെ സമ്മതം കൂടാതെ യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ, അയാൾ യ യുടെ നേർക്ക് കുററകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ച) ക, ഒരു സ്ത്രീയുടെ മൂടുപടം മന:പൂർവ്വം വലിച്ചുയർത്തുന്നു. ഇവിടെ ക ആ സ്ത്രീയുടെ നേർക്ക് മന:പൂർവ്വം ബലം പ്രയോഗിച്ചിരിക്കുന്നു, കൂടാതെ അയാൾ അപ്രകാരം ചെയ്യുന്നത് ആ സ്ത്രീയുടെ സമ്മതം കൂടാതെ അതു വഴി ആ സ്ത്രീക്ക് ക്ഷതിയോ ഭയമോ അലട്ടോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ അയാൾ ആ സ്ത്രീയുടെ നേർക്ക് കുററകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ഛ) യ കുളിക്കുകയാണ്. കുളിത്തൊട്ടിയിൽ തിളയ്ക്കുന്നതാണെന്ന് തനിക്കറിയാവുന്ന വെള്ളം ക ഒഴിക്കുന്നു. ഇവിടെ ക തന്റെ ശരീരശക്തി വഴി ആ തിളയ്ക്കുന്ന വെള്ളത്തിന്, അത് യ യുമായോ, ഏത് വെള്ളവുമായി സമ്പർക്കത്തിൽ കൊണ്ടുവന്നാൽ യ യുടെ സ്പർശബോധത്തെ ബാധിക്കുമോ, അങ്ങനെയുള്ള മററു വെള്ളവുമായോ സമ്പർക്കത്തിൽ കൊണ്ടുവരത്തക്കവിധം മന:പൂർവ്വം ചലനമുണ്ടാക്കുന്നു, അതുകൊണ്ട് ക യ യുടെ നേർക്ക് മന:പൂർവ്വം ബലംപ്രയോഗിച്ചിരിക്കുന്നു. കൂടാതെ അയാൾ അത് ചെയ്തത് യ യുടെ സമ്മതം കൂടാതെ അതുവഴി അയാൾക്ക് ക്ഷതിയോ ഭയമോ അലട്ടോ ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആണെങ്കിൽ ക കുററകരമായ ബലം പ്രയോഗിച്ചിരിക്കുന്നു.

(ജ) ക യ യുടെ സമ്മതം കൂടാതെ ഒരു നായയെ യ യുടെ മേൽ ചാടുവാൻ ചൊടിപ്പിക്കുന്നു. ഇവിടെ യ യ്ക്ക് ക്ഷതിയോ ഭയമോ അലട്ടോ ഉളവാക്കണമെന്ന് ക ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾ യ യുടെ നേർക്ക് കുററകരമായ ബലം പ്രയോഗിക്കുന്നു.

351. <u>കൈയേററം</u>.—ഏതെങ്കിലും ആംഗ്യമോ, ഒരുക്കമോ, സന്നിഹിതനായ ഏതെങ്കിലും ആൾക്ക്, ആ ആംഗ്യമോ ഒരുക്കമോ കാണിക്കുന്ന ആൾ അയാളുടെ നേർക്ക് കുററകരമായ ബലം പ്രയോഗിക്കുവാൻ പോകുകയാണെന്ന ആശങ്ക ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞു

കൊണ്ടോ കാണിക്കുന്ന ഏതൊരാളും ഒരു കൈയേററം നടത്തുന്നതായി പറയപ്പെടുന്നു.

വിശദീകരണം.—വെറും വാക്കുകൾ ഒരു കൈയേററമാകുന്നില്ല. എന്നാൽ ഒരാൾ ഉപയോഗിക്കുന്ന വാക്കുകൾ അയാളുടെ ആംഗ്യങ്ങൾക്കോ ഒരുക്കത്തിനോ ആ ആംഗ്യങ്ങളേയോ ഒരുക്കങ്ങളേയോ ഒരു കൈയേററമാക്കിത്തീർക്കത്തക്ക അർത്ഥം നല്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ.

(ക) യ യുടെ നേരെ മുഷ്ടി കുലുക്കുന്നതുവഴി, താൻ യ യെ അടിക്കുവാൻ പോകുകയാണെന്ന് യ യെ വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ വിശ്വസിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ക അങ്ങനെ മുഷ്ടി കുലുക്കുന്നു. ക കൈയേററം നടത്തിയിരിക്കുന്നു.

(ഖ) ക്രൂരനായ ഒരു നായുടെ വായ്ക്കെട്ട് അഴിക്കുന്നതുവഴി താൻ ആ നായയെക്കൊണ്ട് യ യെ ആക്രമിപ്പിക്കുവാൻ പോവുകയാണെന്ന് യ യെ വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ വിശ്വസിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ക അങ്ങനെ വായ്ക്കെട്ട് അഴിക്കുന്നു. ക, യ യുടെ നേരെ കൈയേററം നടത്തിയിരിക്കുന്നു.

(ഗ) ക, യ യോട് "ഞാൻ നിന്നെ പ്രഹരിക്കും" എന്ന് പറഞ്ഞുകൊണ്ട് ഒരു വടി എടുക്കുന്നു. ഇവിടെ ക ഉപയോഗിച്ച വാക്കുകൾ യാതൊരു സംഗതിയിലും ഒരു കൈയേററമാവുകയില്ലെങ്കിലും, മറേറതെങ്കിലും പരിതഃസ്ഥിതികളാൽ അനുഗതമാകാതെ ആ വെറും ആംഗ്യം ഒരു കൈയേററമാകാമെന്നില്ലെങ്കിലും, ആ വാക്കുകളാൽ വിശദീകരിക്കപ്പെട്ട ആ ആംഗ്യം ഒരു കൈയേററമാകാവുന്നതാണ്.

352. <u>ഗുരുവായ പ്രകോപനത്തിൻമേൽ അല്ലാതെയുള്ള കൈയേററത്തിനോ കുററകരമായ ബലപ്രയോഗത്തിനോ ഉള്ള ശിക്ഷ.</u>—ഏതെങ്കിലും ആളുടെ നേരെ, അയാൾ നല്കിയ ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേലല്ലാതെ കൈയേററം നടത്തുകയോ കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—ഗുരുവായതും പെട്ടന്നുണ്ടായതുമായ പ്രകോപനം, ആ പ്രകോപനം കുററത്തിനുള്ള ഒരു ന്യായീകരണമായി കുററക്കാരൻ വിളിച്ചുവരുത്തിയതോ സ്വേച്ഛയാ പ്രകോപിപ്പിച്ച് ഉണ്ടാക്കിയതോ ആണെങ്കിലോ,

നിയമം അനുസരിക്കുന്നതിലോ ഒരു പബ്ലിക്ക് സർവൻറിനാൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറിൻെറ അധികാരങ്ങൾ നിയമാനുസൃതം പ്രയോഗിക്കുന്നതിനോ ചെയ്തിട്ടുള്ള എന്തിനാലെങ്കിലും ഉണ്ടാക്കപ്പെട്ടതോ ആണെങ്കിലോ,

സ്വരക്ഷാവകാശത്തിൻെറ നിയമാനുസൃതമായ പ്രയോഗത്തിൽ ഉണ്ടാക്കപ്പെട്ടതാണെങ്കിലോ,

ഈ വകുപ്പ് പ്രകാരമുള്ള ഒരു കുററത്തിനുള്ള ശിക്ഷയെ ലഘൂകരിക്കുകയില്ല.

ആ പ്രകോപനം കുററം ലഘൂകരിക്കുവാൻ മതിയായവിധം ഗുരുവായതും പെട്ടെന്നുണ്ടായതുമായിരുന്നുവോ എന്നുള്ളത് ഒരു വസ്തുതാ പ്രശ്നമാകുന്നു.

353. പബ്ലിക്ക് സർവൻറ് തൻെറ കർത്തവ്യത്തിൽ നിന്ന് ഭയന്ന് പിൻതിരിയുവാൻ വേണ്ടിയുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.—ഒരു പബ്ലിക്ക് സർവൻറായ ഏതെങ്കിലും ആളുടെ നേരെ, അയാാം അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് എന്ന നിലയിൽ അയാളുടെ കർത്തവ്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻറ് എന്ന നിലയിൽ അയാളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽനിന്ന് അയാളെ തടയുകയോ അയാാം ഭയന്ന് പിൻതിരിയുവാൻ ഇടയാക്കുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള പബ്ലിക്ക് സർവൻെറന്ന നിലയിൽ അയാളുടെ നിയമാനുസൃതമായ കർത്തവ്യനിർവ്വഹണത്തിൽ അയാാം ചെയ്തതോ ചെയ്യുവാൻ ശ്രമിച്ചതോ ആയ എന്തിൻേറയെങ്കിലും അനന്തരഫലമായോ കൈയേററം നടത്തുകയോ കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

354. സ്ത്രീയെ മാനഭംഗപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവളുടെ നേരെ നടത്തുന്ന കൈയേററമോ കുററകരമായ ബലപ്രയോഗമോ.—ഏതെങ്കിലും സ്ത്രീയെ മാനഭംഗപ്പെടുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അവളുടെ നേരെ കൈയേററം നടത്തുകയോ കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്നതുവഴി ആ സ്ത്രീയെ താൻ മാനഭംഗപ്പെടുത്തുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ, അങ്ങനെ കൈയേററം നടത്തുകയോ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

355. ഗുരുവായ പ്രകോപനത്തിൻമേലല്ലാതെ ഒരാളെ അനാദരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടു നടത്തുന്ന കൈയേററമോ കുററകരമായ ബലപ്രയോഗമോ.—ഏതെങ്കിലും ആളുടെ നേരെ കൈയേററം നടത്തുകയോ കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്നതുവഴി അയാളെ അനാദരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അയാാം നല്കിയ ഗുരുവായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേലല്ലാതെ അങ്ങനെ കൈയേററം നടത്തുകയോ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

356. ഒരാാം വഹിക്കുന്ന വസ്തു മോഷണം നടത്തുവാൻ ശ്രമിക്കുന്നതിലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.—ഏതെങ്കിലും ആളുടെ നേരെ, അയാാം അപ്പോാം ധരിച്ചിരിക്കുന്നതോ വഹിച്ചിരിക്കുന്നതോ ആയ ഏതെങ്കിലും വസ്തു മോഷണം നടത്തുവാൻ ശ്രമിക്കുന്നതിൽ കൈയേററം നടത്തുകയോ, കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

357. ഒരാളെ അന്യായമായി തടഞ്ഞുവയ്ക്കുവാൻ ശ്രമിക്കുന്നതിലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.—ഏതെങ്കിലും ആളെ അന്യായമായി തടഞ്ഞുവയ്ക്കുവാൻ ശ്രമിക്കുന്നതിനിടയിൽ അയാളുടെ നേരെ കൈയേററം നടത്തുകയോ കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

358. ഗുരുവായ പ്രകോപനത്തിൻമേലുള്ള കൈയേററമോ കുററകരമായ ബലപ്രയോഗമോ.—ഏതെങ്കിലും ആളുടെ നേരെ അയാാം നല്കിയ ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്തിൻമേൽ കൈയേററം നടത്തുകയോ കുററകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—ഒടുവിൽ പറഞ്ഞ വകുപ്പ്, 352-ാം വകുപ്പ് ഏത് വിശദീകരണത്തിന് വിധേയമാണോ അതേ വിശദീകരണത്തിന് വിധേയമാകുന്നു.

## ആാംമോഷണത്തേയും ആളപഹരണത്തേയും അടിമത്തത്തേയും നിർബന്ധിച്ചു തൊഴിൽ ചെയ്യിക്കലിനേയും കുറിച്ച്

359. ആാംമോഷണം.—ആാംമോഷണം രണ്ടുവിധത്തിൽ ആകുന്നു: ഇൻഡ്യയിൽനിന്നുള്ള ആാംമോഷണവും നിയമാനുസൃത രക്ഷാകർത്തൃത്വത്തിൽ നിന്നുള്ള ആാംമോഷണവും.

360. ഇൻഡ്യയിൽ നിന്നുള്ള ആാംമോഷണം.—ഏതെങ്കിലും ആളെ, അയാളുടേയോ അല്ലെങ്കിൽ അയാാംക്കുവേണ്ടി സമ്മതം നല്കുവാൻ നിയമപ്രകാരം പ്രാധികാരം നല്കിയിട്ടുള്ള വല്ല ആളുടേയോ സമ്മതം കൂടാതെ, ഇൻഡ്യയുടെ അതിർത്തികാംക്ക് പുറത്തുകൊണ്ടുപോകുന്ന ഏതൊരാളും അയാളെ ഇൻഡ്യയിൽനിന്ന് ആാംമോഷണം ചെയ്യുന്നതായി പറയപ്പെടുന്നു.

361. നിയമാനുസൃത രക്ഷാകർത്തൃത്വത്തിൽ നിന്നുള്ള ആാംമോഷണം.—ആണ് ആണെങ്കിൽ പതിനാറു വയസ്സിനു താഴെയും, പെണ്ണ് ആണെങ്കിൽ പതിനെട്ടു വയസ്സിനു താഴെയും പ്രായമുള്ള ഏതെങ്കിലും മൈനറേയോ, അല്ലെങ്കിൽ ചിത്തഭ്രമമുള്ള ഏതെങ്കിലും ആളേയോ, അങ്ങനെയുള്ള മൈനറുടേയോ ചിത്തഭ്രമമുള്ള ആളുടേയോ നിയമാനുസൃത രക്ഷാകർത്താവിന്റെ സൂക്ഷിപ്പിൽനിന്ന് അങ്ങനെയുള്ള രക്ഷാകർത്താവിന്റെ സമ്മതം കൂടാതെ കൂട്ടിക്കൊണ്ടുപോവുകയോ വശീകരിച്ചുകൊണ്ടുപോവുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള മൈനറേയോ ആളേയോ നിയമാനുസൃതരക്ഷാകർത്തൃത്വത്തിൽ നിന്ന് ആാം മോഷണം ചെയ്യുന്നതായി പറയപ്പെടുന്നു.

വിശദീകരണം.—ഈ വകുപ്പിലെ "നിയമാനുസൃതരക്ഷാകർത്താവ്" എന്ന വാക്കിൽ അങ്ങനെയുള്ള മൈനറുടേയോ മററാളുടേയോ മേൽനോട്ടമോ കസ്ററഡിയോ നിയമാനുസൃതമായി ഭരമേല്പിച്ചിട്ടുള്ള ഏതാളും ഉാംപ്പെടുന്നു.

അപവാദം.—നിയമവിരുദ്ധമായ വേഴ്ചയിൽനിന്നുണ്ടായ ഒരു കുട്ടിയുടെ പിതാവാണ് താൻ എന്ന് ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കുട്ടിയുടെ നിയമാനുസൃതമായ കസ്റ്റഡിക്ക് താൻ അവകാശിയാണെന്ന് ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളുടെ കൃത്യത്തിന്, അങ്ങനെയുള്ള കൃത്യം അസാൻമാർഗ്ഗികമോ നിയമവിരുദ്ധമോആയ ഒരു ആവശ്യത്തിനായി ചെയ്തതല്ലാത്തപക്ഷം, ഈ വകുപ്പ് ബാധകമാകുന്നതല്ല.

362. ആളപഹരണം.—ഏതെങ്കിലും ആളെ ഏതെങ്കിലും സ്ഥലത്തുനിന്ന് പോകുന്നതിന് ബലം ഉപയോഗിച്ച് നിർബന്ധിക്കുകയോ അല്ലെങ്കിൽ കബളിപ്പിക്കുന്ന ഏതെങ്കിലും മാർഗ്ഗേണ പ്രചോദിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആ ആളെ ആളപഹരണം ചെയ്യുന്നതായി പറയപ്പെടുന്നു.

363. ആളാപഹരണത്തിനുള്ള ശിക്ഷ.—ഏതെങ്കിലും ആളെ ഇൻഡ്യയിൽ നിന്നോ അല്ലെങ്കിൽ നിയമാനുസൃതരക്ഷാകർത്തൃത്വത്തിൽ നിന്നോ ആളാപഹരണം ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

363 ക. ഭിക്ഷ യാചിക്കുന്നതിനുവേണ്ടി ഒരു മൈനറെ ആളാപഹരണം ചെയ്യുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നത്.—(1) ഏതെങ്കിലും മൈനറെ ഭിക്ഷ യാചിക്കലിന്റെ ആവശ്യങ്ങൾക്കായി നിയോജിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി അങ്ങനെയുള്ളമൈനറെ ആളാപഹരണം ചെയ്യുകയോ അല്ലെങ്കിൽ ആ മൈനറുടെ നിയമാനുസൃതരക്ഷാകർത്താവ് അല്ലാതിരിക്കെ മൈനറുടെ കസ്റ്റഡി കരസ്ഥമാക്കുകയോ ചെയ്യുന്നഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

(2) ഏതെങ്കിലും മൈനറെ ഭിക്ഷ യാചിക്കലിന്റെ ആവശ്യങ്ങൾക്കായി നിയോജിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി, അങ്ങനെയുള്ള മൈനറെ അംഗഭംഗപ്പെടുത്തുന്ന ഏതൊരാളും ജീവപര്യന്തത്തടവു ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

(3) ഏതെങ്കിലും ആൾ ഒരു മൈനറുടെ നിയമാനുസൃതരക്ഷാകർത്താവ് അല്ലാതിരിക്കെ ഭിക്ഷ യാചിക്കലിന്റെ ആവശ്യങ്ങൾക്കായി അങ്ങനെയുള്ള മൈനറെ നിയോജിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുമ്പോൾ ഭിക്ഷ യാചിക്കലിന്റെ ആവശ്യങ്ങൾക്കായി നിയോജിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുവേണ്ടി അയാൾ ആ മൈനറെ ആളാപഹരണം ചെയ്യുകയോ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ആ മൈനറുടെ കസ്റ്റഡി കരസ്ഥമാക്കുകയോ ചെയ്തിരിക്കുന്നുവെന്ന്, വിപരീതമായത് തെളിയിക്കാത്തപക്ഷം, അനുമാനിക്കപ്പെടേണ്ടതാകുന്നു.

(4) ഈ വകുപ്പിൽ,—

(ക) "ഭിക്ഷയാചിക്കൽ" എന്നാൽ—

(i) പാടുകയോ നൃത്തം ചെയ്യുകയോ ഭാഗ്യം പറയുകയോ ജാലവിദ്യ കാണിക്കുകയോ സാധനങ്ങൾ വില്ക്കുകയോ ചെയ്യുന്നു എന്ന ഭാവേനയോ മററു വിധത്തിലോ ഒരു പൊതുസ്ഥലത്ത് ഭിക്ഷ അർത്ഥിക്കുകയോ സ്വീകരിക്കുകയോ ചെയ്യൽ;

(ii) ഭിക്ഷ അർത്ഥിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും സ്വകാര്യ പരിസരങ്ങളിൽ പ്രവേശിക്കൽ;

(iii) ഭിക്ഷ ലഭിക്കുകയോ ഭയപ്പെടുത്തി വാങ്ങുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി തന്റേയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളുടേയോ ഒരു ജന്തുവിന്റേയോ ഏതെങ്കിലും വ്രണമോ ക്ഷതമോ ക്ഷതിയോ അംഗവൈകല്യമോ രോഗമോ തുറന്നുകാട്ടുകയോ പ്രദർശിപ്പിക്കുകയോ ചെയ്യൽ ;

(iv) ഭിക്ഷ അർത്ഥിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതിനു ഒരു മൈനറെ ഒരു പ്രദർശന വസ്തുവായി ഉപയോഗിക്കൽ;

എന്നർത്ഥമാകുന്നു.

(ഖ) ''മൈനർ'' എന്നാൽ—

(i) ആണിന്റെ കാര്യത്തിൽ പതിനാറു വയസ്സിൽ താഴെ പ്രായമുള്ള ഒരാൾ എന്നും;

(ii) പെണ്ണിന്റെ കാര്യത്തിൽ പതിനെട്ടു വയസ്സിൽ താഴെ പ്രായമുള്ള ഒരാൾ എന്നും,

അർത്ഥമാകുന്നു.

364. **കൊലചെയ്യുന്നതിനുവേണ്ടി ആൾ മോഷണമോ ആളപഹരണമോ ചെയ്യുന്നത്.—** ഏതെങ്കിലും ആൾ കൊലചെയ്യപ്പെടുന്നതിനുവേണ്ടിയോ കൊലചെയ്യപ്പെടുക എന്ന അപായത്തിൽ പെടത്തക്കവിധം അയാളെ വിട്ടിട്ട് പോകുന്നതിനുവേണ്ടിയോ, ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തതടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് കഠിനതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കു കൂടി അർഹനാകുന്നതുമാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ക യ യെ ഒരു വിഗ്രഹത്തിനു കുരുതി കൊടുക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ കൊടുക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ഇൻഡ്യയിൽനിന്ന് അയാളെ ആൾമോഷണം ചെയ്യുന്നു. ഈ വകുപ്പിൽ നിർവ്വചിച്ച കുററം ക ചെയ്തിരിക്കുന്നു.

(ഖ) ക,ഖ കൊലചെയ്യപ്പെടുന്നതിനുവേണ്ടി അയാളുടെ ഗൃഹത്തിൽനിന്ന് ബലാൽക്കാരമായി കൊണ്ടുപോവുകയോ വശീകരിച്ചുകൊണ്ടുപോവുകയോ ചെയ്യുന്നു. ഈ വകുപ്പിൽ നിർവ്വചിച്ച കുററം ക ചെയ്തിരിക്കുന്നു.

365. **ഒരാളെ രഹസ്യമായും അന്യായമായും തടഞ്ഞുവയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടി ആൾമോഷണമോ ആളപഹരണമോ ചെയ്യുന്നത്.—** ഏതെങ്കിലും ആൾ രഹസ്യമായും അന്യായമായും തടഞ്ഞുവയ്ക്കപ്പെടുവാൻ ഇടയാക്കണമെന്ന ഉദ്ദേശത്തോടുകൂടി അയാളെ ആളപഹരണമോ ആൾമോഷണമോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

366. ഒരു സ്ത്രീയെ അവളുടെ വിവാഹത്തിന് നിർബന്ധിക്കുന്നതിനോ മറ്റോ വേണ്ടി ആളപഹരണമോ ആൾ മോഷണമോ ചെയ്യുകയോ പ്രചോദിപ്പിക്കുകയോ ചെയ്യുന്നത്.— ഏതെങ്കിലും സ്ത്രീ, അവളുടെ ഇച്ഛക്കെതിരായി ഏതെങ്കിലും ആളെ വിവാഹം ചെയ്യുന്നതിന് നിർബന്ധിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടിയോ, നിർബന്ധിക്കപ്പെടുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അല്ലെങ്കിൽ അവൾ അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുന്നതിനുവേണ്ടിയോ അല്ലെങ്കിൽ അവൾ അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അവളെ ആൾ മോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്; കൂടാതെ ഏതെങ്കിലും സ്ത്രീ മറ്റൊരാളുമായി അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ആ സ്ത്രീയെ ഈ നിയമസംഹിതയിൽ നിർവ്വചിച്ചപ്രകാരമുള്ള കുററകരമായ ഭയപ്പെടുത്തലോ പ്രാധികാരത്തിന്റെ ദുർവിനിയോഗമോ മറേറതെങ്കിലും തരത്തിലുള്ള നിർബദ്ധമോ വഴിയായി, ഏതെങ്കിലും സ്ഥലത്തുനിന്ന് പോകുന്നതിന് പ്രചോദിപ്പിക്കുന്ന ഏതൊരാളും കൂടി മുകളിൽ പറഞ്ഞവിധം ശിക്ഷിക്കപ്പെടുന്നതാകുന്നു.

366 ക. മൈനറായ പെൺകുട്ടിയെ സമ്പാദിച്ചുകൊടുക്കൽ.— പതിനെട്ടു വയസ്സിന് താഴ പ്രായമുള്ള മൈനറായ ഏതെങ്കിലും പെൺകുട്ടി മറ്റൊരാളുമായി അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ, നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, അവളെ ഏതെങ്കിലും സ്ഥലത്തുനിന്ന് പോകുന്നതിനോ, ഏതെങ്കിലും കൃത്യം ചെയ്യുന്നതിനോ, ഏതെങ്കിലും മാർഗ്ഗത്തിലൂടെ, അതു എന്തുതന്നെയായാലും പ്രചോദിപ്പിക്കുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

366 ഖ. വിദേശരാജ്യത്തുനിന്ന് പെൺകുട്ടിയെ കൊണ്ടുവരുന്നത്.— ഇരുപത്തൊന്നു വയസ്സിനു താഴെ പ്രായമുള്ള ഏതെങ്കിലും പെൺകുട്ടി മറ്റൊരാളുമായി അവിഹിതസംഗത്തിന് നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ നിർബന്ധിക്കപ്പെടുകയോ പ്രലോഭിപ്പിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അവളെ ഇൻഡ്യയ്ക്കു പുറത്തുള്ള ഏതെങ്കിലും രാജ്യത്തുനിന്നോ ജമ്മു-കാശ്മീർ സ്റേററിൽ നിന്നോ ഇൻഡ്യയിലേയ്ക്ക് കൊണ്ടുവരുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

367. ഒരാളെ കഠിനമായ ദേഹോപദ്രവത്തിനോ അടിമത്തത്തിനോ മറ്റോ വിധേയമാക്കുവാൻ വേണ്ടി ആൾ മോഷണമോ ആളപഹരണമോ ചെയ്യുന്നത്.— ഏതെങ്കിലും ആളെ കഠിനമായ ദേഹോപദ്രവത്തിനോ അടിമത്തത്തിനോ ഏതെങ്കിലും ആളുടെ പ്രകൃതി വിരുദ്ധമായ കാമാസക്തിക്കോ വിധേയമാക്കുന്നതിനുവേണ്ടിയോ അയാൾ അങ്ങനെ വിധേയനാക്കപ്പെടുക എന്ന

അപായത്തിൽപെടത്തക്കവിധം അയാളെ വിട്ടിട്ടുപോകുന്നതിനുവേണ്ടിയോ അല്ലെങ്കിൽ അയാളെ അങ്ങനെ വിധേയനാക്കുകയോ വിട്ടിട്ടുപോവുകയോ ചെയ്യാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുക്കൂടി അർഹനാകുന്നതും ആണ്.

368. ആൾമോഷണമോ ആളപഹരണമോ ചെയ്യപ്പെട്ട ആളെ അന്യായമായി ഒളിച്ചുവയ്ക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത്.— ഏതെങ്കിലും ആൾ, ആൾമോഷണം ചെയ്യപ്പെടുകയോ ആളപഹരണം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെയുള്ള ആളെ അന്യായമായി ഒളിച്ചുവയ്ക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഏത് ഉദ്ദേശത്തോടോ അറിവോടുകൂടിയോ അല്ലെങ്കിൽ ഏത് ആവശ്യത്തിനുവേണ്ടിയോ ആണ് അയാൾ അങ്ങനെയുള്ള ആളെ ഒളിച്ചുവയ്ക്കുകയോ തടങ്കലിൽ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നത്, അതേ ഉദ്ദേശത്തോടോ അറിവോടോ കൂടിയോ അല്ലെങ്കിൽ അതേ ആവശ്യത്തിനുവേണ്ടിയോ അങ്ങനെയുള്ള ആളെ, അയാൾ ആൾമോഷണമോ ആളപഹരണമോ ചെയ്തിരുന്നാൽ ഏതു രീതിയിൽ ശിക്ഷിക്കപ്പെടുമായിരുന്നുവൊ അതേ രീതിയിൽ ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

369. പത്തുവയസ്സിനു താഴെ പ്രായമുള്ള കുട്ടിയെ, അതിന്റെ ദേഹത്തുനിന്നും മോഷ്ടിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി ആൾമോഷണമോ ആളപഹരണമോ ചെയ്യുന്നത്.— പത്തുവയസ്സിനുതാഴെ പ്രായമുള്ള ഏതെങ്കിലും കുട്ടിയുടെ ദേഹത്തു നിന്ന് ഏതെങ്കിലും ജംഗമവസ്തു നേരുകേടായി എടുക്കണമെന്ന ഉദ്ദേശത്തോടുകൂടി ആ കുട്ടിയെ ആൾമോഷണമോ ആളപഹരണമോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

370. ഏതെങ്കിലും ആളെ ഒരു അടിമയായി വിലയ്ക്കു വാങ്ങുകയോ കൈയൊഴിക്കുകയോ ചെയ്യുന്നത്.— ഏതെങ്കിലും ആളെ അടിമയായി ഇറക്കുമതി ചെയ്യുകയോ കയററുമതി ചെയ്യുകയോ നീക്കം ചെയ്യുകയോ വിലയ്ക്കു വാങ്ങുകയോ വില്ക്കുകയോ കൈയൊഴിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആളെ അയാളുടെ ഇച്ഛയ്ക്കെതിരായി അടിമയായി സ്വീകരിക്കുകയോ കൈപ്പററുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

371. പതിവായുള്ള അടിമവ്യാപാരം.— അടിമകളെ പതിവായി ഇറക്കുമതിചെയ്യുകയോ കയററുമതി ചെയ്യുകയോ നീക്കം ചെയ്യുകയോ വിലയ്ക്കു വാങ്ങുകയോ വില്ക്കുകയോ അടിമക്കച്ചവടം ചെയ്യുകയോ അടിമവ്യാപാരം നടത്തുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

372. മൈനറെ വേശ്യാവൃത്തിയ്ക്കും മററും വേണ്ടി വില്ക്കുന്നത്.— പതിനെട്ടുവയസ്സിന് താഴെ പ്രായമുള്ള ഏതെങ്കിലും ആൾ വേശ്യാവൃത്തിയുടെയോ മറെറന്തെങ്കിലും ആളുമായുള്ള അവിഹിതസംഗത്തിന്റെയോ

അല്ലെങ്കിൽ നിയമവിരുദ്ധവും അസാൻമാർഗ്ഗികവുമായ ഏതെങ്കിലും കാര്യത്തിന്റേയോ ആവശ്യത്തിനായി ഏതെങ്കിലും പ്രായത്തിൽ നിയോജിക്കപ്പെടണമെന്നോ ഉപയോഗിക്കപ്പെടണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടിയോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾ ഏതെങ്കിലും പ്രായത്തിൽ അങ്ങനെയുള്ള ഏതെങ്കിലും ആവശ്യത്തിനായി നിയോജിക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ആ ആളെ വില്ക്കുകയോ കൂലിക്ക് കൊടുക്കുകയോ മററു വിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്ന ഏതൊരാളും, പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

**വിശദീകരണം 1.—** ഒരു വേശ്യയ്ക്കോ, ഒരു വേശ്യാലായം വച്ചുപോരുകയോ നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആൾക്കോ, പതിനെട്ടുവയസ്സിന് താഴെ പ്രായമുള്ള ഒരു പെണ്ണിനെ വില ക്കുകയോ കൂലിക്ക് കൊടുക്കുകയൊ മററു വിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള പെണ്ണിനെ അപ്രകാരം കൈയൊഴിക്കുന്ന ആൾ, അവൾ വേശ്യാവൃത്തിക്കുവേണ്ടി ഉപയോഗിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടിഅവളെ കൈയൊഴിച്ചതായി, വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കപ്പെടേണ്ടതാകുന്നു.

**വിശദീകരണം 2.—** ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് "അവിഹിതസംഗം" എന്നാൽ ഏതാളുകളാണോ വിവാഹത്താലോ അല്ലെങ്കിൽ അവരുടെ സമുദായത്തിലേയോ, അവർ വ്യത്യസ്ത സമുദായത്തിൽപ്പെട്ടവരാണെങ്കിൽ അങ്ങനെയുള്ള രണ്ടുസമുദായത്തിലേയുമോ വ്യക്തിനിയമമോ ആചാരമോ അവർ തമ്മിൽ ഒരു വിവാഹ സദൃശബന്ധമുണ്ടാക്കുന്നതായി അംഗീകരിക്കുന്ന ഏതെങ്കിലും വേഴ്ചയാലോ ബന്ധത്താലോ, അതു ഒരു വിവാഹമാകുന്നില്ലെങ്കിലും, ബന്ധപ്പെടാത്തത്, അങ്ങനെയുള്ള ആളുകൾ തമ്മിലുള്ള ലൈംഗികസംഗം എന്നർത്ഥമാകുന്നു.

373. <u>മൈനറെ വേശ്യാവൃത്തിയ്ക്കും മററും വേണ്ടി വിലയ്ക്കു വാങ്ങുന്നത്.</u>— പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള ഏതെങ്കിലും ആൾ വേശ്യാവൃത്തിയുടേയോ മറേറതെങ്കിലും ആളുമായുള്ള അവിഹിതസംഗത്തിന്റേയോ അല്ലെങ്കിൽ നിയമവിരുദ്ധവും അസാൻമാർഗ്ഗികവുമായ ഏതെങ്കിലും കാര്യത്തിന്റേയോ ആവശ്യത്തിനായി ഏതെങ്കിലും പ്രായത്തിൽ നിയോഗിക്കപ്പെടണമേന്നോ ഉപയോഗിക്കപ്പെടണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആൾ ഏതെങ്കിലും പ്രായത്തിൽ അങ്ങനെയുള്ള ആവശ്യത്തിനായി നിയോജിക്കപ്പെടുകയോ ഉപയോഗിക്കപ്പെടുകയോ ചെയ്യുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, ആ ആളെ വിലയ്ക്ക് വാങ്ങുകയോ കൂലിക്കു എടുക്കുകയോ മററുവിധത്തിൽ കൈവശമാക്കുകയോ ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

വിശദീകരണം 1.—പതിനെട്ടുവയസ്സിനു താഴെ പ്രായമുള്ള ഒരു പെണ്ണിനെ വിലയ്ക്കു വാങ്ങുകയോ, കൂലിക്കെടുക്കുകയോ മററുവിധത്തിൽ കൈവശമാക്കുകയോ ചെയ്യുന്ന ഒരു വേശ്യയോ അല്ലെങ്കിൽ ഒരു വേശ്യാലയം വച്ചുപോരുകയോ നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആളോ, അങ്ങനെയുള്ള പെണ്ണിനെ വേശ്യാവൃത്തിയുടെ ആവശ്യത്തിനായി ഉപയോഗിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി കൈവശമാക്കിയതായി, വിപരീതമായത് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം 2.—'അവിഹിതസംഗം' എന്നതിന് 372-ാം വകുപ്പിലെ അതേ അർത്ഥം തന്നെയാണുള്ളത്.

374. നിയമവിരുദ്ധമായി നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കൽ.—ഏതെങ്കിലും ആളെ അയാളുടെ ഇച്ഛക്കെതിരായി തൊഴിൽ ചെയ്യുവാൻ നിയമവിരുദ്ധമായി നിർബന്ധിക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## ബലാൽസംഗത്തെക്കുറിച്ച്

375. ബലാൽസംഗം.—ബലാൽസംഗത്തെക്കുറിച്ച് ഇതിൽ താഴെ ഒഴിവാക്കിയിട്ടുള്ള സംഗതിയിലൊഴികെ താഴെ കാണുന്ന അഞ്ചു വിവരണങ്ങളിൽ ഏതിന്റേയെങ്കിലും കീഴിൽ വരുന്ന പരിത:സ്ഥിതികളിൽ ഒരു സ്ത്രീയുമായി ലൈംഗിക സംഗംചെയ്യുന്ന ഒരു പുരുഷൻ "ബലാൽസംഗം" ചെയ്യുന്നതായി പറയപ്പെടുന്നു.

ഒന്നാമത്.—അവളുടെ ഇച്ഛക്കെതിരായി.

രണ്ടാമത്.—അവളുടെ സമ്മതം കൂടാതെ.

മൂന്നാമത്.—അവളുടെ സമ്മതത്തോടുകൂടി, അവളുടെ സമ്മതം അവൾക്ക് മരണമോ ദേഹോപദ്രവമോ ഉണ്ടാകുമെന്ന ഭയം ഉളവാക്കി നേടിയതാകുമ്പോൾ.

നാലാമത്.—അവളുടെ സമ്മതത്തോടുകൂടി, ആ പുരുഷൻ, താൻ അവളുടെ ഭർത്താവല്ലെന്നും അവളെ നിയമപ്രകാരം വിവാഹം ചെയ്തിരിക്കുകയോ ചെയ്തിട്ടുള്ളതായി അവൾ വിശ്വസിക്കുകയോ ചെയ്യുന്ന മറ്റൊരാളാണ് താനെന്ന് വിശ്വസിക്കുന്നതുകൊണ്ടാണ് അവൾ സമ്മതം നല്കിയിട്ടുള്ളതെന്നും അറിയുമ്പോൾ.

അഞ്ചാമത്.—അവളുടെ സമ്മതത്തോടുകൂടിയോ സമ്മതം കൂടാതെയോ അവൾ പതിനാറു വയസ്സിന് താഴെ പ്രായമുള്ളവളാകുമ്പോൾ.

വിശദീകരണം.—ബലാൽസംഗകുററത്തിന് ആവശ്യമായ ലൈംഗികസംഗം ആകുവാൻ അന്ത:പ്രവേശം മതിയാകുന്നതാണ്.

അപവാദം.—ഒരു പുരുഷൻ, തന്റെ ഭാര്യയുമായി, ഭാര്യ പതിനഞ്ചു വയസ്സിനു താഴെ പ്രായമുള്ളവളല്ലാതിരിക്കെ, ലൈംഗികസംഗത്തിലേർപ്പെടുന്നത് ബലാൽസംഗമല്ല.

**376.** ബലാൽസംഗത്തിനുള്ള ശിക്ഷ.— ബലാൽസംഗം ചെയ്യുന്ന ഏതൊരാളും ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീ സ്വന്തം ഭാര്യയും പന്ത്രണ്ടുവയസ്സിനു താഴെ പ്രായമുള്ളവളല്ലാത്തവളും ആകാത്തപക്ഷം ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, അങ്ങനെ ആകുന്ന പക്ഷം രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതുമാകുന്നു.

### പ്രകൃതിവിരുദ്ധമായ കുററങ്ങളെക്കുറിച്ച്

**377.** പ്രകൃതിവിരുദ്ധമായ കുററങ്ങൾ.—പ്രകൃതിവ്യവസ്ഥയ്ക്കു വിരുദ്ധമായി ഏതെങ്കിലും പുരുഷനുമായോ സ്ത്രീയുമായോ ജന്തുവുമായോ സ്വേച്ഛയാ വൈഷയികസംഗം ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കോ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിൽ വിവരിച്ചിട്ടുള്ള കുററത്തിന് ആവശ്യമായ വൈഷയികസംഗം ആകുവാൻ അന്തഃപ്രവേശം മതിയാകുന്നതാണ്.

## അദ്ധ്യായം XVII

# വസ്തുവിന് എതിരായ കുററങ്ങളെക്കുറിച്ച്

### മോഷണത്തെക്കുറിച്ച്

**378.** മോഷണം.—ഏതെങ്കിലും ആളുടെ കൈവശത്തിൽനിന്ന് ആ ആളുടെ സമ്മതംകൂടാതെ ഏതെങ്കിലും ജംഗമവസ്തു നേരുകേടായി എടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അങ്ങനെ എടുക്കുന്നതിനുവേണ്ടി ആ വസ്തു നീക്കുന്ന ഏതൊരാളും മോഷണം നടത്തുന്നതായി പറയപ്പെടുന്നു.

വിശദീകരണം 1.—ഒരു സാധനം ഭൂബദ്ധമായിട്ടുള്ളിടത്തോളംകാലം ജംഗമവസ്തു അല്ലാത്തതുകൊണ്ട് അതു മോഷണത്തിനു വിഷയമാകുന്നതല്ല. എന്നാൽ അത് ഭൂമിയിൽനിന്ന് വേർപെടുത്തിയാലുടൻ മോഷണത്തിന് വിഷയമാകുവാൻ കഴിവുള്ളതായിത്തീരുന്നു.

വിശദീകരണം 2.—വേർപെടുത്തൽ ഉളവാക്കുന്ന അതേ കൃത്യത്താൽ ഉളവാകുന്ന നീക്കം മോഷണമാകാവുന്നതാണ്.

വിശദീകരണം 3.—ഒരാൾ ഒരു സാധനം നീങ്ങുന്നതിന് തടസ്സമായി നിന്ന ഒരു പ്രതിബന്ധം നീക്കം ചെയ്യുകയോ അല്ലെങ്കിൽ മറേറതെങ്കിലും സാധനത്തിൽനിന്ന് വേർപെടുത്തുകയോ ചെയ്യുന്നതിനാൽ അത് യഥാർത്ഥത്തിൽ നീക്കിയാലെന്നതുപോലെ അത് നീങ്ങുന്നതിന് ഇടയാക്കുന്നതായി പറയപ്പെടുന്നു.

വിശദീകരണം 4.—ഏതെങ്കിലും മാർഗ്ഗത്തിൽ ഒരു ജന്തുവിനെ നീങ്ങുവാൻ ഇടയാക്കുന്ന ഒരാൾ ആ ജന്തുവിനെ നീക്കുന്നതായും അപ്രകാരം ഇടയാക്കിയ നീക്കത്തിന്റെ അനന്തരഫലമായി ആ ജന്തുവിനാൽ നീക്കപ്പെടുന്ന എല്ലാ സാധനങ്ങളും നീക്കുന്നതായും പറയപ്പെടുന്നു.

വിശദീകരണം 5.—ഈ നിർവ്വചനത്തിൽ പറഞ്ഞിട്ടുള്ള സമ്മതം പ്രകടമോ വ്യംഗ്യമോ ആയിരിക്കാവുന്നതും, അത്, കൈവശക്കാരനാലോ അല്ലെങ്കിൽ ആ ആവശ്യത്തിലേക്ക് പ്രകടമോ വ്യംഗ്യമോ ആയ പ്രാധികാരമുള്ള ഏതെങ്കിലും ആളാലോ നല്കപ്പെടാവുന്നതുമാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ക, യ-യുടെ ഭൂമിയിലുള്ള ഒരു വൃക്ഷം യ-യുടെ കൈവശത്തിൽനിന്ന് യ-യുടെ സമ്മതംകൂടാതെ ആ വൃക്ഷം നേരുകേടായി എടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുറിച്ചിടുന്നു. ഇവിടെ, അങ്ങനെ എടുക്കുന്നതിനായി വൃക്ഷം മുറിച്ച് വേർപെടുത്തിയപ്പോൾത്തന്നെ ക മോഷണം നടത്തിയിരിക്കുന്നു.

(ഖ) ക, നായ്കൾക്ക് കൊതി ഉളവാക്കുന്ന സാധനം തന്റെ പാക്കററിലിടുകയും അങ്ങനെ അതിനെ പിൻതുടരുവാൻ ക, യ-യുടെ നായെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ഇവിടെ യ-യുടെ സമ്മതംകൂടാതെ യ-യുടെ കൈവശത്തിൽനിന്ന് നായെ നേരുകേടായി എടുക്കണമെന്നുള്ളതാണ് ക-യുടെ ഉദ്ദേശമെങ്കിൽ, യ-യുടെ നായ് ക-യെ പിൻതുടരുവാൻ ആരംഭിച്ചപ്പോൾത്തന്നെ ക മോഷണം നടത്തിയിരിക്കുന്നു.

(ഗ) ക, നിധി അടങ്ങിയ ഒരു പെട്ടി വഹിക്കുന്ന ഒരു കാളയെ കാണുന്നു. നേരുകേടായി നിധി എടുക്കുന്നതിനുവേണ്ടി അയാൾ കാളയെ ഒരു പ്രത്യേക ദിക്കിലേക്ക് ഓടിക്കുന്നു. കാള നീങ്ങുവാൻ ആരംഭിച്ചപ്പോൾത്തന്നെ ക നിധി മോഷണം നടത്തിയിരിക്കുന്നു.

(ഘ) യ-യുടെ ഭൃത്യനും യ-യുടെ തളിക സൂക്ഷിക്കുവാൻ യ ചുമതലപ്പെടുത്തിയവനുമായ ക, യ-യുടെ സമ്മതംകൂടാതെ നേരുകേടായി തളികയുംകൊണ്ട് ഓടിപ്പോകുന്നു. ക മോഷണം നടത്തിയിരിക്കുന്നു.

(ങ) യാത്ര പോകുന്ന യ, താൻ തിരിച്ചുവരുന്നതുവരെയുള്ള തന്റെ തളികയുടെ ചുമതല ഒരു പണ്ടകശാല സൂക്ഷിപ്പുകാരനായ ക-യെ ഏല്പിക്കുന്നു. ക തളിക ഒരു സ്വർണ്ണപ്പണിക്കാരന്റെ അടുത്തു കൊണ്ടുചെന്ന് വില്ക്കുന്നു. ഇവിടെ തളിക യ-യുടെ കൈവശത്തിലായിരുന്നില്ല. അതുകൊണ്ട് അത് യ-യുടെ കൈവശത്തിൽനിന്ന് എടുക്കുവാൻ കഴിയുമായിരുന്നില്ല. അതിനാൽ ക കുററകരമായ വിശ്വാസലംഘനം നടത്തിയിരിക്കാമെങ്കിലും മോഷണം നടത്തിയിട്ടില്ല.

(ച) ക, യ താമസിക്കുന്ന വീട്ടിലെ ഒരു മേശമേൽ യ-യുടെ വക ഒരു മോതിരം കാണുന്നു. ഇവിടെ മോതിരം യ-യുടെ കൈവശത്തിലാണ്. ക അതു നേരുകേടായി നീക്കം ചെയ്യുകയാണെങ്കിൽ ക മോഷണം നടത്തുന്നു.

(ഛ) ക ആരുടെയും കൈവശത്തിലല്ലാതെ ഒരു മോതിരം ഹൈറോഡിൽ കിടക്കുന്നതു കാണുന്നു. അത് എടുക്കുന്നതുവഴി ക വസ്തുവിന്റെ കുററകരമായ ദുർവിനിയോഗം നടത്തുന്നുണ്ടാകാമെങ്കിലും മോഷണം നടത്തുന്നില്ല.

(ജ) ക, യ യുടെ വീട്ടിൽ ഒരു മേശപ്പുറത്ത് യ യുടെ വകയായ ഒരു മോതിരം കിടക്കുന്നതു കാണുന്നു. ക, ശോധന ചെയ്യപ്പെടുകയും കണ്ടുപിടിക്കപ്പെടുകയും ചെയ്യുമെന്നു ഭയന്ന് മോതിരം ഉടനെ ദുർവിനിയോഗം ചെയ്യുവാൻ ധൈര്യപ്പെടാതെ, ആ മോതിരം ഏതു സ്ഥലത്ത് ഒളിച്ചുവച്ചാലാണോ അത് എപ്പോഴെങ്കിലും യ കണ്ടുപിടിക്കുമെന്നുള്ളത് വളരെ അസംഭാവ്യമാകുന്നത്, അങ്ങനെയുള്ള സ്ഥലത്ത് അത് നഷ്ടപ്പെട്ടു എന്നത് മറക്കുമ്പോൾ അത് ആ ഒളിച്ചുവച്ച സ്ഥലത്തുനിന്ന് എടുത്തു വില്ക്കണമെന്ന ഉദ്ദേശത്തോടുകൂടി ഒളിച്ചുവയ്ക്കുന്നു. ഇവിടെ ക മോതിരം ആദ്യമായി നീക്കുന്ന സമയത്ത് മോഷണം നടത്തുന്നു.

(ഝ) ക തന്റെ വാച്ച് സമയം ക്രമപ്പെടുത്തുവാനായി ഒരു രത്നവ്യാപാരിയായ യ യുടെ കൈയിൽ കൊടുക്കുന്നു. യ അത് തന്റെ കടയിൽ കൊണ്ടു പോകുന്നു. വാച്ച് ഒരു ഈടായി നിയമപ്രകാരം പിടിച്ചുവയ്ക്കത്തക്ക കടമൊന്നും ക രത്നവ്യാപാരിക്ക് കൊടുത്തുതീർക്കുവാൻ ഇല്ലാതിരിക്കെ, ക പരസ്യമായി കടയിൽ ചെല്ലുകയും യ യുടെ കൈയിൽനിന്ന് വാച്ച് ബലാൽക്കാരമായി എടുക്കുകയും കൊണ്ടുപോകുകയും ചെയ്യുന്നു. ഇവിടെ ക ചെയ്തത് നേരുകേടായി ചെയ്തതല്ലാത്തതുകൊണ്ട് അയാൾ കുററകരമായ വസ്തുകൈയേററവും കൈയേററവും നടത്തിയിരിക്കാമെങ്കിലും മോഷണം നടത്തിയിട്ടില്ല.

(ഞ) ക, വാച്ച് നന്നാക്കിയതിന് യ യ്ക്ക് പണം കൊടുക്കുവാൻ ഉണ്ടായിരിക്കുകയും ആ കടത്തിന് ഒരു ഈടെന്ന നിലയ്ക്ക് യ വാച്ച് നിയമാനുസൃതമായി കൈവശം വച്ചുകൊണ്ടിരിക്കുകയും ക യ്ക്ക് ആ വസ്തു തന്റെ കടത്തിനുള്ള ഒരു ഈടെന്ന നിലയിൽ ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി യ യുടെ കൈവശത്തിൽനിന്ന് എടുക്കുകയും ചെയ്യുകയാണെങ്കിൽ അത് നേരുകേടായി എടുക്കുന്നതുകൊണ്ട് മോഷണം നടത്തുന്നു.

(ട) കൂടാതെ, ക തന്റെ വാച്ച് യ യ്ക്ക് പണയം വച്ചിരിക്കെ, വാച്ചിന്റെ ഈടിൻമേൽ വാങ്ങിയ കടം തിരികെ കൊടുക്കാതേയും യ യുടെ സമ്മതം കൂടാതേയും യ യുടെ കൈവശത്തിൽനിന്ന് ക വാച്ച് എടുക്കുകയാണെങ്കിൽ സ്വന്തം വസ്തുവാണെങ്കിലും അയാൾ അത് നേരുകേടായി എടുക്കുന്നതുകൊണ്ട് മോഷണം നടത്തുന്നു.

(ഠ) ക, യ യുടെ ഒരു സാധനം അയാളുടെ സമ്മതംകൂടാതെ അയാളുടെ കൈവശത്തിൽനിന്ന് തിരിച്ചുകൊടുക്കുന്നതിന് പ്രതിഫലമായി യ യിൽനിന്ന് പണം കിട്ടുന്നതുവരെ വച്ചുകൊണ്ടിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, എടുക്കുന്നു. ഇവിടെ ക നേരുകേടായിട്ടാണ് എടുക്കുന്നത്, അതുകൊണ്ട് ക മോഷണം നടത്തിയിരിക്കുന്നു.

(ഡ) യ യുമായി സൗഹൃദത്തിൽ കഴിയുന്ന ക, യ യുടെ ഗ്രന്ഥശാലയിൽ യ ഇല്ലാത്തപ്പോൾ പോവുകയും അയാളുടെ പ്രകടമായ സമ്മതംകൂടാതെ ഒരു പുസ്തകം, വായിക്കുവാൻവേണ്ടിമാത്രവും തിരിച്ച് എത്തിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടിയും, എടുക്കുകയും ചെയ്യുന്നു. ഇവിടെ യ യുടെ പുസ്തകം ഉപയോഗിക്കുവാൻ തനിക്ക് യ യുടെ വ്യംഗ്യമായ സമ്മതമുണ്ടെന്ന് ക ധരിച്ചിട്ടുണ്ടാകാമെന്നത് സംഭാവ്യമാകുന്നു. ക യുടെ ധാരണ ഇതായിരുന്നുവെങ്കിൽ ക മോഷണം നടത്തിയിട്ടില്ല.

(ഢ) ക, യ യുടെ ഭാര്യയോട് ധർമ്മം ചോദിക്കുന്നു. അവൾ തന്റെ ഭർത്താവായ യ യുടെ വകയാണെന്ന് ക യ്ക്ക് അറിയാവുന്ന പണവും ഭക്ഷണവും വസ്ത്രവും ക യ്ക്ക് കൊടുക്കുന്നു. ഇവിടെ ഭിക്ഷ കൊടുക്കുവാൻ യ യുടെ ഭാര്യയെ അധികാരപ്പെടുത്തിയിട്ടുണ്ടെന്ന് ക ധരിക്കുന്നത്

സംഭാവ്യമാകുന്നു. ക യുടെ ധാരണ ഇതായിരുന്നുവെങ്കിൽ അയാൾ മോഷണം നടത്തിയിട്ടില്ല.

(ണ) ക, യ യുടെ ഭാര്യയുടെ ജാരനാകുന്നു. അവൾ ഭർത്താവായ യ യുടെ വകയും നല്കുവാൻ അവൾക്ക് യ യുടെ അനുമതി കിട്ടിയിട്ടില്ലാത്തതുമാണെന്ന് ക അറിയുന്ന ഒരു വിലപിടിച്ച വസ്തു കൊടുക്കുന്നു. ക ആ വസ്തു നേരുകേടായി എടുക്കുകയാണെങ്കിൽ അയാൾ മോഷണം നടത്തുന്നു.

(ത) ക, യ യുടെ വകയായ വസ്തു സ്വന്തം വസ്തുവാണെന്ന് ഉത്തമ വിശ്വാസപൂർവ്വം വിശ്വസിച്ചുകൊണ്ട് ഖ യുടെ കൈവശത്തിൽനിന്ന് എടുക്കുന്നു. ഇവിടെ ക നേരുകേടായി എടുക്കുന്നില്ലെന്നതുകൊണ്ട് അയാൾ മോഷണം നടത്തുന്നില്ല.

379. മോഷണത്തിനുള്ള ശിക്ഷ.—മോഷണം നടത്തുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

380. വാസഗൃഹത്തിലോ മറ്റോ വച്ചുള്ള മോഷണം.—മനുഷ്യവാസസ്ഥലമായി ഉപയോഗിക്കുന്നതോ വസ്തു സൂക്ഷിപ്പിനായി ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ മോഷണം നടത്തുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

381. യജമാനന്റെ കൈവശത്തിലുള്ള വസ്തു ക്ലാർക്കോ ഭൃത്യനോ മോഷണം നടത്തുന്നത്.—ഒരു ക്ലാർക്കോ ഭൃത്യനോ അല്ലെങ്കിൽ ക്ലാർക്കോ ഭൃത്യനോ എന്ന നിലയിൽ നിയോജിക്കപ്പെട്ട ആളോ ആയിരിക്കെ, തന്റെ യജമാനന്റേയോ നിയോജകന്റേയോ കൈവശത്തിലുള്ള ഏതെങ്കിലും വസ്തു സംബന്ധിച്ച് മോഷണം നടത്തുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

382. മോഷണം നടത്തുന്നതിനുവേണ്ടി മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ തടസ്സമുണ്ടാക്കുകയോ ചെയ്യുന്നതിന് ഒരുക്കംകൂട്ടിയശേഷം മോഷണം നടത്തുന്നത്.—മോഷണം നടത്തുന്നതിനോ മോഷണം നടത്തിയശേഷം രക്ഷപ്പെടുന്നതിനോ മോഷണത്താൽ എടുത്ത വസ്തു വച്ചുകൊണ്ടിരിക്കുന്നതിനോ വേണ്ടി ഏതെങ്കിലും ആൾക്ക് മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ തടസ്സം ഉണ്ടാക്കുകയോ അല്ലെങ്കിൽ മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ തടസ്സം ഉണ്ടാക്കുകയോ ചെയ്യുമെന്ന് ഭയം ഉളവാക്കുകയോ ചെയ്യുന്നതിന് ഒരുക്കം കൂട്ടിയതിനുശേഷം അങ്ങനെയുള്ള മോഷണം നടത്തുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തെ കഠിന തടവുനല്കി ശിക്ഷിക്കപ്പെടുന്നതും അയാൾ പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

ദൃഷ്ടാന്തങ്ങൾ

(ക) ക, യ യുടെ കൈവശത്തിലുള്ള വസ്തുവിൽ മോഷണം നടത്തുന്നു, ഈ മോഷണം നടത്തുമ്പോൾ യ ചെറുക്കുകയാണെങ്കിൽ യ യ്ക്ക് ദേഹോപദ്രവം ഏല്പിക്കുവാൻ വേണ്ടി കരുതിയ ഒരു നിറച്ച കൈത്തോക്ക് ക തന്റെ വസ്ത്രത്തിനടിയിൽ വച്ചിരിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുറ്റം ചെയ്തിരിക്കുന്നു.

(ഖ) ക, യ യുടെ പാക്കററടിക്കുന്നു. ക അങ്ങനെ ചെയ്യുന്നത്, യ നടക്കുന്നത് എന്താണന്നറിഞ്ഞുകൊണ്ട് ചെറുക്കുകയോ ക യെ പിടിക്കുവാൻ ശ്രമിക്കുകയോ ചെയ്യുകയാണെങ്കിൽ യ യെ തടസ്സപ്പെടുത്തുവാനായി തന്റെ കൂട്ടുകാരിൽ പലരേയും തന്റെ അടുത്തു നിറുത്തിയിട്ടാണ്. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

## ഭയപ്പെടുത്തിയുള്ള അപഹരണത്തെക്കുറിച്ച്

383. ഭയപ്പെടുത്തിയുള്ള അപഹരണം.—ഏതെങ്കിലും ആംക്ക്, ആ ആംക്കോ മറേറതെങ്കിലും ആംക്കോ ക്ഷതി നേരിടുമെന്നുള്ള ഭയം ഉദ്ദേശപൂർവ്വം ഉളവാക്കുകയും അതുവഴി അങ്ങനെ ഭയപ്പെടുത്തപ്പെട്ട ആളെ, ഏതെങ്കിലും വസ്തുവോ മൂല്യമുള്ള ഈടോ അല്ലെങ്കിൽ മൂല്യമുള്ള ഈടായി മാററാവുന്ന ഒപ്പുവച്ചതോ മുദ്രവച്ചതോ ആയ ഏതെങ്കിലുമോ ഏതെങ്കിലും ആംക്ക് കൊടുക്കുവാൻ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്ന ഏതൊരാളും "ഭയപ്പെടുത്തിയുള്ള അപഹരണം" നടത്തുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) യ, ക യ്ക്ക് പണം കൊടുക്കാത്തപക്ഷം യ യെക്കുറിച്ച് അപകീർത്തികരമായ ഒരു അപമാന ലേഖം പ്രസിദ്ധപ്പെടുത്തുമെന്ന് ക ഭീഷണിപ്പെടുത്തുന്നു. അങ്ങനെ അയാൾ പണം കൊടുക്കുവാൻ യ യെ പ്രചോദിപ്പിച്ചു അതിനിടയാക്കുന്നു. ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(ഖ) കുറെ പണം ക യ്ക്ക് കൊടുക്കുവാൻ യ യെ ബാദ്ധ്യസ്ഥനാക്കിക്കൊണ്ടുള്ള ഒരു പ്രോനോട്ട് യ ഒപ്പിട്ട് ക യ്ക്ക് കൊടുക്കാത്തപക്ഷം യ യുടെ കുട്ടിയെ ക അന്യായമായി തടഞ്ഞുവയ്ക്കുമെന്ന് ക യ യെ ഭീഷണിപ്പെടുത്തുന്നു. യ നോട്ട് ഒപ്പിടുകയും കൊടുക്കുകയും ചെയ്യുന്നു. ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(ഗ) ഖ യ്ക്ക് കുറെ വിളവ് നല്കുവാൻ, അത് നല്കിയില്ലെങ്കിൽ പിഴസംഖ്യ കൊടുക്കുവാനുള്ള വ്യവസ്ഥയോടുകൂടി യ യെ ബാദ്ധ്യസ്ഥനാക്കിക്കൊണ്ടുള്ള ഒരു ബാണ്ട് യ ഒപ്പിട്ട് ഖ യ്ക്ക് കൊടുക്കാത്തപക്ഷം യ യുടെ നിലം ഉഴുതുകളയുവാൻ അക്രമികളെ അയക്കുമെന്നു ക ഭീഷണിപ്പെടുത്തുകയും അതുവഴി ബാണ്ട് ഒപ്പിടുകയും കൊടുക്കുകയും ചെയ്യുവാൻ യ യെ പ്രചോദിപ്പിച്ച് അതിന് ഇടയാക്കുകയും ചെയ്യുന്ന്. ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

(ഘ) കഠിനമായ ദേഹോപദ്രവത്തെക്കുറിച്ചുള്ള ഭയം ഉളവാക്കി ഒന്നുമെഴുതാത്ത ഒരു കടലാസിൽ ഒപ്പിടുകയോ തന്റെ മുദ്ര പതിക്കുകയോ ചെയ്യുകയും ക യ്ക്ക് കൊടുക്കുകയും ചെയ്യുവാൻ ക നേരുകേടായി യ യെ പ്രചോദിപ്പിക്കുന്നു. യ ആ കടലാസിൽ ഒപ്പുവയ്ക്കുകയും അത് ക യ്ക്ക് കൊടുക്കുകയും ചെയ്യുന്നു. ഇവിടെ അപ്രകാരം ഒപ്പുവച്ച കടലാസ് മൂല്യമുള്ള ഈടായി മാററാമെന്നുള്ളതു കൊണ്ട് ക ഭയപ്പെടുത്തിയുള്ള അപഹരണം നടത്തിയിരിക്കുന്നു.

384. ഭയപ്പെടുത്തിയുള്ള അപഹരണത്തിന് ശിക്ഷ.—ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

385. ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ആൾക്ക് ക്ഷതി ഉണ്ടാകുമെന്ന ഭയമുളവാക്കുന്നത്.—ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക് ഏതെങ്കിലും ക്ഷതി നേരിടുമെന്ന ഭയം ഉളവാക്കുകയോ ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ട് വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

386. ഏതെങ്കിലും ആൾക്ക് മരണം സംഭവിക്കുകയോ ദേഹോപദ്രവം ഏല്ക്കുകയോ ചെയ്യുമെന്ന് ഭയം ഉളവാക്കി ഭയപ്പെടുത്തിയുള്ള അപഹരണം.—ഏതെങ്കിലും ആൾക്ക്, ആ ആൾക്കോ മററ് ഏതെങ്കിലും ആൾക്കോ മരണം സംഭവിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്ക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കി ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന ഏതൊരാളും പത്ത് വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷക്കുകൂടി അർഹനാകുന്നതും ആണ്.

387. ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനു വേണ്ടി ഏതെങ്കിലും ആൾക്ക് മരണം സംഭവിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്ക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കുന്നത്.—ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക്, ആ ആൾക്കോ മറേറതെങ്കിലും ആൾക്കോ മരണം സംഭവിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്ക്കുകയോ ചെയ്യുമെന്നുള്ള ഭയം ഉളവാക്കുകയോ ഉളവാക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ടതടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷക്കുകൂടി അർഹനാകുന്നതുമാണ്.

388. മരണശിക്ഷയോ ജീവപര്യന്തത്തടവോ മററോ നല്കി ശിക്ഷിക്കാവുന്ന കുററം ആരോപിക്കുമെന്നുള്ള ഭീഷണി വഴി ഭയപ്പെടുത്തിയുള്ള അപഹരണം.—ഏതെങ്കിലും ആൾക്ക്, ആ ആളോ മറേറതെങ്കിലും ആളോ മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്ത് വർഷത്തോളമാകാവുന്ന കാലത്തെ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്തുവെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുവാൻ മറേറതെങ്കിലും ആളെ പ്രചോദിപ്പിച്ച് അതിനിടയാക്കുവാൻ ശ്രമിച്ചുവെന്നോ ആ ആൾക്കോ മറേറതെങ്കിലും ആൾക്കോ എതിരായി കുററാരോപണം ഉണ്ടാകുമെന്ന് ഭയം ഉളവാക്കി ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷക്കുകൂടി അർഹനാകുന്നതും, കൂടാതെ ആ കുററം ഈ നിയമസംഹിതയിലെ 377-ാം വകുപ്പുപ്രകാരം ശിക്ഷാർഹമാകുന്ന ഒന്നാണെങ്കിൽ, ജീവപര്യന്തത്തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

389. ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക്, കുററാരോപണം ഉണ്ടാകുമെന്ന ഭയം ഉളവാക്കുന്നത്.—ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ആൾക്ക്, ആ ആളോ മറേറതെങ്കിലും ആളോ മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തെ തടവോ നല്കി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം

ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്തുവെന്ന് ആ ആരംക്കോ മറേറതെങ്കിലും ആരംക്കോ എതിരായി കുററാരോപണം ഉണ്ടാകുമെന്ന് ഭയം ഉളവാക്കുകയോ ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷക്കുകൂടി അർഹനാകുന്നതും, കൂടാതെ ആ കുററം ഈ നിയമസംഹിതയിലെ 377-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായതാണെങ്കിൽ; ജീവപര്യന്തത്തടവു നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

## കവർച്ചയേയും കൂട്ടായ്മക്കവർച്ചയേയും കുറിച്ച്

390. കവർച്ച.—എല്ലാ കവർച്ചയിലും ഒന്നുകിൽ മോഷണമോ അല്ലെങ്കിൽ ഭയപ്പെടുത്തിയുള്ള അപഹരണമോ ഉണ്ടായിരിക്കുന്നതാകുന്നു.

എപ്പോഴാണ് മോഷണം കവർച്ചയാകുന്നതെന്ന്.—മോഷണം നടത്തുന്നതിനുവേണ്ടിയോ മോഷണം നടത്തുന്നതിലോ മോഷണത്താൽ ലഭിച്ച വസ്തു കൊണ്ടു പോവുകയോ കൊണ്ടുപോകുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിലോ, കുററക്കാരൻ, ആ ഉദ്ദേശ്യത്തിനുവേണ്ടി സ്വേച്ഛയാ ഏതെങ്കിലും ആരംക്ക് മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ അന്യായമായ തടസ്സം ഉണ്ടാക്കുകയോ, ചെയ്യുകയോ അങ്ങനെ ചെയ്യുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഉടനടി മരണം സംഭവിക്കുകയോ ഉടനടി ദേഹോപദ്രവം ഏല്പിക്കുകയോ ഉടനടി അന്യായമായ തടസ്സം ഉണ്ടാവുകയോ ചെയ്യുമെന്ന് ഭയം ഉളവാക്കുകയോ ഉളവാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ മോഷണം 'കവർച്ച' ആകുന്നു.

ഭയപ്പെടുത്തിയുള്ള അപഹരണം എപ്പോഴാണ് കവർച്ച ആകുന്നതെന്ന്.—ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന സമയത്ത് കുററക്കാരൻ ഭയപ്പെടുത്തപ്പെട്ട ആളുടെ സാന്നിദ്ധ്യത്തിലായിരിക്കുകയും ആ ആരംക്ക്, അയാരംക്കോ മറേറതെങ്കിലും ആരംക്കോ ഉടനടി മരണം സംഭവിക്കുകയോ ഉടനടി ദേഹോപദ്രവം ഏല്ക്കുകയോ ഉടനടി അന്യായമായ തടസ്സം ഉണ്ടാകുകയോ ചെയ്യുമെന്നുള്ള ഭയം ഉളവാക്കുകയും അപ്രകാരം ഭയം ഉളവാക്കുന്നതു വഴി അപ്രകാരം ഭയപ്പെടുത്തപ്പെട്ട ആളെ ഭയപ്പെടുത്തി അപഹരിക്കുന്ന സാധനം അപ്പോരം അവിടെ വച്ച് കൊടുക്കുവാൻ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നതുവഴി ഭയപ്പെടുത്തി അപഹരണം നടത്തുകയും ചെയ്യുന്നുവെങ്കിൽ ഭയപ്പെടുത്തിയുള്ള അപഹരണം 'കവർച്ച' ആകുന്നു.

വിശദീകരണം.—കുററക്കാരൻ, ആ മറേറ ആരംക്ക് ഉടനടി മരണം സംഭവിക്കുകയോ ഉടനടി ദേഹോപദ്രവം ഏല്ക്കുകയോ ഉടനടി അന്യായമായ തടസ്സം ഉളവാക്കുകയോ ചെയ്യുമെന്ന ഭയം ഉളവാക്കത്തക്കവണ്ണം അത്ര സമീപത്താണെങ്കിൽ; കുററക്കാരൻ സാന്നിദ്ധ്യത്തിലാണെന്ന് പറയപ്പെടുന്നു.

### ദൃഷ്ടാന്തങ്ങരം.

(ക) ക, യ യെ അമർത്തിപ്പിടിക്കുകയും യ യുടെ സമ്മതം കൂടാതെ യ യുടെ വസ്ത്രത്തിൽ നിന്ന് പണവും ആഭരണങ്ങളും വഞ്ചനാപൂർവ്വകമായി എടുക്കുകയും ചെയ്യുന്നു. ഇവിടെ ക മോഷണം നടത്തുകയും, ആ മോഷണം നടത്തുന്നതിന് വേണ്ടി യ യ്ക്ക് അന്യായമായ തടസ്സമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് കവർച്ച നടത്തിയിരിക്കുന്നു.

(ഖ) ക യ യെ ഹൈറോഡിൽ കാണുകയും കൈത്തോക്കുകാണിച്ച് യ യുടെ പഴ്സ് ആവശ്യപ്പെടുകയും ചെയ്യുന്നു. യ തൽഫലമായി തന്റെ പഴ്സ് വിട്ടുകൊടുക്കുന്നു. ഇവിടെ യ യ്ക്ക് ഉടനടി ദേഹോപദ്രവം ഏല്ക്കുമെന്നുള്ള ഭയമുളവാക്കി ക, യ യുടെ പക്കൽ നിന്ന് പഴ്സ് ഭയപ്പെടുത്തി അപഹരിക്കുകയും, ഭയപ്പെടുത്തിയുള്ള അപഹരണം നടത്തുന്ന സമയത്ത് അയാളുടെ സാന്നിദ്ധ്യത്തിലായിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ക കവർച്ച നടത്തിയിരിക്കുന്നു.

(ഗ) ക, യ യേയും യ യുടെ കുട്ടിയേയും ഹൈറോഡിൽ വച്ച് കാണുന്നു. ക കുട്ടിയെ എടുക്കുകയും, യ അയാളുടെ പഴ്സ് കൊടുക്കാത്തപക്ഷം കുട്ടിയെ കീഴുക്കാം തൂക്കായുള്ള സ്ഥലത്തുനിന്ന് താഴേക്ക് എറിയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. തൽഫലമായി യ തന്റെ പഴ്സ് കൊടുക്കുന്നു. ഇവിടെ, അവിടെ സന്നിഹിതനായിരുന്ന കുട്ടിക്ക് ഉടനടി ദേഹോപദ്രവം ഏല്ക്കുമെന്ന ഭയം യ യ് ക്ക് ഉളവാക്കി ക, യ യിൽനിന്ന് പഴ്സ് ഭയപ്പെടുത്തി അപഹരിച്ചിരിക്കുന്നു. അതുകൊണ്ട് ക, യ യുടെ മേൽ കവർച്ചനടത്തിയിരിക്കുന്നു.

(ഘ) ''നിങ്ങളുടെ കുട്ടി എന്റെ സംഘത്തിന്റെ കൈയിലാണ്, നിങ്ങൾ ഞങ്ങൾക്ക് പതിനായിരം രൂപ അയച്ചുതരാത്തപക്ഷം കുട്ടി കൊല്ലപ്പെടുന്നതാണ്'' എന്നു പറഞ്ഞു ക യിൽ നിന്ന് വസ്തു കൈക്കലാക്കുന്നു. ഇത് ഭയപ്പെടുത്തിയുള്ള അപഹരണമാകുന്നു, ആ നിലയ്ക്ക് ശിക്ഷാർഹവും ആകുന്നു, എന്നാൽ ക യ്ക്ക് അയാളുടെ കുട്ടിക്ക് ഉടനടി മരണം സംഭവിക്കുമെന്നുള്ള ഭയം ഉളവാക്കാത്തപക്ഷം അത് കവർച്ച അല്ല.

391. കൂട്ടായ്മക്കവർച്ച.—അഞ്ചോ അതിലധികമോ ആളുകൾ കൂട്ടായി ഒരു കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ, അല്ലെങ്കിൽ കൂട്ടായി കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നവരും, സന്നിഹിതരാവുകയും അപ്രകാരം നടത്തുന്നതിനേയോ നടത്തുവാൻ ശ്രമിക്കുന്നതിനേയോ സഹായിക്കുകയും ചെയ്യുന്നവരുംകൂടി അഞ്ചോ അതിലധികമോ ആകുമ്പോൾ, അപ്രകാരം നടത്തുകയോ ശ്രമിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും ''കൂട്ടായ്മക്കവർച്ച'' നടത്തുന്നതായി പറയപ്പെടുന്നു.

392. കവർച്ചയ്ക്കുള്ള ശിക്ഷ.—കവർച്ച നടത്തുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് കഠിനതടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, കവർച്ച നടത്തുന്നത് ഹൈവേയിൽവച്ച് സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയ്ക്കാണെങ്കിൽ ആ തടവ് പതിന്നാലു വർഷത്തോളമാകാവുന്നതും ആണ്.

393. കവർച്ച നടത്തുന്നതിനുള്ള ശ്രമം.—കവർച്ച നടത്തുവാൻ ശ്രമിക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിനതടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

394. കവർച്ച നടത്തുന്നതിനിടയിൽ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുന്നത്.—കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ ഏതെങ്കിലും ആൾ സ്വേച്ഛയാ ദേഹോപദ്രവം ഏല്പിക്കുകയാണെങ്കിൽ, അങ്ങനെയുള്ള ആളും അങ്ങനെ കവർച്ച നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ കൂട്ടു ചേർന്ന മറേറതെങ്കിലും ആളും ജീവപര്യന്തതടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിനതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

395. കൂട്ടായ്മക്കവർച്ചയ്ക്കുള്ള ശിക്ഷ.—കൂട്ടായ്മക്കവർച്ച നടത്തുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിനതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

396. കൊലപാതകത്തോടുകൂടിയ കൂട്ടായ്മക്കവർച്ച.—കൂട്ടായ്മക്കവർച്ച കൂട്ടായി നടത്തുന്ന അഞ്ചോ അതിലധികമോ ആളുകളിൽ ഏതെങ്കിലും ഒരാൾ, അപ്രകാരം കൂട്ടായ്മക്കവർച്ച നടത്തുന്നതിൽ കൊലപാതകം നടത്തുന്നുവെങ്കിൽ ആ ആളുകളിൽ ഓരോരുത്തനും മരണശിക്ഷയോ ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിനതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

397. മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുവാനുള്ള ശ്രമത്തോടുകൂടിയ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ.—കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുന്ന സമയത്ത് കുററക്കാരൻ ഏതെങ്കിലും മാരകായുധം ഉപയോഗിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയുമോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് മരണം സംഭവിപ്പിക്കുവാനോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുവാനോ ശ്രമിക്കുകയോ ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള കുററക്കാരന് നല്കേണ്ട തടവുശിക്ഷ ഏഴു വർഷത്തിൽ കുറയുവാൻ പാടില്ലാത്തതാകുന്നു.

398. മാരകായുധം ധരിച്ചിട്ടുള്ളപ്പോൾ കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുവാൻ ശ്രമിക്കുന്നത്.—കവർച്ചയോ കൂട്ടായ്മക്കവർച്ചയോ നടത്തുവാൻ ശ്രമിക്കുന്ന സമയത്ത് കുററക്കാരൻ ഏതെങ്കിലും മാരകായുധം ധരിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള കുററക്കാരന് തടവുശിക്ഷ ഏഴു വർഷത്തിൽ കുറയുവാൻ പാടില്ലാത്തതാകുന്നു.

399. കൂട്ടായ്മക്കവർച്ച നടത്തുവാൻ ഒരുക്കം കൂട്ടൽ.—കൂട്ടായ്മക്കവർച്ച നടത്തുന്നതിന് വല്ല ഒരുക്കവും കൂട്ടുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിനതടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

400. കൂട്ടായ്മക്കവർച്ചക്കാരുടെ സംഘത്തിൽപ്പെടുന്നതിനുള്ള ശിക്ഷ.—ഈ ആക്ററ് പാസ്സായതിനുശേഷം, ഏതെങ്കിലും സമയത്ത് പതിവായി കൂട്ടായ്മക്കവർച്ച നടത്തുന്നതിനുവേണ്ടി കൂട്ടു ചേർന്നവരുടെ ഒരു സംഘത്തിൽപ്പെടുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തെ കഠിനതടവോ നല്കി, ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

401. മോഷ്ടാക്കളുടെ സംഘത്തിൽപ്പെടുന്നതിനുള്ള ശിക്ഷ.—ഈ ആക്ററ് പാസ്സായതിനുശേഷം ഏതെങ്കിലും സമയത്ത്, മോഷണമോ കവർച്ചയോ പതിവായി നടത്തുന്നതിനുവേണ്ടി കൂട്ടു ചേർന്നതും, എന്നാൽ തഗ്ഗ്കളുടേയോ കൂട്ടായ്മക്കവർച്ചക്കാരുടേയോ സംഘമല്ലാത്തതും അലഞ്ഞു തിരിയുന്നതോ മററോ ആയതുമായ ഏതെങ്കിലും സംഘത്തിൽപ്പെടുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിനതടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

402. കൂട്ടായ്മക്കവർച്ച നടത്തുന്നതിനുവേണ്ടി സംഘം ചേരുന്നത്.—ഈ ആക്റ്റ് പാസ്സായതിനുശേഷം, ഏതെങ്കിലും സമയത്ത്, കൂട്ടായ്മക്കവർച്ച നടത്തുന്നതിനുവേണ്ടി സമ്മേളിക്കുന്ന അഞ്ചോ അതിലധികമോ ആളുകളിൽ ഒന്നാകുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് കഠിനതടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

## വസ്തുവിന്റെ കുററകരമായ ദുർവിനിയോഗത്തെക്കുറിച്ച്

403. വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗം.—ഏതെങ്കിലും ജംഗമവസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ സ്വന്തം ഉപയോഗത്തിനുവേണ്ടി മറിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക, യ യുടെ വസ്തു, അത് തന്റേതാണെന്ന് യ യുടെ കൈവശത്തിൽനിന്ന് അതെടുക്കുന്ന സമയത്ത് ഉത്തമവിശ്വാസത്തോടെ വിശ്വസിച്ചുകൊണ്ട് എടുക്കുന്നു. ക മോഷണത്തിന് അപരാധിയല്ല. എന്നാൽ തന്റെ തെററു കണ്ടുപിടിച്ചതിനുശേഷം ക ആ വസ്തു നേരുകേടായി സ്വന്തം ആവശ്യത്തിന് വിനിയോഗിക്കുകയാണെങ്കിൽ, അയാൾ ഈ വകുപ്പുപ്രകാരമുള്ള ഒരു കുററത്തിന് അപരാധിയാകുന്നു.

(ഖ) യ യുമായി സൗഹൃദത്തിൽ കഴിയുന്ന ക യ യുടെ അസാന്നിദ്ധ്യത്തിൽ യ യുടെ ഗ്രന്ഥശാലയിൽ ചെല്ലുകയും യ യുടെ പ്രകടമായ സമ്മതം കൂടാതെ ഒരു പുസ്തകം എടുത്തുകൊണ്ടുപോവുകയും ചെയ്യുന്നു. ഇവിടെ ആ പുസ്തകം വായിക്കുവാനായി എടുക്കുന്നതിന് തനിക്ക് യ യുടെ വ്യംഗ്യമായ സമ്മതം ഉണ്ടായിരുന്നെന്ന് ക യ്ക്ക് ധാരണയുണ്ടായിരുന്നെങ്കിൽ ക മോഷണം നടത്തിയിട്ടില്ല. എന്നാൽ, ക പിന്നീട് ആ പുസ്തകം സ്വന്തം ഗുണത്തിനുവേണ്ടി വില്ക്കുന്നുവെങ്കിൽ, അയാൾ ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

(ഗ) ക യും ഖ യും ഒരു കുതിരയുടെ കൂട്ടുടമസ്ഥൻമാരായിരിക്കെ ആ കുതിരയെ ഉപയോഗിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ക,ഖ യുടെ കൈവശത്തിൽനിന്ന് എടുക്കുന്നു. ഇവിടെ കുതിരയെ ഉപയോഗിക്കുന്നതിന് ക യ്ക്ക് അവകാശമുള്ളതിനാൽ അയാൾ അതിനെ നേരുകേടായി ദുർവിനിയോഗം ചെയ്യുന്നില്ല. എന്നാൽ, ക കുതിരയെ വില്ക്കുകയും അതിൽനിന്ന്കിട്ടുന്ന മുഴുവൻ തുകയും സ്വന്തം ആവശ്യത്തിന് വിനിയോഗിക്കുകയും ചെയ്താൽ, അയാൾ ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

**വിശദീകരണം I.**—താൽക്കാലികമായുള്ള നേരുകേടായ ദുർവിനിയോഗം ഈ വകുപ്പിന്റെ അർത്ഥത്തിൽ ദുർവിനിയോഗമാകുന്നു.

### ദൃഷ്ടാന്തം

ക,യ യുടെ വകയായുള്ളതും ബ്ലാങ്ക് എൻഡോഴ്സ്മെൻറാടുകൂടിയതുമായ ഒരു ഗവൺമെൻറു പ്രാമിസറി നോട്ട് കണ്ടെത്തുന്നു. നോട്ട് യ യുടെ വകയാണെന്നറിഞ്ഞുകൊണ്ട് ക അത് പിന്നീടൊരിക്കൽ യ യ്ക്ക് തിരിയെ കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു കടത്തിന് ഈടായി ഒരു ബാങ്കർക്ക് പണയം വയ്ക്കുന്നു. ക ഈ വകുപ്പുപ്രകാരം കുററം ചെയ്തിരിക്കുന്നു.

വിശദീകരണം 2.—മറേറതെങ്കിലും ആളുടെ കൈവശത്തിലല്ലാത്ത വസ്തു കണ്ടെത്തുകയും ഉടമസ്ഥനുവേണ്ടി സംരക്ഷിക്കുകയോ അല്ലെങ്കിൽ ഉടമസ്ഥന് തിരികെ കൊടുക്കുകയോ ചെയ്യുന്നതിനുവേണ്ടി അങ്ങനെയുള്ള വസ്തു എടുക്കുകയും ചെയ്യുന്ന ഒരാൾ അത് നേരുകേടായി എടുക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്യുന്നില്ല, അയാൾ ഒരു കുററത്തിന് അപരാധിയുമല്ല, എന്നാൽ അയാൾ ഉടമസ്ഥനെ അറിയുകയോ ഉടമസ്ഥനെ കണ്ടുപിടിക്കുവാൻ അയാൾക്ക് മാർഗ്ഗങ്ങൾ ഉണ്ടായിരിക്കുകയോ ചെയ്യുമ്പോഴോ ഉടമസ്ഥനെ കണ്ടുപിടിക്കുവാനും അയാൾക്ക് നോട്ടീസ് കൊടുക്കുവാനും ന്യായമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ഉടമസ്ഥന് അത് അവകാശപ്പെടുവാൻ കഴിയത്തക്കവണ്ണം ന്യായമായ കാലത്തേക്ക് അത് വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു മുമ്പോ അത് സ്വന്തം ആവശ്യത്തിന് വിനിയോഗിക്കുന്നുവെങ്കിൽ അയാൾ മേൽ നിർവചിച്ച കുററത്തിന് അപരാധിയാകുന്നു.

അങ്ങനെയുള്ള സംഗതിയിൽ ന്യായമായ മാർഗ്ഗങ്ങൾ എന്താണെന്നോ ന്യായമായ കാലം എന്താണെന്നോ ഉള്ളത് ഒരു വസ്തുതാപ്രശ്നമാകുന്നു.

വസ്തുവിന്റെ ഉടമസ്ഥൻ ആരാണെന്നോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക ആൾ അതിന്റെ ഉടമസ്ഥനാണെന്നോ അത് കണ്ടെത്തുന്ന ആൾ അറിയണമെന്നില്ല. അത് വിനിയോഗിക്കുന്ന സമയത്ത് അത് സ്വന്തം വസ്തുവാണെന്ന് അയാൾ വിശ്വസിക്കാതിരിക്കുകയോ, അല്ലെങ്കിൽ യഥാർത്ഥ ഉടമസ്ഥനെ കണ്ടെത്തുവാൻ സാദ്ധ്യമല്ലെന്ന് അയാൾ ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കാതിരിക്കുകയോ ചെയ്താൽ മതിയാകുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ.

(ക) ക, ഹൈറോഡിൽ ഒരു രൂപ കണ്ടെത്തുന്നു. ആരുടേതാണെന്നറിയാതെ ക ആ രൂപ എടുക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിട്ടില്ല.

(ഖ) ക ഒരു ബാങ്ക് നോട്ട് അടങ്ങിയിട്ടുള്ള ഒരു കത്ത് റോഡിൽ കണ്ടെത്തുന്നു. കത്തിലെ നിദേശത്തിലും ഉള്ളടക്കത്തിലും നിന്ന് നോട്ട് ആരുടേതാണെന്ന് അയാൾ മനസ്സിലാക്കുന്നു. അയാൾ നോട്ട് വിനിയോഗിക്കുന്നു. ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അയാൾ അപരാധിയാകുന്നു.

(ഗ) ബെയറർക്ക് പണം കൊടുക്കേണ്ട ഒരു ചെക്ക് ക കണ്ടെത്തുന്നു. ചെക്ക് നഷ്ടപ്പെട്ട ആൾ ആരാണെന്ന് അയാൾക്ക് ഊഹിക്കുവാൻ കഴിയുന്നില്ല. എന്നാൽ ചെക്കെഴുതിക്കൊടുത്ത ആളുടെ പേര് കാണുന്നുണ്ട്. അയാൾക്ക് ചെക്ക് ആർക്കാണോ എഴുതി കൊടുത്തത് ആ ആളുടെ വിവരം കൊടുക്കുവാൻ കഴിയുമെന്ന് ക യ്ക്ക് അറിയാം. ക ഉടമസ്ഥനെ കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ ചെക്ക് വിനിയോഗിക്കുന്നു. അയാൾ ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

(ഘ) യ യുടെ പണത്തോടുകൂടിയ പഴ്സ് താഴെ വീഴുന്നത് ക കാണുന്നു. ക പഴ്സ് യ യ്ക്ക് തിരിയെ കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി എടുക്കുന്നു. എന്നാൽ പിന്നീട് അത് സ്വന്തം ഉപയോഗത്തിനായി വിനിയോഗിക്കുന്നു. ക ഈ വകുപ്പുപ്രകാരമുള്ള കുററം ചെയ്തിരിക്കുന്നു.

(ങ) ക, പണത്തോടുകൂടിയ ആരുടേ തന്ന് തനിക്ക് അറിഞ്ഞുകൂടാത്ത ഒരു പഴ്സ് കണ്ടെത്തുന്നു. അത് യ യുടെ വകയാണെന്ന് പിന്നീട് അയാരം കണ്ടുപിടിക്കുകയും, അത് സ്വന്തം ഉപയോഗത്തിന് വിനിയോഗിക്കുകയും ചെയ്യുന്നു. ക ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധിയാകുന്നു.

(ച) ക ആരുടെ വകയാണെന്ന് അറിഞ്ഞുകൂടാതെ ഒരു വിലപിടിച്ച മോതിരം കണ്ടെത്തുന്നു. ഉടമസ്ഥനെ കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ ക അതു ഉടനെ വില്ക്കുന്നു. ക ഈ വകുപ്പുപ്രകാരമുള്ള കുററത്തിന് അപരാധി യാകുന്നു.

404. മരണസമയത്ത് പരേതന്റെ കൈവശമുണ്ടായിരുന്ന വസ്തുവിന്റെ നേരുകേടായ ദുർവിനിയോഗം.—ഏതെങ്കിലും വസ്തു, അങ്ങനെയുള്ള വസ്തു, പരേതനായ ഒരാളുടെ മരണസമയത്ത് അയാളുടെ കൈവശത്തിലായിരുന്നുവെന്നും, അതിനുശേഷം അങ്ങനെ കൈവശം വയ്ക്കുന്നതിന് നിയമാനുസൃതം അവകാശമുള്ള ഏതെങ്കിലും ആളുടെ കൈവശത്തിൽ ആയിരുന്നിട്ടില്ലെന്നും അറിഞ്ഞുകൊണ്ട് നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ സ്വന്തം ഉപയോഗത്തിനുവേണ്ടി മറിയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷക്കുകൂടി അർഹനാകുന്നതും അങ്ങനെയുള്ള ആരം മരിച്ച സമയത്ത് കുററക്കാരൻ അയാളുടെ ക്ലാർക്കോ ഭൃത്യനോ ആയി നിയോജിതനായിരുന്നെങ്കിൽ തടവ് ഏഴു വർഷത്തോളമാകാവുന്നതും ആണ്.

ദൃഷ്ടാന്തം

യ ഫർണിച്ചറും പണവും കൈവശത്തിലുണ്ടായിരിക്കെ മരിക്കുന്നു. അയാളുടെ ഭൃത്യനായ ക ആ പണം കൈവശം വയ്ക്കുന്നതിന് അവകാശമുള്ള ഏതെങ്കിലും ആളുടെ കൈവശത്തിലാകുന്നതിനു മുമ്പ് അത് നേരുകേടായി ദുർവിനിയോഗം ചെയ്യുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

## കുററകരമായ ട്രസ്ററ് ലംഘനത്തെപ്പററി

405. കുററകരമായ ട്രസ്ററ് ലംഘനം.—വസ്തുവോ വസ്തുവിൻമേലുള്ള ഏതെങ്കിലും നിയന്ത്രണാധികാരമോ ഏതെങ്കിലും വിധത്തിൽ ഭരമേല്പിക്കപ്പെട്ടിരിക്കെ, ആ വസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ സ്വന്തം ഉപയോഗത്തിനുവേണ്ടി മറിയ്ക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ട്രസ്ററ് നിർവ്വഹിക്കേണ്ട രീതി നിർണ്ണയിക്കുന്ന ഏതെങ്കിലും നിയമനിർദേശമോ അങ്ങനെയുള്ള ട്രസ്ററിന്റെ നിർവ്വഹണത്തെ സ്പർശിച്ച് അയാരം ചെയ്ത പ്രകടമോ വ്യംഗ്യമോ ആയ ഏതെങ്കിലും നിയമാനുസൃത കാൺട്രാക്ടേറാ ലംഘിച്ചുകൊണ്ട് ആ വസ്തുത നേരുകേടായി ഉപയോഗിക്കുകയോ വ്യയനം ചെയ്യുകയോ അല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ മറേറതെങ്കിലും ആളെ മന:പൂർവ്വം അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും "കുററകരമായ ട്രസ്ററ് ലംഘനം" നടത്തുന്നു.

ദൃഷ്ടാന്തങ്ങരം

(ക) പരേതനായ ഒരാളുടെ മരണശാസനത്തിന്റെ എക്സിക്യൂട്ടറായ ക മരണശാസനപ്രകാരം സ്വത്ത് ഭാഗിക്കുന്നതിനുള്ള നിദേശം നല്കുന്ന നിയമം നേരുകേടായി ലംഘിക്കുകയും അത് സ്വന്തം ഉപയോഗത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു. ക കുററകരമായ ട്രസ്ററ് ലംഘനം നടത്തിയിരിക്കുന്നു.

(ഖ) ക ഒരു പണ്ടകശാല സൂക്ഷിപ്പുകാരനാണ്. യാത്രപോകുന്ന യ തന്റെ ഫർണിച്ചർ, പണ്ടകശാലയിൽ സ്ഥലത്തിന് നിശ്ചയിച്ച തുക കൊടുക്കുമ്പോൾ അതു തിരിയെ കൊടുക്കണമെന്നുള്ള കാൺട്രാക്റ്റിൻമേൽ ക യെ ഭരമേല്പിക്കുന്നു. ക സാമാനങ്ങൾ നേരുകേടായി വില്ക്കുന്നു. ക കുററകരമായ ട്രസ്ററ് ലംഘനം നടത്തിയിരിക്കുന്നു.

(ഗ) കൽക്കട്ടയിൽ താമസിക്കുന്ന ക ഡൽഹിയിൽ താമസിക്കുന്ന യ യുടെ ഏജൻറാകുന്നു. യ, ക യ്ക്കു അയച്ചുകൊടുക്കുന്ന എല്ലാ തുകകളും ക, യ യുടെ നിദേശമനുസരിച്ച് നിക്ഷേപിക്കണമെന്ന് ക യും യ യും തമ്മിൽ പ്രകടമോ വ്യംഗ്യമോ ആയ ഒരു കാൺട്രാക്ററ് ഉണ്ട്. കമ്പനി പത്രത്തിൽ നിക്ഷേപിക്കണമെന്ന നിദേശത്തോടുകൂടി ക യ്ക്കു യ ഒരു ലക്ഷം രൂപ അയയ്ക്കുന്നു. ക നിദേശങ്ങൾ നേരുകേടായി ലംഘിക്കുകയും പണം സ്വന്തം വ്യാപാരത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. ക കുററകരമായ ട്രസ്ററ് ലംഘനം നടത്തിയിരിക്കുന്നു.

(ഘ) എന്നാൽ കഴിഞ്ഞ ദൃഷ്ടാന്തത്തിൽ, ബാങ്ക് ഓഫ് ബംഗാളിൽ ഓഹരി ഉണ്ടായിരിക്കുന്നതാണ് യ യ്ക്ക് കൂടുതൽ ഗുണകരമെന്ന് ക നേരുകേടായല്ലാതേയും ഉത്തമവിശ്വാസപൂർവ്വം വിശ്വസിച്ചുകൊണ്ടും യ യുടെ നിദേശങ്ങൾ ലംഘിക്കുകയും കമ്പനിപ്പത്രം വാങ്ങുന്നതിനുപകരം യ യ്ക്കു വേണ്ടി ബാങ്ക് ഓഫ് ബംഗാളിൽ ഓഹരികൾ വാങ്ങുകയും ചെയ്യുന്നുവെങ്കിൽ ഇവിടെ, യ യ്ക്കു നഷ്ടമുണ്ടാവുകയും ആ നഷ്ടം കാരണമായി ക യ്ക്കെതിരെ സിവിൽ നടപടി എടുക്കുവാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുകയും ചെയ്യാമെങ്കിലും, ക നേരുകേടായി പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ അയാൾ കുററകരമായ ട്രസ്ററ് ലംഘനം നടത്തിയിട്ടില്ല.

(ങ) ഒരു റവന്യൂ ആഫീസറായ ക യെ പബ്ലിക്ക് പണം ഭരമേല്പിച്ചിരിക്കുകയും അയാളുടെ കൈവശമുള്ള എല്ലാ പബ്ലിക് പണവും ഒരു നിശ്ചിത ഖജനാവിൽ അടയ്ക്കണമെന്ന് നിയമത്താൽ നിദേശം നല്കുകയോ ഗവൺമെൻറുമായുള്ള പ്രകടമോ വ്യംഗ്യമോ ആയ ഒരു കാൺട്രാക്ററിനാൽ അയാൾ ബാദ്ധ്യസ്ഥനാകുകയോ ചെയ്തിരിക്കുകയും ആകുന്നു. ക നേരുകേടായി ആ പണം വിനിയോഗിക്കുന്നു. ക കുററകരമായ ട്രസ്ററു ലംഘനം നടത്തിയിരിക്കുന്നു.

(ച) യ, ഒരു വസ്തു കരമാർഗ്ഗമായോ ജലമാർഗ്ഗമായോ കൊണ്ടുപോകുവാൻ ക എന്ന കാരിയറെ ഭരമേല്പിക്കുന്നു. ക ആ വസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുന്നു. ക കുററകരമായ ട്രസ്ററ്ലംഘനം നടത്തിയിരിക്കുന്നു.

വിശദീകരണം .—ഒരു നിയോജകനായിരിക്കെ, തത്സമയംപ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്താൽ സ്ഥാപിതമായ ഒരു പ്രാവിഡൻഡ് ഫണ്ടിലേക്കോ കുടുംബപെൻഷൻ ഫണ്ടിലേക്കോ വരവുവയ്ക്കാനായി ജോലിക്കാരന്റെ അംശദായം ജോലിക്കാരനുകൊടുക്കാനുള്ള കൂലിയിൽ നിന്ന് കുറവുചെയ്യുന്ന ഒരാൾക്ക്, അപ്രകാരം കുറവുചെയ്ത അംശദായത്തിന്റെ തുക ഭരമേല്പിച്ചിട്ടുള്ളതായി കരുതപ്പെടുന്നത്, അങ്ങനെയുള്ള അംശദായം കൊടുക്കുന്നതിൽ മേല്പറഞ്ഞ നിയമം ലംഘിച്ചുകൊണ്ട് വീഴ്ചവരുത്തുന്നുവെങ്കിൽ അയാൾ ആ അംശദായം മുൻപറഞ്ഞതു നിയമനിദേശം ലംഘിച്ചുകൊണ്ട് നേരുകേടായി ഉപയോഗിച്ചിട്ടുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

406. കുററകരമായ ട്രസ്ററ് ലംഘനത്തിനുള്ള ശിക്ഷ.—കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

407. കാരിയറും മററും കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്നത് —കാരിയറോ പാതാറുടമയോ പണ്ടകശാല സൂക്ഷിപ്പുകാരനോ എന്നീ നിലയിൽ വസ്തു ഭരമേല്പിക്കപ്പെട്ടിരിക്കെ അങ്ങനെയുള്ള വസ്തു സംബന്ധിച്ച് കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷക്കുകൂടി അർഹനാകുന്നതുമാണ്.

408. ക്ലാർക്കോ ഭൃത്യനോ കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്നത്.—ഒരു ക്ലാർക്കോ ഭൃത്യനോ ആയിരിക്കുകയോ അല്ലെങ്കിൽ ക്ലാർക്കോ ഭൃത്യനോ ആയി നിയോജിക്കപ്പെട്ടിരിക്കുകയോ ചെയ്യുകയും അങ്ങനെയുള്ള നിലയിൽ വസ്തുവോ വസ്തുവിൻമേലുള്ള ഏതെങ്കിലും നിയന്ത്രണാധികാരമോ ഏതെങ്കിലും വിധത്തിൽ ഭരമേല്പിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കേ, ആ വസ്തുസംബന്ധിച്ച് കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

409. പബ്ലിക് സർവന്റോ അല്ലെങ്കിൽ ബാങ്കറോ കച്ചവടക്കാരനോ ഏജന്റോ കുററകരമായ ട്രസ്ററ് ലംഘനം നടത്തുന്നത്.—പബ്ലിക് സർവൻറാണെന്ന നിലയിലോ അല്ലെങ്കിൽ ഒരു ബാങ്കറോ കച്ചവടക്കാരനോ ഫാക്ററോ ബ്ലോക്കറോ അററാർണിയോ ഏജന്റോ എന്ന നിലയിലുള്ള തന്റെ ബിസിനസ്സിനിടയിലോ വസ്തുവോ വസ്തുവിൻമേലുള്ള ഏതെങ്കിലും നിയന്ത്രണാധികാരമോ ഏതെങ്കിലും വിധത്തിൽ ഭരമേല്പിക്കപ്പെട്ടിരിക്കെ, ആ വസ്തു സംബന്ധിച്ച് കുററകരമായ ട്രസ്ററുലംഘനം നടത്തുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

## കളവുമുതൽ സ്വീകരിക്കുന്നതിനെക്കുറിച്ച്

410. കളവുമുതൽ.—മോഷണമോ ഭയപ്പെടുത്തിയുള്ള അപഹരണമോ കവർച്ചയോ വഴിയായി കൈവശം മാറിയിട്ടുള്ള വസ്തുവിനും, കുററകരമായി ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ, ഏത് വസ്തു സംബന്ധിച്ചാണോ കുററകരമായ ട്രസ്ററ് ലംഘനം നടത്തിയിട്ടുള്ളത്, അങ്ങനെയുള്ളതോ ആയ വസ്തുവിനും, അത് കൈവശം മാറിയിട്ടുള്ളതോ അല്ലെങ്കിൽ ദുർവിനിയോഗമോ ട്രസ്ററ് ലംഘനമോ നടത്തിയിട്ടുള്ളതോ ഇൻഡ്യയ്ക്ക് അകത്തോ പുറത്തോ ആയാലും, ''കളവു മുതൽ'' എന്നു പേർ പറയുന്നു. എന്നാൽ അങ്ങനെയുള്ള വസ്തു കൈവശം വയ്ക്കുന്നതിന് നിയമാനുസൃതം അവകാശമുള്ള ആളുടെ കൈവശത്തിൽ പിന്നീട് വരുന്നുവെങ്കിൽ അത് കളവുമുതൽ അല്ലാതായിത്തീരുന്നു.

411. കളവുമുതൽ നേരുകേടായി സ്വീകരിക്കുന്നത്.—ഏതെങ്കിലും കളവുമുതൽ കളവുമുതലാണെന്നറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, നേരു കേടായി സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന

ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

412. കൂട്ടായ്മക്കവർച്ച നടത്തുന്നതിൽ മോഷ്ടിക്കപ്പെട്ട വസ്തു നേരുകേടായി സ്വീകരിക്കുന്നത്.—കൂട്ടായ്മക്കവർച്ച നടത്തിയതുവഴി കൈവശം മാറിയിട്ടുള്ളതാണെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും കളവുമുതൽ നേരുകേടായി സ്വീകരിക്കുകയോ വച്ചുകൊണ്ടിരിക്കുകയോ അല്ലെങ്കിൽ കൂട്ടായ്മക്കവർച്ചക്കാരുടെ സംഘത്തിൽ പെടുന്നവനാണെന്നോ പെട്ടിരുന്നവനാണെന്നോ താൻ അറിയുകയോ തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുന്ന ഒരാളിൽനിന്ന് കളവുമുതലാണെന്ന് താൻ അറിയുന്നതോ തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വസ്തു നേരുകേടായി സ്വീകരിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് കഠിനതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

413. കളവുമുതൽ പതിവായി കൈകാര്യം ചെയ്യുന്നത്.—കളവുമുതലാണെന്ന് താൻ അറിയുന്നതോ തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വസ്തു പതിവായി സ്വീകരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

414. കളവുമുതൽ ഒളിച്ചുവയ്ക്കുന്നതിൽ സഹായിക്കുന്നത്.—കളവുമുതലാണെന്ന് താൻ അറിയുന്നതോ തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ വസ്തു ഒളിച്ചുവയ്ക്കുകയോ വ്യയനം ചെയ്യുകയോ കടത്തിക്കൊണ്ടുപോവുകയോ ചെയ്യുന്നതിൽ സ്വേച്ഛയാ സഹായിക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## ചതിക്കലിനെക്കുറിച്ച്

415. ചതിക്കൽ.—ഏതെങ്കിലും ആളെ കബളിപ്പിച്ചുകൊണ്ട്, അപ്രകാരം കബളിപ്പിക്കപ്പെട്ട ആളെ ഏതെങ്കിലും വസ്തു ഏതെങ്കിലും ആൾക്ക് കൊടുക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും ആൾ ഏതെങ്കിലും വസ്തു വച്ചുകൊണ്ടിരിക്കുന്നത് സമ്മതിക്കുവാനോ വഞ്ചനാപൂർവ്വകമായോ നേരുകേടായോ പ്രചോദിപ്പിച്ച് അതിനിടയാക്കുകയോ, അല്ലെങ്കിൽ അപ്രകാരം കബളിപ്പിക്കപ്പെട്ട ആളെ, അയാൾ അപ്രകാരം കബളിപ്പിക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ അയാൾ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാതിരിക്കുമായിരുന്നതും, അങ്ങനെയുള്ള ഏത് കൃത്യമോ കൃത്യവിലോപമോ ആണോ ആ ആളുടെ ശരീരത്തിനോ മനസ്സിനോ ഖ്യാതിക്കോ, വസ്തുവിനോ നഷ്ടമോ ഹാനിയോ ഉളവാക്കുകയോ ഉളവാക്കുവാൻ ഇടയുള്ളതാക്കുകയോ ചെയ്യുമായിരുന്നത്, അങ്ങനെയുള്ളതുമായ ഏതെങ്കിലും ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ ഉദ്ദേശപൂർവ്വം പ്രചോദിപ്പിച്ച് അതിനിടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ചതിക്കുന്നതായി പറയപ്പെടുന്നു.

വിശദീകരണം.—വസ്തുതകൾ നേരുകേടായി ഒളിച്ച് വയ്ക്കുന്നത് ഈ വകുപ്പിന്റെ അർത്ഥത്തിൽ കബളിപ്പിക്കൽ ആകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ക, സിവിൽ സർവ്വീസിലാണെന്ന് വ്യാജമായി നടിക്കുന്നതുവഴി ഉദ്ദേശപൂർവ്വം യ യെ കബളിപ്പിക്കുകയും അങ്ങനെ ക വിലകൊടുക്കുവാൻ ഉദ്ദേശിക്കാത്ത സാധനങ്ങൾ കടമായി കൊടുക്കുവാൻ യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഖ) ക ഒരു സാധനത്തിന്റെ മേൽ ഒരു കപടാനുകരണം നടത്തിയുണ്ടാക്കിയ ചിഹ്നം ഇടുന്നതുവഴി ഈ സാധനം സുപ്രസിദ്ധനായ ഒരു നിർമ്മാതാവിനാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് ഉദ്ദേശപൂർവ്വം കബളിപ്പിച്ച് യ യെ വിശ്വസിപ്പിക്കുകയും അങ്ങനെ സാധനം വിലയ്ക്ക് വാങ്ങുവാനും അതിന്റെ പണം കൊടുക്കുവാനും യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഗ) ക ഒരു സാധനത്തിന്റെ വ്യാജമായ സാമ്പിൾ പ്രദർശിപ്പിച്ചുള്ള സാധനം സാമ്പിളിന് സദൃശമാണെന്ന ഉദ്ദേശപൂർവ്വം കബളിപ്പിച്ച് യ യെ വിശ്വസിപ്പിക്കുകയും അതുവഴി ആ സാധനം വിലയ്ക്ക് വാങ്ങുവാനും അതിന്റെ പണം കൊടുക്കുവാനും യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഘ) ഒരു സാധനത്തിന്റെ വിലയ്ക്കായി ക, താൻ പണം നിക്ഷേപിച്ചിട്ടില്ലാത്ത ഒരു സ്ഥാപനത്തിലേക്ക് ബിൽ കൊടുക്കുകയും അങ്ങനെ ചെയ്യുന്നതുമൂലം ബിൽ അനാദരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നതുവഴി യ യെ ഉദ്ദേശപൂർവ്വം കബളിപ്പിക്കുകയും അതുവഴി, സാധനത്തിന് വിലകൊടുക്കാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ആ സാധനം കൊടുക്കുവാൻ നേരുകേടായി യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ങ) ക വൈരക്കല്ലുകളല്ലെന്ന് തനിക്കറിയാവുന്ന സാധനങ്ങൾ വൈരക്കല്ലുകളാണെന്ന നിലയിൽ പണയം വയ്ക്കുന്നതുവഴി യ യെ ഉദ്ദേശപൂർവ്വം കബളിപ്പിക്കുകയും അതുവഴി പണം കടം കൊടുക്കുവാൻ യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ച) യ ക യ്ക്കു കടം കൊടുക്കുന്ന ഏതു തുകയും താൻ തിരിച്ചുകൊടുക്കാനുദ്ദേശിക്കുന്നുണ്ടെന്ന് ക യ യെ ഉദ്ദേശപൂർവ്വം കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അതുവഴി ക, തിരിച്ചുകൊടുക്കാനുദ്ദേശിക്കാതെ പണം കടം നല്കുവാൻ നേരുകേടായി യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഛ) ക കൊടുക്കുവാൻ ഉദ്ദേശിക്കാത്ത ഏതാനും അമരിച്ചെടി യ യ്ക്ക് കൊടുക്കുവാൻ താൻ ഉദ്ദേശിക്കുന്നുവെന്ന് ക യ യെ ഉദ്ദേശപൂർവ്വം കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അങ്ങനെ കൊടുക്കുമെന്നുള്ള വിശ്വാസത്തിൻമേൽ പണം മുൻകൂറായി കൊടുക്കുവാൻ അതുവഴി യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു. എന്നാൽ പണം ലഭിക്കുന്ന സമയത്ത് അമരിച്ചെടി ക കൊടുക്കണമെന്ന് ഉദ്ദേശിക്കുകയും പിന്നീട് അയാളുടെ കാൺട്രാകററ് ലംഘിക്കുകയും അത് കൊടുക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ചതിക്കുന്നില്ല. എന്നാൽ കാൺട്രാക്ററ് ലംഘനത്തിനുള്ള സിവിൽ നടപടിക്കുമാത്രം അയാൾ വിധേയനാകുന്നതാണ്.

(ജ) ക യ യുമായി ഏർപ്പെട്ടിട്ടുള്ള ഒരു കാൺട്രാക്ററിൽ നിറവേററിയിട്ടില്ലാത്ത തന്റെ ഭാഗം നിറവേററിയിട്ടുള്ളതായി ക ഉദ്ദേശപൂർവ്വം യ യെ

കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അതുവഴി പണം കൊടുക്കുവാൻ നേരു കേടായി യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഝ) ക ഒരു എസ്റ്റേററ് ഖ യ്ക്ക് വില്ക്കുകയും കൈമാറുകയും ചെയ്യുന്നു. അങ്ങനെയുള്ള വില്പനയുടെ അനന്തരഫലമായി ആ വസ്തുവിൽ തനിക്ക് യാതൊരു അവകാശവുമില്ലെന്നറിഞ്ഞുകൊണ്ട് ക മുൻപ് ഖ യ്ക്ക് വില്ക്കുകയും കൈമാറുകയും ചെയ്തത് വെളിപ്പെടുത്താതെ, അത് യ യ്ക്ക് വില്ക്കുകയോ പണയം കൊടുക്കുകയോ ചെയ്യുകയും യ യിൽ നിന്ന് ക്രയ വിലയോ പണയത്തുകയോ സ്വീകരിക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

416. ആൾമാറാട്ടം വഴിയുള്ള ചതിക്കൽ.—ഒരാൾ മറെറാരാളാണെന്ന് നടിക്കുകയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് ഒരാളെ മറെറാരാൾക്ക് പകരമായി കാണിക്കുകയോ അല്ലെങ്കിൽ അയാളോ മറേറതെങ്കിലും ആളോ യഥാർത്ഥത്തിൽ ഏതൊരാളാണോ ആ ആളല്ലാ വേറെ ഒരു ആളാണെന്ന് ധരിപ്പിക്കുകയോ ചെയ്യുന്നതുവഴി ചതിക്കുകയാണെങ്കിൽ അയാൾ "ആൾ മാറാട്ടം വഴി ചതിയ്ക്കുന്ന"തായി പറയപ്പെടുന്നു.

വിശദീകരണം.—ഏതു വ്യക്തിയായിട്ടാണോ ആൾമാറാട്ടം നടത്തപ്പെട്ടത്, ആ വ്യക്തി യഥാർത്ഥത്തിലുള്ള ആളോ സങ്കല്പത്തിലുള്ള ആളോ ആയിരുന്നാലും കുററം ചെയ്യപ്പെട്ടിട്ടുണ്ട്.

ദൃഷ്ടാന്തങ്ങൾ

(ക) ക തൻെറ തന്നെ പേരുള്ള ധനപ്രനായ ഒരു ബാങ്കറായി നടിക്കുന്നതുവഴി ചതിക്കുന്നു. ക ആൾമാറാട്ടം വഴി ചതിക്കുന്നു.

(ഖ) ക മരിച്ചുപോയ ഒരാളായ ഖ യാണെന്ന് നടിക്കുന്നതുവഴി ചതിക്കുന്നു. ക ആൾമാറാട്ടം വഴി ചതിക്കുന്നു.

417. ചതിക്കലിനുള്ളശിക്ഷ.—ചതിക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

418. ഏതൊരാളുടെ താൽപര്യം സംരക്ഷിക്കുവാനാണോ കുററക്കാരൻ ബാദ്ധ്യസ്ഥനായുള്ളത്, ആ ആൾക്ക് അന്യായമായ നഷ്ടം ഉണ്ടാകുമെന്നുള്ള അറിവോടുകൂടി ചതിക്കുന്നത്.—ഏത് ഇടപാടിനെ സംബന്ധിച്ചാണോ ഒരാൾ ചതിക്കുന്നത്, അങ്ങനെയുള്ള ഇടപാടിൽ ഏതാളുടെ താൽപര്യം സംരക്ഷിക്കുവാനാണോ നിയമത്താലോ നിയമാനുസൃതമായ കാൺട്രാക്ററിനാലോ താൻ ബാദ്ധ്യസ്ഥനായിട്ടുള്ളത്, ആ ആൾക്ക് ആ ചതിവഴി അന്യായമായ നഷ്ടം ഉണ്ടാക്കുവാൻ ഇടയുണ്ടെന്നുള്ള അറിവോടുകൂടി അങ്ങനെ ചതിക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

419. ആൾമാറാട്ടം വഴി ചതിക്കുന്നതിനുള്ള ശിക്ഷ.—ആൾമാറാട്ടം വഴ ചതിക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

420. ചതിക്കുകയും വസ്തു നല്കുവാൻ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നത്.—ചതിക്കുകയും അതുവഴി കബളിപ്പിക്കപ്പെട്ട ആളെ, ഏതെങ്കിലും ആൾക്ക് ഏതെങ്കിലും വസ്തു നല്കുവാനോ അല്ലെങ്കിൽ ഒരു മൂല്യമുള്ള ഈട് മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒപ്പുവച്ചിട്ടുള്ളതോ മുദ്രവച്ചതോ ആയതും ഒരു മൂല്യമുള്ള ഈടായി മാററാവുന്നതുമായ ഏതെങ്കിലുമോ ഉണ്ടാക്കുകയോ വ്യത്യാസപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യുവാനോ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

## വഞ്ചനാപൂർവ്വകമായ കരണങ്ങളേയും വസ്തു വിനിയോഗങ്ങളേയും കുറിച്ച്

421. ഉത്തമർണ്ണൻമാരുടെ ഇടയിൽ വിതരണംചെയ്യുന്നത് തടയുവാനായി വസ്തു നേരുകേടായോ വഞ്ചനാപൂർവ്വകമായോ നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും വസ്തു നേരുകേടായോ വഞ്ചനാപൂർവ്വകമായോ നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ഏതെങ്കിലും ആളെ കൈയേല്പിക്കുകയോ മതിയായ പ്രതിഫലം കൂടാതെ ഏതെങ്കിലും ആൾക്ക് കൈമാററം ചെയ്യുവാൻ ഇടയാക്കുകയോ ചെയ്യുന്നതുവഴി ആ വസ്തു തന്റെ ഉത്തമർണ്ണൻമാരുടെ ഇടയിലോ മറെറതെങ്കിലും ആളുടെ ഉത്തമർണ്ണൻമാരുടെ ഇടയിലോ നിയമാനുസരണം വിതരണം ചെയ്യുന്നത് തടയണമെന്നുദ്ദേശിച്ചുകൊണ്ടോ തടയുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ അങ്ങനെ നീക്കം ചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ കൈയേല്പിക്കുകയോ കൈമാററം ചെയ്യുകയോ കൈമാററം ചെയ്യുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

422. കിട്ടേണ്ട കടം ഉത്തമർണ്ണൻമാർക്ക് ലഭ്യമാക്കുന്നത് നേരുകേടായോ വഞ്ചനാപൂർവ്വകമായോ തടയുന്നത്.—തനിക്കോ മറെറതെങ്കിലും ആൾക്കോ കിട്ടേണ്ട ഏതെങ്കിലും കടമോ ഡിമാൻഡോ തന്റെ കടങ്ങളോ അങ്ങനെയുള്ള മററാളുടെ കടങ്ങളോ നിയമാനുസരണം കൊടുത്തുതീർക്കുവാനായി ലഭ്യമാകുന്നത് നേരുകേടായോ വഞ്ചനാപൂർവ്വകമായോ തടയുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

423. നേരുകേടായോ വഞ്ചനാപൂർവ്വകമായോ പ്രതിഫലത്തെപ്പററി വ്യാജമായ പ്രസ്താവന അടങ്ങിയ കൈമാററക്കരണം ഒപ്പിട്ടു പൂർത്തീകരിക്കുന്നത്.—ഏതെങ്കിലും വസ്തുവോ അതിലുള്ള ഏതെങ്കിലും അവകാശമോ, കൈമാററം ചെയ്യുകയോ ഏതെങ്കിലും ചാർജ്ജിന് വിധേയമാക്കുകയോ ചെയ്യുന്നതായി കരുതപ്പെടണമെന്നുദ്ദേശിച്ചുകൊണ്ടുള്ളതും അങ്ങനെയുള്ള കൈമാററത്തിനോ ചാർജ്ജിനോ ഉള്ള പ്രതിഫലം സംബന്ധിച്ചോ, ഏതാളുടേയോ ആളുകളുടേയോ ഉപയോഗത്തിനോ ഗുണത്തിനോ വേണ്ടിയാണോ അത് പ്രാവർത്തികമാകണമെന്ന് യഥാർത്ഥത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, ആ ആളേയോ ആളുകളേയോ സംബന്ധിച്ചോ ഉള്ള ഏതെങ്കിലും വ്യാജപ്രസ്താവന അടങ്ങിയതു

മായ ഏതെങ്കിലും കരണമോ പ്രമാണമോ നേരുകേടായോ വഞ്ചനാപൂർവ്വകമായോ ഒപ്പിടുകയോ ഒപ്പിട്ടു പൂർത്തീകരിക്കുകയോ അല്ലെങ്കിൽ കക്ഷിയാവുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

424. നേരുകേടായോ വഞ്ചനാപൂർവ്വകമായോ വസ്തു നീക്കംചെയ്യുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്.—തന്റേയോ മററതെങ്കിലും ആളുടേയോ ഏതെങ്കിലും വസ്തുനേരുകേടായോ വഞ്ചനാപൂർവ്വകമായോ ഒളിച്ചുവയ്ക്കുകയോ നീക്കംചെയ്യുകയോ അല്ലെങ്കിൽ അത് ഒളിച്ചുവയ്ക്കുകയോ നീക്കംചെയ്യുകയോ ചെയ്യുന്നതിന് നേരുകേടായോ വഞ്ചനാപൂർവ്വകമായോ സഹായിക്കുകയോ, അല്ലെങ്കിൽ തനിക്ക് അവകാശപ്പെട്ട ഏതെങ്കിലും ഡിമാൻഡോ അവകാശവാദമോ നേരുകേടായി വിട്ടുകൊടുക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## ദ്രോഹത്തെക്കുറിച്ച്

425. ദ്രോഹം.—പൊതുജനങ്ങൾക്കോ ഏതെങ്കിലും ആൾക്കോ അന്യായമായ നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ ഉണ്ടാക്കുവാൻ ഇടയുണ്ടെന്നു അറിഞ്ഞുകൊണ്ടോ ഏതെങ്കിലും വസ്തു നശിപ്പിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിലോ അതിന്റെ സ്ഥിതിയിലോ, അതിന്റെ മൂല്യമോ പ്രയോജനമോ നശിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതോ അതിനെ ക്ഷതികരമായി ബാധിക്കുന്നതോ ആയ ഏതെങ്കിലും മാററം ഉണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും 'ദ്രോഹം' ചെയ്യുന്നു.

വിശദീകരണം. 1.—ദ്രോഹം എന്ന കുററത്തിന് ക്ഷതി ഉളവാക്കപ്പെട്ടതോ നശിപ്പിക്കപ്പെട്ടതോ ആയ വസ്തുവിന്റെ ഉടമസ്ഥന് നാശമോ നാശനഷ്ടമോ ഉണ്ടാക്കണമെന്ന് കുററക്കാരൻ ഉദ്ദേശിച്ചിരിക്കണമെന്നത് ആവശ്യമല്ല. അയാൾ ഏതെങ്കിലും ആൾക്ക് ഏതെങ്കിലും വസ്തുവിന്, അത് അയാളുടെ വകയായാലും അല്ലെങ്കിലും, ക്ഷതി ഉളവാക്കുന്നതുവഴി അന്യായമായ നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കണമെന്ന് ഉദ്ദേശിക്കുകയോ ഉണ്ടാക്കുവാൻ ഇടയുണ്ടെന്ന് അറിയുകയോ ചെയ്താൽ മതിയാകുന്നതാണ്.

വിശദീകരണം 2.—ദ്രോഹം കൃത്യം ചെയ്യുന്ന ആൾക്കോ ആ ആൾക്കും മററുള്ളവർക്കും കൂട്ടായോ അവകാശപ്പെട്ട വസ്തുവിനെ ബാധിക്കുന്ന ഒരു കൃത്യംവഴി ചെയ്യാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ക, യ-യ്ക്ക് അന്യായമായ നഷ്ടമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി യ-യുടെ വകയായ ഒരു മൂല്യമുള്ള ഈട് സ്വേച്ഛയാ കത്തിക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഖ) ക, യ-യ്ക്ക് അന്യായമായ നഷ്ടം ഉണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് യ-യുടെ വകയായ ഒരു ഐസ്ഹൗസിൽ വെള്ളം കടത്തിവിടുകയും അങ്ങനെ ഐസ് ഉരുകുവാൻ ഇടയാക്കുകയും ചെയ്യുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഗ) ക, യ യുടെ വകയായ ഒരു മോതിരം ഒരു നദിയിൽ എറിയുന്നതു വഴി യ യ്ക്ക് അന്യായമായ നഷ്ടം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സോചഛയാ അങ്ങനെ എറിയുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഘ) ക യുടെ പക്കൽനിന്ന് യ-യ്ക്ക് കിട്ടേണ്ട ഒരു കടം തീർക്കുന്നതിനു വേണ്ടി ക യുടെ സ്വത്തുക്കൾ വിധി നടത്തി എടുക്കുവാൻ പോകുന്നു എന്നറിഞ്ഞുകൊണ്ട്, യ-യ്ക്ക് കടം തീർന്നു കിട്ടുന്നത് തടയുകയും അങ്ങനെ യ-യ്ക്ക് നാശനഷ്ടം ഉണ്ടാക്കുകയും ചെയ്യണം എന്ന ഉദ്ദേശത്തോടുകൂടി ക ആ സ്വത്തുക്കൾ നശിപ്പിക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ങ) ക ഒരു കപ്പൽ ഇൻഷ്വർ ചെയ്തിട്ട് അണ്ടർ റൈററർമാർക്ക് നാശനഷ്ടമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സോചഛയാ അത് ഉപയോഗശൂന്യമാക്കിക്കളയുവാൻ ഇടയാക്കുന്നു. ക ദ്രോഹംചെയ്തിരിക്കുന്നു.

(ച) ക, ഒരു കപ്പൽ ഉപയോഗശൂന്യമാക്കിക്കളയുവാനിടയാക്കുന്നതുവഴി, അത് പണയം വെച്ചുകൊണ്ടുള്ള കപ്പൽ പണയാധാരത്തിൻമേൽ പണം കടം കൊടുത്ത യ-യ്ക്ക് ചേതമുണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അങ്ങനെ ഉപേക്ഷിക്കപ്പെടുവാൻ ഇടയാക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ഛ) യ-യുമായി ഒരു കുതിരയുടെ കൂട്ടുടമയുള്ള ക ആ കുതിരയെ വെടിവയ്ക്കുന്നതുവഴി യ-യ്ക്ക് അന്യായമായ നഷ്ടമുണ്ടാക്കണമെന്നു ഉദ്ദേശിച്ചുകൊണ്ട് അങ്ങനെ വെടിവയ്ക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

(ജ) ക, യ-യുടെ വിളവിന് നാശനഷ്ടം ഉണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടും ഉണ്ടാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടും യ-യുടെ വകയായ ഒരു വയലിൽ കന്നുകാലികൾ പ്രവേശിക്കുവാൻ ഇടയാക്കുന്നു. ക ദ്രോഹം ചെയ്തിരിക്കുന്നു.

426. ദ്രോഹത്തിനുള്ള ശിക്ഷ.—ദ്രോഹം ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

427. അമ്പതു രൂപയ്ക്കുള്ള ചേതം ഉണ്ടാക്കുന്ന ദ്രോഹം.—ദ്രോഹം ചെയ്യുകയും അതുവഴി അമ്പതു രൂപയ്ക്കോ അതിൽ കൂടുതൽ തുകയ്ക്കോ ഉള്ള നഷ്ടമോ നാശനഷ്ടമോ ഉണ്ടാക്കുകയും ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

428. പത്തുരൂപ വിലയുള്ള ജന്തുവിനെ കൊല്ലുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നത് വഴിയുള്ള ദ്രോഹം.—പത്തുരൂപയോ അതിൽക്കൂടുതലോ വിലയുള്ള ഏതെങ്കിലും ജന്തുവിനേയോ ജന്തുക്കളേയോ കൊല്ലുകയോ അതിനോ അവയ്ക്കോ വിഷംകൊടുക്കുകയോ അതിനേയോ അവയേയോ അംഗഭംഗപ്പെടുത്തുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്യുന്നതുവഴി ദ്രോഹംചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

429. എന്ത് വിലയുള്ള കന്നുകാലി മുതലായവയേയോ അമ്പതുരൂപ വിലയുള്ള ഏതെങ്കിലും ജന്തുവിനേയോ കൊല്ലുകയോ അംഗഭംഗപ്പെടുത്തുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം.—ഏതെങ്കിലും ആനയേയോ ഒട്ടകത്തേയോ

കുതിരയേയോ കോവർകഴുതയേയോ പോത്തിനേയോ മൂരിയേയോ പശുവിനേയോ കാളയേയോ, അതിന്റെ വില എന്തുതന്നെയായാലും, അല്ലെങ്കിൽ അമ്പതുരൂപയോ അതിൽ കൂടുതലോ വിലയുള്ള മറേറതെങ്കിലും ജന്തുവിനേയോ കൊല്ലുകയോ അതിന് വിഷം കൊടുക്കുകയോ അതിനെ അംഗഭംഗപ്പെടുത്തുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്യുന്നതുവഴി ദ്രോഹം ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

430. ജലസേചനനിർമ്മാണങ്ങൾക്ക് ക്ഷതി ഉളവാക്കുന്നതുവഴിയോ വെള്ളം അന്യായമായി തിരിച്ചുവിടുന്നതുവഴിയോ ഉള്ള ദ്രോഹം.—കാർഷികാവശ്യങ്ങൾക്കുവേണ്ടിയോ മനുഷ്യജീവികൾക്കോ സ്വത്തായി ഗണിക്കപ്പെടുന്ന ജന്തുക്കൾക്കോ ആഹാരത്തിനോ പാനീയത്തിനോ വേണ്ടിയോ അല്ലെങ്കിൽ ശുചീകരണത്തിനോ ഏതെങ്കിലും നിർമ്മാണപ്രവൃത്തികൾക്കോ വേണ്ടിയോ വെള്ളം നല്കുന്നതിന് കുറവുവരുത്തുന്നതോ കുറവുവരുത്തുവാൻ ഇടയുള്ളതാണെന്ന് തനിക്ക് അറിയാവുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ദ്രോഹം ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

431. പബ്ലിക് റോഡിനോ പാലത്തിനോ നദിക്കോ തോടിനോ ക്ഷതി ഉളവാക്കുന്നതിനാലുള്ള ദ്രോഹം.—ഏതെങ്കിലും പബ്ലിക് റോഡോ പാലമോ ജലഗതാഗതയോഗ്യമായ നദിയോ അല്ലെങ്കിൽ പ്രകൃത്യാ ഉള്ളതോ ഉണ്ടാക്കപ്പെട്ടതോ ആയതും ജലയാനങ്ങൾക്ക് സഞ്ചരിക്കാവുന്നതുമായ ചാലോ,* സഞ്ചാരയോഗ്യമല്ലാതാക്കുകയോ യാത്രചെയ്യുന്നതിനോ വസ്തുക്കൾ കൊണ്ടുപോകുന്നതിനോ ഉള്ള സുരക്ഷിതത്വത്തിൽ കുറവുള്ളതാക്കിത്തീർക്കുകയോ ചെയ്യുന്നതോ ചെയ്യുവാനിടയുണ്ടെന്ന് തനിക്കറിയാവുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ദ്രോഹംചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

432. പബ്ലിക്ക് ഡ്രെയിനേജിന് ജലപ്ലാവനമോ തടസ്സമോ നാശനഷ്ടത്തോടുകൂടി ഉണ്ടാക്കുന്നതുവഴിയുള്ള ദ്രോഹം.—ഏതെങ്കിലും പബ്ലിക്ക് ഡ്രെയിനേജിന് ജലപ്ലാവനമോ തടസ്സമോ ക്ഷതിയോടോ നാശനഷ്ടത്തോടോകൂടി ഉണ്ടാക്കുന്നതോ ഉണ്ടാക്കുവാനിടയുണ്ടെന്ന് തനിക്കറിയാവുന്നതോ ആയ ഏതെങ്കിലും കൃത്യം ചെയ്യുന്നതുവഴി ദ്രോഹം ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

433. ദീപസ്തംഭമോ സമുദ്രീയ ചിഹ്നമോ നശിപ്പിക്കുകയോ അതിന്റെ സ്ഥാനം മാററുകയോ അതിന്റെ പ്രയോജനം കുറയ്ക്കുകയോ ചെയ്യുന്നതുവഴിയുള്ള ദ്രോഹം.—ഏതെങ്കിലും ദീപസ്തംഭമോ സമുദ്രീയ ചിഹ്നമായി ഉപയോഗിക്കുന്ന മററു ദീപമോ ഏതെങ്കിലും സമുദ്രീയ ചിഹ്നമോ ബോയിയോ നാവികർക്ക് മാർഗ്ഗദർശകമായി വച്ചിട്ടുള്ള മററു സാധനമോ നശിപ്പിക്കുകയോ സ്ഥാനം മാററുകയോ ചെയ്യുന്നതുവഴിയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ദീപസ്തംഭത്തിന്റെയോ സമുദ്രീയ ചിഹ്നത്തിന്റെയോ ബോയിയുടേയോ മേല്പറഞ്ഞ അങ്ങനെയുള്ള മററു സാധനത്തിന്റെയോ നാവികരുടെ മാർഗ്ഗദർശകമെന്ന നിലയിലുള്ള പ്രയോജനം

കുറയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും കൃത്യത്താലോ ദ്രോഹം ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

434. പബ്ലിക് അധികാരസ്ഥാനത്താൽ ഉറപ്പിക്കപ്പെട്ട ഭൂമി ചിഹ്നം നശിപ്പിക്കുകയോ അതിന്റെ സ്ഥാനം മാററുകയോ മറേറാ ചെയ്യുന്നതു വഴിയുള്ള ദ്രോഹം.—ഒരു പബ്ലിക് സർവ്വന്റിന്റെ പ്രാധികാര പ്രകാരം ഉറപ്പിക്കപ്പെട്ട ഏതെങ്കിലും ഭൂമി ചിഹ്നം നശിപ്പിക്കുകയോ അതിന്റെ സ്ഥാനം മാററുകയോ ചെയ്യുന്നതുവഴിയോ അല്ലെങ്കിൽ അങ്ങനെയുള്ള ഭൂമി ചിഹ്നത്തിന്റെ ആ നിലയിലുള്ള പ്രയോജനം കുറയ്ക്കുന്ന ഏതെങ്കിലും കൃത്യം വഴിയോ ദ്രോഹംചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

435. നൂറു രൂപയ്ക്കുള്ള അല്ലെങ്കിൽ (കാർഷികോൽപ്പന്നത്തിന്റെ സംഗതിയിൽ) പത്തു രൂപയ്ക്കുള്ള നാശനഷ്ടമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തീയാലോ സ്ഫോടക പദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നത്.—തീയാലോ ഏതെങ്കിലും സ്ഫോടക പദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നതു വഴി ഏതെങ്കിലും വസ്തുവിന് നൂറു രൂപയ്ക്കോ അതിൽ കൂടുതൽ തുകയ്ക്കോ അല്ലെങ്കിൽ (വസ്തു കാർഷികോൽപന്നമാണെങ്കിൽ) പത്തു രൂപയ്ക്കോ അതിൽ കൂടുതൽ തുകയ്ക്കോ ഉള്ള നാശനഷ്ടം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ ഉണ്ടാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ ദ്രോഹം ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

436. * വീടോ മറേറാ നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തീയോ സ്ഫോടക പദാർത്ഥമോ വഴി ദ്രോഹം ചെയ്യുന്നത്.—തീയാലോ ഏതെങ്കിലും സ്ഫോടക പദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നതുവഴി ആരാധനാസ്ഥലമായോ മനുഷ്യവാസസ്ഥലമായോ വസ്തു സൂക്ഷിപ്പ് സ്ഥലമായോ സാധാരണമായി ഉപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടം നശിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയോ നശിപ്പിക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ അങ്ങനെ ദ്രോഹം ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

437. ഡെക്കോടുകൂടിയതോ ഇരുപതുടൺ കേവുഭാരമുള്ളതോ ആയ ജലയാനം നശിപ്പിക്കുകയോ ആപൽക്കരമാക്കുകയോ ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടിയുള്ള ദ്രോഹം.—ഡെക്കോടുകൂടിയ ഏതെങ്കിലും ജലയാനത്തിനോ ഇരുപതു ടൺണോ അതിൽകൂടുതലോ കേവുഭാരമുള്ള ഏതെങ്കിലും ജലയാനത്തിനോ, ദ്രോഹം ചെയ്യുന്നതുവഴി ആ ജലയാനത്തെ നശിപ്പിക്കുകയോ ആപൽക്കരമാക്കുകയോ ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ചെയ്യുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ അങ്ങനെയുള്ള ദ്രോഹം ചെയ്യുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

438. 437-ാം വകുപ്പിൽ വിവരിച്ച ദ്രോഹം തീയാലോ സ്ഫോടക പദാർത്ഥത്താലോ ചെയ്യുന്നതിനുള്ള ശിക്ഷ.—ഇതിനു തൊട്ടുമുമ്പിലുള്ള വകുപ്പിൽ വിവരിച്ച പ്രകാരമുള്ള ദ്രോഹം, തീയാലോ ഏതെങ്കിലും സ്ഫോടകപദാർത്ഥത്താലോ ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തതടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

439. മോഷണമോ മറ്റോ നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജലയാനം ഉദ്ദേശപൂർവ്വം മണ്ണിലോ കരയ്ക്കോ കയററുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും ജലയാനം, അതിലുള്ള ഏതെങ്കിലും വസ്തു മോഷണം നടത്തുകയോ അങ്ങനെയുള്ള ഏതെങ്കിലും വസ്തു നേരുകേടായി ദുർവിനിയോഗം ചെയ്യുകയോ ചെയ്യണമെന്നുദ്ദേശിച്ചുകൊണ്ടോ അങ്ങനെയുള്ള വസ്തുവിന്റെ മോഷണമോ അപഹരണമോ നടന്നുകൊള്ളട്ടെ എന്ന ഉദ്ദേശത്തോടുകൂടിയോ ഉദ്ദേശ്യപൂർവ്വം മണ്ണിലോ കരയ്ക്കോ കയററുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

440. മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുവാൻ ഒരുക്കം കൂട്ടിയതിനുശേഷം ചെയ്യുന്ന ദ്രോഹം.—ഏതെങ്കിലും ആരക്ക് മരണം സംഭവിപ്പിക്കുകയോ ദേഹോപദ്രവംഏല്പിക്കുകയോ അന്യായമായ തടസ്സം ഉണ്ടാക്കുകയോ അല്ലെങ്കിൽ മരണമോ ദേഹോപദ്രവമോ അന്യായമായ തടസ്സമോ ഉണ്ടാകുമെന്നുള്ള ഭയം ഉളവാക്കുകയോ ചെയ്യുവാൻ ഒരുക്കം കൂട്ടിയശേഷം ദ്രോഹം ചെയ്യുന്ന ഏതൊരാളും അഞ്ചുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

## കുററകരമായ വസ്തു കൈയേററത്തെക്കുറിച്ച്

441. കുററകരമായ വസ്തുകൈയേററം.—മററൊരാളുടെ കൈവശത്തിലുള്ള വസ്തുവിൽ കുററം ചെയ്യണമെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തു കൈവശംവച്ചിരിക്കുന്ന ഏതെങ്കിലും ആളെ ഭയപ്പെടുത്തുകയോ അപമാനിക്കുകയോ അലട്ടുകയോ ചെയ്യണമെന്നോ ഉള്ള ഉദ്ദേശത്തോടുകൂടി പ്രവേശിക്കുകയോ; അല്ലെങ്കിൽ

അങ്ങനെയുള്ള വസ്തുവിൽ നിയമാനുസൃതം പ്രവേശിച്ച് നിയമവിരുദ്ധമായി അവിടെ തങ്ങുന്നതുവഴി അങ്ങനെയുള്ള ഏതെങ്കിലും ആളെ ഭയപ്പെടുത്തുകയോ അപമാനിക്കുകയോ അലട്ടുകയോ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ ഒരു കുററം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ അങ്ങനെ തങ്ങുകയോ,

ചെയ്യുന്ന ഏതൊരാളും "കുററകരമായ വസ്തു കൈയേററം" നടത്തുന്നതായി പറയപ്പെടുന്നു.

442. ഭവനകൈയേററം.—മനുഷ്യവാസസ്ഥലമായി ഉപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ അല്ലെങ്കിൽ ആരാധനാസ്ഥലമായോ വസ്തു സൂക്ഷിപ്പ് സ്ഥലമായോ ഉപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടത്തിലോ പ്രവേശിക്കുകയോ തങ്ങുകയോ ചെയ്യുന്നതുവഴി കുററകരമായ വസ്തുകൈയേററം നടത്തുന്ന ഏതൊരാളും "ഭവനകൈയേററം" നടത്തുന്നതായി പറയപ്പെടുന്നു.

വിശദീകരണം.—കുററകരമായ വസ്തു കൈയേററം നടത്തുന്ന ആളുടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം കടത്തുന്നത് ഭവനക്കൈയേററം ആകുവാൻ മതിയായ പ്രവേശനമാകുന്നു.

443. പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം.— ഭവനക്കൈയേററത്തിന് വിധേയമാകുന്ന കെട്ടിടത്തിലോ കൂടാരത്തിലോ ജലയാനത്തിലോ നിന്ന് വസ്തു കൈയേററക്കാരനെ ഒഴിച്ചു നിറുത്തുകയോ പുറത്താക്കുകയോ ചെയ്യുവാൻ അവകാശമുള്ള ഏതെങ്കിലും ആളിൽനിന്ന് ഭവനക്കൈയേററം ഒളിച്ചുവയ്ക്കുന്നതിന് മുൻകരുതൽ എടുത്തിട്ട് അങ്ങനെയുള്ള ഭവനക്കൈയേററം നടത്തുന്ന ഏതൊരാളും "പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം" നടത്തുന്നതായി പറയപ്പെടുന്നു.

444. രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം നടത്തുന്നത്.— സൂര്യാസ്തമയത്തിനുശേഷം സൂര്യോദയത്തിനുമുമ്പായി, പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം നടത്തുന്ന ഏതൊരാളും "രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററം " നടത്തുന്നതായി പറയപ്പെടുന്നു.

445. ഭവനഭേദനം.—ഏതൊരാളാണോ ഭവനക്കൈയേററം നടത്തുന്നത്, അത് അയാൾ ആ ഭവനത്തിനകത്തോ ഭവനത്തിന്റെ ഏതെങ്കിലും ഭാഗത്തോ ഇതിൽ താഴെ വിവരിക്കുന്ന ആറു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിലൂടെ പ്രവേശിക്കുകയോ അല്ലെങ്കിൽ ഒരു കുററം ചെയ്യുന്നതായി ഭവനത്തിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഉണ്ടായിരുന്നിട്ടോ, അതിനുള്ളിൽ വച്ച് ഒരു കുററം ചെയ്തിട്ടോ, ഭവനത്തിൽനിന്നോ അങ്ങനെയുള്ള ആറു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിലൂടെ പുറത്തുപോകുകയോ ചെയ്തുകൊണ്ടാണെങ്കിൽ, അയാൾ "ഭവനഭേദനം" നടത്തുന്നതായി പറയപ്പെടുന്നു. അതായത് :—

ഒന്നാമത് .—അയാൾ ഭവനക്കൈയേററം നടത്തുന്നതിനുവേണ്ടി താനോ ഭവനക്കൈയേററത്തിന്റെ ഏതെങ്കിലും പ്രേരകനോ ഉണ്ടാക്കിയ വഴിയിൽക്കൂടി പ്രവേശിക്കുകയോ പുറത്തേയ്ക്കു പോവുകയോ ചെയ്യുന്നുവെങ്കിൽ.

രണ്ടാമത്.—അയാൾ താനോ കുററത്തിന്റെ പ്രേരകനോ അല്ലാത്ത മററാരും, മനുഷ്യരുടെ പ്രവേശനത്തിന് ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും വഴിയിൽ കൂടിയോ, അല്ലെങ്കിൽ ഏതെങ്കിലും മതിലിൻമേലോ കെട്ടിടത്തിൻമേലോ ഏണിവച്ചോ മററുവിധത്തിലോ കയറി പ്രവേശനം ലഭിച്ചിട്ടുള്ള ഏതെങ്കിലും വഴിയിലൂടെയോ പ്രവേശിക്കുകയോ പുറത്തേക്കുപോവുകയോ ചെയ്യുന്നുവെങ്കിൽ.

മൂന്നാമത് .— അയാൾ ഭവനക്കൈയേററം നടത്തുന്നതിനുവേണ്ടി ഏതുവഴിയാണോ, അതു തുറക്കുവാൻ ഭവനത്തിന്റെ കൈവശക്കാരൻ ഉദ്ദേശിച്ചിട്ടുള്ളതല്ലാത്ത ഏതെങ്കിലും വിധത്തിൽ താനോ ഭവനക്കൈയേററത്തിന്റെ പ്രേരകനോ തുറന്നിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും വഴിയിൽകൂടി പ്രവേശിക്കുകയോ പുറത്തേക്കു പോവുകയോ ചെയ്യുന്നുവെങ്കിൽ.

നാലാമത് .—അയാൾ ഭവനക്കൈയേററം നടത്തുന്നതിനു വേണ്ടിയോ ഭവനക്കൈയേററം നടത്തിയശേഷം ഭവനത്തിൽ നിന്ന് പുറത്തേയ്ക്കു പോകുന്നതിനു വേണ്ടിയോ ഏതെങ്കിലും പൂട്ടുതുറന്നു പ്രവേശിക്കുകയോ പുറത്തുകടക്കുകയോ ചെയ്യുന്നുവെങ്കിൽ.

അഞ്ചാമത് .—അയാൾ കുററകരമായബലം പ്രയോഗിച്ചോ ഒരു കൈയ്യേററം നടത്തിയോ ഏതെങ്കിലും ആളെ കൈയേററം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയോ പ്രവേശിക്കുകയോ പുറത്തേയ്ക്കുപോവുകയോ ചെയ്യുന്നുവെങ്കിൽ.

ആറാമത്.— അയാാം പ്രവേശിക്കുകയോ പുറത്തേക്ക് പോകുകയോ ചെയ്യാതിരിക്കുന്നതിനുവേണ്ടി കെട്ടിയടയ്ക്കുകയും കെട്ടിയടച്ചത് താനോ ഭവനകൈയേററത്തിൻെറ ഏതെങ്കിലും പ്രേരകനോ തുറക്കുകയും ചെയ്തതാണെന്ന് തനിക്കറിയാവുന്ന ഏതെങ്കിലും വഴിയിൽകൂടി അങ്ങനെ പ്രവേശിക്കുകയോ പുറത്തേക്കു പോവുകയോ ചെയ്യുന്നുവെങ്കിൽ.

വിശദീകരണം .—ഒരു ഭവനത്തോടൊപ്പം കൈവശം വച്ചിരിക്കുന്ന ഏത് ഉപഭവനമോ കെട്ടിടമോ ആണോ, ആ ഭവനവുമായിട്ട് ഇടയ്ക്ക് ഉള്ളിൽ കൂടി നേരിട്ടുള്ള പോക്കുവരവിന് സൗകര്യമുള്ളതായിരിക്കുന്നത്, അങ്ങനെയുള്ള ഉപഭവനമോ കെട്ടിടമോ ഈ വകുപ്പിൻെറ അർത്ഥത്തിൽ ആ ഭവനത്തിൻെറ ഭാഗമാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) ക യ യുടെ ഭവനത്തിൻെറ ചുവരിൽ ഒരു ദ്വാരമുണ്ടാക്കി ആ പഴുതിൽകൂടി തൻെറ കൈയിട്ട് ഭവനകൈയേററം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ഖ) ക ഡെക്കുകളുടെ ഇടയ്ക്കുള്ള പാർശ്വദ്വാരത്തിൽകൂടി ഒരു കപ്പലിൽ ഇഴഞ്ഞുകയറി ഭവനകൈയേററം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ഗ) ക ഒരു ജനാലയിൽകൂടി യ യുടെ ഭവനത്തിൽ കടന്ന് ഭവനകൈയേററം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ഘ) ബന്ധിച്ചിരുന്ന ഒരു വാതിൽ തുറന്ന് ക ആ വാതിൽ വഴി യ യുടെ ഭവനത്തിൽ കടന്ന് ഭവനകൈയേററം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ങ) വാതിലിലുള്ള ഒരു ദ്വാരത്തിൽ കൂടി ക ഒരു കമ്പി ഇട്ട് കൊളുത്ത് പൊന്തിച്ച് ആ വാതിൽ വഴി യ യുടെ വീട്ടിൽ പ്രവേശിച്ച് ഭവനകൈയേററം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ച) യ യുടെ ഭവനത്തിൻെറ വാതിലിൻെറ യ യ്ക്ക് നഷ്ടപ്പെട്ട താക്കോൽ കണ്ടെത്തുകയും ആ താക്കോൽ കൊണ്ട് വാതിൽ തുറന്ന് യ യുടെ ഭവനത്തിൽ പ്രവേശിക്കുന്നതുവഴി ഭവനകൈയേററം നടത്തുകയും ചെയ്യുന്നു. ഇത് ഭവനഭേദനമാകുന്നു.

(ഛ) യ തൻെറ വാതിൽക്കൽ നില്ക്കുകയാകുന്നു. ക. യ യെ തള്ളിവീഴ്ത്തിയിട്ട് ബലാൽ ഒരു വഴിയുണ്ടാക്കി ഭവനത്തിൽ പ്രവേശിക്കുന്നതുവഴി ഭവനകൈയേററം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

(ജ) മ യുടെ ദ്വാരപാലകനായ യ മ യുടെ വാതിൽക്കൽ നില്ക്കുകയാകുന്നു. ക, യ യെ അടിക്കുമെന്നു ഭീഷണിപ്പെടുത്തി തന്നെ എതിർക്കുന്നതിൽ നിന്ന് യ യെ പിൻതിരിപ്പിച്ച് ആ ഭവനത്തിൽ പ്രവേശിക്കുന്നതു വഴി ഭവനകൈയേററം നടത്തുന്നു. ഇത് ഭവനഭേദനമാകുന്നു.

446. രാത്രി ഭവനഭേദനം.— സൂര്യാസ്തമയത്തിനുശേഷവും സൂര്യോദയത്തിനു മുമ്പും ആയ ഭവനഭേദനം നടുത്തുന്ന ഏതൊരാളും "രാത്രി ഭവനഭേദനം" നടത്തുന്നതായി പറയപ്പെടുന്നു.

447. കുററകരമായ വസ്തു കൈയേററത്തിനുള്ള ശിക്ഷ.— കുററകരമായ വസ്തു കൈയേററം നടത്തുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

448. ഭവനക്കൈയേററത്തിനുള്ള ശിക്ഷ.— ഭവനക്കൈയേററം നടത്തുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോആയിരംരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

449. മരണശിക്ഷ നല്കാവുന്ന കുററം ചെയ്യുന്നതിനുവേണ്ടിയുള്ള ഭവനക്കൈയേററം.— മരണശിക്ഷ നല്കാവുന്ന ഏതെങ്കിലും കുററം ചെയ്യുന്നതിനുവേണ്ടി ഭവനക്കൈയേററം നടത്തുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തിൽ കവിയാത്ത കാലത്തെ കഠിനതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

450. ജീവപര്യന്തത്തടവു നല്കി ശിക്ഷിക്കാവുന്ന കുററംചെയ്യുന്നതിനുവേണ്ടിയുള്ള ഭവനഭേദനം.— ജീവപര്യന്തത്തടവു നല്കി ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററം ചെയ്യുന്നതിനുവേണ്ടി ഭവനക്കൈയേററം നടത്തുന്ന ഏതൊരാളും പത്തു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

451. തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന കുററം ചെയ്യുന്നതിനുവേണ്ടിയുള്ള ഭവനഭേദനം.— തടവു നല്കി ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ചെയ്യുന്നതിനുവേണ്ടി ഭവനക്കൈയേററം നടത്തുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, ചെയ്യണമെന്ന് ഉദ്ദേശിച്ച കുററം മോഷണമാണെങ്കിൽ, തടവിന്റെ കാലാവധി ഏഴു വർഷത്തോളം ആക്കാവുന്നതും ആകുന്നു.

452. ദേഹോപദ്രവത്തിനോ കൈയേററത്തിനോ അന്യായമായ തടസ്സത്തിനോ ഒരുക്കം കൂട്ടിയതിനു ശേഷമുള്ള ഭവനഭേദനം.— ഏതെങ്കിലും ആംക്ക് ദേഹോപദ്രവം ഏല്പിക്കുന്നതിനോ ഏതെങ്കിലും ആളെ കൈയേററം ചെയ്യുന്നതിനോ അന്യായമായി തടസ്സപെടുത്തുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആംക്ക് ദേഹോപദ്രവമോ കൈയേററമോ അന്യായമായ തടസ്സമോ നേരിടുമെന്നുള്ള ഭയം ഉളവാക്കുന്നതിനോ ഒരുക്കം കൂട്ടിയതിന് ശേഷം ഭവനക്കൈയേററം നടത്തുന്ന ഏതൊരാളും എഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതുമാണ്.

453. പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററത്തിനോ ഭവനഭേദനത്തിനോ ഉള്ള ശിക്ഷ.— പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുംകൂടി അർഹനാകുന്നതുമാണ്.

454. തടവു നല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുന്നതിനുവേണ്ടി പതുങ്ങിയിരിന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ.— തടവു നല്കി ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററം ചെയ്യുന്നതിന് പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽ

പ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, ചെയ്യണമെന്നുദ്ദേശിച്ച കുററം മോഷണമാണെങ്കിൽ, തടവിന്റെ കാലാവധി പത്തു വർഷത്തോളം ആക്കാവുന്നതും ആകുന്നു.

455. ദേഹോപദ്രവത്തിനോ കൈയേററത്തിനോ അന്യായമായ തടസ്സത്തിനോ ഒരുക്കം കൂട്ടിയതിനുശേഷം പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ .— ഏതെങ്കിലും ആാക്ക് ദേഹോപദ്രവമേല്പിക്കുന്നതിനോ ഏതെങ്കിലും ആളെ കൈയേററം ചെയ്യുന്നതിനോ ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ആാക്ക് ദേഹോപദ്രവമോ കൈയേററമോ അന്യായമായ തടസ്സമോ നേരിടണമെന്നുള്ള ഭയം ഉളവാക്കുന്നതിനോ ഒരുക്കം കൂട്ടിയതിനു ശേഷം പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽ പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

456. രാത്രി പതുങ്ങിയിരുന്നു കൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുന്നതിനുള്ള ശിക്ഷ .— രാത്രി പതുങ്ങിയിരുന്നുകൊണ്ട് ഭവനക്കൈയേററമോ രാത്രി ഭവനഭേദനമോ നടത്തുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാകുന്നു.

457. തടവു നല്കി ശിക്ഷിക്കാവുന്ന കുററം ചെയ്യുന്നതിന് രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ.— തടവു നല്കി ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററം ചെയ്യുന്നതിനുവേണ്ടി രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ രാത്രി ഭവനഭേദനമോ നടത്തുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, ചെയ്യണമെന്നുദ്ദേശിച്ച കുററം മോഷണമാണെങ്കിൽ, തടവിന്റെ കാലാവധി പതിന്നാലു വർഷം വരെ ആക്കാവുന്നതും ആണ്.

458. ദേഹോപദ്രവത്തിനോ കൈയേററത്തിനോ അന്യായമായ തടസത്തിനോ ഒരുക്കംകൂട്ടിയതിനുംശേഷംരാത്രിയിൽ പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുന്നത് .—ഏതെങ്കിലും ആാക്ക് ദേഹോപദ്രവം ഏല്പിക്കുന്നതിനോ ഏതെങ്കിലും ആളെ കൈയേററം ചെയ്യുന്നതിനോ, ഏതെങ്കിലും ആളെ അന്യായമായി തടസ്സപ്പെടുത്തുന്നതിനോ, അല്ലങ്കിൽ ഏതെങ്കിലും ആാക്ക് ദേഹോപദ്രവമോ കൈയേററമോ അന്യായമായ തടസ്സമോ നേരിടുമെന്നുള്ള ഭയം ഉളവാക്കുന്നതിനോ ഒരുക്കം കൂട്ടിയതിനുശേഷം രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ രാത്രി ഭവനഭേദനമോ നടത്തുന്ന ഏതൊരാളും പതിന്നാലു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കും കൂടി അർഹനാകുന്നതുമാണ്.

459. പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ നടത്തുമ്പോൾ ഏല്പിക്കുന്ന കഠിനമായ ദേഹോപദ്രവം.— പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ ഭവനഭേദനമോ, നടത്തുമ്പോൾ ഏതെങ്കിലും ആാക്ക് കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും

ആരംക്ക് മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവു ശിക്ഷയോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

460. രാത്രി പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ രാത്രി ഭവനഭേദനമോ നടത്തുന്നതിൽ കൂട്ടായി പങ്കെടുക്കുന്ന എല്ലാ ആളുകളും, അവരിൽ ഒരാം മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്താൽ ശിക്ഷാർഹരാകുന്നത്.—രാത്രിപതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ രാത്രി ഭവനഭേദനമോ നടത്തുന്ന സമയത്ത്, അങ്ങനെയുള്ള കുററത്തിന് അപരാധിയായ ഏതെങ്കിലും ആരം സ്വേച്ഛയാ ഏതെങ്കിലും ആരംക്ക് മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ മരണം സംഭവിക്കുവാനോ ദേഹോപദ്രവം ഏല്പിക്കുവാനോ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെ രാത്രിയിൽ പതുങ്ങിയിരുന്നുകൊണ്ടുള്ള ഭവനക്കൈയേററമോ രാത്രിഭവനഭേദനമോ നടത്തുന്നതിൽ കൂട്ടായിപങ്കെടുക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ടതടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

461. വസ്തു അടങ്ങിയിട്ടുള്ള പാത്രം നേരുകേടായി കുത്തിത്തുറക്കുന്നത്.— നേരുകേടായോ ദ്രോഹം ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടിയോ വസ്തു അടങ്ങിയിട്ടുള്ളതോ വസ്തു അടങ്ങിയതാണെന്ന് താൻ വിശ്വസിക്കുന്നതോ ആയ അടച്ച ഏതെങ്കിലും പാത്രം കുത്തിത്തുറക്കുകയോ അഴിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

462. അതേ കുററം സൂക്ഷിപ്പു ഭരമേല്പിക്കപ്പെട്ട ആരം ചെയ്താലുള്ള ശിക്ഷ .— വസ്തു അടങ്ങിയിട്ടുള്ളതോ അടങ്ങിയിട്ടുണ്ടെന്ന് താൻ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും അടച്ച പാത്രം ഭരമേല്പിക്കപ്പെട്ടിരിക്കേ അത് തുറക്കുവാനുള്ള പ്രാധികാരമില്ലാതെ നേരുകേടായോ ദ്രോഹം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ ആ പാത്രം കുത്തിത്തുറക്കുകയോ അഴിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XVIII

# രേഖകളും വസ്തു ചിഹ്നങ്ങളും സംബന്ധിച്ച കുററങ്ങളെക്കുറിച്ച്

463. വ്യാജനിർമ്മാണം .— പൊതു ജനങ്ങരംക്കോ ഏതെങ്കിലും ആരംക്കോ നാശനഷ്ടമോ ക്ഷതിയോ ഉളവാക്കുകയോ ഏതെങ്കിലും അവകാശവാദമോ അവകാശത്തെളിവോ ശക്തിപ്പെടുത്തുകയോ ഏതെങ്കിലും ആരം വസ്തു കൈവിടുവാനോ പ്രകടമോ വ്യംഗ്യമോ ആയ ഏതെങ്കിലും കാൺട്രാക്ററിൽ ഏർപ്പെടുവാനോ ഇടയാക്കുകയോ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ

അല്ലെങ്കിൽ വഞ്ചന നടന്നുകൊള്ളട്ടെയെന്നോ ഉള്ള ഉദ്ദേശത്തോടുകൂടിയോ ഏതെങ്കിലും വ്യാജമായ രേഖയോ രേഖയുടെ ഭാഗമോ നിർമ്മിക്കുന്ന ഏതൊരാളും വ്യാജനിർമ്മാണം നടത്തുന്നു.

464. വ്യാജമായ രേഖനിർമ്മിക്കുന്നത്.—ഏതൊരാളാണോ—

ഒന്നാമത്.—ഒരു രേഖയോ രേഖയുടെ ഭാഗമോ, ഏതൊരാളാലോ, അയാളുടെ പ്രാധികാരത്താലോ അല്ല, അത് നിർമ്മിക്കുകയോ ഒപ്പുവയ്ക്കുകയോ മുദ്രവയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് തനിക്കറിയാവുന്നത്, അങ്ങനെയുള്ള ആളാലോ അയാളുടെ പ്രാധികാരത്താലോ നിർമ്മിക്കുകയോ ഒപ്പുവയ്ക്കുകയോ മുദ്രവയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യപ്പെട്ടതാണെന്നോ, അല്ലെങ്കിൽ ഏതു സമയത്ത് അല്ല അത് നിർമ്മിക്കുകയോ ഒപ്പുവയ്ക്കുകയോ മുദ്രവയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യപ്പെട്ടിട്ടുള്ളതെന്ന് തനിക്കറിയാവുന്നത്, ആ സമയത്ത് നിർമ്മിക്കുകയോ ഒപ്പുവയ്ക്കുകയോ മുദ്ര വയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യപ്പെട്ടതാണെന്നോ, വിശ്വസിക്കപ്പെടുവാനിടയാക്കണമെന്ന ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള ഒരു രേഖയോ രേഖയുടെ ഭാഗമോ നേരുകേടായോ വഞ്ചനാപൂർവ്വകമായോ നിർമ്മിക്കുകയോ ഒപ്പുവയ്ക്കുകയോ മുദ്ര വയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ അല്ലെങ്കിൽ രേഖ ഒപ്പിട്ട് പൂർത്തീകരിച്ചത് കുറിക്കുന്ന ഏതെങ്കിലും ചിഹ്നം എടുക്കുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

രണ്ടാമത്.—നിയമാനുസൃതമായ പ്രാധികാരം കൂടാതെ റദ്ദാക്കൽ വഴിയോ മററുപ്രകാരത്തിലോ ഒരു രേഖ അതിൻെറ ഏതെങ്കിലും സാരവത്തായ ഭാഗം സംബന്ധിച്ച്, ആ രേഖ താനോ മറേറതെങ്കിലും ആളോ നിർമ്മിക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്തതിനുശേഷം നേരുകേടായോ വഞ്ചനാപൂർവ്വകമായോ ഭേദപ്പെടുത്തുന്നത്, ആ മറേറ ആരം അങ്ങനെ ഭേദപ്പെടുത്തുന്ന സമയത്ത് ജീവിച്ചിരിപ്പുള്ളവനോ അല്ലാത്തവനോ ആയാലും; അല്ലെങ്കിൽ

മൂന്നാമത്.—ഏതെങ്കിലും ആരം ഒരു രേഖ ഒപ്പു വയ്ക്കുകയോ, മുദ്ര വയ്ക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ, ഭേദപ്പെടുത്തുകയോ ചെയ്യുവാൻ, അങ്ങനെയുള്ള ആരംക്ക് ആ രേഖയുടെ ഉള്ളടക്കമോ ആ ഭേദപ്പെടുത്തലിൻെറ സ്വഭാവമോ ചിത്തഭ്രമം കാരണമായോ ലഹരി കാരണമായോ അറിയുവാൻ കഴിയുകയില്ലെന്നോ അയാരം കബളിപ്പിക്കപ്പെട്ടത് കാരണമായി അറിഞ്ഞുകൂടാ എന്നോ അറിഞ്ഞുകൊണ്ട്, നേരുകേടായോ വഞ്ചനാപൂർവ്വകമായോ ഇടയാക്കുന്നത്, അയാരം വ്യാജമായ രേഖ നിർമ്മിക്കുന്നതായി പറയപ്പെടുന്നു.

## ദൃഷ്ടാന്തങ്ങരം

(ക) യ, ഖ യ്ക്കെഴുതിയ 10,000 രൂപയുടെ ഒരുപ്രത്യയപത്രം ക യുടെ കൈവശമുണ്ട്. ക ഖ യെ വഞ്ചിക്കുന്നതിനുവേണ്ടി, യ ആ പത്രം 1,00,000 ത്തിന് എഴുതിയതാണെന്ന് വിശ്വസിക്കണമെന്ന ഉദ്ദേശത്തോടുകൂടി 10,000 ത്തോട് ഒരു പൂജ്യം ചേർക്കുകയും തുക 1,00,000 ആക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഖ) ക, യ യുടെ പ്രാധികാരം കൂടാതെ, യ ക യ്ക്ക് ഒരു എസ്ററററ് കൈമാററം ചെയ്ത ആധാരമാണെന്ന് കരുതപ്പെടണമെന്നുദ്ദേശിച്ചുകൊണ്ടുള്ള ഒരു രേഖയിൽ ആ എസ്ററററ് ഖ യ്ക്ക് വില്ക്കുകയും അതുവഴി ഖ യിൽ നിന്ന് ക്രയവില പററുകയും ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി, യ യുടെ മുദ്ര കുത്തുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഗ) ക, ഖ ഒപ്പിട്ടതും ബെയററർക്ക് പണം കൊടുക്കേണ്ടതും, എന്നാൽ ചെക്കിൽ യാതൊരു തുകയും ചേർത്തിട്ടില്ലാത്തതും ആയ, ഒരു ബാങ്കർക്കുള്ള ചെക്ക് കണ്ട്, അതെടുക്കുന്നു. ക വഞ്ചനാപൂർവകമായി പതിനായിരം രൂപയുടെ തുക ചേർത്ത് ചെക്ക് പൂരിപ്പിക്കുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഘ) ക ഒപ്പിട്ടതും കൊടുക്കേണ്ട തുക ചേർക്കാത്തതുമായ, ഒരു ബാങ്കർക്കുള്ള ചെക്ക് ക അയാളുടെ ഏജൻറായ ഖ യെ ഏല്പിക്കുകയും കൊടുക്കുവാനുള്ള ചില തുകകൾ കൊടുക്കുവാനായി പതിനായിരം രൂപയിൽ കവിയാത്ത ഒരു തുക ചേർത്ത് ചെക്ക് പൂരിപ്പിക്കുവാൻ ഖ യ്ക്ക് പ്രാധികാരം നല്കുകയും ചെയ്യുന്നു. ഖ വഞ്ചനാപൂർവ്വകമായി ഇരുപതിനായിരം രൂപയുടെ തുക ചേർക്കുന്നതുവഴി ചെക്ക് പൂരിപ്പിക്കുന്നു. ഖ വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ങ) ക, ഖ യുടെ പ്രാധികാരം കൂടാതെ ഖ യുടെ പേരു വച്ച് ഒരു വിനിമയപത്രം, അതൊരു യഥാർത്ഥ വിനിമയപത്രമെന്ന നിലയിൽ ഒരു ബാങ്കറുടെ അടുക്കൽ ഡിസ്ക്കൗണ്ട് ചെയ്യാമെന്ന് ഉദ്ദേശിച്ചുകൊണ്ടും വിനിമയപത്രം കാലാവധിയാകുമ്പോൾ പണം കൊടുത്ത് എടുക്കാമെന്ന് ഉദ്ദേശിച്ചുകൊണ്ടും തന്റെ പേർക്ക് എഴുതിയുണ്ടാക്കുന്നു. ഇവിടെ ക ബാങ്കറെ അയാൾക്ക് ഖ യുടെ ജാമ്യമുണ്ടെന്ന് കരുതുവാനിടയാക്കി കബളിപ്പിക്കണമെന്നും അതുവഴി വിനിമയപത്രം ഡിസ്ക്കൗണ്ട് ചെയ്യണമെന്നും ഉദ്ദേശിച്ചുകൊണ്ട് വിനിമയപത്രം എഴുതുന്നതുകൊണ്ട് ക വ്യാജനിർമ്മാണത്തിന് അപരാധിയാകുന്നു.

(ച) യ യുടെ മരണശാസനത്തിൽ താഴെപ്പറയുന്ന വാക്കുകൾ അടങ്ങിയിരിക്കുന്നു—"എന്റെ ശേഷിച്ച എല്ലാ വസ്തുക്കളും ക യ്ക്കും, ഖ യ്ക്കും ഗ യ്ക്കും സമമായി വിഭജിക്കണമെന്ന് ഞാൻ നിദേശിക്കുന്നു." ക, മുഴുവനും തനിക്കും ഗ യ്ക്കുമായി വച്ചിട്ടുള്ളതാണെന്ന് വിശ്വസിച്ചു കൊള്ളട്ടെ എന്ന് ഉദ്ദേശിച്ചുകൊണ്ട് നേര്യകേടായി ഖ യുടെ പേര് ചുരണ്ടിക്കളയുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഛ) ക ഒരു ഗവൺമെന്റ് പ്രോമിസറി നോട്ട്, അതിന്മേൽ "യ യ്ക്കോ അയാളുടെ ആർഡർ പ്രകാരമോ കൊടുക്കുക" എന്ന വാക്കുകൾ എഴുതുകയും അതിൽ ഒപ്പു വയ്ക്കുകയും ചെയ്ത് എൻഡോഴ്സ് ചെയ്യുകയും യ യ്ക്കോ അയാളുടെ ആർഡർ പ്രകാരമോ കൊടുക്കത്തക്കതാക്കുകയും ചെയ്യുന്നു. ഖ നേരുകേടായി "യ യ്ക്കോ അയാളുടെ ആർഡർ പ്രകാരമോ കൊടുക്കുക" എന്ന വാക്കുകൾ മാച്ചുകളയുകയും അതുവഴി ആ പ്രത്യേക എൻഡോഴ്സ്മെൻറ് ബ്ലാങ്ക് എൻഡോഴ്സ്മെൻറായി മാററുകയും ചെയ്യുന്നു. ഖ വ്യാജനിർമ്മാണം നടത്തുന്നു.

(ജ) ക, ഒരു എസ്റേററ് യ യ്ക്ക് വില്ക്കുകയും ആധാരം വഴി കൈമാററം ചെയ്യുകയും ചെയ്യുന്നു. അതിനുശേഷം ക യ യിൽ നിന്ന് അയാളുടെ എസ്റേററ് വഞ്ചിച്ചെടുക്കുന്നതിനായി അതേ എസ്റേററ് ഖ യ്ക്ക് കൈമാററം ചെയ്യുന്ന ഒരു ആധാരം, അയാൾ യ യ്ക്ക് എസ്റേററ് ആധാരം വഴി കൈമാററം ചെയ്യുതിനുമുൻപ്, അത് ഖ യ്ക്ക് ആധാരം വഴി കൈമാററം ചെയ്തതായി വിശ്വസിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് യ യ്ക്കുള്ള കൈമാററയാധാരത്തിന്റെ തീയതിയിൽ ആറു മാസം മുമ്പുള്ള തീയതി വച്ച് ഒപ്പിട്ട് പൂർത്തീകരിക്കുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഝ) യ അയാളുടെ മരണശാസനം ക യ്ക്ക് എഴുതി എടുക്കുവാനായി പറഞ്ഞുകൊടുക്കുന്നു. യ പേരു പറഞ്ഞുകൊടുത്ത ഒരു ഒസ്യത്തവകാശിയിൽ നിന്ന് വ്യത്യസ്തനായ ഒരു ഒസ്യത്തവകാശിയുടെ പേര്

ക ഉദ്ദേശപൂർവ്വം എഴുതിയെടുക്കുകയും യ യുടെ നിദേശമനുസരിച്ചാണ് താൻ മരണശാസനം തയ്യാറാക്കിയതെന്ന് യ യെ ധരിപ്പിച്ച് ആ മരണശാസനം ഒപ്പുവയ്ക്കാൻ യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഞ) ക, ഖ യുടെ പ്രാധികാരം കൂടാതെ ക സൽസ്വഭാവിയാണെന്നും അപ്രതീക്ഷിതമായ ദൗർഭാഗ്യത്താൽ ക്ലേശഭൂയിഷ്ഠമായ പരിത:സ്ഥിതികളിലാണെന്നും സർട്ടിഫൈ ചെയ്തുകൊണ്ടുള്ള ഒരു കത്ത്, ആ കത്തു മൂലം യ യിൽ നിന്നും മററാളുകളിൽനിന്നും ഭിക്ഷ ലഭിക്കണമെന്നുദ്ദേശിച്ചുകൊണ്ട്, എഴുതുകയും അതിൽ ഖ യുടെ പേരുവച്ച് ഒപ്പുവയ്ക്കുകയും ചെയ്യുന്നു. ഇവിടെ ക വസ്തു കൈവിടുവിയ്ക്കാൻ യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുന്നതിനുവേണ്ടി ഒരു വ്യാജരേഖ നിർമ്മിച്ചതിനാൽ വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ട) ക, ഖ യുടെ പ്രാധികാരം കൂടാതെ ക യുടെ സ്വഭാവം സർട്ടിഫൈ ചെയ്തുകൊണ്ടുള്ള ഒരു കത്ത് എഴുതുകയും അതിൽ ഖ യുടെ പേരുവച്ച് ഒപ്പുവയ്ക്കുകയും ചെയ്യുന്നതു വഴി യ യുടെ കീഴിൽ ജോലി ലഭിക്കണമെന്ന്, ഉദ്ദേശിച്ചുകൊണ്ട് അങ്ങനെ എഴുതുകയും ഒപ്പുവയ്ക്കുകയും ചെയ്യുന്നു. വ്യാജനിർമ്മിതമായ സർട്ടിഫിക്കററുമൂലം യ യെ കബളിപ്പിക്കുകയും അതുവഴി പ്രകടമോ വ്യംഗ്യമോ ആയ ഒരു സർവ്വീസ് കാൺട്രാക്ററിൽ ഏർപ്പെടുവാൻ യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യണമെന്ന് ഉദ്ദേശിച്ചതിനാൽ ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

വിശദീകരണം—1. ഒരാരം സ്വന്തം പേരു വച്ച് ഒപ്പു വയ്ക്കുന്നത് വ്യാജനിർമ്മാണമാകാവുന്നതാണ്.

## ദൃഷ്ടാന്തങ്ങരം

(ക) ക, ഒരു വിനിമയപത്രത്തിൽ ആ വിനിമയപത്രം തൻെറ പേരു തന്നെയുള്ള മറെറാരാരം എഴുതിയുണ്ടാക്കിയതാണെന്ന് വിശ്വസിച്ചുകൊള്ളട്ടെയെന്ന് ഉദ്ദേശിച്ചുകൊണ്ട് സ്വന്തം പേരുവച്ച് ഒപ്പുവയ്ക്കുന്നു. ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഖ) ക, ഒരു കഷണം കടലാസിൽ, പിന്നീട് ഖ ആ കടലാസിൽ യ യുടെ പേരിൽ എഴുതിയുണ്ടാക്കിയ ഒരു വിനിമയപത്രം എഴുതുകയും, ആ വിനിമയപത്രം, അത് യ പ്രതിഗ്രഹിച്ചിരുന്നാൽ എന്ന പോലെ കൈമാറുവാൻവേണ്ടി "പ്രതിഗ്രഹിച്ചു" എന്ന് എഴുതുകയും അതിൽ യയുടെ പേരെഴുതി ഒപ്പുവയ്ക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തിയതിന് അപരാധിയാകുന്നു. കൂടാതെ ഖ ഈ വസ്തുത അറിഞ്ഞുകൊണ്ട് ക യുടെ ഉദ്ദേശമനുസരിച്ച് ആ കടലാസിൽ വിനിമയപത്രം എഴുതി ഉണ്ടാക്കുകയാണെങ്കിൽ ഖ യും വ്യാജനിർമ്മാണത്തിന് അപരാധിയാകുന്നു.

(ഗ) ക, തൻെറ പേര് തന്നെയുള്ള വേറൊരു ആളുടെ ആർഡർ പ്രകാരം പണം കൊടുക്കാവുന്ന ഒരു വിനിമയപത്രം കണ്ട് അത് എടുക്കുന്നു. ക, ആ വിനിമയപത്രം ആരുടെ ആർഡർ പ്രകാരമാണോ അതിലെ പണം കൊടുക്കാമായിരുന്നത്, ആ ആരം എൻഡോഴ്സ് ചെയ്തതാണെന്ന് വിശ്വസിക്കണമെന്നുദ്ദേശിച്ചുകൊണ്ട് സ്വന്തം പേരുവച്ച് ആ വിനിമയപത്രം എൻഡോഴ്സ് ചെയ്യുന്നു. ഇവിടെ ക വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ഘ) ക, ഖയ്ക്ക് എതിരായ ഒരു വിധിയുടെ നടത്തലിൽ വിററ ഒരു എസ്റേററ് വാങ്ങുന്നു. എസ്റേററ് നടത്തി എടുത്തതിനുശേഷം,

യ യുമായി കപടസന്ധിയിൽ ഏർപ്പെട്ട്, ഖ എസ്റേററ് നാമമാത്ര മായ പാട്ടത്തിന്, ദീർഘകാലത്തേയ്ക്ക് പാട്ടച്ചാർത്തിന്റെ തീയതി എസ്റേററ് നടത്തി എടുത്തതിന്റെ ആറുമാസം മുൻപുള്ള തീയതിയായി കാണിച്ച് ക യെ വഞ്ചിക്കുകയും എസ്റേററ് നടത്തി എടുക്കുന്നതിനുമുൻപ് പാട്ടത്തിന് കൊടുത്തതാണെന്ന് വിശ്വസിപ്പിക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി യ യ്ക്ക് ചാർത്തിക്കൊടുക്കുന്നു. തന്റെ സ്വന്തം പേരു വച്ചാണ് ഖ പാട്ടത്തിന് എഴുതിക്കൊടുക്കുന്നതെങ്കിലും അതിൽ മുൻതീയതി വയ്ക്കുന്നതുവഴി ഖ വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

(ങ) ഒരു കച്ചവടക്കാരനായ ക നിർദ്ധനത്വം നേരിടുമെന്ന് മുൻകൂട്ടി കണ്ട് തന്റെ ഗുണത്തിനുവേണ്ടിയും തന്റെ ഉത്തമർണ്ണൻമാരെ വഞ്ചിക്കണ മെന്നുള്ള ഉദ്ദേശത്തോടുകൂടിയും തന്റെ സ്വത്തുക്കൾ ഖ യുടെ പക്കൽ ഏല്പിക്കുന്നു, കൂടാതെ ഇടപാട് യഥാർത്ഥമാണെന്ന് തോന്നിക്കുന്ന തിനുവേണ്ടി ഖ യ്ക്ക് മൂല്യം കൈപ്പററിയതിന് ഒരു തുക കൊടുക്കുവാൻ സ്വയം ബാധ്യസ്ഥനാക്കി കൊണ്ടുള്ള ഒരു പ്രോനോട്ട് എഴുതുകയും ക നിർദ്ധനാവസ്ഥയിൽ എത്തുന്ന കാലത്തിനുമുൻപ് ഉണ്ടാക്കിയതാണെന്ന് വിശ്വസിച്ചുകൊള്ളട്ടെ എന്ന് ഉദ്ദേശിച്ചുകൊണ്ട് ആ നോട്ടിൽ മുൻതീയതി വയ്ക്കുകയും ചെയ്യുന്നു. ക, ഈ നിർവ്വചനത്തിന്റെ ഒന്നാമത്തെ ഖണ്ഡിക പ്രകാരം വ്യാജനിർമ്മാണം നടത്തിയിരിക്കുന്നു.

വിശദീകരണം 2.— ഒരു വ്യാജരേഖ, ആ രേഖ യഥാർത്ഥത്തിലുള്ള ഒരാൾ നിർമ്മിച്ചതാണെന്ന് വിശ്വസിക്കപ്പെടണമെന്നുദ്ദേശിച്ചുകൊണ്ട് കല്പിതനായ ഒരാളുടെ പേരുവച്ചോ, അല്ലെങ്കിൽ ആ രേഖ, മരിച്ചുപോയ ഒരാൾ, അയാൾ ജീവിച്ചിരിക്കുമ്പോൾ നിർമ്മിച്ചതാണെന്ന് വിശ്വസിക്കപ്പെടണ മെന്ന് ഉദ്ദേശിച്ചുകൊണ്ട് ആ മരിച്ചുപോയ ആളുടെ പേരുവച്ചോ, നിർമ്മി ക്കുന്നത് വ്യാജനിർമ്മാണമാകാവുന്നതാണ്.

ദൃഷ്ടാന്തം

ക കല്പിതനായ ഒരാളുടെ പേർക്ക് ഒരു വിനിമയപത്രം എഴുതി ഉണ്ടാക്കുകയും അത് കൈമാററണമെന്നുള്ള ഉദ്ദേശത്തോടുകൂടി അങ്ങനെയുള്ള കല്പിതനായ ആളുടെ പേരുവച്ച് ആ വിനിമയപത്രം വഞ്ചനാപൂർവ്വകമായി പ്രതിഗ്രഹിക്കുകയും ചെയ്യുന്നു. ക വ്യാജനിർമ്മാണം നടത്തുന്നു.

465. വ്യാജനിർമ്മാണത്തിനുള്ള ശിക്ഷ.— വ്യാജനിർമ്മാണം നടത്തുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

466. കോടതി റിക്കാർഡിന്റേയോ പബ്ലിക് രജിസ്ററിന്റേയോ മറേറാ വ്യാജനിർമ്മാണം.— ഒരു നീതിന്യായക്കോടതിയുടേയോ നീതിന്യായക്കോടതി യിലേയോ റിക്കാർഡോ നടപടിയോ അല്ലെങ്കിൽ ജനനത്തിന്റേയോ മമ്മോദീസാ യുടേയോ വിവാഹത്തിന്റേയോ ശവം അടക്കം ചെയ്യുന്നതിന്റേയോ രജിസ്ററോ അല്ലെങ്കിൽ ഒരു പബ്ലിക് സർവന്റ് അങ്ങനെയുള്ള നിലയിൽ സൂക്ഷിക്കുന്ന രജിസ്ററോ ആണെന്നു കരുതപ്പെടണമെന്നുദ്ദേശിച്ചുകൊണ്ടുള്ള ഒരു രേഖയോ അല്ലെങ്കിൽ ഒരു പബ്ലിക് സർവന്റ് തന്റെ ഔദ്യോഗിക നിലയിൽ ഉണ്ടാക്കിയതാണെന്നു കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സർട്ടി ഫിക്കറേറാ രേഖയോ, അല്ലെങ്കിൽ ഒരു വ്യവഹാരം ബോധിപ്പിക്കുകയോ

പ്രതിവാദം ചെയ്യുകയോ ചെയ്യുന്നതിനോ അതിൽ ഏതെങ്കിലും നടപടികളും എടുക്കുന്നതിനോ അന്യായപ്രകാരം വിധിക്കുവാൻ സമ്മതിക്കുന്നതിനോ ഉള്ള ഒരു അധികാരപത്രമോ അല്ലെങ്കിൽ ഒരു മുക്ത്തിയാർനാമമോ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

467. മൂല്യമുള്ള ഈട്, മരണശാസനം മുതലായവയുടെ വ്യാജനിർമ്മാണം. മൂല്യമുള്ള ഈടോ മരണശാസനമോ, ഒരു പുത്രനെ ദത്തെടുക്കുവാനുള്ള അധികാരപത്രമോ ആണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ളതോ, അല്ലെങ്കിൽ ഏതെങ്കിലും മൂല്യമുള്ള ഈട് ഉണ്ടാക്കുകയോ കൈമാററം ചെയ്യുകയോ ചെയ്യുവാനോ അതിന്റെ മുതലോ പലിശയോ ലാഭവീതമോ സ്വീകരിക്കുവാനോ, ഏതെങ്കിലും പണമോ ജംഗമവസ്തുവോ മൂല്യമുള്ള ഈടോ സ്വീകരിക്കുവാനോ കൈയേല്പിക്കുവാനോ ഉള്ള അധികാരം നല്കുന്നതാണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു രേഖയോ അല്ലെങ്കിൽ പണം കൊടുത്ത് സമ്മതിക്കുന്ന ഒരു മുക്തിപത്രമോ രസീതോ അല്ലെങ്കിൽ ഏതെങ്കിലും ജംഗമവസ്തുവോ മൂല്യമുള്ള ഈടോ കൈയേല്പിച്ചതിനുള്ള മുക്തിപത്രമോ രസീതോ ആണെന്ന് കരുതപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും രേഖയോ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുന്ന ഏതൊരാളും ജീവപര്യന്തത്തടവോ പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

468. ചതിക്കുന്നതിനുവേണ്ടിയുള്ള വ്യാജനിർമ്മാണം.—വ്യാജനിർമ്മിതരേഖ, ചതിചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് വ്യാജനിർമ്മാണം നടത്തുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

469. ഖ്യാതിക്ക് ഹാനി ഉളവാക്കുവാൻ വേണ്ടിയുള്ള വ്യാജനിർമ്മാണം.—വ്യാജനിർമ്മിതരേഖ ഏതെങ്കിലും കക്ഷിയുടെ ഖ്യാതിക്ക് ഹാനി ഉളവാക്കണമെന്നുദ്ദേശിച്ചുകൊണ്ടോ അല്ലെങ്കിൽ ആ ആവശ്യത്തിന് ഉപയോഗിക്കപ്പെടുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ വ്യാജനിർമ്മാണം നടത്തുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

470. വ്യാജനിർമ്മിതരേഖ.—മുഴുവനായോ ഭാഗികമായോ വ്യാജനിർമ്മാണം നടത്തി ഉണ്ടാക്കിയ ഒരു രേഖയ്ക്ക് "വ്യാജനിർമ്മിതരേഖ" എന്നു പേർ പറയുന്നു.

471. വ്യാജനിർമ്മിതരേഖ യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുന്നത്.—വ്യാജനിർമ്മിതരേഖയാണെന്ന് തനിക്ക് അറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും രേഖ യഥാർത്ഥമായതെന്നപോലെ വഞ്ചനാപൂർവ്വകമായോ നേരുകേടായോ ഉപയോഗിക്കുന്ന ഏതൊരാളും, അയാൾ അങ്ങനെയുള്ള രേഖ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കിയിരുന്നാൽ ഏതു രീതിയിലോ അതേ രീതിയിൽ, ശിക്ഷിക്കപ്പെടുന്നതാകുന്നു.

472. 467–ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ വ്യാജനിർമ്മാണം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുദ്ര മുതലായവ നിർമ്മിക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കിയ

മുദ്ര മുതലായവ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും മുദ്രയോ തകിടോ മുദ്ര അടിക്കുവാനുള്ള മററുപകരണമോ, അത് ഈ നിയമസംഹിതയുടെ 467-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും വ്യാജനിർമ്മാണം നടത്തുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് നിർമ്മിക്കുകയോ കപടാനുകരണം ചെയ്തുണ്ടാക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശത്തോടുകൂടി, അങ്ങനെയുള്ള ഏതെങ്കിലും മുദ്രയോ തകിടോ മററുപകരണമോ, അത് കപടാനുകരണം ചെയ്ത് ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ട് കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

473. മററുപ്രകാരത്തിൽ ശിക്ഷാർഹമായ വ്യാജനിർമ്മാണം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മുദ്ര മുതലായവ നിർമ്മിക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കുകയോ കപടാനുകരണം നടത്തി ഉണ്ടാക്കിയ മുദ്ര മുതലായവ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും മുദ്രയോ തകിടോ മുദ്ര അടിക്കുവാനുള്ള മററ് ഉപകരണമോ, അത് ഈ അദ്ധ്യായത്തിലെ 467-ാം വകുപ്പ് ഒഴികെയുള്ള ഏതെങ്കിലും വകുപ്പുപ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും വ്യാജനിർമ്മാണം നടത്തുന്നതിനുവേണ്ടി ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് നിർമ്മിക്കുകയോ കപടാനുകരണം ചെയ്ത് ഉണ്ടാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശത്തോടുകൂടി അങ്ങയെയുള്ള ഏതെങ്കിലും മുദ്രയോ തകിടോ മററ് ഉപകരണമോ, അത് കപടാനുകരണം ചെയ്ത് ഉണ്ടാക്കിയതാണെന്ന് അറിഞ്ഞുകൊണ്ടോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

474. 466-ാം വകുപ്പിലോ 467-ാം വകുപ്പിലോ വിവരിച്ച രേഖ, അത് വ്യാജനിർമ്മിതമാണെന്ന് അറിഞ്ഞുകൊണ്ടും അത് യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടും കൈവശം വയ്ക്കുന്നത്.—ഏതെങ്കിലും രേഖ, അത് വ്യാജനിർമ്മിതമാണെന്ന് അറിഞ്ഞുകൊണ്ടും, അത് വഞ്ചനാപൂർവ്വകമായോ നേരുകേടായോ യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടും കൈവശം വയ്ക്കുന്ന ഏതൊരാളും ആ രേഖ ഈ നിയമസംഹിതയിലെ 466-ാം വകുപ്പിൽ പറഞ്ഞ വിവരണത്തിൽപ്പെട്ട ഒന്നാണെങ്കിൽ, ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും, ആ രേഖ 467-ാം വകുപ്പിൽ പറഞ്ഞ വിവരണത്തിൽപ്പെട്ട ഒന്നാണെങ്കിൽ ജീവപര്യന്തത്തടവോ അല്ലെങ്കിൽ ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

475. 467-ാം വകുപ്പിൽ വിവരിച്ച രേഖകൾ പ്രമാണീകരിക്കുവാൻ ഉപയോഗിക്കുന്ന അടയാളമോ ചിഹ്നമോ കപടാനുകരണം ചെയ്തുണ്ടാക്കുകയോ കപടാനുകരണം ചെയ്ത ചിഹ്നമുള്ള പദാർത്ഥം കൈവശം വയ്ക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും പദാർത്ഥത്തിൻമേലോ അതിന്റെ ഉപദാനത്തിലോ ഈ നിയമസംഹിതയുടെ 467-ാം വകുപ്പിൽ വിവരിച്ച ഏതെങ്കിലും രേഖ പ്രമാണീകരിക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും

അടയാളമോ, ചിഹ്നമോ, അങ്ങനെയുള്ള അടയാളമോ ചിഹ്നമോ അപ്പോഠം വ്യാജനിർമ്മാണം നടത്തി ഉണ്ടാക്കുന്നതോ പിന്നീട് വ്യാജനിർമ്മാണം നടത്തി ഉണ്ടാക്കുവാനുള്ളതോ ആയ ഏതെങ്കിലും രേഖയ്ക്ക്, അത് പ്രമാണീകരിച്ചതാണെന്ന പ്രതീതി ഉളവാക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടണമെന്ന് ഉദ്ദേശിച്ചുകൊണ്ട് കപടാനുകരണം ചെയ്തുണ്ടാക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശത്തോടുകൂടി, ഏത് പദാർത്ഥത്തിൻമേലോ അതിന്റെ ഉപദാനത്തിലോ ആണോ അങ്ങനെയുള്ള ഏതെങ്കിലും അടയാളമോ ചിഹ്നമോ കപടാനുകരണം ചെയ്തുണ്ടാക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പദാർത്ഥം കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

476. 467-ാം വകുപ്പിൽ വിവരിച്ചവയല്ലാത്ത രേഖകഠം പ്രമാണീകരിക്കുവാൻ ഉപയോഗിക്കുന്ന അടയാളമോ ചിഹ്നമോ കപടാനുകരണം ചെയ്ത അടയാളമുള്ള പദാർത്ഥം കൈവശം വയ്ക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും പദാർത്ഥത്തിൻമേലോ അതിന്റെ ഉപദാനത്തിലോ ഈ നിയമസംഹിതയുടെ 467-ാം വകുപ്പിൽ വിവരിച്ചതല്ലാത്ത ഏതെങ്കിലും രേഖ പ്രമാണീകരിക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും അടയാളമോ ചിഹ്നമോ, അങ്ങനെയുള്ള അടയാളമോ ചിഹ്നമോ അപ്പോഠം വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുന്നതോ പിന്നീട് വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുവാനുള്ളതോ ആയ ഏതെങ്കിലും രേഖയ്ക്ക്, അത് പ്രമാണീകരിച്ചതാണെന്ന പ്രതീതി ഉളവാക്കുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടണമെന്നു ഉദ്ദേശിച്ചുകൊണ്ട് കപടാനുകരണം ചെയ്തുണ്ടാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്ദേശ്യത്തോടുകൂടി ഏത് പദാർത്ഥത്തിൻമേലോ അതിന്റെ ഉപദാനത്തിലോ ആണോ അങ്ങനെയുള്ള ഏതെങ്കിലും അടയാളമോ ചിഹ്നമോ കപടാനുകരണം ചെയ്ത് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പദാർത്ഥം കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും അയാഠം പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

477. മരണശാസനത്തിന്റേയോ ദത്തെടുക്കുവാനുള്ള അധികാരപത്രത്തിന്റേയോ മൂല്യമുള്ള ഈടിന്റേയോ വഞ്ചനാപൂർവ്വകമായ റദ്ദാക്കൽ നശിപ്പിക്കൽ മുതലായവ.—വഞ്ചനാപൂർവ്വകമായോ നേരുകേടായോ അല്ലെങ്കിൽ പൊതുജനങ്ങഠംക്കോ ഏതെങ്കിലും ആഠംക്കോ നാശനഷ്ടമോ ക്ഷതിയോ ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ, മരണശാസനമോ, ഒരു പുത്രനെ ദത്തെടുക്കുവാനുള്ള അധികാരപത്രമോ, ഏതെങ്കിലും മൂല്യമുള്ള ഈടോ ആയതോ, അല്ലെങ്കിൽ ആയതാണെന്ന് കരുതപ്പെടണമെന്നുദ്ദേശിച്ചിട്ടുള്ളതോ, ആയ ഏതെങ്കിലും രേഖ റദ്ദാക്കുകയോ നശിപ്പിക്കുകയോ വിരൂപമാക്കുകയോ അല്ലെങ്കിൽ റദ്ദാക്കുകയോ നശിപ്പിക്കുകയോ വിരൂപമാക്കുകയോ ചെയ്യുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള രേഖ ഒളിച്ചുവയ്ക്കുകയോ ഒളിച്ചുവയ്ക്കുവാൻ ശ്രമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള രേഖ സംബന്ധിച്ച് ദ്രോഹം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

477 ക. കണക്കുകളുടെ വ്യാജീകരണം.—ഒരു ക്ലാർക്കോ ആഫീസറോ കീഴ്ജീവനക്കാരനോ ആയിരിക്കുകയോ അല്ലെങ്കിൽ ഒരു ക്ലാർക്കോ ആഫീസറോ കീഴ്ജീവനക്കാരനോ എന്ന നിലയിൽ നിയോജിതനാകുകയോ പ്രവർത്തിക്കുകയോ ചെയ്യവെ, മനഃപൂർവ്വം വഞ്ചിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും, അയാളുടെ നിയോജകന്റെ വകയായതോ കൈവശത്തിലുള്ളതോ അല്ലെങ്കിൽ അയാളുടെ നിയോജകനായോ നിയോജകനുവേണ്ടിയോ അയാൾക്ക് കിട്ടിയതോ ആയ ഏതെങ്കിലും പുസ്തകമോ കടലാസോ ലിഖിതമോ മൂല്യമുള്ള ഈടോ കണക്കോ നശിപ്പിക്കുകയോ വ്യത്യാസപ്പെടുത്തുകയോ വികൃതമാക്കുകയോ വ്യാജീകരിക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ മനഃപൂർവ്വവും വഞ്ചിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും അങ്ങനെയുള്ള ഏതെങ്കിലും പുസ്തകത്തിലോ കടലാസിലോ ലിഖിതത്തിലോ മൂല്യമുള്ള ഈടിലോ കണക്കിലോ ഏതെങ്കിലുംവ്യാജമായ ഉൾക്കുറിപ്പു ചേർക്കുകയോ ചേർക്കുവാൻ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ അതിൽ ഏതെങ്കിലും സാരവത്തായ വിവരം വിട്ടുകളയുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുകയോ ചെയ്യുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.— ഈ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും ചാർജ്ജിന് വഞ്ചിക്കുവാനുള്ള ഒരു സാമാന്യോദ്ദേശം, വഞ്ചിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രത്യേക ആളുടെ പേരു പറയുകയോ അല്ലെങ്കിൽ വഞ്ചനയ്ക്ക് വിധേയമാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രത്യേക തുകയോ കുററം നടത്തിയതോ ആയ ഏതെങ്കിലും പ്രത്യേക ദിവസമോ വിനിർദ്ദേശിക്കുകയോ ചെയ്യാതെ ആരോപിച്ചാൽ മതിയാകുന്നതാണ്.

## വസ്തുചിഹ്നങ്ങളേയും മററ് ചിഹ്നങ്ങളേയും കുറിച്ച്

478. (റദ്ദാക്കപ്പെട്ടു)

479. വസ്തു ചിഹ്നം.—ജംഗമവസ്തു ഒരു പ്രത്യേക ആളുടെ വകയാണെന്ന് കാണിക്കുന്നതിന് ഉപയോഗിക്കുന്ന ചിഹ്നത്തിന് വസ്തു ചിഹ്നം എന്നു പേർ പറയുന്നു.

480. (റദ്ദാക്കപ്പെട്ടു)

481. വ്യാജമായ വസ്തുചിഹ്നം ഉപയോഗിക്കുന്നത്.— ഏതെങ്കിലും ജംഗമവസ്തുവിനോ ചരക്കുകൾക്കോ അല്ലെങ്കിൽ ജംഗമവസ്തുവോ ചരക്കുകളോ അടങ്ങുന്ന ഏതെങ്കിലും പെട്ടിക്കോ പൊതിക്കോ മററു പാത്രത്തിനോ ചിഹ്നമിടുകയോ അല്ലെങ്കിൽ ഏതെങ്കിലും ചിഹ്നമുള്ള ഏതെങ്കിലും പെട്ടിയോ പൊതിയോ മററു പാത്രമോ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെ ചിഹ്നമിടുന്നതോ ഉപയോഗിക്കുന്നതോ അങ്ങനെ ചിഹ്നമിട്ട വസ്തുവോ ചരക്കുകളോ അങ്ങനെ ചിഹ്നമിട്ട പാത്രത്തിൽ അടങ്ങിയ ഏതെങ്കിലും വസ്തുവോ ചരക്കുകളോ, അവ ആരുടെ വകയാണോ അങ്ങനെ ഉള്ളതല്ലാത്ത ഒരാളുടെ വകയാണെന്ന് വിശ്വസിപ്പിക്കണമെന്ന് ന്യായമായി കണക്കാക്കിയ ഒരു രീതിയിലായാൽ, വ്യാജമായ ഒരു വസ്തു ചിഹ്നം ഉപയോഗിക്കുന്നതായി പറയുന്നു.

482. വ്യാജമായ വസ്തു ചിഹ്നം ഉപയോഗിക്കുന്നതിനുള്ള ശിക്ഷ.— ഏതെങ്കിലും വ്യാജമായ ഒരു വസ്തു ചിഹ്നം ഉപയോഗിക്കുന്ന ഏതൊരാളും

വഞ്ചിക്കണമെന്നുള്ള ഉദ്ദേശം കൂടാതെയാണ് പ്രവർത്തിച്ചതെന്ന് അയാറം തെളിയിക്കാത്തപക്ഷം, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

483. മറെറാരാറം ഉപയോഗിക്കുന്ന വസ്തു ചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നത്.—മറേറതെങ്കിലും ആറം ഉപയോഗിക്കുന്ന ഏതെങ്കിലും വസ്തു ചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

484. പബ്ലിക് സർവന്റ് ഉപയോഗിക്കുന്ന ചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നത്.—ഒരു പബ്ലിക് സർവന്റ് ഉപയോഗിക്കുന്ന ഏതെങ്കിലും വസ്തുചിഹ്നത്തിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തു ഒരു പ്രത്യേക ആളാലോ ഒരു പ്രത്യേക സമയത്തോ സ്ഥലത്തുവച്ചോ നിർമ്മിക്കപ്പെട്ടതാണെന്നോ, വസ്തു ഒരു പ്രത്യേക ക്വാളിററിയുള്ളതാണെന്നോ ഒരു പ്രത്യേക ആഫീസിലൂടെ വന്നിട്ടുള്ളതാണെന്നോ അത് ഏതെങ്കിലും ഒഴിവാക്കലിന് അവകാശപ്പെട്ടതാണെന്നോ കുറിക്കുന്നതിന് പബ്ലിക്സർവന്റ് ഉപയോഗിക്കുന്ന ഏതെങ്കിലും ചിഹ്നത്തിന്റേയോ കപടാനുകരണം നടത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചിഹ്നം അത് കപടാനുകരണം നടത്തിയുണ്ടാക്കിയതാണെന്നറിഞ്ഞുകൊണ്ട് യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

485. വസ്തുചിഹ്നത്തിന്റെ കപടാനുകരണത്തിനുള്ള ഏതെങ്കിലും ഉപകരണം നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.—ഒരു വസ്തു ചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും അച്ചോ പ്ലേററോ മററുപകരണമോ നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ചരക്കുകറം ആരുടെ വകയല്ലാത്തതാണോ, അങ്ങനെയുള്ള ആളുടെ വകയാണെന്ന് കുറിക്കുന്നതിന് ഏതെങ്കിലും വസ്തു ചിഹ്നം കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

486. കപടാനുകരണം നടത്തിയുണ്ടാക്കിയ ഒരു വസ്തുചിഹ്നംകൊണ്ട് ചിഹ്നമിട്ട ചരക്കുകറം വില്ക്കുന്നത്.—ഏതു ചരക്കുകളിൻമേലോ സാധനങ്ങളിൻമേലോ അല്ലെങ്കിൽ അവ അടങ്ങിയ ഏതെങ്കിലും പെട്ടിയിൻമേലോ പൊതിയിൻമേലോ മററു പാത്രത്തിൻമേലോ ആണ് കപടാനുകരണം നടത്തിയുണ്ടാക്കിയ ഒരു വസ്തു ചിഹ്നം ഒട്ടിക്കുകയോ പതിക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ചരക്കുകളോ സാധനങ്ങളോ വില്ക്കുകയോ വില്ക്കുവാൻവേണ്ടി പ്രദർശിപ്പിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും, അയാറം—

(ക) ഈ വകുപ്പിൽ നിരോധിച്ചിട്ടുള്ള ഒരു കുററം ചെയ്യാതിരിക്കുവാൻ വേണ്ട ന്യായമായ മുൻകരുതലുകറം എടുത്തതിനുശേഷം ആരോപിക്കപ്പെട്ട കുററം ചെയ്തസമയത്ത് ചിഹ്നത്തിന്റെ യഥാർത്ഥത സംശയിക്കുവാൻ തനിക്ക് യാതൊരു കാരണവും ഇല്ലായിരുന്നുവെന്നും; അല്ലെങ്കിൽ

(ഖ) പ്രാസിക്യൂട്ടറോ പ്രാസിക്യൂട്ടർക്കോ വേണ്ടിയോ ആവശ്യപ്പെട്ടപ്പോൾ അങ്ങനെയുള്ള ചരക്കുകളോ സാധനങ്ങളോ തനിക്ക് ആരിൽ നിന്നാണോ ലഭിച്ചത് അവരെ സംബന്ധിച്ച് തനിക്ക് നല്കുവാൻ കഴിവുണ്ടായിരുന്ന എല്ലാ വിവരങ്ങളും താൻ നല്കിയെന്നും, അല്ലെങ്കിൽ

(ഗ) മററുപ്രകാരത്തിൽ താൻ നിരപരാധമായാണ് പ്രവർത്തിച്ചതെന്നും തെളിയിക്കാത്തപക്ഷം, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

487. ചരക്കുകൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും പാത്രത്തിൻമേൽ വ്യാജമായ ചിഹ്നം ഇടുന്നത്.—ചരക്കുകൾ അടങ്ങിയിട്ടുള്ള ഏതെങ്കിലും പെട്ടിയിൻമേലോ, പൊതിയിൻമേലോ മററു പാത്രത്തിൻമേലോ, അങ്ങനെയുള്ള പാത്രത്തിൽ അടങ്ങിയിട്ടില്ലാത്ത ചരക്കുകൾ അടങ്ങിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിൽ അടങ്ങിയിട്ടുള്ള ചരക്കുകൾ അടങ്ങിയിട്ടില്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള പാത്രത്തിൽ അടങ്ങിയിട്ടുള്ള ചരക്കുകൾ അവയുടെ യഥാർത്ഥ സ്വഭാവത്തിലോ ക്വാളിററിയിലോ നിന്ന് വ്യത്യസ്തമായ സ്വഭാവത്തോടോ ക്വാളിററിയോടോ കൂടിയതാണെന്നോ ഏതെങ്കിലും പബ്ലിക് സർവൻറിനേയോ മറേറതെങ്കിലും ആളേയോ വിശ്വസിപ്പിക്കണമെന്ന് ന്യായമായി കണക്കാക്കിയ ഒരു രീതിയിൽ ഏതെങ്കിലും വ്യാജമായ ചിഹ്നം ഇടുന്ന ഏതൊരാളും, താൻ വഞ്ചിക്കണമെന്നുള്ള ഉദ്ദേശം കൂടാതെയാണ് പ്രവർത്തിച്ചതെന്ന് തെളിയിക്കാത്തപക്ഷം, മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും, തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

488. അങ്ങനെയുള്ള ഏതെങ്കിലും വ്യാജമായ ചിഹ്നം ഉപയോഗിക്കുന്നതിനുള്ള ശിക്ഷ.—അങ്ങനെയുള്ള ഏതെങ്കിലും വ്യാജമായ ചിഹ്നം തൊട്ടുമുമ്പിലത്തെ വകുപ്പുപ്രകാരം നിരോധിച്ചിട്ടുള്ള ഏതെങ്കിലും രീതിയിൽ ഉപയോഗിക്കുന്ന ഏതൊരാളും, താൻ വഞ്ചിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടാതെയാണ് പ്രവർത്തിച്ചതെന്ന് തെളിയിക്കാത്തപക്ഷം, ആ വകുപ്പിനെതിരായുള്ള കുററം അയാൾ ചെയ്തിരുന്നാലെന്നപോലെ ശിക്ഷിക്കപ്പെടുന്നതാകുന്നു.

489. ക്ഷതി ഉളവാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വസ്തുചിഹ്നത്തിൽ കൈയിടുന്നത്.—ഏതെങ്കിലും ആൾക്ക് ക്ഷതി ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഉളവാക്കുവാൻ ഇടയുണ്ടെന്നറിഞ്ഞുകൊണ്ടോ ഏതെങ്കിലും വസ്തുചിഹ്നം നീക്കം ചെയ്യുകയോ നശിപ്പിക്കുകയോ വിരൂപമാക്കുകയോ അല്ലെങ്കിൽ അതിൽ വല്ലതും കൂട്ടി ചേർക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## കറൻസി നോട്ടുകളേയും ബാങ്ക് നോട്ടുകളേയും കുറിച്ച്

489ക. കറൻസി നോട്ടുകളോ ബാങ്ക് നോട്ടുകളോ കപടാനുകരണം നടത്തിയുണ്ടാക്കുന്നത്.—ഏതെങ്കിലും കറൻസി നോട്ടോ ബാങ്ക് നോട്ടോ കപടാനുകരണം നടത്തി ഉണ്ടാക്കുകയോ അല്ലെങ്കിൽ അത് കപടാനുകരണം നടത്തിയുണ്ടാക്കുന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം ബോധപൂർവ്വം നിർവഹിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തതടവോ അല്ലെങ്കിൽ

പത്തുവർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെയും 489 ഖ, 489 ഗ, 489 ഘ, 489 ങ എന്നീ വകുപ്പുകളുടേയും ആവശ്യങ്ങൾക്ക്, "ബാങ്ക്നോട്ട്" എന്ന പദത്തിന് ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് ബാങ്കിങ്ങ് ബിസിനസ്സ് നടത്തുന്ന ഏതെങ്കിലും ആൾ പുറപ്പെടുവിക്കുകയോ ഏതെങ്കിലും സ്റേററിന്റേയോ പരമാധികാരശക്തിയുടേയോ പ്രാധികാരപ്രകാരമോ പ്രാധികാരത്തിൻ കീഴിലോ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുള്ളതും പണത്തിന് തുല്യമായോ പകരമായോ ഉപയോഗിക്കപ്പെടണമെന്ന് ഉദ്ദേശിച്ചിട്ടുള്ളതും ബെയററർക്ക് ആവശ്യപ്പെട്ടാൽ പണം കൊടുക്കേണ്ടതുമായ പ്രോമിസറി നോട്ടോ ഉടമ്പടിയോ എന്ന് അർത്ഥമാകുന്നു.

489ഖ. വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ കറൻസിനോട്ടുകളോ ബാങ്കുനോട്ടുകളോ യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുന്നത്.—വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ ഏതെങ്കിലും കറൻസിനോട്ടോ ബാങ്ക്നോട്ടോ, അത് വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, മറേറതെങ്കിലും ആൾക്ക് വില്ക്കുകയോ മറേറതെങ്കിലും ആളിൽനിന്ന് വിലയ്ക്കു വാങ്ങുകയോ സ്വീകരിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ മററു പ്രകാരത്തിൽ വ്യാപാരം ചെയ്യുകയോ അല്ലെങ്കിൽ അത് യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

489ഗ. വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ കറൻസി നോട്ടുകളോ ബാങ്കു നോട്ടുകളോ കൈവശം വയ്ക്കുന്നത്.—വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആയ ഏതെങ്കിലും കറൻസി നോട്ടോ ബാങ്ക്നോട്ടോ, വ്യാജനിർമ്മിതമോ കപടാനുകരണം ചെയ്തുണ്ടാക്കിയതോ ആണെന്നറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ യഥാർത്ഥമായതെന്നപോലെ ഉപയോഗിക്കണമെന്നോ ഉപയോഗിക്കപ്പെട്ടുകൊള്ളട്ടെ എന്നോ ഉദ്ദേശിച്ചുകൊണ്ട് കൈവശം വയ്ക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

489ഘ. കറൻസി നോട്ടുകളോ ബാങ്കുനോട്ടുകളോ വ്യാജമായി നിർമ്മാണം ചെയ്തുണ്ടാക്കുകയോ കപടാനുകരണം ചെയ്തുണ്ടാക്കുകയോ ചെയ്യുന്നതിനുള്ള ഉപകരണങ്ങളോ പദാർത്ഥങ്ങളോ നിർമ്മിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും മെഷീനറിയോ ഉപകരണമോ പദാർത്ഥമോ, അത് ഏതെങ്കിലും കറൻസി നോട്ടോ ബാങ്ക്നോട്ടോ വ്യാജനിർമ്മാണം ചെയ്തുണ്ടാക്കുകയോ കപടാനുകരണം ചെയ്തുണ്ടാക്കുകയോ ചെയ്യുന്നതിന് ഉപയോഗിക്കുവാൻ വേണ്ടിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ നിർമ്മിക്കുകയോ

നിർമ്മിക്കുക എന്ന പ്രക്രിയയുടെ ഏതെങ്കിലും ഭാഗം നിർവ്വഹിക്കുകയോ അല്ലെങ്കിൽ വാങ്ങുകയോ വില്ക്കുകയോ വ്യയനം ചെയ്യുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ജീവപര്യന്തത്തടവോ അല്ലെങ്കിൽ പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവോ നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

489ങ. കറൻസി നോട്ടുകൾക്കോ ബാങ്കു നോട്ടുകൾക്കോ സദൃശമായ രേഖകൾ നിർമ്മിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത്.—(1) ഏതെങ്കിലും കറൻസിനോട്ടോ ബാങ്ക്നോട്ടോ ആയി കരുതപ്പെടുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ഏതെങ്കിലും വിധത്തിൽ അതിന് സദൃശമായതോ അല്ലെങ്കിൽ കബളിപ്പിക്കുവാൻ കണക്കാക്കിയ വിധം അത്രത്തോളം അതിന് സദൃശമായതോ ആയ ഏതെങ്കിലും രേഖ നിർമ്മിക്കുകയോ നിർമ്മിക്കുവാൻ ഇടയാക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും കാര്യത്തിന്, അത് എന്തുതന്നെയായാലും, ഉപയോഗിക്കുകയോ ഏതെങ്കിലും ആൾക്ക് കൈയേല്പിച്ചുകൊടുക്കുകയോ ചെയ്യുന്ന ഏതൊരാളും നൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഏത് രേഖ നിർമ്മിക്കുന്നതാണോ (1)-ാം ഉപവകുപ്പുപ്രകാരം ഒരു കുററമായിട്ടുള്ളത്, ആ രേഖയിൽ പേരു കാണുന്ന ഏതെങ്കിലും ആൾ അത് അച്ചടിക്കുകയോ മററു പ്രകാരത്തിൽ നിർമ്മിക്കുകയോ ചെയ്ത ആളുടെ പേരും മേൽവിലാസവും, ഒരു പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ വെളിപ്പെടുത്തുവാൻ നിയമാനുസൃതമായ ന്യായീകരണം കൂടാതെ വിസമ്മതിക്കുന്നുവെങ്കിൽ അയാൾ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഏത് രേഖ സംബന്ധിച്ചാണോ ഏതെങ്കിലും ആൾ (1)-ാം ഉപവകുപ്പുപ്രകാരമുള്ള കുററത്തിന് ചാർജ് ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും രേഖയിൻമേലോ അല്ലെങ്കിൽ ആ രേഖ സംബന്ധിച്ച് ഉപയോഗിക്കപ്പെടുകയോ വിതരണം ചെയ്യപ്പെടുകയോ ചെയ്ത മറേറതെങ്കിലും രേഖയിൻമേലോ ഏതെങ്കിലും ആളുടെ പേരു കാണുന്നതായാൽ ആ രേഖ നിർമ്മിക്കുവാൻ ഇടയാക്കിയത് ആ ആളാണെന്ന്, വിപരീതമായത് തെളിയിക്കുന്നതുവരെ, അനുമാനിക്കാവുന്നതാണ്.

## അദ്ധ്യായം XIX

## സർവ്വീസ് കാൺട്രാക്ററുകളുടെ കുററകരമായ ലംഘനത്തെക്കുറിച്ച്

490. [റദ്ദാക്കപ്പെട്ടു.]

491. നിസ്സഹായനായ ആളുടെ പരിചരണത്തിനും അയാൾക്ക് ആവശ്യങ്ങൾ നിറവേററുന്നതിനുമുള്ള കാൺട്രാക്ററിൻെറ ലംഘനം.—യുവപ്രായമോ ചിത്തഭ്രമമോ രോഗമോ ശാരീരികദൗർബല്യമോ കാരണമായി നിസ്സഹായനോ, സ്വന്തം രക്ഷയ്ക്കോ തൻെറ സ്വന്തം ആവശ്യങ്ങൾ നിറവേററുന്നതിനോ വേണ്ടതു ചെയ്യുവാൻ കഴിവില്ലാത്തവനോ ആയ ഏതെങ്കിലും ആളെ പരിചരിക്കുന്നതിനോ, അയാളുടെ ആവശ്യങ്ങൾ നിറവേററുന്നതിനോ നിയമാനുസൃതമായ ഒരു കാൺട്രാക്ററ് വഴി ബാദ്ധ്യസ്ഥനായിരിക്കേ, സ്വേച്ഛയാ അപ്രകാരം ചെയ്യാതിരിക്കുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക്

രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

492. [റദ്ദാക്കപ്പെട്ടു.]

## അദ്ധ്യായം XX

# വിവാഹ സംബന്ധമായ കുററങ്ങളെക്കുറിച്ച്

493. നിയമാനുസരണം വിവാഹം നടന്നിട്ടുണ്ടെന്ന് കബളിപ്പിക്കൽവഴി വിശ്വാസം ജനിപ്പിച്ച് ഒരു പുരുഷൻ സ്ത്രീയുമായി ഭാര്യാഭർത്താക്കൻമാരെപോലെ സഹവാസത്തിനിടയാക്കുന്നത്.—തന്നെ നിയമാനുസൃതം വിവാഹം കഴിച്ചിട്ടില്ലാത്ത ഏതെങ്കിലും സ്ത്രീ, അവരം, തന്നെ നിയമാനുസൃതം വിവാഹം കഴിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുവാനും ആ വിശ്വാസത്തോടുകൂടി തന്നോടൊപ്പം ഭാര്യാഭർത്താക്കൻമാരെപ്പോലെ സഹവസിക്കുകയോ ലൈംഗിക സംഗത്തിൽ ഏർപ്പെടുകയോ ചെയ്യുവാനും കബളിപ്പിക്കൽ വഴി ഇടയാക്കുന്ന ഏതൊരു പുരുഷനും പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

494. ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോരം വീണ്ടും വിവാഹം കഴിക്കുന്നത്.—ജീവിച്ചിരിപ്പുള്ള ഭർത്താവോ ഭാര്യയോ ഉണ്ടായിരിക്കെ, വിവാഹം കഴിക്കുന്നതായാൽ ആ ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോരം നടക്കുന്നു എന്നതുകൊണ്ട് ആ വിവാഹം അസാധുവാകുന്ന സംഗതിയിൽ അങ്ങനെ വിവാഹം കഴിക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും അയാരം പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

അപവാദം.—അങ്ങനെയുള്ള ഭർത്താവുമായോ ഭാര്യയുമായോ ഉള്ള ഏതൊരാളുടെ വിവാഹമാണോ അസാധുവാണെന്ന് ക്ഷമതയുള്ള ഒരു കോടതി പ്രഖ്യാപിച്ചിട്ടുള്ളത് അങ്ങനെയുള്ള ഏതെങ്കിലും ആരംക്കോ, അല്ലെങ്കിൽ ഏതൊരാളാണോ ഒരു മുൻ ഭർത്താവോ മുൻഭാര്യയോ ജീവിച്ചിരിക്കുമ്പോരം വിവാഹം കഴിക്കുന്നത്, അങ്ങനെയുള്ള ഭർത്താവോ ഭാര്യയോ പിന്നീടുള്ള വിവാഹസമയത്ത് അങ്ങനെയുള്ള ആളിൽനിന്ന് തുടർച്ചയായി ഏഴു വർഷക്കാലം വിട്ടകന്നിരിക്കുകയും, ആ കാലത്തിനുള്ളിൽ അയാരം ജീവിച്ചിരിപ്പുള്ളതായി ആരും കേരംക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, അങ്ങനെ പിന്നീട് വിവാഹം കഴിക്കുന്ന ആരം അങ്ങനെയുള്ള വിവാഹം നടക്കുന്നതിനുമുൻപ് അയാരംക്കോ അവരംക്കോ അറിയാവുന്നിടത്തോളം വസ്തുതകളുടെ യഥാർത്ഥസ്ഥിതി അയാരം വിവാഹം കഴിക്കുന്ന ആളെ അറിയിക്കുന്ന പക്ഷവും, അങ്ങനെയുള്ള ആരംക്കോ, ഈ വകുപ്പ് വ്യാപകമാകുന്നതല്ല.

495. അതേ കുററം പിന്നീട് വിവാഹം കഴിച്ച ആളിൽനിന്ന് മുൻവിവാഹം ഒളിച്ചുവച്ചുകൊണ്ട് ചെയ്യുന്നത്.—പിന്നീട് താൻ വിവാഹം കഴിച്ച ആളിൽനിന്ന് മുൻവിവാഹത്തിന്റെ വസ്തുത ഒളിച്ചുവച്ചുകൊണ്ട് തൊട്ടു മുൻപിലത്തെ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്യുന്ന ഏതൊരാളും പത്തു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

496. നിയമാനുസൃതമായ വിവാഹം കൂടാതെ വഞ്ചനാപൂർവ്വകമായി വിവാഹച്ചടങ്ങ് നിർവ്വഹിക്കുന്നത്.—വിവാഹം കഴിക്കുക എന്ന ചടങ്ങ് നിർവ്വഹിക്കുന്നതുവഴി താൻ നിയമാനുസരണമായ വിവാഹം കഴിക്കുകയല്ല എന്നറിഞ്ഞുകൊണ്ട് നേരുകേടായോ വഞ്ചനാപൂർവ്വകമായ ഉദ്ദേശത്തോടുകൂടിയോ അങ്ങനെ ചടങ്ങ് നിർവ്വഹിക്കുന്ന ഏതൊരാളും ഏഴു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

497. വ്യഭിചാരം.—മററൊരു പുരുഷന്റെ ഭാര്യയായിരിക്കുകയും മററൊരു പുരുഷന്റെ ഭാര്യയാണെന്ന് താൻ അറിയുകയോ തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യുന്ന ഒരാളുമായി, ആ പുരുഷന്റെ സമ്മതമോ മൗനാനുവാദമോ കൂടാതെ ബലാൽസംഗകുററമാകാത്ത ലൈംഗികസംഗം ചെയ്യുന്ന ഏതൊരാളും വ്യഭിചാരക്കുററത്തിന് അപരാധിയാകുന്നതും, അയാരം അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു. അങ്ങനെയുള്ള സംഗതിയിൽ ഒരു പ്രേരക എന്ന നിലയിൽ ഭാര്യ ശിക്ഷിക്കപ്പെടുവാൻ പാടുള്ളതല്ല.

498. വിവാഹിതയായ സ്ത്രീയെ കുററകരമായ ഉദ്ദേശത്തോടുകൂടെ വശീകരിച്ചുകൊണ്ടുപോവുകയോ കൂട്ടിക്കൊണ്ടുപോവുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത്.— മറേറതെങ്കിലും പുരുഷന്റെ ഭാര്യയായിരിക്കുകയും മറേറതെങ്കിലും പുരുഷന്റെ ഭാര്യയാണെന്ന് താൻ അറിയുകയോ തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യുന്ന ഏതെങ്കിലും സ്ത്രീയെ ആ പുരുഷനിൽനിന്നോ ആ പുരുഷനുവേണ്ടി അവളെ രക്ഷിക്കുന്ന ഏതെങ്കിലും ആളിൽനിന്നോ ഏതെങ്കിലും ആളുമായി അവരംക്കു അവിഹിതസംഗം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുപോവുകയോ വശീകരിച്ചുകൊണ്ടുപോവുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സ്ത്രീയെ ആ ഉദ്ദേശത്തോടുകൂടി ഒളിച്ചു വയ്ക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും, രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XXI

# അപകീർത്തിപ്പെടുത്തലിനെക്കുറിച്ച്

499. അപകീർത്തിപ്പെടുത്തൽ.— പറയപ്പെടുന്നതോ വായിക്കണമെന്ന് ഉദ്ദേശിക്കപ്പെടുന്നതോ ആയ വാക്കുകളാലോ, ആംഗ്യങ്ങളാലോ, ദൃശ്യമായ പ്രതിരൂപണങ്ങളാലോ, ഏതെങ്കിലും ആളെ സംബന്ധിച്ച് ഏതെങ്കിലും ദോഷാരോപണം, അങ്ങനെയുള്ള ആളുടെ ഖ്യാതിക്ക് ഹാനി ഉളവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടും അല്ലെങ്കിൽ ഉളവാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ, ഉന്നയിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും, ഇതിന് കീഴിൽ അപവാദമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, ആ ആളെ അപകീർത്തിപ്പെടുത്തുന്നതായി പറയപ്പെടുന്നു.

വിശദീകരണം 1.— മരിച്ചുപോയ ഒരാളെപ്പററി എന്തെങ്കിലും ദോഷാരോപണം ഉന്നയിക്കുന്നത് ആ ദോഷാരോപണം, അയാൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാളുടെ ഖ്യാതിക്ക് ഹാനി ഉളവാക്കുകയും അയാളുടെ കുടുംബത്തിന്റേയോ മററു അടുത്ത ബന്ധുക്കളുടേയോ വികാരങ്ങൾക്ക് മുറിവേല്പിക്കണമെന്ന് ഉദ്ദേശിച്ചിട്ടുള്ളതായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അപകീർത്തിപ്പെടുത്തലാകാവുന്നതാണ്.

വിശദീകരണം 2. — ഒരു കമ്പനിയേയോ ഒരു സമാജത്തേയോ ആളുകളുടെ ഒരു കൂട്ടത്തെയോ പററി ആ നിലയിൽ ദോഷാരോപണം ഉന്നയിക്കുന്നത് അപകീർത്തിപ്പെടുത്തലാകാവുന്നതാണ്.

വിശദീകരണം 3.— അനുകല്പരൂപത്തിലുള്ളതോ വിപരീതാർത്ഥം സൂചിപ്പിക്കുന്നതോ ആയ ഒരു ദോഷാരോപണം അപകീർത്തിപ്പെടുത്തലാകാവുന്നതാണ്.

വിശദീകരണം 4.— യാതൊരു ദോഷാരോപണവും, അത് മററുള്ളവരുടെ മതിപ്പിൽ നേരിട്ടോ നേരിട്ടല്ലാതേയോ ഒരാളുടെ സാൻമാർഗ്ഗികമോ ബുദ്ധി പരമോ ആയ പ്രകൃതത്തേയോ ജാതിയോ ജീവികയോ സംബന്ധിച്ചുള്ള അയാളുടെ പ്രകൃതത്തേയോ അയാളുടെ മാന്യതയേയോ തരംതാഴ്ത്തുകയോ അല്ലെങ്കിൽ ആ ആളുടെ ശരീരം അറപ്പുണ്ടാക്കുന്ന ഒരു സ്ഥിതിയിലാണെന്നോ ലജ്ജാവഹമായി പൊതുവേ കരുതപ്പെടുന്ന ഒരു സ്ഥിതിയിലാണെന്നോ വിശ്വസിക്കുവാൻ ഇടയാക്കുകയോ ചെയ്യാത്ത പക്ഷം, അയാളുടെഖ്യാതിയ്ക്ക് ഹാനി ഉളവാക്കുന്നതായി പറയപ്പെടുന്നില്ല.

## ദൃഷ്ടാന്തങ്ങൾ

(ക) യ ക യുടെ വാച്ച് മോഷ്ടിച്ചു എന്ന് വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ക "യ സത്യസന്ധനായ ഒരാൾ ആകുന്നു, അയാൾ ക യുടെ വാച്ച് ഒരിക്കലും മോഷ്ടിച്ചിട്ടില്ല." എന്നു പറയുന്നു. അത് അപവാദങ്ങളിൽ ഒന്നിലും പെടാത്തപക്ഷം അപകീർത്തിപ്പെടുത്തൽ ആകുന്നു.

(ഖ) ആരാണ് ഖ യുടെ വാച്ച് മോഷ്ടിച്ചതെന്ന് ക യോട് ചോദിക്കുന്നു. യ ഖ യുടെ വാച്ച് മോഷ്ടിച്ചു എന്ന് വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ക യ യെ ചൂണ്ടിക്കാണിക്കുന്നു. അത് അപവാദങ്ങളിൽ ഒന്നിലും പെടാത്തപക്ഷം അപകീർത്തിപ്പെടുത്തലാകുന്നു.

(ഗ) യ ഖ യുടെ വാച്ച് മോഷ്ടിച്ചു എന്ന് വിശ്വസിപ്പിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട്, യ ഖ യുടെ വാച്ചുമായി ഓടിപ്പോകുന്ന ഒരു പടം ക വരയ്ക്കുന്നു. അത് അപവാദങ്ങളിൽ ഒന്നിലും പെടാത്തപക്ഷം അപകീർത്തിപ്പെടുത്തൽ ആകുന്നു.

ഒന്നാമത്തെ അപവാദം.— സത്യമായസംഗതിയെക്കുറിച്ച് ഉന്നയിക്കുന്നതോ പ്രസിദ്ധപ്പെടുത്തുന്നതോ പൊതു ജന നൻമയ്ക്ക് ആവശ്യകമാകുന്ന, ദോഷാരോപണം നടത്തുന്നത്.— ഏതെങ്കിലും ആളെ സംബന്ധിച്ച് സത്യമായ

ഏതെങ്കിലും സംഗതിയെക്കുറിച്ച് ദോഷാരോപണം നടത്തുന്നത്, ആ ദോഷാരോപണം ഉന്നയിക്കുന്നതോ പ്രസിദ്ധപ്പെടുത്തുന്നതോ പൊതുജന നൻമയ്ക്ക് ആവശ്യകമാണെങ്കിൽ അപകീർത്തിപ്പെടുത്തലല്ല. അത് പൊതുജന നൻമയ്ക്ക് വേണ്ടിയുള്ളതോ അല്ലാത്തതോ എന്നുള്ളത് ഒരു വസ്തുതാപ്രശ്നമാകുന്നു.

രണ്ടാമത്തെ അപവാദം.— പബ്ലിക്ക്സർവൻറുമാരുടെ പബ്ലിക്കായ പെരുമാററം.—ഒരു പബ്ലിക്ക് സർവൻറിൻെറ പബ്ലിക്ക് ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള അയാളുടെ പെരുമാററത്തെക്കുറിച്ചോ അല്ലെങ്കിൽ ആ പെരുമാററത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും അത്രമാത്രവും അയാളുടെ സ്വഭാവത്തെക്കുറിച്ചോ ഏതെങ്കിലും അഭിപ്രായം, അത് എന്തായാലും, ഉത്തമവിശ്വാസപൂർവ്വം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

മൂന്നാമത്തെ അപവാദം.—ഏതെങ്കിലും പൊതുപ്രശ്നത്തെ സ്പർശിച്ചുകൊണ്ടുള്ള ഏതെങ്കിലും ആളുടെ പെരുമാററം.— ഏതെങ്കിലും പൊതുപ്രശ്നത്തെ സ്പർശിച്ചുകൊണ്ടുള്ള ഏതെങ്കിലും ആളുടെ പെരുമാററത്തെക്കുറിച്ചും ആ പെരുമാററത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും അത്രമാത്രവും അയാളുടെ സ്വഭാവത്തെക്കുറിച്ചും ഏതെങ്കിലും അഭിപ്രായം, അത് എന്തായാലും, ഉത്തമവിശ്വാസപൂർവ്വം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

ദൃഷ്ടാന്തം

ഒരു പൊതുപ്രശ്നത്തെക്കുറിച്ച് ഗവൺമെൻറിന് ഹർജികൊടുക്കുകയോ ഒരു പൊതുപ്രശ്നം സംബന്ധിച്ച് യോഗം ചേരുന്നതിനുള്ള അഭ്യർത്ഥനയിൽ ഒപ്പുവയ്ക്കുകയോ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയോ സന്നിഹിതനാകുകയോ, പൊതുജനപിന്തുണ ക്ഷണിക്കുന്ന ഏതെങ്കിലും സംഘം രൂപവൽക്കരിക്കുകയോ അതിൽ ചേരുകയോ, ഏത് സ്ഥാനത്തിൻെറ കർത്തവ്യങ്ങളുടെ കാര്യക്ഷമമായ നിർവഹണത്തിൽ പൊതുജനങ്ങൾക്ക് താത്പര്യമുണ്ടോ അങ്ങനെയുള്ള ഏതെങ്കിലും സ്ഥാനത്തേക്ക് ഒരു പ്രത്യേക സ്ഥാനാർത്ഥിക്കുവേണ്ടി വോട്ടുചെയ്യുകയോ കാൻവാസ് ചെയ്യുകയോ ചെയ്യുന്നതിലുള്ള യ യുടെ പെരുമാററത്തെപ്പററി ക ഏതെങ്കിലും അഭിപ്രായം അതെന്തായാലും, ഉത്തമവിശ്വാസപൂർവ്വം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

നാലാമത്തെ അപവാദം.— കോടതി നടപടികളുടെ റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം.— ഒരു നീതിന്യായക്കോടതിയുടെ നടപടികളേയോ അങ്ങനെയുള്ള ഏതെങ്കിലും നടപടികളുടെ ഫലത്തെയോ കുറിച്ച് സാരാംശത്തിൽ സത്യമായിട്ടുള്ള ഒരുറിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നത് അപകീർത്തിപ്പെടുത്തലല്ല.

വിശദീകരണം— ഒരു നീതിന്യായക്കോടതിയിലെ വിചാരണയ്ക്ക് പ്രാരംഭമായി ഒരു തുറന്നകോടതിയിൽ അന്വേഷണവിചാരണനടത്തുന്ന ഒരു ജസ്ററീസ് ഓഫ് ദി പീസോ, മററു ഉദ്യോഗസ്ഥനോ മേല്പറഞ്ഞ വകുപ്പിൻെറ അർത്ഥത്തിൽ ഒരു കോടതിയാകുന്നു.

അഞ്ചാമത്തെ അപവാദം.—കോടതിയിൽ തീരുമാനിക്കപ്പെട്ട കേസിന്റെ ഗുണാഗുണങ്ങളോ സാക്ഷികളുടേയും ബന്ധപ്പെട്ട മററുള്ളവരുടേയും പെരുമാററമോ.— ഒരുനീതി ന്യായക്കോടതിയാൽ തീരുമാനിക്കപ്പെട്ട സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും കേസിന്റെ ഗുണാഗുണങ്ങളെക്കുറിച്ചോ അങ്ങനെയുള്ള ഏതെങ്കിലും കേസിൽ ഒരുകക്ഷിയോ സാക്ഷിയോ ഏജന്റോ എന്ന നിലയിലുള്ള ഏതെങ്കിലും ആളുടെ പെരുമാററത്തെക്കുറിച്ചോ ആ പെരുമാററത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും അത്രമാത്രവും, അയാളുടെ സ്വഭാവത്തെക്കുറിച്ചോ ഏതെങ്കിലും അഭിപ്രായം, അത് എന്തായാലും, ഉത്തമവിശ്വാസപൂർവ്വം പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

ദൃഷ്ടാന്തങ്ങൾ

(ക) "യ മൂഢനോ നേരുകെട്ടവനോ ആയിരിക്കത്തക്കവിധം അത്ര പരസ്പരവിരുദ്ധമാണ് അയാളുടെ ആ വിചാരണയിലെ തെളിവെന്ന് ഞാൻ വിചാരിക്കുന്നു" എന്ന് ക പറയുന്നു. ക പ്രകടിപ്പിക്കുന്ന അഭിപ്രായം ഒരു സാക്ഷി എന്ന നിലയിൽ യ യുടെ പെരുമാററത്തിൽ ദൃശ്യമായിടത്തോളവും അത്രമാത്രവും യ യുടെ സ്വഭാവത്തെക്കുറിച്ച് ഉള്ളതായതുകൊണ്ട് ക ഇതു പറയുന്നത് ഉത്തമവിശ്വാസപൂർവ്വമാണെങ്കിൽ അയാൾ ഈ അപവാദത്തിൽ പെടുന്നു.

(ഖ) എന്നാൽ "യ സത്യനിഷ്ഠയില്ലാത്ത ഒരാളാണെന്ന് എനിക്ക് അറിയാവുന്നതുകൊണ്ട് ആ വിചാരണയിൽ യ ഉറപ്പിച്ചുപറഞ്ഞത് ഞാൻ വിശ്വസിക്കുന്നില്ല." എന്നു ക പറയുന്നുവെങ്കിൽ അയാൾ യ യുടെ സ്വഭാവത്തെപ്പററി പ്രകടിപ്പിക്കുന്ന അഭിപ്രായം ഒരു സാക്ഷി എന്ന നിലയിലുള്ള യ യുടെ പെരുമാററത്തെ അടിസ്ഥാനമാക്കിയതല്ലാത്തതുകൊണ്ട് ക ഈ അപവാദത്തിൽ പെടുന്നില്ല.

ആറാമത്തെ അപവാദം.—പബ്ലിക്കായ പ്രകടനത്തിന്റെ ഗുണാഗുണങ്ങൾ.— ഏത് പബ്ലിക്കായ പ്രകടനമാണോ അതിന്റെ കർത്താവ് പൊതുജനവിധിക്ക് സമർപ്പിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പബ്ലിക്കായ പ്രകടനത്തിന്റെ ഗുണാഗുണങ്ങളെക്കുറിച്ചോ അങ്ങനെയുള്ള പ്രകടനത്തിൽ അയാളുടെ സ്വഭാവം ദൃശ്യമാകുന്നിടത്തോളവും, അത്രമാത്രവും അയാളുടെ സ്വഭാവത്തെക്കുറിച്ചോ ഏതെങ്കിലും അഭിപ്രായം ഉത്തമവിശ്വാസപൂർവ്വം, പ്രകടിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

വിശദീകരണം— ഒരു പ്രകടനം, പൊതുജനവിധിക്കായി പ്രകടമായോ, അല്ലെങ്കിൽ പൊതുജനവിധിക്ക് സമർപ്പിക്കുന്നതായി ധ്വനിപ്പിക്കുന്ന കർത്താവിന്റെ ഭാഗത്തുനിന്നുള്ള കൃത്യങ്ങൾ വഴിയായോ സമർപ്പിക്കാവുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(ക) ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുന്ന ഒരാൾ ആ പുസ്തകം ഒരു പൊതുജന വിധിക്ക് സമർപ്പിക്കുന്നു.

(ഖ) പൊതുജനസമക്ഷം ഒരു പ്രസംഗം ചെയ്യുന്ന ഒരാൾ ആ പ്രസംഗം പൊതുജനവിധിക്ക് സമർപ്പിക്കുന്നു.

(ഗ) ഒരു പബ്ലിക് സ്റ്റേജിൽ പ്രത്യക്ഷപ്പെടുന്ന ഒരു നടനോ ഗായകനോ താൻ അഭിനയിക്കുന്നതോ പാടുന്നതോ പൊതുജനവിധിക്ക് സമർപ്പിക്കുന്നു.

(ഘ) "യ യുടെ പുസ്തകം വിഡ്ഢിത്തം നിറഞ്ഞതാണ്, യ ദുർബ്ബലനായ ഒരാളാണ്. യ യുടെ പുസ്തകം അസഭ്യമാണ്. യ മലിനമനസ്കനായിരിക്കണം" എന്ന് ക, യ പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകത്തെ പററി പറയുന്നു. ക ഇത് ഉത്തമ വിശ്വാസപൂർവ്വം പറയുന്നതാണെങ്കിൽ യ യെപ്പററി ക പ്രകടിപ്പിക്കുന്ന അഭിപ്രായം യ യുടെ സ്വഭാവത്തെക്കുറിച്ച് യ യുടെ പുസ്തകത്തിൽ ദൃശ്യമാകുന്നിടത്തോളവും അത്രമാത്രവും ആയതുകൊണ്ട് ക ഈ അപവാദത്തിൽപ്പെടുന്നു.

(ങ) എന്നാൽ "യ ദുർബ്ബലനായ ഒരാളും വിഷയലമ്പടനും ആയതുകൊണ്ട് യ യുടെ പുസ്തകം വിഡ്ഢിത്തം നിറഞ്ഞതും അസഭ്യവും ആയതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല." എന്ന് ക പറയുന്നുവെങ്കിൽ, അയാൾ യ യുടെ സ്വഭാവത്തെപ്പററി പ്രകടിപ്പിക്കുന്ന അഭിപ്രായം യ യുടെ പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ളതല്ലാത്തതുകൊണ്ട് ക ഈ അപവാദത്തിൽ പെടുന്നില്ല.

ഏഴാമത്തെ അപവാദം.— മറെറാരാളുടെ മേൽ നിയമാനുസൃതമായ പ്രാധികാരമുള്ളയാൾ ഉത്തമവിശ്വാസപൂർവ്വം പാസ്സാക്കുന്ന സെൻഷർ.— മറെറാരാളുടെ മേൽ നിയമത്താൽ നല്കപ്പെട്ടതോ അല്ലെങ്കിൽ ആ മററാളുമായി ഉണ്ടാക്കിയിട്ടുള്ള നിയമാനുസൃതമായ ഒരു കാൺട്രാക്ററിൽ നിന്ന് ഉദ്ഭവിക്കുന്നതോ ആയ ഏതെങ്കിലും പ്രാധികാരമുള്ള ഒരാൾ, അങ്ങനെയുള്ള നിയമാനുസൃതമായ പ്രാധികാരം ഏത് കാര്യങ്ങളെ സംബന്ധിക്കുന്നതാണോ, ആ കാര്യങ്ങളിൽ മററാളുടെ സ്വഭാവത്തെപ്പററി ഉത്തമവിശ്വാസപൂർവ്വം ഏതെങ്കിലും സെൻഷർ പാസ്സാക്കുന്നത് അപകീർത്തിപ്പെടുത്തൽ അല്ല.

## ദൃഷ്ടാന്തങ്ങൾ

ഒരു ജഡ്ജി, ഒരു സാക്ഷിയുടേയോ കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റേയോ പെരുമാററത്തെ ഉത്തമവിശ്വാസപൂർവ്വം സെൻഷർ ചെയ്യുന്നത്, ഒരു വകുപ്പദ്ധ്യക്ഷൻ, തന്റെ ആജ്ഞകൾക്ക് അധീനരായവരെ ഉത്തമവിശ്വാസപൂർവ്വം സെൻഷർ ചെയ്യുന്നത്, മാതാവോ പിതാവോ ഒരു കുട്ടിയെ മററ് കുട്ടികളുടെ സാന്നിദ്ധ്യത്തിൽ ഉത്തമവിശ്വാസപൂർവ്വം സെൻഷർ ചെയ്യുന്നത്, ഒരു വിദ്യാർത്ഥിയെ മാതാവിൽനിന്നോ പിതാവിൽനിന്നോ ഉള്ള പ്രാധികാരത്തോടുകൂടിയ ഒരു അദ്ധ്യാപകൻ മററ് വിദ്യാർത്ഥികളുടെ സാന്നിദ്ധ്യത്തിൽ ഉത്തമവിശ്വാസപൂർവ്വം സെൻഷർ ചെയ്യുന്നത്, യജമാനൻ ജോലിയിലുള്ള ഉദാസീനതക്ക് വേലക്കാരനെ ഉത്തമവിശ്വാസപൂർവ്വം സെൻഷർ ചെയ്യുന്നത്, ഒരു ബാങ്കർ തന്റെ ബാങ്കിലെ കാഷ്യറെ ആ കാഷ്യർ എന്ന നിലയിലുള്ള അയാളുടെ പെരുമാററത്തെ ഉത്തമവിശ്വാസപൂർവ്വം സെൻഷർ ചെയ്യുന്നത്, എന്നിവ ഈ അപവാദത്തിൽ പെടുന്നു.

എട്ടാമത്തെ അപവാദം.—അധികാരമുള്ള ആളുടെ മുമ്പാകെ ഉത്തമവിശ്വാസപൂർവ്വം ആരോപണം ബോധിപ്പിക്കുന്നത്.—ഏതെങ്കിലും ആൾക്കെതിരായി ഒരു ആരോപണം, ആ ആളുടെ മേൽ ആ ആരോപണ വിഷയം സംബന്ധിച്ച്, ആ ആളുടെമേൽ പ്രാധികാരമുള്ളവരിൽ ആരുടെയെങ്കിലും മുമ്പാകെ ഉത്തമവിശ്വാസപൂർവ്വം ബോധിപ്പിക്കുന്നത് അപകീർത്തിപ്പെടുത്തലല്ല.

ദൃഷ്ടാന്തങ്ങൾ

(ക) ഒരു മജിസ്ട്രേററിന്റെ മുമ്പാകെ യ യെപ്പററി ഉത്തമവിശ്വാസപൂർവ്വം ആരോപണം നടത്തുന്നുവെങ്കിൽ, ക, ഒരു വേലക്കാരനായ യ യുടെ പെരുമാററത്തെപ്പററി യ യുടെ യജമാനനോട് ഉത്തമവിശ്വാസപൂർവ്വം പരാതിപ്പെടുന്നുവെങ്കിൽ, ക, കുട്ടിയായ യ യുടെ പെരുമാററത്തെപ്പററി യ യുടെ അച്ഛനോട് ഉത്തമവിശ്വാസപൂർവ്വം പരാതിപ്പെടുന്നുവെങ്കിൽ, ക ഈ അപവാദത്തിൽ പെടുന്നു.

ഒമ്പതാമത്തെ അപവാദം.—തന്റേയോ മററാളുടേയോ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഏതെങ്കിലും ആൾ ഉത്തമവിശ്വാസപൂർവ്വം ദോഷാരോപണം നടത്തുന്നത്.—മറെറാരാളുടെ സ്വഭാവത്തെപ്പററി ദോഷാരോപണം നടത്തുന്നത്, ആ ദോഷാരോപണം, അത് നടത്തുന്ന ആളുടേയോ മറെറതെങ്കിലും ആളുടേയോ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനോ പൊതുജനനന്മയ്ക്കോ ഉത്തമവിശ്വാസപൂർവ്വം നടത്തിയിട്ടുള്ളതാകുന്ന പക്ഷം, അപകീർത്തിപ്പെടുത്തലല്ല.

ദൃഷ്ടാന്തങ്ങൾ

(ക) "യ യുടെ സത്യസന്ധതയെപ്പററി എനിക്ക് നല്ല അഭിപ്രായമില്ലാത്തതുകൊണ്ട് അയാൾ നിങ്ങൾക്കു റൊക്കം പണം തരാത്തപക്ഷം അയാൾക്ക് യാതൊന്നും വില്ക്കരുത്" എന്ന് ഒരു ഷാപ്പുടമയായ ക തന്റെ കച്ചവടം നടത്തുന്ന ഖ യോട് പറയുന്നു. ക തന്റെ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉത്തമവിശ്വാസപൂർവ്വം യ യെപ്പററി ഈ ആരോപണം നടത്തിയിട്ടുള്ളതാണെങ്കിൽ ക ഈ അപവാദത്തിൽ പെടുന്നു.

(ഖ) ഒരു മജിസ്ട്രേററായ ക തന്റെ മേലുദ്യോഗസ്ഥന് ഒരു റിപ്പോർട്ട് കൊടുക്കുന്നതിൽ യ യുടെ സ്വഭാവത്തെപ്പററി ഒരു ദോഷാരോപണം നടത്തുന്നു. ഇവിടെ, ദോഷാരോപണം ഉത്തമവിശ്വാസപൂർവ്വവും പൊതുജനനന്മക്ക് വേണ്ടിയും നടത്തുന്നതാണെങ്കിൽ ക ഈ അപവാദത്തിൽ പെടുന്നു.

പത്താമത്തെ അപവാദം.—മുന്നറിയിപ്പ്, അത് ആരുടെ ഗുണത്തിനുവേണ്ടി ഉദ്ദേശിച്ചുള്ളതാണോ, ആ ആൾക്കോ പൊതുജനനന്മയ്ക്കോ വേണ്ടി നല്കുന്നത്.—ഒരാൾക്ക് മറെറാരാൾക്ക് എതിരായി ഉത്തമവിശ്വാസപൂർവ്വം ഒരു മുന്നറിയിപ്പു നല്കുന്നത്, ആ മുന്നറിയിപ്പ് ആർക്കാണോ നല്കുന്നത്, ആ ആളുടെയോ ആ ആൾക്ക് താൽപര്യമുള്ള മററ് വല്ല ആളുടേയോ നന്മയ്ക്കോ പൊതുജനനന്മയ്ക്കോ ഉദ്ദേശിച്ചിട്ടുള്ളതാകുന്നപക്ഷം, അപകീർത്തിപ്പെടുത്തലല്ല.

500. അപകീർത്തിപ്പെടുത്തലിനുള്ള ശിക്ഷ.—മറ്റൊരാളെ അപകീർത്തിപ്പെടുത്തുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

501. അപകീർത്തികരമാണെന്നു അറിയാവുന്ന സംഗതി അച്ചടിക്കുകയോ കൊത്തിയുണ്ടാക്കുകയോ ചെയ്യുന്നത്.—ഏതെങ്കിലും സംഗതി ഏതെങ്കിലും ആൾക്ക് അപകീർത്തികരമാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ തക്ക കാരണമുണ്ടായിട്ടോ അച്ചടിക്കുകയോ കൊത്തിയുണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

502. അപകീർത്തികരമായ സംഗതി അടങ്ങിയിട്ടുള്ള, അച്ചടിച്ചതോ കൊത്തിയുണ്ടാക്കിയതോ ആയ സാധനത്തിന്റെ വില്പന.—അപകീർത്തികരമായ സംഗതി അടങ്ങിയിട്ടുള്ള, അച്ചടിച്ചതോ കൊത്തിയുണ്ടാക്കിയതോ ആയ ഏതെങ്കിലും, അത് അങ്ങനെയുള്ള സംഗതി അടങ്ങിയിട്ടുള്ളതാണെന്നറിഞ്ഞുകൊണ്ട് വില്ക്കുകയോ വില്പനയ്ക്ക് വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് വെറും തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XXII

## കുററകരമായ ഭയപ്പെടുത്തലിനേയും അപമാനിക്കലിനേയും അലട്ടലിനേയും കുറിച്ച്

503. കുററകരമായ ഭയപ്പെടുത്തൽ.—മറ്റൊരാൾക്ക് സംഭ്രാന്തി ഉണ്ടാക്കുകയോ, അല്ലെങ്കിൽ അയാളുടെ ശരീരത്തിന്നോ ഖ്യാതിയ്ക്കോ വസ്തുവിന്നോ അല്ലെങ്കിൽ അയാൾക്ക് താൽപര്യമുള്ള ഏതെങ്കിലും ആളുടെ ശരീരത്തിന്നോ ഖ്യാതിക്കോ ക്ഷതി ഉളവാക്കുമെന്നുള്ള ഭീഷണി നടപ്പിൽ വരുത്തുന്നത ഒഴിവാക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ അയാൾ നിയമപ്രകാരം ചെയ്യുവാൻ ബാദ്ധ്യസ്ഥനല്ലാത്ത ഏതെങ്കിലും കൃത്യം അയാളെക്കൊണ്ടു ചെയ്യിക്കുകയോ അയാൾക്ക് നിയമപ്രകാരം ചെയ്യുവാൻ അവകാശമുള്ള ഏതെങ്കിലും കൃത്യം അയാളെക്കൊണ്ടു ചെയ്യാതിരിപ്പിക്കുകയോ, ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി അയാളെ അങ്ങനെ ഭീഷണിപ്പെടുത്തുന്ന ഏതൊരാളും കുററകരമായ ഭയപ്പെടുത്തൽ നടത്തുന്നു.

വിശദീകരണം.—ഭീഷണിപ്പെടുത്തപ്പെട്ട ആൾക്ക് താൽപര്യമുള്ള പരേതനായ ഏതെങ്കിലും ആളുടെ ഖ്യാതിക്ക് ക്ഷതി ഉളവാക്കുമെന്നുള്ള ഒരു ഭീഷണി ഈ വകുപ്പിൽ പെടുന്നു.

### ദൃഷ്ടാന്തം

ഒരു സിവിൽ വ്യവഹാരം നടത്തുന്നതിൽനിന്ന് പിൻമാറുവാൻ ഖ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുന്നതിനുവേണ്ടി ഖ യുടെ ഭവനത്തിന് തീ വയ്ക്കുമെന്ന് ക ഭീഷണിപ്പെടുത്തുന്നു. ക കുററകരമായ ഭയപ്പെടുത്തലിന് അപരാധിയാകുന്നു.

504. ഉദ്ദേശപൂർവ്വം സമാധാനം ലംഘിക്കുന്നതിന് പ്രകോപനം നല്കണമെന്നു ഉദ്ദേശിച്ചുകൊണ്ട് അപമാനിക്കുന്നത്.—ഏതെങ്കിലും ആളെ ഉദ്ദേശ്യപൂർവ്വം അപമാനിക്കുകയും അതുവഴി അയാൾക്ക് പ്രകോപനം, അങ്ങനെയുള്ള പ്രകോപനം, അയാൾ പൊതുസമാധാനം ലംഘിക്കുവാനോ മറേറതെങ്കിലും കുററം ചെയ്യുവാനോ ഇടയാക്കണമെന്നുദ്ദേശിച്ചുകൊണ്ടോ ഇടയാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ, നല്കുകയും ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

505. പൊതുദ്രോഹത്തിന് വഴിയാക്കുന്ന പ്രസ്താവനകൾ.—(1) ഏതെങ്കിലും പ്രസ്താവനയോ കിംവദന്തിയോ റിപ്പോർട്ടോ,—

(ക) ഇൻഡ്യൻ കരസേനയിലേയോ നാവികസേനയിലേയോ വ്യോമസേനയിലേയോ ഏതെങ്കിലും ആഫീസറോ സൈനികനോ നാവികനോ വൈമാനികനോ മ്യൂട്ടിനി ചെയ്യുകയോ അയാളുടെ ആ നിലയിലുള്ള കർത്തവ്യത്തെ മററു പ്രകാരം അവഗണിക്കുകയോ അതിൽ വീഴ്ച വരുത്തുകയോ ചെയ്യുവാൻ ഇടയാക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ അതു അങ്ങനെ ഇടയാക്കുവാൻ ഇടയുള്ള ഒന്നായിട്ടോ; അല്ലെങ്കിൽ

(ഖ) സ്റേററിനെതിരായോ പൊതുപ്രശാന്തിക്കെതിരായോ ഒരു കുററം ചെയ്യുവാൻ ഏതെങ്കിലും ആളെ പ്രചോദിപ്പിച്ചതിനിടയാക്കാവുന്നവിധം പൊതുജനങ്ങൾക്കോ, ഏതെങ്കിലും പൊതുജനവിഭാഗത്തിനോ ഭയമോ സംഭ്രാന്തിയോ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടിയോ അത് അങ്ങനെ ഉണ്ടാക്കുവാൻ ഇടയുള്ള ഒന്നായിട്ടോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ആളുകളുടെ വർഗ്ഗത്തേയോ സമുദായത്തേയോ മറേറതെങ്കിലും വർഗ്ഗത്തിനോ സമുദായത്തിനോ എതിരായി ഏതെങ്കിലും കുററം ചെയ്യുവാൻ ഇളക്കിവിടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ, അത് അങ്ങനെ ഇളക്കിവിടുവാൻ ഇടയുള്ള ഒന്നായിട്ടോ, ഉണ്ടാക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

അപവാദം.—അങ്ങനെയുള്ള ഏതെങ്കിലും പ്രസ്താവനയോ കിംവദന്തിയോ റിപ്പോർട്ടോ ഉണ്ടാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ആൾക്ക്, അങ്ങനെയുള്ള പ്രസ്താവനയോ കിംവദന്തിയോ റിപ്പോർട്ടോ സത്യമായതാണെന്ന് വിശ്വസിക്കുവാൻ ന്യായമായ കാരണങ്ങൾ ഉണ്ടായിരിക്കുകയും അയാൾ മേല്പറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും ഉദ്ദേശം കൂടാതേയും ഉത്തമവിശ്വാസത്തോടുകൂടിയും അത് ഉണ്ടാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ അത് ഈ വകുപ്പിന്റെ അർത്ഥത്തിൽ ഒരു കുററമായിത്തീരുന്നതല്ല.

(2) വർഗ്ഗങ്ങൾക്കിടയിൽ ശത്രുതയോ വെറുപ്പോ വിദ്വേഷമോ, ഉണ്ടാക്കുകയോ പുലർത്തുകയോ ചെയ്യുന്ന പ്രസ്താവനകൾ.—മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ, ജാതി, സമുദായം, എന്നിവ കാരണമാക്കിയോ മറേറതെങ്കിലും, അത് എന്തുതന്നെയായാലും, കാരണമാക്കിയോ വ്യത്യസ്ത മത-വംശ-ഭാഷാ-പ്രാദേശിക ഗ്രൂപ്പുകളോ, ജാതികളോ, സമുദായങ്ങളോ തമ്മിൽ ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വിദ്വേഷമോ ഉണ്ടാക്കുകയോ പുലർത്തുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയോ ചെയ്യുവാൻ ഇടയു

ളളതോ ആയ കിംവദന്തിയോ, സംഭ്രമജനകമായ വാർത്തയോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രസ്താവനയോ റിപ്പോർട്ടോ ഉണ്ടാക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ആരാധനാസ്ഥലത്തുവച്ചോ മറ്റോ (2)-ാം ഉപവകുപ്പുപ്രകാരമുള്ള കുറ്റം ചെയ്യുന്നത്.—ഏതെങ്കിലും ആരാധനാസ്ഥലത്തോ അല്ലെങ്കിൽ മതപരമായ ആരാധനയോ മതപരമായ അടിയന്തരങ്ങളോ നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും യോഗത്തിലോ വച്ച് (2)-ാം ഉപവകുപ്പിൽ വി നിർദ്ദിഷ്ടമായ ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

506. കുറ്റകരമായ ഭയപ്പെടുത്തലിനുള്ള ശിക്ഷ.—കുറ്റകരമായ ഭയപ്പെടുത്തൽ എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ഭീഷണി മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ മറ്റോ ചെയ്യുമെന്നുള്ളതാണെങ്കിൽ.—ഭീഷണി മരണം സംഭവിപ്പിക്കുകയോ കഠിനമായ ദേഹോപദ്രവം ഏല്പിക്കുകയോ ഏതെങ്കിലും വസ്തു തീ മൂലം നശിപ്പിക്കുകയോ ചെയ്യുവാൻ ഇടയാക്കുകയോ, മരണശിക്ഷയോ ജീവപര്യന്തതടവുശിക്ഷയോ ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവുശിക്ഷയോ നല്കി ശിക്ഷിക്കാവുന്ന കുറ്റത്തിനു ഇടയാക്കുകയോ ഒരു സ്ത്രീക്ക് ചാരിത്ര്യശുദ്ധിയില്ലെന്ന് ദോഷാരോപണം നടത്തുകയോ ചെയ്യുമെന്നതാണെങ്കിൽ ഏഴു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആകുന്നു.

507. അജ്ഞാതകർത്തൃകമായ അറിയിപ്പ് വഴിയുള്ള കുറ്റകരമായ ഭയപ്പെടുത്തൽ.—അജ്ഞാതകർത്തൃകമായ ഒരു അറിയിപ്പു വഴിയായോ അല്ലെങ്കിൽ ഭീഷണി നല്കുന്ന ആളുടെ പേരോ വാസസ്ഥലമോ ഒളിച്ചുവയ്ക്കുന്നതിന് മുൻകരുതൽ എടുത്തിട്ടോ കുറ്റകരമായ ഭയപ്പെടുത്തൽ എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും തൊട്ടുമുമ്പിലത്തെ വകുപ്പുപ്രകാരം കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയ്ക്കു പുറമെ രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

508. ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാകുമെന്നു ഒരാൾക്ക് വിശ്വാസം ജനിപ്പിക്കുന്നതുവഴി ഇടയാക്കുന്ന കൃത്യം.—ഏതെങ്കിലും ആൾ, അയാളെക്കൊണ്ട് ചെയ്യിക്കണമെന്ന് കുറ്റക്കാരന് ലക്ഷ്യമുള്ള എന്തെങ്കിലും ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ അയാളെക്കൊണ്ട് ചെയ്യാതിരിപ്പിക്കണമെന്ന് കുറ്റക്കാരന് ലക്ഷ്യമുള്ള എന്തെങ്കിലും ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അയാളോ അയാൾക്ക് താൽപര്യമുള്ള ഏതെങ്കിലും ആളോ കുറ്റക്കാരന്റെ വല്ല കൃത്യവും കൊണ്ട് ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാവുകയോ പാത്രമാക്കപ്പെടുകയോ ചെയ്യുമെന്ന് അയാളിൽ വിശ്വാസം ജനിപ്പിക്കുകയോ ജനിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതുവഴി സ്വേച്ഛയാ അയാളെക്കൊണ്ട്, അയാൾ നിയമപ്രകാരം ചെയ്യുവാൻ ബാദ്ധ്യസ്ഥനല്ലാത്ത എന്തെങ്കിലും ചെയ്യിക്കുകയോ അല്ലെങ്കിൽ അയാൾ നിയമപ്രകാരം ചെയ്യുവാൻ ബാദ്ധ്യസ്ഥനായ

ഏതെങ്കിലും ചെയ്യാതിരിപ്പിക്കുകയോ അല്ലെങ്കിൽ അങ്ങനെ ചെയ്യിക്കുവാനോ ചെയ്യാതിരിപ്പിക്കുവാനോ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) ക, യ യുടെ വാതിൽക്കൽ സത്യഗ്രഹം ഇരിക്കുന്നതുവഴി യ യെ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാക്കുന്നു എന്നു വിശ്വസിപ്പിക്കപ്പെടുവാൻ ഇടയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അപ്രകാരം ധർണ ഇരിക്കുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള കുററം ചെയ്തിരിക്കുന്നു.

(ഖ) യ ഒരു കൃത്യം ചെയ്യാത്തപക്ഷം ക തന്റെ സ്വന്തം കുട്ടികളിൽ ഒന്നിനെ, കൊല്ലുന്നത് യ യെ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമാക്കുമെന്ന് വിശ്വസിപ്പിക്കപ്പെടുന്ന പരിതഃസ്ഥിതികളിൽ അതിനെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നു. ക ഈ വകുപ്പിൽ നിർവ്വചിച്ച കുററം ചെയ്തിരിക്കുന്നു.

509. സ്ത്രീയുടെ മാനത്തെ അധിക്ഷേപിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള വാക്കോ ആംഗ്യമോ കൃത്യമോ.—ഏതെങ്കിലും സ്ത്രീയുടെ മാനത്തെ അധിക്ഷേപിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അങ്ങനെയുള്ള സ്ത്രീ ഏതെങ്കിലും വാക്കോ ശബ്ദമോ കാണണമെന്നോ കേൾക്കണമെന്നോ ഏതെങ്കിലും ആംഗ്യമോ സാധനമോ കാണണമെന്ന് ഉദ്ദേശിച്ചുകൊണ്ട്, അങ്ങനെയുള്ള വാക്ക് ഉച്ചരിക്കുകയോ ശബ്ദം പുറപ്പെടുവിക്കുകയോ ആംഗ്യം കാണിക്കുകയോ സാധനം പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ ആ സ്ത്രീയുടെ ഏകാന്തതയെ അതിക്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

510. കുടിച്ച ആൾ പൊതുസ്ഥലത്ത് മര്യാദകേടായി പെരുമാറുന്നത്.—ഏതെങ്കിലും പൊതുസ്ഥലത്തോ അല്ലെങ്കിൽ ഏതു സ്ഥലത്ത് അയാൾ പ്രവേശിക്കുന്നത് ഒരു അതിക്രമിച്ചുകടക്കലാകുന്നുവോ ആ ഏതെങ്കിലും സ്ഥലത്തോ ലഹരി പിടിച്ച സ്ഥിതിയിൽ പ്രത്യക്ഷപ്പെടുകയും അവിടെവച്ച് ഏതെങ്കിലും ആൾക്ക് അലട്ടുണ്ടാക്കുന്ന വിധത്തിൽ പെരുമാറുകയും ചെയ്യുന്ന ഏതൊരാളും ഇരുപത്തിനാലു മണിക്കൂറോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ പത്തു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം XXIII

# കുററങ്ങൾ ചെയ്യുവാനുള്ള ശ്രമങ്ങളെക്കുറിച്ച്

511. ജീവപര്യന്തത്തടവോ മററു തടവോ നല്കി ശിക്ഷിക്കാവുന്ന കുററങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നതിലുള്ള ശിക്ഷ.—ഈ നിയമസംഹിതപ്രകാരം ജീവപര്യന്തത്തടവോ അല്ലെങ്കിൽ തടവോ നല്കി ശിക്ഷിക്കാവുന്ന ഒരു കുററം ചെയ്യുവാനോ അങ്ങനെയുള്ള കുററം ചെയ്യിക്കുവാനോ ശ്രമിക്കുകയും അങ്ങനെയുള്ള ശ്രമത്തിൽ കുററം ചെയ്യുന്നതിലേക്കുള്ള ഏതെങ്കിലും കൃത്യം ചെയ്യുകയും ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള ശ്രമത്തിന് ശിക്ഷ നല്കുവാൻ

ഈ നിയമസംഹിത പ്രകടമായ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, അതതു സംഗതിപോലെ, ജീവപര്യന്തത്തടവിന്റെ പകുതിയോളമോ അല്ലെങ്കിൽ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള തടവിന്റെ ഏററവും കൂടിയ കാലാവധിയുടെ പകുതിയോളമോ ആകാവുന്ന കാലത്തേക്ക്, ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ അല്ലെങ്കിൽ ആ കുററത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക ഒരു പെട്ടി കുത്തിത്തുറന്ന് ചില ആഭരണങ്ങൾ മോഷ്ടിക്കുവാൻ ശ്രമിക്കുകയും അപ്രകാരം പെട്ടി തുറന്നതിനുശേഷം അതിൽ ആഭരണമൊന്നുമില്ലെന്നു കാണുകയും ചെയ്യുന്നു. അയാൾ മോഷണം നടത്തുന്നതിലേക്കുള്ള ഒരു കൃത്യം ചെയ്തിരിക്കുകയും അതുകൊണ്ട് ഈ വകുപ്പുപ്രകാരം അപരാധിയായിരിക്കുകയും ചെയ്യുന്നു.

(ഖ) ക, യ യുടെ പാക്കററിൽ കൈയിട്ട് യ യുടെ പാക്കററടിക്കുവാൻ ഒരു ശ്രമം നടത്തുന്നു. യ യുടെ പാക്കററിൽ ഒന്നുമില്ലാതിരുന്നതിന്റെ ഫലമായി ക ആ ശ്രമത്തിൽ പരാജയപ്പെടുന്നു. ക ഈ വകുപ്പുപ്രകാരം അപരാധിയാകുന്നു.

# GLOSSARY OF THE INDIAN PENAL CODE

## ( English-Malayalam )

### A

| | |
|---|---|
| Abandoning (317) | ഉപേക്ഷിക്കുന്ന |
| Abduct (100) | ആളപഹരണം നടത്തുക |
| Abduction (362) | ആളപഹരണം |
| Abetment (89) | പ്രേരണ |
| Abetment (305) | പ്രേരണ നല്കൽ |
| Abettor (108) | പ്രേരകൻ |
| Abode (507) | വാസസ്ഥലം |
| Above defined (403 Expln) | മേൽ നിർവചിച്ച |
| Abscond (172) | ഒളിവിൽ പോവുക |
| Absence (403 Illus.) | അസാന്നിദ്ധ്യം |
| Abuse of authority (366) | പ്രാധികാരത്തിന്റെ ദുർവിനിയോഗം |
| Accelerate (299 Expln. 1) | ത്വരിതപ്പെടുത്തുക |
| Accept (156) | സ്വീകരിക്കുക |
| Accept (213) | പ്രതിഗ്രഹിക്കുക |
| Accident (80) | യദൃച്ഛാസംഭവം |
| Accident, by (300 Excep.) | യാദൃച്ഛികമായി |
| Accomplice (192) | കൂട്ടുകുറ്റക്കാരൻ |
| Accusation (388) | കുറ്റാരോപണം |
| Accusation (499 Excep.) | ആരോപണം |
| Accused person (212) | കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആൾ |
| Acknowledge (30) | സമ്മതിക്കുക |
| Acquire (23) | ആർജ്ജിക്കുക |
| Acquittance (467) | മുക്തിപത്രം |
| Act (2) | കൃത്യം |
| Act (499 Illus.) | അഭിനയിക്കുക |
| Act done pursuant to (78) | അനുസരിച്ചു ചെയ്യുന്ന കൃത്യം |
| Actor (499 Illus.) | നടൻ |
| Acts prejudicial to maintenance of harmony (153 A) | സൗഹാർദ്ദത്തിന്റെ നിലനില്പിന് ഭംഗം വരുത്തുന്ന കൃത്യങ്ങൾ |
| Address (V) (192 Illus.) | എഴുതുക |
| Adequate (421) | മതിയായ |
| Adequate (165 Illus.) | പര്യാപ്തമായ |
| Adjudicatory function (21) | ന്യായനിർണ്ണയം ചെയ്യുന്നതിനുള്ള ചുമതല |
| Administer (21) | ചെയ്യിക്കുക |
| Administer (37) | കൊടുക്കുക |
| Administrative action (124 A) | ഭരണപരമായ പ്രവർത്തനം |
| Admissible (197) | സ്വീകരിക്കേണ്ട |
| Adopt (477) | ദത്തെടുക്കുക |
| Adulteration (272) | മായം ചേർക്കൽ |
| Adultery (497) | വ്യഭിചാരം |
| Advance (V) (415 Illus.) ... | മുൻകൂറായി കൊടുക്കുക |

| | |
|---|---|
| Advancement (300 Excep.) | പുലർത്തൽ |
| Advantage (268) | പ്രയോജനം |
| Advantage (405 Illus.) | ഗുണം |
| Adverse sect (117) | എതിർവിഭാഗം |
| Advertisement (171 H) | പരസ്യം |
| Affect (349) | ബാധിക്കുക |
| Affirmation (51) | പ്രതിജ്ഞ |
| Affix (383 Illus.) | പതിക്കുക |
| Affix (486) | ഒട്ടിക്കുക |
| Affray (153) | അടികലശൽ |
| Against his will (85) | തന്റെ ഇച്ഛയ്ക്കെതിരായി |
| Agent (156) | ഏജന്റ് |
| Agreement (120 A) | പരസ്പരസമ്മതം |
| Agricultural produce (435) | കാർഷികോൽപന്നം |
| Aground (439) | മണ്ണിൽ |
| Aid (107) | സഹായിക്കുക |
| Aircraft (4) | വ്യോമയാനം |
| Air Force (131) | വ്യോമസേന |
| Airmen (5) | വൈമാനികർ |
| Alarm (505) | സംഭ്രാന്തി |
| Allege (477) | ആരോപിക്കുക |
| Allegiance (131) | കടമ |
| Alms (363 A) | ഭിക്ഷ |
| Alter (124 A) | ഭേദപ്പെടുത്തുക |
| Alter (246) | വ്യത്യാസപ്പെടുത്തുക |
| Alternately (37 Illus.) | ഊഴമിട്ട് |
| Alternative form (499 Expl.) | ആനുകല്പരൂപം |
| Ammunition (32 A) | വെടിക്കോപ്പ് |
| Amount to murder (30 A) | കൊലപാതകമാകുക. |
| Amusement (87 Illus.) | വിനോദം |
| Animal (47) | ജന്തു |
| Annoy (441) | അലട്ടുക |
| Annoyance (182) | അലട്ട് |
| Anonymous communication (507) | അജ്ഞാതകർത്തൃകമായ അറിയിപ്പ് |
| Antidate (464) | മുൻതീയതി വയ്ക്കുക |
| Aperture (445 Illus.) | പഴുത് |
| Appear (510) | പ്രത്യക്ഷപ്പെടുക |
| Appear (499 Excep.) | ദൃശ്യമാകുക |
| Appearance (248) | ആകൃതി |
| Appearance of authenticity (475) | പ്രമാണീകരിച്ചതാണെന്ന പ്രതീതി |
| Appoint (14) | നിയമിക്കുക |
| Apprehend (6 Illus.) | പിടിക്കുക |
| Apprehend (351) | ആശങ്ക ഉളവാക്കുക |
| Apprehension (94) | ആശങ്ക |
| Appropriate (403 Illus.) | വിനിയോഗിക്കുക |
| Appropriate Government (55 A) | സമുചിത ഗവൺമെന്റ് |
| Approval in writing (171 H) | രേഖാമൂലമായ അംഗീകാരം |
| Arbitrator (21) | മദ്ധ്യസ്ഥൻ |

| | |
|---|---|
| Armed with deadly weapon (144) | മാരകായുധം ധരിച്ചുകൊണ്ട് |
| Arms (52 A) | ആയുധങ്ങൾ |
| Army (131) | കരസേന |
| Arrest (V) (76) | അറസ്റ്റു ചെയ്യുക |
| Article (273) | പദാർത്ഥം |
| Article (378 Illus.) | സാധനം |
| Artificial (431) | ഉണ്ടാക്കപ്പെട്ട |
| Ascertain (21) | തിട്ടപ്പെടുത്തുക |
| Ashore (439) | കരയിൽ |
| Asiatic power (125) | ഏഷ്യൻ ശക്തി |
| Assailant (100) | കൈയേറ്റക്കാരൻ |
| Assault (100) | കൈയേറ്റം |
| Assemble (402) | സംഘം ചേരുക |
| Assert (499 Illus.) | ഉറപ്പിച്ചു പറയുക |
| Assessment (21) | മതിപ്പു നിശ്ചയിക്കൽ |
| Assessor (21) | അസ്സെസ്സർ |
| Assist (38) | സഹായിക്കുക |
| Assistance (105) | സഹായം |
| Associate (310) | കൂട്ടുകൂടുക |
| Associated (400) | കൂട്ടുചേർന്ന |
| Association (11) | സമാജം |
| At a time (74) | ഒരിക്കൽ |
| Atmosphere (278) | അന്തരീക്ഷം |
| At peace with (125) | സമാധാനത്തിലുള്ള |
| Attached to earth (378 Expln.) | ഭൂബദ്ധമായിട്ടുള്ള |
| Attempt (36) | ശ്രമിക്കുക |
| Attempt to murder (307) | കൊലപാതകത്തിനുള്ള ശ്രമം |
| Attend (499 Illus.) | സന്നിഹിതനാകുക |
| Attend on (491) | പരിചരിക്കുക |
| Attention (52) | ശ്രദ്ധ |
| Attest (191 Expln.) | സാക്ഷ്യപ്പെടുത്തുക |
| Attorney (409) | അറ്റോർണി |
| Authenticate (21) | പ്രമാണീകരിക്കുക |
| Author (499 Excep.) | കർത്താവ് |
| Authorised by law (51) | നിയമത്താൽ പ്രാധികാരം നല്കിയിട്ടുള്ള |
| Authority (14) | പ്രാധികാരം |
| Authority (19) | അധികാരസ്ഥാനം |
| Authority (378 Illus.) | അനുമതി |
| Authority in writing (99) | രേഖാമൂലമായ പ്രാധികാരം |
| Available (422) | ലഭ്യമായ |
| Avoid (81) | ഒഴിവാക്കുക |
| Awardable (65) | നല്കാവുന്ന |
| Bailiff (300 Illus.) | ബയിലിഫ് |
| Bait (378 Illus.) | കൊതി ഉളവാക്കുന്ന സാധനം |
| Ballad (294) | ബാല്ലഡ് |

| | |
|---|---|
| Banker (29) | ബാങ്കർ |
| Bank note (403 Illus.) | ബാങ്ക് നോട്ട് |
| Baptism (466) | മമ്മോദീസ |
| Bargain (165) | ഇടപാട് |
| Bath (350 Illus.) | കുളിത്തൊട്ടി |
| Bearer (403 Illus.) | ബയറർ |
| Beat (71) | പ്രഹരം |
| Becomes bail (205) | ബെയിലിൽ ഇറക്കുന്നവനാകുക |
| Becomes security (205) | ജാമ്യക്കാരനാവുക |
| Begging (363 A) | ഭിക്ഷ യാചിക്കുന്ന |
| Being aware of (142) | അറിഞ്ഞുകൊണ്ട് |
| Believe in good faith (403 Illus.) | ഉത്തമവിശ്വാസപൂർവ്വം വിശ്വസിക്കുക |
| Benefit (88) | ഗുണം |
| Beyond India (3) | ഇൻഡ്യയ്ക്ക് വെളിയിൽവച്ച് |
| Bid (169) | ലേലത്തിൽ വിളികേൾക്കുക |
| Bill of Exchange (29 Illus.) | വിനിമയപത്രം |
| Blank (383 Illus.) | ഒന്നുമെഴുതാത്ത |
| Blank Endorsement (403 Illus.) | ബ്ലാങ്ക് എൻഡോഴ്സ്മെൻറ് |
| Blow (71) | അടി |
| Bodily infirmity (299) | ശാരീരിക ദൗർബല്യം |
| Bodily pain (320) | ശാരീരികവേദന |
| Bodily weakness (491) | ശാരീരിക ദൗർബല്യം |
| Body (44) | ശരീരം |
| Body of persons (11) | ആളുകളുടെ നികായം |
| Bonafide (292) | ഉത്തമവിശ്വാസപൂർവ്വം |
| Bond (383 Illus.) | ബോണ്ട് |
| Bound (405 Illus.) | ബാദ്ധ്യസ്ഥനായ |
| Bound by Law (76) | നിയമത്താൽ ബാദ്ധ്യസ്ഥനാകുക |
| Bound by oath (191) | ശപഥത്താൽ ബാദ്ധ്യസ്ഥമാകുക |
| Breach of contract (491) | കോൺട്രാക്റ്റിൻെറ ലംഘനം |
| Breach of trust (405) | ട്രസ്റ്റ് ലംഘനം |
| Breach of trust (378 Illus.) | വിശ്വാസ ലംഘനം |
| Break (415 Illus.) | ലംഘിക്കുക |
| Break open (461) | കുത്തിത്തുറക്കുക |
| Bribe (109 Illus.) | കൈക്കൂലി |
| Bribery (171-B) | കൈക്കൂലിക്കുറ്റം |
| British Calendar (49) | ബ്രിട്ടീഷ് കലണ്ടർ |
| Broker (409) | ദല്ലാളി |
| Brothel (372 Expl.) | വേശ്യാലയം |
| Buffalow (429) | പോത്ത് |
| Building (380) | കെട്ടിടം |
| Bull (429) | മൂരി |
| Bullock (378 illus.) | കാള |
| Buoy (281) | ബോയി |
| Burial (466) | ശവമടക്കം |
| Burn (111 Illus.) | കത്തിക്കുക |
| Bury (318) | കുഴിച്ചിടുക |
| Business (405) | വ്യാപാരം |

| | |
|---|---|
| Businesss (499 Illus.) | കച്ചവടം |
| Buy (169) | വിലയ്ക്കുവാങ്ങുക |
| By means of fire (324) | തീകൊണ്ട് |
| By reason of intoxication (85) | ലഹരിപിടിപ്പിക്കപ്പെട്ടത് കാരണമായി |
| By stander (300 illus.) | കണ്ടുനില്ക്കുന്ന ആൾ |
| By virtue of communication (222) | ലഘൂകരണത്തെ ആസ്പദമാക്കി |
| C | |
| Calculate (57) | കണക്കാക്കുക |
| Calling (499 Expln.) | ജീവിക |
| Cancellation (464) | റദ്ദാക്കൽ |
| Candidate (171A) | സ്ഥാനാർത്ഥി |
| Canvas (499 illus.) | കാൻവാസ് ചെയ്യുക |
| Capable (378) | കഴിവുള്ള |
| Capable by law of committing an offence (108) | കുറ്റം ചെയ്യുവാൻ നിയമപ്രകാരം പ്രാപ്തിയുള്ള |
| Capable of being converted (420) | മാറ്റാവുന്ന |
| Capacity (265) | ഉൾക്കോൾ |
| Capital offence (194) | മരണശിക്ഷ നല്കാവുന്ന കുറ്റം |
| Care (52) | അവധാനം |
| Care (361) | മേൽനോട്ടം |
| Carnal intercourse (377) | വൈഷയികസംഗം |
| Carrier (405 illus.) | കാരിയർ |
| Carrying (349) | വഹിക്കുന്ന |
| Case (481) | പെട്ടി |
| Cashier (499 illus.) | കാഷ്യർ |
| Castaway, ship (425 illus.) | കപ്പൽ ഉപയോഗശൂന്യമാക്കിക്കളയുക |
| Caste (153A) | ജാതി |
| Cast imputation (499 illus.) | ദോഷാരോപണം നടത്തുക |
| Cause (161) | കേസ് |
| Cause hurt (321) | ദേഹോപദ്രവം ഏല്പിക്കുക |
| Cause a disturbance of the public peace (151) | പൊതുസമാധാനത്തിന് കലക്കം ഉണ്ടാക്കുക |
| Cause | സംഭവിപ്പിക്കുക, ഉണ്ടാക്കുക, ഏല്പിക്കുക, ഉളവാക്കുക |
| Cause to die (315) | മരിക്കുവാനിടയാക്കുക |
| Cause to be instituted (211) | ആരംഭിക്കുവാൻ ഇടയാക്കുക |
| Caution (80) | കരുതൽ |
| Caution (499 excep. X) | മുന്നറിയിപ്പ് |
| Cavity (246 Expln.) | കുഴി |
| Cease (410) | അല്ലാതായിത്തീരുക |
| Celebrated (415 illus.) | സുപ്രസിദ്ധനായ |
| Censure (499 excep.) | സെൻഷർ |
| Central Act (21) | കേന്ദ്ര ആക്റ്റ് |
| Central Government (17) | കേന്ദ്രഗവൺമെൻറ് |
| Ceremonies, religious (296) | മതപരമായ അടിയന്തരങ്ങൾ |
| Certain laws (5) | ചില നിയമങ്ങൾ |
| Certain monies (383 illus.) | കുറെ പണം |
| Certain quantity (415 illus.) | ഏതാനും |

| | |
|---|---|
| Certify (191) | സർട്ടിഫൈചെയ്യുക |
| Cessation (349) | വിരാമം |
| Change the operation (274) | പ്രവർത്തനത്തിൽ മാററം വരുത്തുക |
| Channel (431) | ചാല് |
| Character (499 Excep.) | സ്വഭാവം |
| Character (499 Excep.) | പ്രകൃതം |
| Charge (19) | ചാർജ്ജ് |
| Chariot (350 illus) | രഥം |
| Charity (378 illus) | ധർമ്മം |
| Cheating (161 Expl.) | ചതിക്കുററം |
| Cheating (415) | ചതിക്കൽ |
| Cheating by personation (416) | ആൾമാറാട്ടം വഴിയായുള്ള ചതിക്കൽ |
| Cheque (29) | ചെക്ക് |
| Child (6) | കുട്ടി |
| Child stealing (310) | ശിശുമോഷണം |
| Circular (171H) | സർക്കുലർ |
| Circulate (505) | പ്രചരിപ്പിക്കുക |
| Circumscribing limit (340) | നിശ്ചിതപരിധിവലയം |
| Circumstances (38 illus .) | പരിതഃസ്ഥിതികൾ |
| Civil (19) | സിവിൽ |
| Civil action (43) | സിവിൽനടപടി |
| Civil Service (415 illus.) | സിവിൽ സർവ്വീസ് |
| Claim (348) | അവകാശവാദം |
| Claim (403 Expl.) | അവകാശപ്പെടുക |
| Claiming (154) | അവകാശപ്പെടുന്ന |
| Class (12) | വർഗ്ഗം |
| Cleanliness (430) | ശുചീകരണം |
| Clerk (27) | ക്ലാർക്ക് |
| Clothes (52A) | വസ്ത്രങ്ങൾ |
| Club-men (383 illus) | അക്രമികൾ |
| Club-wound (300 illus.) | ഗദാക്ഷതം |
| Code (50) | നിയമസംഹിത |
| Cohabitation (493) | സഹവാസം |
| Coin (230) | നാണയം |
| Coiner (241) | നാണയം അടിപ്പുകാരൻ |
| Collect (122) | ശേഖരിക്കുക |
| Collection of persons (499 Exp.) | ആളുകളുടെ കൂട്ടം |
| Collector (19 illus,) | കളക്ടർ |
| Collusion (37 illus.) | കപടസന്ധി |
| Combustible matter (285) | തീപിടിക്കുന്ന സാധനം |
| Commands of law (76 illus.) | നിയമശാസനങ്ങൾ |
| Commanded to disperse (145) | പിരിഞ്ഞുപോകാൻ ആജ്ഞാപിക്കപ്പെട്ട |
| Commencement (53A) | ആരംഭം |
| Comments (124A) | വിമർശനങ്ങൾ |
| Commission (21) | കമ്മീഷൻ |
| Commission (v) (327) | ചെയ്യുന്നത് |
| Commissioner (21) | കമ്മീഷണർ |
| Commit (3) | ചെയ്യുക |

| | |
|---|---|
| Commit depredation (126) | കൊള്ളയടിക്കുക |
| Commit for trial (19) | വിചാരണക്ക് കമ്മിററ് ചെയ്യുക |
| Commit offence (76 illus.) | കുററം ചെയ്യുക |
| Commit robbery (391) | കവർച്ച നടത്തുക |
| Common intention (34) | പൊതു ഉദ്ദേശ്യം |
| Common nuisance (268) | പൊതു ശല്യം |
| Common object (141) | പൊതു ഉദ്ദേശ്യം |
| Communication (93) | അറിയിപ്പ് |
| Commutation (222) | ലഘൂകരണം |
| Community (12) | സമുദായം |
| Commutation of sentence (54) | ശിക്ഷാവിധി ലഘൂകരിക്കൽ |
| Companions (382 illus.) | കൂട്ടുകാർ |
| Company (11) | കമ്പനി |
| Compel (362) | നിർബന്ധിക്കുക |
| Competent (21) | ക്ഷമതയുള്ള |
| Competent authority (206) | ക്ഷമതയുള്ള അധികാരസ്ഥൻ |
| Complain (499 illus.) | പരാതിപ്പെടുക |
| Completely born (299 Expln.) | പൂർണ്ണമായി പിറക്കുക |
| Compose (141) | സംഘമായിത്തീരുക |
| Composition (244) | ഘടന |
| Compoundable offence (214) | രാജിയാക്കാവുന്ന കുററം |
| Compulsion (366) | നിർബന്ധം |
| Compulsory labour (374) | നിർബന്ധിച്ച് തൊഴിൽചെയ്യിക്കൽ |
| Conceal (415) | ഒളിച്ചുവയ്ക്കുക |
| Concealment (107) | മറച്ചുവയ്ക്കൽ, ഒളിച്ചുവയ്ക്കൽ |
| Conceal a person (212) | ആളെ ഒളിവിൽ വയ്ക്കുക |
| Concealment of birth (312) | ജനനം ഒളിച്ചുവയ്ക്കൽ |
| Conceive (378 illus.) | ധരിക്കുക |
| Concern (38) | ബന്ധപ്പെടുക |
| Concerning (383 illus.) | കുറിച്ച് |
| Concert (108) | ഒത്തുചേർന്ന് ആലോചിക്കുക |
| Concert the offence (108 Expln.) | കുററത്തെപ്പററി ഒത്തുചേർന്ന് ആലോചിക്കുക |
| Condemnation (163) | ശിക്ഷക്ക് വിധിക്കൽ |
| Condemned criminal (163) | ശിക്ഷക്ക് വിധിക്കപ്പെട്ട കുററവാളി |
| Condition of remission (227) | ഇളവിന്റെ ഉപാധി |
| Conditional remission (227) | സോപാധികമായ ഇളവ് |
| Conducing (503) | വഴിയാക്കുന്ന |
| Conduct (499 Excep.) | പെരുമാററം |
| Conduct (83) | നടപടി |
| Conduct (193) | നടത്തുക |
| Confession (330) | കുററസമ്മതം |
| Confess judgment (204) | അന്യായപ്രകാരം വിധിക്കുവാൻ സമ്മതിക്കുക |
| Confine (342) | തടഞ്ഞുവയ്ക്കുക |
| Confinement (220) | തടവിൽ വയ്ക്കൽ |
| Confinement (21) | തടങ്കൽ |
| Confirm (19) | സ്ഥിരീകരിക്കുക |

3/2568/V.

| | |
|---|---|
| Confiscate (169) | കണ്ടുകെട്ടുക |
| Conflagration (81) | തീപിടിത്തം |
| Conjecture, form (403 illus.) | ഊഹിക്കുക |
| Conjointly (391) | കൂട്ടായി |
| Connivance (497) | മൗനാനുവാദം |
| Connive at hiring (150) | കൂലികൊടുക്കുവാൻ മൗനാനുകൂല്യം നല്കൽ |
| Consequence (93 illus.) | അനന്തരഫലം |
| Consequence (390 illus.) | തൽഫലം |
| Consent (89) | സമ്മതം |
| Consideration (165 illus.) | പ്രതിഫലം |
| Conspiracy (107) | ഗൂഢാലോചന |
| Constraining (327) | നിർബന്ധിക്കുന്ന |
| Construction (53A) | അർത്ഥം കല്പിക്കൽ |
| Construe | അർത്ഥം കല്പിക്കുക |
| Contact (349) | സമ്പർക്കം |
| Contains (423) | അടങ്ങിയത് |
| Contemplate (188) | വിചാരിക്കുക |
| Contempt (124A) | നിന്ദ |
| Contempt (Chap. X Heading) | അലക്ഷ്യം |
| Contents (403 illus.) | ഉള്ളടക്കം |
| Context (9) | സന്ദർഭം |
| Contingency (294A) | അനിശ്ചിതസംഭവം |
| Continue (291) | തുടരുക |
| Contraband (182 illus.) | നിയമനിഷിദ്ധമായ |
| Contract (29) | കാൺട്രാക്റ്റ് |
| Contract of service (491) | സർവ്വീസ് കാൺട്രാക്റ്റ് |
| Contrary (2) | വിരുദ്ധമായി |
| Contrary (363A) | വിപരീതമായ |
| Contradictory (499 illus.) | പരസ്പരവിരുദ്ധമായ |
| Convenience (21) | സൗകര്യം |
| Convert (383) | മാററുക |
| Convert (404) | മറിക്കുക |
| Convey (282) | കൊണ്ടുപോകുക് |
| Conveyance (48) | കൊണ്ടുപോകൽ |
| Conveyance (415 illus.) | കൈമാററം |
| Convict (4) | കുററം സ്ഥാപിക്കുക |
| Co-operation (37) | സഹകരണം |
| Corporeal property (22) | മൂർത്തവസ്തു |
| Correspond (415 illus.) | സദൃശമാവുക |
| Corroborative evidence (192 illus.) | ഉപോദ്ബലകത്തെളിവ് |
| Corrosive substance (324) | ക്ഷാരപദാർത്ഥം |
| Corrupt (277) | ദുഷിപ്പിക്കുക |
| Corrupt means (162) | അഴിമതിയായ മാർഗ്ഗം |
| Corruptly (169) | ദുഷിച്ച രീതിയിൽ |
| Corruptly make report (219) | റിപ്പോർട്ട് ദുഷിച്ച നിലയിലുണ്ടാക്കുക |
| Counterfeit (v) (28) | കപടാനുകരണം നടത്തുക |
| Counterfeiting (231) | കപടാനുകരണം |

| | |
|---|---|
| Counterfeit coin (237) | കപടാനുകരണം നടത്തിയുണ്ടാക്കിയ നാണയം |
| Counterfeit mark (415 illus.) | കപടാനുകരണം നടത്തിയുണ്ടാക്കിയ ചിഹ്നം |
| Court of competent jurisdiction (494) | ക്ഷമതയുള്ള കോടതി |
| Court of justice (20) | നീതിന്യായക്കോടതി |
| Court martial (193) | പട്ടാളക്കോടതി |
| Cowrie (230) | കവടി |
| Create (30) | സൃഷ്ടിക്കുക |
| Credit (499 Expl.) | മാന്യത |
| Creditors (421) | ഉത്തമർണ്ണൻമാർ |
| Creep (445 illus.) | ഇഴഞ്ഞുകയറുക |
| Criminal (19) | ക്രിമിനൽ |
| Criminal act (34) | കുറ്റകരമായ കൃത്യം |
| Criminal breach (491) | കുറ്റകരമായ ലംഘനം |
| Criminal breach of trust (405) | കുറ്റകരമായ ട്രസ്റ്റ് ലംഘനം |
| Criminal conspiracy (120 A) | കുറ്റകരമായ ഗൂഢാലോചന |
| Criminal force (121 A) | കുറ്റകരമായ ബലപ്രയോഗം |
| Criminal force (349) | കുറ്റകരമായ ബലം |
| Criminal intimidation (366) | കുറ്റകരമായ ഭയപ്പെടുത്തൽ |
| Criminal knowledge (35) | കുറ്റകരമായ അറിവ് |
| Criminal misappropriation (378 illus.) | കുറ്റകരമായ ദുർവിനിയോഗം |
| Criminal proceedings (211) | ക്രിമിനൽ നടപടി |
| Criminal trespass (97) | കുറ്റകരമായ വസ്തുകൈയേറ്റം |
| Crop (425 illus.) | വിളവ് |
| Culpable homicide (38) | കുറ്റകരമായ നരഹത്യ |
| Culpable homicide not amounting to murder (38) | കൊലപാതകമാകാത്ത കുറ്റകരമായ നരഹത്യ |
| Cumulative punishment (112) | ഉപചിത ശിക്ഷ |
| Currency note (489A) | കറൻസി നോട്ട് |
| Custody (380) | സൂക്ഷിപ്പ് |
| Custody of property (442) | വസ്തു സൂക്ഷിക്കൽ |
| Custom (372 Expln.) | ആചാരം |
| Cut (326) | വെട്ടുക |

D

| | |
|---|---|
| Dacoits (94) | കൂട്ടായ്മക്കവർച്ചക്കാർ |
| Dacoity (177 illus.) | കൂട്ടായ്മക്കവർച്ച |
| Damage (415) | നഷ്ടം |
| Damage (425) | നാശനഷ്ടം |
| Damage (V) (295) | കേടുവരുത്തുക |
| Danger (268) | അപായം |
| Deadly assault (106) | മാരകമായ കൈയേറ്റം |
| Deadly weapon (397) | മാരകായുധം |
| Deal (413) | കൈകാര്യം ചെയ്യുക |
| Deal in (263 A) | വ്യാപാരം ചെയ്യുക |
| Death (36 illus.) | മരണം |

| | |
|---|---|
| Decease (N) (404) | മരണം |
| Deceased person (404) | പരേതനായ ആൾ |
| Deceased person (464) | മരിച്ചുപോയ ആൾ |
| Deceitful means (362) | കബളിപ്പിക്കുന്ന മാർഗ്ഗം |
| Deceive (415) | കബളിപ്പിക്കുക |
| Decency (268) | സഭ്യത |
| Deception (207) | കബളിപ്പിക്കൽ |
| Decision (219) | തീരുമാനം |
| Decked vessel (437) | ഡെക്കോടുകൂടിയ ജലയാനം |
| Declaration (51) | പ്രഖ്യാപനം |
| Deeds (421) | കരണങ്ങൾ |
| Deface (477) | വിരൂപമാക്കുക |
| Defamation (499) | അപകീർത്തിപ്പെടുത്തൽ |
| Defamatory libel (383 illus.) | അപകീർത്തികരമായ അപമാനലേഖനം |
| Defame (499) | അപകീർത്തിപ്പെടുത്തുക |
| Defend (97) | രക്ഷിക്കുക |
| Defiles (295) | അശുദ്ധമാക്കുക |
| Defined (382 illus.) | നിർവ്വചിച്ച |
| Definitions (6) | നിർവ്വചനങ്ങൾ |
| Definitive Judgment (19) | അന്തിമമായ വിധിന്യായം |
| Deformity (363 A) | അംഗവൈകല്യം |
| Defraud (25) | വഞ്ചിക്കുക |
| Deleterious (324 ) | ഹാനികരമായ |
| Deliberate (295-A) | സുചിന്തിതമായ |
| Delirious person (305) | ഡലീറിയം ഉള്ളവൻ |
| Deliver up (175) | കൈയേല്പിച്ചുകൊടുക്കുക |
| Delivery (239) | കൈമാറുന്നത് |
| Demand (187) | ആവശ്യപ്പെടുക |
| Demand (330) | ഡിമാൻഡ് |
| Denominated (230) | നാമകരണം ചെയ്തിട്ടുള്ള |
| Denomination (255) | മൂല്യവിഭാഗം |
| Denote (10) | കുറിക്കുക |
| Denote (479) | കാണിക്കുക |
| Departure (445) | പുറത്തേക്ക് പോവുക |
| Depository (297) | നിക്ഷേപിക്കുന്ന് |
| Depredation (126) | കൊള്ള |
| Deprive (99 Expl.) | ഇല്ലാതാക്കുക |
| Depriving (378 illus.) | ഇല്ലാതാക്കുന്ന |
| Deputed (193 illus.) | നിയുക്തമായ |
| Derivative (8) | വ്യുത്പന്നം |
| Derive (156) | ലഭിക്കുക |
| Describe (29) | വിവരിക്കുക |
| Description (21) | വിവരണം |
| Description, of either (55) | രണ്ടിൽ ഏതെങ്കിലും തരത്തിൽപെട്ട |
| Deserter (137) | ഡെസർട്ടു ചെയ്ത ആൾ |
| Desertion (5) | അഭിത്യജനം |
| Desertion (135) | ജോലി ഉപേക്ഷിച്ചുപോകൽ |
| Desert place (307 illus.) | വിജനസ്ഥലം |

| | |
|---|---|
| Design (118) | പദ്ധതി |
| Designate (19) | പേർ പറയപ്പെടുന്ന |
| Designate (320) | വിശേഷിപ്പിക്കപ്പെടുക |
| Designate (410) | പേരുപറയുക |
| Desist (503 illus.) | പിൻമാറുക |
| Destory (420) | നശിപ്പിക്കുക |
| Destruction (204) | നശിപ്പിക്കൽ |
| Detain (368) | തടങ്കലിൽ വയ്ക്ക |
| Detain (498) | തടഞ്ഞുവയ്ക്കുക |
| Detain in custody (216) | കസ്റ്റഡിയിൽ വയ്ക്കുക |
| Detect (378 illus) | കണ്ടുപിടിക്കുക |
| Detection (330) | കണ്ടുപിടിക്കൽ |
| Detection, lead to (330) | കണ്ടുപിടിക്കുവാൻ വഴിയാക്കുക |
| Deter (332) | ഭയന്ന് പിൻതിരിയാനിടയാക്കുക |
| Deter (553) | ഭയന്ന് പിൻതിരിയുക |
| Determine (20) | തീർപ്പാക്കുക |
| Device (475) | അടയാളം |
| Dhurna (508 illus) | സത്യാഗ്രഹം |
| Diamonds (415 illus.) | വൈരക്കല്ലുകൾ |
| Dictate (464) | എഴുതുവാനായി പറഞ്ഞുകൊടുക്കുക |
| Die (233) | അച്ച് |
| Diminish (426) | കുറയ്ക്കുക |
| Diminution (430) | കുറവുവരുത്തൽ |
| Direct (405 illus.) | നിദേശം നല്കുക |
| Direction (29) | നിദേശം |
| Direction (378 illus.) | ദിക്ക് |
| Directly (499 Expl.) | നേരിട്ട് |
| Disaffection (124-A) | അപ്രീതി |
| Disappearance, cause (201) | അപ്രത്യക്ഷമാക്കുക |
| Disapprobation (124-A) | പ്രതികൂലാഭിപ്രായം |
| Discharge (21) | നിർവ്വഹിക്കുക |
| Discharge (69 illus.) | വിമോചിപ്പിക്കുക |
| Discharge (N) (405) | നിർവ്വഹണം |
| Discipline (137) | അച്ചടക്കം |
| Disclose (107) | വെളിപ്പെടുത്തുക |
| Discount (165 illus.) | ഡിസ്കൗണ്ട് |
| Discover (346) | കണ്ടുപിടിക്കുക |
| Disfavour (161) | പ്രാതികൂല്യം |
| Disfiguration (320) | വിരൂപമാക്കൽ |
| Disgraceful (499 Expl.) | ലജ്ജാവഹമായ |
| Dishonestly (24) | നേരുകേടായി |
| Dishonour (355) | അനാദരിക്ക |
| Dislocation (320) | സ്ഥാനം തെററൽ |
| Disloyalty (124-A) | കൂറില്ലായ്മ |
| Disobedience (188) | അനുസരിക്കാതിരിക്കൽ |
| Disobey (405 illus.) | ലംഘിക്കുക |
| Disorder (299 Expl.) | അസ്വാസ്ഥ്യം |
| Dispensary (275) | ഡിസ്പെൻസറി |

| | |
|---|---|
| Disperse (152) | പിരിച്ചുവിടുക |
| Disposal (318) | കൈയൊഴിയൽ |
| Dispose (21), 257 | വ്യയനം ചെയ്യുക |
| Dispose (349) | വിനിയോഗിക്കുക |
| Dispose (370) | കൈയൊഴിക്കുക |
| Disposition (421) | വിനിയോഗം |
| Dispute (156) | തർക്കം |
| Disregard (505) | അവഗണിക്കുക |
| Distinguish (50) | തിരിച്ചറിയുക |
| Distress (112 illus.) | ഡിസ്ട്രസ് |
| Distressed circumstances (464) | ക്ലേശഭൂയിഷ്ഠമായ പരിതഃസ്ഥിതികൾ |
| Distribute (291) | വിതരണം ചെയ്യുക |
| Distribution (421) | വിതരണം |
| District (21) | ജില്ല |
| Disturb (153) | കലക്കമുണ്ടാക്കുക |
| Dividend (466) | ലാഭവീതം |
| Divine displeasure (171—C) | ദൈവികമായ അപ്രീതി |
| Divine displeasure (508) | ദൈവത്തിന്റെ അപ്രീതി |
| Document (21) | രേഖ |
| Dominion (405) | നിയന്ത്രണാധികാരം |
| Doorkeeper (445 illus.) | ദ്വാരപാലകൻ |
| Doorway (445 Illus.) | വാതിൽ |
| Dose (37) | മാത്ര |
| Doubtful (72) | സംശയമുള്ള |
| Draw cheque (403 Illus.) | ചെക്ക് എഴുതുക |
| Drawing (292) | രേഖാചിത്രം |
| Drift down (350 Illus.) | ഒഴുകിപ്പോവുക |
| Drink (52—A) | പാനീയം |
| Drop (403 illus.) | താഴെ വീഴുക |
| Drug (274) | മരുന്ന് |
| Due care and attention (52) | വേണ്ടത്ര അവധാനവും ശ്രദ്ധയും |
| Duly promulgated order (188) | മുറപ്രകാരം പ്രഖ്യാപനം ചെയ്ത ഉത്തരവ് |
| Duration (74) | കാലാവധി |
| Dwell (268) | വസിക്കുക |
| Dwelling (436) | വാസസ്ഥലം |
| Dwelling house (380) | വാസഗൃഹം |
| | E |
| Earth (21) | ഭൂമി |
| Efface (261) | മാച്ചുകളയുക |
| Effect (30) | ഫലം |
| Effect (378 Excep) | ഉളവാക്കുക |
| Effects (405 Illus.) | സ്വത്ത് |
| Effect caused (36) | ഉളവാക്കപ്പെടുന്ന ഫലം |
| Effecting escape (382) | രക്ഷപ്പെടുക |
| Efficacy (274) | വീര്യം |

| | |
|---|---|
| Either description of (55) | രണ്ടിൽ ഏതെങ്കിലും തരത്തിൽപ്പെട്ട |
| Eject (443) | പുറത്താക്കുക |
| Election (21) | തിരഞ്ഞെടുപ്പ് |
| Election accounts (171 H) | തിരഞ്ഞെടുപ്പ് കണക്കുകൾ |
| Electoral right (171 A) | തിരഞ്ഞെടുപ്പ് അവകാശം |
| Electoral roll (21) | തിരഞ്ഞെടുപ്പ് പട്ടിക |
| Emasculation (320) | പുംസ്ത്വഹരണം |
| Empanel (229) | പാനലിൽ ഉൾപ്പെടുത്തുക |
| Employ (V) (14) | നിയോജിക്കുക |
| Employed (381) | നിയോജിക്കപ്പെട്ട |
| Employer (381) | നിയോജകൻ |
| Employing (39) | ഉപയോഗിക്കുന്ന |
| Empowered by law (20) | നിയമത്താൽ അധികാരപ്പെടുത്തിയിട്ടുള്ള |
| Enable (403 Illus) | കഴിയത്തക്കതാക്കുക |
| Enacted as follows, it is— (Preamble) | താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു |
| Endanger (279) | അപായം ഉളവാക്കുക |
| Endeavour (152) | യത്നിക്കുക |
| Endorsement (29 illus.) | എൻഡോഴ്സ്മെൻറ് |
| Engage (107) | ഏർപ്പെടുക |
| Engagement (489 A) | ഉടമ്പടി |
| Engage in trade (168) | വ്യാപാരത്തിൽ ഏർപ്പെടുക |
| Engrave (501) | കൊത്തി ഉണ്ടാക്കുക |
| Engrave (292) | കൊത്തുക |
| Enhance (75) | വർദ്ധിപ്പിക്കുക |
| Enjoyment (141) | അനുഭവം |
| Enmity (153 A) | ശത്രുത്വം |
| Enquiry (76 illus.) | അന്വേഷണം |
| Ensue (418) | ഉണ്ടാവുക |
| Entertain (192) | കൈക്കൊള്ളുക |
| Entertainment (171 E) | വിനോദം |
| Entice (361) | വശീകരിക്കുക |
| Entitled (6) | ശീർഷകത്തിലുള്ള |
| Entitled (405 illus.) | അവകാശം ഉണ്ടായിരിക്കുന്ന |
| Entreaties (92) | അഭ്യർത്ഥനകൾ |
| Entrust (361) | ഭരമേല്പിക്കുക |
| Entrust (378 Illus.) | ചുമതലപ്പെടുത്തുക |
| Entrusted (405) | ഭരമേല്പിക്കപ്പെട്ട |
| Entry (172) | ഉൾക്കുറിപ്പ് |
| Enumerate (52 A) | എണ്ണിപ്പറയുക |
| Equivalent (57) | തുല്യമായ |
| Erasure (263) | മായ്ക്കൽ |
| Erroneous opinion (192) | തെററായ അഭിപ്രായം |
| Erroneously (161 illus.) | തെററായി |
| Escape (128) | രക്ഷപ്പെടുക |
| Escape from custody (216) | കസ്ററഡിയിൽനിന്ന് രക്ഷപ്പെടുക |
| Essential (314 expln) | ആവശ്യമായ |
| Establish (244) | സ്ഥാപിക്കുക |

| | |
|---|---|
| Estate (177) | എസ്റേററ് |
| Estimable (161) | മതിക്കാവുന്ന |
| Estimation (499 expln) | മതിപ്പ് |
| Every description, of (22) | ഏതുതരത്തിലും ഉള്ള |
| Evidence (29) | തെളിവ് |
| Exact (28) | ശരിക്കും ഒത്ത |
| Except where a contrary intention appears from the context (32) | വിപരീതമായ ഉദ്ദേശ്യം ഉള്ളതായി സന്ദർഭത്തിൽ നിന്ന് തോന്നുമ്പോഴൊഴികെ |
| Excepted (300) | ഒഴിവാക്കിയിട്ടുള്ള |
| Exception (335 expln.) | അപവാദം |
| Excessive (63) | അത്യധികമായ |
| Excite (124 A) | ഉദ്ദീപിപ്പിക്കുക |
| Excited (300 Illus) | ഉദ്ദീപ്തമാക്കി |
| Exclude (443) | ഒഴിച്ചുനിറുത്തുക |
| Excluding (18) | ഒഴികെയുള്ള |
| Exclusion (91) | ഒഴിച്ചുനിറുത്തൽ |
| Excuse (81 Illus) | ക്ഷന്തവ്യത |
| Excuse (300) | ന്യായീകരണം |
| Execute (423) | ഒപ്പിട്ടു പൂർത്തീകരിക്കുക |
| Execute any revenue process (21) | ഏതെങ്കിലും റവന്യൂ പ്രോസസ്സ് നടത്തുക |
| Execution of law (141) | നിയമം നടത്തൽ |
| Executive power (55—A) | നിർവാഹകാധികാരം |
| Executor (405 Illus.) | എക്സിക്യൂട്ടർ |
| Exemption (484) | ഒഴിവാക്കൽ |
| Exercise (N) (141) | പ്രയോഗം |
| Exercise (V) (79 Illus.) | പ്രയോഗിക്കുക |
| Exhibit (281) | പ്രദർശിപ്പിക്കുക |
| Expecting to be a public servant (161) | പബ്ലിക് സർവൻറ് ആകുമെന്ന് പ്രതീക്ഷിക്കുന്ന |
| Expedient (Preamble) | സമീചീനം |
| Expend (21) | വ്യയം ചെയ്യുക |
| Expiration (69) | അവസാനിക്കൽ |
| Explanation (4) | വിശദീകരണം |
| Explosive substance (286) | സ്ഫോടകപദാർത്ഥം |
| Export (237) | കയററുമതി |
| Expose (363—A) | തുറന്നുകാട്ടുക |
| Expose for sale (273) | വില്പനയ്ക്കായി പ്രദർശിപ്പിക്കുക |
| Expose (307 Illus.) | അരക്ഷിതാവസ്ഥയിൽ ഇടുക |
| Exposure of infants (312) | ശിശുക്കളെ അരക്ഷിതാവസ്ഥയിൽ ഇട്ടിട്ട് പോകൽ |
| Express (6 Illus.) | പ്രകടമാക്കുക |
| Express (405 Illus.) | പ്രകടമായ |
| Express consent (89) | പ്രകടമായ സമ്മതം |
| Express ironically (499 Expl.) | വിപരീതാർത്ഥം സൂചിപ്പിക്കുക |
| Expression (53—A) | പദം |
| Extend (30) | വ്യാപിപ്പിക്കുക |

| | |
|---|---|
| Extension (4) | വ്യാപിപ്പിക്കൽ |
| Extent of operation (1) | പ്രവർത്തനത്തിന്റെ വ്യാപ്തി |
| Extinguish (30) | ഇല്ലാതാക്കുക |
| Extort (327) | ഭയപ്പെടുത്തി അപഹരിക്കുക |
| Extortion (383) | ഭയപ്പെടുത്തിയുള്ള അപഹരണം |
| Extradition (216) | പ്രത്യർപ്പണം |
| Extra-territorial (4) | രാജ്യക്ഷേത്രാതീതമായ |
| Evade apprehension (52—A) | പിടിക്കപ്പെടുന്നതിൽനിന്ന് ഒഴിഞ്ഞുമാറുക |
| Event (294—A) | സംഭവം |
| Evidence (29) | തെളിവ് |

F

| | |
|---|---|
| Fabricating false evidence (192) | വ്യാജമായ തെളിവ് നിർമ്മിക്കൽ |
| Facilitate (39) | സുകരമാക്കുക |
| Facsimile (263—A) | പ്രതിലിപി |
| Factor (409) | ഫാക്ററർ |
| Faith (415 Illus.) | വിശ്വാസം |
| False certificate (197) | വ്യാജമായ സർട്ടിഫിക്കററ് |
| False claim (209) | വ്യാജമായ അവകാശം |
| False evidence (109 Illus.) | വ്യാജമായ തെളിവ് |
| False information (177) | വ്യാജമായ വിവരം |
| False instrument (264) | വ്യാജമായ ഉപകരണം |
| False mark (487) | വ്യാജമായ ചിഹ്നം |
| False personation (205) | വ്യാജമായ ആൾമാറാട്ടം |
| False sample (415 Illus.) | വ്യാജമായ സാമ്പിൾ |
| False statement (171—C) | വ്യാജപ്രസ്താവന |
| Falsely swear (191) | സത്യം ചെയ്ത് വ്യാജമായി പറയുക |
| Falsification (477 A) | വ്യാജീകരണം |
| Fasten (445 Illus.) | ബന്ധിപ്പിക്കുക |
| Fault (81) | വീഴ്ച |
| Favour (109) | ആനുകൂല്യം |
| Fear (90) | ഭയം |
| Feelings (297) | വികാരങ്ങൾ |
| Feelings of enmity (124—A) | ശത്രുതാപരമായ വികാരങ്ങൾ |
| Fees (21) | ഫീസ് |
| Female (10) | പെണ്ണ് |
| Fencing (87 Illus.) | വാൾപ്പയററ് |
| Ferocious (351) | ക്രൂരമായ |
| Fictitious name (171—d) | കല്പിതമായ പേര് |
| Fictitious person (464) | കല്പിതനായ ആൾ |
| Fictitious stamp (263) | കൃത്രിമമായ സ്ററാമ്പ് |
| Figure (29) | അക്കം |
| Figure (294—A) | രൂപം |
| Fill up (464) | പൂരിപ്പിക്കുക |
| Find (403 Illus.) | കണ്ടെത്തുക |
| Finder (403 Illus.) | കണ്ടെത്തുന്ന ആൾ |

| | |
|---|---|
| Fine (19) | പിഴ |
| Fine (206) | പിഴബാദ്ധ്യത |
| Fine which remains unpaid (70) | കൊടുക്കാതെ അവശേഷിക്കുന്ന പിഴ |
| Fire (V) (299) | വെടിവയ്ക്കുക |
| Fire (81 Illus.) | അഗ്നിബാധ |
| Fire arm (340 Illus.) | തോക്ക് |
| Fixed by law (244) | നിയമത്താൽ നിജപ്പെടുത്തിയിട്ടുള്ള |
| Fling down (390 Illus.) | താഴേയ്ക്കെറിയുക |
| Food (52-A) | ഭക്ഷണം |
| Foolish (499 Illus.) | വിഡ്ഢിത്തം നിറഞ്ഞ |
| Force (349) | ബലം |
| Forced labour (359) | നിർബ്ബന്ധിച്ച് തൊഴിൽ ചെയ്യിക്കൽ |
| Forcibly (364 Illus.) | ബലാൽക്കാരമായി |
| Foreign country (263-A) | വിദേശരാജ്യം |
| Forfeiture (127) | കണ്ടുകെട്ടൽ |
| Forfeiture of property (53) | വസ്തു കണ്ടുകെട്ടൽ |
| Forge (467) | വ്യാജനിർമ്മാണം നടത്തി ഉണ്ടാക്കുക |
| Forged document (470) | വ്യാജനിർമ്മിതരേഖ |
| Forgery (463) | വ്യാജനിർമ്മാണം |
| For incurring (300) | നേരിടുവാൻ |
| For the time being in force (194) | തൽസമയം പ്രാബല്യത്തിലിരിക്കുന്ന |
| Fortune-telling (363-A) | ഭാഗ്യം പറയുക |
| Foul (277) | മലീനമാക്കുക |
| Foul play (87 Illus.) | ചതിപ്രയോഗം |
| Fraction (57) | ഭിന്നസംഖ്യ |
| Fracture (320) | ഒടിവ് |
| Frame a document (167) | ഒരു രേഖ രചിക്കുക |
| Framing incorrect record (218) | തെറ്റായ റിക്കാർഡ് രൂപപ്പെടുത്തുന്ന |
| Fraud | വഞ്ചന |
| Fraudulently (25) | വഞ്ചനാപൂർവ്വം |
| Free exercise (171-C) | സ്വതന്ത്രമായ പ്രയോഗം |
| Friendly terms, on (403 Illus.) | സൗഹൃദത്തിൽ |
| Funeral rites (297) | ശവസംസ്കാരത്തിന്റെ ചടങ്ങുകൾ |
| Furniture (404) | ഫർണിച്ചർ |
| Furnish (177) | നല്കുക |

## G

| | |
|---|---|
| Gain wrongfully (23) | അന്യായമായി ലാഭം കിട്ടുക |
| Gang (93) | സംഘം |
| Garb (140) | ഉടുപ്പ് |
| Garment (382 Illus.) | വസ്ത്രം |
| Gender (8) | ലിംഗം |
| General authority (171-H) | സാമാന്യമായ പ്രാധികാരം |
| General character (191) | സാമാന്യസ്വഭാവം |
| General exceptions (6) | സാമാന്യമായ അപവാദങ്ങൾ |
| General explanations (6) | സാമാന്യമായ വിശദീകരണങ്ങൾ |

| | |
|---|---|
| General intent (477-A) | സാമാന്യോദ്ദേശ്യം |
| Genuine (464) | യഥാർത്ഥമായ |
| Genuine evidence (196) | യഥാർത്ഥമായ തെളിവ് |
| Gesture (298) | ആംഗ്യം |
| Gift (213) | പാരിതോഷികം |
| Given by law (77) | നിയമത്താൽ ദത്തമായിട്ടുള്ള |
| Goldsmith (378 Illus.) | സ്വർണ്ണപ്പണിക്കാരൻ |
| Good faith (52) | ഉത്തമവിശ്വാസം |
| Government promissory note (165 Illus.) | ഗവൺമെന്റ് പ്രാമിസറിനോട്ട് |
| Gratification (161) | പരിതോഷണം |
| Grave provocation (38) | ഗുരുതരമായ പ്രകോപനം |
| Grievous disease (89 Illus.) | കഠിനമായ രോഗം |
| Grievous hurt (87) | കഠിനമായ ദേഹോപദ്രവം |
| Group (153-A) | ഗ്രൂപ്പ് |
| Guardian (89) | രക്ഷാകർത്താവ് |
| Guide (433) | മാർഗ്ഗദർശകം |
| Guilty (403 Illus.) | അപരാധിയായ |
| Guilty intention (108) | ആപരാധികമായ ഉദ്ദേശ്യം |
| Guilty of murder (37) | കൊലപാതകത്തിന് അപരാധിയാകുക |
| **H** | |
| Habitual dealing (371) | പതിവായുള്ള വ്യാപാരം |
| Habitually (310) | പതിവായി |
| Harbour (52-A) | സംശ്രയം |
| Hard labour (53) | കടുപ്പമുള്ള ജോലി |
| Harm (44) | ഹാനി |
| Harmony (153-A) | സൗഹാർദ്ദം |
| Harm reputation (469) | ഖ്യാതിക്ക് ഹാനി ഉളവാക്കുക |
| Hatchet (80 Illus.) | കൈക്കോടാലി |
| Hatred (124-A) | വെറുപ്പ് |
| Hearing (320) | ശ്രവണശക്തി |
| Heat of passion (300 excep.) | തീവ്രമായ ക്ഷോഭം |
| Helpless person (491) | നിസ്സഹായനായ ആൾ |
| Herein before (307) | ഇതിൽ ഇതിനുമുമ്പ് |
| Her Majesty's Dominion (263-A) | ചക്രവർത്തിനിയുടെ കീഴിലുള്ള രാജ്യങ്ങൾ |
| Hide (201) | ഒളിച്ചുവയ്ക്കുക |
| High road (390 Illus.) | ഹൈറോഡ് |
| Highway (392) | ഹൈവേ |
| Hire (150) | കൂലി കൊടുക്കുക |
| Holder (29) | കൈവശക്കാരൻ |
| Hold share (405 Illus.) | ഓഹരി ഉണ്ടായിരിക്കുക |
| Hold himself out (171-A) | താനാണെന്നു പറഞ്ഞുനടക്കുക |
| Holds down (390 Illus.) | അമർത്തിപ്പിടിക്കുക |
| Homicide (299) | നരഹത്യ |
| Horse whip (300 Illus.) | കുതിരച്ചമ്മട്ടി |
| House (157) | ഭവനം |
| House breaker (98 Illus.) | ഭവനഭേദകൻ |
| House breaking (445) | ഭവനഭേദനം |

| | |
|---|---|
| House-breaking by night (103) | രാത്രിയിലത്തെ ഭവനഭേദനം |
| House trespass (443) | ഭവനക്കൈയേററം |
| Human being (10) | മനുഷ്യൻ |
| Human corpse (297) | മനുഷ്യന്റെ ശവം |
| Human dwelling (380) | മനുഷ്യവാസസ്ഥലം |
| Human life (336) | മനുഷ്യജീവൻ |
| Hunger (37) | വിശപ്പ് |
| Hurt (285) | ദേഹോപദ്രവം |
| Hurt (499 Exp. | മുറിവേല്പിക്കുക |
| Husband (52-A) | ഭർത്താവ് |

I

| | |
|---|---|
| Ice house (425 Illus.) | ഐസ് ഹൗസ് |
| Idiot (305) | ജഡബുദ്ധി |
| Idol (364 Illus.) | ദേവവിഗ്രഹം |
| Ignorant (137) | അജ്ഞനാകുക |
| Illegal (43) | നിയമവിരുദ്ധമായ |
| Illegal Act (327) | നിയമവിരുദ്ധമായ കൃത്യം |
| Illegal means (120-A) | നിയമവിരുദ്ധമായ മാർഗ്ഗങ്ങൾ |
| Illegal payment (171-H) | നിയമവിരുദ്ധമായ പണം കൊടുക്കൽ |
| Illegitimate child (361) | നിയമവിരുദ്ധമായ വേഴ്ചയിൽനിന്നുണ്ടായ കുട്ടി |
| Illicit intercourse (366) | അവിഹിതസംഗം |
| Illustration (6) | ദൃഷ്ടാന്തം |
| Ill-will (38) | ദ്വേഷം |
| Illwill (300 Excep.) | വിദ്വേഷം |
| Imaginary (416) | സങ്കല്പത്തിലുള്ള |
| Imaginary person (416) | സങ്കല്പത്തിലുള്ള ആൾ |
| Imitation (28) | ആനുകരണം |
| Immaterial (120-A) | സാരമുള്ളതല്ലാത്ത |
| Immature (83) | അപക്വമായ |
| Immediately (69 Illus.) | ഉടനെ |
| Imminent (81) | ആസന്നമായ |
| Imminently dangerous (300) | ആസന്നമായ അപായം ഉണ്ടാക്കുന്ന |
| Immoral (361) | അസാന്മാർഗ്ഗികം |
| Immoral purpose (361) | അസാന്മാർഗ്ഗിക ആവശ്യം |
| Impair (320) | ക്ഷയിപ്പിക്കുക |
| Impassable (431) | സഞ്ചാരയോഗ്യമല്ലാത്ത |
| Implied (378 Illus.) | വ്യംഗ്യമായ |
| Implied consent (89) | വിവക്ഷിതമായ സമ്മതം |
| Implied consent (403 Illus.) | വ്യംഗ്യമായ സമ്മതം |
| Import (V) (9) | കുറിക്കുക |
| Import (237) | ഇറക്കുമതി |
| Importation (366-B) | കൊണ്ടുവരുന്നത് |
| Impose (67) | ചുമത്തുക |
| Impress (263) | പതിക്കുക |
| Impression (378 Illus.) | ധാരണ |

| | |
|---|---|
| Imprisonment (19) | തടവ് |
| Imprisonment for life (53) | ജീവപര്യന്തത്തടവ് |
| Imprisonment for life to which fine may be added (124-A) | പിഴകൂടി ചേർക്കാവുന്ന ജീവപര്യന്തത്തടവ് |
| Impure (499 Illus.) | മലിനമായ |
| Imputation (499) | ദോഷാരോപണം |
| Impute (499) | ദോഷാരോപണം ഉന്നയിക്കുക |
| In case (382 Illus.) | ആണെങ്കിൽ |
| In cases not otherwise provided for (225-A) | മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സംഗതികളിൽ |
| In collusion with (464 Illus.) | കപടസന്ധിയിൽ ഏർപ്പെട്ട് |
| In conformity with (7) | അനുരൂപമായി |
| In furtherence of the common intention (34) | പൊതു ഉദ്ദേശ്യത്തെ പുരോഗമിപ്പിച്ച് |
| Inadequate (165) | അപര്യാപ്തമായ |
| Inadmissible (200) | അസ്വീകാര്യമായ |
| In alliance with (125) | സഖ്യത്തിലുള്ള |
| In anticipation of (464 Illus.) | മുൻകൂട്ടി കണ്ട് |
| Incapable (491) | കഴിവില്ലാത്ത |
| Incapable of judgment (85) | നിർണ്ണയശക്തി ഉപയോഗിക്കുവാൻ കഴിവില്ലാത്ത. |
| Incidental (120-A Expl.) | ആനുഷംഗികമായ |
| Incite (505) | ഇളക്കിവിടുക |
| Incite (350 Illus.) | ചൊടിപ്പിക്കുക |
| Include (9) | ഉൾപ്പെടുത്തുക |
| Incorporated (11) | ഏകാംഗീകൃതമാക്കിയ |
| Incorporeal right (141) | അമൂർത്താവകാശം |
| Incorrect documents (167) | തെററായ രേഖകൾ |
| Incur risk (81) | അപായസാദ്ധ്യത നേരിടുക |
| Indecent (499 Illus.) | അസഭ്യമായ |
| Independently of harm (91) | ഹാനിയെ ആശ്രയിക്കാതെ |
| Indian coin (230) | ഇൻഡ്യൻ നാണയം |
| Indicate (346) | സൂചിപ്പിക്കുക |
| Indigo plant (415 Illus.) | അമരിച്ചെടി |
| Indignity (297) | അവഹേളനം |
| Individual (416 Expl.) | വ്യക്തി |
| Induce (161 Illus.) | പ്രചോദിപ്പിക്കുക |
| Inevitably (81) | അനിവാര്യമായി |
| Infection (269) | പകർച്ച |
| Infirmity (89) | ദൗർബ്ബല്യം |
| Infirmity, bodily (299 Expn. 1) | ശാരീരിക ദൗർബ്ബല്യം |
| Inflict (99) | ഏല്പിക്കുക |
| Informality (200) | അനൗപചാരികത്വം |
| Infraction of any law (21) | ഏതെങ്കിലും നിയമത്തിന്റെ ലംഘനം |
| Infurtherance of the common intention (34) | പൊതു ഉദ്ദേശ്യത്തെ പുരോഗമിപ്പിക്കുന്നതിൽ |
| In good faith (76) | ഉത്തമ വിശ്വാസപൂർവ്വം |
| Inhabited house (39) | ആൾതാമസമുള്ള വീട് |

| | |
|---|---|
| Inhale (324) | ശ്വസിക്കുക |
| Injunction (290) | ഇഞ്ചങ്ക്ഷൻ |
| Injured (425) | ക്ഷതി ഉളവാക്കപ്പെട്ട |
| Injuriously (425) | ക്ഷതികരമായി |
| Injury (44) | ക്ഷതി |
| Innocently (486) | നിരപരാധമായി |
| Innocent person (106) | നിരപരാധിയായ ആൾ |
| In pursuance of (78) | അനുസരിച്ച് |
| In pursuance of (107) | തുടർന്ന് |
| In respect of (381) | സംബന്ധിച്ച് |
| Insane person (89) | ചിത്തഭ്രമമുള്ള ആൾ |
| Insensible (92 Illus.) | ബോധക്ഷയമുള്ള |
| In shares with others (168) | മററാളുകളുമായി ഓഹരി ചേർന്ന് |
| Instant (94) | ഉടനടിയുള്ള |
| Instead of (405 Illus.) | പകരം |
| Instigate (107) | ഉൽസാഹിപ്പിക്കുക |
| Instigation (107 Illus.) | ഉൽസാഹനം |
| Institute (211) | ആരംഭിക്കുക |
| Instruction (29) | ആദേശം |
| Instrument (233) | ഉപകരണം |
| Instrument (423) | പ്രമാണം |
| Instrument for shooting (324) | വെടിവയ്ക്കുന്നതിനുള്ള ഉപകരണം |
| Instrument of weighing (264) | തൂക്കിനോക്കാനുള്ള ഉപകരണം |
| Insubordination (138) | ധിക്കാരം |
| In such assumed character (205) | അങ്ങനെ സ്വീകരിച്ച രൂപത്തിൽ |
| Insult (228) | അപമാനിക്കുക |
| Insulting (295) | അപമാനിക്കുന്ന |
| Insulting the religion (295) | മതത്തെ അപമാനിക്കുന്ന |
| In support of (191 Illus ) | സഹായകമായി |
| Insurrection (121) | കലാപം |
| Intellectual (499 Expl.) | ബുദ്ധിപരമായ |
| Intend (22) | ഉദ്ദേശിക്കുക |
| Intended (423) | ഉദ്ദേശിക്കപ്പെട്ടിട്ടുള്ള |
| Intending (378) | ഉദ്ദേശ്യത്തോടുകൂടി |
| Intention (24) | ഉദ്ദേശ്യം |
| Intentionally (71 Illus.) | ഉദ്ദേശ്യപൂർവ്വം |
| Intentionally aids (107) | ഉദ്ദേശ്യപൂർവ്വം സഹായിക്കുക |
| Intentionally insult (228) | ഉദ്ദേശ്യപൂർവ്വം അപമാനിക്കുക |
| Intercourse (271) | സംസർഗ്ഗം |
| Interest (156) | താൽപര്യം |
| Interest (156) | അവകാശം |
| Interest in property (210) | വസ്തുവിലുള്ള അവകാശം |
| Interfere (71) | ഇടപെടുക |
| Interpret (21) | ദ്വിഭാഷിയായി പ്രവർത്തിക്കുക |
| Interpreter (191) | ദ്വിഭാഷി |
| Interrupt (228) | വിഘ്നം ഉണ്ടാക്കുക |
| Intervals (74) | ഇടവേളകൾ |
| In the capacity of (381) | എന്നനിലയിൽ |

| | |
|---|---|
| In the capacity of clerk (27 Expl.) | ക്ലാർക്കിന്റെ നിലയിൽ |
| In the same manner (29) | ഒരേ രീതിയിൽ തന്നെ |
| In the same manner as (471) | ഏതു രീതിയിലോ അതേ രീതിയിൽ |
| Intimidate (441) | ഭയപ്പെടുത്തുക |
| Intoxicating (328) | ലഹരി പിടിപ്പിക്കുന്ന |
| Intoxication (85) | ലഹരി |
| Intoxication, state of (305) | ലഹരി പിടിപ്പിച്ച അവസ്ഥ |
| Introduce (425 Illus.) | കടത്തി വിടുക |
| Introduction (Preamble) | അവതാരിക |
| Introduction (442) | കടത്തൽ |
| Intrude (509) | അതിക്രമിക്കുക |
| Inundation (432) | ജലപ്ലാവനം |
| Invest (405 Illus.) | നിക്ഷേപിക്കുക |
| Investigate (21) | അന്വേഷണം നടത്തുക |
| Investigation (193) | അന്വേഷണം |
| In violation of (405) | ലംഘിച്ചുകൊണ്ട് |
| In contemplation (171-A) | ആലോചനയിലിരിക്കുന്ന |
| Is liable (35) | ഉത്തരവാദിയാകുന്നു |
| Issue (173) | പുറപ്പെടുവിക്കുക |
| **J** | |
| Jeweller (378 Illus.) | രത്നവ്യാപാരി |
| Jewels (192) | ആഭരണങ്ങൾ |
| Join (142) | ചേരുക |
| Joint (320) | സന്ധി |
| Joint jailors (37) | കൂട്ടു ജയിലർമാർ |
| Jointly (169) | കൂട്ടായി |
| Jointly concerned (460) | കൂട്ടായി പങ്കെടുത്ത |
| Joint owners (403 Illus.) | കൂട്ടുടമസ്ഥന്മാർ |
| Judge (n) (19) | ജഡ്ജി |
| Judgment (19) | വിധിന്യായം |
| Judgment (85) | നിർണ്ണയശക്തി |
| Judicially (20) | ജുഡിഷ്യലായി |
| Judicial proceeding (192) | നീതിന്യായനടപടി |
| Judicial process (21) | ജുഡിഷ്യൽ പ്രോസസ് |
| Jurisdiction (19 Illus.) | അധികാരിത |
| Juror (229) | ജൂറിയംഗം |
| Juryman (21) | ജൂറിയംഗം |
| Just claim (191) | നീതിപൂർവ്വകമായ അവകാശം |
| Just or lawful ground (211) | നീതിപൂർവ്വകമോ നിയമാനുസൃതമോ ആയ കാരണം |
| Justice of the peace (490 Expl.) | ജസ്റ്റീസ് ഓഫ് ദി പീസ് |
| Justify (79) | ന്യായീകരിക്കപ്പെടുക |
| **K** | |
| Keep (21) | സൂക്ഷിക്കുക |
| Keeping (307 Illus.) | സൂക്ഷിപ്പ് |
| Kidnapping (100) | ആൾമോഷണം |
| Kidnapping from India (359) | ഇൻഡ്യയിൽ നിന്നുള്ള ആൾമോഷണം |
| Kidnapping from lawful gaurdianship (360) | നിയമാനുസൃത രക്ഷാകർത്തൃത്വത്തിൽ നിന്നുള്ള ആൾമോഷണം |
| Kinds (320) | തരങ്ങൾ |

| | |
|---|---|
| Knowingly (130) | അറിഞ്ഞുകൊണ്ട് |
| Knowledge (418) | അറിവ് |
| | L |
| Labouring (299 expln. 1) | പീഡിതനായ |
| Land (22) | ഭൂമി |
| Land holder (177) | ഭൂധാരകൻ |
| Land mark (434) | ഭൂമി ചിഹ്നം |
| Language (153 A) | ഭാഷ |
| Lash (350 Illus). | ചാട്ടകൊണ്ടടിക്കുക |
| Last preceding section (100) | ഇതിനു തൊട്ടുമുമ്പുള്ള വകുപ്പ് |
| Latch (445 Illus.) | കൊളുത്ത് |
| Lawful authority (172) | നിയമാനുസൃതമായ പ്രാധികാരം |
| Lawful excuse (263 A) | നിയമാനുസൃതമായ ന്യായീകരണം |
| Lawful power (141) | നിയമപ്രകാരമുള്ള അധികാരം |
| Learn (403 Illus.) | മനസ്സിലാക്കുക |
| Legal contract (405) | നിയമാനുസൃത കാൺട്രാക്റ്റ് |
| Legal defect (21) | നിയമപരമായ ന്യൂനത |
| Legal incapacity (185) | നിയമപരമായ അപ്രാപ്തി |
| Legally (404) | നിയമാനുസൃതം |
| Legally authorised (360) | നിയമപ്രകാരം പ്രാധികാരം നൽകിയിട്ടുള്ള |
| Legally bound to do (43) | ചെയ്യുവാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ |
| Legally entitled (23) | നിയമപ്രകാരം അവകാശമുള്ള |
| Legal proceeding (19) | നിയമ നടപടി |
| Legal process (141) | നിയമപരമായ പ്രോസസ് |
| Legal publishment (201) | നിയമപ്രകാരമുള്ള ശിക്ഷ |
| Legal remuneration (161) | നിയമാനുസൃത വേതനം |
| Legal right (30) | നിയമപരമായ അവകാശം |
| Legatee (464 Illus.) | ഒസ്യത്തവകാശി |
| Legislature (141) | നിയമനിർമ്മാണ മണ്ഡലം |
| Lend (415 Illus.) | കടം കൊടുക്കുക |
| Length (265) | നീളം |
| Lessen the efficacy (274) | വീര്യം കുറക്കുക |
| Lets to hire (292) | വാടകയ്ക്ക് കൊടുക്കുക |
| Letter (29) | അക്ഷരം |
| Letter of credit (464) | പ്രത്യയപത്രം |
| Levy any rate (21) | ഏതെങ്കിലും റേററു ലെവി ചെയ്യുക |
| Levy by process of law (68) | നിയമപ്രക്രിയ മുഖേന ഈടാക്കുക |
| Liable (331) | അർഹനായ |
| Liable (415 Illus) | വിധേയനായ |
| Liberation (345) | മോചനം |
| Libertine (499 Illus.) | വിഷയലമ്പടൻ |
| Library (403 Illus.) | ഗ്രന്ഥശാല |
| Life (45) | ജീവൻ |
| Life convicts (307) | ജീവപര്യന്തത്തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ |
| Light (281) | ദീപം |
| Light house (433) | ദീപസ്തംഭം |